ചമൻലാൽ ആസാദ്

# ഭഗത്‌സിംഗ്-
# -ഭരത്

032, 6w

MUL
288003

# ഭഗത് സിംഗ് -ദത്ത്

ഗ്രന്ഥകര്‍ത്താ:

ചമന്‍ലാല്‍ ആസാദ്

പ്രസാധകന്മാര്‍:
ജനയുഗം ബുക്സ്, കൊല്ലം

വിതരണം
നാഷനല്‍ ബുക്ക്സ്റ്റാള്‍
കോട്ടയം

വില ക. 3.50

University Grants Commission

# ഭഗത്‌സിംഗ്‌_ദത്ത്‌

UNIVERSITY LIBRARY
MADRAS

ചമൻലാൽ ആസാദ്‌

University Grants Commission

(Malayalam)

# BHAGAT SINGH-DUTT

CHAMAN LAL. AZAD

First Published in April, 1967

Copies 1000

Printed at
JANAYUGOM PRESS, QUILON

Price Rs. 3.50

Publishers:
JANAYUGOM BOOKS
QUILON : KERALA

288003

MADRAS UNIVERSITY LI...
5 MAR 2003
CHENNAI-600 005



വീര ഭഗത്സിംഗ്

# സമർപ്പണം

ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ്
റിപ്പബ്ലിക്കൻ ആർമി
യുടെ സ്മരണയ്ക്കു മുമ്പിൽ

## ദത്ത്ജി

വിപ്ലവജീവിതത്തിന്റെ
ആരംഭവും അവസാനവും



ചെറുപ്പത്തിൽ

ഡൽഹി മെഡിക്കൽ ഇൻസ്റ്റിററ്യൂട്ട് ആശുപത്രിയിൽ (1965)



# മുഖവുര

മരണത്തിനുശേഷമേ ഒരു വ്യക്തിയുടെ വ്യക്തിത്വവും മഹത്വവും മനസ്സിലാക്കു എന്നതാണു് ഇന്ത്യാക്കാരുടെ വൈശിഷ്ട്യം. ശ്രീ. ബടു്കേശ്വർദത്തു് ഇഹലോകവാസംവെടിഞ്ഞപ്പോൾ ഇന്ത്യാഗവണ്മെൻറും പഞ്ചാബു്ഗവണ്മെൻറും, ജനതയും പ്രകടിപ്പിച്ച സ്നേഹത്തിൻെറ നൂറിലൊരംശമെങ്കിലും അദ്ദേഹം ജീവിച്ചിരുന്ന കാലത്തു് പ്രകടിപ്പിച്ചിരുന്നെങ്കിൽ ഇൻക്വിലാബു്-സിന്ദാബാദു് എന്ന മുദ്രാവാക്യം ആദ്യമായി മുഴക്കിയ ആ വീരാത്മാവിനിത്ര യാതനകളനുഭവിച്ചു്, പെട്ടെന്നു് മരിക്കേണ്ടിവരികയില്ലായിരുന്നു. ഫിറോസു്പൂരിലെ ജനങ്ങൾ ദത്തിൻെറ വിധവയ്ക്കു് ഇരുപത്തിയാറായിരംരൂപയുടെ ഒരു കിഴി സമ്മാനിച്ചു. പഞ്ചാബുമുഖ്യമന്ത്രി രാമകൃഷ്ണൻ അയ്യായിരം രൂപയുടെ ഒരു ചെക്കു കൊടുത്തു. കുടുംബാംഗങ്ങൾക്കു് പ്രതിമാസം 250 രൂപ പെൻഷനും അനുവദിച്ചു. അങ്ങനെയൊക്കെ ചെയ്താലും സർദാർ ഭഗതു് സിംഗിൻെറ ഉററമിത്രമായിരുന്ന ദത്തു് ഇനി തിരിച്ചുവരികയില്ല. അദ്ദേഹത്തിൻെറ ആത്മാവു് ഇന്ത്യാഗവണ്മെൻറിനേയും ജനതയേയും നോക്കി ചിരിച്ചുകൊണ്ടു്, ഇന്ത്യയിൽ മരണാനന്തരബഹുമതിയേ ഉള്ളോ എന്നു ചോദിക്കുന്നുണ്ടാകും. നമ്മുടെ ഗവണ്മെൻറും നമ്മളും, സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതമർപ്പിച്ച ആ രക്തസാക്ഷികളോടു് എങ്ങനെയാണു് പെരുമാറിയതു്? നമ്മുടെ നേതാക്കൾ ആ വീരസേനാനികളെ തിരിഞ്ഞുനോക്കിയില്ല. അവരെ പെരുവഴിയൽക്കിടന്നു മരിക്കാൻ അനുവദിച്ചു. തക്കസമയത്തു് ശ്രീ. ബി. കെ. ദത്തിനു് ചികിത്സ ലഭിച്ചിരുന്നെങ്കിൽ ഇത്ര പെട്ടെന്നു് അദ്ദേഹം മരിക്കുകയില്ലായിരുന്നു എന്നാക്കാണറിഞ്ഞുകൂടാത്തതു്! എന്നാൽ രോഗത്തോടു മല്ലിടാൻ ദത്തിൻെറപക്കൽ പണമുണ്ടായിരുന്നില്ല. ബീഹാറിലെ മുഖ്യമന്ത്രിയും ദത്തിൻെറ മരണ

ത്തിൽ അനുശോചിച്ചു. അയാളുടെ പാപത്തിന്നു ത്രയം മുക്തി ലഭിക്കട്ടെ! ആ മനുഷ്യനാണു് ശ്രീ. ദത്തിനെ അസംബ്ളിയിൽ നോമിനേററുചെയ്യുന്ന തിനെ ഏററവും ശക്തിമത്തായി എതിർത്തിരുന്നതു്. ഇന്നു് കോൺഗ്രസ്സ്സംഘടനയും ദത്തിൻെറ മരണത്തിൽ അനുശോചനം രേഖപ്പെടുത്തി. എന്തിനു്? അവക്കു് ദത്തിനോടു് അനുകമ്പയുണ്ടായിരുന്നോ? കോൺഗ്രസ്സ്സക്കാർ ലക്ഷക്കണക്കിനു രൂപാ ചെലവഴിച്ചു് സ്വാതന്ത്ര്യസമരചരിത്രം പടച്ചുണ്ടാക്കി. അതിൽ എത്ര ഭഗത്സിംഗ്മാരും, ദത്ത്മാരും, രാജ്ഗുരുമാരും, സുഖ്ദേവുമാരും സ്ഥലംപിടിച്ചിട്ടുണ്ടു്? അതു പോകട്ടെ, കോൺഗ്രസ്സുകാക്കു് ജയിലിൽ 'എ' ക്ലാസ്സും, 'ബി.' ക്ലാസ്സും സ്പെഷ്യൽക്ലാസ്സും അനുവദിപ്പിക്കാൻവേണ്ടി രക്തസാക്ഷിത്വംവരിച്ചവരുടെ പേരെങ്കിലും ആ ചരിത്രത്തിൽ രേഖപ്പെടുത്തീട്ടുണ്ടോ?

ഒരു കോൺഗ്രസ്സുകാരൻ ഏതെങ്കിലുമൊരു വിപ്ലവകാരിയുടെ ധീരതയേയും ത്യാഗത്തേയുംകുറിച്ചു മിണ്ടിപ്പോയാൽ പ്രമേയംമുഖേന ആ സംരംഭത്തെ എതിർത്തിരുന്ന കോൺഗ്രസ്സ്സംഘടന എറണാകുളത്തു ചേൎന്ന എ. ഐ. സി. സി. സമ്മേളനവേദിയിൽ വിപ്ലവകാരിനേതാവായിരുന്ന ചെമ്പകരാമൻപിള്ളയുടെ ചിതാഭസ്മം കാഴ്ചയ്ക്കുവെച്ചിരുന്നു. അവരുടെ ആത്മാൎത്ഥതയെ നമുക്കു പ്രകീർത്തിക്കാം.

ശ്രീ. ബി. കെ. ദത്തിൻെറ ശോച്യാവസ്ഥ രാജ്യത്തെങ്ങുമുള്ള ദേശാഭിമാനികളുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടി ഞാൻ ഭഗത്സിംഗ്-ദത്ത് എന്ന പേരിൽ ഒരു ലേഖനപരമ്പര ഉർദു, ഹിന്ദി, ബംഗാളി, മറാഠി, പഞ്ചാബി, മലയാളം എന്നീ ഭാഷകളിൽ ഒരേസമയത്തു് അതാതു ഭാഷകളിലെ പ്രമുഖപത്രങ്ങളിൽ പ്രസിദ്ധീകരിപ്പിക്കുകയുണ്ടായി. ആ ലേഖനപരമ്പരയാണു് ഈ പുസ്തകത്തിലെ ഇതിവൃത്തം.

# പ്രസാധകക്കുറിപ്പ്

ഭാരതീയരായ നാം കഴിഞ്ഞ ഇരുപതുവർഷമായി സ്വതന്ത്രരാണു്. സ്വാതന്ത്ര്യത്തിൻെറ മധുരഫലം നാം അനുഭവിച്ചുതുടങ്ങിയോ എന്നതു മററു കാര്യമാണു്. കഴിഞ്ഞ പല നൂററാണ്ടുകളായി പല വിദേശകോയ്മകൾ നമ്മുടെ മാതൃഭൂമിയുടെ കൈയ്യും കാലിനും ചങ്ങലയിട്ടു പൂട്ടിയിരിക്കയായിരുന്നു. "വെട്ടിമുറിക്കുക കാൽച്ചങ്ങല വിഭോ, പൊട്ടിച്ചെറികയീക്കൈവിലങ്ങും" എന്നു്, അന്നുമുതൽ തന്നെ ഭാരതത്തിൻെറ ഏതാനും വീരസന്താനങ്ങളെങ്കിലും ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ആ ദേശാഭിമാനികളെയാകെ അപ്പഴപ്പോൾ ചിത്രവധംചെയ്യാൻ സാമ്രാജ്യമോഹികളും അവരുടെ നാടൻകിങ്കരന്മാരും മടിച്ചിട്ടില്ല. പക്ഷേ, ദേശാഭിമാനമെന്നതു് ഒരുകാലത്തും അടിച്ചമത്തി അധികനാൾ വയ്ക്കാൻകഴിയുന്ന ഒരു പ്രതിഭാസമല്ലെന്നു് ലോകചരിത്രം ഇന്നോളം തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്.

ഏററവുമൊടുവിലായി ഇന്ത്യയുടെമേൽ ആധിപത്യമുറപ്പിച്ചതു് "സൂര്യനസ്തമിക്കാത്ത വിസ്തൃതിയും പ്രതാപവു"മുണ്ടായിരുന്ന ബ്രിട്ടീഷ്സാമ്രാജ്യത്വമാണു്. അതിൻെറ ക്രൂരതമമായ സംഹാരശക്തിയെ നേരിടാനും ഭാരതത്തിൻെറ വീരസന്താനങ്ങൾക്കു് ഭയപ്പാടുണ്ടായില്ല. ഒന്നര നൂററാണ്ടിലേറെക്കാലം ധീരോദാത്തമായ ആ പോരാട്ടം നടന്നു. ഇന്ത്യൻ നാഷനൽ കാൺഗ്രസ്സ് ജന്മമെടുക്കുന്നതിനും ഒരു നൂററാണ്ടുമുൻപു് ദേശാഭിമാനികളായ ഭാരതപുത്രന്മാരുടെ കരളുറപ്പിൻെറയും കയ്യൂക്കിൻെറയും രൂക്ഷത ബ്രിട്ടീഷ്കോയ്മകൾക്കു് ശരിക്കനുഭവപ്പെട്ടുതുടങ്ങിയിരുന്നു. ആ പ്രഹരമേററു് കൂടുതൽ കൂടുതൽ പുളയേണ്ടിവന്നു സാമ്രാജ്യകാരികൾക്കു പിൽക്കാലത്തു്. അതവസാനം ബോംബെയിലെ ചരിത്രപ്രധാനമായ നാവികവിപ്ലവത്തോളമെത്തിച്ചേർന്നു. ഇന്ത്യ സ്വാതന്ത്ര്യം നേടിയതു് അഹിംസയും നിരാഹാരസമരവുംകൊണ്ടാണെന്നു് വിശ്വസിക്കുകയും വാദിക്കുകയുംചെയ്യുന്നവർ കുബുദ്ധികളല്ലെങ്കിൽ മൂഢന്മാരെ

ങ്കിലുമാണ്. ഏതെങ്കിലും വെട്ടുപോത്ത് വേദോച്ചാരണം കൊണ്ട് മര്യാദ പഠിച്ചിട്ടുണ്ടോ? സാമ്രാജ്യകാരികളുടെ സ്ഥിതിയുമതാണ്. ഇന്ത്യയിൽനിന്ന് ഇംഗ്ലീഷുകാരൻ വിടവാങ്ങാനുള്ള യഥാർത്ഥകാരണങ്ങളറിയാനാഗ്രഹിക്കുന്നവർ അവശ്യം വായിക്കേണ്ട ഒരു ഗ്രന്ഥമാണിതു്. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ആത്മാഹുതിചെയ്ത നൂറുകണക്കായ ധീരയുവാക്കളുടേയും വീരയുവതികളുടേയും രോമഹർഷമണിയിക്കുന്ന കഥകൾ. ഈ സംഭവങ്ങൾ വിവരിക്കുന്നതോ?—ആ വിപ്ലവകാരികളുടെ കൂട്ടത്തിൽചേർന്ന് ഒരു കാലഘട്ടത്തിൽ പ്രവർത്തിക്കാനും, യദൃച്ഛയാമാത്രം മരണമടയാതെ, ജീവിച്ചിരുന്ന് ഇന്ന് ഇതൊക്കെ പറയാനും ഭാഗ്യം സിദ്ധിച്ച ശ്രീ. ചമൻലാൽ ആസാദും.

ഈ ഗ്രന്ഥത്തിൻെറ പ്രസാധനച്ചുമതല ഞങ്ങൾക്കു് അനുവദിച്ചുതന്ന ശ്രീ. ആസാദിനോടു് ഞങ്ങൾ എന്നും കൃതജ്ഞരാണ്. തെല്ലൊരഭിമാനത്തോടും കവിഞ്ഞ കൃതകൃത്യതാബോധത്തോടുംകൂടി ഈ സുചരിതഗ്രന്ഥം ഞങ്ങൾ കേരളീയജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

പ്രസാധകർ.

വിദേശാധിപത്യത്തിൽനിന്ന് മാതൃഭൂമിയെ രക്ഷിക്കാനുള്ള യത്നത്തിൽ ഒരുവിഭാഗം യുവാക്കൾ ജയഗീതമാലപിച്ച് കഴുമരത്തിലേറുകയുണ്ടായി. അവരുടെ ത്യാഗസമ്പൂർണ്ണമായ ജീവിതകഥ ഇന്നത്തെ തലമുറയ്ക്ക് തികച്ചും അപരിചിതമാണ്. ദേശീയചരിത്രവുമായി പരിചയപ്പെടുകയും അതിൻെറ മൂല്യം ഉൾക്കൊള്ളുകയും ചെയ്യാത്തിടത്തോളം കാലം ആർജ്ജിതസ്വാതന്ത്ര്യം സംരക്ഷിക്കുക എന്ന മഹത്വമേറിയ ഉത്തരവാദിത്വം നിറവേററാൻ സാധിക്കുകയില്ല. ഇന്നു നാം കാണുന്ന സ്വതന്ത്രഭാരതമഹാസൗധത്തിൻെറ ഭിത്തികൾ പടുത്തുയർത്താൻ കല്ലും കുമ്മായവും സിമൻറും മാത്രമല്ല, അജ്ഞാതരായ അനേകം രക്തസാക്ഷികളുടെ രക്തവും, മാംസവും, അസ്ഥിയും ഉപയോഗിച്ചിട്ടുണ്ട് എന്ന സത്യം വിസ്മരിക്കാതിരിക്കട്ടെ!

**ചമൻലാൽ ആസാദ്.**

ന്യൂഡൽഹി,
5-1-1967

[illegible]

[illegible]

[illegible]

5-1-1967

# ഉള്ളടക്കം

പേജ്

## 1


വിപ്ലവപ്രസ്ഥാനം 9
പുത്തയുഗത്തിൻെറ ജനയിതാക്കൾ 16
ദേശീയോൽഗ്രഥനം 19
ഷഹീദ്–എ–ഹിന്ദ് ടി. പി. കുമാരൻനായർ 23
ഭഗവതീചരൺ 27
ദുർഗ്ഗവഹ്റ 31
സുശീലാദേവി 36
വീണ 39
ബി. കെ. ദത്തിൻെറ ഒരു ലേഖനം 48
ഭഗത്സിംഗിൻെറ ഒരു ലേഖനം 54
ഭഗത്സിംഗിൻെറ കത്തുകൾ 60


## 2


ശ്രീ. ബടുകേശ്വർദത്ത് 64
ബോംബുകേസ്സും ഗാന്ധിജിയും 73
സാൻേറഴ്സൻ വധക്കേസ്സും വിചാരണയും 78
വീരസവക്കർ 80
രക്തസാക്ഷികളുടെ കഥ 89
ബോംബേറുകേസ്സും ശിക്ഷയും 100
വിപ്ലവകാരികളും ഗൂഢപ്രവത്തനവും 105
കാൺഗ്രസ്സിൻെറ കാപട്യം 112
ഭഗത്സിംഗ്, രാജ്ഗുരു, സുഖ്ദേവ് 131
മൂന്നു മജിസ്ട്രേട്ടുമാരുടെ വധം 141
സൂര്യസെനിൻെറ അറസ്റ്റ് 148

ഭഗത്സിംഗിന്റെ ജയിലറയ്ക്കുമുന്നിൽ 150
ദയാഹർജി 155
യുവസിംഹങ്ങൾ 158
ആന്തമാൻ ജയിലിൽ 168
തടവ്, മോചനം, വീണ്ടും തടവ് 178

3

ജീവിതസായാഹ്നം 189
മഹാരോഗത്തിന്റെ ആക്രമണം 195
ഡൽഹി ആശുപത്രിയിൽ 199
ഇനി ചികിത്സയില്ല 205
സ്മരണയുടെ ഏടുകൾ 211
അന്ത്യനിമിഷങ്ങൾ 224

# 1

# വിപ്ലവപ്രസ്ഥാനം

അനീതികളിൽനിന്നും അക്രമങ്ങളിൽനിന്നും രക്ഷപ്പെടാൻ ഒരു മാർഗ്ഗവും കാണാതെവരുമ്പോൾ ജനത മരണപ്പുടവയുമണിഞ്ഞു്, വീരസാഹസികകൃത്യങ്ങളിലൂടെ അക്രമങ്ങൾക്കും അനീതികൾക്കും മറുപടിനല്കുന്നു. അങ്ങനെ മററുള്ളവരിൽ ആവേശം ജനിപ്പിക്കുകയും, ഭരണാധികാരികളിൽ വിഭ്രാന്തി ഉളവാക്കുകയും ചെയ്യുന്നു.

"Nationalism, Democracy, the aspiration towards liberty have feeble beginnings but a mighty end; while with despotic repressions the beginnings are mighty and the end feeble."

ഇനി റഷ്യയുടെ ഉദാഹരണമെടുക്കാം. ഇരുപതാം നൂററാണ്ടിൻെറ പ്രാരംഭത്തിൽ സാർഭരണത്തിൻകീഴിൽ റഷ്യൻജനതയ്ക്കു് അതിഭീകരമായ അക്രമങ്ങളും അനീതികളും സഹിക്കേ

ണ്ടിവന്നു. ആ കാലഘട്ടത്തിലാണ് അവിടെ നിഹിലിസ്റ്റ് പ്രസ്ഥാനം (Nihilist Movement) ഉടലെടുത്തതു്. 1904-ൽ ഒരു റഷ്യൻവിപ്ലവകാരി Plehve എന്ന പേരുള്ള അക്രമിയായ ഒരു ആഫീസറെ വധിച്ചു. അറസ്റ്റുചെയ്യപ്പെട്ട ആ വിപ്ലവകാരി താൻ ചെയ്തതു് തികച്ചും ന്യായമാണെന്നു സമർത്ഥിച്ചു. അനീതികളും അക്രമങ്ങളുമില്ലാതാക്കാൻ ഭരണകൂടത്തിൽ തങ്ങൾക്കു പ്രാതിനിദ്ധ്യം തരിക, പത്രങ്ങളുടെമേൽ ചുമത്തിയിട്ടുള്ള നിരോധനം പിൻവലിക്കുക, രാഷ്ട്രീയതടവുകാരെ വിട്ടയയ്ക്കുക എന്നീ ആവശ്യങ്ങൾ ഭരണാധികാരികളുടെ കർണ്ണങ്ങളിലെത്തിക്കാൻവേണ്ടിയാണ് താൻ ഈ സാഹസം പ്രവർത്തിച്ചതെന്ന് അയാൾ ഏററുപറഞ്ഞു. റഷ്യൻസർക്കാർ ആ വീരസാഹസികനെ തൂക്കിക്കൊന്നു: ആ കൊലപാതകം എല്ലാ രാഷ്ട്രങ്ങളുടേയും കണ്ണു തുറപ്പിച്ചു. ഇന്ത്യൻ പത്രങ്ങളും ആ സംഭവത്തെ പരാമർശിക്കാതിരുന്നില്ല. സുപ്രസിദ്ധ മറാഠിപത്രമായ 'കാൾ' 1904 ആഗസ്റ്റ് 22-ാംതീയതി ആ വാർത്ത പ്രസിദ്ധീകരിച്ചു. പിന്നീട് സെപ്റ്റംബർ 2-ാംതീയതി 'കൊലപാതകത്തിൽനിന്നുള്ള പാഠം' എന്ന പേരിൽ ഒരു മുഖപ്രസംഗമെഴുതി.

"ലോകത്തുള്ള സകല ഭരണാധികാരികളും Plehve-യുടെ ഹത്യയിൽനിന്നു പാഠം പഠിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം അനുവർത്തിച്ച അക്രമങ്ങളും അനീതികളും അയാളുടെ മരണത്തിനിടയാക്കി." പിന്നീട് ആ പത്രം ഇന്ത്യാവൈസ്രോയി ലോർഡ് കഴ്സൺഭരണത്തെ Plehve ഭരണത്തോടുപമിച്ചു. "റഷ്യൻജനതയ്ക്കു് Plehve-യോടുണ്ടായിരുന്ന ആവലാതിയാണ് ഇന്ത്യൻജനതയ്ക്കു് കഴ്സൺപ്രഭുവിൻെറ ഭരണത്തോടുമുള്ളതു്."

ആംഗ്ലോ-ഇന്ത്യൻപത്രമായ പാനീർ 1904 ആഗസ്റ്റ് 29-ാംതീയതി റഷ്യൻസംഭവത്തെ പരാമർശിച്ചിപ്രകാരമെഴുതി:

"The horror of such crimes is too great for words yet it has to be acknowledged, almost, that they are the only method of fighting left to a people who are at war with despotic rulers able to command great forces against which it is

impossible for the unarmed populace to make a stand.

When the Czar dissolved the parliament he destroyed all hope of reform being gained without voilence. Against bombs his army is powerless and for that reason he cannot rule as his forefathers did, by the sword. It becomes impossible for even the stoutest hearted men to govern fairly or strongly when every moment of their lives is spent in terror of a revolting death."

പാനീർ പറഞ്ഞതു് ശരിയായിരുന്നു. പട്ടാളശക്തി കൊണ്ടു് ജനതയെ അടിച്ചമർത്തുക എളുപ്പമാണു്. എന്നാൽ വിപ്ലവകാരികളുടെ ബോംബുകളും, റിവാൾവർകളും ഭരണാധികാരികളുടെ സുഖനിദ്രയ്ക്കു് ഭംഗംവരുത്തുന്നു. Plehve-യുടെ ഘാതകനെ കഴുമരത്തിലേററിയെങ്കിലും പ്രജകൾക്കു് ശാന്തിയും നീതിയും ലഭിച്ചില്ലെങ്കിൽ വിപ്ലവകാരികൾ, തൻെറ ചക്രവർത്തിപദം നിലനിർത്താൻ അനുവദിക്കുകയില്ലെന്നു് സാർചക്രവർത്തിക്കു് മനസ്സിലായി. തന്മൂലം 1905 ഒക്ടോബർ 17-ാംനു- ഒരു രാജകീയവിളംബരത്തിലൂടെ പാർലമെൻററിപ്രാതിനിധ്യം പ്രഖ്യാപിക്കപ്പെട്ടു.

എന്നാൽ ബ്രിട്ടീഷ്ഭരണാധികാരികൾ ആ സംഭവങ്ങളിൽനിന്നൊരു പാഠവും പഠിച്ചില്ല. ഭാരതീയപത്രങ്ങൾ ആ സംഭവത്തിൽനിന്നു പ്രചോദനമുൾക്കൊള്ളുകയും യുവഹൃദയങ്ങളിൽ വിപ്ലവത്തിൻെറ തീപ്പൊരി ഉദ്ദീപിപ്പിക്കുകയും സ്വാതന്ത്ര്യത്തിനുവേണ്ടി വാളെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ബംഗാളിലെ സുപ്രസിദ്ധപത്രമായ യുഗാന്തർ 1906 മാർച്ച് 3-ാംതീയതി ഇപ്രകാരമെഴുതി: "ഭാരതീയക്കു് സ്വാതന്ത്ര്യം ലഭിക്കണം. അവകാശങ്ങൾക്കുവേണ്ടി കൈയിലേന്തുന്ന വാളുകളുടെ ശക്തി അദമ്യമായിരിക്കും. ഭാരതത്തെപ്പോലെ ദുർബ്ബലമായ ഒരു രാഷ്ട്രം ശക്തിശാലിയായ ബ്രിട്ടനോടു് എങ്ങനെ പൊരുതും? ഭയപ്പെടേണ്ട ആവശ്യമില്ല. ഇററലിയുടെ ഉദാഹര

ണം നിങ്ങളുടെ മുമ്പിലുണ്ടു്. ആ രാജ്യം തന്റെ അടിമത്തമാകുന്ന കളങ്കം യുവജനങ്ങളുടെ രക്തത്താൽ കഴുകിക്കളഞ്ഞു. ബംഗാളിലെ പതിനായിരം യുവാക്കൾക്കു് മാതൃഭൂമിയുടെ അപമാനമകററാൻ മരണപ്പുടവയുമണിഞ്ഞു് രംഗത്തിറങ്ങാൻ സാദ്ധ്യമല്ലെ?"

മറെറാരു പത്രമായ 'മസന്ദ' 1907 ആഗസ്റ്റ് 13-ാംനു-ഇപ്രകാരമെഴുതി: "നമ്മുടെ അഭിലാഷങ്ങൾ ഹിമാലയത്തെക്കാളുമുന്നതമാണു്! രാജ്യത്തിനുവേണ്ടി നമ്മുടെ ഹൃദയങ്ങളിൽ അഗ്നിപർവ്വതം പൊട്ടിയ അത്ര വേദനയുണ്ടു്. നാം സ്വർഗ്ഗമാഗ്രഹിക്കുന്നില്ല. നമുക്കു് മുക്തിയെക്കുറിച്ചുള്ള ചിന്തയും വേണ്ട. ഭാരതാംബേ! നിന്റെ കാലിലെ ചങ്ങല മുറിച്ചുനീക്കുന്നതുവരെ വീണ്ടും വീണ്ടും ഞങ്ങൾക്കീ രാജ്യത്തു് ജന്മംനല്കേണമേ."

1907 മാർച്ച് രണ്ടാം തീയതി 'ഹിന്ദുസ്വരാജ്യ'മെന്ന പത്രം ഇപ്രകാരമെഴുതി: "പ്രിയപ്പെട്ട വാളേ! നീ വീരന്മാരുടെ കരങ്ങളിൽ അത്യധികം ശോഭിക്കുന്നു. അവരുടെ അരക്കെട്ടിന്നലങ്കാരമാണു്. ഞങ്ങളുടെ പൂർവ്വികർ മാതൃഭൂമിയുടെ സ്വാതന്ത്ര്യസംരക്ഷണത്തിനു യുദ്ധം ചെയ്തിട്ടുണ്ടു്. ആ യുദ്ധത്തിൽ നീമാത്രമായിരുന്നു അവക്കാലംബം!"

ഇത്തരത്തിലുള്ള പ്രചോദനങ്ങളാൽ ആവേശഭരിതരായിത്തീന്ന യുവാക്കൾ രക്തംകൊണ്ടു് ഹോളികളിക്കാൻ വെമ്പിക്കൊണ്ടിരുന്നു. രാജ്യത്തുള്ള ദേശീയപത്രങ്ങളെല്ലാം യുവാക്കളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. 1908 ഫെബ്രുവരി 11-ാം തീയതി 'ഗുജറാത്ത്' എന്ന പത്രമിപ്രകാരമെഴുതി: "ക്ഷമയ്ക്കും ചില അതിരുകളുണ്ടു്. ഗവണ്മെൻറ് പ്രജകളോടു് അക്രമങ്ങൾ പ്രവത്തിക്കാൻ തുടങ്ങിട്ടു കുറേക്കാലമായി. അതിന്റെ ഫലമായി അനാക്കിസ്റ്റ് ജന്മംകൊണ്ടു് ആഫീസർമാരെ വധിക്കാൻ തുടങ്ങിയാൽ അതിന്റെ പരിപൂണ്ണഉത്തരവാദിത്വം ഗവണ്മെൻറിനായിരിക്കും."

അക്കാലത്തെ ഒരു സുപ്രസിദ്ധവിപ്ലവകാരിയായിരുന്ന ഷ്യാംജി കൃഷ്ണൻവമ്മ ലണ്ടനിൽനിന്നു് ഇന്ത്യൻ സോഷ്യോളജിസ്റ്റ് എന്ന പേരിൽ ഒരു പത്രം പ്രസിദ്ധീകരിച്ചിരുന്നു. അദ്ദേഹം

തൻെറ പത്രത്തിലിപ്രകാരമെഴുതി: "It seems that any agitation in India now must be carried on secretly and that the only method that can bring the English Government to its senses are the Russian methods vigorously and incessantly applied until the English relax their tyranny and are driven out of the country."

ആ സാഹചര്യമായിരുന്നു ഖുദ്രിറാംബോസ്, കനായിലാൽ ദത്ത്, വീരസവർക്കർ, ലാലാ ഹർദയാൽ, വീരേന്ദ്രകുമാർഘോഷ്, രാഷ്ബിഹാരിബോസ് തുടങ്ങിയ വീരദേശാഭിമാനികളെ രംഗത്തിറക്കിയതു്. അവർ ബ്രിട്ടീഷ്സാമ്രാജ്യത്തിനൊരു വെല്ലുവിളിയായിത്തീർന്നു. മാതൃഭൂമിയുടെ അടിമത്തച്ചങ്ങല പൊട്ടിച്ചെറിയുവാൻ ആയിരക്കണക്കിനു യുവാക്കൾ മരണപ്പുടവയുമണിഞ്ഞു് രംഗത്തിറങ്ങി.

രയീസ് ശാന്തിനാരായണൻ, ശ്രീ ലദ്ദാറാം തുടങ്ങിയ വീരന്മാർ ഉത്തരപ്രദേശിലും സൂഫി അംബാപ്രസാദ്, ലാലബാകെ ദയാൽ, ലാൽചന്ദ്ഫലക് തുടങ്ങിയവർ പഞ്ചാബിലും വിപ്ലവചിന്താഗതി പ്രചരിപ്പിച്ചുകൊണ്ടിരുന്നു. രയീസ് ശാന്തിനാരായണൻ അലഹബാദിൽനിന്നു് 'സ്വരാജ്യ' എന്ന പേരിൽ ഒരു പത്രം പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. ശ്രീ ലദ്ദാറാം ആ പത്രത്തിൽ വിപ്ലവാത്മകമായ ഒരു ലേഖനമെഴുതി എന്ന കുററത്തിനു മുപ്പതുവർഷത്തെ കഠിനതടവിനു് ശിക്ഷിക്കപ്പെട്ടു. അന്നു് പഞ്ചാബിലെ സ്ഥിതി എന്തായിരുന്നു എന്നു് ലഫ്ററനൻറ് ഗവർണ്ണർ, വൈസ്രോയിക്കയച്ച റിപ്പോർട്ടു് വ്യക്തമാക്കുന്നു.

"Every where people are sensible of a change, of a new air, which was blowing through men's minds, and were waiting to see what would come of it.

In the big cities in the centre of the province the agitators are trying to arouse feelings of disloyalty in certain important town such as

Rawalpindi, Sialkot, and Lyallpur an active anti-British propaganda is being openly and simultaneously preached. In Lahore the capital of the province, the propaganda is virulent and has resulted in a more or less general state of serious unrest."

ഇന്ത്യയ്ക്കു വെളിയിൽ ജീവിച്ചിരുന്ന യുവാക്കളുടെ ഹൃദയങ്ങളിലും ദേശാഭിമാനം ഉദയംകൊള്ളാതിരുന്നില്ല. അതിന് 1909 ജൂലായ് ഒന്നാംതീയതി ലണ്ടൻനഗരത്തിൽവെച്ചുനടന്ന ഒരു സംഭവം വിവരിക്കാം. അന്നാണ് ശ്രീ മദൻലാൽധംഗഡ് ലണ്ടനിൽ, ഇന്ത്യാഹൗസിൽവെച്ച് കഴ്സൺവയ്‌ലി എന്നുപേരായ ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനെ വെടിവെച്ചുകൊന്നതു്. മദൻലാലിനെ അറസ്റ്റുചെയ്തതിനുശേഷം പോലീസ് ചാർജ്ജ്ഷീറ്റിൽ പല സ്ഥലത്തും അദ്ദേഹത്തിൻെറ പേരിനോടുചേർത്ത് ഘാതകൻ എന്നെഴുതി. അതു കണ്ടു് മദൻലാൽധംഗഡ് എതിർത്തു: "ഞാൻ ഒരു ദേശഭക്തനാണ്: മാതൃഭൂമിയെ അടിമത്തത്തിൽനിന്നു് രക്ഷിക്കാനുള്ള സമരത്തിൽ വ്യഗ്രനാണ്. എൻെറ പേരിനോടു ചേർത്ത് ഘാതകൻ എന്ന വാക്കുപയോഗിച്ചിരിക്കുന്നു. ഞാൻ അതിൽ പ്രതിഷേധിക്കുന്നു. ഞാൻ ചെയ്തതു് തികച്ചും നീതിയും ന്യായവുമാണ്. ഇന്നു് ബ്രിട്ടൻ, ജർമ്മനിയുടെ ആധിപത്യത്തിലായിരുന്നെങ്കിൽ നിങ്ങളും സ്വാതന്ത്ര്യത്തിനുവേണ്ടി ഞാൻ ചെയ്ത പ്രവൃത്തി ആവർത്തിക്കുമായിരുന്നു."

1909 ജൂലായ് 23-ാംതീയതി ജഡ്ജി വിധി പ്രസ്താവിച്ചപ്പോൾ മദൻലാൽ ഇപ്രകാരം പറഞ്ഞു: "മാന്യരെ, ഞാൻ നിങ്ങളോടു നന്ദിയുള്ളവനാണ്. മാതൃഭൂമിയുടെ പേരിൽ ഞാനിന്നു നിങ്ങൾക്കു നന്ദിപറയുന്നു. എൻെറ രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതം ബലിയർപ്പിക്കാനുള്ള സൗഭാഗ്യമെനിക്കു ലഭിച്ചതിൽ ഞാൻ അഭിമാനംകൊള്ളുന്നു."

കഴുമരത്തിലേററപ്പെട്ട മദൻലാലിൻെറ മൃതദേഹം പരിശോധിച്ചപ്പോൾ പോക്കററിൽനിന്നു ലഭിച്ച ഒരു പ്രസ്താവന ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തേണ്ടതാണ്.

"എന്റെ മാതൃരാജ്യത്തിലെ ദേശഭക്തന്മാരെ നിർദ്ദയം കഴുമരത്തിലേററുകയും നാടുകടത്തുകയും ചെയ്യുന്നതിൽ പ്രതിഷേധിച്ചു ഞാൻ ലണ്ടനിലെ ഒരു ബ്രിട്ടീഷ് ആഫീസറെ വധിച്ചു. ആരുടേയും പ്രേരണകൊണ്ടല്ല ഞാനിതു പ്രവൎത്തിച്ചതു്. എന്റെ മനസ്സാക്ഷിയുടെ പ്രേരണയനുസരിച്ചു ഞാൻ പ്രവൎത്തിച്ചു. ഇതിൽ യാതൊരു ഗൂഢാലോചനയുമില്ല. ഞാനെന്റെ കൎത്തവ്യം പാലിച്ചു. വിദേശിബയനററിനാൽ അടിച്ചമൎത്തപ്പെടുന്ന രാജ്യം സദാസമയവും സമരത്തിനു തയ്യാറായിരിക്കണമെന്നാണു് എന്റെ അഭിപ്രായം. എന്നാൽ നിരായുധനായ മനുഷ്യൻ ശത്രുവിനെ പിന്നിൽനിന്നാണാക്രമിക്കേണ്ടതു്. ഞാൻ കഴ്സൺ ദായിലിയെ പിന്നിൽനിന്നും വെടിവെയ്ക്കുകയാണു് ചെയ്തതു്. കാരണം എനിക്കു് റൈഫിൾ ലഭിച്ചില്ല. അതിനാൽ അദ്ദേഹത്തെ പിസ്റ്റോൾകൊണ്ടു വധിക്കേണ്ടിവന്നു. ഞാൻ ഒരു ഹിന്ദുകുടുംബത്തിലാണു് ജനിച്ചതു്. എന്റെ രാജ്യത്തോടു ചെയ്യുന്ന അക്രമങ്ങൾ ഈശ്വരനെ അപമാനിക്കലാണു്. മാതൃഭൂമിയുടെ സേവനം ഈശ്വരസേവനമാണു്. എന്നേപ്പോലുള്ള ഒരു നിസ്സാരനു ഭാരതാംബയുടെ പാദങ്ങളിലൎപ്പിക്കാൻ ജീവനല്ലാതെ മറെറാന്നുമില്ല. അതിനാൽ ഞാനെന്റെ ജീവിതം ബലിയൎപ്പിക്കുന്നു. ഹിന്ദുസ്ഥാൻ ഒരു പാഠം പഠിക്കേണ്ടിയിരിക്കുന്നു. രാജ്യത്തിനു വേണ്ടി ഓരോരുത്തൎക്കുമെങ്ങനെ ജീവാൎപ്പണംചെയ്യാൻകഴിയും! രാജ്യത്തെ പഠിപ്പിക്കാനുള്ള ഏകമാൎഗ്ഗം ആത്മബലിനടത്തി മററുള്ളവൎക്കു മാതൃക കാണിച്ചുകൊടുക്കുക എന്ന മികച്ച സേവനമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഈശ്വരൻ എന്റെ ത്യാഗം അംഗീകരിച്ചു് മററുള്ളവൎക്കു പ്രചോദനം നല്കട്ടെ!

ബ്രിട്ടീഷ്ഗവൺമെൻറ് ഭാരതത്തിൽനിന്നു കെട്ടുകെട്ടുന്നതുവരെ ഈ സമരം നിലനില്ക്കണമെന്നാണു് എന്റെ പ്രാൎത്ഥന. സ്വാതന്ത്ര്യസമരം നിലനില്ക്കുന്ന കാലത്തോളം ഈശ്വരൻ വീണ്ടും വീണ്ടും എനിക്കു ജന്മം നല്കട്ടെ. എന്നാൽ സ്വാതന്ത്ര്യസമരത്തിനുവേണ്ടിയുള്ള പവിത്രയുദ്ധത്തിൽ വീണ്ടും വീണ്ടും ആത്മാഹുതി ചെയ്തു സ്വാതന്ത്ര്യം നേടി ജീവിതം സഫലമാക്കിത്തീൎക്കാൻ കഴിയും."

മദൻലാലിൻെറ പ്രസ്താവന ലോയിഡ്ജോർജ്ജും സർ വിൻസ്റ്റൺ ചർച്ചിലും ചർച്ചചെയ്തു. അവർ ആ യുവാവിൻെറ ദേശസ്നേഹത്തിൽ അത്ഭുതം രേഖപ്പെടുത്തി. അയർലണ്ടിലെ പത്രങ്ങൾ മദൻലാൽധിംഗ്രയെ വാനോളം പുകഴ്ത്തി, മുൻപേജിൽ ആദരാഞ്ജലിയർപ്പിച്ചു. "മാതൃഭൂവിൻെറ സ്വാതന്ത്ര്യത്തിനവേണ്ടി ആത്മാഹുതിചെയ്ത ധിംഗ്രയിൻെറ ത്യാഗത്തിൻെറ മുമ്പിൽ അയർലണ്ട് പുഷ്പചക്രങ്ങളർപ്പിക്കുന്നു."

## പുതുയുഗത്തിൻെറ ജനയിതാക്കൾ

ബ്രിട്ടീഷ് ഇമ്പീരിയലിസത്തെ ഉലയ്ക്കുകയും, അലസതയിലാണ്ടുകിടന്നിരുന്ന ഭാരതീയരെ തട്ടിയുണർത്തുകയും ചെയ്ത ഒരു കാലഘട്ടമാണ് ഭഗത്സിംഗ്-ദത്ത് യുഗം. ആ യുഗം ഭാരതത്തിനൊരു പുതിയ മുദ്രാവാക്യം സമ്മാനിച്ചു. "ഇൻക്വിലാബ്-സിന്ദാബാദ്." കേസിൻെറ വിചാരണ നടന്നുകൊണ്ടിരിക്കെ യൂറോപ്യൻജഡ്ജി ഇൻക്വിലാബ് എന്ന വാക്കിൻെറ ഉദ്ദേശമെന്തെന്ന ഭഗത്സിംഗിനോടു ചോദിച്ചു. അതിൻെറ മറുപടി ഭഗത്സിംഗിൻെറയും ദത്തിൻെറയും സംയുക്തപ്രസ്താവനയിലുണ്ടായിരുന്നു.

"ഇൻക്വിലാബ് എന്നു പറഞ്ഞാൽ കൊലപാതകങ്ങളും രക്തച്ചൊരിച്ചിലുകളുമല്ല. അനീതികളും അക്രമങ്ങളും നിറഞ്ഞ ഭരണകൂടത്തെ മാററി തൽസ്ഥാനത്തു് ഒരു മനുഷ്യൻ മറെറാരു മനുഷ്യനേയും, ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തേയും ചൂഷണംചെയ്യാൻ അനുവദിക്കാത്ത ഒരു ഭരണകൂടം സ്ഥാപിക്കുക. അതായതു് സോഷ്യലിസ്റ്റ് ഭരണസമ്പ്രദായം സ്ഥാപിച്ചു് ജനതയെ എല്ലാവിധ ചൂഷണങ്ങളിൽനിന്നും വിമുക്തമാക്കുക. ഞങ്ങൾ രാഷ്ട്രത്തിൻെറ ഭരണസാരഥ്യം കർഷകരേയും തൊഴിലാളികളേയുമേല്പിക്കാനാഗ്രഹിക്കുന്നു. അതാണ് ഞങ്ങളുടെ വിപ്ലവലക്ഷ്യം."

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദാഹം ബയനററുകൊണ്ടോ കൊലക്കയറുകൊണ്ടോ ശമിപ്പിക്കാൻ സാദ്ധ്യമല്ലെന്നു ഭഗത്സിംഗ്-ദത്ത്യുഗത്തിനു തെളിയിക്കാൻകഴിഞ്ഞു. ബ്രിട്ടീഷുകാർ

ഒരുസംഘം വിപ്ലവകാരികളെ കൊന്നൊടുക്കുമ്പോഴേയ്ക്കും മററൊരു സംഘം രംഗത്തിറങ്ങിക്കഴിഞ്ഞിരിക്കും. അങ്ങനെ നരവേട്ട നടത്തി ബ്രിട്ടീഷുകാർ മട്ടത്തതല്ലാതെ ഭാരതീയയുവാക്കളുടെ മനോററം നീലച്ചില്ല. വിപ്ലവകാരികൾക്കു രണ്ടു ശത്രുക്കളെ നേരിടേണ്ടി വന്നിരുന്നു. ഒന്നു് ബ്രിട്ടീഷ്സാമ്രാജ്യശക്തി. മററൊന്നു് ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള മിതവാദികോൺഗ്രസ്സ്. ഗാന്ധിജിയും സഹപ്രവത്തകരും സന്ദർഭംകിട്ടുമ്പോഴൊക്കെ വിപ്ലവകാരികളെ തേജോവധംചെയ്യാൻ ശ്രമിച്ചിരുന്നു. അതേസമയം കോൺഗ്രസ്സിലെ ഒരുവിഭാഗം ആളുകൾ—സുഭാഷ്ചന്ദ്രബോസ്, പുരുഷോത്തംദാസ് ടണ്ഡൻ, പണ്ഡിത് മദൻമോഹൻമാളവ്യ, ഗണേശ്ശങ്കർ വിദ്യാത്ഥി, എം. എസ്സ്. ആനേ തുടങ്ങിയവർ—വിപ്ലവകാരികളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. മിതവാദികളുടെ കുതന്ത്രങ്ങളൊന്നും ഫലിച്ചിരുന്നില്ലെന്നതിനുദാഹരണമാണു് ഗോപിനാഥ്സാഹയുടെ രക്തസാക്ഷിത്വം. 1924 ജനുവരി 12-ാംതീയതി ഗോപിനാഥ്സാഹ എന്ന ഒരു യുവാവു് പോലീസ് കമ്മീഷണർ ടൈഗർട്ടുസായ്പാണെന്നു തെററിദ്ധരിച്ചു് മററൊരു യൂറോപ്യനെ വധിച്ചു. ഗോപിനാഥ് അറസ്ററുചെയ്യപ്പെട്ടു. വിചാരണചെയ്തുകൊണ്ടിരുന്നപ്പോൾ ഗവണ്മെൻറുവക്കീലിൻെറ ഒരു ചോദ്യത്തിനു മറുപടിയായി അദ്ദേഹമിപ്രകാരം പ്രസ്താവിച്ചു:

"ഞാൻ മിസ്റ്റർ ഏണസ്റ്റ്ഡയറെ വധിക്കാനാഗ്രഹിച്ചിരുന്നില്ല. അബദ്ധത്തിൽ അങ്ങനെ സംഭവിച്ചതാണു്. എനിക്കതിൽ അതിയായ ഖേദവുമുണ്ടു്. പക്ഷേ താൻ രക്ഷപ്പെട്ടു എന്നു മിസ്റ്റർ ടൈഗർട്ട് ധരിക്കരുതു്. എനിക്കു പൂത്തിയാക്കാൻകഴിയാത്ത കത്തവ്യം സഹപ്രവത്തകരാരെങ്കിലും പൂത്തിയാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു." കേസ് വിധിപ്രസ്താവിച്ചപ്പോൾ ഗോപിനാഥ്സാഹ ഇപ്രകാരം പറഞ്ഞു: "പ്രഭോ! എൻെറ രക്തത്തിൻെറ ഓരോ തുള്ളിയും ഓരോ കുടുംബത്തിലും ഓരോ സ്വാതന്ത്ര്യബീജമായി ജനിക്കട്ടെ! അടിമത്തച്ചങ്ങലയുടെ അവസാനത്തെ കണ്ണി പൊട്ടുന്നതുവരെയും ഈ സമരം തുടരണം."

1924 മാച്ച് ഒന്നാംതീയതി ഗോപിനാഥ്സാഹയെ തൂക്കിക്കൊന്നു. തൂക്കിലേററുന്നതിനാല്പദിവസംമുമ്പു് അദ്ദേഹം തൻെറ അമ്മയ്ക്കയച്ച ഒരു കത്തിൽ, എല്ലാ അമ്മമാക്കും തന്നെപ്പോലുള്ള

പുത്രന്മാരുണ്ടാകാൻ ഈശ്വരനോടു പ്രാത്ഥിക്കണമെന്നെഴുതിയിരുന്നു. ഗോപിനാഥ്സാഹയുടെ ബലിദാനത്തിലൂടെ ഭാരതജനത ആവേശഭരിതമായി. സി. ആർ. ദാസ് ഗോപിനാഥ്സാഹയുടെ ത്യാഗത്തെ പ്രകീത്തിച്ചു. ദിനാജ്പൂരിൽവെച്ചു ചേന്ന പൊളിററിക്കൽ കോൺഫറൻസ് ഒരു പ്രമേയംമൂലേന ഗോപിനാഥിനെ അഭിനന്ദിച്ചു. ആ പ്രമേയം ബ്രിട്ടീഷ്ഗവണ്മെൻറിനെ മാത്രമല്ല ഗാന്ധിജിയേയും പരിഭ്രാന്തനാക്കി. 1924 ജൂണിൽ ചേന്ന എ. ഐ. സി. സി. സമ്മേളനത്തിൽ ദിനാജ്പൂർപ്രമേയത്തെ അപലപിച്ചുകൊണ്ടു് ഒരു പ്രമേയമവതരിപ്പിച്ചു. ആ തേജോവധത്തിനു ഗാന്ധിജി സഹിക്കേണ്ടിവന്ന എതിപ്പുകൾ ശക്തിമത്തായിരുന്നു. അക്കാര്യം ഡാ: പട്ടാഭിസീതാരാമയ്യ തൻെറ ഗ്രന്ഥത്തിലിപ്രകാരം രേഖപ്പെടുത്തീട്ടുണ്ടു്:


"എ. ഐ. സി. സി. മീററിംഗിൽ ഏററവും കൂടുതൽ ചൂടുപിടിച്ച വാദപ്രതിവാദത്തിനിടയാക്കിയതു് ശ്രീ സാഹയെ അപലപിക്കുന്ന പ്രമേയമായിരുന്നു. അക്കൂട്ടത്തിൽ മററു രാഷ്ട്രീയ കൊലപാതകങ്ങളേയും അപലപിച്ചിരുന്നു. കോൺഗ്രസ്സിനു് ആ സംഭവങ്ങളുമായി യാതൊരു ബന്ധവുമില്ലെന്നു് വ്യക്തമാക്കി. ഈ പ്രമേയം വലിയ കോളിളക്കം സൃഷ്ടിച്ചു എന്നതു് മറച്ചുവയ്ക്കാവുന്നതല്ല. ശ്രീ: സി. ആർ. ദാസ് ആ പ്രമേയത്തെ അനുകൂലിച്ചില്ല. അദ്ദേഹത്തിനു് അഹിംസാസിദ്ധാന്തത്തിൽ വിശ്വാസമില്ലായിരുന്നു എന്നു് അതിനത്ഥമില്ല. അദ്ദേഹം ആ പ്രമേയത്തിൽ ചില ഭേദഗതികൾ വരുത്താനാഗ്രഹിച്ചിരുന്നു. തൻെറ ഉററ മിത്രങ്ങൾപോലും പ്രമേയത്തെ എതിക്കുന്നതു കണ്ടപ്പോൾ ഗാന്ധിജി പരസ്യമായി കരഞ്ഞുപോയി."

മേലുദ്ധരിച്ച സംഭവങ്ങളിൽനിന്നു് കാററു് എങ്ങോട്ടായിരുന്നു എന്നു് വ്യക്തമാകും. അക്കാലത്തു് ഉത്തരഭാരതത്തിലും വിപ്ലവപ്രവത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. സച്ചീന്ദ്രനാഥ് സന്യാൽ, രാംപ്രസാദ് ബിസ്മിൽ തുടങ്ങിയ നേതാക്കന്മാർ കാൺപൂർ, ഹർദോയി, ഷാജഹാൻപൂർ, ബനാറസ് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി പ്രവത്തിച്ചുകൊണ്ടിരുന്നു. അയർലണ്ടിൻെറ സ്വാതന്ത്ര്യസമരത്തിൽ ഡിവാലറേയ്ക്കും, ഇററലിയുടെ ചരിത്രത്തിൽ ഗിരിബാൾഡിക്കും ഉള്ള സ്ഥാനമായിരുന്നു ഇന്ത്യൻവിപ്ല

വപ്രസ്ഥാനത്തിൽ സച്ചീന്ദ്രനാഥ്സന്യാലിനു് ഉണ്ടായിരുന്നതു്. അദ്ദേഹം രാഷ്ബിഹാറിബോസിൻെറ വലംകൈയായിരുന്നു. വൈസ്രോയിയുടെനേരെ ബോംബെറിഞ്ഞ രാഷ്ബിഹാറിബോസിനു് ജപ്പാനിലേയ്ക്കു രക്ഷപ്പെടാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തതു് സച്ചീന്ദ്രനാഥ്സന്യാലായിരുന്നു. ഒന്നാം ലോകമഹായുദ്ധകാലത്തു് ഗദർപാർട്ടിപ്രവർത്തനത്തിലൂടെ ബ്രിട്ടീഷ്ഭരണകൂടത്തെ തകർക്കാൻ ശ്രമിച്ചു. ആ സംരംഭത്തിലും രാഷ്ബിഹാറിബോസിനും സച്ചീന്ദ്രനാഥ്സന്യാലിനും കാര്യമായ പങ്കുണ്ടായിരുന്നു. രാജ്യവ്യാപകമായി നടത്താൻ തീരുമാനിച്ചിരുന്ന ആ പട്ടാളവിപ്ലവം കരിങ്കാലികളുടെ നീചപ്രവൃത്തിമൂലം പരാജയപ്പെട്ടു. ആ കേസിലാണു് കർത്താർസിംഗ് സൊറാബാ, പിംഗളെ തുടങ്ങിയ വീരദേശാഭിമാനികൾ വധിക്കപ്പെട്ടതു്. ഹാർഡിംഗ്ബോംബുകേസിൽനിന്നു് രാഷ്ബിഹാറിബോസ് രക്ഷപ്പെട്ടെങ്കിലും സച്ചീന്ദ്രനാഥ്സന്യാൽ അറസ്റ്റുചെയ്യപ്പെട്ടു. അദ്ദേഹത്തിൻെറമേൽ ബനാറസ്ഗൂഢാലോചനക്കേസ് എന്നൊരു കുററം ചുമത്തി ജീവപര്യന്തം തടവിനു ശിക്ഷിച്ചു. ഒന്നാംലോകമഹായുദ്ധത്തിൽ ബ്രിട്ടീഷുകാർ ജയിച്ചു. ആ വിജയത്തിൻെറ സന്തോഷസൂചകമായി എല്ലാ രാഷ്ട്രീയതടവുകാരേയും വിട്ടയച്ചു. ജയിൽവിമുക്തനായ സന്യാൽ വീണ്ടും രാഷ്ട്രീയരംഗത്തിറങ്ങി. അദ്ദേഹമായിരുന്നു സർദാർ ഭഗത്സിംഗിനെ വിപ്ലവപ്രസ്ഥാനത്തിൽ കൊണ്ടുവന്നതും ദത്തിനെ പരിചയപ്പെടുത്തിയതും.

## ദേശീയോൽഗ്രഥനം

ഇന്നു നമ്മുടെ ദേശീയനേതാക്കൾ ദേശീയോൽഗ്രഥനമെന്ന മുറവിളിയുമായി രാജ്യത്തുടനീളം ഓടിനടക്കുന്നുണ്ടു്. എന്നാൽ ഇന്ത്യൻ വിപ്ലവപ്രസ്ഥാനത്തിൽ ദേശീയോൽഗ്രഥനത്തിനു് യാതൊരു മുറവിളിയും വേണ്ടിവന്നിട്ടില്ല. അതിനു് ഒരു ഉദാഹരണമിവിടെ ഉദ്ധരിക്കാം. ശ്രീ രാംപ്രസാദ്ബിസ്മിൽ ആണു് അഷ്ഫാക്കുള്ളയെ വിപ്ലവപ്രസ്ഥാനത്തിൽ കൊണ്ടുവന്നതു്. ഒരാൾ യാഥാസ്ഥിതികനായ ഹിന്ദുവും ആര്യസമാജക്കാരനുമായിരുന്നു. മറേറയാൾ ഒരു യാഥാസ്ഥിതികമുസൽമാനും. അവരിരു



രാംപ്രസാദ് ബിസ്മിൽ



ആഷ്ഫാക്കുള്ള

വരും കാക്കോറി ഗൂഢാലോചനക്കേസിൽ കഴുമരത്തിലേററപ്പെട്ടു. രാംപ്രസാദ്ബിസ്മിലിനേയും അഷ്ഫാക്കുള്ളയേയും തൂക്കിലിടുന്നതുവരെ രണ്ടു സെല്ലിലായിരുന്നു പാർപ്പിച്ചിരുന്നതു്. അക്കാലത്തു് രാംപ്രസാദ്ബിസ്മിൽ തന്റെ ഓർമ്മകൾ രേഖപ്പെടുത്തിയിരുന്നു. "ഞാൻ ജയിൽവിമുക്തനായി വരുന്നവഴിക്കു് നിങ്ങൾ എന്നെ സ്ക്കൂളിനടുത്തുവെച്ചു തടഞ്ഞുനിറുത്തി സംസാരിച്ചതു് ഇപ്പോഴും ഓക്കുന്നു. എന്നെ കാണാൻ നിങ്ങളാഗ്രഹിച്ചിരുന്നു. അതിനാൽ നിങ്ങൾ കേസിനെ സംബന്ധിച്ചു് എന്നോടു് പല കാര്യങ്ങളും ചോദിച്ചു. ഒരു മുസ്ലിംവിദ്യാർത്ഥി എന്നോടിക്കാര്യങ്ങൾ ചോദിക്കുന്നതിന്റെ ഉദ്ദേശമെന്തായിരിക്കുമെന്നു് ഞാൻ ശങ്കിച്ചു. അതാണു് ഞാനന്നു് നിങ്ങളുടെ ചോദ്യങ്ങൾക്കു ചുട്ടമറുപടി നല്കിയതു്. എന്റെ മറുപടി നിങ്ങളെ വേദനിപ്പിച്ചുകാണും. എന്നിട്ടും നിങ്ങൾ പതറിയില്ല. താനൊരു കൃത്രിമമനുഷ്യനല്ലെന്നും ദേശ

സേവനം ചെയ്യാനാഗ്രഹിക്കുന്ന എന്നും നിങ്ങൾ എൻെറയൊരു സുഹൃത്തുമൂഖേന എന്നെ അറിയിച്ചു. അവസാനം നിങ്ങൾ ജയിച്ചു. എൻെറ ഹൃദയത്തിൽ സ്ഥാനം കരസ്ഥമാക്കി. നിങ്ങളുടെ ജ്യേഷ്ഠൻ എൻെറ സതീർത്ഥ്യനായിരുന്നു. അതറിഞ്ഞപ്പോൾ എനിക്കു കൂടുതൽ സന്തോഷം തോന്നി. അല്പദിവസംകൊണ്ടു് നിങ്ങൾ എൻെറ അനുജനു തുല്യനായിത്തീൎന്നു. എന്നാൽ അനുജനാകാൻ നിങ്ങൾ ഇഷ്ടപ്പെട്ടില്ല. നിങ്ങൾ എൻെറ സഹപ്രവത്തകനും മിത്രവുമാകാനാണാഗ്രഹിച്ചതു്. അങ്ങനെതന്നെ സംഭവിച്ചു. നിങ്ങൾ എൻെറ മിത്രമായിത്തീൎന്നു. ഒരു യാഥാസ്ഥിതികഹിന്ദുവും ആര്യസമാജക്കാരനുമായ ഞാനും, ഒരു യാഥാസ്ഥിതികമുസ്സൽമാനായ നിങ്ങളും തമ്മിലെങ്ങനെ യോജിച്ചു എന്നോൎത്തു് പലരും അത്ഭുതപ്പെട്ടു. ഞാൻ മുസ്ലിംകളെ ശുദ്ധിചെയ്തു ഹിന്ദുവാക്കിയിരുന്നു. എൻെറ താമസം ആര്യസമാജമന്ദിരത്തിലായിരുന്നു. എന്നാൽ നിങ്ങൾക്കു് അക്കാര്യങ്ങളെക്കുറിച്ചു യാതൊരു ചിന്തയുമുണ്ടായിരുന്നില്ല. നിങ്ങൾ എന്നോടൊന്നിച്ചു് ആര്യസമാജമന്ദിരത്തിൽ വന്നിരുന്നു. ഹിന്ദു-മുസ്ലിംലഹളയുണ്ടാകുമ്പോൾ തെരുവിലെ ആളുകൾ നിങ്ങളെ ഭീഷണിപ്പെടുത്തിയിരുന്നു. നിങ്ങളുടെ സമുദായക്കാർ നിങ്ങളെ കാഫർ എന്നു വിളിച്ചിരുന്നു. എന്നാൽ നിങ്ങൾ ഒരിക്കലും ആരുടേയും കെണിയിൽപ്പെട്ടില്ല. നിങ്ങൾ ഹിന്ദു-മുസ്ലിം ഐക്യത്തിൻെറ പ്രതീകമായിരുന്നു. നിങ്ങൾ ഒരു യാഥാൎത്ഥമുസ്സൽമാനും ദേശഭക്തനുമായിരുന്നു. ഞാൻ ഹിന്ദിയിൽ ലേഖനങ്ങളെഴുതുമ്പോൾ മുസ്ലിംകൾക്കും മനസ്സിലാകാൻവേണ്ടി ഉർദുവിലും എഴുതണമെന്നു് നിങ്ങൾ ശഠിച്ചിരുന്നു. ദേശഭക്തിഗീതങ്ങൾ മനസ്സിലാക്കാൻ നിങ്ങൾ ഹിന്ദി പഠിച്ചു. സംസാരിക്കുമ്പോൾ നിങ്ങളുടെ നാവിൽനിന്നു പല ഹിന്ദിവാക്കുകളും പുറപ്പെട്ടിരുന്നു. നിങ്ങൾ ഇസ്ലാംമതമുപേക്ഷിച്ചു് ആര്യസമാജത്തിൽ ചേരുമെന്നു് പലരും സംശയിച്ചിരുന്നു. എന്നാൽ നിങ്ങളുടെ ഹൃദയം അശുദ്ധമല്ലായിരുന്നു. അതുകൊണ്ടു് നിങ്ങളെ ശുദ്ധിചെയ്യേണ്ടയാവശ്യമുണ്ടായിരുന്നില്ല. ഞാനും നിങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ല. നാം ഒരു കിണ്ണത്തിൽ ഭക്ഷണംകഴിച്ചു. നിങ്ങൾക്കു് എന്നെ വലിയ വിശ്വാസമായിരുന്നു. നിങ്ങൾ എന്നെ പേരുവിളിച്ചിരുന്നില്ല. റാം എന്നാണു നിങ്ങൾ എന്നെ സംബോധന ചെയ്തിരുന്നതു്. ഒരിക്കൽ നിങ്ങൾ രോഗബാധിതനായി

ബോധംകെട്ടു. നിങ്ങൾ റാം റാം എന്നു വിളിക്കാൻതുടങ്ങി. ഒരു മുസ്സൽമാൻ റാം! റാം! എന്നു വിളിക്കുന്നതു കേട്ട് അടുത്തുണ്ടായിരുന്നവർ അത്ഭുതപ്പെട്ടു. അവർ നിങ്ങളോട് അല്ലാഹുവിൻെറ നാമമുച്ചരിക്കാൻ പറഞ്ഞു. അവിടെ വന്ന ഒരു സ്നേഹിതനു റാമിൻെറ രഹസ്യമറിയാമായിരുന്നു. അയാൾ എന്നെ വിവരമറിയിച്ചു. ഞാൻ ഓടിവന്നപ്പോൾ നിങ്ങൾക്കു ബോധംവീണു. അങ്ങനെ റാമിൻെറ രഹസ്യം എല്ലാവക്കും മനസ്സിലായി.

അവസാനം ഈ മൈത്രിയുടെ പരിണാമമെന്തായിരുന്നു? നിങ്ങളും എന്നെ പിന്തുടന്ന് ഒരു വിപ്ലവകാരിയായിത്തീന്നു. മുസ്ലിംയുവാക്കളേയും വിപ്ലവപ്രസ്ഥാനത്തിലേക്കാകർഷിക്കാൻ ശ്രമിച്ചു. നിങ്ങൾ ഒരിക്കലും എൻെറ അനുമതികൂടാതെ ഒന്നും പ്രവത്തിച്ചിട്ടില്ല. നിങ്ങളുടെ ഹൃദയം വിശാലമായിരുന്നു. ചിന്താഗതി വളരെ ഉന്നതമായിരുന്നു. നിങ്ങൾ ഭാരതീയേതിഹാസത്തിൽ ഒരു പുതിയ ഏട് സൃഷ്ടിച്ചു. അഷ്ഫാക്കുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി വിപ്ലവസംഘത്തിൽ പങ്കെടുത്തു. ബന്ധുമിത്രാദികളുടെ പ്രതിഷേധം വകവെയ്ക്കാതെ സ്വന്തം കാലിലുറച്ചു നിന്നു. ശാരീരികമായി നിങ്ങൾ ശക്തനായിരുന്നു. അതുപോലെതന്നെ മാനസികമായും! കേസ്‌വിചാരണയിൽ നിങ്ങൾ എൻെറ ലഫ്റ്റനൻറാണെന്നു തെളിഞ്ഞു. ജഡ്ജി കേസ് വിധിപ്രസ്താവിച്ച്, നിങ്ങളുടെ കഴുത്തിൽ ജയമാല—കൊലക്കയർ—ചാർത്തി. പ്രിയപ്പെട്ട സഹോദരാ! മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനായി സ്വന്തം മാതാപിതാക്കളെ ബലിയർപ്പിച്ച ഒരാൾ അതേ ലക്ഷ്യത്തിനുവേണ്ടി ഉററമിത്രമായ അഷ്ഫാക്കുള്ളയേയും ബലിയർപ്പിച്ചു."

കഴുമരത്തിൻെറ ചുവട്ടിൽ നിന്നുകൊണ്ടു് രാംപ്രസാദ് ബിസ്മിൽ പറഞ്ഞ വാക്കുകൾ ഏതു ദേശാഭിമാനിയെയാണു് പുളകംകൊള്ളിക്കാതിരിക്കുക! ഒരു യാഥാസ്ഥിതികഹിന്ദുവും ഒരു തികഞ്ഞ മുസ്സൽമാനും തോളോടുതോൾചേന്ന് മാതൃഭൂമിയുടെ സ്വാതന്ത്ര്യസമ്പാദനത്തിനായി രംഗത്തിറങ്ങി. അവർ എല്ലാ മാമൂലുകളും തട്ടിനീക്കി പുതിയൊരു മാർഗ്ഗം വെട്ടിത്തെളിച്ചു. ഒരാൾ ഗീതയുച്ചരിച്ചുകൊണ്ടും മറേറ ആൾ ഖുർആൻവചനമുരുവിട്ടുകൊണ്ടു് കഴുമരത്തിലേറി.

# ഷഹീദ്-എ-ഹിന്ദ് ടി. പി. കുമാരൻനായർ

മാതൃഭൂമിയുടെ സ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടി ഇന്ത്യൻ വിപ്ലവകാരികൾ നടത്തിയ സമരത്തിൽ കേരളവും അതിന്റേതായ പങ്കു വഹിച്ചിട്ടുണ്ട്. വിദേശത്തുവെച്ചു് സംഘടിപ്പിച്ച ഗദർപ്രസ്ഥാനത്തിനു് ചെമ്പകരാമൻപിള്ളയേയും, ഇൻഡ്യയ്ക്കുള്ളിൽ പ്രവർത്തിച്ചിരുന്ന വിപ്ലവപ്രസ്ഥാനത്തിനു് ശ്രീ ടി. പി. കുമാരൻനായരേയും കേരളം സംഭാവനചെയ്തു. ശ്രീ കുമാരൻനായർ കോഴിക്കോട്ടുനഗരാതിർത്തിയിലുള്ള നെല്ലിക്കോട്ടു് എന്ന സ്ഥലത്തു്, 1903 ജൂൺ 22-ാംതീയതി ജനിച്ചു. അച്ഛൻ ശ്രീ കൃഷ്ണപ്പണിക്കരും അമ്മ തെക്കമ്പലത്തു് പുത്തൻവീട്ടിൽ ശ്രീമതി കല്യാണിയുമായിരുന്നു. ശ്രീ കുമാരൻനായർ കോഴിക്കോട്ടുള്ള സാമൂതിരികോളേജിൽ 'ഇൻററർമീഡിയററുവരെ പഠിച്ചതിനുശേഷം എം. എസ്സ്. പി_യിൽ ചേർന്നു. ഏറെത്താമസിയാതെ ഒരു ജമേദാർ ആയി. അക്കാലത്താണു് നാല്പതുകോടി ഭാരതീയരുടെ ഏകകണ്ഠമായ അഭ്യർത്ഥനയെ അവഗണിച്ചുകൊണ്ടു് ബ്രിട്ടീഷ്ഇമ്പീരിയലിസം സർദാർ ഭഗത്സിംഗിനേയും രാജ്ഗുരുവിനേയും, സുഖ്ദേവിനേയും കഴുമരത്തിലേററി ഇന്ത്യൻ ദേശീയത്വത്തെ അപമാനിച്ചതു്.

വീരദേശാഭിമാനിയായ കുമാരൻനായരുടെ രക്തം തിളച്ചു. ഭാണ്ഡംകേറാമൂലയായിരുന്ന കേരളത്തിലിരുന്നുകൊണ്ടു് അദ്ദേഹത്തിനു ക്രൂരതയൊന്നും ചെയ്യാനുണ്ടായിരുന്നില്ല. തന്റെ മാതൃരാജ്യത്തെ അപമാനിച്ചതിൽ പ്രതിഷേധിച്ചു് അദ്ദേഹം ബ്രിട്ടീഷുകാരുടെ കീഴിൽ ഉള്ള ജോലി രാജിവെച്ചു. ബ്രിട്ടീഷ് ഇമ്പീരിയലിസത്തിനു് അതുമൊരപമാനമായിരുന്നു. അതിനാൽ അവർ രാജി സ്വീകരിക്കുന്നതിനു പകരം ശ്രീ കുമാരൻനായരെ ഡിസ്മിസ് ചെയ്തു.

പിന്നീട്ടു് ശ്രീ കുമാരൻനായർ സ്വാതന്ത്ര്യസമ്പാദനത്തിനുള്ള മാർഗ്ഗമാണാരാഞ്ഞതു്. അദ്ദേഹം കോൺഗ്രസ്സിൽ ചേർന്നു പ്രവർത്തിക്കാനാരംഭിച്ചു. 1938-ൽ വടകര എന്ന സ്ഥലത്തുവെച്ചു്



ടി. പി. കുമാരൻനായർ

ശ്രീ ജെ. എം. സെൻഗുപ്തയുടെ അദ്ധ്യക്ഷതയിൽ ചേന്ന കോൺഗ്രസ്സ്സമ്മേളനത്തിൽ വളണ്ടിയർമാരെ നയിച്ചത് ശ്രീ കുമാരൻനായരായിരുന്നു. അദ്ദേഹത്തിൻെറ സംഘാടകശേഷിയും കാര്യക്ഷമതയും കണ്ടു് നേതാക്കൾ മുക്തകണ്ഠം പ്രശംസിച്ചു. 1937–ൽ പ്രാദേശികസ്വയംഭരണനിയമമനുസരിച്ചു് മദ്രാസ്സംസ്ഥാനത്തിലും കോൺഗ്രസ്സ്അധികാരത്തിൽവന്നു. ഇമ്പീരിയലിസ്റ്റ്ഭരണത്തിൻകീഴിൽ ജോലിചെയ്ത കുമാരൻനായക്ക് കോൺഗ്രസ്സ്ഭരണത്തിൻകീഴിൽ എന്തെങ്കിലുമൊരു ജോലി ചെയ്താൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടായി. എന്നാൽ അന്നുമുതലേ കോൺഗ്രസ്സ്ഭരണത്തിൻകീഴിൽ അവസരവാദികൾക്കും രാഷ്ട്രത്തെ ഒററിക്കൊടുക്കുന്നവക്കും മാത്രമേ ജോലി ലഭിച്ചിരുന്നുള്ളു.

ശ്രീ കുമാരൻനായർ പിന്നീട്ട് സിംഗപ്പൂരിലേയ്ക്കാണു പോയതു്. അദ്ദേഹം സിംഗപ്പൂരിലെത്തി അധികം താമസിയാതെ



സുഖ്ദേവ്

ലാഹോർ ഗൂഢാലോചനക്കേസിൽ തൂക്കിക്കൊന്നു.



ഡാ: ചെമ്പകരാമൻപിള്ള

ബർലിനിൽ ഗദർപ്രസ്ഥാനം സംഘടിപ്പിച്ചു..

ജപ്പാൻകാർ ആ പ്രദേശം പിടിച്ചടക്കി. അതിനെത്തുടർന്ന് ശ്രീ എൻ. രാഘവൻെറ നേതൃത്വത്തിൽ ഇന്ത്യാഇൻഡിപ്പെൻഡൻസ് ലീഗ് എന്നൊരു സംഘടന രൂപീകരിച്ചു് പ്രവർത്തിക്കാൻതുടങ്ങി. ശ്രീ കുമാരൻനായരും ആ സംഘടനയിൽ ചേർന്ന് സജീവമായി പ്രവർത്തിക്കാനാരംഭിച്ചു. അക്കാലത്താണ് ലീഗിൻെറ നിർവാഹകസമിതിയംഗങ്ങളായിരുന്ന ശ്രീ കെ. പി. കേശവമേനോൻ, ശ്രീ എൻ. രാഘവൻ, ക്യാപ്റ്റൻ മോഹൻസിംഗ്, കേണൽ ഗിലാനി എന്നിവർ ലീഗിൽനിന്നു രാജിവെച്ചതു്. ജപ്പാൻകാർ ആ സംഘടനയെ സ്വാർത്ഥലാഭത്തിനുള്ള കരുവായി ഉപയോഗിക്കുന്നുണ്ടെന്ന ബോദ്ധ്യമാണ് അവരെ രാജിക്കു പ്രേരിപ്പിച്ചതു്. അവരുടെ രാജിമൂലം ലീഗിൻെറ കീഴിലുള്ള ദേശീയസേനയുടെ പ്രവർത്തനം നിലച്ചു. സ്വരാജ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഇൻറലിജൻസ്‌വിഭാഗത്തിൽനിന്നും പ്രത്യേകം പരിശീലനം നേടിയ കുമാരൻനായർ ഇന്ത്യയിലെത്തി വിപ്ലവപ്രസ്ഥാനം സംഘടിപ്പി



നേതാജി സുഭാഷ്ചന്ദ്രബോസ്.

ക്കാനാരംഭിച്ചു. ബ്രിട്ടീഷ്സാമ്രാജ്യശക്തിയെ ഇന്ത്യയിൽനിന്നു കെട്ടുകെട്ടിക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന കുമാരൻനായർ ശത്രുക്കളുടെ ദൃഷ്ടിയിൽപ്പെട്ടു. അദ്ദേഹം വെടിയുണ്ടയ്ക്കിരയായി ആശുപത്രിയിലഭയം പ്രാപിച്ചു. രണ്ടുമാസത്തെ ചികിത്സയ്ക്കുശേഷം ഭരണാധികാരികൾ ശ്രീ കുമാരൻനായരെ ഡൽഹിയിൽ കൊണ്ടുവന്നു.

പിന്നീട് "എനിമി ഏജൻറ് ഓർഡിനൻസ്" പ്രകാരം കുമാരൻനായരെ സ്പെഷ്യൽ ട്രൈബ്യൂണൽമുമ്പാകെ ഹാജരാക്കി വിചാരണയെന്ന പ്രഹസനം നടത്തി. ശ്രീ കുമാരൻനായർ ജപ്പാൻചാരനും രാജദ്രോഹിയുമാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. അതിനുവേണ്ടി അവർ, ചെന്നായ് പണ്ട് ആട്ടിൻകുട്ടിയോടു പറഞ്ഞ ന്യായവാദങ്ങൾ ഉന്നയിച്ചു. എം. എസ്സ്. പി-യിൽ നിന്നു രാജിവെച്ച് കോൺഗ്രസ്സിൽചേർന്നു പ്രവർത്തിച്ചതിന് എം. എസ്സ്. പി. കമാണ്ടർ കീൻസായ്പ് സാക്ഷിയുണ്ട്. പിന്നെ എന്തുവേണം? വീരദേശാഭിമാനിയായ ശ്രീ ടി. പി. കുമാരൻ നായർ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി വിപ്ലവകാരികൾ

നടത്തിയ സമരത്തിൽ കേരളത്തിന്റേതായ പങ്കു വഹിച്ചുകൊണ്ട്, 1944 ജൂലൈ ഏഴാംതീയതി വന്ദേമാതരമാലപിച്ച് കഴുമരത്തിലേറി.

ശ്രീ കുമാരൻനായരുടെ രക്തംകൊണ്ട് ബ്രിട്ടീഷുകാരുടെ ദാഹം ശമിച്ചില്ല. "ശത്രുചാരന്മാർ കീഴടങ്ങുവിൻ" എന്ന തലക്കെട്ടിൽ അവർ നാനാഭാഷകളിലായി ഒട്ടനേകം ലഘുലേഖകൾ വിതരണംചെയ്തു. അതിൽ കുമാരൻനായരുടെ കാര്യം പ്രത്യേകം എടുത്തുപറഞ്ഞിരുന്നു. വീരദേശാഭിമാനികളായ ഇന്ത്യൻ വിപ്ലവകാരികളെ കരിതേച്ചുകാണിക്കാനുള്ള ഒരടവായിരുന്നു അത്.

ജൂലൈ ഏഴാംതീയതിയാണ് ശ്രീ കുമാരൻനായരെ തൂക്കിലിട്ടതെങ്കിലും വാർത്ത പ്രക്ഷേപണംചെയ്തത് ആഗസ്റ്റ് 24-ാംതീയതിയായിരുന്നു. പിറേറദിവസംതന്നെ നേതാജി സുഭാഷ്ചന്ദ്രബോസ് ബ്രിട്ടനു മറുപടി നൽകുകയും ശ്രീ കുമാരൻനായരെ 'ഷഹീദ്-എ-ഹിന്ദ്' എന്നു വിശേഷിപ്പിക്കുകയുംചെയ്തു. കുമാരൻനായരുടെ വിധവ ഇന്നും അഭിമാനത്തോടെ ജീവിച്ചിരിക്കുന്നു.

അങ്ങനെ ഇന്ത്യൻ വിപ്ലവപ്രസ്ഥാനം ആയിരമായിരം ദേശാഭിമാനികളുടെ ആത്മാർപ്പണത്തിലൂടെ സ്വാതന്ത്ര്യദേവതയുടെ ദാഹം ശമിപ്പിച്ച് ഇന്ത്യയെ സ്വാതന്ത്ര്യത്തിന്റെ വക്കത്തെത്തിച്ചു.

## ഭഗവതീചരൺ

അറസ്റ്റ്ചെയ്യപ്പെട്ട സർദാർ ഭഗത്സിംഗിനേയും കൂട്ടുകാരേയും ബ്രിട്ടീഷ്ഗവണ്മെൻറ് ജീവനോടെ വിടുകയില്ലെന്നു വിപ്ലവകാരികൾക്കറിയാമായിരുന്നു. അതിനാൽ അവരെ ജയിലിൽനിന്നു രക്ഷപ്പെടുത്താനുള്ള ശ്രമത്തിലേർപ്പെട്ടു. ലാഹോറിലെ ഭാവൽപ്പൂർറോഡിലുള്ള ഒരു ഭവനം വാടകയ്ക്കെടുത്താണ് വിപ്ലവകാരികൾ താമസിച്ചിരുന്നത്. ഹാർസിംഗ്ബോംബ്കേസിലെ പ്രതിയായിരുന്ന ശ്രീ ഹൻസരാജിനെയായിരുന്നു ബോംബ് നിർമ്മിക്കാൻ നിയോഗിച്ചത്. ആ സംഭവത്തെക്കുറിച്ച്



ഭഗവതീചരൺ

ബൊംബുപരീക്ഷണത്തിനിടയിൽ അന്തരിച്ചു.



സതീന്ദർബാസു

കഴുമരത്തിൽ രക്തസാക്ഷിത്വം വരിച്ചു.

അദ്ദേഹം വിവരിക്കുന്നതിപ്രകാരമാണു്: "പാർട്ടിയുടെ ആജ്ഞയനുസരിച്ചു് ബോംബ് നിർമ്മിക്കാൻ ഞാൻ രണ്ടു കൂട്ടുകാരോടൊത്തു് ലായൽപ്പൂരിലേയ്ക്കു പോയി. ബോംബിൻെറ കവർ നിർമ്മിക്കണം! അതിനു കുറേദിവസം വേണ്ടിവന്നു. ഏതെങ്കിലും ഫാക്ടറികളിൽനിന്നു് പന്തുപോലെ ഉരുണ്ട കവറുകൾ ഉണ്ടാക്കിച്ചെടുക്കുക വലിയ പ്രയാസമായിരുന്നു. അവസാനം കൂജയുടെ ആകൃതിയിൽ കുറെ കവറുകൾ വാർപ്പിക്കുവാൻ തീർച്ചയാക്കി. ഫാക്ടറിയുടമകൾക്കോ കാഴ്ചക്കാർക്കോ സംശയത്തിനിടവരികയുമരുതു്. അങ്ങനെ ഒരു ഇരുമ്പുഫാക്ടറിയുടെ സഹായത്തോടെ ഞങ്ങൾ കുറെ കവറുകൾ തയ്യാറാക്കി. പിന്നീടു കൂജയുടെ ആകൃതിയിലുള്ള ആ കവറുകളുടെ അടിഭാഗവും, മുകൾഭാഗവും മുറിച്ചു് ഉരുണ്ടഭാഗം മാത്രമെടുത്തു് ബോംബുകളുണ്ടാക്കി ലാഹോറിൽ കൊണ്ടുവന്നു. ഭഗത്സിംഗനേയും കൂട്ടുകാരേയും പരിപാടി അറിയിക്കാൻ ഒരാളെ ജയിലിലേയ്ക്കയച്ചു. ആ പരിപാടി ചന്ദർശേഖർആസാദിൻെറ

നേതൃത്വത്തിലായിരുന്നു നടക്കേണ്ടതു്. ആക്രമണംനടത്തുന്നതിനൊരുദിവസംമുമ്പു് പരീക്ഷണംനട ത്തണം. അതിനു് പാർട്ടി ശ്രീ ഭഗവതീചരണനെയായിരുന്നു നിയോഗിച്ചതു്. ഭഗവതീചരൺ സുഖ്ദേവിനോടൊന്നിച്ചു് രാവിതീരത്തുള്ള വനത്തിൽ പോയി. തുറസ്സായ ഒരു സ്ഥലത്തുചെന്നു് ബോംബിൻെറ സേഫ്ററി ശരിപ്പെടുത്തി. സുഖ്ദേവ് കുറെ അകലെയുള്ള ഒരു വൃക്ഷച്ചുവട്ടിൽ പോയി നിന്നു. എല്ലാ ഒരുക്കങ്ങളും ചെയ്തതിനുശേഷം ഭഗവതീചരൺ ബോംബെറിയാൻ കൈയുയർത്തിയപ്പോൾ സേഫ്ററി തെറിച്ചുപോയി. ബോംബ് കൈയിലിരുന്നു പൊട്ടി. ഭഗവതീചരൺ രക്തത്തിൽ കുളിച്ചു. വലതുകൈയുടെ വിരലുകൾ അററുപോയി. ഒരു കാലും നഷ്ടപ്പെട്ടു. കണ്ണടയുടെ ഒരു ചില്ലു് മുഴുവൻ കണ്ണിൽ തറഞ്ഞുകയറി. ശരീരത്തിൽ വേറേയും ധാരാളം പരുക്കുകൾ പററി. അതോടെ അദ്ദേഹം ബോധരഹിതനായി നിലംപതിച്ചു. സുഖ്ദേവ് ഓടിവന്നു് വസ്ത്രം കീറി ഭഗവതീചരണൻെറ മുറിവുകൾ കെട്ടാൻ ശ്രമിച്ചു. എന്നാൽ ഒന്നുകൊണ്ടും രക്തപ്രവാഹം നിലയ്ക്കുന്നില്ല. പരിഭ്രാന്തനായ സുഖ്ദേവ് ഭഗവതീചരണനെ താങ്ങിയെടുത്തു വൃക്ഷച്ചുവട്ടിൽ കിടത്തിയതിനുശേഷം സഹപ്രവർത്തകരെ വിവരമറിയിക്കാനോടി. ഞാനും ഇന്ദ്രപാലനും അപ്പോൾ ഗോവാൽമണ്ഡിയിലെ കേന്ദ്രത്തിലായിരുന്നു. ഞങ്ങൾ വെളിയിൽപോകാനൊരുങ്ങുമ്പോഴുണ്ടു് സുഖ്ദേവ് ഓടിക്കിതച്ചുവരുന്നു. ഭഗവതീചരണനു നേരിട്ട അപകടമറിഞ്ഞു ഞങ്ങളിരുവരും ഭാവൽപ്പൂർറോഡിലേയ്ക്കോടി. സുഖ്ദേവിനു് വസ്ത്രം മാററണമായിരുന്നു. അതിനാൽ അവൻ അവിടെത്തന്നെ നിന്നു. ഞങ്ങൾ കേന്ദ്രത്തിലെത്തുമ്പോൾ അംഗങ്ങളെല്ലാം ആക്ഷനുവേണ്ടി തയ്യാറെടുക്കുകയായിരുന്നു. ചിലർ റിവാൾവർ വൃത്തിയാക്കുന്നു. ചിലർ പിസ്റ്റോൾ വൃത്തിയാക്കുന്നു. ഞങ്ങൾ ഭഗവതീചരണൻെറ വിവരമറിയിച്ചതോടെ എല്ലാവരും പരിഭ്രാന്തരായി. ഭഗവതീചരണൻെറ പത്നി ശ്രീമതി ദുർഗ്ഗവഹ്റയുമവിടെയുണ്ടായിരുന്നു. വിവരമറിഞ്ഞു് അവരും സംഭവസ്ഥലത്തേയ്ക്കു പോകാൻ തയ്യാറായി. കുറെ ഔഷധങ്ങളും ശുശ്രൂഷചെയ്യാനുള്ള ഉപകരണങ്ങളുമെടുത്തു് ഞങ്ങൾ രാവിയുടെ തീരത്തേയ്ക്കു തിരിച്ചു. ഒരുമണിക്കൂർനേരംകൊണ്ടാണു് വനത്തിലെത്തിയതു്. ഇരുട്ടു വ്യാപിച്ചതുകൊണ്ടു് വനത്തിൽ

ഭഗവതീചരൺ പരുക്കേററുകിടക്കുന്ന സ്ഥലം കണ്ടുപിടിക്കാൻ വളരെ പ്രയാസപ്പെട്ടു. ഇരുട്ടത്തു വനത്തിൽ തപ്പിത്തടഞ്ഞു നടന്നുനടന്നു് രാത്രി നാലുമണിയോടെ ഭഗവതീചരണന്റെയടുത്തെത്തി. അപ്പോഴേയ്ക്കും അദ്ദേഹത്തിന്റെ ശരീരം മുഴവൻ എറുമ്പും കീടങ്ങളും നിറഞ്ഞുകഴിഞ്ഞിരുന്നു. ഭഗവതീചരൺ മരിച്ചു എന്നാണു് ഞങ്ങൾ ധരിച്ചതു്. എന്നാൽ ദുർഗ്ഗാദേവി തന്റെ ഭർത്താവിന്റെ തല പിടിച്ചു മടിയിൽവെച്ചു. എന്തത്ഭുതം! ഭഗവതീചരൺ അയ്യോ! എന്നു പറഞ്ഞു് കണ്ണുതുറന്നു. ഞങ്ങളെ മാറിമാറി നോക്കിയതിനുശേഷം അദ്ദേഹം കോപസ്വരത്തിൽ ചോദിച്ചു: 'നിങ്ങൾ എല്ലാവരും ഇവിടെ എന്തിനു വന്നു?'

പകൽ മൂന്നുമണിക്കായിരുന്നു അപകടം നേരിട്ടതു്. ഞങ്ങൾ അടുത്തുചെല്ലുമ്പോൾ രാത്രി അഞ്ചുമണിയായി. ആ സമയത്തിനുള്ളിൽ ഭഗവതീചരണന്റെ തൊണ്ടയിൽ ഒരുതുള്ളി വെള്ളം പോലും ചെന്നിട്ടില്ല. മുറിവുകൾ ഡ്രസ്സുചെയ്തിട്ടില്ല. എന്നാൽ അദ്ദേഹം വെള്ളമോ പാലോ ചോദിച്ചില്ല. ശരീരത്തിൽ പൊതിഞ്ഞിരിക്കുന്ന കൃമികളേയും കീടങ്ങളേയുമകററാൻ പറഞ്ഞില്ല. 'നിങ്ങൾ നോക്കിനില്ക്കുന്നതെന്താണു്? ഞാൻ ഉപയോഗശൂന്യനായിത്തീർന്നു. വേഗം എന്റെ കഥകഴിച്ചിട്ടു നിങ്ങൾ ഭഗത്സിംഗിനേയും കൂട്ടുകാരെയും രക്ഷിക്കാനുള്ള പരിപാടി തുടരുവിൻ! എല്ലാവരും ഇവിടെ കൂടിനിന്നാൽ അപകടമുണ്ടാകും. നിങ്ങൾ എന്റെ ഈ കൈയിൽ ഒരു പിസ്റ്റോൾ തന്നിട്ടു് പോലീസിനെ വിവരമറിയിക്കൂ. കിടന്നകിടപ്പിൽ ഒരുകൈ നോക്കീട്ടു മരിക്കാമല്ലോ' എന്നായിരുന്നു ഭഗവതീചരൺ പറഞ്ഞതു.

'മണി അഞ്ചരയായി. നേരം വെളുത്തുതുടങ്ങി. നിങ്ങൾ ഭഗത്സിംഗിനേയും കൂട്ടുകാരേയും മോചിപ്പിച്ചെങ്കിലേ എനിക്കു് ആത്മശാന്തി ലഭിക്കുകയുള്ളു' എന്നുപറഞ്ഞു് ഭഗവതീചരൺ കണ്ണടച്ചു. നേരം നല്ല പ്രഭാതമായി. ഞങ്ങൾ കൈവശമുണ്ടായിരുന്ന കത്തികൾകൊണ്ടു് ഒരു കുഴിയുണ്ടാക്കി ഭഗവതീചരണന്റെ മൃതദേഹം സംസ്കരിച്ചു. പരിപാടിക്കുവേണ്ടി ലക്നൗവിൽ പോയിരുന്ന ചന്ദർശേഖർആസാദും അതിനുള്ളിൽ എത്തിക്കഴിഞ്ഞിരുന്നു. ഭഗവതീചരണന്റെ മരണവാർത്തയറിഞ്ഞു്

അദ്ദേഹം അത്യധികം ദുഃഖിച്ചു. അവസാനം എല്ലാവരും ഭഗത്സിംഗിനെയും കൂട്ടുകാരെയും മോചിപ്പിക്കാൻവേണ്ടി സെൻട്രൽജയിലിൻെറ സമീപത്തേയ്ക്കുനീങ്ങി. രണ്ടു സംഘമായി തിരിഞ്ഞാണ് ആക്രമണത്തിനൊരുങ്ങിയതു്. യശ്പാൽ സേഫ്ററിയകററി ബോംബ് എറിയാനോങ്ങിയപ്പോൾ ചന്ദർശേഖർആസാദ് തടഞ്ഞു. തൽക്ഷണം ഒരു പോലീസ്ലോറി അതിലേ കടന്നുപോയി. ലോറിയിൽ വളരെയധികം പോലീസുകാരുണ്ടായിരുന്നതുകൊണ്ടാണ് ആ പരിപാടി തടഞ്ഞതെന്നു പിന്നീടു മനസ്സിലായി. എല്ലാവരും താമസസ്ഥലത്തേയ്ക്കു മടങ്ങി. വീടിൻെറ വരാന്തയിലാണ് എല്ലാവരും ഉറങ്ങിയിരുന്നതു്. രാത്രി നാലുമണിസമയത്തു്, സേഫ്ററി അകററിയ ആ ബോംബ് പൊട്ടി. അതോടെ അംഗങ്ങളെല്ലാം ഓടി രക്ഷപ്പെട്ടു. പിന്നീടു് ഒത്തുചേരാൻ കഴിഞ്ഞില്ല. അങ്ങനെ ആ പദ്ധതി നിറവേററാൻ കഴിയാതെപോയി.

## ദുർഗ്ഗവഹ്റ

ഭഗവതീചരണൻെറ ധർമ്മപത്നി ദുർഗ്ഗവഹ്റയും ഭർത്താവിനെപ്പോലെതന്നെ പാർട്ടിയുടെ ഒരു സജീവപ്രവർത്തകയായിരുന്നു. സാൻേറഴ്സനെ വധിച്ചതോടെ പോലീസ്സേനയും, സി. ഐ. ഡി. വിഭാഗവും വിപ്ലവകാരികളെ തിരഞ്ഞുപിടിക്കാൻ ലാഹോർനഗരം വളയുകയുണ്ടായി. അന്നു് ഭഗത്സിംഗ് വേഷംമാറി ദുർഗ്ഗാദേവിയോടൊത്തു് തീവണ്ടിമാർഗ്ഗം ലാഹോർ വിടുകയാണുണ്ടായതു്.

ലാലാ ലാജ്പത്റോയിയുടെ ഘാതകനായ സാൻേറഴ്സനെ വധിച്ച ദിവസം രാത്രി പതിനൊന്നുമണിക്ക് ലാഹോറിലെ ഒരു തെരുവിലുള്ള ഒരു ചെറിയ വീടിൻെറ ഓടാമ്പൽ പതുക്കെപ്പതുക്കെ കിലുങ്ങി. വാതിൽ തുറന്നമാത്രയിൽ ഒരു മനുഷ്യൻ അകത്തു പ്രവേശിച്ചു.

"ഓഹോ! സുഖ്ദേവനോ! വരൂ! ഇരിക്കൂ!"

"എന്തുചെയ്യുകയാണു് ദുർഗ്ഗേട്ടത്തി?"

"ഒന്നുമില്ല. അല്പം സംസ്കൃതം പഠിക്കുകയാണു്."

"നിങ്ങളിതും ചെയ്തുകൊണ്ടിരിക്കുകയല്ലാതെ, മറെറാന്നും ചെയ്യാനില്ലെ?"

"എന്താണു് ചെയ്യേണ്ടതെന്നു പറഞ്ഞുകൊള്ളൂ! അതു പോലെ ചെയ്യാം."

"കൈയിൽ രൂപാ വല്ലതുമുണ്ടോ?"

"നിൻെറ ഭഗവതീയേട്ടൻ വച്ചിട്ടുപോയ ആയിരം രൂപാ ഇവിടെയുണ്ടു്."

"ശരി! എവിടെയെങ്കിലും അകലെ പോകേണ്ടിവന്നാൽ പോകാൻ തയ്യാറാണോ?"

"എപ്പോഴാണു് പോകേണ്ടതു്? സ്കൂളിൽനിന്നവധി യെടുക്കാം."

"ഇപ്പോൾത്തന്നെ പോകണമെങ്കിലോ?"

"ഞാൻ നിങ്ങളുടേതാണു്."

"എന്നാൽ ശരി."

സുഖ്ദേവ് പോയി രണ്ടുമണിക്കൂർ കഴിഞ്ഞു് വീണ്ടും ആരോ വാതുക്കൽ മുട്ടി.

ദുർഗ്ഗ വാതിൽ തുറന്നതോടെ യൂറോപ്യൻരീതിയിൽ വസ്ത്രധാരണം ചെയ്തിട്ടുള്ള ഒരു യുവാവു് അകത്തു പ്രവേശിച്ചു. കോട്ടിൻെറ കോളർ നിവർത്തിവച്ചിരിക്കുന്നതുകൊണ്ടു് മുഖം ശരിക്കു കണ്ടുകൂടാ.

"ഏട്ടത്തിക്കെന്നെ മനസ്സിലായോ?"

"ഇല്ലല്ലോ." ദുർഗ്ഗാദേവി അല്പം സങ്കോചത്തോടെ പറഞ്ഞു.

"എന്നാൽ ഞാൻ ജയിച്ചു." കൂടെ ഒരു പൊട്ടിച്ചിരിയും.

"എടാ! ഇതു ഭഗതല്ലെ?"

"പക്ഷെ......പക്ഷെ......ഏട്ടത്തി! ഇവൻ നിങ്ങളുടെ ഭർത്താവാണ്. നിങ്ങൾ ഇവൻെറ ഭാര്യയും." വീണ്ടും ഒരു പൊട്ടിച്ചിരി.

തൽസമയം കീറിപ്പറിഞ്ഞു മുഷിഞ്ഞ വസ്ത്രധാരിയായ ഒരു മനുഷ്യൻ അവിടെ വന്നു.

"എടാ! രാജഗുരു! നീ ഇന്ന് അസ്സൽ വേഷത്തിലാണല്ലോ?"

"ഞാൻ രാജഗുരുവല്ല. നിങ്ങളുടെ വിശ്വസ്തഭൃത്യനും ദരിദ്രനുമാണ്." വീണ്ടും കൂട്ടച്ചിരി.

ലാഹോർ റയിൽവേസ്റ്റേഷൻ പോലീസ്സേനയാൽ നിറഞ്ഞിരിക്കുകയാണ്. വിപ്ലവകാരികൾ ലാഹോറിൽനിന്ന് എങ്ങിനെ രക്ഷപ്പെട്ടുമെന്നൊന്നു കാണട്ടെ! തൽസമയം ഒരു സായ്പും മദാമ്മയും പഞ്ചാബ്മെയിലിൻെറ ഫസ്റ്റ്ക്ലാസ്സ് കമ്പാട്ട്മെൻറിനെ ലക്ഷ്യമാക്കി നീങ്ങുകയാണ്. അവരുടെ പിന്നാലെ നാട്ടുകാരനായ ഒരു ഭൃത്യനുമുണ്ട്. സായ്പ് മൂന്നുവയസ്സായ ഒരു കോമളശിശുവിനെ കൈത്തണ്ടിലിരുത്തിയിരിക്കുന്നു. ആ യൂറോപ്യൻദമ്പതികളെ എല്ലാവരും ശ്രദ്ധിക്കുന്നുണ്ട്. ചില പോലീസുകാർ സല്യൂട്ടുചെയ്യുന്നു.

"വാട്ട് ഈസ് ദി മാററർ ഡാർലിംഗ്?"

"നത്തിംഗ്!"

"യൂ നൗ സാൻേറഴ്സ് ഹാസ് ബീൻ കിൽഡ്."

"ഐ സീ!"

അവർ പഞ്ചാബ്മെയിലിൻെറ ഫസ്റ്റ്ക്ലാസ് കമ്പാർട്ടുമെൻറിൽ കയറി ഇരുന്നു. ട്രെയിൻ പുറപ്പെട്ടു. ഹൗറാസ്റ്റേഷനിൽ ഭഗവതീചരണനും സുശീലാദേവിയും കാത്തുനില്ക്കുകയാണ്. ട്രെയിൻ പ്ലാററ്ഫാറത്തിൽ നിന്നു. യൂറോപ്യൻദമ്പതികളിറങ്ങി. "കൊള്ളാം ദുർഗ്ഗേ! ഇന്നാണു നാം തമ്മിലുള്ള യഥാർത്ഥവിവാഹം നടന്നതു്. ഇന്ന് നാമിരുവരുടേയും മാർഗ്ഗം ഒന്നായിത്തീൎന്നിരിക്കുന്നു. സബാഷ്! നീ ഇത്ര സമർത്ഥയാണെന്നു ഞാൻ അറിഞ്ഞിരുന്നില്ല." ഭഗവതീചരൺ പിന്നെയുമെന്തൊക്കെയോ പറയാൻ തുടങ്ങി.

പിന്നീട് അസംബ്ളിബോംബ്കേസിനുശേഷം ഭഗത് സിംഗിനേയും കൂട്ടുകാരേയും ജയിലിൽനിന്നു മോചിപ്പിക്കാൻ പദ്ധതിയിട്ടപ്പോൾ ചന്ദർശേഖർആസാദ് ഒരുദിവസം രാത്രി വീട്ടിൽ ചെന്നു.

"ആസാദ്ഭായീ! ഇത്ര രാത്രി?"

"പകൽ പുറത്തിറങ്ങി പിടികൊടുക്കണമോ ദുർഗ്ഗയേട്ടത്തീ?"

"അതു ശരി! എന്നാൽ ആജ്ഞ എന്താണെന്നു പറഞ്ഞു കൊള്ളൂ."

"ആജ്ഞയൊന്നുമില്ല. ഭഗത്സിംഗും കൂട്ടുകാരും ജയിലിലാണല്ലോ! അവരെ മോചിപ്പിക്കണം. നിങ്ങൾ വേഷംമാറി ജയിലിൽചെന്ന് പരിപാടിയുടെ വിശദവിവരം അവരെ അറിയിക്കണം. ഭഗത്സിംഗിനേയും സഹപ്രവർത്തകരേയും ഒരു ജയിലിൽനിന്നു മറെറാരു ജയിലിലേയ്ക്കു മാററുമ്പോൾ പോലീസിനെ ആക്രമിക്കണം. അവരെ ഒരു ജയിലിൽനിന്നു മറെറാരു ജയിലിലേയ്ക്കു മാററുവാനെന്താണുപായമെന്നറിയാമോ? ഭഗത്സിംഗും സ്നേഹിതന്മാരും നിരാഹാരവ്രതമനുഷ്ഠിക്കണം. ഉദ്യോഗസ്ഥന്മാർ നിരാഹാരവ്രതം ഭഞ്ജിപ്പിക്കാൻ ശ്രമിക്കുമ്പോൾ, തങ്ങൾ മററു ജയിലുകളിലുള്ള സഹപ്രവർത്തകരോട് ആലോചിക്കാതെ സമരമവസാനിപ്പിക്കുകയില്ലെന്ന് ശഠിച്ചു പറയണം."

"ഞാൻ ഇന്നലെയാണല്ലോ ഭഗത്സിംഗിനെ കണ്ടിട്ടു പോന്നതു്. ഞാൻ സെല്ലിനടുത്തു പോയിരുന്നു, ഭഗത് എനിക്കു പാൽപ്പാടകൊണ്ടുണ്ടാക്കിയ മിഠായിയും തരികയുണ്ടായി. ഞാനെങ്ങനെയാണ് ജയിലിൽ പോയതെന്നോ? ഭഗതിൻെറ ചിററമ്മ ചമഞ്ഞു് ശിൽവാറും കുപ്പായവും ധരിച്ചു. ദുപ്പട്ടകൊണ്ടു് മുഖവും മറച്ചു. നാളെ വീണ്ടും പോയിക്കണ്ടു കാര്യങ്ങൾ പറഞ്ഞിട്ടുവരാം."

"എന്നാൽ ഞാൻ പോകട്ടെ. ബോംബുകളും മററായുധങ്ങളും തയ്യാറാക്കണം. ഞാൻ മുൻപിലുണ്ടായിരിക്കും. ഭഗത് സിംഗും കൂട്ടുകാരും മറേറ ജയിലിൽനിന്നു സഹപ്രവർത്തകരെ കണ്ടിട്ടുവരുമ്പോൾ വെളിയിൽ നാലുപേർ ചീട്ടുകളിച്ചുകൊണ്ടിരിക്കും. ഒരാൾ ഓടക്കുഴലുമായി കറങ്ങുന്നുണ്ടാകും. ഓടക്കുഴലിൻെറ

ശബ്ദം കേൾക്കുന്നമാത്രയിൽ ആക്രമിക്കണം. അപ്പോൾ ഭഗത് സിംഗിനേയും കൂട്ടുകാരേയും കാറിൽക്കയററിക്കൊണ്ട് സ്ഥലം വിടണം."

"എല്ലാം വേണ്ടതുപോലെ പ്രവർത്തിക്കണം."

"അങ്ങനെതന്നെ! ഇനി ഞാൻ പോകുന്നു."

ഭാവൽപ്പൂർ റോഡിലുള്ള ഭവനത്തിൽ ദുർഗ്ഗാദേവിയും സഹപ്രവർത്തകരും ഒത്തുചേർന്നിരിക്കുകയാണ്.

"ഇന്ന് പോലീസിൻെറ കരത്തിൽനിന്നും നമ്മുടെ സഹോദരന്മാരെ മോചിപ്പിക്കണം. പക്ഷെ ബോംബൊന്നു പരീക്ഷിച്ചുനോക്കണ്ടെ? കൃത്യസമയത്ത് ബോംബു പൊട്ടിയില്ലെങ്കിലോ?" സുഖ്ദേവ് അഭിപ്രായപ്പെട്ടു.

"കാര്യം തികച്ചും ശരിയാണ്. നിങ്ങളെല്ലാവരും തയ്യാറായിക്കൊള്ളൂ! ഞാനിപ്പോൾ തന്നെ രാവിയുടെ തീരത്തു പോയി ബോംബു പരീക്ഷിച്ചിട്ടുവരാം. സുഖ്ദേവും എന്നോടിനിച്ചുവരൂ!" ഭഗവതീചരൺ പറഞ്ഞു.

ഭഗവതീചരൺ ആ ബോംബുപരീക്ഷണത്തോടെ ഇഹലോകവാസം വെടിഞ്ഞു. എന്നാൽ അദ്ദേഹത്തിൻെറ ധർമ്മപത്നിയായ ദുർഗ്ഗവഹ്റയോ? തൻെറ സർവ്വസ്വവും നഷ്ടപ്പെട്ടിട്ടും അശ്രു പൊഴിക്കാനവസരമില്ല. മാതൃഭൂമിയിപ്പോഴും അടിമത്തത്തിലാണ്. ജോലികളിനിയും ചെയ്തുതീർക്കാനുണ്ട്. നീണ്ട ജീവിതത്തിൽ കരയാനും ദുഃഖിക്കാനും അവസരം ധാരാളം ലഭിക്കും. ഇന്ന് ഭഗത്സിംഗിനെ മോചിപ്പിക്കാൻ കഴിഞ്ഞില്ല. അക്കാര്യം നാളെ പൂർത്തിയാക്കണം!

പക്ഷെ ആ പദ്ധതി നടന്നില്ല. സ്വാതന്ത്ര്യദേവിക്ക് ഭഗത്സിംഗ്, രാജ്ഗുരു, സുഖ്ദേവ് എന്നിവരെപ്പോലുള്ള വീരസന്താനങ്ങളുടെ രക്തം ആവശ്യമായിരുന്നു.

# സുശീലാദേവി

ദുർഗ്ഗവഹ്റയെപ്പോലെതന്നെ വിപ്ലവപ്രസ്ഥാനത്തിൽ സജീവമായി പ്രവത്തിച്ചിരുന്ന മറെറാരു വനിതയാണ് സുശീലാദേവി. പാർട്ടിയിൽ ദുർഗ്ഗവഹ്റ ഭാബി (ജ്യേഷ്ഠഭാര്യ) എന്ന പേരിലും സുശീലാദേവി ദീദി (സഹോദരി) എന്ന പേരിലുമാണറിയപ്പെട്ടിരുന്നതു്. അവർ വിപ്ലവപ്രസ്ഥാനത്തിൽ പങ്കെടുത്ത കാലഘട്ടം ഇരുൾനിറഞ്ഞതും അക്രമങ്ങളുമനീതികളും നിറഞ്ഞതുമായിരുന്നു. ലാലാ ലാജ്പത്റോയി വധിക്കപ്പെട്ടു. ഗാന്ധിജി ജയിലിലാണ്. സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ പ്രകടനംനടത്തുന്നവരെപ്പോലും വെടിയുണ്ടയ്ക്കിരയാക്കിയിരുന്നു. രാഷ്ട്രം ക്ഷുഭിതമായെങ്കിലും ജനത നിസ്സഹായരായിരുന്നു. അക്കാലത്താണ് കുറെ യുവതികളും യുവാക്കന്മാരും വീടുവിട്ടിറങ്ങിയതു്. അവർ ബോംബുകളും തോക്കുകളുംകൊണ്ടു് കളിക്കാൻ ഒരുങ്ങി. കൊടുമുടിയെക്കാളും സുശക്തമായ ബ്രിട്ടീഷ് സാമ്രാജ്യത്തോട് ഏററുമുട്ടാൻ തയ്യാറായി.

ഭഗത്സിംഗ്, സാൻേറഴ്സ്ഹത്യയ്ക്കുശേഷം യൂറോപ്യൻ വേഷമണിഞ്ഞു് ദുർഗ്ഗയേട്ടത്തിയോടൊന്നിച്ചു കൽക്കത്തയിലെത്തിയപ്പോൾ അവർക്കവിടെ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തതു് സുശീലാദേവിയായിരുന്നു. പിന്നീട് പാർട്ടി വൈസ്രോയി ഹാർഡിംഗ്പ്രഭുവിൻെറ ട്രെയിൻ ബോംബിനിരയാക്കാൻ പദ്ധതിയിട്ടു. അതു വളരെ ഭാരിച്ച ഒരു പ്രവൃത്തിയായിരുന്നു. ബോംബേറിനു് നിയോഗിക്കപ്പെട്ട സംഘത്തിൽ ഭഗവതീചരൺ, യശ്പാൽ, ഹൻസരാജ്, ഇന്ദ്രപാൽ, സുശീലാദേവി എന്നിവരുമുണ്ടായിരുന്നു. വൈസ്രോയി സഞ്ചരിക്കുന്ന കമ്പാർട്ട്മെൻേറതു്, അതിലെ ഏർപ്പാടുകളെന്തെല്ലാം, വണ്ടിയുടെ ആകെ നീളമെത്ര എന്നുള്ള വിവരങ്ങളെല്ലാം ശേഖരിക്കേണ്ട ചുമതല സുശീലാദേവിക്കായിരുന്നു. തീവണ്ടിയുടെ മുമ്പിലും പിമ്പിലും സുശക്തമായ പട്ടാളകാവലുണ്ടായിരുന്നു. സുശീല ഒരു കന്യാസ്ത്രീയുടെ വേഷത്തിൽ പ്ലാററുഫാറത്തിലെത്തി വിവരങ്ങൾ ശേഖരിച്ചു് പാർട്ടിക്കയച്ചുകൊടുത്തു.



സുശീലാമോഹൻ

ഭഗത്സിംഗിൻെറയും ചന്ദ്രശേഖർ ആസാദിൻെറയും സഹപ്രവർത്തക; അപ്രത്യക്ഷയായി.



പ്രീതിലതാവാദൻ

പഹാർത്തലി കർമ്മസമിതിയുടെ നേതാവ്; അറസ്ററുവരിക്കാതെ ആത്മഹത്യചെയ്തു.

പിന്നീട്ട് ഭഗത്സിംഗിനേയും കൂട്ടുകാരേയും മോചിപ്പിക്കാൻ പദ്ധതിയിട്ടപ്പോൾ സുശീലയും ദുർഗ്ഗയും ജയിലിൽ ചെന്ന് അവരെ കണ്ടുകൊണ്ടിരുന്നു. അക്കാലത്തു് അവർ ഇരുവരേയും പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവരെ അറസ്റ്റ്ചെയ്യാൻ സഹായിക്കുന്നവക്ക് വൻപിച്ച സമ്മാനങ്ങൾ പ്രഖ്യാപിച്ചു കഴിഞ്ഞിരുന്നു. ഒരുദിവസം സുശീല ഭഗത്സിംഗുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ജയിലധികൃതക്ക് ഫോൺ ലഭിച്ചു; "ഇപ്പോൾ ഭഗത്സിംഗുമായി സംസാരിച്ചുകൊണ്ടിരിക്കുന്ന സ്ത്രീയാണ് സുശീലാദേവി. ഉടൻ അറസ്റ്റ്ചെയ്യുവിൻ." ജയിലധികൃതർ പരക്കംപാഞ്ഞതിനിടയിൽ സുശീല സ്ഥലംവിട്ടുകഴിഞ്ഞിരുന്നു. അന്ന് പോലീസ് അവരെ അറസ്റ്റ്ചെയ്യാൻവേണ്ടി പന്ത്രണ്ടു സ്ഥലങ്ങൾ വളയുകയും പരിശോധിക്കുകയുമുണ്ടായി.

ഭാവൽപ്പൂർ റോഡിലുള്ള ഭവനത്തിൽവെച്ചു ബോംബു പൊട്ടിയപ്പോൾ ബാക്കിയുള്ള ആയുധങ്ങൾ രക്ഷിക്കുകയും ആത്മരക്ഷ തേടുകയും ചെയ്യേണ്ട സാഹചര്യത്തിലെത്തി. ബോംബുകളും റിവാൾവറുകളും രണ്ടു പെട്ടികളിലാക്കി ദുർഗ്ഗയും സുശീലയും തലയിലേററി ലാലാ ജഗത്റാമിൻെറ വീട്ടിൽ ചെന്നു. ആ യുവതികൾ ആരാണ്, എന്തിനു വന്നു, അവരുടെ പക്കലുള്ള പെട്ടികളിലെന്താണ് എന്നുള്ള സകലവിവരങ്ങളുമറിഞ്ഞിരുന്നിട്ടും ലാലാജി അവർക്ക് അഭയംനല്കി. ദുർഗ്ഗയുടേയും സുശീലയുടേയും പേരിൽ രണ്ടു കേസ് നടന്നുകൊണ്ടിരുന്നു. ഒന്നു ലാഹോറിലും മറെറാന്നു ഡൽഹിയിലും. പിടിച്ചുകൊടുക്കുവക്ക് സമ്മാനം പ്രഖ്യാപിച്ചുകൊണ്ട് അവരിരുവരുടേയും ഫോട്ടോ അച്ചടിച്ച പോസ്റ്ററുകൾ നഗരത്തിലുടനീളം പതിച്ചിട്ടുണ്ടായിരുന്നു. എന്നിട്ടും ദുർഗ്ഗയും സുശീലയും പാർട്ടിപ്രവത്തനങ്ങൾ മുറയ്ക്കു നിർവ്വഹിച്ചുകൊണ്ടിരുന്നു.

ഹാർഡിംഗ് ബോംബുകേസിൽ അറസ്റ്റ്ചെയ്യപ്പെട്ട വിപ്ലവകാരികളെ വിചാരണചെയ്തുകൊണ്ടിരിക്കെ ജയിലിൽ കുഴപ്പമുണ്ടായി. തൽഫലമായി അധികാരികൾ തടവുകാരുടെ കൈകാലുകൾക്ക് വിലങ്ങുവെച്ചു. ആ വിവരമറിഞ്ഞ് അസ്വസ്ഥചിത്തയായിത്തീന്ന സുശീലാദേവി എല്ലാ അപകടങ്ങളും മനസ്സിലാക്കി ജയിലിൽചെന്ന് തൻെറ സഹപ്രവത്തകരെ സന്ദർശിച്ച് വിവരം ശേഖരിച്ചു. ഭഗത്സിംഗിൻേറയും കൂട്ടുകാരുടേയും വധശിക്ഷ നടപ്പിലാക്കേണ്ട ദിവസമടുത്തുവന്നപ്പോൾ ഗാന്ധി-വൈസ്രോയി ഒത്തുതീർപ്പിനുള്ള കൂടിയാലോചന നടക്കുകയായിരുന്നു. സുശീല ഡൽഹിയിൽ ഡാക്ടർ അൻസാരിയുടെ ഭവനത്തിൽചെന്ന് ഗാന്ധിജിയോട്ട് ഭഗത്സിംഗിനേയും കൂട്ടുകാരേയും വിട്ടയയ്ക്കാൻ വൈസ്രോയിയെ പ്രേരിപ്പിക്കണമെന്നപേക്ഷിച്ചു. ഗാന്ധിജി അതിനനുകൂലമായ മറുപടി നൽകിയില്ല. അല്പദിവസങ്ങൾക്കുശേഷം ഭഗത്സിംഗും കൂട്ടുകാരും കഴുമരത്തിലേററപ്പെട്ടു. ഗാന്ധിജി വട്ടമേശസമ്മേളനത്തിൽനിന്ന് വെറുംകൈയോടെ മടങ്ങിവന്നു. കോൺഗ്രസ്സ് സത്യഗ്രഹസമരം ആരംഭിച്ചു. നിയമവിരുദ്ധസംഘടനയായി പ്രഖ്യാപിച്ചിട്ടും കോൺഗ്രസ്സ് ഡൽഹിയിൽ സമ്മേളനം വിളിച്ചുകൂട്ടി. സുശീലാദേവി കോൺഗ്രസ്സിൻെറ നേതൃത്വത്തിലാ

രംഭിച്ച സത്യഗ്രഹസമരത്തിൽ പങ്കെടുത്തു് അറസ്റ്റുവരിച്ചു. കോട്ട് അവരെ രണ്ടുമാസത്തെതടവിനു ശിക്ഷിച്ചു. എന്നിട്ടും തങ്ങൾക്കു പിടികിട്ടേണ്ട വിപ്ലവകാരി സുശീലയാണു് ഈ സ്ത്രീ എന്നു് പോലീസ്സിനു മനസ്സിലായില്ല. അവർ അപ്പോഴും സമ്മാനവും പ്രഖ്യാപിച്ചുകൊണ്ടു് സുശീലയെ അന്വേഷിച്ചുനടന്നിരുന്നു.

സുശീല വീണ്ടും 1942-ൽ നടന്ന ക്വിററിന്ത്യാ വിപ്ലവത്തിൽ പങ്കെടുത്തു. അക്കാലത്തു് ഡൽഹിയിൽ നടന്ന വിപ്ലവപ്രവത്തനങ്ങൾക്കു നേതൃത്വംനല്കിയിരുന്നതു് അവരായിരുന്നു. ഇന്ത്യ സ്വതന്ത്ര്യയായതിനുശേഷം സുശീലാദേവിയും ദുർഗ്ഗവഹ്റയും മൗനമവലംബിച്ചു. സുശീലാദേവി അടുത്തകാലത്താണു് ഇഹലോകവാസംവെടിഞ്ഞതു്. ദുർഗ്ഗാദേവി ഇപ്പോൾ ലക്നൗവിലുണ്ടു്. കൃത്രിമസാരിയും മദാമ്മയും ചമഞ്ഞു ലാഹോറിൽനിന്നു പോന്നപ്പോൾ ഭഗത്സിംഗിൻെറ കൈത്തണ്ടിലുണ്ടായിരുന്ന ശിശു ഇന്നു് കൽക്കത്തയിലെ ഒരു എംജിനീയറിംഗ്കമ്പനിയിലെ എൻജിനീയറാണു്.

# വീണ

നാല്പതുകോടി ഭാരതീയരുടെ അഭിലാഷത്തെ ചവിട്ടിമെതിച്ചുകൊണ്ടു് ബ്രിട്ടീഷ്സാമ്രാജ്യവാദികൾ, സർദാർ ഭഗത്സിംഗിനേയും രാജ്ഗുരുവിനേയും, സുഖ്ദേവിനേയും കഴുമരത്തിലേററി ഭാരതത്തെ വെല്ലുവിളിച്ചു. വിപ്ലവകാരികൾ ആ വെല്ലുവിളി സ്വീകരിച്ചു് മരണപ്പുടവയുമണിഞ്ഞു് മൈതാനത്തിറങ്ങി. ബ്രിട്ടീഷ് ഇമ്പീരിയലിസത്തോടു മാത്രമല്ല അവരുടെ പിന്നാലെ ചിരട്ടയുമായി നടക്കുന്ന മിതവാദി കോൺഗ്രസ്സിനോടും ഏററുമുട്ടേണ്ടിവരുമെന്നു് അവക്കറിയാമായിരുന്നു. അതിഭയാനകമായ ആ സംഘഷാവസ്ഥയിൽ വിപ്ലവകാരികൾ ഭാരതീയേതിഹാസത്തിൻെറ താളുകൾ മറിച്ചുനോക്കി. റാണാ സാംഗയും, പൃഥ്വിരാജ്ചോഹാനും സ്വന്തം രക്തംകൊണ്ടെഴുതിച്ചേത്ത താളുകൾ അവരുടെ ദൃഷ്ടിയിൽപ്പെട്ടു. ചരിത്രം വിപ്ലവകാരികൾക്കു മാർഗ്ഗദശ്നം നല്കി. രണഭൂമി മേഘഗജ്ജനത്താൽ മുഖരിതമായി. കൈവി

ലങ്ങുകളും കാൽച്ചങ്ങലകളും വീണ്ടും സ്വാതന്ത്ര്യഗീതമാലപി ക്കാൻതുടങ്ങി. കൊലക്കയറുകൾ വീണ്ടും ദേശാഭിമാനികളുടെ രക്തത്തിൽ നനയാൻതുടങ്ങി. ദേശസേവനത്തിനുവേണ്ടി വീടുംകുടുംബവുമുപേക്ഷിച്ച് രംഗത്തിറങ്ങിയ ഭിക്ഷാംദേഹികൾ വീണ്ടും വീട്ടുതോറുംനടന്ന് വിളിച്ചുചോദിക്കാൻതുടങ്ങി: "ഏതെങ്കിലും അമ്മയുടെ പുത്രൻ കഴുത്തറുപ്പിക്കാൻ തയ്യാറുണ്ടോ?"

ആജ് ഭിക്കാരി ആയ ദ്വാർ
മാംഗ് രഹാഹെ ഹാഥ് പസാർ,
ആയേ! മാം! ബഹ്നോ! ബഹൂവോ! ബേട്ടിയോ,
ലാജ്രഖോ മാതാ കി ലാജ്!
ദേദോ അപ്നെ തേശാലി കെ ധൻ
ദേദോ സിർ കെ താജ്!
ഓ! ജോഹർ വ്രത്വാലി ബഹ്നോ!
ജനം ഭൂമി കി രഖോ ലാജ്!
ബൻ ബൻ കർ പാഗൽ സെ ഫിർതെ ഹൈ
ആജ് പൂജാരി മാ കെ ലാൽ
ആഹുതിയാം ഭേജോ പ്രാണോം കി
ഫിർ ഉന്നത് ഹോ മാ ക ഫാൽ
ബലിവേദി പത്തർഹി നിഹാർ
ആജ് ഭിക്കാരി ആയ ദ്വാർ!

ആ മധുരഗീതം ശ്രവിച്ച് യുവാക്കന്മാർമാത്രമല്ല യുവതികളും രംഗത്തിറങ്ങി. അവരുടെ ഞരമ്പുകളിലും രജപുത്രരക്തം അല യടിച്ചിരുന്നു. ഒരുകാലത്ത് രാജസ്ഥാന്റെ നാലതിരുകൾക്കു ള്ളിൽമാത്രം ഒതുങ്ങിനിന്നിരുന്ന ആ രക്തം പിൽക്കാലത്ത് രാജ്യത്തുടനീളം വ്യാപിച്ചു. നൂററാണ്ടുകളായി വീടുകളുടെ നാലുകെട്ടുകൾക്കുള്ളിൽ ബന്ധനാവസ്ഥയിൽ ജീവിച്ചുപോന്ന സ്ത്രീകളിതാ രണഭൂമിയിലേയ്ക്കു കുതിക്കുന്നു.

അങ്ങനെ കുതിച്ചുചാടിയ വീരാംഗനമാരിൽ ഒരാളായിരുന്നു കുമാരി വീണാദാസ്. 1932 ഫെബ്രുവരി 6-ാംതീയതി ഒരു

ഇരുപതുകാരിയായ ഗ്രാജ്വേററ്വനിത, കൽക്കത്തായൂണിവേഴ്സിററിയുടെ കോൺവെക്കോഷൻമീററിംഗിൽ ഡിഗ്രി വിതരണംചെയ്തുകൊണ്ടിരുന്ന സ്റ്റൈൻലിജാക്സനെ വെടിവെച്ചു എന്ന വാൎത്തയറിഞ്ഞു് ലോകം ഞെട്ടി. ഒരു ബംഗാളിഹിന്ദുവനിത വിപ്ലവകാരിയായിത്തീരുമെന്ന വസ്തുത ഇംഗ്ലീഷുകാർക്കു വിശ്വസിക്കാൻ കഴിയുമോ? അതും ഒരു ഗവൎണ്ണറെ വെടിവെച്ചുകൊല്ലാൻ ശ്രമിക്കുകയോ! ബ്രിട്ടീഷ് ഇമ്പീരിയലിസം കൊടികുത്തിവാണിരുന്ന അക്കാലത്തു് ലോകത്തെ ഞെട്ടിച്ച ആ വീരാംഗന ഇന്നും ജീവിച്ചിരിക്കുന്നു. അവർ കൽക്കത്തയിലെ ഒരു വനിതാകോളേജിലെ വൈസ് പ്രിൻസിപ്പലാണിപ്പോൾ. ആദ്യം വീണയുടെ ജ്യേഷ്ഠത്തി കല്യാണിയെ പരിചയപ്പെടുത്താം. അവരാണു് വീണയെ വിപ്ലവപ്രസ്ഥാനത്തിൽ പങ്കെടുക്കാൻ പ്രേരിപ്പിച്ചതു്. ഒരു അഡ്വക്കേററ് ജനറലോ, ജഡ്ജിയോ ആകേണ്ടിയിരുന്ന സുഭാഷ് ചന്ദ്രബോസിൻെറ ഹൃദയത്തിൽ ദേശീയബോധം കുത്തിവെച്ചു് നേതാജിയായിത്തീരാൻ പ്രേരിപ്പിച്ച പ്രൈമറിസ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ വേണിമാധവബാബുവിൻെറ പുത്രിമാരാണു് വീണയും കല്യാണിയും. കല്യാണിദാസ്, എം. എ. ബിരുദം നേടിയതിനുശേഷം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. ഗാന്ധിജി ഉപ്പുസത്യഗ്രഹം നടത്തിക്കൊണ്ടിരിക്കുമ്പോഴാണു് വിപ്ലവകാരികൾ ചിററഗോംഗ് ആയുധശാല ആക്രമിച്ചതു്. അതോടെ ബംഗാൾ ആവേശഭരിതമായി. അങ്ങനെ ഭാരതത്തിലെങ്ങും വീണ്ടും വിപ്ലവാഗ്നി പടൎന്നുപിടിക്കാൻതുടങ്ങി. ചിററഗോംഗ് ആക്ഷനുശേഷം ബ്രിട്ടീഷ്ഗവണ്മെൻറു് കിഴക്കൻ ബംഗാളിലെ ഹിന്ദുക്കളുടെനേരെ സംഹാരതാണ്ഡവമഴിച്ചുവിട്ടു. മാനംമര്യാദയോടെ അടുക്കളകളിൽ ഒതുങ്ങിക്കഴിഞ്ഞുകൂടിയിരുന്ന സ്ത്രീകളേയും അവർ വെറുതേവിട്ടില്ല. അതെല്ലാം കണ്ടു് കല്യാണിദാസ് ഗാന്ധിനേതൃത്വത്തോടു സലാംപറഞ്ഞു വിപ്ലവപ്രസ്ഥാനത്തിൽ ചേൎന്നു. പാർട്ടിപ്രവൎത്തനത്തിലേർപ്പെട്ടിരിക്കെ അവർ അറസ്റ്റു് ചെയ്യപ്പെട്ടു. ചീഫ് പ്രസിഡൻസിമജിസ്ട്രേട്ടു് വിചാരണയെന്ന പ്രഹസനംനടത്തി കല്യാണിയെ കഠിനതടവിനു ശിക്ഷിച്ചു. കൽക്കത്താസൎവ്വകലാശാലയിലെ എം. എ. ബിരുദധാരിയായിരുന്ന ആവീരാംഗനയെ മൂന്നാംക്ലാസ്സു് തടവുകാരുടെ കൂട്ടത്തിലാണു് പാൎപ്പിച്ചതു്.

ഗാന്ധി-ഇർവിൻസന്ധി, ബംഗാളിൽ കാര്യമായ പ്രതിഫലനമൊന്നും സൃഷ്ടിച്ചില്ല. ഹിജിലിജയിലിൽ തടവുകാരുടെ നേർക്കുണ്ടായ വെടിവെയ്പ് കൂടുതൽ കുഴപ്പത്തിനിടവരുത്തി. വിപ്ലവകാരികളെ ഉന്മൂലനാശംചെയ്യാൻ കച്ചകെട്ടിയിറങ്ങിയ ഒരു കേന്ദ്രപോലീസ്ഉദ്യോഗസ്ഥൻ ചിററഗോംഗിൽവെച്ചു വധിക്കപ്പെട്ടു. പോലീസ് ആ യുവാവിൻെറ ഗ്രാമം അഗ്നിക്കിരയാക്കിയെന്നുമാത്രമല്ല അയാളുടെ മാതാപിതാക്കളേയും വധിച്ചു. ചിററഗോംഗിലും മിഡ്നാപ്പൂരിലും ഭീകരഭരണം നടപ്പിലാക്കി. ബംഗാളിലെ വിപ്ലവസംഘങ്ങളായ യുഗാന്തർപാർട്ടിയും അനുശീലൻസമിതിയും ഏകോപിച്ച് ആ ഭീകരണഭരണത്തെ എതിർക്കാൻ തയ്യാറായി. അതിന് ആദ്യം ഗവർണ്ണറുടെ തലയെടുക്കണം. ആ ജോലി കുമാരി വീണാദാസിനെയാണ് ഏല്പിച്ചതു്. വീണ ബി. എ. ഓണേഴ്സ് പാസ്സായി ബി. ററി. കോളേജിൽ ചേന്നതേയുള്ളു. 1932 ഫെബ്രുവരി 6-ാംതീയതി നടന്ന കാൺവൊക്കേഷൻചടങ്ങിൽവെച്ച് ഡിഗ്രി വാങ്ങാൻ അവളും ഹാജരായി. ചാൻസലർകൂടിയായ ഗവർണ്ണർ സ്റ്റൈൻലിജാക്സനാണ് ബിരുദദാനച്ചടങ്ങ് നിവ്വഹിക്കുന്നതു്. വൈകുന്നേരമായപ്പോഴേയ്ക്കും പ്രകൃത്യാ ശീതം വദ്ധിച്ചു. ഒട്ടനേകം ഗ്രാജുേററുകൾ വിലപിടിച്ച വസ്ത്രങ്ങളും ധരിച്ച് സെനററ്ഹാളിൽ തിങ്ങിക്കൂടിട്ടുണ്ടു്. വീണയ്ക്കും ഡിഗ്രി വാങ്ങണം. ഗവർണ്ണർ തൻെറ സീററിലുപവിഷ്ടനായതോടെ വീണ ഗൗണിൽനിന്ന് റിവാൾവർ പുറത്തെടുത്തു. ലക്ഷ്യംനോക്കി നിറയൊഴിച്ചു. ഉന്നം പിഴച്ചുപോയി. ആദ്യത്തെ വെടി ഡാക്ടർ ദിനേശ്ചന്ദ്രസെന്നിനാണ് കൊണ്ടതു്. വീണ്ടും ഗവർണ്ണറുടെനേക്കു വെടിവെച്ചപ്പോൾ കേണൽ സുഹർവർദി വീണയുടെ കൈയ്ക്കു കടന്നുപിടിച്ചു. അതും ഉന്നം പിഴച്ചുപോയി. തൽക്ഷണം പോലീസ് വീണയെ അറസ്റ്റ് ചെയ്തു. പിറേറദിവസം ചക്രവത്തി ജോർജ്ജ് രഞ്ചാമൻ കേണൽ സുഹർവർദിക്കു 'സർ'സ്ഥാനം നല്കി. എന്നാൽ സുഹർവർദിയുടെ സഹോദരപുത്രൻ ചിററപ്പനെ പരിഹസിച്ചിപ്രകാരം പദ്യമെഴുതി: "പഴയകാലത്തു് നൈററ് (സർ) സൗന്ദര്യധാമങ്ങളെ മൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുത്തിയിരുന്നു. എന്നാലിപ്പോഴിതാ കേണൽ സുഹർവർദി ഒരു സൗന്ദര്യ

ധാമത്തിന്റെ ആക്രമണത്തിൽനിന്ന് മൃഗത്തെ രക്ഷപ്പെടുത്തിയിരിക്കുന്നു."

വീണയുടെ കേസ്സ് പബ്ളിക്ക്കോർട്ടിൽ വിചാരണചെയ്യാൻ അനുവദിച്ചില്ല. പബ്ളിക്ക്കോർട്ടിൽ വിചാരണചെയ്താൽ വീണയെ വധശിക്ഷയ്ക്കു വിധിക്കുന്നതിനു പകരം ജീവപര്യന്തം തടവിന്നേ വിധിക്കുകയുള്ളു എന്നായിരുന്നു ബംഗാൾ ഗവൺമെൻറിന്റെ ഭയം. അങ്ങനെ സംഭവിക്കാതിരിക്കാൻ വേണ്ടി ബംഗാൾഗവൺമെൻറ് വൈററ്ഹൗസുമായി എഴുത്തുകുത്തുനടത്തി. അങ്ങനെ വീണയുടെ കേസ്സ് വിചാരണചെയ്യാൻ ബംഗാൾ ക്രിമിനൽ ലാ അനുസരിച്ച് സ്പെഷ്യൽ ട്രൈബ്യൂണൽ നിയുക്തമായി. സർ മന്മഥനാഥ്മുക്കർജി, സർ ചാരുചന്ദ്ര ഘോഷ്, ശ്രീ എം. എം. ഘോഷ് ഐ. സി. എസ്സ്. എന്നിവരായിരുന്നു സ്പെഷ്യൽ ട്രൈബ്യൂണൽ ജഡ്ജിമാർ. അവർ മൂവരും കൽക്കത്താഹൈക്കോർട്ടിലെ ജഡ്ജിമാരായിരുന്നു. അഡ്വക്കേററു ജനറലായിരുന്ന സർ എൻ. എൻ. സക്കാരിനെ പബ്ളിക്ക്പ്രോസിക്യൂട്ടർ ആയി നിയമിച്ചു. അദ്ദേഹം പിന്നീട് വൈസ്രോയിയുടെ എക്സിക്യൂട്ടീവ്മെമ്പറും ആയിരുന്നിട്ടുണ്ട്.

വിചാരണസമയത്ത് പുറമേയുള്ളവർക്കും കോർട്ടിൽ പ്രവേശിക്കാനനുവാദമുണ്ടായിരുന്നില്ല. വീണയുടെ മാതാപിതാക്കൾക്കും സഹോദരൻ ഡാക്ടർ ബി. സി. ദാസ്സിനും കോർട്ടിൽ പ്രവേശിക്കാൻ അനുവാദമുണ്ടായിരുന്നു. പത്രപ്രതിനിധികളേയും അനുവദിച്ചിരുന്നില്ല. വിചാരണ വളരെ ലളിതമായിരുന്നു. വീണയ്ക്കു് രാഷ്ട്രീയകൊലപാതകത്തിന് ഉദ്ദേശമുണ്ടായിരുന്നില്ല. വിദേശിഭരണക്രൂരതയോട് പ്രതിഷേധിക്കുക എന്നതായിരുന്നു അവളുടെ ലക്ഷ്യം. ഗവർണ്ണറെ വധിക്കാൻ നിർബ്ബന്ധിതയായിത്തീർന്ന സാഹചര്യം വീണ കോർട്ടിൽ വിവരിച്ചു. ആ മൊഴി അവളുടെ മനസ്സാക്ഷിയുടെ ബഹിർപ്രകടനമായിരുന്നു. വീണയുടെ മൊഴി പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതു് തടഞ്ഞു. ആംഗ്ലോ—ഇന്ത്യൻപത്രങ്ങൾ ആ മൊഴിയെ അവജ്ഞയോടുകൂടി വീക്ഷിച്ചു. എന്നാൽ ലക്ഷോപലക്ഷം ഭാരതീയർ അതിനെ ജീവിതഗീതമായി അംഗീകരിച്ചു. വീണ വളരെ സമചിത്തതയോടെയായിരുന്നു മൊഴി നല്കിയതു്.

"സെനററഹൗസിൽവെച്ച് സ്റ്റെൻലിജാക്സനെ വെടി വെച്ചതു് ഞാനാണ്. അതിൻെറ മുഴുവൻ ഉത്തരവാദിത്വവും എനിക്കാണ്. എൻെറ ലക്ഷ്യം അക്രമിയായ ഭരണകൂടത്തോടു സമരംചെയ്തു് മാനമായി മരിക്കുക എന്നതാണ്. എൻെറ രാജ്യത്തെ അടിമത്തത്തിലാക്കി ജനതയെ പിഴിഞ്ഞു ഞെരിക്കുന്ന ഗവണ്മെൻറിനെ തകക്കണം. മാതൃരാജ്യത്തോടു് നിഷ്കളങ്കമായ കൂറുള്ളതുകൊണ്ടാണ് ഞാൻ വെടിവെച്ചതു്. മിസ്റ്റർ സ്റ്റെൻലി ജാക്സൻ രക്ഷപ്പെട്ടതിൽ ഞാൻ സന്തോഷിക്കുന്നു. സൗഭാഗ്യവശാൽ മിസ്സിസ് ജാക്സനും കുട്ടിയും രക്ഷപ്പെട്ടു. ജീവനാശം കൂടാതെ ലക്ഷ്യം സഫലീകരിക്കാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. ഡാക്ടർ ദിനേശ്ചന്ദ്രസെന്നിനു് പരുക്കു പററിയതിൽ എനിക്കു ഖേദമുണ്ടു്. അദ്ദേഹത്തെയോ മററാരെയോ ഉപദ്രവിക്കണമെന്നു് എനിക്കുദ്ദേശമുണ്ടായിരുന്നില്ല."

പിന്നീടു താൻ റിവാൾവർ കൈയിലെടുക്കാനുള്ള കാരണമെന്തെന്നു് വീണ വിവരിക്കുന്നു. "ഈ പ്രവൃത്തിക്കെന്നെ പ്രേരിപ്പിച്ച മാനസികാവസ്ഥ എന്തെന്നു് ഞാനിവിടെ പ്രസ്താവിക്കാം. ഇന്ത്യയിൽ ജീവിക്കുന്നതിനു വല്ല അത്ഥവുമുണ്ടോ എന്നു് ഞാൻ ചിന്തിച്ചിരുന്നു. അക്രമങ്ങളും അനീതികളും നടമാടിക്കൊണ്ടിരിക്കുന്നു. വിദേശിഭരണകൂടം നിരപരാധികളായ പ്രജകളെ തീച്ചൂളയിലിട്ടു ദഹിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിനെതിരായി സ്വജീവിതം ബലിയപ്പിച്ചു് പ്രതിഷേധം രേഖപ്പെടുത്തുകയല്ലേ ഉചിതം! ഭാരതാംബയുടെ ഒരു പുത്രിയുടെ രക്തസാക്ഷിത്വവും ഇംഗ്ലണ്ടിൻെറ ഒരു പുത്രൻെറ മരണവുംകൊണ്ടു് താൻ അടിമത്തത്തിലിരിക്കുന്നതു് പാപമാണെന്നു് ഭാരതം മനസ്സിലാക്കിക്കൊള്ളും. ഈ പ്രശ്നം സദാസമയവും എൻെറ മുമ്പിൽ പൊന്തിവന്നിരുന്നു. ദേശീയസ്വാതന്ത്ര്യവാഞ്ഛയിൽനിന്നും ഭിന്നമായ ഒരു സ്ഥാനം ഞാൻ മതത്തിനും ധമ്മത്തിനും കല്പിക്കുന്നില്ല. സ്വാതന്ത്ര്യത്തിൻെറ അടിസ്ഥാനം മതത്തേക്കാളും ധമ്മത്തേക്കാളും ഉന്നതമാണ്. സംസ്കാരസമ്പന്നമായ സമുദായം അനീതികൾക്കെതിരായി ശബ്ദമുയത്തുമെന്നാണ് എൻെറ വിശ്വാസം. ദേശീയസ്വാതന്ത്ര്യവും മതവും ധാമ്മികചിന്തയുമൊത്തുചേന്നു് ആനന്ദപ്രദമായ ഒരന്തരീക്ഷം സ്ഥാപിതമാക്കേണ്ടതു് അത്യാവശ്യമാണ്. ലോകത്തുള്ള സകല അടിമരാഷ്ട്രങ്ങളും സ്വതന്ത്രമാകണം! ആ

യാഥാർത്ഥ്യത്തിലേയ്ക്കു് ഭാരതത്തിന്റെയും അതുപോലുള്ള മററു രാഷ്ട്രങ്ങളുടെയും ശ്രദ്ധ ക്ഷണിക്കാനാണു് ഞാൻ യൂണിവേഴ്സിററി സെനററ്ഹാൾ തിരഞ്ഞെടുത്തതു്. എന്റെ രാജ്യത്തെ അപമാനിക്കുന്നവർ ഒരു മൃഗത്തെപ്പോലും ഉപദ്രവിക്കുന്നതു് എനിക്കു സഹ്യമല്ല. അവരിൽനിന്നു മോചനം ലഭിക്കുന്നതുവരെ ഞാൻ ഉന്മത്തയായിരിക്കും. എന്റെ നാട്ടുകാരുടെ സ്വാതന്ത്ര്യവാഞ്ഛയെ ചവിട്ടിമെതിക്കുന്നവരുടെ ഏതു പ്രവൃത്തിയും ഞങ്ങളുടെ ദേശീയസംസ്കാരത്തിനൊരു വെല്ലുവിളിയാണു്. അവരുടെ അനീതികളും അക്രമങ്ങളുമാണു് എന്നെപ്പോലെ അബലയായ ഒരു നാരിയേയും ധീരതയുടെ മൂശയിൽ വാർത്തെടുക്കുന്നതു്."

അതിനുശേഷം വീണ, ഗവണ്മെൻറിന്റെ തെററായ നിയമങ്ങളെ വിമർശിക്കാൻതുടങ്ങി:

"ഓർഡിനൻസുകളുടെ ഘോഷയാത്ര മാർഷൽ ലായെ അനുസ്മരിപ്പിക്കുന്നു. ഗവണ്മെൻറു് പകവീട്ടാനൊരുങ്ങിയിരിക്കുകയാണെന്നു് അതു വ്യക്തമാക്കുന്നു. സ്വാതന്ത്ര്യവാഞ്ഛയെ അടിച്ചമർത്താനുള്ള പദ്ധതികളാണിതെല്ലാം. ഗവണ്മെൻറു് മിഡ്നാപ്പൂർ, ഹിജിലി, ചിററഗോംഗ് (എന്റെ ജില്ല) എന്നിവിടങ്ങളിൽ അഴിച്ചുവിട്ടിട്ടുള്ള അക്രമങ്ങൾ മാനവസമുദായത്തെ ലജ്ജിപ്പിക്കുന്നവയാണു്. ഹിജിലിജയിലിലെ രാഷ്ട്രീയതടവുകാരോടു കാണിച്ച അക്രമങ്ങളെക്കുറിച്ചന്വേഷിച്ച കമ്മിററിയുടെ റിപ്പോർട്ടുപോലും പ്രസിദ്ധീകരിക്കാതിരിക്കുന്നതിൽനിന്നു് കാര്യങ്ങളെത്ര നിരാശാജനകമെന്നു വ്യക്തമാകുന്നു. കോൺതായിഗ്രാമത്തിലെ അംബാദേവിയോടും ചിററഗോംഗിലെ നിഹാർബാലയോടും നിങ്ങൾ പ്രവർത്തിച്ച അക്രമത്തിനു് മാനവസമുദായം മാപ്പുനല്കുമോ? ഞാൻ ഒരു തടവുകാരന്റെ ഭാര്യയെ പഠിപ്പിച്ചിരുന്നു. ഞാനവളുടെ യാതനകൾ കണ്ടിരുന്നു. പാവം ഭർത്തൃമതിയായിരുന്നിട്ടും വിധവയെപ്പോലെ ജീവിക്കുന്നു. ഇനി ആ തടവുകാരന്റെ മാതാപിതാക്കളുടെ സ്ഥിതി വിവരിക്കണമോ? തങ്ങളുടെ പുത്രന്റെ കുററമെന്താണെന്നറിയുന്നതിനുമുമ്പേതന്നെ അവർ ശവക്കുഴികളിലഭയം പ്രാപിച്ചു.

അടുത്തകാലത്തു് ഞാൻ എന്റെ ജ്യേഷ്ഠത്തിയായ കല്യാണിദാസിന്റെ കേസ്‌വിചാരണ കണ്ടു. ഒരു മീററിംഗിൽ പങ്കെടുത്തു

എന്ന കുററം ചുമത്തിയാണ് അവളെ കഠിനതടവിനു ശിക്ഷിച്ചിരുന്നതു്. അങ്ങനെ ഒരു മീററിംഗേ ഉണ്ടായിട്ടില്ല. നിയമവിരുദ്ധമാക്കിട്ടുള്ള ആ സംഘടനയിൽ എൻെറ സഹോദരി അംഗമായിരുന്നു എന്നതിനു യാതൊരു തെളിവും നിങ്ങളുടെ പക്കലില്ല. നിങ്ങൾ പ്രദർശിപ്പിക്കുന്ന നോട്ടീസ് അവളുടെ അറിവുകൂടാതെ നിങ്ങൾതന്നെ അച്ചടിപ്പിച്ചിട്ടുള്ളതാണ്. അവൾ ഒരു എം. ഏ-ക്കാരിയും എല്ലാവിധ സുഖസൗകര്യങ്ങളുമുള്ള ഒരു കുടുംബാംഗവുമാണ്. എന്നിട്ടും നിങ്ങൾ അവളെ ജയിൽപ്പുള്ളികളുടെ വസ്ത്രം ധരിപ്പിച്ചു് സാധാരണതടവുകാരുടെ കൂട്ടത്തിൽ പാർപ്പിച്ചിരിക്കുന്നു. അതെല്ലാം ഞാൻ കാണുന്നുണ്ടു്. പ്രിയപ്പെട്ട മാതാപിതാക്കളുടെ കണ്ണീരും കാണുന്നുണ്ടു്. മററുള്ള അനേകം കുടുംബങ്ങളിലും ഇതാണ് സ്ഥിതി. ആ സാഹചര്യങ്ങൾ എൻെറ ഹൃദയത്തിലും പ്രേരണ ചെലുത്തി. മരണത്തിലൂടെ മോചനംനേടിയില്ലെങ്കിൽ ഞാൻ ഭ്രാന്തിയായിത്തീരുമെന്നു മനസ്സിലായി. ഭാരതാംബയുടെ ചരണങ്ങളിൽ സകല യാതനകളുമർപ്പിച്ചുകൊണ്ടു് ഞാൻ മരണത്തെ അന്വേഷിക്കുകമാത്രമല്ല, സ്വന്തം ആത്മബലിയിലൂടെ ഇന്നത്തെ സ്ഥിതിഗതികളിലേയ്ക്കു ലോകശ്രദ്ധ ക്ഷണിക്കാൻ വേണ്ട ഏർപ്പാടുംചെയ്തു.

ഈ ലോകത്തു് എനിക്കാരോടും ഒരു വിദ്വേഷവുമില്ലെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. മിസ്റ്റർ സ്റ്റെൻലിജാക്സനോടു വ്യക്തിപരമായി എനിക്കു യാതൊരു ശത്രുതയുമില്ല. ഒരുപക്ഷെ എൻെറ അച്ഛനു് അദ്ദേഹത്തോടു് വിദ്വേഷമുണ്ടായിരിക്കാം. ലേഡി ജാക്സനേയും ഞാൻ എൻെറ മാതാവിനെപ്പോലെ ബഹുമാനിക്കുന്നു. എന്നാൽ ബംഗാൾഗവർണ്ണർ, എൻെറ രാജ്യത്തെ മുപ്പതുകോടി ജനങ്ങളെ അടിമകളാക്കി ചവിട്ടിമെതിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവണ്മെൻറിൻെറ പ്രതിനിധിയാണ്. ഇപ്പോൾ എൻെറ ആഗ്രഹം സഫലമായി. എൻെറ ഹൃദയത്തിനു മോചനം ലഭിച്ചു. എൻെറ രാജ്യത്തിൻെറ ശോച്യാവസ്ഥയിലേയ്ക്കു ലോകശ്രദ്ധ ക്ഷണിക്കാൻ ഞാനാഗ്രഹിക്കുന്നു. തങ്ങൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നു് ഭരണാധികാരികൾ ചിന്തിക്കട്ടെ! കഴിയുമെങ്കിൽ എൻെറ രാജ്യത്തോടു നീതി പുലർത്തട്ടെ!"

വീണാദാസിൻെറ മൊഴി ജഡ്ജിമാരുടെ മനസ്സാക്ഷിയെ പിടിച്ചുകുലുക്കി. ജഡ്ജിമാരും വക്കീലന്മാരും ശ്രദ്ധയോടെ അവളുടെ മൊഴി കേട്ടു. ഒരുപക്ഷെ ജോൺ ഓഫ് ആർക്, വീണ യെപ്പോലെ ആയിരുന്നിരിക്കാം എന്നു് മന്മഥനാഥ്മുക്കർജി അഭിപ്രായപ്പെട്ടു. അഡ്വക്കേററ് ജനറൽ എൻ. എൻ. സക്കാർ തൻെറ വാദമവസാനിപ്പിച്ചുകൊണ്ടു് വീണയുടെ ആവേശജനക മായ പ്രസംഗം കേട്ടു ഹൃദയമലിയാതെ അവൾക്കു തക്ക ശിക്ഷ നല്കണമെന്നു് കോർട്ടിനോടഭ്യർത്ഥിച്ചു.

കുറേദിവസത്തെ കേസ്‌വിചാരണയ്ക്കുശേഷം വീണാദാസി നെ പതിമൂന്നുവർഷത്തെ തടവിനു ശിക്ഷിച്ചു. അക്കാലത്തു് പത്രങ്ങളുടെ നാവു് ബന്ധിച്ചിരിക്കുകയായിരുന്നു. ഓർഡിനൻസ് നിലവിലിരുന്നതിനാൽ പൊതുജനങ്ങൾക്കും പ്രതിഷേധി ക്കാൻ കഴിഞ്ഞില്ല. വീണ മിഡ്നാപ്പൂർജയിലിൽവെച്ചു നിരാ ഹാരസത്യഗ്രഹമാരംഭിച്ചു. രാഷ്ട്രീയതടവുകാരുടെ ശോച്യാവ സ്ഥയിലേയ്ക്കു് പൊതുജനങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു. 1937-ൽ പ്രദേശികസ്വയംഭരണം നിലവിൽവന്നപ്പോൾ രാഷ്ട്രീയതടവു കാരെ മോചിപ്പിക്കാൻ സംഘടിതമായ പ്രക്ഷോഭം ഉടലെടുത്തു. അന്നു മിസ്റ്റർ ഫസ്ലുൾഹക്കായിരുന്നു ബംഗാളിലെ മുഖ്യമന്ത്രി. ഗാന്ധിജി ബംഗാളിൽ വന്നു് വീണയേയും മററു രാഷ്ട്രീയതടവു കാരേയും കണ്ടു സംസാരിച്ചു. തൽഫലമായി അവർ നിരാഹാര സത്യഗ്രഹമവസാനിപ്പിക്കുകയും ബംഗാൾഗവണ്മെൻറു് അവ രെ നിരുപാധികം വിട്ടയയ്ക്കുകയുംചെയ്തു ജയിൽവിമുക്ത യായ വീണ വീണ്ടും സജീവരാഷ്ട്രീയത്തിൽ പങ്കെടുത്തു. 1942-ലെ ക്വിററ്ഇന്ത്യാപ്രക്ഷോഭണങ്ങളിൽ പങ്കെടുത്തതിനു് വീണയെ മൂന്നുവർഷത്തെ കഠിനതടവിനു ശിക്ഷിച്ചു. 1945-ൽ അവർ കൽക്കത്തയിൽനിന്നു് അസംബ്ളിയിലേയ്ക്കു തിരഞ്ഞെടു ക്കപ്പെട്ടു.

അധികാരദുർമ്മോഹികളായ ഒരുകൂട്ടം നേതാക്കന്മാരുടെ ബുദ്ധിശൂന്യതമൂലം 1947-ൽ ഇന്ത്യ വിഭജിക്കപ്പെട്ടപ്പോൾ ഉണ്ടായ നരവേട്ടയിൽനിന്നു് മനുഷ്യരെ രക്ഷിക്കാൻ വീണാദാസ് അത്യധികം യത്നിച്ചിരുന്നു. ഇന്ത്യ സ്വതന്ത്ര്യയായതിനുശേഷം,

1947-ൻെറ അവസാനം വീണയും പ്രൊഫസ്സർ ഹിതേഷിഭൗമിക്കും തമ്മിൽ വിവാഹിതരായി. ശ്രീ ഭൗമിക്കും ഒരു വിപ്ലവകാരിയായിരുന്നു.

## ബി. കെ. ദത്തിൻെറ ഒരു ലേഖനം

ഇൻക്വിലാബ് എന്നു കേൾക്കുന്നമാത്രയിൽ പലരുടെയും മനസ്സിൽ ഭീകരതയുടെ ചിത്രം പൊന്തിവരുന്നു. ബോംബ്, പിസ്റ്റോൾ, അക്രമം, രക്തച്ചൊരിച്ചിൽ, കൊലപാതകം, കവച്ച്, കഴുമരം, ഗൂഢാലോചന എന്നിങ്ങനെ പല ഭീകരചിത്രങ്ങളുമാണ് അവർ വിഭാവനംചെയ്യുന്നതു്. തന്മൂലം ഇൻക്വിലാബ് എന്നു കേൾക്കുമ്പോഴേയ്ക്കും അവർ ഭയന്നു വിറച്ചുപോകുന്നു. വിപ്ലവകാരികളുടെ നിഴൽപോലും തീണ്ടാതെ ഓടിയകലുന്നു. സൗഭാഗ്യവശാൽ വിപ്ലവകാരികളെ മാറോടണയ്ക്കുന്നവരും ഉണ്ടായിരുന്നു എന്നതു സത്യമാണ്. ചിലർ വിപ്ലവകാരികളുമായി ബന്ധപ്പെട്ടു് ഈ നശ്വരലോകത്തു് ജീവിതാനന്ദം അന്വേഷിക്കുകയും ചെയ്തിട്ടുണ്ട്. വിപ്ലവകാരികൾ ഭീരുക്കളും, വികാരജീവികളും, നിരുത്തരവാദികളുമാണെന്നു പറഞ്ഞു് പരിഹസിച്ചവരുമുണ്ട്. അവരുടെ ദൃഷ്ടിയിൽ വിപ്ലവകാരികൾ വഴിപിഴച്ചവരായിരുന്നു. ബ്രിട്ടീഷ്ഭരണാധികാരികൾ വിപ്ലവകാരികളെ കവച്ചക്കാരും കൊലപാതകികളുമായി ചിത്രീകരിച്ചു് പൊതുജനദൃഷ്ടിയിൽനിന്നകററിനിർത്താൻ ശ്രമിച്ചിരുന്നു. തൽഫലമായി സ്വാതന്ത്ര്യലബ്ധിക്കുശേഷവും വിപ്ലവകാരികളുടെ രാഷ്ട്രീയമാഹാത്മ്യം വേണ്ടവിധത്തിൽ വെളിച്ചത്തുകൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. സ്വാതന്ത്ര്യസമരചരിത്രരചയിതാക്കളായ ചരിത്രകാരന്മാർപോലും വിപ്ലവകാരികളുടെ ത്യാഗത്തേയും ബലിദാനങ്ങളേയും വിലയിരുത്തുവാൻ സങ്കോചപ്പെടുകയാണ് ചെയ്തതു്. സ്വാതന്ത്ര്യസമരത്തിൽ രക്തം ചൊരിഞ്ഞിട്ടുള്ള വിപ്ലവകാരികൾക്കു് ന്യായമായ സ്ഥാനം നല്കേണ്ടിവരുനിടത്തു് ആ ചരിത്രകാരന്മാരുടെ പേനയിലെ മഷി വററിപ്പോകുന്നു. എന്തിനാണിങ്ങനെ സങ്കോചപ്പെടുന്നതു്? യാഥാർത്ഥ്യങ്ങളിൽനിന്നു മുഖം തിരിക്കുന്നതെന്തിനു? അതിൻെറ കാരണം, പൊതുജനങ്ങൾ

ഇതേവരെ വിപ്ലവകാരികളുടെ കരങ്ങൾ മാത്രമേ ദർശിച്ചിട്ടുള്ളു എന്നതാണു്. ആയുധങ്ങളേന്തുന്ന ആ കരങ്ങളുടെ പിന്നിൽ വല്ല ആദർശവുമുണ്ടായിരുന്നോ—മനുഷ്യത്വവും, സ്നേഹവും, അനുകമ്പയും ഉണ്ടായിരുന്നോ—എന്ന വസ്തുത ആരും ചിന്തിക്കാറില്ല. കൊലക്കയറിൽ തൂങ്ങുന്ന രക്തസാക്ഷികളെ ജനങ്ങൾ പരിചയപ്പെട്ടു എന്നാൽ ലൗകികബന്ധങ്ങളുപേക്ഷിച്ചു് വൈരാഗിയായി ജീവിതം നയിക്കുന്നവരുടെനേരെ ദൃഷ്ടി പതിഞ്ഞിട്ടില്ല. ആ വിപ്ലവകാരികളുടെ ബലിദാനങ്ങളിൽനിന്നുദ്ഭൂതമായ രാഷ്ട്രീയ പ്രബുദ്ധതയുടെ പ്രതിഫലനം ജനങ്ങൾ മനസ്സിലാക്കിയിട്ടില്ല. മററുള്ള ജീവജാലങ്ങളെ അപേക്ഷിച്ചു മനുഷ്യനുമാത്രമേ ചിന്തിക്കാനും മനസ്സിലാക്കാനുമുള്ള കഴിവുള്ളു. കർമ്മനിരതമായ ഈ ലോകത്തു ജീവിച്ചുകൊണ്ടു് സ്വന്തം അനുഭവങ്ങളേയും അറിവുകളേയും ചിന്താഗതിയേയും തേച്ചുമിനുക്കാൻ ശ്രമിക്കുന്നു. അവനവന്റെ വിഭിന്നചുററുപാടുകളും സിദ്ധാന്തങ്ങളുംമൂലം അറിവുകളും അനുഭവങ്ങളും വിഭിന്നമായിരിക്കും. എന്നാൽ ആ വൈവിദ്ധ്യത്തിനിടയിലും മനുഷ്യമനസ്സിൽ അസ്വസ്ഥതയുടേയും, അശാന്തിയുടേയും തേങ്ങിക്കരച്ചിലുകൾ പൊന്തിവരുന്നു. ജീവിക്കാൻ വേണ്ടിയുള്ള സമരത്തിൽ സ്വാർത്ഥതയിലാണ്ടുപോയ മനുഷ്യനു് ആ ശബ്ദം കേൾക്കാൻ കഴിഞ്ഞില്ലെന്നു വന്നേക്കാം. എന്നാൽ പകലവസാനിച്ചു്—ഭക്ഷണം സമ്പാദിക്കാനുള്ള സമരത്തിൽനിന്നൊഴിവു ലഭിച്ചു്—നാം വീട്ടിലെത്തി, തളന്ന ശരീരത്തിനു വിശ്രമം നല്കാൻ—ലോകത്തിലെ കയ്പേറിയ അനുഭവങ്ങളെ കുറെ സമയത്തേയ്ക്കു് വിസ്മരിക്കാൻ—കിടക്കയിൽ കിടന്നു് നിദ്രയാകുന്ന പുതപ്പിനാലാവരണംചെയ്യുന്നു. കൃത്യം ആ സമയത്തു് മനുഷ്യമനസ്സിൽനിന്നൊരു ശബ്ദം കേൾക്കാം: "സ്വാതന്ത്ര്യം... സ്വാതന്ത്ര്യം......എനിക്കു സ്വാതന്ത്ര്യം നൽകൂ!"

ആ ചീററലും കരച്ചിലും ആരുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണു്? ആ രോദനം ആരുടെ സ്വാതന്ത്ര്യം കരസ്ഥമാക്കാനാണു്? സുഖഭോഗങ്ങളും ആനന്ദവുമാഹ്ളാദവും നമ്മുടെ കണ്ണുകളെ മഞ്ഞളിപ്പിക്കുന്നു. സ്ഥാനമാനങ്ങൾക്കും അധികാരങ്ങൾക്കുംവേണ്ടിയുള്ള മോഹത്താൽ മനുഷ്യർ മദോന്മത്തരായിത്തീരുന്നു. പിന്നെ എന്തിനാണവൻ സ്വാതന്ത്ര്യത്തിനുവേണ്ടി കരയുന്നതു്? ആ കരച്ചിലിൽനിന്നു് "ഞാനാരാണു്? എവിടെനിന്നു വരുന്നു? എവി

ടെപ്പോകുന്നു?" എന്ന ചോദ്യമുണ്ടാകുന്നതെന്തുകൊണ്ട്? മനുഷ്യൻ ആ ചോദ്യം തന്നോടുതന്നെ ചോദിക്കുന്നു. ശിശുവിൻെറ കരച്ചിലിൽനിന്നും വൃദ്ധൻെറ നെടുവീർപ്പുകളിൽനിന്നും ആ ചോദ്യമുയരുന്നു. ഭൂമിയുടെ വിസ്തൃതമാറിൽനിന്നുയരുന്ന ആ ചോദ്യം നീലാകാശത്തിൽ ലയിക്കുന്നു. അതിനാരു മറുപടി നല്കും? മനുഷ്യമനസ്സിൽനിന്നായന്ന ആ ചോദ്യങ്ങൾക്കിന്നോവരെ മറുപടി ലഭിച്ചിട്ടുണ്ടോ? ഹിന്ദുഫിലോസഫിയിൽ അതിനുത്തരംനല്കുന്നതിപ്രകാരമാണ്: "തിരിച്ചറിയുവിൻ! സ്വയം കണ്ടെത്തുക! തൻെറ അന്തഃതലത്തിൽ വിരാജിക്കുന്ന അനന്തമായ ശക്തിയുടെ രൂപം തിരിച്ചറിയുക! അപ്പോൾ ആ കരച്ചിലും, ചീററലും, തേങ്ങലും ശാന്തമാകും! അതോടെ മുക്തി ലഭിക്കും!"

അപ്പോൾ മറെറാരു ചോദ്യമുത്ഭവിക്കുന്നു: ഏതു മാർഗ്ഗം സ്വായത്തമാക്കിയാലാണ് മനുഷ്യനു തൻെറ അന്തഃതലത്തിൽ സ്ഥിതിചെയ്യുന്ന അനന്തമായ ശക്തിയുടെ രൂപം കണ്ടെത്താൻ കഴിയുക? അനേകം മഹാത്മാക്കൾ അതിനുവേണ്ടി ജ്ഞാനയോഗം, ഭക്തിയോഗം, കർമ്മയോഗം മുതലായ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ആ മാർഗ്ഗങ്ങളുപദേശിക്കാൻ പല മഹാന്മാരും ജനിച്ചു ശങ്കരാചാര്യരും രാമാനുജനും തങ്ങളുടെ സന്ദേശം നൽകി. ശ്രീരാമകൃഷ്ണപരമഹംസർ, മഹാപ്രഭുചൈതന്യൻ എന്നീ മഹാത്മാക്കളും ഈ ഭൂമിയെ പവിത്രമാക്കി. എന്നാൽ അവരെല്ലാം ഉപദേശിച്ചിട്ടു കടന്നുപോയി. തെളിവുകളിൽനിന്നും അനുഭവങ്ങളിൽനിന്നും, അനുഭൂതികളിൽനിന്നും സത്യത്തിൻേറയും അസത്യത്തിൻേറയും, നശ്വരതയുടേയും അനശ്വരതയുടേയും വ്യത്യാസം മനസ്സിലാക്കി, മനുഷ്യൻ ആത്മീയജ്ഞാനത്തിലേക്കു നീങ്ങണം. ജ്ഞാനംകൊണ്ടു ഹൃദയചക്ഷുസ്സ് തുറക്കണം. അങ്ങനെ അവൻെറ അഹങ്കാരവും—ഞാനെന്ന ഭാവവും— തിരോധാനംചെയ്യും. അങ്ങനെ മായാജാലങ്ങളിൽനിന്നു വിമുക്തനാകുന്ന മനുഷ്യൻെറ മുമ്പിൽ ആത്മീയജ്ഞാനത്തിൻെറ കവാടം തുറക്കപ്പെടും. അപ്പോൾ അവനു സ്വാതന്ത്ര്യം ലഭിക്കും!

എന്നാൽ ഒരു സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഈ ആത്മീകജ്ഞാനമാകുന്ന കൊടുമുടി കേറാൻ സാദ്ധ്യമാകുമോ? അതിനാണു ശ്രീരാമകൃഷ്ണപരമഹംസർ എളുപ്പമുള്ള ഭക്തിമാർഗ്ഗം

ഉപദേശിച്ചതു്. ഭക്തി, പ്രേമം, ത്യാഗം, വിശ്വാസം എന്നീ മാർഗ്ഗങ്ങളിലൂടെ മനുഷ്യന് 'ഞാൻ' എന്ന ചിന്തയകററി അനന്തശക്തിയായ പ്രേമത്തിൽ ലയിക്കാൻ കഴിയും. ആ വിശ്വാസവും ഭക്തിയുമാണു്, അദ്ദേഹത്തെ പരമഹംസരാക്കിത്തീർത്തതു് കർമ്മവീരനായ വിവേകാനന്ദൻ കർമ്മയോഗവുമായാണു നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതു്. മനുഷ്യൻ പ്രാണിയായി ജന്മംകൊണ്ട കാലം മുതൽ കർമ്മസൂചിയെ സ്പർശിക്കാതായി. എന്നാൽ ജീവിതം കർമ്മമാണുതാനും. നമ്മുടെ കർമ്മം സ്വാർത്ഥത്തിനുവേണ്ടി മാത്രമായി വിനിയോഗിക്കാതെ ലോകനന്മയ്ക്കായി വിനിയോഗിക്കുകയാണെങ്കിൽ മുക്തി ലഭിക്കും. നീ സ്വന്തം മുക്തിയാണാഗ്രഹിക്കുന്നതെങ്കിൽ നരകത്തിൽ പോകും! അതിനാൽ നീ അന്യരുടെ മുക്തിക്കു വേണ്ടി ശ്രമിക്കുക. ആ ചിന്തയിലൂടെ 'ഞാൻ' എന്ന അഹങ്കാരമകററി, ലോകത്തെ ഒന്നായിക്കാണാൻ കഴിയും. സത്യം, ത്യാഗം, സ്നേഹം, വിശ്വാസം എന്നീ അടിസ്ഥാനമാർഗ്ഗത്തിലൂടെ ചലിച്ചു് മാനവനന്മയ്ക്കായി മുന്നോട്ടു നീങ്ങുന്ന മനുഷ്യൻ 'ഞാൻ' എന്ന ചങ്ങലയിൽനിന്നു സ്വയം മുക്തിനേടുന്നു. ആ നിഷ്കാമകർമ്മത്തിലൂടെ ചരിച്ചു് മനുഷ്യൻ എല്ലാ മായാവലയങ്ങളിൽനിന്നും അപവിത്രതകളിൽനിന്നും രക്ഷപ്പെട്ടു് തന്നിൽ ഒളിഞ്ഞുകിടക്കുന്ന അനന്തമായ ശക്തിയെ കണ്ടെത്തുന്നു. അപ്പോഴേ 'മനുഷ്യൻ' എന്ന പേരിന്നവകാശപ്പെടാൻ അവനർഹതയുള്ളു.

സ്വാമി വിവേകാനന്ദൻ നല്കിയ കർമ്മയോഗോപദേശം വാസ്തവത്തിൽ വിപ്ലവകാരികളുടെ മാർഗ്ഗമായിരുന്നു; അവരുടെ ലക്ഷ്യം രാഷ്ട്രീയമായിരുന്നെങ്കിലും! രാഷ്ട്രത്തിൽ അവരുടെ സമരത്തിൻെറ മുദ്ര പതിഞ്ഞിട്ടുണ്ടു്. എന്നാൽ വിപ്ലവകാരികളുടെ ത്യാഗവും, വ്യക്തിത്വവും രാഷ്ട്രീയത്തിൻെറ അളവുകോൽകൊണ്ടു് അളക്കുന്നതു് ശരിയല്ല. രാജ്യം അവരുടെ രാഷ്ട്രീയരൂപം മാത്രമേ ദർശിച്ചിട്ടുള്ളു എന്നതു് ശരിയാണു്. അവരുടെ കർമ്മയോഗത്തിൻെറ രൂപം ചിന്തകളിൽനിന്നകന്നുപോയി. അവരുടെ ജീവിതത്തെ പരിശുദ്ധമാക്കിയിരുന്ന തത്വസംഹിത രാഷ്ട്രീയത്തിൻെറ വേലിയേററത്തിൽ മുങ്ങിപ്പോയി. ആ വശം മനസ്സിലാക്കാനാരും ശ്രമിച്ചിട്ടില്ല. എന്തുകൊണ്ടാണു് വിപ്ലവകാരികൾ സർവ്വസംഗപരിത്യാഗികളായ മഹാന്മാർക്കു തുല്യരായിത്തീർന്നതു്? അവർ മാനവനന്മയ്ക്കും, തങ്ങളുടെ ആദർശങ്ങൾക്കും ലക്ഷ്യത്തിനും

വേണ്ടി ജീവിതമെങ്ങനെ നല്കി? ദേശപ്രേമംമൂലം അവർ വീട്ടും കുടുംബവും, സുഖഭോഗങ്ങളുമുപേക്ഷിച്ച്, വൈരാഗികളെപ്പോലെ മുള്ളും കല്ലും നിറഞ്ഞ വിപ്ലവമാർഗ്ഗത്തിലൂടെ മുന്നോട്ടുനീങ്ങി. അങ്ങനെ ലൗകികബന്ധങ്ങളിൽനിന്നും വിമുക്തരായി. എട്ടത്താൽ പൊന്താത്ത ശാസ്ത്രങ്ങൾ വായിച്ച് ജ്ഞാനം സമ്പാദിക്കുക അവരെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമായിരുന്നു. എന്നാൽ അവർ കഴുമരത്തെ മുമ്പിൽ കണ്ടുകൊണ്ട് നിർഭയം കർമ്മയോഗത്തിൻെറ മാർഗ്ഗത്തിലൂടെ ഫിലോസഫി കടഞ്ഞെടുത്ത് തങ്ങളിൽ സംഭരിച്ചു. കേസ്സിൻെറ വിധി കേട്ടതിനുശേഷം ഭഗത്സിംഗ് തൻെറ പിതാവിനയച്ച കത്ത് വിപ്ലവകാരികളുടെ മുക്തഹൃദയത്തിനു സാക്ഷ്യംവഹിക്കുന്നു. ആ വിപ്ലവകാരിയുടെ ഹൃദയം മായാവലയങ്ങളിൽനിന്നു മുക്തമായിരുന്നു. ലക്ഷ്യപ്രാപ്തിക്കു വേണ്ടി ജീവിതം ബലിയർപ്പിക്കാനുള്ള ചേതനയാണ് അദ്ദേഹത്തിൻെറ നിരാഹാരസമരം വിജയിപ്പിച്ചത്. സമരം നടത്തിക്കൊണ്ടിരിക്കെ ഉദ്യോഗസ്ഥമേധാവികൾ അദ്ദേഹത്തെ പലതരത്തിലും പ്രലോഭിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അദ്ദേഹം തൻെറ ഹൃദയത്തേയും ഇന്ദ്രിയങ്ങളേയും നിയന്ത്രിച്ച മാർഗ്ഗങ്ങളിൽനിന്ന് മാനവഹൃദയത്തിൽ അന്തർലീനമായിട്ടുള്ള ആത്മീയശക്തി പ്രകടമാകുന്നു. ത്യാഗവും നീണ്ടകാലത്തെ വ്രതവുംകൊണ്ട് മനുഷ്യഹൃദയം അഭിലാഷങ്ങളിൽനിന്നും മോഹങ്ങളിൽനിന്നും മുക്തി നേടുന്നു. ആത്മാവിന് ശക്തി ലഭിക്കുന്നു. ലാഹോർ ഗൂഢാലോചനക്കേസിൻെറ പ്രശ്നത്തിൽ തടവുകാർ നടത്തിയ നിരാഹാരസമരത്തിൽ രാഷ്ട്രീയത്തിനും ആദർശത്തിനും പ്രവേശനമുണ്ടായിരുന്നു. അക്കാലത്തെ രാഷ്ട്രീയാന്തരീക്ഷത്തിനും സ്വാധീനമുണ്ടായിരുന്നു. എന്നാൽ മരണവുമായി കളിക്കാനിറങ്ങിയ വിപ്ലവകാരികളുടെ ജീവിതത്തിനു നിരാഹാരസമരംകൊണ്ടെന്തു സംഭവിക്കാൻ! ആ സത്യം സാധാരണക്കാരുടെ ദൃഷ്ടിക്കഗോചരമാണിന്നും.

ചരിത്രപ്രസിദ്ധമായ ആ നിരാഹാരസമരം ഞാനും ഭഗത്സിംഗും 1929-ലാണാരംഭിച്ചത്. ആ സമരത്തിൽ ജിതേന്ദ്രദാസ് രക്തസാക്ഷിത്വംവരിച്ചു. എന്നാൽ എനിക്ക് അഭൂതപൂർവ്വമായ ഒരനുഭൂതിയാണു ലഭിച്ചത്. ഞങ്ങൾ നിരാഹാരസമരത്തിലൂടെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാൻ ശീലിച്ചു. ആത്മബലം

സംഭരിക്കാൻ പഠിച്ചു. ആത്മത്യാഗമായിരുന്നു വിപ്ലവകാരികളുടെ ജീവിതത്തിൻെറ അടിസ്ഥാനഫിലോസഫി. മരണത്തെ കൺമുമ്പിൽ കണ്ടുകൊണ്ടാണ് അവർ ആദർശത്തിനുവേണ്ടി സമരം ചെയ്തിരുന്നതു്. അങ്ങനെ ജീവിതവും മരണവും തമ്മിലുള്ള വ്യത്യാസം വിസ്മരിച്ചു. അങ്ങനെയാണ് വിപ്ലവകാരികൾ നിഷ്കാമകർമ്മന്മാരായിത്തീർന്നതു്.

ദേശീയജീവിതത്തിൻെറ വിവിധതലങ്ങളിൽ പ്രവർത്തിച്ച വിപ്ലവകാരികളുടെ ലക്ഷ്യം ഇന്ത്യയിൽ സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതി സ്ഥാപിക്കുക എന്നതായിരുന്നു: എന്നിരുന്നാലും ആ സമരത്തിൻെറ പ്രാരംഭംമുതൽ ഇന്നേവരെ വിപ്ലവകാരികളുടെ ജീവിതത്തിൻെറ ആദ്ധ്യാത്മികവശം എല്ലാററിലുമുപരിയായി പ്രകാശിച്ചുകൊണ്ടിരുന്നു. ഫിലോസഫി പിന്തുടരാതെതന്നെ കർമ്മത്തിലൂടെ വിപ്ലവകാരികൾ ചേതനയും, ധ്യാനവും, ജ്ഞാനവും കരസ്ഥമാക്കി. ലക്ഷ്യം നിറവേററാനുള്ള ഏകാഗ്രതയിൽ ആത്മബലം ലഭിച്ചു. യാതനകളും വേദനകളും സഹിച്ച് ഋഷികൾക്കു തുല്യരായി. അവരെ നിങ്ങൾ എന്തു പേരായിരിക്കും വിളിക്കുക എന്നറിഞ്ഞുകൂട. എന്നാൽ ഗാന്ധിജിയുടെ വാക്കുകൾ എൻെറ കണ്ണുകളിൽ മുഴങ്ങുന്നു: "സ്വാതന്ത്ര്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തൻെറ സർവ്വസ്വവും ബലിയർപ്പിക്കേണ്ടിയിരിക്കുന്നു."

വിപ്ലവകാരിയുടെ ജീവിതത്തിനധികം ദൈർഘ്യമുണ്ടായിരിക്കുകയില്ല. മരണാനന്തരമായിരിക്കും ലോകം അവനെ അറിയുകയും ആദരിക്കുകയും ചെയ്യുന്നതു്. വിജയത്തിൻെറയോ, അധികാരത്തിൻെറയോ മകുടം അവൻെറ ശിരസ്സിൽ ചാർത്താറില്ല. ബഹുമാനത്തിൻെറയും സ്വീകരണത്തിൻെറയും പുഷ്പമാല്യങ്ങൾക്കു പകരം കൊലക്കയറായിരിക്കും വിപ്ലവകാരിയുടെ കഴുത്തിൽ വീഴുക!

# ഭഗത്സിംഗിൻെറ ഒരു ലേഖനം

[അസംബ്ളിബോംബുകേസ്സിനുമുമ്പ് സർദാർ ഭഗത്സിംഗ് 'ചാന്ദ്' എന്ന വാരികയുടെ 'കഴുമരവിശേഷാൽപ്രതിസ്സ'വേണ്ടി എഴുതിയതാണീ ലേഖനം. പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ഗവണ്മെൻറ് ആ വിശേഷാൽപ്പതിപ്പ് കണ്ടുകെട്ടുകയുണ്ടായി.]

പത്തൊമ്പതുവയസ്സ് പൂർത്തിയാകുന്നതിനുമുമ്പേതന്നെ രണചണ്ഡിയുടെ പരമഭക്തനായിരുന്ന കർത്താർസിംഗ് ശരാബ സ്വാതന്ത്ര്യദേവിയുടെ ബലിപീഠത്തിൽ ജീവിതമർപ്പിച്ചു. അദ്ദേഹം ചുഴലിക്കാററുപോലെ പെട്ടെന്ന് രംഗത്തുവന്നു. അഗ്നി ജ്വലിപ്പിച്ച്, നിദ്രയിലാണ്ടുകിടന്നിരുന്ന രണചണ്ഡിയെ ഉണർത്തി, വിപ്ലവത്തിൻെറ ഹോമകുണ്ഡത്തിൽ സ്വയം ചാമ്പലായി. കർത്താർസിംഗ് ആരായിരുന്നു? ഏതു ലോകത്തുനിന്നു വന്നു? പെട്ടെന്ന് എവിടേയ്ക്കു പോയി? അതിനെപ്പററി ഞങ്ങൾക്കൊന്നുമറിഞ്ഞുകൂടായിരുന്നു. പത്തൊൻപതുവയസ്സ് പ്രായത്തിലാണ് അദ്ദേഹം ഈ ധീരകൃത്യങ്ങളെല്ലാം നിർവ്വഹിച്ചതെന്നോർക്കുമ്പോൾ അത്ഭുതം തോന്നുന്നു. ഇത്ര വലിയ ധൈര്യവും, ആത്മവിശ്വാസവും, ആത്മത്യാഗവും മററധികമാരിലും കാണാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യയിൽ വിപ്ലവകാരി എന്ന പേരിനാർഹമായവർ വളരെ വിരളമാണ്. എന്നാൽ ഉള്ളവരിൽ ഏററവും ഉന്നതൻ കർത്താർസിംഗാണ്. അദ്ദേഹത്തിൻെറ ഞരമ്പുകളിൽ വിപ്ലവവീര്യം തുളുമ്പിയിരുന്നു. കർത്താർസിംഗിൻെറ ജീവിതത്തിലെ ഏകലക്ഷ്യവും, അഭിലാഷവും, ആശയും വിപ്ലവമായിരുന്നു. അതിനുവേണ്ടി അദ്ദേഹം മരിച്ചു.

കർത്താർസിംഗ് 1896-ൽ ലുധിയാനാജില്ലയിലെ സൊറാബെഗ്രാമത്തിലാണ് ജനിച്ചത്. അദ്ദേഹം തൻെറ മാതാപിതാക്കളുടെ ഏകസന്താനമായിരുന്നു. കർത്താർസിംഗ് ഹൈസ്കൂളിൽ പഠിച്ചുകൊണ്ടിരിക്കെ പിതാവ് ഇഹലോകവാസം വെടിഞ്ഞു. പിന്നീട് പിതാമഹനാണ് കർത്താർസിംഗിനെ ഓമനിച്ചുവളർത്തി

യതു്. ഒൻപതാംക്ലാസ്സ്വരെ നാട്ടിൽ വിദ്യാഭ്യാസംചെയ്യതിനു ശേഷം കത്താർസിംഗ് തൻെറ ചിററപ്പനോടൊത്തു് ഒറീസ്സായിലേക്കു പോന്നു. അവിടെനിന്നു് മെട്രിക്കുലേഷൻ പാസ്സായി, കോളേജിൽ ചേൻനു. കത്താർസിംഗിന്നു് പാഠപുസ്തകങ്ങൾക്കു പുറമേ വേറെയും ധാരാളം പുസ്തകങ്ങൾ വായിക്കാനവസരം ലഭിച്ചു. ആ സാഹചര്യം അദ്ദേഹത്തിൻെറ ഹൃദയത്തിൽ ദേശപ്രേമമങ്കുരിപ്പിച്ചു.

കത്താർസിംഗ് അമേരിക്കയിൽ പോകാൻ ആഗ്രഹം പ്രകടിപ്പിച്ചു വീട്ടുകാർ എതിർത്തില്ല. അദ്ദേഹത്തെ അമേരിക്കയിലയച്ചു. 1912-ൽ കത്താർസിംഗ് സാൻഫ്രാൻസിസ്കോയിലെ തുറമുഖത്തെത്തി. സ്വാതന്ത്ര്യരാജ്യത്തെ അന്തരീക്ഷം അദ്ദേഹത്തിൻെറ ഹൃദയത്തെ വേദനിപ്പിച്ചു. വെള്ളക്കാരുടെ Hindu, Black Man, Damn എന്നീ സംബോധനകൾ കത്താർസിംഗിനെ അസ്വാസ്ഥചിത്തനാക്കി. അദ്ദേഹം തൻെറ രാജ്യത്തിൻെറ ശോച്യാവസ്ഥയെക്കുറിച്ചും, അപമാനത്തെക്കുറിച്ചും ചിന്തിച്ചു. കത്താർസിംഗിൻെറ തരളഹൃദയത്തിനു് കാഠിന്യം വദ്ധിക്കാൻ തുടങ്ങി. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതം ബലിയർപ്പിക്കാൻ വ്യഗ്രത കൂടി. അദ്ദേഹത്തിൻെറ അപ്പോഴത്തെ മാനസികാവസ്ഥ എന്തായിരുന്നു എന്നാരറിഞ്ഞു! കത്താർസിംഗ് രാപ്പകൽ ചിന്തിക്കാനാരംഭിച്ചു. മാതൃഭൂമിയെ എങ്ങനെ സ്വതന്ത്രയാക്കാം! അതിനു് സമചിത്തതയോടെ പ്രവത്തിക്കണം. പിന്നെ കൂടുതലൊന്നും ചിന്തിക്കാൻനില്ക്കാതെ അദ്ദേഹം അമേരിക്കയിലുള്ള ഇന്ത്യൻ തൊഴിലാളികളെ സംഘടിപ്പിക്കാനാരംഭിച്ചു. അടിമത്തത്തേക്കാൾ അഭിമാനം മരണമാണു്! കത്താർസിംഗിനു് കൂട്ടുകാർ വദ്ധിച്ചു. 1912 മേയ്മാസത്തിൽ അവർ ആദ്യത്തെ മീററിംഗ് കൂടി. ആ മീററിംഗിൽ ഒൻപതു് ഇന്ത്യാക്കാരാണുണ്ടായിരുന്നതു്. അവർ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി തങ്ങളുടെ സവ്വസ്വവും ബലിയപ്പിച്ചുകൊള്ളാമെന്നു് പ്രതിജ്ഞചെയ്തു. അക്കാലത്താണു് പഞ്ചാബിൽനിന്നും നാടുകടത്തപ്പെട്ട ദേശാഭിമാനി ഭഗവാൻസിംഗ് അവിടെ എത്തിച്ചേന്നതു്. ക്രമേണ മീററിംഗുകളും കൂടിയാലോചനകളും, അംഗങ്ങളും വദ്ധിച്ചു. അപ്പോൾ ഒരു പത്രം ആവശ്യമായിവന്നു. 'ഗദർ' എന്ന പേരിൽ ഒരു പത്രം തുടങ്ങി. 1913 നവംബർ ഒന്നാംതീയതി ഗദറിൻെറ

പ്രഥമലക്കം പുറത്തുവന്നു. അതിൻെറ പത്രാധിപസമിതിയിൽ കർത്താർസിംഗുമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ തൂലിക മൂർച്ച യേറിയതായിരുന്നു.

കർത്താർസിംഗിൻെറ ചൊവ്വൊചൊവ്വുക്കം കമ്മനീരതതയും കണ്ടപ്പോൾ മററുള്ളവക്ക് ആത്മവിശ്വാസം വദ്ധിച്ചു. പിന്നീട് കർത്താർസിംഗ് ഒരു വിമാനക്കമ്പനിയിൽ ജോലി സമ്പാദിച്ച് മനസ്സിരുത്തി ജോലിചെയ്യാൻതുടങ്ങി. ഭാരതീയർ സഞ്ചരിച്ചിരുന്ന "കാമാഗാട്ടാമാരു" എന്ന കപ്പൽ വെള്ളക്കാരുടെ ആക്രമണത്തിനിരയായി 1914 സെപ്തംബറിൽ ഇന്ത്യയിലേയ്ക്കുതന്നെ മടങ്ങി. അപ്പോൾ കർത്താർസിംഗ് ശ്രീ ഗുപ്ത, അമേരിക്കൻ അനാർക്കിസ്റ്റ് ജേക് എന്നിവരോടൊപ്പം വിമാനമാഗ്ഗം ജപ്പാനിൽ പോയി ബാബ ഗുരുദത്ത്സിംഗുമായി ചർച്ചനടത്തി. സാൻഫ്രാൻസിസ്കോയിലുള്ള ഗദർപ്രസ്സിൽനിന്നു് 'വിപ്ലവത്തിൻെറ മുഴക്കം', 'വിപ്ലവം' എന്നീ ഗ്രന്ഥങ്ങൾ അച്ചടിച്ചു വിതരണംചെയ്തു. 1914 ഫെബ്രുവരിയിൽ നടന്ന സമ്മേളനത്തിൽ സ്വതന്ത്രഭാരതത്തിൻെറ പതാക പാറിച്ചു. ആ സമ്മേളനത്തിൽ വെച്ച് വിദേശത്തു ജീവിച്ചിരുന്ന ഭാരതീയർ തങ്ങളുടെ എല്ലാ സ്വത്തും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിനു് ദാനം ചെയ്തിരിക്കുന്നതായി പ്രസ്താവിച്ചു. സ്ഥിതിഗതികൾ അങ്ങനെ നീങ്ങിക്കൊണ്ടിരിക്കെ പെട്ടെന്നൊരുദിവസം ഒന്നാംലോകമഹായുദ്ധമാരംഭിച്ചു.

കർത്താർസിംഗ് ആഹ്ളാദഭരിതനായി. വിദേശങ്ങളിലുള്ള എല്ലാ ഭാരതീയരോടും സ്വദേശത്തേയ്ക്കു മടങ്ങാൻ അദ്ദേഹം അഭ്യത്ഥിച്ചു. കർത്താർസിംഗും ഇന്ത്യയിലെത്തി. അക്കാലത്തു് അമേരിക്കയിൽനിന്നു് പഞ്ചാബിലെത്തുന്ന ഭാരതീയരെ രാജ്യരക്ഷാനിയമമനുസരിച്ച് അറസ്ററുചെയ്തിരുന്നു. എന്നാൽ കർത്താർസിംഗ് ആപത്തൊന്നുംകൂടാതെ ഇന്ത്യയിൽ എത്തി വിപ്ലവപ്രവത്തനങ്ങളിലേപ്പെട്ടു. മറാഠിയുവാവായ പിംഗളെയും ഒത്തുചേന്നു. അവരുടെ ശ്രമഫലമായി ശ്രീ സച്ചീന്ദ്രനാഥ് സന്ന്യാലും രാഷ്ബിഹാറിബോസും പഞ്ചാബിലെത്തി. കർത്താർസിംഗ് എവിടെയും മുൻപന്തിയിലുണ്ടായിരിക്കും. രഹസ്യസമ്മേളനങ്ങളിലായാലും, കഷകരെ സംഘടിപ്പിക്കുന്ന രംഗങ്ങ

ളിലായാലും, വിദ്യാൎത്ഥിപ്രക്ഷോഭണങ്ങളിലായാലും കർത്താർ സിംഗ് മുൻപന്തിയിലുണ്ടായിരിക്കും. പണത്തിനു ബുദ്ധിമുട്ട നേരിട്ടപ്പോൾ ഒരു കുബേരൻെറ വീട് കവൎച്ചചെയ്യാൻ പദ്ധതിയിട്ടു. കവൎച്ച എന്നു കേട്ടപ്പോൾ പലരും പരുങ്ങലിലായി. അവരെ ആശ്വസിപ്പിക്കാൻവേണ്ടി കർത്താർസിംഗ് ഭായിപരമാനന്ദൻെറ അനുവാദം വാങ്ങാൻ ശ്രമിച്ചു. വിപ്ലവസംഘത്തലവനായിരുന്ന ഭായിപരമാനന്ദ് കവൎച്ചനടത്താൻ അനുവാദം നല്കുകയില്ലെന്നറിയാമായിരുന്ന കർത്താർസിംഗ് സഹപ്രവൎത്തകരോടു കള്ളംപറഞ്ഞു. എല്ലാവരും കർത്താർസിംഗിൻെറ നേതൃത്വത്തിൽ കവൎച്ചയ്ക്കൊരുങ്ങി. കവൎച്ചനടത്തിയ വീട്ടിൽ അതിസുന്ദരിയായ ഒരു യുവതിയെക്കണ്ടു് കൂട്ടുകാരിലൊരാൾ അവളുടെ കൈയ്ക്കു കടന്നു പിടിച്ചു. യുവതി ഉച്ചത്തിൽ കരയാൻതുടങ്ങി. തൽക്ഷണം കർത്താർസിംഗ് അവിടെ എത്തി, ആ യുവതിയെ ബലാൽക്കാരം ചെയ്യാൻ തുനിഞ്ഞ കൂട്ടുകാരൻെറനേരെ റിവാൾവർ ചൂണ്ടി. “എടാ പാപീ! വേഗം ആ സഹോദരിയുടെ കാല്ക്കൽ വീണ് മാപ്പിരക്കൂ! പിന്നീട് അവളുടെ അമ്മയോടും മാപ്പുയാചിക്കൂ! അവർ ഇരുവരും നിനക്കു മാപ്പുനല്കിയാൽ ഞാൻ നിന്നെ വിട്ടയയ്ക്കാം. അല്ലെങ്കിൽ ഇതാ മരിക്കാൻ തയ്യാറായിക്കൊള്ളൂ.”

മാനഭംഗംചെയ്യാൻ തുനിഞ്ഞവൻ ആ യുവതിയുടേയും അവളുടെ അമ്മയുടേയും മുമ്പിൽ മുട്ടുകുത്തി മാപ്പിരന്നു. അതുകണ്ടു പൊട്ടിക്കരഞ്ഞു് ആ യുവതിയുടെ അമ്മ പറഞ്ഞു: “ഇത്ര ധൎമ്മിഷ്ഠനും സൽഗ്ഗുണസമ്പന്നനുമായിരുന്നിട്ടും നീ എന്തിനാണു മോനേ ഈ കവൎച്ചസംഘത്തിൽ ചേൎന്നതു്?”

“അമ്മേ! പണത്തിൻെറ ലോഭംകൊണ്ടല്ല ഞങ്ങളിതിനു തുനിഞ്ഞതു്. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യാൻപോകുകയാണു്. ആയുധങ്ങൾ വാങ്ങാൻ പണം വേണം. ആ മഹത്കൃത്യത്തിനുവേണ്ടിയാണു് ഞങ്ങളീ നീചപ്രവൃത്തിയ്ക്കു തയ്യാറായതു്”—ഇതായിരുന്നു കൎത്താർസിംഗിൻെറ മറുപടി.

“നിങ്ങൾ കൈയ്ക്കലാക്കിയ പണം ഈ മകളുടെ വിവാഹത്തിനുവേണ്ടി സൂക്ഷിച്ചുവെച്ചിരുന്നതായിരുന്നു മക്കളേ!”

“ഇതാ ആവശ്യമുള്ളതെടുത്തുകൊള്ളൂ” എന്നു പറഞ്ഞു് കൎത്താർസിംഗ് പണക്കിഴി ആ അമ്മയെ ഏല്പിച്ചു. ആ അമ്മ

കിഴിയിലുണ്ടായിരുന്ന ആഭരണംമാത്രമെടുത്തിട്ട് പണം കിഴിയോടെ തിരിച്ചുകൊടുത്തു; കർത്താർസിംഗിനെ ആശീർവാദിച്ചു: "നീ വിജയിച്ചുവരു മകനേ!" കവച്ച്, കൊള്ള തുടങ്ങിയ ഭീകരപ്രവർത്തനങ്ങളിലേർപ്പെട്ടപ്പോഴും കർത്താർസിംഗ് മനുഷ്യത്വം കൈവെടിഞ്ഞില്ല. 1915 ഫെബ്രുവരി 21-ാംതീയതിയാണ് അട്ടിമറിനടത്താൻ നിശ്ചയിച്ചിരുന്നത്. അതിനൊരാഴ്ചമുമ്പേ കർത്താർസിംഗ് സഹപ്രവർത്തകരോടൊപ്പം ആഗ്രാ, കാൺപൂർ, അലഹബാദ്, മീററ്റ്, ലക്നൗ എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് വേണ്ട ഏർപ്പാടുകൾ ചെയ്തു. രാജ്യവ്യാപകമായി ഇന്ത്യയിൽ പട്ടാളവിപ്ലവം നടത്തിക്കുക എന്നതായിരുന്നു ലക്ഷ്യം. എന്നാൽ തങ്ങളുടെ അഭിലാഷമാകുന്ന ചെടിയുടെ കട ഒരു എലി കരണ്ടുകൊണ്ടിരുന്നത് അറിഞ്ഞില്ല. കൃപാൽസിംഗ് എന്ന ഒരു കരിങ്കാലിയുടെ നീചപ്രവൃത്തിയാൽ സകല പദ്ധതികളും വെള്ളത്തിലാകുമെന്ന് സൂചന ലഭിച്ചു. തന്മൂലം ഫെബ്രുവരി 21-ാംതീയതി നടത്താൻ നിശ്ചയിച്ച അട്ടിമറി 19-ാംതീയതി നടത്താൻ തീരുമാനിച്ചു. അതും കൃപാൽസിംഗ് അറിഞ്ഞു.

കർത്താർസിംഗ് നിശ്ചിതപരിപാടിയനുസരിച്ച് ഫെബ്രുവരി 19-ാംതീയതി സഹപ്രവർത്തകരോടൊത്ത് ഫിറോസ്പൂർ പട്ടാളത്താവളത്തിലെത്തി. പക്ഷെ അതിനുള്ളിൽ ബ്രിട്ടീഷുകാർ ഇന്ത്യൻപട്ടാളക്കാരെ നിരായുധരാക്കുകയും മേധാവികളെ അറസ്റ്റ് ചെയ്യുകയും ചെയ്തുകഴിഞ്ഞിരുന്നു. നിരാശനായ കാർത്താർസിംഗ് ലാഹോറിലെത്തി. രാഷ്ബിഹാറിബോസ് നേരത്തെ അവിടെയുണ്ടായിരുന്നു. അവർ ഒരക്ഷരംപോലും സംസാരിച്ചില്ല. ആ മൗനം ഇരുവരുടേയും മാനസികാവസ്ഥ വിനിമയംചെയ്തു.

കർത്താർസിംഗ് വീണ്ടും സർഗോധഡിസ്ട്രിക്ടിലുള്ള ഒരു ഗ്രാമത്തിൽ വിപ്ലവശ്രമമാരംഭിച്ചു. അവിടെവെച്ച് അദ്ദേഹം അറസ്റ്റ്ചെയ്യപ്പെട്ടു. അപ്പോൾ അദ്ദേഹത്തിന് പതിനെട്ടു വയസ്സ് തികഞ്ഞിട്ടില്ലായിരുന്നു. ഏററവും പ്രായംകുറഞ്ഞ കുററക്കാരൻ! എന്നാൽ ജഡ്ജി അഭിപ്രായപ്പെട്ടതിങ്ങനെയാണ്: "ഈ ഇരുപത്തിയൊന്നു പ്രതികളിലുംവച്ചേററവും അപകടകാരി."

MUL 288003

കത്താർസിംഗ് കുററം ന… …ിന്റെ മൊഴി കേട്ടുകൊണ്ടിരുന്ന ജഡ്ജിമാ… …ലും രേഖപ്പെടുത്തിയില്ല. എല്ലാം കഴിഞ്ഞപ്പോ… …ഞ്ഞു: "കത്താർസിംഗ്, ഇന്നു നിങ്ങളുടെ മൊഴി രേഖപ്പെ… കഴിഞ്ഞില്ല. നിങ്ങളുടെ മൊഴിയുടെ പരിണാമമെന്തായിരി…മെന്നറിയാമോ?"

"കഴുമരത്തിലേററം, അല്ലാതെന്ത്? അതിൽ എനിക്കു ഭയമില്ല."

ഭായിപരമാനന്ദന്റെ നിർദ്ദേശമനുസരിച്ചായിരിക്കാം കത്താർസിംഗ് മൊഴിനല്കുന്നതെന്ന് ആദ്യം ജഡ്ജിമാർ ശങ്കിച്ചു. അവക്ക് വിപ്ലവകാരിയായ കത്താർസിംഗിന്റെ മാനസീകാവസ്ഥ മനസ്സിലാക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ മൊഴി പിറേറദിവസവും തലേദിവസത്തെപ്പോലെ ആവേശജനകമായിരുന്നു. എന്നാൽ ജഡ്ജിമാർ വളരെ ശത്രുതയോടെയാണ് കത്താർസിംഗിന്റെ കേസ് കൈകാര്യംചെയ്തത്. തൂക്കിക്കൊല്ലാൻ വിധിപ്രസ്താവിച്ചപ്പോൾ കത്താർസിംഗ് ജഡ്ജിമാക്ക് നന്ദിപറഞ്ഞു.

കത്താർസിംഗ് എന്തിനുവേണ്ടി മരിച്ചു, അദ്ദേഹത്തിന്റെ മരണംകൊണ്ട് എന്തു നേട്ടമുണ്ടായി എന്നീ ചോദ്യങ്ങളിന്നും ഉത്ഭവിച്ചേക്കാം. അതിന് വ്യക്തമായ മറുപടിയിതാണ്: കത്താർസിംഗ് മാതൃഭൂമിയ്ക്കുവേണ്ടി മരിച്ചു. സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ചു മരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ആദർശം. അതിൽ കൂടുതലായൊന്നും കത്താർസിംഗ് കാംക്ഷിച്ചിരുന്നില്ല.

1916 നവംബറിൽ കത്താർസിംഗ് കഴുമരത്തിലേററപ്പെട്ടു. അന്നും അദ്ദേഹം പതിവുപോലെ സുസ്മേരവദനനായി കാണപ്പെട്ടു. വധശിക്ഷയ്ക്കു വിധിച്ചതിനുശേഷം അദ്ദേഹത്തിന്റെ തൂക്കം പത്തുറാത്തൽ വർദ്ധിക്കുകയുണ്ടായി. ഭാരതമാതാ കീ ജയ് വിളിച്ച് കത്താർസിഗ് കഴുമരത്തിലേറി.

LIBRARY 5 MAR 2003

# ഭഗത്സിംഗിൻെറ കത്തുകൾ

i

[കഴമരത്തിലേററുന്നതിനു് ഇരുപതുദിവസംമുമ്പു്, 1931 മാച്ച് 3-ാം തീയതി, സർദാർ ഭഗത്സിംഗ് തൻെറ അനുജൻ കുൽബീർ സിംഗിനു് എഴുതിയ ഒരു കത്തു്.]

3, മാർച്ചു് 1931.

പ്രിയപ്പെട്ട കുൽബീർസിംഗ്,

നീ എനിക്കുവേണ്ടി പലതും ചെയ്തു. സന്ദർശനസമയത്തു് തൻെറ കത്തിനു മറുപടിയായി എന്തെങ്കിലും എഴുതണമെന്നു് നീ പറഞ്ഞിരുന്നു. നോക്കണം! ഞാൻ ആർക്കുംവേണ്ടി ഒന്നും ചെയ്തിട്ടില്ല. നിനക്കുവേണ്ടിയും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഞാൻ ഇന്നു് നിങ്ങളെയെല്ലാവരേയും വിപത്തിലാക്കീട്ടു പോകുകയാണു്. നിങ്ങൾക്കെന്തു സംഭവിക്കും, എങ്ങനെ ജീവിക്കും എന്നെല്ലാം ചിന്തിക്കുമ്പോൾ എൻെറ ഹൃദയം വിറച്ചുപോകുന്നു. പക്ഷേ അനുജാ! ആപൽസമയത്തും ധൈര്യം കൈവെടിയരുതെന്നല്ലാതെ എന്തുപറയാൻ! നിൻെറ ഹൃദയത്തിൽ ദുഃഖസാഗരം അലതല്ലുകയാണെന്നു് എനിക്കറിയാം. പക്ഷേ എന്തുചെയ്യട്ടെ! ജീവിതം കയ്പേറിയതും, ജനങ്ങൾ നിർദ്ദയരും, ലോകം നിഷ്ഠുരവുമാണു്. ധൈര്യവും, ആത്മവിശ്വാസവുംകൊണ്ടുമാത്രമേ ജീവിക്കാൻ സാദ്ധ്യമാകൂ!

സ്വന്തം സഹോദരൻ,

ഭഗത്സിംഗ്.

ii

[കേസ്സ് വിചാരണചെയ്യുകൊണ്ടിരിക്കെ കോർട്ടിൽ വിപ്ലവഗീതം പാടിയതിനു് ജഡ്ജി ക്ഷോഭിക്കുകയും തടവുകാരോട്ട് അക്രമം പ്രവത്തിക്കുകയുംചെയ്തു. അതിൽ പ്രതിഷേധിച്ച് ഭഗത്സിംഗും കൂട്ടുകാരും കേസ്സിൻെറ വിചാരണ ബഹിഷ്കരിച്ചു. അതിനു പ്രതികാരമായി ജയിലധികൃതർ അവരുടെ ബന്ധുക്കളുടെ സന്ദർശനം തടഞ്ഞു. അക്കാലത്തു് എഴുതിയ ഒരു കത്തു്.]

സെൻട്രൽജയിൽ–ലാഹോർ.

16, സെപ്തംബർ 1930.

പ്രിയപ്പെട്ട കുൽബീർസിംഗ്,

സത് ശ്രീ അകാൽ! ജയിലധികൃതർ പ്രതികാരബുദ്ധ്യാ ബന്ധുമിത്രാദികളുമായുള്ള ഞങ്ങളുടെ കൂടിക്കാഴ്ച നിരോധിച്ചിരിക്കുന്നതു് നീ അറിഞ്ഞുകാണുമല്ലോ! ആ പരിതഃസ്ഥിതിയിൽ ഇനി കൂടിക്കാഴ്ച ഉണ്ടാകുകയില്ല. അടുത്തുതന്നെ വിധി പ്രസ്താവിക്കുമെന്നാണു് കരുതുന്നതു്. അതിനുശേഷം ഞങ്ങളെ മറേറതെങ്കിലും ജയിലിലേയ്ക്കു് മാററും. അതിനാൽ നീ എന്നെങ്കിലുമൊരുദിവസം ജയിലിൽ വന്നു് എൻെറ പുസ്തകങ്ങളും മററു സാധനങ്ങളും വാങ്ങിക്കൊണ്ടു പൊയ്ക്കൊള്ളു! ഞാൻ പുസ്തകങ്ങളും വസ്ത്രങ്ങളും മററു കടലാസ്സുകളും ജയിൽ ഡെപ്യൂട്ടിസൂപ്രണ്ടിൻെറ ആഫീസിലേക്കയയ്ക്കാം. നീ അവിടെനിന്നു് വാങ്ങിക്കൊള്ളു. ഈ ആഴ്ചയിലോ ഈ മാസത്തിലോ വിധി പ്രസ്താവിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ആ പരിതഃസ്ഥിതിയിൽ മറേറതെങ്കിലും ജയിലിൽവച്ചു് കാണാൻ സാധിച്ചെങ്കിലായി. ഇവിടെ ആശയ്ക്കു വകയില്ല. വക്കീലിനെ അയയ്ക്കാൻ സാധിക്കുമെങ്കിൽ അയയ്ക്കുക! പ്രിവികൗൺസിലിനെ സംബന്ധിച്ച്, ഒരത്യാവശ്യകാര്യം അറിയാനാഗ്രഹിക്കുന്നു. അമ്മയെ സമാശ്വസിപ്പിക്കുക! പരിഭ്രമിക്കരുതു്!

സ്വന്തം സഹോദരൻ,

ഭഗത്സിംഗ്.

iii

സെൻട്രൽ ജയിൽ-ലാഹോർ,

25, സെപ്തംബർ 1930.

പ്രിയപ്പെട്ട കുൽബീർസിംഗ്,

സത് ശ്രീ അകാൽ!

നീ ഒരുദിവസം അമ്മയേയുംകൂട്ടി ഇവിടെ വന്നിരുന്നെന്നും സന്ദർശനാനുമതി ലഭിക്കാതെ നൈരാശ്യത്തോടെ മടങ്ങിപ്പോയെന്നും അറിഞ്ഞു് ഞാൻ അത്യധികം ഖേദിച്ചു. ജയിലധികൃതർകൂടിക്കാഴ്ചയ്ക്കനുവാദം തരില്ലെന്നകാര്യം നിനക്കറിയാമായിരുന്നല്ലോ! പിന്നെ അമ്മയെ കൂട്ടിക്കൊണ്ടുവന്നതെന്തിനായിരുന്നു? അമ്മ ഈയവസരത്തിൽ വളരെയധികം വ്യസനിക്കുന്നുണ്ടെന്നു് എനിക്കറിയാം. എന്നാൽ ഈ വ്യസനവും പരിഭ്രമവുംകൊണ്ടെന്തു പ്രയോജനം? നഷ്ടം തീർച്ചയായുമുണ്ടു്. എന്തെന്നാൽ അമ്മ സദാസമയവും കരയുകയാണെന്നറിഞ്ഞതോടെ എനിക്കും അസ്വസ്ഥത തോന്നുന്നു. പരിഭ്രമിക്കേണ്ട കാര്യമൊന്നുമില്ല. അതുകൊണ്ടൊരു നേട്ടവുമില്ല. ധൈര്യസമേതം എല്ലാ പ്രശ്നങ്ങളും നേരിടുക! ലോകത്തു് വേറെയുമെത്രയോ ജനങ്ങൾ എന്തുമാത്രം യാതനകളാണനുഭവിച്ചുകൊണ്ടിരിക്കുന്നതു്! പിന്നെ ഒരു വർഷം തുടർച്ചയായി കൂടിക്കാഴ്ചനടത്തിട്ടും മതിവന്നില്ലെങ്കിൽ ഇനി രണ്ടോ മൂന്നോ പ്രാവശ്യത്തെ കൂടിക്കാഴ്ചകൊണ്ടും മതിവരാൻപോകുന്നില്ല. വിധി പ്രസ്താവിക്കുകയും ജയിൽ മാറുകയും ചെയ്യുന്നതോടെ കൂടിക്കാഴ്ച അനുവദിക്കുമെന്നാണു് ഞാൻ കരുതുന്നതു്. ഇനി അനുവാദം ലഭിച്ചില്ലെങ്കിൽതന്നെയും വ്യസനിച്ചതുകൊണ്ടെന്തു പ്രയോജനം?

സ്വന്തം സഹോദരൻ,

ഭഗത്സിംഗ്.

**iv**

**[ഭഗത്സിംഗ് ദത്തിനോടൊത്തു് പാർലമെൻറിൽ ബോംബെറിഞ്ഞു് അറസ്ററു വരിച്ച് ജയിലിലായപ്പോൾ പിതാവു് കിഷൻസിംഗിനെഴുതിയ കത്തു്.]**

ഡെൽഹി ജയിൽ,

26, ഏപ്രിൽ 1929

പൂജ്യപിതാജീ! വന്ദേമാതരം!

ഞങ്ങളെ ഏപ്രിൽ 22–ാംതീയതി പോലീസ്കസ്റ്റഡിയിൽ നിന്നു് ജയിലിലേയ്ക്കു മാററി. ഇപ്പോൾ ഡൽഹിജയിലിലാണു്. ഏതാണ്ടു് ഒരുമാസംകൊണ്ടു് എല്ലാ നാടകങ്ങളുമവസാനിക്കും......പരിഭ്രമിക്കേണ്ട യാതൊരാവശ്യവുമില്ല. അങ്ങു് ഇവിടെ വന്നിരുന്നെന്നും പല വക്കീലന്മാരുമായി സംസാരിച്ചെന്നും ഒരു പോംവഴിയും കാണാൻകഴിഞ്ഞില്ലെന്നും എനിക്കറിയാൻ കഴിഞ്ഞു. വക്കീലന്മാരുടെ യാതൊരാവശ്യവുമില്ല. എങ്കിലും ഒന്നുരണ്ടു കാര്യങ്ങളിൽ നിർദ്ദേശം വാങ്ങാനാഗ്രഹമുണ്ടു്. അതുകൊണ്ടും കാര്യമായ നേട്ടമൊന്നുമുണ്ടാകാനില്ല. അങ്ങു് വൃഥാ ബുദ്ധിമുട്ടേണ്ടതില്ല. എന്നെ കാണാൻ വരികയാണെങ്കിൽ ഒററയ്ക്കു വരണം. അമ്മയെ കൂട്ടത്തിൽ കൊണ്ടുവരരുതു്. അമ്മ ഇവിടെ വന്നാൽ കരയുകയും പിഴിയുകയും ചെയ്യും. അതു കാണുമ്പോൾ എനിക്കും വിഷമമുണ്ടാകും. കഴിയുമെങ്കിൽ ഗീതാരഹസ്യവും നെപ്പോളിയൻെറ ആത്മകഥയും ഏതെങ്കിലും സ്നേഹിതന്മാരോടു പറഞ്ഞു നാലഞ്ചു് ഇംഗ്ലീഷ്നോവലുകളും കൂട്ടത്തിൽ കൊണ്ടുവരണം. പോലീസുകാരും ജയിലധികൃതരും ഞങ്ങളോടു് വളരെ മാന്യമായിട്ടാണു് പെരുമാറുന്നതു്. അങ്ങു് ഒന്നുകൊണ്ടും പരിഭ്രമിക്കേണ്ടതില്ല.

സ്വന്തം പുത്രൻ,

ഭഗത്സിംഗ്.

# 2

## ശ്രീ ബട്കേശ്വർ ദത്ത്

ശ്രീ ബി. കെ. ദത്ത് സുപ്രസിദ്ധനായ ഒരു വിപ്ലവകാരിനേതാവാണ്. ബട്കേശ്വർദത്ത് എന്നാണ് പൂർണ്ണമായ പേരു്. അദ്ദേഹം സർദാർ ഭഗത്സിംഗിൻെറ സഹവത്തകനായിരുന്നു. അവർ ഇരുവരും 1929 ജൂണിൽ പാർലിമെൻറുമന്ദിര(സെൻട്രൽ അസംബ്ളിഹാൾ)ത്തിൽ ബോംബെറിഞ്ഞതോടെ 'ഭഗത്സിംഗ്-ദത്ത് സിന്ദാബാദ്' എന്ന മുദ്രാവാക്യത്താൽ ഭാരതമെങ്ങും മുഖരിതമായി. അക്കാലത്തു് 'സർദാർ ഭഗത്സിംഗ്-ദത്ത്', ഒരു വ്യക്തിയുടെ പേരാണെന്ന് പലരും ധരിച്ചിരുന്നു. പാർലിമെൻറുമന്ദിരത്തിൽ ബോംബെറിഞ്ഞ. കുററത്തിന് ഭഗത്സിംഗ് കഴുമരത്തിലേററപ്പെട്ടെങ്കിലും ബി. കെ. ദത്ത് മരണവക്ത്രത്തിൽ നിന്നു രക്ഷപെട്ടു. അദ്ദേഹത്തെ ജീവപര്യന്തം തടവുശിക്ഷയനുഭവിക്കുന്നതിനായി ആൻറമാനിലേക്കയയ്ക്കുകയാണുണ്ടായതു്.

അടുത്തകാലത്തു് രോഗബാധിതനായി പാററ്നാ ആശുപത്രിയിലായിരുന്ന ദത്തിന് വിദഗ്ദ്ധമായ വൈദ്യസഹായം നൽകാൻ ശ്രീ ഗുൽസാരിലാൽനന്ദ, ആഭ്യന്തരവകുപ്പിൻെറ മേൽനോട്ടത്തിൽ ഡൽഹിയിലെ മെഡിക്കൽ ഇൻസ്റ്റിററ്യൂട്ടിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. കുറേദിവസംമുമ്പു് ഞാൻ അദ്ദേ



ബി. കെ. ദത്ത്
(ചെറുപ്പത്തിൽ)



സോഹൻലാൽപഥക്
(ഗദർപാർട്ടി)

ഹത്തെ സന്ദർശിക്കുകയുണ്ടായി. പലതിനെക്കുറിച്ചും സംസാരിച്ച കൂട്ടത്തിൽ അദ്ദേഹത്തോടു പറഞ്ഞു: "ദത്ത്ജീ, ജനങ്ങൾക്ക് താങ്കളെക്കുറിച്ച് പലതും അറിയാനാഗ്രഹമുണ്ട്. സർദാർ ഭഗത് സിംഗിന്റെയും താങ്കളുടെയും ചരിത്രം, താങ്കളുടെ ഭാഷയിൽത്തന്നെ കേൾക്കാൻ ആഗ്രഹിക്കുന്നവരാണ്. വിപ്ലവകാരികളുടെ കാലഘട്ടത്തേയും പ്രവർത്തനങ്ങളേയും സംബന്ധിച്ച് എന്തെങ്കിലുമെഴുതാൻ അങ്ങയോടു പലരും അഭ്യർത്ഥിക്കുന്നുണ്ട്. എന്താണെന്നു മനസ്സിലാകുന്നില്ല, ആ കാലഘട്ടത്തെ സംബന്ധിച്ച് അങ്ങ് ഒന്നും എഴുതുന്നില്ല. അങ്ങയെ വിപ്ലവസംഘത്തിലേക്കാകർഷിച്ച കാരണങ്ങളെന്തെന്നും, ഭഗത്സിംഗുമായി എങ്ങനെ പരിചയപ്പെട്ടെന്നും, അസംബ്ളിഹാളിൽ ബോംബെറിയാൻ—ഇത്രയധികം സഹപ്രവർത്തകരുണ്ടായിരുന്നിട്ടും—ഭഗത്സിംഗ് അങ്ങയെത്തന്നെ കൂട്ടുപിടിച്ചതെന്തുകൊണ്ടെന്നും അറിയാൻ ഞങ്ങൾക്ക്

അതിയായി ആഗ്രഹമുണ്ട്. അങ്ങേയ്ക്ക് ബ്രിട്ടീഷ്ഭരണാധികാരികളോട് വെറുപ്പും വിദ്വേഷവുമുണ്ടാകാനുള്ള കാരണമെന്താണ്?"

ദത്ത്ജി അല്പസമയം ചിന്താമഗ്നനായിരുന്നതിനുശേഷം പറഞ്ഞു:

"ഞാൻ ബാലനായിരുന്ന കാലത്ത് നമ്മുടെ രാജ്യത്ത് ഇംഗ്ലീഷുകാരുടെ ദുർഭരണമായിരുന്നു. അന്ന് റോഡിൽവെച്ച് ഏതെങ്കിലുമൊരു വെള്ളക്കാരനെ കണ്ടാൽ ജനങ്ങൾ ഓടിയൊളിച്ചിരുന്നു. 1922-ലെ സംഭവമാണ്. അന്നെനിക്ക് പതിമൂന്നു വയസ്സു പ്രായമേയുള്ളു. ഞാൻ കാൺപൂരിലാണു താമസിച്ചിരുന്നത്. ഇംഗ്ലീഷ്പട്ടാളക്കാർ സാധാരണ റോഡിലൂടെ, ബാൻറു മുഴക്കി പരേഡുചെയ്തു പോകാറുണ്ടായിരുന്നു. ബാൻറിന്റെ ശബ്ദം കേട്ട് കുട്ടികൾ കൗതുകത്തോടെ റോഡിലിറങ്ങിവരും. എന്നാൽ വെള്ളക്കാരെ കാണുന്നമാത്രയിൽ അവർ ഭയവിഹ്വലരായി ഓടിയൊളിക്കും. എന്റെ ഹൃദയത്തെ ഈദൃശസംഭവങ്ങൾ അസ്വസ്ഥമാക്കിയിരുന്നു. വെള്ളക്കാർ വൈകുന്നേരം കാററുകൊള്ളാൻ മാൾറോഡിൽ വരും. ആ സമയം എല്ലാ ഗതാഗതവും മുടങ്ങും. ഒരൊററ ഇന്ത്യാക്കാരനും അപ്പോൾ അതിലേ നടന്നുകൂടാ. അബദ്ധത്തിൽ ആരെങ്കിലും മാൾറോഡിലെത്തിപ്പോയാൽ അവർ പിന്നോട്ടു തിരിച്ചുപോന്നുകൊള്ളണം. അങ്ങനെ പിന്തിരിഞ്ഞു പോരാൻ കഴിയുകയില്ലെന്ന തീരുമാനത്തോടെ ഞാനൊരുദിവസം വീട്ടിൽനിന്നു പുറപ്പെട്ടു. മാൾറോഡിലെത്തിയപ്പോൾ രണ്ടു വെള്ളക്കാർ നടന്നുവരുന്നതു കണ്ടു. ഞാൻ ഒന്നുമറിയാത്ത ഭാവത്തിൽ റോഡിന്റെ ഒരരുകിലൂടെ നടന്നുപോയി. വെള്ളക്കാരുടെ മുമ്പിലെത്തിയമാത്രയിൽ അവരിലൊരാൾ കൈയിലിരുന്ന വടികൊണ്ട് എന്നെ മൂന്നുനാലടിച്ചു. അന്നുമുതൽ എനിക്ക് ബ്രിട്ടീഷുകാരോട് വിദ്വേഷമായി. സ്വന്തം നാട്ടിൽവച്ച്, നമ്മെ അപമാനിക്കുന്ന ഈ വിദേശികളെ എങ്ങനെയെങ്കിലും പുറത്താക്കണമെന്ന വിചാരമാണ് എനിക്കപ്പോഴുണ്ടായത്. ആ സംഭവമാണ് എന്നെ വിപ്ലവസംഘത്തിൽ ചേരാൻ പ്രേരിപ്പിച്ചത്."

അപ്പോഴെനിക്കു ചന്ദ്രശേഖർആസാദിന്റെ കാര്യം ഓർമ്മവന്നു. അദ്ദേഹവും ബി. കെ. ദത്തിനെപ്പോലെതന്നെ 1922-ൽ



ചന്ദർശേഖർആസാദ്

ആണു് വിപ്ലവസംഘത്തിൽ ചേന്നതു്. ചന്ദർശേഖർആസാദ് സിവിലാജ്ഞാലംഘനക്കുററത്തിനു് ശിക്ഷിക്കപ്പെട്ടു. ജഡ്ജി ആ ബാലനെ മുക്കാലിയിൽകെട്ടി അടിക്കാനാജ്ഞാപിച്ചു. ഓരോ പ്രഹരമേല്ക്കുമ്പോഴും ചന്ദർശേഖർആസാദ് 'ഗാന്ധിജി കി ജയ്" എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടിരുന്നു. ഇംഗ്ലീഷുകാരുടെ കാലത്തെ ചൂരൽപ്രയോഗം എത്ര ഭയാനകമാണെന്നു് അതു കൊണ്ടിട്ടുള്ളവക്കേ അനുമാനിക്കാൻ കഴിയൂ. പതിനാലാമത്തെ വയസ്സിൽ, മുക്കാലിയിൽകെട്ടി അടികൊണ്ട ചന്ദർശേഖർആസാദിനു് അടിമത്തം അതിഭയാനകമാണെന്നു തോന്നലുണ്ടായി. ആ തോന്നൽ അദ്ദേഹത്തെ ഒരു വിപ്ലവകാരിയാക്കിത്തീർത്തു. അങ്ങനെ ചന്ദർശേഖർആസാദ് വെള്ളക്കാരെ തന്റെ മാതൃഭൂമിയിൽ നിന്നു തുരത്താൻ അരയുംതലയുംമുറുക്കി രംഗത്തിറങ്ങി. ബി. കെ. ദത്ത് പാർലിമെൻറുമന്ദിരത്തിൽ ബോംബെറിയുകമാ

ത്രമല്ല ചെയ്തതു്, യൂറോപ്യൻ സാമ്രാജ്യത്വത്തെ വെല്ലുവിളിക്കുകയും 'ഇൻക്വിലാബ് സിന്ദാബാദ്" എന്ന മുദ്രാവാക്യം പ്രദാനംചെയ്തു്, രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള പാത കാണിക്കുകയുംചെയ്തു.

"ഭഗത്സിംഗിന്റെ വിപ്ലവജീവിതത്തെ സംബന്ധിച്ചു് ഒരു സിനിമ നിർമ്മിച്ചിട്ടുണ്ടു്. അതിനെക്കുറിച്ചു താങ്കളുടെ അഭിപ്രായമെന്താണു്?"—ഞാൻ ശ്രീ ദത്തിനോടു ചോദിച്ചു.

"വളരെ മോശം. സിനിമ എങ്ങനെയിരിക്കണമെന്നു് അതിന്റെ നിർമ്മാതാവിനു വിവരമില്ല. അയാൾ ആരെക്കൊണ്ടോ കൊണ്ടു് ഒരു കഥ എഴുതിച്ചു ചലച്ചിത്രമാക്കി. ഭഗത്സിംഗിന്റെ വിപ്ലവജീവിതത്തെ പശ്ചാത്തലമാക്കി കഥ രചിക്കാൻ ആ ജീവിതവുമായി ബന്ധപ്പെട്ട ഒരാൾക്കു മാത്രമേ സാദ്ധ്യമാകൂ. ഞാൻ ഭഗത്സിംഗിന്റെ മാതാവിനെ സന്ദർശിച്ചു്, മടങ്ങുമ്പോൾ ചണ്ഡിഗഢിൽ ഒരുദിവസം താമസിക്കുകയുണ്ടായി. അവിടെവെച്ചു് പഞ്ചാബ്ഗവണ്മെൻറിന്റെ പാർലിമെൻററി സെക്രട്ടറി ശ്രീ ഗുലാബ്സിംഗ് ആ ഫിലിംനിർമ്മാതാവിനെ എനിക്കു പരിചയപ്പെടുത്തിത്തന്നു. പ്രദേശ്കോൺഗ്രസ് പ്രസിഡൻറു് ശ്രീ ഭഗത്ദയാലും അവിടെ ഉണ്ടായിരുന്നു. ഗുലാബ് സിംഗ് ആ ചലച്ചിത്രത്തിന്റെ കഥയെപ്പററി പ്രശംസിച്ചു്, എന്നോടു വായിച്ചുനോക്കാനാവശ്യപ്പെട്ടു. ഗുലാബ്സിംഗിന്റെ പ്രശംസ എന്നെ അത്ഭുതപ്പെടുത്തി. അദ്ദേഹത്തിനു് ഭഗത്സിംഗിന്റെ വിപ്ലവകാലജീവിതത്തെക്കുറിച്ചു് യാതൊരു വിവരവുമില്ല. അദ്ദേഹം വളരെക്കാലത്തിനുശേഷമാണു് വിപ്ലവസംഘത്തിൽ ചേർന്നതു്. ഞാൻ ഗുലാബ്സിംഗിനോടു ചോദിച്ചു, "നിങ്ങൾ എഴുതിയ, 'കഴുമരത്തിന്റെ തണലിൽ' എന്ന പുസ്തകത്തിൽ, പാർലിമെൻറുമന്ദിരത്തിലെ ബോംബേറുകേസ്സാണു് നിങ്ങളെ വിപ്ലവസംഘത്തിൽ ചേരാൻ പ്രേരിപ്പിച്ചതു് എന്നാണല്ലോ കാണുന്നതു്. അതായതു്, ഞാനും ഭഗത്സിംഗുംകൂടി പാർലിമെൻറുമന്ദിരത്തിൽ ബോംബെറിഞ്ഞപ്പോൾ, അതിൽ പ്രചോദിതനായി നിങ്ങൾ വിപ്ലവസംഘത്തിൽ ചേർന്നു. ആ സ്ഥിതിക്കു് നിങ്ങൾക്കതിനുമുമ്പുള്ള സംഭവങ്ങളുമായി യാതൊരു പരിചയവുമില്ല. പിന്നെ ആ കഥ വളരെ സത്യസന്ധമാണെന്നു്

നിങ്ങൾക്കെങ്ങനെ പറയാൻ കഴിയും?"—എന്ന്. അങ്ങനെ ഞാൻ ആ കഥ വായിക്കാൻ വിസമ്മതിച്ചു."

ശ്രീ ദത്ത് തുടന്നു: "ഫിലിംനിർമ്മാതാവു് രണ്ടുകൊല്ലമായി എനിക്കു പല കത്തുകളുമയച്ചുകൊണ്ടിരുന്നു. ഒരിക്കൽ പാട്നായിൽ വന്നു് എന്നെ കാണുകയുംചെയ്തു. എനിക്കു് ആ കഥയുമായി അടിസ്ഥാനപരമായി അഭിപ്രായവ്യത്യാസമുണ്ടു്. ഭഗത് സിംഗിൻെറ ജീവിതത്തെ സംബന്ധിച്ചു ഞങ്ങൾതന്നെ എഴുതും. അല്ലാതെ ആരെങ്കിലുമെഴുതിക്കൂട്ടിയതിനുശേഷം ഞങ്ങളോടു സമ്മതം വാങ്ങിക്കുന്നതുകൊണ്ടു യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടലുണ്ടാവില്ല. അതുകൊണ്ടാണു് ആ ഫിലിം ഉദ്ഘാടനം ചെയ്യാനുള്ള ക്ഷണവും ഞാൻ നിരസിച്ചതു്."

ഞാൻ ഓർമ്മിപ്പിച്ചു: "ഭഗത്സിംഗിൻെറ അനുജൻ കുൽത്താർസിംഗ്, ആ ഫിലിം സത്യസന്ധമാണെന്നു് സർട്ടിഫൈ ചെയ്തിട്ടുണ്ടല്ലോ?"

ദത്ത്:—"കുൽത്താർസിംഗിനു് ഞങ്ങളെക്കുറിച്ചെന്തറിയാം? ലാഹോർഗൂഢാലോചനക്കേസ് വിചാരണചെയ്യുന്ന കാലത്തു് അദ്ദേഹത്തിനു പതിമൂന്നുവയസ്സു് പ്രായമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം ഞങ്ങളുടെ വിപ്ലവകാലഘട്ടം കണ്ടിട്ടില്ല. കുൽത്താർസിംഗ് ഇന്നലെ നിങ്ങളോടൊന്നിച്ചു് ഇവിടെ വന്നപ്പോഴും ഞാനക്കാര്യങ്ങൾ ചർച്ചചെയ്തില്ല. ഇന്നു രാവിലെ കുൽവീർസിംഗ് (ഭഗത്സിംഗിൻെറ രണ്ടാമത്തെ അനുജൻ) ഫിറോസ്പൂരിൽ നിന്നു് എന്നെ കാണാൻ വന്നിരുന്നു. അദ്ദേഹം പറയുന്നതു്, ആ ഫിലിമിനു കുൽത്താർസിംഗ് സർട്ടിഫിക്കററു നൽകിയതു് തെററായിപ്പോയെന്നും ഭഗത്സിംഗിൻെറ ജീവിതയാഥാർത്ഥ്യങ്ങളുമായി അതിനു് യാതൊരു ബന്ധവുമില്ലെന്നുമാണു്. അതു് നിയമത്തിൻെറ പ്രശ്നം മാത്രമല്ല; സിദ്ധാന്തവുംകൂടി കണക്കിലെടുക്കണം. ഫിലിംനിർമ്മാതാവു് ഏതെങ്കിലുമൊരു സിദ്ധാന്തം പ്രചരിപ്പിക്കാനുള്ള ഉദ്ദേശത്തോടെയല്ല ഫിലിം നിർമ്മിക്കുന്നതു്. പണം സമ്പാദിക്കണമെന്ന ഉദ്ദേശമേ അയാൾക്കുള്ളൂ. ഭഗത്സിംഗ് സുപ്രസിദ്ധനായ ഒരു ദേശാഭിമാനിയായിരുന്നു എന്നു് അയാൾക്കറിയാം. അതിനാൽ കൂടുതൽ പണം സമ്പാദിക്കാം. ഞങ്ങളെ സംബന്ധിച്ചിടത്തോളം പണം സമ്പാദിക്കുന്ന പ്രശ്നമേ ഉദിക്കു

ന്നില്ല. ഏതൊന്നിനുവേണ്ടിയാണോ ഭഗത്സിംഗ് ജീവിതം ബലിയർപ്പിച്ചതു് ആ ചിന്താഗതി പ്രചരിപ്പിക്കണമെന്നേ ഞങ്ങൾക്കുദ്ദേശമുള്ളൂ."

ഞാൻ:—"ഭഗത്സിംഗിൻെറ മഹജ്ജീവിതത്തെ സംബന്ധിച്ചു് ഒരു നാടകമെഴുതാൻ പറഞ്ഞാൽ അങ്ങു് എന്തെഴുതും?"

ദത്ത്:—"ആദ്യത്തെ രംഗത്തിൽ ഇംഗ്ലീഷ്പട്ടാളക്കാർ ബാൻറുമുഴക്കി ബസാറിലൂടെ പരേഡുചെയ്തു കടന്നുപോകുന്നതു കാണിക്കും. അക്കാലത്തു് ഇംഗ്ലീഷുകാർ നമ്മോടു പ്രവർത്തിച്ചിരുന്ന അനീതികളെന്തെല്ലാമായിരുന്നെന്നും ഭാരതീയർ എത്രമാത്രം അപമാനം സഹിച്ചിരുന്നെന്നും സ്പഷ്ടമാക്കുകയാണു് അതിൻെറ ഉദ്ദേശം. രണ്ടാമത്തെ രംഗത്തിൽ സർദാർ അജിത്സിംഗിൻെറ ഭാര്യ (ഭഗത്സിംഗിൻെറ ചിററമ്മ) കരഞ്ഞുകൊണ്ടിരിക്കുന്നതു കാണിക്കണം. സർദാർ അജിത്സിംഗിനെ രാജ്യദ്രോഹക്കുററത്തിനു് ഇംഗ്ലീഷുകാർ നാടുകടത്തുകയാണുണ്ടായതു്. ബാലനായ ഭഗത്സിംഗ് കളിയും കഴിഞ്ഞു് വീട്ടിലെത്തുമ്പോൾ, കരഞ്ഞുകൊണ്ടിരിക്കുന്ന ചിററമ്മയെ കെട്ടിപ്പിടിച്ചു് "ചിററമ്മേ, നിങ്ങൾ എന്തിനാണു കരയുന്നതെ"ന്നു് ചോദിക്കുന്നു. തൻെറ ചിററപ്പനു് ഇനി രാജ്യത്തേയ്ക്കു തിരിച്ചുവരാൻ കഴിയുകയില്ലെന്നറിയുന്നതോടെ ബാലനായ ഭഗത്സിംഗിൻെറ ഹൃദയത്തിൽ ആദ്യമായി ഇംഗ്ലീഷുകാരോടു വെറുപ്പും അമർഷവുമുടലെടുക്കുന്നു. മൂന്നാമത്തെ രംഗത്തിൽ ഖുദ്ദിറാംബോസ്, കനായിലാൽദത്ത്, മദൻലാൽധാംഗർ, കർത്താർസിംഗ് സൊറാബാ, സോഹൻലാൽ പാഠക് തുടങ്ങിയവരുടെ ബലിയർപ്പണം പ്രദർശിപ്പിക്കണം. അതെല്ലാം കണ്ടുകൊണ്ടാണു് ഭഗത്സിംഗ് മാതൃഭൂമിയുടെ സ്വാതന്ത്ര്യസമ്പാദനത്തിനുള്ള മാർഗ്ഗമന്വേഷിച്ചിറങ്ങിയതു്. നാലാമത്തെ രംഗത്തിൽ ശൃംഖലാബദ്ധയായ ഭാരതാംബ കരഞ്ഞുകൊണ്ടിരിക്കുന്നു. അശ്രു തുടയ്ക്കാനാരുമില്ല. അതുകണ്ടു് ഞങ്ങൾ കുറേ യുവാക്കൾ ആത്മാഹൂതിനടത്തി ഭാരതത്തെ വിമോചിപ്പിക്കാൻ രംഗത്തിറങ്ങുന്നു. അഞ്ചാമത്തെ രംഗത്തിൽ മഹാകവി ടാഗൂറിൻെറ 'ഹേ! ഭാരതമാതാ! നിൻെറ അശ്രു തുടയ്ക്കാൻ ബംഗാളിലെയും, പഞ്ചാബിലെയും ധീരദേശാഭിമാനികൾ രംഗത്തിറങ്ങിട്ടുണ്ടു്. രാജ്യത്തെ അക്രമത്തിൽനിന്നും അനീതിയിൽനിന്നും

മോചിപ്പിക്കുവാൻ അവർ ഭരണാധികാരികളോടേറുമുട്ടിക്കൊണ്ടിരിക്കുന്നു' എന്ന സുപ്രസിദ്ധഗീതം......"

ശ്രീ ബി. കെ. ദത്ത് ചികിത്സയ്ക്കായി ഡൽഹിയിലെ ആശുപത്രിയിലെത്തിയിരിക്കുന്ന എന്ന വാർത്തയറിഞ്ഞു് രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നും സന്ദർശകർ ആശുപത്രിയിലേയ്ക്കു് പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ആ പരിതഃസ്ഥിതിയിൽ അദ്ദേഹത്തിനു വിശ്രമം ലഭിക്കുകയില്ലല്ലോ എന്നു കരുതി ഞാൻ ചോദിച്ചു:—"പകൽ മുഴുവൻ ഇങ്ങനെയായാൽ അങ്ങേയ്ക്കു് വിശ്രമിക്കാൻ സാധിക്കുകയില്ലല്ലോ?"

ദത്ത്:—"അവരെ എങ്ങനെ തടയാൻ കഴിയും? നിങ്ങളെപ്പോലെതന്നെ അവരും രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നു വരുന്നവരാണു്. ബ്രിട്ടീഷ്സാമ്രാജ്യത്തോടെതിരിടാൻ യുവാക്കൾ മരണപ്പുടവയുമണിഞ്ഞു് വീടുകളുപേക്ഷിച്ചു് രംഗത്തിറങ്ങിക്കൊണ്ടിരുന്ന കാലഘട്ടത്തെക്കുറിച്ചുള്ള ഓർമ്മകളാണു് അവരെ ഇങ്ങോട്ടാകർഷിക്കുന്നതു്. അതുകൊണ്ടു് ആരെയും തടയാൻപാടില്ല."

പഞ്ചാബിലെ തലമുതിർന്ന കുറേ നേതാക്കൾ ശ്രീ ദത്തിനെ സന്ദർശിക്കാനെത്തി. അക്കൂട്ടത്തിൽ ഒരു മഹതിയുമുണ്ടായിരുന്നു. അവർ വിപ്ലവകാരികളായ രക്തസാക്ഷികളുടെ സ്മരണയ്ക്കായി 'സ്വാതന്ത്ര്യസംഗ്രാം സ്മാരകസമിതി' എന്നൊരു പ്രസ്ഥാനം നടത്തിവരുന്നുണ്ടെന്നറിഞ്ഞു. ലീലാവതി സൈഗാൾ എന്നാണു് ആ മഹതിയുടെ പേരു് അവർ കുറേ പഴങ്ങളും, വിലപിടിച്ച ഒരു കാഷ്മീരിഷാളും ദത്തിനു സമ്മാനിച്ചു. സന്ദർശകരുടെ തിരക്കു കുറഞ്ഞപ്പോൾ ഞാൻ പറഞ്ഞു: "ദത്ത്ജീ, ജനങ്ങൾക്കിപ്പോഴും നിങ്ങളോടു് സ്നേഹമുണ്ടു്. ശ്രീമതി ലീലാവതി എത്ര വിലപിടിച്ച ഷാളാണു് നിങ്ങൾക്കു് സമ്മാനിച്ചതെന്നു നോക്കൂ!"

ശ്രീ ദത്ത് അല്പസമയം ചിന്തിച്ചതിനുശേഷം തുടർന്നു: "എനിക്കീ ഷാൾ എന്തുചെയ്യാനാണു്? ജീവിതത്തിൻെറ മുക്കാൽ ഭാഗവും ഇരുളടഞ്ഞ കൽത്തുറുങ്കുകളിൽ കഴിച്ചുകൂട്ടി. ജയിലുകളിൽ അർദ്ധനഗ്നനായി ജീവിക്കേണ്ടിയിരുന്നു. ബല്ലാറിജയിലിൽവച്ചു്, രണ്ടു കമ്പിളി കിട്ടി. ഒന്നു വിരിക്കാനും, ഒന്നു പുത

സ്ഥാനം. എന്നാൽ ഉഷ്ണപ്രദേശമായതുകൊണ്ടു് ആ കമ്പിളി ഉപയോഗിക്കാൻ കഴിഞ്ഞിരുന്നില്ല. വെറും തറയിൽ, മണ്ണിലാണു് ഉറങ്ങിയിരുന്നതു്. അങ്ങനെ മണ്ണിൽ ഉറങ്ങിയുറങ്ങി ശരീരവും മണ്ണായി."

സംസാരിച്ചുകൊണ്ടിരുന്നതിനിടയിൽ ശ്രീമതി ദത്ത് പറഞ്ഞു: "നീ പോയി ഖദർസ്റ്റോറിൽനിന്നു് ദത്ത്ജിക്കു് രണ്ടു ഷട്ട് വാങ്ങിക്കൊണ്ടുവരൂ. അദ്ദേഹത്തിൻെറ ഷർട്ടു മുഴുവൻ കീറിപ്പോയി."

"ഷർട്ടിനു് അളവു വേണ്ടേ?"

ശ്രീമതി ദത്ത് ഒരു ഷർട്ടെടുത്തുതന്നു. ആ ഷർട്ടു കണ്ടു് ഞാൻ അത്ഭുതപ്പെട്ടു. കീറിപ്പറിഞ്ഞു് ഉപയോഗശൂന്യമായ ഷട്ട്. എന്നിട്ടു് ദത്ത്, അതുപയോഗിക്കാൻ സൂക്ഷിച്ചുവെച്ചിരിക്കുന്നു! ആ ഷർട്ടു് കണ്ടപ്പോൾ ഭഗത്സിംഗിൻെറ ഷർട്ടിനെക്കുറിച്ചു ശ്രീമതി സുശീലആസാദ് പറഞ്ഞിട്ടുള്ളതു് ഞാൻ ഓർത്തുപോയി: "പോലീസ് ഡെപ്യൂട്ടി കമ്മീഷണർ സാൻേറഴ്സൻെറ വധത്തിനുശേഷം ഭഗത്സിംഗ് കുറേ സഹപ്രവർത്തകരൊന്നിച്ചു ഝാൻസിയിൽ വന്നു. ഉഷ്ണകാലമായിരുന്നു. ഒരുദിവസം ഭഗത് സിംഗ് വെളിയിലിറങ്ങി സഞ്ചരിച്ചതിനുശേഷം വിയർത്തൊലിച്ചു് വീട്ടിൽ വന്നു് എന്നോടു പറഞ്ഞു: 'ജ്യേഷ്ഠത്തി! വല്ലാത്ത ചൂട്. ഒന്നു കുളിക്കണം.'

"ഞാൻ വേഗംതന്നെ കുളിമുറി കാണിച്ചുകൊടുത്തു. ഭഗത് സിംഗ് കുളിച്ചുകൊണ്ടിരുന്നപ്പോൾ, വെളിയിൽ ഊരിവെച്ചിരുന്ന ഷർട്ടു് ഞാൻ കണ്ടു. ഷർട്ടു മുഷിഞ്ഞതായിരുന്നു. എന്നുമാത്രമല്ല, അനേകം സ്ഥലത്തു കീറിയതുംകൂടിയായിരുന്നു. എൻെറ കണ്ണുകൾ നിറഞ്ഞുപോയി. ഞാൻ ആരോടും ഒന്നും പറയാതെ ബസാറിൽ പോയി ഒരു ഷർട്ടിനു തുണിയെടുത്തു് തുന്നൽക്കാരനു് ഇരട്ടിക്കൂലി കൊടുത്തു വേഗം തുന്നിച്ചുകൊണ്ടുവന്നു ഭഗത് സിംഗിനു കൊടുത്തു."

ശ്രീ ദത്തിനെ സന്ദർശിക്കാൻ സാധാരണക്കാർ മാത്രമല്ല, വലിയവലിയ നേതാക്കന്മാരും വന്നുകൊണ്ടിരിക്കുന്നു. ശ്രീമതി ലക്ഷ്മി എൻ. മേനോൻ വന്നപ്പോൾ ഞാനുമവിടെയുണ്ടായിരുന്നു.

അവർ ശ്രീമതി ദത്തിനെ കെട്ടിപ്പിടിക്കുന്നതു കണ്ടു് ഞാൻ അത്ഭുതപ്പെട്ടു. മന്ത്രിയാകുന്നതിനുമുമ്പു് ശ്രീമതി മേനോൻ ഏതോ ഒരു കോളേജിലെ പ്രിൻസിപ്പാളായിരുന്നെന്നും ശ്രീമതി ദത്ത് അവരുടെ ശിഷ്യയാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. കുറെ കഴിഞ്ഞപ്പോൾ ശ്രീ ജഗജ്ജീവൻ റാം വന്നു. അദ്ദേഹം വലിയൊരു പൂമാല ദത്തിൻെറ കഴുത്തിലർപ്പിച്ചതിനുശേഷം ഭക്തിപാരവശ്യത്തോടെ അദ്ദേഹത്തെ നമസ്കരിച്ചു. ദത്തിൻെറ പഴയ സഹപ്രവർത്തകർ—കാക്കോറിഗൂഢാലോചനകേസ്, ലാഹോർ ഗൂഢാലോചനക്കേസ്, ഗവർണ്ണർ ഷൂട്ടിംഗ്കേസ് എന്നിവയിലെ പ്രതികൾ—അപ്പോഴവിടെയുണ്ടായിരുന്നു. കുറേ കഴിഞ്ഞപ്പോൾ ഭഗത്സിംഗിൻെറ മാതാവു വന്നു. അവർ ശ്രീ ദത്തിൻെറ ശിരസ്സിൽ തടവി, തൻെറ പുത്രനെ ശ്രീ ദത്തിൽ കാണാൻ ശ്രമിച്ചു. വിഷയം മാററാൻവേണ്ടി ഞാൻ, ഡൽഹിയിൽ അവരുടെ താമസസൗകര്യത്തെക്കുറിച്ചു ചോദിച്ചപ്പോൾ ആ പൂജ്യമാതാവു് പറഞ്ഞതിങ്ങനെയാണു്:

"ജെ മാവാം ന്തൃ പൂതോം ദെ ദുഃഖ് ലഗ് ജവാം, തെ പൂത് ക്യോം ദുഃഖി ഹോവൻ."

(ഈശ്വരൻ പുത്രൻെറ ദുഃഖം അമ്മയ്ക്കു നൽകുന്നപക്ഷം ഒരു പുത്രനും ദുഃഖിക്കേണ്ടിവരില്ല)

# ബോംബുകേസ്സും ഗാന്ധിജിയും

അന്നരാത്രി ഞാൻ ശ്രീ ദത്തിൻെറ അടുത്തുചെന്നപ്പോൾ സന്ദർശകർ ആരുംതന്നെ ഉണ്ടായിരുന്നില്ല. ആ സന്ദർഭമുപയോഗപ്പെടുത്തി ഞാൻ ചോദിച്ചു: "പാർലിമെൻറുമന്ദിരത്തിൽ ബോംബെറിഞ്ഞ കുററത്തിനു് അങ്ങു് അറസ്ററുചെയ്യപ്പെട്ടു. അങ്ങയേയും ഭഗത്സിംഗിനേയും ജീവപര്യന്തം തടവിനു ശിക്ഷിച്ചു. ആ ബോംബുകേസ്സിനെ സംബന്ധിച്ചു് ഗാന്ധിജിയുടെ പ്രതികരണമെന്തായിരുന്നു?"

"ഗാന്ധിജി വളരെ എതിരായ അഭിപ്രായമാണു് പ്രകടിപ്പിച്ചതു്. അദ്ദേഹം ആ സംഭവത്തെ വിമർശിച്ചുകൊണ്ടു് തന്റെ പത്രമായ 'യംഗ് ഇന്ത്യ'യിൽ ഇപ്രകാരമെഴുതി:

'തങ്ങളുടെ ഭീരുത്വം എത്രമാത്രം ദോഷമാണു്, തങ്ങളുടെ ലക്ഷ്യത്തിനു വരുത്തിക്കൂട്ടുന്നതെന്നു് ബോംബെറിയുന്ന യുവാക്കളറിയുന്നില്ല.'

എന്നാൽ പണ്ഡിററ് നെഹ്റു മൗനമവലംബിച്ചതേയുള്ളു. കുറേക്കഴിഞ്ഞു് കേസ്‌വിചാരണ ആരംഭിച്ചപ്പോൾ ഞാനും ഭഗത്സിംഗും നൽകിയ മൊഴി ശ്രീ നെഹ്റുവിനെ സന്തുഷ്ടനാക്കി. അദ്ദേഹം, മീററിൽ കൂടിയ ഒരു സമ്മേളനത്തിലിപ്രകാരം പ്രസ്താവിച്ചു: 'ഭഗത്സിംഗിന്റെയും, ദത്തിന്റെയും മൊഴി കേട്ടിട്ടു്, എനിക്കു തോന്നുന്നതു് അവർ ഭീരുക്കളാണെന്നു പറയുന്നവരാണു് വാസ്തവത്തിൽ ഭീരുക്കൾ എന്നാണു്."

"നിങ്ങൾ ആ കേസ്സിൽ തെളിവു നൽകുകയുണ്ടായോ?" ഞാൻ ചോദിച്ചു.

"അങ്ങനെയുള്ള കേസ്സുകളിൽ തെളിവു നൽകുകയല്ല; ഡിഫൻസ് നൽകുകയാണു പതിവു്. പാർലമെൻറുമന്ദിരത്തിൽ ബോംബെറിഞ്ഞതു ഞങ്ങളാണെന്നു സമ്മതിക്കുകയാണുണ്ടായതു്. ഈ അസംബ്ളി തികച്ചും ഉപയോഗശൂന്യമാണെന്നും, അതിലെ മെമ്പർമാർ ബ്രിട്ടീഷ്‌സർക്കാരിന്റെ പിണിയാളുകളാണെന്നും, പണ്ഡിററ് മോത്തിലാൽനെഹ്രു, പണ്ഡിററ് മദൻമോഹൻ മാളവ്യ എന്നീ ദേശാഭിമാനികൾ കൊണ്ടുവരുന്ന ഏതു പ്രമേയവും ബ്രിട്ടീഷ്ഗവണ്മെൻറ് തിരസ്കരിക്കുന്നതിൽ നിന്നു് അസംബ്ളിയുടെ പൊള്ളത്തരം സ്പഷ്ടമാകുന്നുണ്ടെന്നും ഞങ്ങൾ വാദിച്ചു. അതിനാൽ മെമ്പർമാർ രാജിവെച്ചു് പൊതുജനസേവനത്തിനിറങ്ങാൻ ഞങ്ങളഭ്യർത്ഥിച്ചു. ഒരു വ്യക്തി മറെറാരു വ്യക്തിയേയോ, ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തേയോ ചൂഷണംചെയ്യാനനുവദിക്കാത്ത ഒരു ഭരണവ്യവസ്ഥിതി നടപ്പിലാക്കണമെന്നായിരുന്നു ഞങ്ങളുടെ ആവശ്യം. ഇന്ത്യൻ നേതാക്കൾ അസംബ്ളിയിൽ ചെന്നിരുന്നു് സർക്കാർ പറയുന്നതിനെല്ലാം 'റാൻ'മൂളി തങ്ങളുടെ ശക്തി ക്ഷയിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു

കാലഘട്ടത്തിലാണ് ഞങ്ങൾ 'ഇൻക്വിലാബ് സിന്ദാബാദ്'' എന്ന മുദ്രാവാക്യവുമായി രംഗപ്രവേശം ചെയ്തതു്. ഡൊമിനിയൻപദവിയിൽ കവിഞ്ഞു് ഒന്നുംതന്നെ അന്നത്തെ ദേശീയ പ്രസ്ഥാനക്കാർക്കു് വിവരമുണ്ടായിരുന്നില്ല. 1929-ലെ സംഭവമാണു്. അതിനൊരുവർഷംമുമ്പു് പണ്ഡിററ് മോത്തിലാൽനെഹ്രുവിന്റെ അദ്ധ്യക്ഷതയിൽ, കൽക്കത്തയിൽവെച്ചു കൂടിയ കോൺഗ്രസ് സമ്മേളനം ഡൊമിനിയൻപദവി ആവശ്യപ്പെട്ടുകൊണ്ടു് ഒരു പ്രമേയം പാസാക്കി. അതിന്റെ അടിസ്ഥാനത്തിൽ ഗാന്ധിജി, ഗവണ്മെൻറിനു് അന്ത്യശാസനം നൽകി. അതായതു് ഒരുവർഷത്തിനുള്ളിൽ ഡൊമിനിയൻപദവി അനുവദിക്കാത്തപക്ഷം കോൺഗ്രസ് പരിപൂർണ്ണസ്വാതന്ത്ര്യമാവശ്യപ്പെട്ടു് പ്രമേയം പാസാക്കും. അങ്ങനെ ഡൊമിനിയൻപദവിയുടെ മോഹവലയത്തിൽ കുടുങ്ങാതെ പരിപൂർണ്ണസ്വാതന്ത്ര്യലബ്ധിക്കുവേണ്ടി രംഗത്തിറങ്ങാൻ ഞങ്ങൾ ജനങ്ങളോടാവശ്യപ്പെട്ടു. പിന്നീടു്, ബോംബുകേസിനു് ഒരുവർഷത്തിനുശേഷം, കോൺഗ്രസ് പരിപൂർണ്ണസ്വാതന്ത്ര്യമാവശ്യപ്പെട്ടു് പ്രമേയം പാസാക്കി.''

ഞാൻ:—"ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഭഗത്സിംഗിന്റെ കാലഘട്ടത്തിനു വലിയ പ്രാധാന്യമുണ്ടു്. നിരന്തര സത്യാഗ്രഹങ്ങൾകൊണ്ടും, നിയമലംഘനങ്ങൾകൊണ്ടും സാധിക്കാത്തവിധം, സാധാരണക്കാരെ ദേശീയസമരരംഗത്തിറക്കാൻ ഭഗത് സിംഗിന്റെ രക്തസാക്ഷിത്വത്തിനു കഴിഞ്ഞു. എല്ലാവർക്കുമറിയാവുന്ന ഒരു സത്യമാണതു്. എന്നിരുന്നാലും ഡാക്ടർ പട്ടാഭി സീതാരാമയ്യ എഴുതിയതും ഇന്ത്യൻ ദേശീയപ്രസ്ഥാനചരിത്രം കോൺഗ്രസ്സിന്റെ ചരിത്രമാണെന്നുൽഘോഷിക്കുന്നതുമായ പുസ്തകത്തിൽ ഗാന്ധിജിയുടെ കൊടിക്കീഴിൽനിന്നു ചെയ്ത സമരംമാത്രമേ ഇന്ത്യൻ സ്വാതന്ത്ര്യസമരമാകുന്നുള്ളു എന്നെഴുതിയിട്ടുണ്ടല്ലോ. അതിനെപ്പററി അങ്ങു് എന്തു പറയുന്നു?''

ദത്ത്:—"ചരിത്രസത്യങ്ങൾ മറച്ചുവെയ്ക്കാനാർക്കും സാദ്ധ്യമല്ല. ഇന്ത്യൻസ്വാതന്ത്ര്യസമരത്തിൽ വിപ്ലവകാരികൾക്കെന്തു പങ്കുണ്ടായിരുന്നു എന്നതു ലോകത്തിനറിയാം.''

ഞാൻ:—"ബോംബുകേസിന്ന ശിക്ഷിച്ചപ്പോൾ, ഭഗത് സിംഗിനേയും താങ്കളേയും വെവ്വേറെയാണോ തടവിൽ പാർപ്പിച്ചതു്?"

ദത്ത്:—"1929 ഏപ്രിൽ 18-ാംതീയതിയാണ് ഞങ്ങൾ സെൻട്രൽ അസംബ്ളിഹാളിൽ ബോംബെറിഞ്ഞതു്. ജൂൺ 13-ാം തീയതി ഞങ്ങളെ ജീവപര്യന്തം തടവിന്ന ശിക്ഷിച്ചു. പിറേറ ദിവസംതന്നെ ഞങ്ങളിരുവരേയും ഡൽഹിയിൽനിന്ന പഞ്ചാബിലേക്കു മാററി. എന്നെ ലാഹോർ സെൻട്രൽജയിലിലും, ഭഗത് സിംഗിനെ മിയാവാലിജയിലിലും പാർപ്പിച്ചു. ഡൽഹിയിൽ നിന്നു് ഞങ്ങളെ കൊണ്ടുപോയതു് ഒരു തീവണ്ടിയിലാണെങ്കിലും വെവ്വേറെ കമ്പാർട്ട്മെൻറിലാണ് ഇരുത്തിയതു്. ഇന്ത്യാക്കാരായ പോലീസുകാരായിരുന്ന ഞങ്ങൾക്കു് കാവൽനിന്നിരുന്നതെങ്കിലും ബ്രിട്ടീഷ് പോലീസുദ്യോഗസ്ഥന്മാർ മേൽനോട്ടം വഹിച്ചു. ഞങ്ങൾ ലാഹോർസ്റ്റേഷനിലെത്തുന്നതിന്നമുമ്പ് ഭഗത്സിംഗിനെ എൻെറ കമ്പാർട്ടുമെൻറിൽ കൊണ്ടുവന്നു. അങ്ങനെ അല്പസമയത്തേക്കു് ഞങ്ങളിരുവരും ഒരുമിച്ചുകൂടി. അസംബ്ളി ബോംബുകേസ് തീരുന്നതോടെ ഞങ്ങളെ ലാഹോറിലേയ്ക്കു കൊണ്ടുപോകുമെന്നു് ഞങ്ങൾക്കറിയാമായിരുന്നു. സൻേറഴ്സൻെറ വധത്തെ സംബന്ധിച്ച കേസ്സിനു് തെളിവു ശേഖരിക്കാൻ ഭഗത്സിംഗിനെ അവിടേയ്ക്കു് കൊണ്ടുപോകേണ്ടിയിരുന്നു. രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നും അറസ്റ്റ്ചെയ്യപ്പെട്ട വിപ്ലവകാരികളെ ലാഹോറിലേയ്ക്കു് കൊണ്ടുവന്നിരുന്നു. ഞങ്ങൾ സഞ്ചരിച്ചിരുന്ന വണ്ടിയിൽതന്നെ പോലീസിൻെറ സാക്ഷിയുമുണ്ടായിരുന്നു എന്നു് പിന്നീട് ഞങ്ങൾക്കു് മനസ്സിലായി. പോലീസുകാർ സാക്ഷികൾക്കു് ഞങ്ങളെ പരിചയപ്പെടുത്തിക്കൊടുത്തു. വിചാരണസമയത്തു് സാക്ഷികൾക്കു് ഞങ്ങളെ തിരിച്ചറിയാൻ പ്രയാസമുണ്ടാകരുതല്ലൊ!"

ഞാൻ.—"അസംബ്ളിബോംബുകേസിൽ ജീവപര്യന്തം തടവിന്ന ശിക്ഷിക്കപ്പെട്ടപ്പോൾ അങ്ങയുടെ പ്രതികരണമെന്തായിരുന്നു?"

ദത്ത്:—"ശിക്ഷ അപ്രതീക്ഷിതമല്ലായിരുന്നു. മാതൃഭൂമിയുടെ വിമോചനത്തിന്നവേണ്ടി മരണപ്പുടവയുമണിഞ്ഞു് വീട്ടിൽനി

ന്നിറങ്ങിയവരാണ് ഞങ്ങൾ. അതിനാൽ സെഷൻജഡ്ജി ശിക്ഷ വിധിച്ചപ്പോൾ ഞങ്ങൾ 'ഇൻക്വിലാബ് സിന്ദാബാദ്', 'ഇമ്പീരിയലിസം മൂർദ്ദാബാദ്' എന്ന മുദ്രാവാക്യം മുഴക്കി.

"പഞ്ചാബിലെ ജയിലുകളിലെത്തുന്നതോടെ നിരാഹാരവ്രതമാരംഭിക്കണമെന്ന ഞങ്ങൾ കാലേക്കൂട്ടി നിശ്ചയിച്ചിരുന്നു. യാത്രാമദ്ധ്യേ ഭഗത്സിംഗ് വീണ്ടും അക്കാര്യം എന്നെ ഓർമ്മിപ്പിക്കുകയും ചെയ്തു. മിയാവാലിജയിലിൽ എത്തിയതോടെ ഭഗത്സിംഗ് നിരാഹാരവ്രതമാരംഭിച്ചു. എന്നെ ലാഹോർ സെൻട്രൽജയിലിലെ പതിനാലാംവാർഡിൽ, കൊലപ്പുള്ളികളെ സൂക്ഷിക്കുന്ന തടവുമുറിയിലാണു പാർപ്പിച്ചത്. ഉച്ചയ്ക്കു വാർഡൻ ഭക്ഷണം കൊണ്ടുവന്നപ്പോൾ ഞാനതു നിരസിച്ചു. വൈകുന്നേരത്തെ ഭക്ഷണവും തിരസ്കരിച്ചു. പുതുതായിവന്ന തടവുകാരൻ നിരാഹാരവ്രതമനുഷ്ഠിച്ചിരിക്കുന്നു എന്നു ജയിലധികൃതർക്ക് അറിവുകിട്ടി. ഞങ്ങൾ 1929 ജൂൺ 14-ാംതീയതി നിരാഹാരവ്രതമാരംഭിച്ചു. കുറെ കഴിഞ്ഞപ്പോൾ ഡൽഹിയിലെ ഒരു വക്കീൽ സ്ഥിതിഗതികളന്വേഷിക്കാൻ ജയിലിൽ വന്നു. എന്നെ സന്ദർശിച്ചതിനുശേഷം അദ്ദേഹം ഭഗത്സിംഗിൻെറ പിതാവിനേയുംകൂട്ടി മിയാവാലിജയിലിൽ ചെന്നു് ഭഗത്സിംഗിനെ കണ്ടു. എൻെറ നിരാഹാരവ്രതവാർത്ത അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. പിന്നീടു് ആ വക്കീൽ ലാഹോറിൽ മടങ്ങിയെത്തി നവയുവഭാരതസഭയുടെ സജീവപ്രവർത്തകരെ ഞങ്ങളുടെ സ്ഥിതിഗതികളറിയിച്ചു. അതോടെ പഞ്ചാബിൽ വലിയ കോലാഹലമായി. ജൂൺ 28, 29 എന്നീ തീയതികളിൽ പഞ്ചാബിലെങ്ങും ഹർത്താലുകളും പ്രകടനങ്ങളും നടന്നു. 'ഭഗത്സിംഗ്-ദത്ത് സിന്ദാബാദ്' എന്ന മുദ്രാവാക്യത്താൽ രാജ്യമെങ്ങും മുഖരിതമായി."

## സാൻേറഴ്സൻവധക്കേസും വിചാരണയും

“ജൂലൈ ആദ്യവാരത്തിൽ, സാൻേറഴ്സൻവധക്കേസിൻെറ തെളിവെടുപ്പിനുവേണ്ടി ഭഗത്സിംഗിനെ മിയാവാലിജയിലിൽനിന്നു ലാഹോറിൽ കൊണ്ടുവന്നു. അദ്ദേഹത്തെ കൊണ്ടുവന്ന ദിവസം എന്നെ ഇട്ടിരുന്ന സെല്ലിൻെറ വാതിൽ അടച്ചുപൂട്ടിയിരുന്നു. ഭഗത്സിംഗിനെ കൈകാലുകൾ ബന്ധിച്ചു പതിന്നാലാം വാർഡിൽതന്നെയാണു പാർപ്പിച്ചതു്. ഭഗത്സിംഗ് വന്ന വിവരം മററുചില തടവുകാരിൽനിന്നും ഞാൻ അറിഞ്ഞു. സാൻേറഴ്സൻവധക്കേസ്, ലാഹോർ ഗൂഢാലോചനക്കേസ് എന്ന പേരിൽ സുപ്രസിദ്ധമാണ്. ആ കേസ് 1929 ജൂലൈ 10-ാംതീയതി ഒന്നാംക്ലാസ് മജിസ്രേട്ട് ശ്രീ കൃഷ്ണൻെറ മുമ്പാകെ വിചാരണയാരംഭിച്ചു. എന്നെയും ഭഗത്സിംഗിനെയും സെൻടൽ ജയിലിൽനിന്നും മററു സഹപ്രവത്തകരെ ബോർസ്റ്റൺജയിലിൽ നിന്നും കച്ചേരിയിൽ കൊണ്ടുവന്നു. ആ കച്ചേരി, ജയിൽവളപ്പിൽതന്നെയായിരുന്നു. എന്നെയും ഭഗത്സിംഗിനെയും കൈകാലുകളിൽ ചങ്ങലയിട്ടാണു ഹാജരാക്കിയതു് മററുള്ളവരെ നേരത്തേതന്നെ കോർട്ടിൽ ഹാജരാക്കീട്ടുണ്ടായിരുന്നു. ഞങ്ങളെ കണ്ടമാത്രയിൽ മററുള്ള പ്രതികൾ ‘ഭഗത്സിംഗ്-ദത്ത് സിന്ദാബാദ്’ എന്നു് വിളിച്ചുപറയാനാരംഭിച്ചു. വിചാരണ കേൾക്കാൻ ധാരാളം പൊതുജനങ്ങളും സന്നിഹിതരായിരുന്നു. ഞങ്ങളെ ചങ്ങലകൾകൊണ്ടു ബന്ധിച്ചിരിക്കുന്നതു കണ്ടു് സ്ത്രീകൾ മാറത്തടിച്ചു് ഉറക്കെ കരയാൻതുടങ്ങി. കച്ചേരിയിൽ വലിയ ബഹളമായി. അവസാനം മജിസ്രേട്ട് കേസ് മറെറാരു ദിവസത്തേയ്ക്കു മാററിവച്ചു.”

പതിവനുസരിച്ചു് പിറേറദിവസം ഞാൻ ശ്രീ: ദത്തിൻെറ യടുത്തുചെന്നപ്പോൾ ശ്രീ: മന്മഥനാഥഗുപ്തയെ കണ്ടു. കാക്കോറി ഗൂഢാലോചനക്കേസ്സിലെ ഒരു പ്രതിയായിരുന്നു അദ്ദേഹം. വളരെ ചെറുപ്രായത്തിലാണ് ശ്രീ ഗുപ്ത വിപ്ലവസംഘത്തിൽ ചേർന്നതു്. അദ്ദേഹത്തിനു പത്തുവർഷത്തെ കഠിനതടവുശിക്ഷ

വിധിച്ചു്, ജഡ്ജി ഇപ്രകാരം രേഖപ്പെടുത്തി: "പ്രതി ബാലനല്ലായിരുന്നെങ്കിൽ, രാംപ്രസാദ് ബിസ്മിൽ, ഇഷ്ഫാക്കുള്ള എന്നിവരെപ്പോലെ ഇവനേയും കഴുമരത്തിലേററാൻ വിധിച്ചേനെ......"

ശ്രീ ഗുപ്തയുടെ അടുത്തുതന്നെ മറെറാരു മാന്യനും ഇരിപ്പുണ്ടായിരുന്നു. അദ്ദേഹത്തെ പരിചയപ്പെടുത്തിക്കൊണ്ടു് ശ്രീ ഗുപ്ത പറഞ്ഞു: "ഇദ്ദേഹം, ശ്രീ: ഷേരദിലാൽ. സ്റ്റീൽ-മൈൻ വകുപ്പിൻെറ ജോയിൻറുസെക്രട്ടറിയാണു്. ദത്തിൻെറ സഹപാഠിയുംകൂടിയാണു്."

ഞാൻ പലതും ചിന്തിച്ചുപോയി. ദത്തിൻെറ വിപ്ലവ ജീവിതം വെള്ളിത്തിരയിലെന്നപോലെ കൺമുമ്പിൽ പൊന്തിവന്നു. പതിന്നാലാമത്തെ വയസ്സിൽ കാൺപൂരിലെ ബസാറിൽ വച്ചു് ബ്രിട്ടീഷുകാരോടേററുമുട്ടിയ ബാലൻ! ആറുവർഷങ്ങൾക്കു ശേഷം (ഇരുപതാമത്തെ വയസ്സിൽ) ഭഗത്സിംഗിനോടൊത്തു് പാർലിമെൻറുമന്ദിരത്തിൽ ബോംബെറിഞ്ഞു. രണ്ടുമാസത്തിനു ശേഷം ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ടു. പിന്നീടു് ഭഗത്സിംഗിനോടൊത്തു നിരാഹാരവ്രതമനുഷ്ഠിച്ചു. 'ഭഗത് സിംഗ് ദത്ത് സിന്ദാബാദ്' എന്ന മുദ്രവാക്യത്താൽ രാജ്യം മുഖരിതമായി. ജതീന്ദർദാസ് നിരാഹാരവ്രതമെടുത്തു ജയിലിൽവച്ചു മരിച്ചു. പിന്നീടു് ഭഗത്സിംഗിനേയും ദത്തിനേയും തമ്മിൽ അകററി. ഭഗത്സിംഗ് 'ഇൻക്വിലാബ് സിന്ദാബാദ്' എന്ന മുദ്രാവാക്യം മുഴക്കി കഴുമരത്തിലേറി. ദത്തിനെ ആൻറമാൻ ജയിലിലേയ്ക്കു മാററി. ആൻറമാനിൽ വിപ്ലവകാരികളുടെ ഐതിഹാസികമായ നിരാഹാരവ്രതം, പിന്നീടു് ഇന്ത്യൻജയിലുകളിലേയ്ക്കുള്ള മടക്കം, ജയിൽമോചനം. 1942-ൽ ഡൽഹിയിലെ ജോഷിആശുപത്രിയിൽവച്ചു് ഞങ്ങളുടെ കൂടിക്കാഴ്ച. 1963-ൽ വീണ്ടും ഡൽഹിയിൽ. 1964-ൽ അതാ വീണ്ടും ആശുപത്രിയിൽ!

വിപ്ലവകാരികളുടെ ജീവിതം എത്ര ഭയാനകമാണു്. ദത്ത് ഈ വഴിക്കു തിരിച്ചില്ലായിരുന്നെങ്കിൽ ഷേരദിലാലിനെപ്പോലെ ചീഫ്സെക്രട്ടറിയോ ജോയിൻറു സെക്രട്ടറിയോ ആകാമായിരുന്നു. അപ്പോൾ സാധാരണക്കാരും വിപ്ലവകാരികളും തമ്മിൽ

അടിസ്ഥാനപരമായ വ്യത്യാസമുണ്ട്. മററുള്ളവർ വിദ്യാഭ്യാസം ചെയ്ത് ഉദ്യോഗം സ്വീകരിക്കുകയോ, വ്യവസായത്തിലേർപ്പെട്ടു ധനം സമ്പാദിക്കുകയോ ചെയ്യുമ്പോൾ വിപ്ലവകാരികൾ എല്ലാവിധ സുഖഭോഗങ്ങളുമുപേക്ഷിച്ച് ജയിലറകളിൽ കിടന്നു നരകിക്കുന്നു; കഴുമരത്തിലേറുന്നു. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി സ്വയം നശിക്കുക എന്ന ചിന്തയേ അവർക്കുള്ളു. കഴുമരത്തിൻെറ ചുവട്ടിൽ നിന്നുകൊണ്ടും തങ്ങളുടെ രക്തസാക്ഷിത്വം രാജ്യത്തിൻെറ സ്വാതന്ത്ര്യലബ്ധിക്കു കാരണമായിത്തീരണമേയെന്നു പ്രാർത്ഥിച്ച് കൊലക്കയറുപിടിച്ചു ചുംബിച്ച് സ്വന്തകരത്താൽ കഴുത്തിൽ കുടുക്കിട്ടു കഴുമരത്തിലേറുന്നു. വിപ്ലവകാരികൾ മറേറതോ മണ്ണിനാൽ സൃഷ്ടിക്കപ്പെട്ടവരാണ്; രാജ്യത്തിനുവേണ്ടി ജീവിതമർപ്പിക്കാൻ മാത്രമായി ജനിച്ചവരാണ്. അവരിൽ ചിലർ ഇന്നും ജീവിച്ചിരിക്കുന്നു എന്നതു് ഒരത്ഭുതസംഭവംമാത്രമാണ്. അവരും മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി കഴുമരത്തിലേറാൻ രംഗത്തിറങ്ങിയവരായിരുന്നു. രാജ്യത്തിനുവേണ്ടി മരിക്കുക എന്ന ഏകലക്ഷ്യമേ അവർക്കുണ്ടായിരുന്നുള്ളു!

# വീരസവർക്കർ

ഇംഗ്ലണ്ടിൽവച്ച് സർ കഴ്സൺപ്രഭുവിനെയും, ആററ്ലി പ്രഭുവിനെയും വധിക്കാൻ ശ്രമിച്ച കുററത്തിനു് മദൻലാൽ ധാംഗറിനെ തൂക്കിക്കൊല്ലാൻ വിധിച്ചു. അദ്ദേഹത്തിൻെറ പിതാവ് ഒരു ഉയന്ന സർക്കാരുദ്യോഗസ്ഥനായിരുന്നു. പുത്രനുമായി തനിക്ക് യാതൊരു ബന്ധവുമില്ലെന്നു് ആ പിതാവ് പ്രഖ്യാപിച്ചു. അങ്ങനെ എല്ലാവരാലും ത്യജിക്കപ്പെട്ട മദൻലാലിനോട്ട് അവസാനത്തെ ആഗ്രഹമെന്തെന്നു ചോദിച്ചപ്പോൾ, “ഈശ്വരൻ എന്നെ വീണ്ടും ഇന്ത്യയിൽ ജനിപ്പിക്കണം, മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി എനിക്ക് ഒരു പ്രാവശ്യവുംകൂടി കഴുമരത്തിലേറണം” എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. വിപ്ലവകാരികൾക്കു മാതൃഭൂമിയോടത്രമാത്രം സ്നേഹമുണ്ടായിരുന്നു. അവർ രാജ്യത്തിനുവേണ്ടി മരിക്കാൻമാത്രമല്ല,



സവർക്കർ വി.



ലാലാ ഹരിദയാൽ

രാജ്യത്തെ വിദേശാധിപത്യത്തിൽനിന്നു വിമോചിപ്പിക്കുവാനും ആഗ്രഹിച്ചു. മദൻലാൽധാംഗറിനെ തൂക്കിലിട്ടതിനുശേഷം ശ്രീ വീരസവക്കറും അറസ്റ്റ്ചെയ്യപ്പെട്ടു. ബ്രിട്ടീഷ്ഗവണ്മെൻറിനെ അട്ടിമറിക്കാൻ ഗൂഢാലോചനനടത്തി എന്നതായിരുന്നു അദ്ദേഹത്തിൻെറ പേരിൽ ഉന്നയിച്ച കുററം. വീരസവക്കറെ ഇംഗ്ലണ്ടിൽനിന്ന് ഇന്ത്യയിൽ കൊണ്ടുവന്നു. അദ്ദേഹത്തെ അൻപതിയഞ്ചുവർഷത്തെ കഠിനതടവിനു ശിക്ഷിച്ചു. വിധി കഴിഞ്ഞതിനുശേഷം അദ്ദേഹത്തെ കോർട്ടിൽനിന്നു ജയിലിലേയ്ക്കു കൊണ്ടുപോകുമ്പോൾ, ഒരു ഉയർന്ന പോലീസുദ്യോഗസ്ഥൻ ഒരു വലിയ കെട്ടിടത്തിനു നേരെ ചൂണ്ടിക്കൊണ്ടു പറഞ്ഞു:—"മിസ്റ്റർ സവക്കർ, ഈ കെട്ടിടം ആരുടേതാണെന്നറിയാമോ?"

തനിക്കറിഞ്ഞുകൂടെന്നു് സവക്കർ പറഞ്ഞപ്പോൾ ആ ഉദ്യോഗസ്ഥൻ വിവരിച്ചുകൊടുത്തു:—"ആ കെട്ടിടം നിങ്ങളുടെ ഒരു സഹപാഠിയുടേതാണു്. നിങ്ങളെപ്പോലെതന്നെ അദ്ദേഹവും ബാരിസ്റ്ററി പഠിക്കാൻ ഇംഗ്ലണ്ടിൽ പോയി. തിരിച്ചുവന്നു് വക്കാലത്തിലൂടെ ധനം സമ്പാദിച്ചു് ഇന്നു സുഖസമ്പൂർണ്ണമായ ജീവിതം നയിക്കുന്നു. നിങ്ങളാകട്ടെ ബാരിസ്റ്ററാകാൻ പോയി, ഒരു തടവുകാരനായി തിരിച്ചുവന്നിരിക്കുന്നു. 55 വർഷത്തെ തടവുശിക്ഷയനുഭവിക്കാൻ ജയിലിലേയ്ക്കു പോകുന്നു. ജയിലിൽ നിന്നു നിങ്ങൾക്കിനി തിരിച്ചുപോരാൻ സാധിക്കുകയില്ല."

"നിങ്ങളുടെ ധാരണ തെററാണു്. ഇംഗ്ലീഷുകാർക്കു് 55 വർഷം ഭാരതത്തെ അടിമത്തത്തിൽ വച്ചുകൊണ്ടിരിക്കാൻ സാധിക്കുകയില്ല. ഞാൻ എൻെറ ജീവിതത്തിൽതന്നെ സ്വതന്ത്രഭാരതം ദർശിക്കും......" എന്ന വീരസവക്കറിൻെറ പ്രവചനം സത്യമായിത്തീർന്നു. അതിനുമുമ്പേ, സവക്കറിൻെറ കൺമുമ്പിൽവച്ചു തന്നെ, ഇംഗ്ലീഷുകാർ ഇന്ത്യയിൽനിന്നും കെട്ടുകെട്ടി

1929-ലെ സംഭവമാണു്. വിപ്ലവസംഘത്തിൽപ്പെട്ട പ്രധാനികൾ സാൻേറഴ്സൻവധക്കേസിൽ അറസ്റ്റ്ചെയ്യപ്പെട്ടു കഴിഞ്ഞു. അവരുടെ പേരിൽ ലാഹോറിൽ കേസ്സു് നടന്നുകൊണ്ടിരുന്നു. പാർട്ടിനേതാവായ ചന്ദ്രശേഖർ ആസാദ് ബാക്കിയുള്ള സഹപ്രവർത്തകരോടൊത്തു് ഒളിവിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. അവരെ അറസ്റ്റ്ചെയ്യാനുതകുന്ന വിവരം നല്കുന്നവർക്കു്, ഗവണ്മെൻറു് വമ്പിച്ച സമ്മാനങ്ങൾ പ്രഖ്യാപിച്ചു.

ഉത്തരേന്ത്യയിൽ വിപ്ലവാഗ്നി പടർന്നുപിടിച്ചുകഴിഞ്ഞതിനാൽ ഇനി ദക്ഷിണേന്ത്യയിലേയ്ക്കു തിരിക്കണമെന്നു ചന്ദ്രശേഖർആസാദ് തീരുമാനിച്ചു രാജ്ഗുരു അപ്പോൾ മഹാരാഷ്ട്രത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. ചന്ദ്രശേഖർ ആസാദ്, ഭഗവാൻദാസ് മാഹോറിനേയും സദാശിവനേയും രാജഗുരുവിൻെറ അടുത്തേക്കയച്ചു. അവരിരുവരും ബോംബുനിർമ്മിക്കാനുള്ള സ്ഫോടനവസ്തുക്കളും, കൈത്തോക്കും, തോട്ടകളുമായി യാത്രതിരിച്ചു. പിടിക്കപ്പെട്ടാലും, മരിച്ചാലും കൈത്തോക്കു നഷ്ടപ്പെടരുതെന്നു് ആസാദ് പ്രത്യേകം ഓർമ്മിപ്പിച്ചിരുന്നു. ട്രെയിൻ ബുസാവൽസ്റ്റേഷനിലെത്തിയപ്പോൾ ഭഗവാൻദാസും സദാശിവനും, രാജ്ഗുരുവിൻെറ

അട്ടത്തേയ്ക്കു പോകാൻ അവിടെ ഇറങ്ങി, അകോലയിലേയ്ക്കുള്ള തീവണ്ടിയും കാത്തു സ്റ്റേഷനിൽ ഇരുന്നു. പെട്ടെന്നു് കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ എല്ലാവരുടേയും സാമാനങ്ങൾ പരിശോധിക്കാനാരംഭിച്ചു. പരിശോധനയിൽ സ്ഫോടനവസ്തുക്കളും കൈത്തോക്കുകളും തോട്ടകളും കണ്ടെടുത്തു. രക്ഷപ്പെടാൻവേണ്ടി ഭഗവാൻദാസും സദാശിവനും എക്സൈസ് ഉദ്യോഗസ്ഥന്മാരോടെതിരിട്ടു് റോഡിലിറങ്ങി. നിർഭാഗ്യവശാൽ ഒരുക്കൂട്ടം പോലീസുകാരുടെ മുമ്പിലാണു് അവർ ചെന്നെത്തിയതു്. അങ്ങനെ ഭഗവാൻദാസ് മാഹോറും സദാശിവനും അറസ്റ്റുചെയ്യപ്പെട്ടു. അവരെ ഭഗത് സിംഗിനോടൊപ്പം ലാഹോറിൽ വിചാരണചെയ്യേണ്ടതിനുപകരം ജൽഗാം എന്ന സ്ഥലത്തുവെച്ചാണു് വിചാരണചെയ്തതു്. അവിടെയും കള്ളസാക്ഷികൾ പ്രത്യക്ഷപ്പെട്ടു. ഭഗത്സിംഗിൻെറ കേസ്സിനു സാക്ഷിപറയാൻ വന്നവർതന്നെ. അതിനാൽ ജയിലിൽ ഒരു പിസ്റ്റോൾ എത്തിച്ചുതരുന്നപക്ഷം ഈ കള്ളസാക്ഷികളായ ഫണീന്ദർഘോഷിൻേറയും ജയഗോപാലൻേറയും കഥകഴിക്കാമെന്നു് ഭഗവാൻദാസ്മാഹോർ, ചന്ദർശേഖർആസാദിനെ അറിയിച്ചു. രണ്ടു പിസ്റ്റോൾ നഷ്ടപ്പെടുത്തി, മൂന്നാമത്തേതും നഷ്ടപ്പെടുത്തരുതു് എന്ന മുന്നറിയിപ്പോടെ ചന്ദർശേഖർആസാദ് ഒരു പിസ്റ്റോൾ ജയിലിലെത്തിച്ചുകൊടുത്തു. രണ്ടുപേരെയും കൊല്ലാൻ സാധിച്ചില്ലെങ്കിലും, എങ്ങനെയെങ്കിലും ഫണീന്ദർ ഘോഷിൻെറ കഥകഴിക്കണമെന്നായിരുന്നു നിർദ്ദേശം. ഫണീന്ദർ ഘോഷ് പാർട്ടിയുടെ സെൻട്രൽകമ്മിററിമെമ്പറായിരുന്നു. വിശ്വാസവഞ്ചനനടത്തി പോലീസ്പക്ഷത്തുചേന്ന അവനെ വധിക്കേണ്ടതു് അത്യാവശ്യമാണു്. ഭഗവാൻദാസ് പിസ്റ്റോൾ പോക്കററിലൊളിപ്പിച്ചു കോർട്ടിൽ ഹാജരായി. അന്നു ഫണീന്ദർ ഘോഷിനു പകരം ജയഗോപാലനെയാണു് സാക്ഷിപറയാൻ കൊണ്ടുവന്നതു്. സാക്ഷികളിരുവരേയും സുശക്തമായ പോലീസുകാവലോടെ കച്ചേരിവളപ്പിൽതന്നെ താമസിപ്പിച്ചിരിക്കയായിരുന്നു. കേസുവിചാരണ കഴിഞ്ഞപ്പോൾ കാലേക്കൂട്ടി നിശ്ചയിച്ച പദ്ധതിയനുസരിച്ചു് ഒരു സ്നേഹിതൻ ഭഗവാൻദാസ്മാഹോറിനും സദാശിവനും ഭക്ഷണംകൊടുത്തു. സുഖമായി ഭക്ഷണംകഴിക്കാൻ തൻെറ കരങ്ങളൊന്നു സ്വതന്ത്രമാക്കുമോ എന്നഭ്യർത്ഥിച്ചതോടെ പോലീസുകാർ ഭഗവാൻദാസിൻെറ കരത്തിൽനിന്നു വിലങ്ങു്

അഴിച്ചുമാററി. ഭക്ഷണംകഴിച്ചുകൊണ്ടു ഭഗവാൻദാസ് സന്ദർഭം കാത്തിരുന്നു. അവസരം കൈവന്നു അദ്ദേഹം ഒരു സിംഹത്തെപ്പോലെ കള്ളസ്സാക്ഷികളെ പാർപ്പിച്ചിരുന്ന കൂടാരത്തിൽ പ്രവേശിച്ചു. ആദ്യത്തെ വെടി ജയഗോപാലനാണ് കൊണ്ടതു്. ഫണീന്ദർഘോഷിനെ ലക്ഷ്യമാക്കി വെടിവെച്ചപ്പോൾ പിസ്റ്റോൾ ജാമായിപ്പോയി. പിന്നത്തെ സ്ഥിതി എന്തുപറയാൻ! പോലീസുകാർ ഭഗവാൻദാസിനെ മട്ടിച്ചു് അബോധജ്ഞനാക്കി.

കഴുമരം വിധിക്കാൻപോകുന്ന ഒരു കേസ്സിൻെറ വിചാരണയ്ക്കു കോർട്ടിൽ ഹാജരാക്കപ്പെട്ട പ്രതിയാണ് വീണ്ടുമൊരു കുഴപ്പം വലിച്ചുവെച്ചിരിക്കുന്നതു്. അവിടെയാണ് വിപ്ലവകാരികളും മററുള്ളവരും തമ്മിലുള്ള വ്യത്യാസം. രണ്ടാമത്തെ കേസ്സിൽ ഭഗവാൻദാസിനെ ജീവപര്യന്തം തടവിനു ശിക്ഷിച്ചു്, ആൻഡമാനിലേക്കയച്ചു. ഭഗവാൻദാസിൻെറ ആക്രമണത്തിൽനിന്നു രക്ഷപ്പെടാൻ കഴിഞ്ഞെങ്കിലും പിന്നീട്ട് വിപ്ലവകാരികളുടെ വെടികൊണ്ടു് ഫണീന്ദർഘോഷ് മരിച്ചു. യോഗേന്ദ്രശകരം എന്ന ഒരു വിപ്ലവകാരിയുവാവാണ് ആ കള്ളസാക്ഷിയുടെ കഥകഴിച്ചതു്.

അപ്പോൾ സെക്രട്ടറിമാരും ജോയിൻറ സെക്രട്ടറിമാരും നമ്മുടെ രാജ്യത്തു് ഇനിയും ധാരാളം ജനിക്കും. എന്നാൽ ഖുദ്രിറാംബോസ്, കനായിലാൽദത്ത്, മദൻലാൽ ധാംഗർ, സർദാർ ഭഗത്സിംഗ്, ചന്ദർശേഖർ ആസാദ്, ബി. കെ. ദത്ത് തുടങ്ങിയ വീരദേശാഭിമാനികൾ വളരെ ചുരുക്കമായേ ഉണ്ടാകുകയുള്ളു

* * *

ഞാൻ വീണ്ടും ദത്ത്ജിയോടു ചോദിച്ചു:—"ആദ്യമായി ഭഗത്സിംഗും നിങ്ങളും നിരാഹാരവ്രതമാരംഭിച്ചു. മററുള്ളവരെപ്പോഴാണ് നിങ്ങളെ അനുകരിച്ചതു്?"

ദത്ത്:—"ഞങ്ങളുടെ നിരാഹാരവ്രതം ഒരുമാസത്തോളമെത്തിയപ്പോൾ മററുള്ള രാഷ്ട്രീയതടവുകാരും ഞങ്ങളെ അനുകരിച്ചു്. അതായതു് ജൂലൈ 15-ാംതീയതിയോടെ എല്ലാവരും നിരാഹാരവ്രതമാരംഭിച്ചു."



ജതീന്ദർദാസ്



കനായിദത്ത്

ഞാൻ:—"നിങ്ങളുടെ നിരാഹാരവ്രതത്തിൻെറ ലക്ഷ്യമെന്തായിരുന്നു?"

ദത്ത്:—"ഞങ്ങൾ നിരാഹാരവ്രതം നടത്തുന്നതിൻെറ ഉദ്ദേശം രേഖാമൂലം ഗവണ്മെൻറിനെ അറിയിച്ചിരുന്നു—'ബ്രിട്ടന് ഇന്ത്യയെ ഭരിക്കാനധികാരമില്ല. ഇന്നത്തേതു വിദേശിഭരണമാണ്. ഞങ്ങൾ മാതൃഭൂമിയെ വിദേശാധിപത്യത്തിൽനിന്നു വിമോചിപ്പിക്കാൻ സമരം ചെയ്യുന്നു. അതിനാൽ ഞങ്ങൾ രാഷ്ട്രീയത്തടവുകാരാണ്. രാഷ്ട്രീയത്തടവുകാരോടെന്നതുപോലെ അധികൃതർ ഞങ്ങളോടും പെരുമാറണം.'

"ഗണേശ്ശങ്കർവിദ്യാർത്ഥി തൻെറ പത്രത്തിൽ ഞങ്ങളുടെ നിരാഹാരവ്രതസമരത്തെക്കുറിച്ച് എഴുതിയതിപ്രകാരമാണ്:—'അവരുടെ സമരം ജയിലിൽ ചില ആനുകൂല്യങ്ങൾ നേടാൻമാത്രമുള്ളതല്ല. ആ സമരം നീതിക്കുവേണ്ടിയുള്ളതാണ്. സിദ്ധാന്തങ്ങൾക്കും ആദർശങ്ങൾക്കുംവേണ്ടിയുള്ള യുദ്ധമാണ്. അവർ യഥാർത്ഥത്തിൽ സ്വാതന്ത്ര്യസമരപ്പോരാളികളാണ്.'

“ഞങ്ങളുടെ ആവശ്യങ്ങളന്വേഷിച്ചറിയാൻ ഗവണ്മെൻറ് ഒരു കമ്മിററി രൂപീകരിച്ചു. ആ കമ്മിററിയുടെ ചെയർമാൻ ഞങ്ങളോടു പറഞ്ഞു:—‘ഗവണ്മെൻറ്, നിങ്ങളുടെ എല്ലാ ആവശ്യങ്ങളും അനുവദിച്ചുതരാൻ തയ്യാറാണു്. എന്നാൽ നിങ്ങളെ രാഷ്ട്രീയത്തടവുകാരായി പരിഗണിക്കുകയില്ല. അങ്ങനെ പരിഗണിക്കുന്നപക്ഷം നിങ്ങൾ പൊരുതുന്നതു സ്വാതന്ത്ര്യത്തിനുവേണ്ടിയാണെന്നു് അംഗീകരിക്കേണ്ടിവരും. ഈ ഗവണ്മെൻറു നിയമാനുസൃതമായ ഒരു ഭരണകൂടമാണു്.’

“ഞങ്ങളുടെ സമരം, അടിസ്ഥാനസിദ്ധാന്തം മുൻനിറുത്തിക്കൊണ്ടായിരുന്നു; അല്ലാതെ ജയിലിൽ ചില ആനുകൂല്യങ്ങൾ സമ്പാദിക്കാൻമാത്രമായിരുന്നില്ല. ഞങ്ങൾ ഗവണ്മെൻറിൻെറ നിയമസാധുത്വത്തെ ചോദ്യംചെയ്തു. എൻേറയും ഭഗത്സിംഗിൻേറയും നിരാഹാരവ്രതം ഇരുപതാമത്തെ ദിവസത്തിലെത്തിയപ്പോൾ പണ്ഡിററ്നെഹ്റു ഒരു പ്രസ്താവന പുറപ്പെടുവിച്ചു:

‘ആ രണ്ടു യുവാക്കന്മാർ ഏതാണ്ടു് ഇരുപതുദിവസത്തോളമായി ഭക്ഷണമുപേക്ഷിച്ചിട്ടു് എന്നു ഞാൻ അറിയുന്നു. ജയിലധികൃതർ ബലപ്രയോഗത്തിലൂടെ അവരെ ഭക്ഷണം കഴിപ്പിക്കാൻ ശ്രമിക്കുന്നു. യുവാക്കന്മാരുടെ പക്കലാകാം തെററു്; എന്നിരുന്നാലും അവർ ഏതൊരാദർശത്തിനുവേണ്ടിയാണോ ഇഞ്ചിഞ്ചായി മരിക്കുന്നതു്, അതിൽ ഓരോ ഭാരതീയൻെറയും ശിരസ്സു് അഭിമാനത്താലുയരുന്നു.”

1929 സെപ്തംബർ 13-ാംതീയതി ശ്രീ ജതീന്ദർദാസ് നിരാഹാരവ്രതമെടുത്തു മരിച്ചു. അറുപത്തിമൂന്നുദിവസത്തെ നിരാഹാരവ്രതത്തിനുശേഷമാണു് അദ്ദേഹം മൃതിയടഞ്ഞതു്. ജതീന്ദർദാസിൻെറ രക്തസാക്ഷിത്വം രാജ്യത്തുടനീളം കോളിളക്കം സൃഷ്ടിച്ചു. നാടുതോറും ഹർത്താലുകളും പ്രകടനങ്ങളും നടന്നു. രാജ്യത്തിനു പുതിയ ഉണർവ്വ് ലഭിച്ചു. അതുകൊണ്ടു് ഗാന്ധിജി 1929 ഒക്ടോബറിലെ ‘യംഗ് ഇന്ത്യ’യിൽ ഇപ്രകാരമെഴുതി:

“The year 1929 will be marked as a year of great awakening among the youth of India.”

സ്വാതന്ത്ര്യസമരചരിത്രത്തിൽ 1929-ന് പ്രത്യേകസ്ഥാനമുണ്ട്. ആ കാലഘട്ടത്തിലാണ് ഇന്ത്യയിലെ യുവാക്കളിൽ അഭൂതപൂർവ്വമായ ഉണർവ്വ് ഉണ്ടായതെന്നതാണ് ആ വർഷത്തിന്റെ പ്രത്യേകത. 1929-ൽ ഗാന്ധിജി വീക്ഷിച്ച പുതിയ ഉണർവ്വ് എങ്ങനെയുണ്ടായി? 1928-ൽ, 'ഡൊമിനിയൻപദവിനേടലാണ് തങ്ങളുടെ ലക്ഷ്യമെന്ന് കോൺഗ്രസ്സ് പ്രഖ്യാപിച്ചുകഴിഞ്ഞിരുന്നു. കൗൺസിലിൽ സ്വരാജ്യപദ്ധതികളുമായി അവർ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. അതിനാൽ പരിപൂർണ്ണസ്വാതന്ത്ര്യത്തിന്റെ പ്രശ്നമേയില്ല. അപ്പോൾ വിപ്ലവകാരികളുടെ നിരാഹാരവ്രതവും, ഭഗത്സിംഗിന്റേയും ദത്തിന്റേയും വെല്ലുവിളിയുമാണ് ഭാരതീയജനതയ്ക്കു നവചേതന നൽകിയത്. ഇന്നോവരെ ഒരൊററ ഇമ്പീരിയൽഭരണകൂടവും തങ്ങളുടെ അധീനതയിലുള്ള ഒരു രാജ്യത്തിനും സ്വേച്ഛയായാസ്വാതന്ത്ര്യമനുവദിച്ചുകൊടുത്തിട്ടില്ല എന്നതു ചരിത്രസത്യമാണ്. ഇന്നോവരെ സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളെല്ലാം രക്തംചിന്തിയാണ വിദേശാധിപത്യത്തെ തുരത്തീട്ടുള്ളതു്. അയർലൻറിന്റെ കാര്യംതന്നെയെടുക്കാം. അവിടത്തെ ജനങ്ങൾ സ്വാതന്ത്ര്യമാവശ്യപ്പെട്ടപ്പോൾ ബ്രിട്ടീഷുകാർ ബയണററിന്റേയും വാളിന്റേയും ബലത്താൽ അടിച്ചമത്താൻ തയ്യാറായി. എന്നാൽ സ്വാതന്ത്ര്യത്തിനുള്ള ദാഹം ബയണറുകൊണ്ടോ പീരങ്കികൊണ്ടോ ശമിപ്പിക്കാനാകും സാദ്ധ്യമല്ല. അതിനാൽ ദേശാഭിമാനികളായ ഐറിഷ്ജനത മരണപ്പുടവയുമണിഞ്ഞു് മാതൃഭൂമിയെ വിദേശാധിപത്യത്തിൽനിന്നു വിമോചിപ്പിക്കാൻ രംഗത്തിറങ്ങി. അവക്കും ഭഗത്സിംഗിന്റേയും ബി. കെ. ദത്തിന്റേയും മാർഗ്ഗം അനുകരിക്കേണ്ടിവന്നു.

ഇന്ത്യയുടേയും അയർലൻറിന്റേയും സ്വാതന്ത്ര്യസമരങ്ങൾക്കു വലിയ ഐകരൂപ്യമുണ്ട്. ജതീന്ദർനാഥദാസിന്റെ രക്തസാക്ഷിത്വം ഭാരതജനതയെ ഉണത്തിയതുപോലെതന്നെ, അയർലണ്ടിൽ മാക്സ്വനി ദീർഘകാലം നിരാഹാരവ്രതമനുഷ്ഠിച്ചു് രക്തസാക്ഷിയായി, അവിടത്തെ ജനതയെ ഉണത്തി. ഇന്ത്യൻവിപ്ലവകാരികൾ ഐറിഷ്സ്വാതന്ത്ര്യസമരത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ടിരുന്നു. ഇന്ത്യയിലെ വിപ്ലവകാരികൾ ഐറിഷ് സ്വാതന്ത്ര്യസമരചരിത്രം വായിച്ചിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. എല്ലാ ഇന്ത്യൻ വിപ്ലവകാരികളും വായിച്ചിട്ടുള്ള

ഒരു പുസ്തകമാണ് ഡാൻബെറിൻെറ "ഐറിഷ് സ്വാതന്ത്ര്യത്തിനുള്ള എൻെറ പോരാട്ടം." ഡാൻബെറിൻ സുപ്രസിദ്ധനായ ഒരു ഐറിഷ് വിപ്ലവകാരിയായിരുന്നു. ഇതരരാജ്യങ്ങളിൽ ജോലി ചെയ്തുകൊണ്ടിരുന്ന ഐറിഷുകാർ തങ്ങളുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നു. അതുപോലെ അമേരിക്കയിലും കാനഡയിലും ജോലിക്കായി പോയിരുന്ന ഇന്ത്യാക്കാർ തങ്ങളുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി വിലപിടിച്ച സംഭാവനകൾ നല്കിക്കൊണ്ടിരുന്നു. അയർലണ്ടിലെ വിപ്ലവകാരികളും, ഇന്ത്യയിലെ വിപ്ലവകാരികളും തമ്മിൽ അടുത്ത സമ്പക്കമുണ്ടായിരുന്നു. ഇന്ത്യൻ വിപ്ലവസംഘം ആയുധബലത്താൽ ബ്രിട്ടീഷ്സാമ്രാജ്യശക്തിയോടെതിർത്തു. ആ സംരംഭത്തിന് ഐറിഷ്വിപ്ലവകാരികളുടെ അകമഴിഞ്ഞ സഹായമുണ്ടായിരുന്നു. 1917-ൽ അമേരിക്ക യുദ്ധത്തിനിറങ്ങിയപ്പോൾ അവിടെയുണ്ടായിരുന്ന ഇന്ത്യൻവിപ്ലവകാരികളെ അറസ്റ്റ് ചെയ്തു. അവക്കെതിരായി സാൻഫ്രാൻസിസ്കോഗൂഢാലോചനക്കേസ്സ് എന്ന പേരിൽ ഒരു കേസ്സുണ്ടാക്കി വിചാരണനടത്തി. ആ കേസ്സിൽ ഇന്ത്യൻ വിപ്ലവകാരികളോടൊന്നിച്ചു കുറേ ഐറിഷ് വിപ്ലവകാരികളേയും പ്രതിക്കൂട്ടിൽ കയററി. ഇന്ത്യൻ വിപ്ലവകാരികളും ഐറിഷ് വിപ്ലവകാരികളും തമ്മിൽ ഉണ്ടായിരുന്ന സൗഹാർദ്ദത്തിന് മറെറാരുദാഹരണവുംകൂടിയുണ്ട്. അടുത്തകാലത്തു് രാഷ്ട്രപതി രാധാകൃഷ്ണൻ അയർലണ്ട്സന്ദർശിക്കുകയുണ്ടായി. അപ്പോൾ അയർലണ്ടിൻെറ രാഷ്ട്രപതി ഡിവാലറേ അദ്ദേഹത്തിന്നൊരു വാൾ സമ്മാനിച്ചു. ഈ വാൾ തനിയ്ക്കൊരവസരത്തിൽ അമേരിക്കയിലുണ്ടായിരുന്ന ഇന്ത്യൻ വിപ്ലവകാരികൾ സമ്മാനിച്ചതാണെന്നു ഡിവാലറേ വെളിപ്പെടുത്തി. അമേരിക്കയിൽ ഇന്ത്യൻ വിപ്ലവപ്രസ്ഥാനത്തിന്നടിത്തറ പാകിയതു് ലാലാ ഹരിദയാലായിരുന്നു. ഇന്ത്യയിൽനിന്നു തൊഴിലന്വേഷിച്ചുചെന്ന സിക്കുകാർ അമേരിക്കയിൽ വലിയൊരു ഗുരുദ്വാരം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഇരുരാജ്യങ്ങളുടേയും സ്വാതന്ത്ര്യസമരം നടന്നുകൊണ്ടിരിക്കെ ഡിവാലറേ ആ ഗുരുദ്വാരം സന്ദർശിക്കുകയുണ്ടായി. അവിടെവച്ചു് ഇന്ത്യൻ വിപ്ലവസംഘത്തലവനായ ലാലാ ഹരിദയാൽ അദ്ദേഹത്തിന് ഒരു വാൾ സമ്മാനിച്ചു.

# രക്തസാക്ഷികളുടെ കഥ

1928-ൽ കോൺഗ്രസ്സ്, ഡൊമിനിയൻപദവി ആവശ്യപ്പെട്ടു. പരിപൂർണ്ണസ്വാതന്ത്ര്യലക്ഷ്യം അവഗണിച്ചപ്പോൾ, സർദാർ ഭഗത്സിംഗും, ബി. കെ. ദത്തും 'ഇൻക്വിലാബ് സിന്ദാബാദ്' എന്ന മുദ്രാവാക്യത്താൽ ഭാരതജനതയെ ഉണർത്തി. ജനങ്ങൾ ഡൊമിനിയൻപദവിയിൽ കുടുങ്ങിപ്പോകരുതെന്നും, ഡൊമിനിയൻപദവി അടിമത്തംതന്നെയാണെന്നും, അതിൽ ഒരു രാജ്യത്തിനും അഭിമാനിക്കാൻ വകയില്ലെന്നും ഖുദിറാംബോസ്, കനായിലാൽദത്ത്, മദൻലാൽധാംഗർ തുടങ്ങിയ ദേശാഭിമാനികളെപ്പോലെ കഴുമരത്തിലേറി, സ്വാതന്ത്ര്യാവേശദീപം അണഞ്ഞുപോകാൻ അനുവദിക്കാതെ തങ്ങളോടൊത്തു മരണപ്പുടവയുമണിഞ്ഞു് രംഗത്തിറങ്ങണമെന്നും അവർ ആഹ്വാനംചെയ്തു. "സ്വാതന്ത്ര്യദേവി രക്തത്തിനുവേണ്ടി ദാഹിക്കുന്നു. പ്രമേയങ്ങൾകൊണ്ടു് അവളുടെ ദാഹം ശമിപ്പിക്കാൻ സാദ്ധ്യമല്ല. ആത്മാർപ്പണത്തിലൂടെ മാതൃഭൂമിയെ സ്വതന്ത്രയാക്കുക" എന്നും അവർ ഉദ്ബോധിപ്പിച്ചു.

സുപ്രസിദ്ധ യൂറോപ്യൻലേഖകനായ തോമസ് പിൻ ഫ്രഞ്ചുവിപ്ലവത്തെപ്പററി പറയുന്നതിപ്രകാരമാണു്:

"ഫ്രഞ്ചുവിപ്ലവം അക്രമികളായ ഭരണാധികാരികൾക്കു് ഒരു മുന്നറിയിപ്പുമാത്രമല്ല; അവർ ഇനിയും അക്രമങ്ങളിൽനിന്നു പിൻതിരിഞ്ഞില്ലെങ്കിൽ വിപത്തായിരിക്കും. അക്രമങ്ങളിൽനിന്നും അനീതികളിൽനിന്നും മുക്തിനേടാനുള്ള മാർഗ്ഗമെന്തെന്നു് അവശതയനുഭവിക്കുന്ന ജനതയ്ക്കൊരു പാഠവുംകൂടിയാണു് ഈ വിപ്ലവം."

അങ്ങനെയുള്ള ഒരു കാലഘട്ടത്തിലാണു് ഭഗത്സിംഗ്-ദത്തും രംഗത്തിറങ്ങിയതു്.

ഞാൻ:—"വിപ്ലവപ്രസ്ഥാനങ്ങളെ സംബന്ധിച്ച് ഞാൻ പലതും വായിച്ചിട്ടുണ്ട്. നിങ്ങൾ—ഇന്ത്യൻ വിപ്ലവകാരികൾ—വളരെ ചെറുപ്രായത്തിൽ പാർട്ടിയിൽ ചേർന്നു. എന്റെ പതിനാലാമത്തെ വയസ്സിൽ വിപ്ലവപ്രസ്ഥാനത്തിൽ പങ്കെടുത്തു. കാക്കോറി ഗൂഢാലോചനക്കേസ്സിൽ സുപ്രസിദ്ധനായിത്തീർന്ന മന്മഥനാഥഗുപ്തയും, പാർട്ടി ലീഡർ ചന്ദ്രശേഖർ ആസാദും പതിനാലാമത്തെ വയസ്സിൽ വിപ്ലവപ്രസ്ഥാനത്തിൽ ചേർന്നു എന്നറിയുന്നു. രാഷ്ട്രീയബോധമില്ലാതിരുന്ന ആ കാലഘട്ടത്തെ സ്ഥിതി പോകട്ടെ, ഇന്ന്—സ്വതന്ത്രഭാരതത്തിൽ—പതിനാലു വയസ്സുകാരായ ബാലന്മാർ രാഷ്ട്രീയരംഗത്തിറങ്ങി പ്രവർത്തിക്കുന്നതായി കേട്ടിട്ടില്ല. അപ്പോൾ നിങ്ങൾക്കിത്ര ചെറുപ്രായത്തിൽ ഇങ്ങനെ ഉൽബുദ്ധരും ഉല്പതിഷ്ണുക്കളുമായിത്തീരാനുള്ള പ്രചോദനമെവിടെനിന്നു ലഭിച്ചു?"

ദത്ത്:—"ഞാൻ പന്ത്രണ്ടാമത്തെ വയസ്സിൽ വിപ്ലവപ്രസ്ഥാനത്തിൽ ചേർന്നതാണ്. അന്ന് ഞാൻ ഏഴാംക്ലാസിൽ പഠിക്കുകയായിരുന്നു. പാർട്ടിയുടെ ലഘുലേഖകൾ വിതരണം ചെയ്യലായിരുന്നു എന്റെ തൊഴിൽ. ശ്രീ സുരേഷ്ചന്ദ്രഭട്ടാചാര്യ (ഇപ്പോൾ കാൺപൂരിലെ ഒരു ദിനപ്പത്രത്തിന്റെ പത്രാധിപരാണ്) യാണ് എനിക്കു ലഘുലേഖകൾ തന്നിരുന്നതു്. വിശ്രമസമയത്ത് വിദ്യാർത്ഥികളെല്ലാവരും ക്ലാസ്സിനു വെളിയിൽ പോകുമ്പോൾ ഞാൻ ഓരോരുത്തരുടേയും പുസ്തകത്തിനുള്ളിൽ ലഘുലേഖ തിരുകിവയ്ക്കും. വിദ്യാർത്ഥികൾ വൈകുന്നേരം വീട്ടിൽ ചെന്നു വായിക്കാനിരിക്കുമ്പോൾ ലഘുലേഖ ദൃഷ്ടിയിൽപ്പെടും. അങ്ങനെ അവരതു വായിക്കും."

ഞാൻ:—"അങ്ങ് ഈശ്വരനിൽ വിശ്വസിക്കുന്നുണ്ടോ?"

ദത്ത്:—"പൊതുജനാരോഗ്യമന്ത്രി ശ്രീമതി സുശീലാനയ്യരും ഇന്നലെ എന്നോടീ ചോദ്യമുന്നയിക്കുകയുണ്ടായി. 'വിപ്ലവകാരികൾ നാസ്തികരാണ്. നിങ്ങൾക്ക് ഈശ്വരനിൽ വിശ്വാസമുണ്ടോ?' എന്നായിരുന്നു അവരുടെ ചോദ്യം. എന്റെ രാഷ്ട്രീയചിന്താഗതി ആത്മീയബോധത്തിൽനിന്നുടലെടുത്തതാണ്. എന്റെ മാതാപിതാക്കൾ വലിയ ഈശ്വരഭക്തരായിരുന്നു. ഞാനും അവരോടൊത്ത് അനേകം പുണ്യതീർത്ഥങ്ങൾ സന്ദർശി

ലാഹോർ ഗൂഢാലോചനക്കേസ്



ഇരിക്കുന്നവർ:—(വലത്തുനിന്നും) കിരൺദാസ്, സുരീന്ദർപാണ്ഡെ, സദാശിവ്, കമൽനാഥ്തിവാരി.

നിൽക്കുന്നവർ:—(മുൻനിര) വൈശംബിയൻ, പ്രൊ: ഭഗവൻദാസ് മാഹോർ, വിജയകുമാർസിൻഹ, സുശീലാമോഹൻ (ദീദി), ലൈലാറാണി, ഡോക്ടർ ഗയാപ്രസാദ്, ശിവവർമ്മ.

പിൻനിര:—കുൽബീർസിംഗ്, കുൽത്താർസിംഗ്, രൺബീർസിംഗ് (ഭഗത്സിംഗിന്റെ സഹോദരന്മാർ.)

ച്ചിട്ടുണ്ട്. ശ്രീരാമകൃഷ്ണപരമഹംസർ, സ്വാമി വിവേകാനന്ദൻ എന്നിവരിൽനിന്നും പ്രചോദനമുൾക്കൊണ്ടാണ് ഞാൻ സാമൂഹ്യപ്രവർത്തനരംഗത്തിറങ്ങിയത്. എന്നെ വിപ്ലവപ്രസ്ഥാനത്തിലേയ്ക്കാനയിച്ചതും ഏതാണ്ടതേ പ്രചോദനംതന്നെയാണ്. കാൺപൂരിൽ വരുന്നതിനുമുമ്പ് ഞാൻ സുപ്രസിദ്ധസാമൂഹ്യപ്രവ

ത്തകനും ആത്മീയഗുരുവുമായ നേപ്പാൾബാബുവിനോടൊത്ത് കാശിയിൽ താമസിച്ചിട്ടുണ്ട്. നേപ്പാൾബാബു വിപ്ലവകാരിയായിരുന്നില്ലെങ്കിലും സുപ്രസിദ്ധവിപ്ലവകാരിനേതാവായ സചീന്ദ്രനാഥ്സന്ന്യാലുമായി മൈത്രിയിലായിരുന്നു. റഷ്യൻ വിപ്ലവത്തിനു മുമ്പുള്ള കാലഘട്ടത്തിൽ ഇന്ത്യൻ വിപ്ലവകാരികൾ തികച്ചും മതവിശ്വാസികളായിരുന്നു. അവർ ഭഗവത് ഗീത ഉരുവിട്ടുകൊണ്ടാണ് കഴുമരത്തിലേറിയിരുന്നത്. റഷ്യൻവിപ്ലവത്തിനുശേഷം ഇന്ത്യയിലെ വിപ്ലവകാരികളുടെ ചിന്താഗതി മാറി. അവർ ആദ്ധ്യാത്മികചിന്താഗതിക്കു പകരം രാഷ്ട്രീയചിന്താഗതിയിൽ പ്രചോദിതരായി, മരണപ്പുടവയുമണിഞ്ഞു് രംഗത്തിറങ്ങി. ജനങ്ങളുടെ ഇടയിൽ വിപ്ലവകാരികളെ സംബന്ധിച്ച് വലിയ തെററിദ്ധാരണകൾ പ്രചരിച്ചിട്ടുണ്ട്. ആയുധമുപയോഗിക്കുന്നവരെല്ലാം വിപ്ലവകാരികളായിക്കൊള്ളണമെന്നു നിർബന്ധമില്ല. വിപ്ലവകാരികൾ രണ്ടുതരമാണ്. ഒന്ന് താല്ക്കാലികാവേശത്താൽ രംഗത്തിറങ്ങുന്നവർ. മറെറാന്ന് ക്ലാസ്റിവലൂഷനറി. അവരെയേ യഥാർത്ഥത്തിൽ വിപ്ലവകാരികൾ എന്നു പറയാവൂ. താല്ക്കാലികമായ ആവേശത്താൽ വിപ്ലവത്തിനിറങ്ങുന്നവർ ഏതെങ്കിലുമൊരു ചിന്താഗതിയിലോ, സിദ്ധാന്തത്തിലോ അടിയുറച്ചു വിശ്വസിക്കുന്നവരായിരിക്കുകയില്ല. 1930-31 കാലഘട്ടത്തിൽ ബംഗാളിൽ വിപ്ലവപ്രസ്ഥാനം സുശക്തമായി. അന്ന് അവിടുത്തെ ഓരോ ഭവനത്തിലും വിപ്ലവകാരികൾ ഉണ്ടായി. സാധാരണക്കാരായ ആശാരിമാരും കൊല്ലന്മാരും താല്ക്കാലികാവേശത്താൽ രംഗത്തിറങ്ങി. എന്നാൽ അവരെ ശരിയായ വിപ്ലവകാരികൾ എന്നു പറഞ്ഞുകൂടായിരുന്നു. എന്നാൽ രാഷ്ബിഹാറിബോസ്, ചന്ദർശേഖർആസാദ്, ഭഗത്സിംഗ്, സുഭാഷ്ബോസ് തുടങ്ങിയവർ യഥാർത്ഥവിപ്ലവകാരികളായിരുന്നു. അവർ അന്ത്യനിമിഷംവരെ രാജ്യത്തു് വിപ്ലവം കൊണ്ടുവരുന്നതിനു യത്നിച്ചു. അതിനുവേണ്ടി ആത്മാഹൂതി നടത്തുകയും ചെയ്തു. ഭഗത്സിംഗ് ജയിലിൽനിന്നു വൈസ്രോയിക്കൊരു കത്തെഴുതുകയുണ്ടായി. അതിൽ, താൻ ഒരു കൊലപാതകിയല്ലെന്നും, താനൊരു വിപ്ലവകാരിയാണെന്നും, ലോകത്തിലെ ദുഃഖിതരേയും അവശരേയും അക്രമങ്ങളിൽനിന്നും അനീതികളിൽ നിന്നും രക്ഷിക്കയാണ് തൻെറ ലക്ഷ്യമെന്നും വ്യക്തമാക്കിയിരു

ന്നു. അതിനാൽ ബോംബും തോക്കുമുപയോഗിക്കുന്നവരെല്ലാം വിപ്ലവകാരികളാകുന്നില്ല. പാർലിമെൻറുമന്ദിരത്തിൽ ബോംബെറിഞ്ഞ കാലത്തുപോലും തോന്നിക്കാത്ത അത്ര വിപ്ലവശക്തി എനിക്കു നിരാഹാരവ്രതംകൊണ്ടു സിദ്ധിക്കയുണ്ടായി. ഏതെങ്കിലും സൽപ്രവൃത്തിക്കുവേണ്ടി ഇഞ്ചിഞ്ചായി മരിക്കുന്ന ഒരാൾക്കു് ഭൗതികമോഹം ഉണ്ടായിരിക്കുകയില്ല. അയാൾക്കു് എല്ലാവിധ ലൗകികമോഹങ്ങളിൽനിന്നും മുക്തി ലഭിക്കുന്നു. നീണ്ട കാലത്തെ നിരാഹാരവ്രതത്തിലൂടെ എനിക്കു് അസാമാന്യമായ ആത്മീയശക്തിയുണ്ടായെന്ന ബോധമാണിപ്പോഴുള്ളതു്."

ഞാൻ:—"നിരാഹാരവ്രതത്തിൻെറ പരിണാമമെന്തായിരുന്നു?"

ദത്ത്:—"നിരാഹാരവ്രതംകൊണ്ടു് ജയിലുകളിൽ തടവുകാരുടെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞു. അവരെ മൂന്നുതരത്തിൽ വിഭജിച്ചു. ഞങ്ങളുടെ നിരാഹാരസമരത്തിനുമുമ്പു് തടവുകാരെ മനുഷ്യരായി പരിഗണിച്ചിരുന്നില്ല. അവരോടു മൃഗീയമായി പെരുമാറിവന്നിരുന്നു. ജതീന്ദ്രദാസിൻെറ ആത്മാഹുതിയിലൂടെ ഭരണാധികാരികളുടെ കാട്ടാളത്തത്തിലേയ്ക്കു് ലോകശ്രദ്ധ ക്ഷണിക്കാൻ കഴിഞ്ഞു. രാഷ്ട്രീയതടവുകാരെ പ്രത്യേകം മുറികളിൽ പാർപ്പിച്ചു് അവരോടു മനുഷ്യത്വപരമായി പെരുമാറണമെന്നായിരുന്നു ഞങ്ങളുടെ ആവശ്യം. പ്രത്യക്ഷത്തിൽ ഗവണ്മെൻറു്, ഞങ്ങളുടെ ആവശ്യങ്ങളനുവദിച്ചു. ജയിലധികൃതർ രാഷ്ട്രീയതടവുകാരോടു മര്യാദയോടെ പെരുമാറാൻ തുടങ്ങി. ഞങ്ങളുടെ നിരാഹാരവ്രതസമരത്തിനുമുമ്പു്, ആൻറമാൻജയിലിൽ, കാളയ്ക്കു പകരം രാഷ്ട്രീയതടവുകാരെയാണു് ചക്കുതണ്ടിൽ പൂട്ടിയിരുന്നതു്. ചിലരെ ശിക്ഷ എന്ന നിലയ്ക്കു വലിയ ഇരുമ്പുക്കൂട്ടുകളിൽ അടയ്ക്കാറുണ്ടായിരുന്നു. ആ ഇരുമ്പുക്കൂടു് വളരെ ചെറുതായിരുന്നതുകൊണ്ടു് മനുഷ്യനു് എഴുന്നേററുനിൽക്കാനോ നിവർന്നു കിടക്കാനോ കഴിഞ്ഞിരുന്നില്ല. അങ്ങനെ ഒന്നും രണ്ടും വർഷം തടവുകാരെ ക്കൂട്ടിലടയ്ക്കുന്ന പതിവുണ്ടായിരുന്നു. ആ തടവുകാർ ഒന്നാം ലോകമഹായുദ്ധകാലത്തു് ബ്രിട്ടീഷ് ഗവണ്മെൻറിനെ അട്ടിമറിക്കാൻ ശ്രമിച്ചു എന്ന കുററത്തിനു് ശിക്ഷിക്കപ്പെട്ട വീരഭാരതീയരായിരുന്നു. ആ കേസ്സിൽ സോഹൻലാൽപാഠക്കിനെ

ബർമ്മയിൽ മാൻറലേ എന്ന സ്ഥലത്തുവെച്ചും, പണ്ഡിററു് കാശിറാം, കത്താർസിംഗ് സറാബാ എന്നിവരെ ലാഹോർ ജയിലിൽവച്ചും തൂക്കിക്കൊന്നു. ബ്രിട്ടീഷുകാർ ഇന്ത്യയിലെ വിപ്ലവകാരികളോടു പെരുമാറിയിരുന്ന കാട്ടാളത്തം ലോകത്തെ ലജ്ജിപ്പിക്കുന്നതരത്തിലുള്ളതായിരുന്നു. അതുപോലെ പണ്ഡിററു് പന്തു് സ്വതന്ത്രഭാരതത്തിൻെറ ആഭ്യന്തരമന്ത്രിയായിരിക്കെ, ജീവിച്ചിരിക്കുന്ന വിപ്ലവകാരികൾ ഒരു നിവേദനം നടത്തി. മാതൃഭൂമിയുടെ സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി ആത്മാഹുതി നടത്തിയ രക്തസാക്ഷികളുടെ ഓർമ്മയ്ക്കായി ഒരു സ്മാരകം നിർമ്മിക്കണമെന്നേ അവർ അഭ്യർത്ഥിച്ചുള്ളൂ. എന്നാൽ സ്വതന്ത്രഭാരതത്തിൻെറ ആഭ്യന്തരമന്ത്രിയുടെ മറുപടി എന്തായിരുന്നെന്നോ? 'ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം ഗാന്ധിജിയുടെ കൊടിക്കീഴിൽ മാത്രമാണു് നടത്തീട്ടുള്ളതു്. അതിനാൽ ഇന്ത്യാഗവൺമെൻറു് ഗാന്ധിയുഗത്തിനുമുമ്പുള്ള രക്തസാക്ഷികളുടെ യാതൊരു സ്മാരകവും നിർമ്മിക്കുന്നതല്ല.' കഷ്ടം!

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം രണ്ടു പാന്ഥാവിലൂടെയാണു് മുന്നേറിയതു്. കോൺഗ്രസ്, ഗാന്ധിജിയുടെ നേതൃത്വത്തിൽ ന്യായവാദങ്ങൾ മുഴക്കിയും, ബ്രിട്ടീഷുകാരെ പ്രശംസിച്ചും പ്രചരണംനടത്തിയും സമരം നടത്തിക്കൊണ്ടിരുന്നു. വിപ്ലവകാരികൾ മരണപ്പുടവയണിഞ്ഞു് വിദേശീയസാമ്രാജ്യത്വഭരണകൂടത്തെ വെല്ലുവിളിച്ചു. മാത്രമല്ല, സ്വാതന്ത്ര്യലത സ്വന്തം രക്തംകൊണ്ടു നനച്ചു് പോഷിപ്പിച്ചു. ചില ഇംഗ്ലീഷുകാരെ വധിച്ചെന്നു മാത്രമല്ല സ്വാതന്ത്ര്യബലിവേദിയിൽ തങ്ങളുടെ ശിരസ്സു് അവർ സ്വയമർപ്പിക്കുകയുംചെയ്തു. ആ പരിതഃസ്ഥിതിയിൽ പണ്ഡിററു് പന്തിൻെറ പ്രഖ്യാപനം ദേശാഭിമാനികളെ ഞെട്ടിപ്പിക്കാതിരുന്നില്ല. സൈമൺകമ്മീഷനെതിരായി കോൺഗ്രസുകാർ നടത്തിയ പ്രകടനത്തിൽ യൂറോപ്യൻ പോലീസുദ്യോഗസ്ഥൻ ലാലാ ലജ്പത്റോയിയോടു് മൃഗീയമായി പെരുമാറി. ആ കാട്ടാളത്തത്തിനു പകരംവീട്ടാൻവേണ്ടിയാണു്, വിപ്ലവകാരികൾ ലജ്പത്റോയിയുടെ ഘാതകനായ പോലീസുസൂപ്രണ്ടിനെ വെടിവെച്ചുകൊന്നതു്. ആ കുററത്തിനു് സർദാർ ഭഗത്സിംഗ്, സുഖ്ദേവ്, രാജ്ഗുരു എന്നീ മൂന്നു ദേശാഭിമാനികൾ കഴുമരത്തി

ലേററപ്പെട്ടു. എന്നാൽ ഇന്നത്തെ കോൺഗ്രസ് നേതൃത്വത്തിനു വിപ്ലവകാരികളുടെ പേരു കേൾക്കുമ്പോൾ വിറളിയാണ്.

ഗാന്ധിജി, പണ്ഡിററ്നെഹ്റു തുടങ്ങി മൂന്നനാലുപേരെ അതിൽപ്പെടുത്താൻ പാടില്ല. കാരണം അവരുടെ സൗഹൃദത്തിൻ ഫലമായി പല വിപ്ലവകാരികളും മരണവക്ത്രത്തിൽനിന്നു രക്ഷപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള കോൺഗ്രസ് നേതാക്കളെക്കുറിച്ച് അഭിപ്രായം പറയാൻതന്നെ ലജ്ജതോന്നുന്നു അവർ സങ്കുചിതമനസ്കരും സ്വാർത്ഥതല്പരരുമാണ്. അവരിൽ പലരും ഉയൎന്ന പദങ്ങൾ മോഹിച്ചാണ് ജയിലിൽപോയതു്. അവരുടെ രാജ്യസ്നേഹവും, ഗാന്ധിഭക്തിയും പാർലമെൻറ്-അസംബ്ളി അംഗത്വത്തിൽ ഒതുങ്ങിനില്ക്കുന്നു. മഹത്തായ കോൺഗ്രസ് സംഘടനയിൽ ഇന്നു അങ്ങനെയുള്ള സ്വാർത്ഥതല്പരരും അധികാരദുർമ്മോഹികളും നിറഞ്ഞതാണു് രാജ്യത്തു കാണുന്ന ദുരവസ്ഥയുടെ കാരണം. ഗാന്ധിജി ഇന്നു ജീവിച്ചിരുപ്പുണ്ടായിരുന്നെങ്കിൽ ഈ ദേശദ്രോഹികളെ കഴുമരത്തിലേററാൻവേണ്ടി നിരാഹാരവ്രതമനുഷ്ഠിച്ചേനെ."

ഞാൻ:—"നിങ്ങൾ നിരാഹാരവ്രതത്തിലൂടെ സാമൂഹ്യോന്നതി നേടിയെങ്കിലും രാഷ്ട്രീയമായ എന്തെങ്കിലും വിജയമുണ്ടായോ?"

ദത്ത്:—"ജതീന്ദ്രദാസിൻെറ രക്തസാക്ഷിത്വത്തിലൂടെ ഞങ്ങളുടെ ലക്ഷ്യമെന്തെന്ന് ലോകം മനസ്സിലാക്കിയെന്ന് നേരത്തേ പറഞ്ഞുവല്ലോ. ഞാനും ഭഗത്സിംഗും ആയുധപ്രയോഗത്തിലേയ്ക്കു രാജ്യത്തിൻെറ ശ്രദ്ധ ക്ഷണിക്കാൻവേണ്ടിയല്ല പാർലിമെൻറുമന്ദിരത്തിൽ ബോംബെറിഞ്ഞതു്. ഏതൊരു വിപ്ലവപ്രസ്ഥാനത്തിൻെറയും ലക്ഷ്യം അതായിരിക്കുകയില്ല. ഞങ്ങൾ അങ്ങനെ ചെയ്യാൻ നിർബ്ബന്ധിതരായ പരിതഃസ്ഥിതിയിലേയ്ക്കു് ലോകശ്രദ്ധ ക്ഷണിക്കുക എന്നതായിരുന്നു ഉദ്ദേശം. കേസ്സ്വിചാരണയ്ക്കു് ഞങ്ങൾ മൊഴികൊടുത്തതും അതാണ്. വിപ്ലവത്തിലൂടെ മാത്രമേ ഇന്ത്യയ്ക്കു മോചനം നേടാൻ സാദ്ധ്യമാകൂ. ഇന്ത്യയുടെ നന്മ സാമൂഹ്യവിപ്ലവത്തിലാണ്. ഒരു വ്യക്തി മററൊരു വ്യക്തിയെയോ, ഒരു രാഷ്ട്രം മററൊരു രാഷ്ട്രത്തേയോ ചൂഷണംചെയ്യാനനുവദിച്ചുകൂടാ. എന്നാൽ മാത്രമേ നൂററാണ്ടു

കളായി ചൂഷണത്തിന്റെ വശംവദരായി ചക്രശ്വാസംവലിച്ചുകൊണ്ടിരിക്കുന്ന ജനസമൂഹത്തിന് മോചനം ലഭിക്കുകയുള്ളു. അതായത്ത് സോഷ്യലിസ്റ്റ്‌വിപ്ലവമാണ് ഞങ്ങളുടെ ലക്ഷ്യം. ആ സന്ദേശം ഭാരതത്തിനു മാത്രമല്ല സകല രാഷ്ട്രങ്ങൾക്കുംവേണ്ടിയുള്ളതാണ്. അല്ലാതെ, ഞങ്ങൾ കൊലപാതകികളോ, വിദ്ധ്വംസകരോ അല്ല"

ഞാൻ:—"നിരാഹാരവ്രതംകൊണ്ട് തടവുകാരുടെ സ്ഥിതി മെച്ചപ്പെട്ടതല്ലാതെ മറെറന്തു ഗുണമുണ്ടായി എന്നു പറഞ്ഞില്ലല്ലോ."

ദത്ത്:—"ഞങ്ങൾ ആദർശവിപ്ലവകാരികളായി ലോകത്തിന്റെ മുമ്പിൽ വന്നു. ആദർശത്തിനുവേണ്ടി വിപ്ലവകാരികൾക്ക് ഇഞ്ചിഞ്ചായി മരിക്കാനും സാധിക്കുമെന്ന് ലോകത്തിനു കാണിച്ചുകൊടുത്തു. അതാണ് ഞാനും ഭഗത്സിംഗും ബോംബെറിഞ്ഞതിനുശേഷം ഓടിപ്പോകാതിരുന്നത്. ഞങ്ങൾ സ്വയം അറസ്റ്റ്‌വരിച്ച് വിപ്ലവകാരികളുടെ ധീരത വെളിപ്പെടുത്തി. കേസ്സിൽ ഞങ്ങൾ ധൈര്യത്തോടെ മൊഴിനല്കി ഇൻക്വിലാബ്-സിന്ദാബാദ് മുഴക്കി ജീവപര്യന്തം തടവുശിക്ഷ സ്വാഗതംചെയ്തു. തന്മൂലം വിപ്ലവകാരികൾക്ക് ജീവൻ ബലിയർപ്പിക്കാൻ മാത്രമല്ല, ചിരിച്ചുകൊണ്ട് കഴുമരത്തിലേറാനും സാധിക്കുമെന്ന് വ്യക്തമാക്കി. ഞങ്ങളുടെ നിരാഹാരവ്രതസമരം രാജ്യത്തുടനീളം കോളിളക്കം സൃഷ്ടിച്ചു. വിപ്ലവപ്രസ്ഥാനത്തിന്റെ നീക്കത്തെക്കുറിച്ച് അവലോകനംചെയ്യുമ്പോൾ 1929 മുതൽ 1931 വരെയുള്ള കാലഘട്ടത്തിൽ ഒരുപിടി വിപ്ലവകാരികൾ രാജ്യത്തെ സ്വാതന്ത്ര്യത്തിന്റെ പടിക്കലെത്തിച്ചു എന്നു സ്പഷ്ടമായി മനസ്സിലാകും. ആ കാലഘട്ടം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഒരു വഴിത്തിരിവായിരുന്നു. ആ അവസരം മനസ്സിലാക്കിയ ഗാന്ധിജി മുന്നോട്ടു വന്നു 1928-ൽ പൂർണ്ണസ്വാതന്ത്ര്യം പ്രമേയത്തിലൂടെ ആവശ്യപ്പെടാൻ ധൈര്യപ്പെടാത്ത കോൺഗ്രസ് ഒരുവർഷത്തിനുശേഷം പരിപൂർണ്ണസ്വാതന്ത്ര്യമാവശ്യപ്പെട്ട പ്രമേയം പാസ്സാക്കി. ഇംഗ്ലീഷുകാരുടെ നിദ്ര ഭഞ്ജിച്ചു."

ഞാൻ:—"ഇന്ത്യയിൽ ആരാണ് ആദ്യം വിപ്ലവപ്രവർത്തനത്തിനിറങ്ങിയത്ത്?"

ദത്ത്:—"വിപ്ലവത്തിൻെറ വിജയാപജയങ്ങൾ അതാതു രാജ്യത്തെ സാമൂഹ്യ–സാമ്പത്തികവ്യവസ്ഥകളെ ആശ്രയിച്ചിരിക്കുന്നു. ഇന്ത്യയിൽ ആദ്യമായി കഴുമരത്തിലേററപ്പെട്ട വിപ്ലവകാരി ശ്രീ ദാമോദർ ചൗഫക്കറാണ്. അദ്ദേഹം കോൺഗ്രസിൻെറ ചരിത്രപ്രധാനമായ ലാഹോർസമ്മേളനത്തിന് മുപ്പതു വർഷംമുമ്പ് ഇന്ത്യയ്ക്കു പൂർണ്ണസ്വാതന്ത്ര്യമനുവദിക്കണമെന്ന് ബ്രിട്ടീഷുകാരോടാവശ്യപ്പെട്ടു. ചൗഫക്കർ, ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ റെൻഡ്സായ്പിനെ വധിച്ച കുററത്തിനാണ് കഴുമരത്തിലേററപ്പെട്ടതു്. കുറേക്കഴിഞ്ഞു് ഖുദ്ദിറാംബോസും, കനായിലാൽദത്തും രക്തസാക്ഷിത്വം വരിച്ചു. ഇംഗ്ലീഷുകാരെ ഭയപ്പെടുത്തണമെന്ന മാത്രമേ അവർക്കുദ്ദേശമുണ്ടായിരുന്നുള്ളു. അക്രമങ്ങളിൽനിന്നും അനീതികളിൽനിന്നും പിന്തിരിയാത്തപക്ഷം ഇതായിരിക്കും അനുഭവമെന്ന് ബ്രിട്ടീഷുകാർക്കു മുന്നറിയിപ്പുനല്കുകയായിരുന്നു അവർ ചെയ്തതു്. രാജ്യത്തെ ബ്രിട്ടീഷാധിപത്യത്തിൽനിന്നു മോചിപ്പിക്കണമെന്നുതന്നെയായിരുന്നു അവരുടെ ഉദ്ദേശമെങ്കിലും ഒററയും തെററയുമായ പ്രവർത്തനംകൊണ്ടു് അതു സാദ്ധ്യമല്ലെന്നും വിപ്ലവകാരികൾക്കറിയാമായിരുന്നു. എന്നിരുന്നാലും തങ്ങൾ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ടിരുന്നു.

പിന്നീട് വിപ്ലവപ്രസ്ഥാനത്തിൻെറ രണ്ടാംഘട്ടമാരംഭിച്ചു. ഇതരരാജ്യങ്ങളിൽ ചില രാഷ്ട്രീയപരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. അതിനാൽ ഇന്ത്യയിലെ വിപ്ലവകാരികളുടെ വീക്ഷണഗതിയും പരിവർത്തനപ്പെട്ടു. ഒരുപിടി ഇംഗ്ലീഷുകാർ ഇന്ത്യയെ അടക്കിഭരിക്കുന്നതു് ഇന്ത്യക്കാരായ പട്ടാളശക്തിയാലാണെന്ന് മനസ്സിലായി. അതിനാൽ പട്ടാളത്തിൻെറ അനുഭാവമില്ലെങ്കിൽ ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്നു തുരത്താൻ സാദ്ധ്യമല്ലെന്നു കണ്ടു. അങ്ങനെ ഇന്ത്യൻ വിപ്ലവപ്രസ്ഥാനം നവീനഘട്ടത്തിൽ കാലുകുത്തി. ഇന്ത്യൻപട്ടാളത്തിലെ യുവാക്കളിൽ ദേശീയബോധം വളർത്താനുള്ള സംരംഭമായി. ഒരുകാലത്തു് ലാലാ ഹരിദയാൽ, അമേരിക്കയിൽ വിപ്ലവപ്രസ്ഥാനം സംഘടിപ്പിച്ചു. അന്ന് പാർട്ടിയുടെ പേരു് ഗദർപാർട്ടി എന്നായിരുന്നു. ഭൂപേന്ദ്രനാഥദത്തു്, രാജാമഹേന്ദ്രപ്രതാപൻ, ഡാക്ടർ ഖാൻകോജെ, മൗലവി ബെർക്കത്തുള്ള തുടങ്ങിയ ദേശാഭിമാനികൾ ഇതരയൂറോപ്യൻരാജ്യങ്ങളിൽ ബ്രിട്ടീഷ്സാമ്രാജ്യവിരുദ്ധപ്രവർത്തനങ്ങൾ നടത്തി ഇന്ത്യൻ

വിപ്ലവപ്രസ്ഥാനത്തിന് ശക്തി വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ഇന്ത്യയിൽ ശ്രീ രാഷ്ബിഹോറിബോസ്, സചീന്ദ്രനാഥ് സന്യാൽ തുടങ്ങിയവർ പട്ടാളക്കാരുടെ ഇടയിൽ ദേശപ്രേമം വളർത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. വിദേശീഭരണകൂടത്തെ തകർക്കേണ്ട ആവശ്യം പട്ടാളക്കാരെ ധരിപ്പിച്ചു തൽഫലമായി ഇന്ത്യൻ പട്ടാളത്തിലെ ആയിരമായിരം യുവാക്കൾ ബ്രിട്ടീഷ്സാമ്രാജ്യ ശക്തിയോടേററുമുട്ടാൻ മാതൃരാജ്യത്തേയ്ക്കു മടങ്ങി. അവരുടെ സഹായത്തിനായി ജർമ്മനിയിൽനിന്ന് മൂന്നു കപ്പൽനിറയെ ആയുധങ്ങളും ലക്ഷക്കണക്കിന് രൂപയും ഇന്ത്യയിലേക്കയച്ചു. മഹത്തായ ആ വിപ്ലവശൃംഖലയുടെ ചില കണ്ണികൾ ദുർബ്ബലമായിരുന്നു. തൽഫലമായി ഇത്രയെല്ലാം സാഹചര്യങ്ങളുണ്ടായിരുന്നിട്ടും ആ സംരംഭം പരാജയപ്പെടുകയാണുണ്ടായത്. രാജ്യത്തുടനീളം അറസ്റ്റുകൾ നടന്നു. ശതശതം ഭാരതീയയുവാക്കൾ കഴുമരത്തിലേററപ്പെട്ടു. ആയിരക്കണക്കിന് ദേശഭക്തന്മാക്ക് നീണ്ട കാലത്തേയ്ക്കു തടവുശിക്ഷ ലഭിച്ചു കർത്താർസിംഗ് സറാബാ, മറാഠായുവാവു പിംഗലെ, മദൻലാൽ ധാംഗർ തുടങ്ങിയവർ ആ കേസിന് കഴുമരത്തിലേററപ്പെട്ടവരാണ്. അങ്ങനെ ഇന്ത്യൻ വിപ്ലവപ്രസ്ഥാനത്തിൻെറ രണ്ടാംഘട്ടവുമവസാനിച്ചു. പിന്നീട് ആ പ്രസ്ഥാനം പുതിയ രൂപംപൂണ്ടു. ആ പുതുമ റഷ്യൻവിപ്ലവത്തിൽനിന്നുൾക്കൊണ്ടതായിരുന്നു. അതൊരു മാനുഷികഭൂകമ്പമായിരുന്നു. അതു് സകല രാഷ്ട്രങ്ങളേയും ഇളക്കിമറിച്ചു. ലോകത്തിലാദ്യമായി തൊഴിലാളികളുടേയും കർഷകരുടേയും ഭരണം സ്ഥാപിതമായി എന്നതായിരുന്നു റഷ്യൻവിപ്ലവത്തിൻെറ പ്രത്യേകത. ഫ്രഞ്ചുവിപ്ലവവും റഷ്യൻവിപ്ലവവും തമ്മിൽ വ്യത്യാസമെന്തായിരുന്നെന്നോ? ഫ്രഞ്ചുവിപ്ലവം ലോകത്തിൽ ജനാധിപത്യസമ്പ്രദായം പ്രചരിപ്പിച്ചു. അതു് പല രാജ്യങ്ങളിലും രാജവാഴ്ച അവസാനിപ്പിക്കാൻ ഹേതുവായിത്തീന്നു. റഷ്യൻവിപ്ലവം ലോകത്തിന് സോഷ്യലിസ്റ്റ്ഭരണസമ്പ്രദായം പ്രദാനംചെയ്തു. നൂററാണ്ടുകളായി മുതലാളിമാരുടേയും ഭൂഉടമകളുടേയും ചൂഷണങ്ങൾക്കടിമപ്പെട്ട് മരണശ്വാസംവലിച്ചുകൊണ്ടിരുന്ന ജനങ്ങൾക്ക് ചൂഷണങ്ങളിൽനിന്നും മുക്തിനേടാനുള്ള മാർഗ്ഗം മനസ്സിലാക്കികൊടുത്തു. അങ്ങനെ ലോകത്തിൻെറ പരിവത്തനത്തോടൊത്തു് ഇന്ത്യൻവിപ്ലവപ്രസ്ഥാനത്തിൻെറ ഗതിക്കും മാററം സംഭവിച്ചു. ഇന്ത്യൻ

വിപ്ലവപ്രസ്ഥാനത്തിന്റെ മൂന്നാംഘട്ടത്തിന് സോഷ്യലിസ്റ്റ് റിപ്പബ്ളിക്കൻ ചിന്താഗതിയുടെ പ്രതിഫലനമുണ്ടായി. കാക്കോറിഗൂഢാലോചനക്കേസിൽ രാംപ്രസാദ്ബിസ്മിൽ, ഇഷ്ഫാക്കുള്ള തുടങ്ങിയവർ കഴുമരത്തിലേററപ്പെട്ടശേഷം സർദാർ ഭഗത്സിംഗും ചന്ദ്രശേഖർആസാദും പാർട്ടി പുതുതായി സംഘടിപ്പിച്ചു. അവർ പാർട്ടിയുടെ പേര് സോഷ്യലിസ്റ്റ് റിപ്പബ്ളിക്കൻ ആർമി എന്നാക്കിമാററി. ആ സംഭാവന എന്റേയും ഭഗത്സിംഗിന്റെയും വകയായിരുന്നു എന്നു വേണമെങ്കിൽ പറയാം."

ദത്ത്ജി തുടർന്നു:—"ഞാൻ വീട്ടുപേക്ഷിച്ച് കല്ക്കത്തയിൽ പോയി, തൊഴിലാളിപ്രവർത്തനമാരംഭിച്ചു. പിന്നീട് ആഗ്രയിൽ—ഹെഡ്ക്വാർട്ടേഴ്സിൽ—വന്ന് തന്റെ പ്രവർത്തനങ്ങളെ സ്സംബന്ധിച്ച് ചർച്ചചെയ്യുമ്പോൾ ഒരു സഹപ്രവർത്തകൻ ആശ്ചര്യത്തോടെ ഭഗത്സിംഗിനോടു പറഞ്ഞു. 'ഇവൻ എങ്ങോട്ടാണു പോകുന്നതെന്ന് മനസ്സിലാകുന്നില്ലല്ലോ; ഇവനിണ്ട് പോന്നുവന്ന ട്രേഡ്യൂണിയന്റെ കാര്യങ്ങൾ പ്രസംഗിക്കുന്നു.' വിപ്ലവകാരികൾ ബോംബിന്റേയും തോക്കിന്റേയും കാര്യങ്ങൾ മാത്രമേ ശ്രദ്ധിക്കാവൂ എന്നായിരുന്നു ആ സ്നേഹിതന്റെ ധാരണ. എന്നാൽ എന്റെ ചിന്താഗതി വ്യത്യസ്തമായിരുന്നു. ഞാൻ സോഷ്യലിസ്റ്റ് ചിന്താഗതിയിൽ അടിയുറച്ച വിശ്വാസിയായിക്കഴിഞ്ഞിരുന്നു. സാധാരണക്കാർ വിപ്ലവപ്രസ്ഥാനത്തെ അനുകൂലിക്കാത്തിടത്തോളം കാലം ലക്ഷ്യം പൂർത്തീകരിക്കപ്പെടുകയില്ലെന്ന് ഞാൻ വിശ്വസിച്ചിരുന്നു. അതിനാൽ ഞാനും ഭഗത്സിംഗും ഈ സന്ദേശം പൊതുജനങ്ങളിലെത്തിക്കാൻ പാർലിമെന്റുമന്ദിരത്തിൽ ബോംബെറിഞ്ഞു. കേസ്സ് വിചാരണചെയ്യുമ്പോൾ ഞങ്ങൾ ആശയം വ്യക്തമാക്കുകയുംചെയ്തു. ഞങ്ങൾ കൊലപാതകത്തിനോ രക്തച്ചൊരിച്ചിലിനോവേണ്ടിയല്ല ബോംബെറിഞ്ഞത്. രാജ്യത്തിന്റെ നന്മ സോഷ്യലിസ്റ്റ്വ്യവസ്ഥിതിയിലാണ്. ഒരു വ്യക്തി അന്യ ഒരു വ്യക്തിയേയോ; ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തേയോ ചൂഷണംചെയ്യാൻ അനുവദിക്കാത്ത സോഷ്യലിസ്റ്റ് ഭരണസമ്പ്രദായമാണ് നമുക്കാവശ്യം എന്ന് ജനങ്ങളെ അറിയിക്കാനാണ് ഞങ്ങൾ ബോംബെറിഞ്ഞത്.

ബോംബുകേസ്സിനുമുമ്പ് ട്രെയിഡ്യൂണിയൻ പ്രസ്ഥാനം രാജ്യത്ത് ശക്തിപ്പെട്ടുതുടങ്ങിയിരുന്നു. അതുകൊണ്ട് ഭയാക്രാന്ത

രായ ഭരണാധികാരികൾ ആ പ്രസ്ഥാനത്തെ തകക്കാൻ ശ്രമിച്ചു. തൊഴിലാളിനേതാക്കന്മാരെ അറസ്റ്റ്ചെയ്തു; മീററു ഗൂഢാലോചനക്കസ് എന്ന പേരിൽ വലിയൊരു അടിച്ചമർത്തൽ നടത്തി. തൊഴിലാളിപ്രസ്ഥാനം സാർവ്വദേശീയപ്രസ്ഥാനമാണ്. അതിനാൽ ഇംഗ്ലണ്ടിലെ ചില തൊഴിലാളിനേതാക്കൾ ഇന്ത്യയിൽ തൊഴിലാളിപ്രസ്ഥാനം സംഘടിപ്പിക്കാൻ ആവശ്യമായ സഹായങ്ങൾ നല്കിക്കൊണ്ടിരുന്നു. അതിനായി കുറേപ്പേർ ഇന്ത്യയിൽ വന്ന് പ്രവർത്തിക്കുകയുംചെയ്തു. എന്നാൽ മീററുഗൂഢാലോചനക്കേസ്സിൽ അവരേയും അറസ്റ്റ്ചെയ്തു. ഫിലിപ്സമ്രാട്ട്, ബ്രെഡ്ലേ തുടങ്ങിയ നേതാക്കളേയും മുസഫർഅഹമ്മദ്, എസ്. എ ഡാങ്കെ തുടങ്ങിയ ഇന്ത്യൻ തൊഴിലാളിനേതാക്കളോടൊന്നിച്ച് ഇരുമ്പഴികൾക്കുള്ളിലടച്ചു.

ഇന്ത്യൻ വിപ്ലവപ്രസ്ഥാനത്തിന്റെ മൂന്നാംഘട്ടം സോഷ്യലിസ്റ്റ് റിപ്പബ്ളിക്കൻ ചിന്താഗതിയോടെ മുന്നോട്ടുനീങ്ങി. ആ കാലഘട്ടത്തിന് ഭഗത സിംഗ്കാലഘട്ടമെന്നു പറയാം. കാരണം ചില പ്രത്യേകസാഹചര്യങ്ങൾ എന്നേയും ഭഗത്സിംഗിനേയും ആ കാലഘട്ടത്തിന്റെ പ്രതീകമാക്കിത്തീർത്തിരുന്നു. The cult of bomb and pistol is not revolution, but it requires mass action. (ബോംബും പിസ്റ്റോളുംകൊണ്ടുമാത്രം വിപ്ലവം കൊണ്ടുവരാൻ സാദ്ധ്യമല്ല. അതിന് അദ്ധ്വാനിക്കുന്ന ജനതയുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ് എന്നാണല്ലോ ചൊല്ല്.)

## ബോംബേറുകേസും ശിക്ഷയും

പാർലമെൻറുമന്ദിരത്തിൽ ബോംബെറിഞ്ഞതിനുശേഷം ഞങ്ങൾ ഓടിപ്പോകാൻ ശ്രമിച്ചില്ല. പിസ്റ്റോൾ എറിഞ്ഞുകളഞ്ഞു്, ഇൻക്വിലാബ്-സിന്ദാബാദ് മുഴക്കി പോലീസിന്റെ മുമ്പിലേയ്ക്കു ചെന്നു. ആ കുററത്തിന് വധശിക്ഷയോ, ജീവപര്യന്തം തടവോ ആയിരിക്കും ലഭിക്കുക എന്ന് ഞങ്ങൾക്കുറപ്പുണ്ടാ



ഖാൻഖോജേ
(പ്രമുഖ വിപ്ലവ നേതാവ്.)



അജയഘോഷ്
(ബോംബേറുകേസ്സിലെ പ്രതി.)



ഹരികിഷൻ
(ഗവർണ്ണർവധക്കേസ്സിൽ തൂക്കിക്കൊന്നു.

യിരുന്നു. ബോംബെറിയുന്നതിന്റെ തലേദിവസം ഭഗത്സിംഗ് പറഞ്ഞു: "ഇന്നു നമുക്കു് ഉല്ലസിക്കണം. ജീവിതത്തിൽ ഇനിയതു് സാദ്ധ്യമായെന്നുവരില്ല." പിന്നീടു് ഞങ്ങളിരുവരും ബസാറിൽപ്പോയി, ഷൂ പോളീഷ്ചെയ്യിച്ചു. വലിയ ഹോട്ടലിൽക്കയറി വിലപിടിച്ച ഭക്ഷണസാധനങ്ങൾ കഴിച്ചു. സിനിമാ കണ്ടു......

ഞങ്ങളുടെ നിരാഹാരവ്രതം കേസിനു പല ദോഷങ്ങളും വരുത്തിവച്ചു. ഞങ്ങൾ കോർട്ടിൽ ഹാജരായിരുന്നില്ല. വക്കീലിന്റെയോ പ്രതികളുടെയോ അസാന്നിദ്ധ്യത്തിൽ കേസ് വിചാരണചെയ്യാൻ പാടില്ലെന്നാണ് നിയമം. അതിനാൽ പലപ്പോഴും കേസ് നീട്ടിവയ്ക്കേണ്ടിവന്നു. കേസ് ശ്രീ കൃഷ്ണന്റെ കോർട്ടിൽനിന്നു മുന്നോട്ടുനീങ്ങിയില്ല. വെളിയിലെ പ്രക്ഷോഭണങ്ങളും ജയിലിൽ ഞങ്ങളുടെ നിരാഹാരവ്രതവും ഗവൺമെൻറിനെ പരിഭ്രാന്തമാക്കിക്കൊണ്ടിരുന്നു. അതിനാൽ ഗവൺമെൻറ് 'ഹങ്കർ സ്ട്രൈക്ക് ബിൽ' എന്നൊരു നിയമം കൊണ്ടുവന്നു. കേസ് കഴിയുംവേഗം അവസാനിപ്പിക്കാൻ അധികാരം നല്കുക എന്നതായിരുന്നു ആ ബില്ലിന്റെ ഉദ്ദേശം. എന്നാൽ പണ്ഡിററ് മോത്തി

ലാൽനെഹ്രുവിൻെറയും പണ്ഡിററ് മദൻമോഹൻമാളവ്യയുടെയും ശക്തിയായ എതിർപ്പുമൂലം സെൻട്രൽ അസംബ്ളിയിൽ ആ ബില്ല് പാസ്സായില്ല. ഗവണ്മെൻറ് ആ ബിൽ പിൻവലിച്ച് പകരം ഹങ്കർ സ്ട്രൈക്ക് ഓർഡിനെൻസ് പുറപ്പെടുവിച്ചു. അതനുസരിച്ച് നിരാഹാരവ്രതംകൊണ്ടോ മററതെങ്കിലും കാരണത്താലോ പ്രതി കോർട്ടിൽ ഹാജരായില്ലെങ്കിലും കേസ് വിചാരണചെയ്യാൻ കോർട്ടിനധികാരമുണ്ടായിരിക്കും.

അങ്ങനെ ഞങ്ങളുടെ കേസ് നിയമക്കോടതിയിൽനിന്ന് മൂന്നംഗങ്ങളുള്ള ഒരു ട്രിബ്യൂണലിൻെറ മുമ്പാകെ എത്തി. മിസ്റ്റർ മിൽട്ടൻ, മിസ്റ്റർ കോൾഡ്സ്ട്രീമും എന്നീ യൂറോപ്യൻജഡ്ജിമാരും ആഗാ ഹൈദർ എന്ന ഇന്ത്യൻജഡ്ജിയുമായിരുന്നു അംഗങ്ങൾ. ട്രിബ്യൂണൽതീരുമാനം അവസാനവിധിയായിരിക്കും. അപ്പീലിനു പോകാൻപാടില്ല. ട്രിബ്യൂണലിൻെറ കാലാവധി ആറുമാസമായിരിക്കും. അതിനുള്ളിൽ ഞങ്ങളുടെ കേസ് അവസാനിപ്പിച്ചുകൊള്ളണം. ഞങ്ങളുടെ നിരാഹാരവ്രതം പൊതുജനങ്ങളെ ആവേശഭരിതരാക്കിക്കഴിഞ്ഞിരുന്നു. അതിനാൽ ഗവണ്മെൻറിനു കഴിയുംവേഗം ഞങ്ങളെ കഴുമരത്തിലേററണം. കേസ് വെറുമൊരു പ്രഹസനമായിരുന്നു. ഞങ്ങൾക്ക് തെളിവു നല്കാനവസരം കിട്ടിയില്ല. പെട്ടെന്ന് കേസവസാനിപ്പിച്ചു. ഭഗത്സിംഗിനെയും സുഖ്ദേവിനെയും രാജ്ഗുരുവിനെയും തൂക്കിക്കൊല്ലാൻ വിധിച്ചു. ഞങ്ങൾ മരിക്കാൻ കച്ചകെട്ടിയിറങ്ങിയവരായതുകൊണ്ട് തെളിവുനല്കുന്ന കാര്യത്തിൽ ശ്രദ്ധിച്ചില്ല. രാജ്യത്ത് ദേശീയോൽബുദ്ധത വ്യാപിച്ചുകഴിഞ്ഞു. ഞങ്ങളുടെ ലക്ഷ്യം നേടിക്കഴിഞ്ഞു. ഇനി മൂന്നുനാലുപേർ കഴുമരത്തിലേറി എന്നുകരുതി ഒന്നും വരാനില്ല. അതു സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിനു ശക്തി വർദ്ധിപ്പിക്കുകയേയുള്ളു.

നിരാഹാരവ്രതം അവസാനിപ്പിച്ചിരുന്നതിനാൽ ഞങ്ങൾ കോർട്ടിൽ ഹജരാകാൻതുടങ്ങി. ട്രിബ്യൂണൽ, കേസ് ആദ്യംതൊട്ടു പുനരാവർത്തിച്ചു. ഞങ്ങൾ മുദ്രാവക്യം മുഴക്കിയും, ദേശീയഗീതമാലപിച്ചുമാണ് കോർട്ടിൽ ഹജരായിരുന്നത്. ജഡ്ജിമാർക്ക് ഈ വിവരമറിയാമായിരുന്നു. അവർ ആദ്യമാദ്യം ഇക്കാര്യത്തിൽ തടസ്സമുന്നയിച്ചില്ല. ഞങ്ങൾ ദേശീയഗീതമാലപിച്ച്,

മുദ്രാവാക്യങ്ങൾ മുഴക്കുമ്പോൾ ജഡ്ജിമാർ ന്യായപീഠത്തിൽ ഉപവിഷ്ടരാകാറില്ല. ഒരു ദിവസം ഞങ്ങൾ കോട്ടിൽ എത്തുന്നതിന്റെ മുമ്പുതന്നെ ജഡ്ജിമാർ ന്യായപീഠത്തിൽ ഉപവിഷ്ടരായി. ഞങ്ങൾ കോട്ടിൽ പ്രവേശിച്ച ഉടൻതന്നെ 'ഇൻകിലാബ് സിന്ദാബാദ്' 'ഇമ്പീരിയലിസം മൂർദാബാദ്' എന്ന മുദ്രാവാക്യം മുഴക്കി. ട്രിബ്യൂണൽ ചെയർമാൻ ജസ്റ്റീസ് കോൾഡ്സ്ട്രീം, ഞങ്ങളോടു നിശ്ശബ്ദരാകാനാജ്ഞാപിച്ചു. ഞങ്ങൾ അനുസരിച്ചില്ല. പൂർവ്വാധികം ആവേശത്തോടെ ദേശീയഗീതമാലപിക്കാനാരംഭിച്ചു ഉടൻ ജസ്റ്റീസ് സന്ദർശകരേയും പത്രപ്രതിനിധികളേയും ഗ്യാലറിയിൽനിന്നു പുറത്താക്കി. ഞങ്ങളെ നിശ്ശബ്ദരാക്കാൻ പോലീസിന്നാജ്ഞനല്കി. ഞങ്ങളുടെ മുദ്രാവാക്യങ്ങളാൽ അന്തരീക്ഷം മുഖരിതമാകാൻ തുടങ്ങി. പോലീസ് ഞങ്ങളെ മർദ്ദിക്കാൻ തുടങ്ങി. ഞങ്ങളും ഏററുമുട്ടി. മൂന്നു ജഡ്ജിമാരുടെമുമ്പാകെ ഏതാണ്ട് രണ്ടുമണിക്കൂർസമയത്തെ യുദ്ധം നടന്നിട്ടും പോലീസിന് ഞങ്ങളെ നിശ്ശബ്ദരാക്കാൻ കഴിഞ്ഞില്ല. അവസാനം പോലീസ് ഞങ്ങളെ വലിച്ചിഴച്ച് വീണ്ടും ജയിലിലേയ്ക്കു കൊണ്ടുപോയി. കേസ്തീയതി മാററിവച്ചു. പിന്നീടു ഞങ്ങൾ കേസ് ബഹിഷ്കരിച്ചു. കോർട്ടിൽ ദേശീയഗീതമാലപിക്കുന്നതും, മുദ്രാവാക്യം മുഴക്കുന്നതും കോട്ടലക്ഷ്യമാണെന്നു ജസ്റ്റീസ് കോൾഡ്സ്ട്രീം വിധിച്ചു. ഇന്ത്യക്കാരനായ ജസ്റ്റീസ് ആഗാഹൈദർ ആ വിധിയെ എതിർത്തു. രാഷ്ട്രീയതടവുകാർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് അദ്ദേഹം വാദിച്ചു. ജസ്റ്റീസ് കോൾഡ്സ്ട്രീം തൻെറ കാട്ടാളത്തപരമായ പെരുമാററത്തിന് ക്ഷമാപണംചെയ്യാത്തപക്ഷം ഞങ്ങൾ കേസിൽ സഹകരിക്കുകയില്ലെന്ന് പ്രഖ്യാപിച്ചു. വക്കീലന്മാരും പത്രപ്രതിനിധികളും കോട്ട് ബഹിഷ്കരിച്ചു. അവസാനം ഗവണ്മെൻറ് തലകുനിച്ചു. ജസ്റ്റീസ് കോൾഡ്സ്ട്രീമിനെ ട്രിബ്യൂണലിൽനിന്നു മാററി മിൽട്ടനെ ചെയർമാനാക്കി. കൂട്ടത്തിൽ ജസ്റ്റീസ് ആഗാഹൈദരിനേയും മാററി. രാഷ്ട്രീയതടവുകാർ കോട്ടിൽ ദേശീയഗാനം ആലപിക്കുന്നതു് കോട്ടലക്ഷ്യമാകുന്നില്ലെന്ന് അദ്ദേഹം വാദിച്ചില്ലേ? അതിനാൽ ആഗാഹൈദരുടെ സ്ഥാനത്ത് ജസ്റ്റീസ് അബ്ദുൾഖാദർ നിയമിതനായി. ഞങ്ങൾ ആ പുതിയ ട്രിബ്യൂണലിനെയുമെതിർത്തു. ജസ്റ്റീസ് കോൾഡ്സ്ട്രീം കോട്ടിൽവെച്ച് തടവുകാരെ മർദ്ദിപ്പിക്കുന്നതു നോക്കിയി

രുന്ന ആളാണു് മിൽട്ടൺ. അയാളെ ട്രിബ്യൂണലിന്റെ ചെയർമാനാക്കിയതു് ന്യായീകരിക്കത്തക്കതല്ല. ഞങ്ങളുടെ എതിർപ്പു് കണക്കിലെടുക്കാതെ, ഗവണ്മെന്റു കേസുനടത്തി. ഞങ്ങളാരും കോട്ടിൽ ഹാജരായതുമില്ല. തൽഫലമായി കോട്ടു് ഏകപക്ഷീയമായി കുററപത്രം തയ്യാറാക്കി, നാലു വിപ്ലവകാരികളെ കുററക്കാരല്ലെന്നുകണ്ടു വിട്ടയച്ചു—ഞാൻ, സുരേന്ദ്രപാണ്ഡെ, അജയഘോഷ്, ജിതേന്ദ്രനാഥ്സന്ന്യാൽ. ബോംബുകേസിൽ ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ട എനിക്കു് ഈ വിട്ടയതൽകൊണ്ടു് പ്രയോജനമൊന്നുമുണ്ടായില്ല. എന്നിരുന്നാലും മററു മൂന്നുപേക്കു് രക്ഷകിട്ടി. എന്നെ മററുള്ളവരിൽനിന്നകററി ശിക്ഷയനുഭവിക്കാൻ മുൾത്താൻജയിലിലേക്കയച്ചു. അജയഘോഷ് പിന്നീട്ടു് കമ്മ്യൂണിസ്റ്റ്പാട്ടിയിൽ ചേന്നു. രാജ്യം സ്വാതന്ത്ര്യമായതിനുശേഷവും അദ്ദേഹം വളരെക്കാലം രാജ്യത്തേയും, ജനങ്ങളേയും സേവിച്ചു. ജിതേന്ദ്രനാഥ്സന്ന്യാൽ, സുപ്രസിദ്ധവിപ്ലവകാരിയായ സചീന്ദ്രനാഥ്സന്ന്യാലിന്റെ അനുജനായിരുന്നു. അദ്ദേഹത്തിന്റെ മറെറാരനുജൻ ഭൂപേന്ദ്രനാഥസന്ന്യാൽ സുപ്രസിദ്ധനായ ഒരു ലേഖകനും പത്രപ്രവത്തകനുമാണു്. സുരേന്ദ്രപാണ്ഡെ ഇപ്പോൾ മൈസൂറിൽ ഒരു ഉയന്ന ഉദ്യോഗസ്ഥനാണു്.

കുററപത്രം നല്കിയതിനുശേഷം കേസ് കുറേക്കാലം നീണ്ടുനിന്നു. ഭഗത്സിംഗിനും മററു കൂട്ടുകാക്കും 1930 ജൂലൈ 30-ാം തീയതി കുററപത്രം നല്കി. 1930 ഒക്ടോബറിൽ കേസ് വിധി പറഞ്ഞു. എന്നെ ജൂലൈമാസത്തിൽ ലാഹോർജയിലിൽനിന്നു് മുൾത്താനിലേയ്ക്കു മാററി."

ശ്രീ: ദത്ത് തുടന്നു:—"ഞാൻ നേരത്തേ പറഞ്ഞതുപോലെ ട്രിബ്യൂണൽ നല്കുന്ന ശിക്ഷ മറെറാരു കോട്ടിലും ചോദ്യംചെയ്യപ്പെട്ടുകൂടായിരുന്നു. അതിനാൽ ഭഗത്സിംഗ്, സുഖ്ദേവ്, രാജ്ഗുരു എന്നിവക്കു കൊടുത്ത ശിക്ഷ ചോദ്യംചെയ്യാനധികാരമില്ല. എന്നിരുന്നാലും ശിക്ഷ നടപ്പിലാക്കുന്നതു് താമസിപ്പിക്കാൻ ഞങ്ങളുടെ വക്കീൽ ഹൈക്കോർട്ടിൽ 'ഹേബിയസ് കോർപ്പസി'നപേക്ഷിച്ചു. ശിക്ഷ വിധിച്ച ട്രിബ്യൂണൽ ഇപ്പോൾ നിലവിലില്ലാത്തതുകൊണ്ടു് ശിക്ഷ നടപ്പിലാക്കാനധികാരമില്ലെന്നായിരുന്നു പോയിന്റു്. ഹൈക്കോട്ടു് ആ അപേക്ഷ തള്ളി. എന്നിട്ടും അദ്ദേഹം കേസ് പ്രിവികൌൺസിലിൽ ഉന്നയിച്ചു.

അവിടെ ഓർഡിനൻസ് ചോദ്യംചെയ്യപ്പെട്ടു. അടിയന്തിരാവസ്ഥയിൽ മാത്രമേ ഗവമ്മെൻറിന് ഓർഡിനൻസ് പുറപ്പെടുവിക്കാൻ അധികാരമുള്ളു എന്നും ഈ ഓർഡിനൻസ് നിലവിൽവരുമ്പോഠം ഇന്ത്യയിൽ യാതൊരു അടിയന്തിരാവസ്ഥയും ഉണ്ടായിരുന്നില്ലെന്നും, അതിനാൽ ഓർഡിനൻസിൻെറ പശ്ചാത്തലത്തിൽ ഉടലെടുത്ത ട്രിബ്യൂണലിൻെറ വിധി ന്യായീകരിക്കത്തക്കതല്ലെന്നുമായിരുന്നു വാദം. അടിയന്തിരാവസ്ഥ നിലുവിലുണ്ടോ ഇല്ലയോ എന്നു തീരുമാനിക്കേണ്ടതു് വൈസ്രോയിയാണെന്നും, അതിനാൽ അടിയന്തിരാവസ്ഥ നിലവിലുള്ളതുകൊണ്ടാണു് ഓർഡിനൻസ് പുറപ്പെടുവിച്ചതെന്നും പ്രിവികൌസിൽ വിധിപ്രസ്താവിച്ചു കേസ് തള്ളി."

•

# വിപ്ലവകാരികളും ഗൂഢപ്രവർത്തനവും

ഓരോ രാജ്യത്തേയും വിപ്ലവപ്രസ്ഥാനം അതാതു രാജ്യത്തെ സാമൂഹ്യ-സാമ്പത്തികപരിതഃസ്ഥിതികളെ ആശ്രയിച്ചു് വിവിധ രീതിയിൽ മുന്നോട്ടുനീങ്ങുമെന്നു് ശ്രീ. ദത്ത് പറഞ്ഞതു് തികച്ചും ശരിയാണു്. ഞാൻ (ഈ ലേഖകൻ) ഇന്ത്യൻ വിപ്ലവപ്രസ്ഥാനവുമായി ബന്ധപ്പെട്ടതു്, പ്രസ്ഥാനത്തിൻെറ മൂന്നാംഘട്ടത്തിലായിരുന്നു. അതിനാൽ എന്നിലും സോഷ്യലിസ്റ്റ്ചിന്താഗതി ഉദയംകൊണ്ടു. എന്നാൽ ശ്രീ: ദത്തിനെപ്പോലെയോ, ഭഗത്സിംഗിനെപ്പോലെയോ സജീവപ്രവത്തകനായിരുന്നില്ല ഞാൻ. ഞങ്ങഠം സോഷ്യലിസത്തെക്കുറിച്ചു സംസാരിച്ചിരുന്നെങ്കിലും, എന്നെ സംബന്ധിച്ചിടത്തോളം സാമൂഹ്യവിപ്ലവം ഒരു നേരിയ വെളിച്ചംമാത്രമായിരുന്നു. 1918-ലെ റഗുറേഷൻ 3 എന്ന നിയമമനുസരിച്ചു് ബ്രിട്ടീഷ്ഗവമ്മെൻറു് എന്നെ അറസ്റ്റ്ചെയ്തു് അനിശ്ചിതകാലത്തേയ്ക്കു് മാണ്ട്ഗോമറിജയിലിൽ പാപ്പിച്ചു. ഒരുദിവസം ഡെപ്യൂട്ടികമ്മീഷണർ സാമ്പ്സ് ജയിൽ സന്ദർശിക്കാൻ വന്നു.

"രാഷ്ട്രീയചിന്താഗതിയനുസരിച്ച് നിങ്ങൾ ഏതു പാർട്ടിക്കാരനാണ്?" എന്ന് ഡെപ്യൂട്ടികമ്മീഷണർ എന്നോടു ചോദിച്ചു. ഞാൻ ഒരു സോഷ്യലിസ്റ്റ് ചിന്താഗതിക്കാരനാണെന്നും, ലോകത്ത് സോഷ്യലിസം കൊണ്ടുവരാനാഗ്രഹിക്കുന്നവരിൽ ഒരാൾ എന്നും മറുപടികൊടുത്തു

"തൊഴിലാളികളുടെയും കൃഷികരുടെയും ഭരണം അല്ലെ?"—അദ്ദേഹം ചോദിച്ചു.

"അതേ!"

"ഞാൻ പതിനാറുമണിക്കൂർ ജോലിചെയ്യുന്ന ഒരാളാണ്. അപ്പോൾ ഞാനുമൊരു തൊഴിലാളിയല്ലേ?"

"ഞങ്ങൾ മാററാനാഗ്രഹിക്കുന്ന വിദേശീയഭരണയന്ത്രത്തിൻെറ ഒരു സ്പെയർപാർട്ടാണ് അങ്ങ്. ആ സ്ഥിതിക്ക് അങ്ങ് ഒരു തൊഴിലാളിയാണെന്നു പറയാൻ ഞങ്ങൾക്കു സാദ്ധ്യമല്ല."

അതു കേട്ടമാത്രയിൽ സായ്പ് ക്ഷോഭിച്ചു. ഞാൻ ഒരു അപകടകാരിയായ യുവാവാണെന്നും അടുത്തകാലത്തൊന്നും എന്നെ ജയിലിൽനിന്നും മോചിപ്പിക്കരുതെന്നും അദ്ദേഹം ഗവണ്മെണ്ടിന് റിപ്പോർട്ടുചെയ്തു. അയാൾ പോയതിനുശേഷം ജയിൽസൂപ്രണ്ട് മി. എൻ. ഡി. സോന്ധി എന്നോടിപ്രകാരം പറഞ്ഞു:—"ഏതെങ്കിലും ബ്രിട്ടീഷുദ്യോഗസ്ഥൻ രാഷ്ട്രീയ ചിന്താഗതിയെപ്പററി അന്വേഷിച്ചാൽ ആലോചിച്ചു മറുപടി പറയണം."

ഞങ്ങൾ ജയിലിലായിരുന്നപ്പോഴും, വെളിയിലായിരുന്നപ്പോഴും വലിയ ഒച്ചപ്പാടുകളൊന്നും ഇഷ്ടപ്പെട്ടിരുന്നില്ല. അതിനാൽ വായിക്കാൻ ധാരാളം സമയം ലഭിച്ചു. പഞ്ചാബിലെ സുപ്രസിദ്ധ വിപ്ലവകാരി ശ്രീ. ധന്വന്തരി, വൈസ്രോയി ഇർവിൻപ്രഭുവിൻെറ തീവണ്ടിക്കു ബോംബെറിഞ്ഞ കുററത്തിന് അറസ്റ്റ്ചെയ്യപ്പെട്ട് ഡെൽഹിജയിലിൽ കഴിയുകയായിരുന്നു. ഞങ്ങൾ വക്കീൽമുഖേന അദ്ദേഹവുമായി സന്ദേശങ്ങൾ കൈമാറിക്കൊണ്ടിരുന്നു. ആ കേസിൻെറ സീനിയർ ഡിഫൻസ്, ഡാക്ടർ കിച്ച്ലൂവും, അസിസ്റ്റൻറ് അഡ്വക്കേററ് ഭല്ലുബീർ



എസ്സ്. എ. ഡാങ്കേ

ലാഹോർ ഗൂഢാലോചന
കേസിലെ പ്രതി.



ജോഗേഷ് ചാററർജി

കാക്കോറിഗൂഢാലോചന
കേസിലെ പ്രതി.

സിംഗ്ഗുമായിരുന്നു. രഘുബീർസിംഗിൻെറ ഭവനം വിപ്ലവകാരികളുടെ ക്ലബ്ബായിത്തീൎന്നു. ധന്വന്തരി ഞങ്ങൾക്ക് ഒരു ഉപദേശം നല്കി. Memories of a Revolutionist (by Vera-finger), History of Nationalism in the East (by Hans Kohan) എന്നിങ്ങനെ രണ്ടു പുസ്തകങ്ങൾ വായിക്കാൻ ഉപദേശിച്ചു. വീരാഫിൻഗർ ഒരു റഷ്യൻ വിപ്ലവകാരിയും, റഷ്യൻകൊട്ടാരത്തിൽ ബോംബെറിഞ്ഞ കുററത്തിനു ജീവപൎയ്യന്തം തടവുശിക്ഷയനുഭവിച്ച മഹതിയുമായിരുന്നു. ജയിൽവിമുക്തയായതിനുശേഷമാണ് അവർ ആ പുസ്തകമെഴുതിയതു്. ഹാൻസ്കോഹൻ സുപ്രസിദ്ധനായ ഒരു ജൎമ്മൻ ലേഖകനായിരുന്നു. ഏഷ്യയിലെ സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളെ സംബന്ധിച്ച് ഏററവും നല്ല പുസ്തകം അദ്ദേഹത്തിൻേറതായിരുന്നു. ഞങ്ങൾ അങ്ങനെ പലതും വായിച്ചെങ്കിലും നിസ്സാരമായ പല കാൎയ്യങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞില്ല ഇന്ത്യൻ വിപ്ലവകാരികളും,

കമ്മ്യൂണിസ്റ്റ്കാരും തമ്മിലുള്ള അടിസ്ഥാനവ്യത്യാസമെന്തെന്ന് ഞങ്ങൾക്കു മനസ്സിലായില്ല. വിപ്ലവകാരികളുടേയും, കമ്മ്യൂണിസ്റ്റ്കാരുടേയും പ്രവർത്തനങ്ങൾക്ക് ഐകരൂപ്യമുണ്ടായിരുന്നു. ഞങ്ങളാകട്ടെ, ധൃതിയിൽ ചില ഇംഗ്ലീഷുകാരെ വധിച്ച് കഴുമരത്തിലേറി ജനങ്ങളിൽ ആവേശം സൃഷ്ടിച്ചുകൊണ്ടിരുന്നു. കമ്മ്യൂണിസ്റ്റ്കാർ സാമൂഹ്യവിപ്ലവത്തിലൂടെ രാജ്യത്തെ വിപ്ലവത്തിലേയ്ക്കു നയിക്കാൻ ശ്രമിച്ചിരുന്നു. രണ്ടു തീയറികളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ ഞങ്ങൾക്കവസരം ലഭിച്ചിരുന്നില്ല. ഞങ്ങളതിനു ശ്രമിച്ചതുമില്ല. എന്നിരുന്നാലും മററു രാഷ്ട്രീയ സംഘങ്ങളെ അപേക്ഷിച്ച് കമ്മ്യൂണിസ്റ്റ്കാരെയാണ് ഞങ്ങൾ അടുത്ത ബന്ധുക്കളായി ഗണിച്ചുപോന്നിരുന്നത്. അതിനാൽ ഞാൻ സഖാവ് രണദിവേയേയും സഖാവ് മുസഫർ അഹമ്മദിനേയും കൂടെക്കൂടെ സന്ദർശിച്ചിരുന്നു. കമ്മ്യൂണിസ്റ്റ്കാരുടെ ഒരു വൈശിഷ്ട്യം എന്നെ അത്യധികം ആകർഷിച്ചു. അത് ഇന്നും വിസ്മരിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. രാംപൂർ നിവാസിയായ, സഖാവ് ലത്തീഫ് ഹുസൈൻ എന്ന ഒരു യുവാവാണ് എന്നെ രണദിവെയുമായി പരിചയപ്പെടുത്തിയത്. അന്ന് രണദിവെ ഡെൽഹിയിലെ ലാൽകനവാറ ബസാറിൽ, ഒരു ചെറിയ മുറിയിലാണ് താമസിച്ചിരുന്നത്. അദ്ദേഹം പകൽ മുഴുവൻ ചാന്ദ്നിചൗക് ബസാറിൽ, റോഡരികിലിരുന്ന് ഷൂ പോളീഷ്ചെയ്യുന്നു. രാത്രിയാകുമ്പോൾ യുവാക്കന്മാരെ സംഘടിപ്പിച്ച് കമ്മ്യൂണിസം പഠിപ്പിക്കും. രണദിവെ ഇപ്പോൾ മാർക്സിസ്റ്റ്കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ ഒരുന്നതനേതാവാണ്. കമ്മ്യൂണിസ്റ്റ്കാരുടെ സൗഹൃദത്തിൽ ആകൃഷ്ടരായി എൻെറ രണ്ടു സ്നേഹിതന്മാർ ആ പാർട്ടിയിൽ ചേർന്നു. അവരാണ് സർദാർ സന്ത്സിംഗും സർദാർ ഭാൽസിംഗും. സന്ത്സിംഗ് മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന സത്യഗ്രഹത്തിൽ പങ്കെടുത്തു ജയിലിൽപ്പോയി. ജയിലിൽനിന്നു പുറത്തുവന്നപ്പോൾ താടിയും കേശവും മുറിച്ചുകളഞ്ഞു. തിരിച്ചുചെന്നപ്പോൾ മൂത്തജ്യേഷ്ഠൻ അദ്ദേഹത്തെ വീട്ടിൽ കയററിയില്ല. ഒരു സിക്കുകാരനായിരുന്നുകൊണ്ട് താടിയും കേശവും മുറിച്ച ഒരു അധമന് തൻെറ വീട്ടിൽ സ്ഥാനമില്ല എന്നാണ് ജ്യേഷ്ഠൻ പറഞ്ഞത്. വീട്ടുകാർ സന്ത്സിംഗിനെ വരാന്തയിൽപ്പോലും കയററിയില്ല. അടുത്തുള്ള



രണദിവേ



പ്രദ്യോത് ഭട്ടാചാര്യ



ജതീന്ദർലാഹിരി

ഒരു മുസൽമാന്റെ വീട്ടിൽനിന്നു പാത്രം കൊണ്ടുവരുവിച്ച് മുററത്തിരുത്തി ഭക്ഷണംകൊടുത്തു. ആ സംഭവം സന്ത്സിംഗിനെ അത്യധികം വേദനിപ്പിച്ചു. അദ്ദേഹം വീടും നാടുമുപേക്ഷിച്ച് തൊഴിലാളിപ്രവർത്തനങ്ങളിൽ മനസ്സിരുത്തി. തന്റെ പേരു് എസ്. എസ്. യൂസഫ് എന്നാക്കി മാററി. ഡെൽഹിയിലെ സി. ഐ. ഡി. വകുപ്പിൽ തലവേദനയായി. ജയിൽവിമുക്തനായ സന്ത്സിംഗ് എവിടെപ്പോയി! രണ്ടുകൊല്ലത്തെ അന്വേഷണങ്ങൾക്കുശേഷം, കാൺപൂരിൽ തൊഴിലാളിപ്രവർത്തനം നടത്തുന്ന എസ്. എസ്. യൂസഫ് ആണ് സന്ത്സിംഗ് എന്നു മനസ്സിലായി. പിന്നീട് എസ്. എസ്. യൂസഫ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വലിയൊരു നേതാവായിത്തീർന്നു. ഇപ്പോൾ അദ്ദേഹം ഉത്തരപ്രദേശ് അസംബ്ളിയിൽ കമ്മ്യൂണിസ്റ്റ് എം. എൽ. എ-യാണ്. പാർട്ടിയിൽ മാന്യമായ സ്ഥാനവുമുണ്ട്.

ഡൽഹിയിലെ കമ്മ്യൂണിസ്റ്റ്പാർട്ടി ആഫീസിൽ മൂന്നേമൂന്ന് ഫോട്ടോകളേ കാണാനുള്ളു. കാർൽമാർക്സ്, ലെനിൻ, ഭാൽസിംഗ് എന്നീ മൂവരുടെ ഫോട്ടോകൾ. ഖദർധോത്തിയും, ജൂബ്ബയും, ഗാന്ധിത്തൊപ്പിയും ധരിച്ച് കോൺഗ്രസ്സിന്റെ കൊടിക്കീഴിൽ സത്യഗ്രഹംനടത്തി പലപ്രാവശ്യം ജയിലിൽപ്പോയ ആ

യുവാക്കളിരുവരും പിൽക്കാലത്തു് പട്ടിണികിടന്നു്, അസ്ഥിമാത്ര പ്രായരായി തെരുവീഥികളിലലഞ്ഞുനടന്നിരുന്നു. ആ വീരദേശാഭിമാനികളെ കമ്മ്യൂണിസ്റ്റ്പാർട്ടി ഇരുകരവും നീട്ടി സ്വീകരിച്ചു. അവക്കു മാന്യമായ സ്ഥാനവും നല്കി.

കമ്മ്യൂണിസ്റ്റ്പ്രസ്ഥാനം പരസ്യമായ ഒരു പ്രസ്ഥാനമാണു്. എന്നാൽ ഞങ്ങൾക്കാകട്ടെ എല്ലാ പ്രവത്തനങ്ങളും ഗൂഢമായി നടത്തേണ്ടിയിരുന്നു. ഏതു രാജ്യത്തെ സ്വാതന്ത്ര്യസമരചരിത്രമെടുത്തുനോക്കിയാലും അവിടത്തെ സ്വാതന്ത്ര്യസമരത്തിൽ ഗൂഢസംഘങ്ങൾ കാര്യമായ പങ്കു വഹിച്ചിരുന്നതായി കാണാം. രാജ്യത്തു് അക്രമങ്ങളും അനീതികളും നടമാടുമ്പോൾ അതിനു് ഭരണകൂടത്തിന്റേയും പട്ടാളത്തിന്റേയും ജയിലറകളുടേയും താങ്ങും തണലുമുണ്ടായിരിക്കും. അപ്പോൾ ദേശസ്നേഹികളായ കുറെ യുവാക്കൾ, രാജ്യത്തെ അനീതികളിൽനിന്നും അക്രമങ്ങളിൽനിന്നും രക്ഷിക്കുവാൻ മരണപ്പുടവയുമണിഞ്ഞു് രംഗത്തിറങ്ങുന്നു. പിസ്റ്റോളുകളുടേയും ബോംബുകളുടേയും സഹായമല്ലാതെ അവക്കു് മററൊരു മാർഗ്ഗമുണ്ടായിരിക്കുകയില്ല. പത്തൊൻപതാംനൂററാണ്ടിന്റെ ആദ്യഘട്ടത്തിൽ, ജമ്മനിയിൽ സ്വാതന്ത്ര്യസമരപ്രസ്ഥാനമുടലെടുത്തതോടെ അവിടെയും ഗൂഢസംഘം രൂപംകൊണ്ടു. കാറൽമേഡ് എന്ന ഒരു വിപ്ലവകാരിയുവാവു് Kolzbe എന്ന ഒരു റഷ്യൻ ഏജൻറിനെ വധിച്ചു് സ്വയം രക്തസാക്ഷിത്വം വരിച്ചു. കാറൽമേഡ് ജമ്മനിയിലെ വിപ്ലവപ്രസ്ഥാനത്തിന്റെ ആദ്യത്തെ രക്തസാക്ഷിയായിരുന്നു. ഇന്ത്യയിൽ ഭഗത്സിംഗിനും, ദത്തിനുമുള്ള സ്ഥാനമാണു് അദ്ദേഹത്തിനു് ജമ്മനിയിലുള്ളതു്. ഇററലിയിൽ സ്വാതന്ത്ര്യസമരമാരംഭിച്ചതോടെ അവിടെയും ഗൂഢസംഘമുടലെടുത്തു. ആ സംഘത്തിന്റെ പേരു് Carbonari എന്നായിരുന്നു. ഇററലിയുടെ ജന്മദാതാവെന്നു വിളിക്കപ്പെടുന്ന മസ്സിനി ആയിരുന്നു ആ സംഘത്തിന്റെ നേതാവു്. ഇരുപതാംനൂററാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ യൂറോപ്യൻ ഇമ്പീരിലിസം ഏഷ്യയിലെങ്ങും വ്യാപിച്ചതോടെ ചൈനയിലും ഗൂഢസംഘം യൂറോപ്യന്മാരെ വധിക്കാൻ തുടങ്ങി. ലോകചരിത്രത്തിൽ, ഈ പ്രസ്ഥാനം Boxer movement എന്ന പേരിൽ സുപ്രസിദ്ധമാണു്. ജപ്പാനിലെ ഗൂഢസംഘത്തിന്റെ പേരു് Black dragon എന്നായിരുന്നു. ആ സംഘത്തിന്റെ

രക്ഷാധികാരി ജപ്പാൻരാജകുടുംബത്തിലെ ഒരംഗമായിരുന്നു. ടോയോയ എന്നായിരുന്നു അദ്ദേഹത്തിൻെറ പേരു്. രാഷ്ബിഹാറിബോസ്, വൈസ്രോയി ഹാർഡിംഗ്പ്രഭുവിനെ ബോംബെറിഞ്ഞതിനുശേഷം ജപ്പാനിലേയ്ക്കു രക്ഷപ്പെട്ടു. അദ്ദേഹത്തിനഭയം നൽകിയതു് ടോയോയരാജകുമാരനായിരുന്നു. വിപ്ലവകാരികളിൽ ഏററവും പ്രസിദ്ധൻ ജമാലുദ്ദീൻ അഫ്ഘാനിയായിരുന്നു. അദ്ദേഹം മുസ്ലിംരാഷ്ട്രങ്ങളെ യൂറോപ്യൻ ഇമ്പീരിയലിസ്റ്റ്‌വലയിൽനിന്നും സ്വതന്ത്രമാക്കാൻ കച്ചകെട്ടി രംഗത്തിറങ്ങി. എല്ലാ മുസ്ലിംരാഷ്ട്രങ്ങളിലും ഇമ്പീരിയലിസ്റ്റ്‌വിരുദ്ധ പ്രസ്ഥാനങ്ങൾ സംഘടിപ്പിച്ചു. ഇറാനിലെ ചക്രവർത്തി ബ്രിട്ടീഷുകാരുടെ കളിപ്പാവയായിരുന്നു. ആ കൂട്ടുകെട്ടവസാനിപ്പിക്കുകയില്ലെന്നു കണ്ടപ്പോൾ ജമാലുദ്ദീൻഅഫ്ഘാനി ചക്രവർത്തിയെ വധിച്ചു. പിന്നീടു് അദ്ദേഹം തുർക്കിയിലെത്തി. അവിടത്തെ രാജാവു് ജമാലുദ്ദീൻ അഫ്ഘാനിയെ ഭയപ്പെട്ടിരുന്നു അതിനാൽ അദ്ദേഹത്തെ രാജകീയാതിഥിയായി സ്വീകരിച്ചു. അവസാനം തുർക്കിരാജാവു് ജമാലുദ്ദീൻഅഫ്ഘാനിയെ വിഷംകൊടുത്തു കൊന്നു.

മഹാവിപ്ലവത്തിനുമുമ്പു് റഷ്യയിലും ഗൂഢസംഘങ്ങൾ പ്രവർത്തിച്ചിരുന്നു. ലെനിൻെറ സഹോദരനായ നിക്കോളാസ് സാർചക്രവർത്തിയെ വധിക്കാൻ ശ്രമിച്ചകുററത്തിനു് കഴുമരത്തിലേററപ്പെട്ടു. സുപ്രസിദ്ധവിപ്ലവകാരിയായ മഹിള വീരാഫിൻഗർ, ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിച്ചു എന്ന കുററത്തിനു ശിക്ഷിക്കപ്പെട്ടു. ഇന്ത്യൻ വിപ്ലവകാരികൾ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ചതുപോലെതന്നെ റഷ്യയിലെ വിപ്ലവകാരിയുവാക്കളും കഴുമരത്തിലേറി രാജ്യത്തു് വിപ്ലവം കൊണ്ടുവരാൻ ശ്രമിച്ചു. എന്നാൽ ഇന്ത്യയിൽമാത്രം മാതൃഭൂമിക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച വിപ്ലവകാരികളുടെ കാര്യം സ്വാതന്ത്ര്യസമരേതിഹാസത്തിൽനിന്നുപോലും ഒഴിച്ചുനിർത്തിയിരിക്കുന്നു!

അയർലൻറിൽ സ്വാതന്ത്ര്യസമരം നടത്തിയതു് വിപ്ലവസംഘമായിരുന്നു. ഇംഗ്ലീഷുകാർക്കു് വിപ്ലവകാരികളുടെ മുമ്പിൽ തലകുനിക്കുകയല്ലാതെ ഗത്യന്തരമില്ലാതായി. അയർലൻറിലെ

ഇപ്പോഴത്തെ രാഷ്ട്രപതി വിപ്ലവകാരിനേതാവായിരുന്നു. വിപ്ലവപ്രവർത്തനങ്ങളിലേർപ്പെട്ട കുററത്തിനു് അദ്ദേഹത്തിനു വധശിക്ഷ ലഭിച്ചു. എന്നാൽ ആ മഹാൻ കഴുമരത്തിൽനിന്നു രക്ഷപ്പെട്ടു് സ്വന്തം രാജ്യത്തെ പ്രധാനമന്ത്രിയും, പിന്നീടു് രാഷ്ട്രപതിയുമായിത്തീർന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യസമരവും രണ്ടു സംഘങ്ങളാണു് നടത്തിപ്പോന്നതു്. ഒന്നു് കോൺഗ്രസ്സിൻെറ നേതൃത്വത്തിൽ അഹിംസാസിദ്ധാന്തത്തിലൂടെയും, മറെറാന്നു് പിസ്റ്റോളുകളുടേയും ബോംബുകളുടേയും സഹായത്തോടെയും. അയർലൻറിലെ സമാധാനവാദികളായ സ്വാതന്ത്ര്യസമരക്കാർ വിപ്ലവകാരികളെ നിന്ദിച്ചിരുന്നില്ല. എന്നാൽ ഇന്ത്യയിൽ, വിപ്ലവകാരികളായ ദേശഭക്തന്മാരെ നിന്ദിക്കുന്നതു് സമാധാനവാദിയായ കോൺഗ്രസ്സിനു് ഒഴിച്ചുകൂടാൻവയ്യാത്ത കർത്തവ്യമായിത്തീർന്നു!

## കാൺഗ്രസിൻെറ കാപട്യം

സർദാർ ഭഗത്‌സിംഗ്, സുഖ്ദേവ്, രാജ്ഗുരു എന്നീ മൂവരേയും 1930 ഒക്ടോബർമാസത്തിൽ, തൂക്കിക്കൊല്ലാൻ വിധിച്ചു. അക്കാലഘട്ടത്തിൽ കോൺഗ്രസ്സിൻെറ രാഷ്ട്രീയമെന്തായിരുന്നു എന്നു നോക്കാം. 1928–ൽ, പണ്ഡിററ് മോത്തിലാൽ നെഹ്റുവിൻെറ അദ്ധ്യക്ഷതയിൽ കൽക്കത്തയിൽ ചേർന്ന സമ്മേളനം പരിപൂർണ്ണസ്വാതന്ത്ര്യമവഗണിച്ചു്, ഡൊമിനിയൻപദവിയാവശ്യപ്പെട്ടു. പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് സുഭാഷ്ബോസ് ഒരു ഭേദഗതി അവതരിപ്പിച്ചു. "ഇന്ത്യൻജനതയുടെ ആഗ്രഹം പരിപൂർണ്ണസ്വാതന്ത്ര്യമാണു്. ബ്രിട്ടനുമായി സകല ബന്ധങ്ങളും വിച്ഛേദിക്കാതെ അതു നേടാൻ സാദ്ധ്യമല്ല."

പണ്ഡിററ് നെഹ്റു ആ ഭേദഗതി പിന്താങ്ങി. പക്ഷെ ഗാന്ധിജിയുടെ വ്യക്തിപരമായ വൈമനസ്യംമൂലം ആ ഭേദഗതി പാസ്സായില്ല. ഒരുവർഷത്തിനുള്ളിൽ ഡൊമിനിയൻപദവി അനു



രാജഗുരു



മുസഫർ അഹമ്മദ്

വദിക്കാത്തപക്ഷം പൂർണ്ണസ്വാതന്ത്ര്യമാവശ്യപ്പെടുമെന്ന് അന്ത്യശാസനംനല്കി. ആ നിസ്സാരപ്രമേയം ബ്രിട്ടനിലെ അധികൃതകേന്ദ്രങ്ങളിൽ അമ്പരപ്പുളവാക്കി. ഭഗത്സിംഗും, ദത്തും 1929 ഏപ്രിൽ 8-ാംതീയതി, അതായത് കോൺഗ്രസ് ഡൊമിനിയൻപദവി ആവശ്യപ്പെട്ടതിൻെറ നാലുമാസത്തിനുശേഷം പാർലമെൻറ മന്ദിരത്തിൽ ബോംബെറിഞ്ഞു. ഒക്ടോബറിൽ വൈസ്രോയി ഇർവിൻപ്രഭുവിനെ ലണ്ടനിലേക്കു വിളിച്ചു. മന്ത്രിസഭയുമായി കൂടിയാലോചന നടത്തിയതിനുശേഷം വൈസ്രോയി ഇന്ത്യയിലേയ്ക്കു മടങ്ങി. ഒക്ടോബർ 31-ാംതീയതി ബ്രിട്ടീഷ്മന്ത്രിസഭയുടെ തീരുമാനം വിളംബരംചെയ്തു.

"ഡൊമിനിയൻപദവി അനുവദിക്കണമെന്ന, കോൺഗ്രസ്സിൻെറ അത്യാഗ്രഹം ബ്രിട്ടീഷ്ഗവണ്മെൻറ നിരസിച്ചിരിക്കുന്നു. ഇന്ത്യയ്ക്കു് പെട്ടെന്ന് ഡൊമിനിയൻപദവി അനുവദിച്ചുകൂടാ. അതിൻെറ ആദ്യത്തെ പടി എന്നാവണ്ണം ചിലതെല്ലാം അനുവദിക്കാൻ തയ്യാറാണ്. അതിനെപ്പററി ആലോചിക്കാൻ

ഒരു വട്ടമേശസമ്മേളനത്തിന് ഇന്ത്യൻനേതാക്കന്മാരെ ഇംഗ്ലണ്ടിലേയ്ക്കു ക്ഷണിച്ചുകൊള്ളുന്നു" എന്നായിരുന്നു വിളംബരത്തിൻെറ ഉള്ളടക്കം.

വൈസ്രോയിയുടെ വിളംബരത്തെപ്പററി ആലോചിക്കാൻ പണ്ഡിററ് മോത്തിലാൽനെഹ്റുവിൻെറ അദ്ധ്യക്ഷതയിൽ, ഡൽഹിയിലൊരു സമ്മേളനം വിളിച്ചുകൂട്ടി. ആ സമ്മേളനത്തിലെടുത്ത തീരുമാനമനുസരിച്ച്, പണ്ഡിററ് മോത്തിലാൽ നെഹ്റു, മഹാത്മാഗാന്ധി, ജവഹർലാൽനെഹ്റു, മദൻമോഹൻ മാളവ്യ, സർദാർ പട്ടേൽ, ഡാക്ടർ അൻസാരി തുടങ്ങിയവർ ഒപ്പുവച്ച് വൈസ്രോയിക്കു മറുപടിയായി ഒരു പ്രസ്താവന പുറപ്പെടുവിച്ചു: "തങ്ങളുടെ നിലപാടിനു മാററംവന്നിട്ടുണ്ടെന്നു ബ്രിട്ടീഷ് ഗവൺമെൻറു പ്രായോഗികനടപടിയിലൂടെ സ്പഷ്ടമാക്കണം. എല്ലാ രാഷ്ട്രീയതടവുകാരെയും നിരുപാധികം വിട്ടയയ്ക്കണം. വട്ടമേശസമ്മേളത്തിൽ കോൺഗ്രസിനു കൂടുതൽ പ്രാതിനിധ്യം നല്കണം. ഈ നിബന്ധനകളംഗീകരിക്കാത്തപക്ഷം കോൺഗ്രസ് വട്ടമേശസമ്മേളനം ബഹിഷ്കരിക്കുന്നതായിരിക്കും."

എന്നാൽ സുഭാഷ്ചന്ദ്രബോസ് ആ പ്രസ്താവനയിൽ ഒപ്പുവയ്ക്കാൻ കൂട്ടാക്കിയില്ല. കല്ക്കത്താസമ്മേളനത്തിലെ പ്രമേയത്തിൽ ഉറച്ചുനില്ക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ വാദം. ബ്രിട്ടീഷ്ഗവൺമെൻറിൻെറ മുമ്പിൽ ഇങ്ങനെ മുട്ടുകുത്തുന്നതു രാഷ്ട്രീയമായ പരാജയമാകുമെന്ന് അദ്ദേഹം വ്യക്തമാക്കി. അതിനാൽ സുഭാഷ്ബോസ് സ്വന്തമൊരു പ്രസ്താവന പുറപ്പെടുവിച്ചു.

"വൈസ്രോയിയുടെ വിളംബരത്തെ സംബന്ധിച്ചു ചിന്തിച്ചതിനുശേഷം, ബ്രിട്ടീഷ്ഗവൺമെൻറിൻെറ നിലപാട് തികച്ചും അസ്വീകാര്യമാണെന്ന നിഗമനത്തിലെത്തിച്ചേരാൻ ഞാൻ നിർബന്ധിതനായിരിക്കുന്നു. വൈസ്രോയിയുടെ വിളംബരത്തിൽ രണ്ടു കാര്യങ്ങളാണുള്ളതു്—ഉത്തരവാദിത്വഭരണത്തിൻെറ ആദ്യത്തെ പടിയായ ഡൊമിനിയൻപദവി, വട്ടമേശസമ്മേളനം. എന്നാൽ ആ വിളംബരത്തിൽ ഡൊമിനിയൻപദവി എന്നനുവദിക്കുമെന്നു വ്യക്തമാക്കീട്ടില്ല. ഞാൻ പരിപൂർണ്ണസ്വാതന്ത്ര്യം കൊണ്ടുമാത്രം തൃപ്തിപ്പെടുന്ന ഒരാളാണു്. അതിനു ഗവൺമെൻറു

മായുള്ള ബന്ധം വിച്ഛേദിക്കാതെ സാദ്ധ്യമല്ല. ഇനി വട്ടമേശാസമ്മേളനത്തിൻെറ പ്രശ്നമവശേഷിക്കുന്നു. അതും ഞാനിഷ്ടപ്പെട്ടന്നില്ല. വൈസ്രോയിയുടെ വിളംബരം കോൺഗ്രസിൽ ആശയക്കുഴപ്പമുളവാക്കി. രാഷ്ട്രീയമായി വഴിപിഴപ്പിക്കാനുള്ള ഒരടവുമാത്രമാണ്. അതിന്ന് യാതൊരു പ്രാധാന്യവുമില്ല"

പിറേറദിവസം സുഭാഷ്ബോസ് കോൺഗ്രസ്സിൻെറ വഴിപിഴച്ച നയത്തിൽ പ്രതിഷേധിച്ച് വക്കിംഗ്കമ്മിററിയിലെ സ്ഥാനം രാജിവച്ചു. അങ്ങനെ കോൺഗ്രസ്നേതൃത്വവും, കോൺഗ്രസ്സിൽ യുവാക്കളെ പ്രതിനിധീകരിക്കുന്ന സുഭാഷ്ബോസും തമ്മിൽ ഭിന്നിച്ചു.

സുപ്രസിദ്ധ ലണ്ടൻപത്രമായ മാഞ്ചെസ്റ്റർ ഗാർഡിയൻ ആ സംഭവത്തെ ഇങ്ങനെ വീക്ഷിച്ചു:

"മഹാത്മാഗാന്ധി, മോത്തിലാൽനെഹ്റു, ജവഹർലാൽ നെഹ്റു തുടങ്ങിയവർ സുഭാഷ്ചന്ദ്രബോസിൻെറ മുമ്പിൽ മുട്ടുകുത്തിപ്പോയാൽ ആ ബംഗാളിയുവാവ്, പണ്ഡിററ് നെഹ്റുവിൽനിന്ന് നേതൃത്വം തട്ടിപ്പറിച്ചു കോൺഗ്രസ്സിൽ ആധിപത്യം സ്ഥാപിക്കും."

അക്കാലത്ത് ഇന്ത്യയിലെ യുവാക്കളുടെ ആശാകേന്ദ്രം സുഭാഷ്ബോസായിരുന്നു. അവരുടെ ആഗ്രഹങ്ങളുടെ ആലംബവും അദ്ദേഹമായിരുന്നു. കോൺഗ്രസിൻെറ ലാഹോർസമ്മേളനം ആരംഭിക്കുന്ന സമയത്ത്—1929 ഡിസംബർ 23-ാംതീയതി—വിപ്ലവകാരികൾ വൈസ്രോയി ഇർവിൻപ്രഭുവിൻെറ തീവണ്ടിക്ക് ബോംബെറിഞ്ഞു. പക്ഷെ വൈസ്രോയി രക്ഷപ്പെട്ടു. ആ സംഭവത്തിനു രണ്ടുദിവസംമുമ്പ് സുഭാഷ്ബോസ് മിഡ്നാപ്പൂരിൽവെച്ച് ഇപ്രകാരം പ്രസ്താവിച്ചു:

"യുവാക്കൾ ഭാരതത്തെ വിദേശാധിപത്യത്തിൽനിന്നു മോചിപ്പിക്കുവാൻ പ്രതിജ്ഞചെയ്തിരിക്കുന്നു. ഇതിനുമുമ്പ് നമ്മുടെ ദേശീയപ്രസ്ഥാനം പട്ടുകീഴവന്മാരുടെ നേതൃത്വത്തിലായിരുന്നു. അവക്ക് രാജ്യത്തെ സ്വതന്ത്രമാക്കാൻ സാദ്ധ്യമല്ല. കോൺഗ്രസ് കൈക്കൊണ്ടിരിക്കുന്ന നയത്തിലൂടെ ഭാരതത്തെ വിദേശാധിപത്യത്തിൽനിന്നു വിമോചിപ്പിക്കുവാൻ സാദ്ധ്യമല്ലെന്ന്, കഴിഞ്ഞ രണ്ടുവർഷത്തെ അനുഭവങ്ങളിലൂടെ ഞാൻ മനസ്സി

ലാക്കണം. അതിനാൽ നമുക്ക് ഒരു പുതിയ പദ്ധതി ആവശ്യമാണ്. ഇന്ന കോൺഗ്രസിൻെറ തലപ്പത്തിരിക്കുന്നവർ എന്തെങ്കിലും പുതിയ പദ്ധതിയെ അനുകൂലിക്കുമെന്ന് ആശിക്കാൻ നിർവാഹമില്ല.”

ഒരു കാര്യം വ്യക്തമായി. ബ്രിട്ടീഷ്ഗവൺമെൻറ്, കോൺഗ്രസിൻെറ അൾട്ടിമേററം നിരസിച്ചുകഴിഞ്ഞിരുന്നു. നിശ്ചിത കാലയളവിനുള്ളിൽ ഇന്ത്യയ്ക്ക് ഡൊമിനിയൻപദവി നല്കാൻ തയ്യാറല്ല. കൂടിയാലോചനകൾക്കായി വട്ടമേശസമ്മേളനമെന്ന പ്രഹസനത്തിലൂടെ ഭാരതീയരുടെ കണ്ണിൽ പൊടിയിടാൻ ശ്രമിച്ചുകൊണ്ടിരുന്നു. ആ പരിതഃസ്ഥിതിയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ആ രാഷ്ട്രീയാപമാനത്തിന് മറുപടി നല്കുന്നതെങ്ങനെയെന്നു നോക്കാം.

ലാഹോർസമ്മേളനത്തിന് അസാമാന്യമായ പ്രാധാന്യം കല്പിച്ചു. എന്നാൽ ആ സമ്മേളനം വമ്പിച്ച നിരാശയിലൂടെയാണാരംഭിച്ചത്. രാജ്യത്ത് അക്രമങ്ങളും അനീതികളും നടമാടിക്കൊണ്ടിരുന്നു. രാഷ്ട്രീയതടവുകാരെ വിട്ടയയ്ക്കണമെന്ന ആവശ്യം ഗവൺമെൻറ് നിരസിച്ചു. അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട പണ്ഡിററ് ജവഹർലാൽനെഹ്റു ഡിസംബർ 25-ാംതീയതി ലാഹോറിലെത്തി. അന്ന് ഗാന്ധിജി പൊതുസമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ട് വൈസ്രോയിയുടെ തീവണ്ടിക്ക് ബോംബെറിഞ്ഞതിനെ പരമാർശിച്ചു: “ബോംബെറിയുന്നവർ ഭീരുക്കളാണ്” എന്നായിരുന്നു അദ്ദേഹം പറഞ്ഞത്. അതുകൊണ്ട് യുവാക്കൾക്കു മാത്രമല്ല, ബ്രിട്ടീഷുഗവൺമെൻറിനും കോൺഗ്രസിൻെറ ഈ പോക്ക് എങ്ങോട്ടാണെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. രാഷ്ട്രീയകൊലപാതകങ്ങൾ ഇന്ത്യയിൽമാത്രമായി ഒരു പുതിയ സംഭവമല്ലായിരുന്നു. മററ് അടിമരാജ്യങ്ങളിലും, ദുഃഖിതരും അവശരുമായ ജനങ്ങൾ ഈ മാർഗ്ഗം സ്വീകരിച്ചിരുന്നു. ഇന്ത്യയും അങ്ങനെയുള്ള രാജ്യങ്ങളും തമ്മിൽ പ്രത്യക്ഷമായ ചില വ്യത്യാസങ്ങളുണ്ടായിരുന്നു. ആ വ്യത്യാസം അയർലൻറിൻെറ ഉദാഹരണംകൊണ്ട് വ്യക്തമാകും.

അയർലൻറിൽ ഇത്തരത്തിലുള്ള ഒരു സംഭവമുണ്ടായപ്പോൾ ഒരു യൂറോപ്യൻ രാജ്യതന്ത്രജ്ഞൻ, അവിടത്തെ സ്വാതന്ത്ര്യസമര

പ്രസ്ഥാനത്തിൻെറ നേതാവായിരുന്ന പാർനലിനോട്ട്, താങ്കൾ അക്രമപ്രവൎത്തനങ്ങളെ അപലപിക്കാത്തതെന്തെന്നു ചോദിച്ചു. "ഞാൻ പോലീസുദ്യോഗം നോക്കാൻ ആഗ്രഹിക്കുന്നില്ല" എന്നായിരുന്നു അപ്പോൾ അദ്ദേഹം നല്കിയ മറുപടി. അതിൻപ്രകാരം ഇന്ത്യയിൽ ഗാന്ധിജിയെപ്പോലെ ഉന്നതരായ നേതാക്കൾ വിപ്ലവകാരികളുടെ മുന്നേററത്തെ അപലപിക്കുകയും അവരെ ഒററിക്കൊടുക്കുകയും ചെയ്തിരുന്നു. ഞങ്ങൾ ഗാന്ധിജിയുടെ അനുഭാവം ആഗ്രഹിച്ചിരുന്നില്ല. പക്ഷെ, അക്കാര്യത്തിൽ അദ്ദേഹം മൗനംദീക്ഷിച്ചിരുന്നെങ്കിൽ......എന്നു് എല്ലാവരും ആഗ്രഹിച്ചിരുന്നു. ഗാന്ധിജി സ്വന്തം ജോലി നോക്കുകയും, വിപ്ലവകാരികളെ തങ്ങളുടെ ജോലിചെയ്യാൻ അനുവദിക്കുകയുംചെയ്താൽ മതിയായിരുന്നു. അങ്ങനെ അസ്വാസ്ഥ്യത്തോടെയാണ് കാൺഗ്രസ്സിൻെറ ലാഹോർസമ്മേളനം ആരംഭിച്ചതു്. ഗാന്ധിജി ഗവണ്മെൻറിനോടെതിരിടാൻ തീരുമാനിച്ചു. ജനഹൃദയങ്ങളിൽ പുതിയ ആശകൾ ഉദിച്ചു. പരിപൂൎണ്ണസ്വാതന്ത്ര്യം ആവശ്യപ്പെട്ടുകൊണ്ടു് കാൺഗ്രസ്സ് പ്രമേയം പാസ്സാക്കി. സുഭാഷ്ബോസ്സ് ആ പ്രമേയത്തിനു് അനുകൂലിയായിരുന്നു. എന്നാൽ അദ്ദേഹം അതിൽ നിന്നു് രണ്ടടി മുന്നോട്ടുകടന്നു് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം രണ്ടിലൊന്നു തീരുമാനിക്കുന്നതുവരെ നടത്തണമെന്നും അതിന്നായി ഒരു സമാന്തരഗവണ്മെൻറു് രൂപീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ടു് പ്രമേയത്തിനൊരു ഭേദഗതി അവതരിപ്പിച്ചു:

"കോൺഗ്രസ്സ് പ്രഖ്യാപിക്കുന്നതെന്തെന്നാൽ, സ്വരാജ്യത്തിൻെറ അൎത്ഥം പരിപൂൎണ്ണസ്വാതന്ത്ര്യമാണു്. അതായതു്, ബ്രിട്ടനോട്ട് ബന്ധം വേർപെടുത്തൽ. അതിനാൽ ഇന്ത്യയിൽ ഇമ്പീരിയലിസത്തെ അവസാനിപ്പിക്കുവാനും, സമാന്തരഗവണ്മെൻറു് രൂപീകരിക്കാനും കാൺഗ്രസ്സ് തീരുമാനിച്ചിരിക്കുന്നു. സിവിൽ ആജ്ഞോലംഘനം (നികുതിനിഷേധം ഉൾപ്പെടെ) പ്രചരിപ്പിക്കാൻ തയ്യാറാകണം. പുതിയ 'കരഡ'നുസരിച്ചു്, കൗൺസിലുകളും, ലോക്കൽ ബോർഡുകളും മാത്രമല്ല, കോർട്ടു്-കച്ചേരികളും ബഹിഷ്കരിക്കാൻ തീരുമാനിച്ചിരിക്കുന്നു."

എന്നാൽ കാൺഗ്രസ്സിൽ ഗാന്ധിജിയുടെ വ്യക്തിപ്രഭാവം ശക്തിമത്തായിരുന്നു. അതിനാൽ സുഭാഷ്ബോസിൻെറ

ഭേദഗതി പാസ്സായില്ല. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി വിപ്ലവകാരികൾ ഇങ്ക്വിലാബ്-സിന്ദാബാദ് മുഴക്കി കഴുമരത്തി ലേറിക്കൊണ്ടിരുന്ന കാലഘട്ടമായിരുന്നു അതു്. പക്ഷെ, കാൺ ഗ്രസ്സിൻെറ രാഷ്ട്രീയാനുഭാവം ആശ്ചര്യകരമായിരുന്നു. ഇന്ത്യൻ നാഷണൽ കാൺഗ്രസ്സ് ആ സമ്മേളനത്തിൽ വൈസ്രോയിയെ അഭിനന്ദിച്ചു് പ്രമേയം പാസ്സാക്കി. ബോംബപടകത്തിൽ നിന്നു രക്ഷപ്പെട്ടതിൽ തങ്ങൾക്കുള്ള സന്തോഷം അറിയിച്ചു. സുഭാഷ് ബോസ്സ് ആ പ്രമേയത്തെ ശക്തിയായി എതിർത്തെങ്കിലും ഗാന്ധിജിയുടെ സ്വാധീനശക്തിയാൽ അതു പാസ്സായി. പിന്നീടു രാത്രി പന്ത്രണ്ടുമണിക്കു് (1929-ൻെറയും 1930-ൻെറയും സംക്രമണസമയം) പൂർണ്ണസ്വാതന്ത്ര്യമാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം പാസ്സാക്കി.

1930 ജനുവരി മൂന്നാംതീയതി ലാഹോറിൽ ഒരു സമ്മേളനത്തെ അഭിസംബോധനചെയ്തുകൊണ്ടു് സുഭാഷ് ബോസ് ഇപ്രകാരം പറഞ്ഞു:

"നമ്മുടെ നേതാക്കന്മാർ യുവാക്കളെ ഭയപ്പെടുന്നു. എന്നാൽ സ്വാതന്ത്ര്യമെപ്പോഴും യുവാക്കളുടെ ത്യാഗംകൊണ്ടേ ലഭ്യമാകൂ! ഭാരതത്തിൻെറ മോചനം യുവാക്കളുടെ കരങ്ങളിലാണു്. റഷ്യ ലെനിനെ ജനിപ്പിച്ചു. നിങ്ങളിൽ പലരും ലെനിൻമാരും, കമാൽപാഷമാരും ആയിത്തീരാൻ കഴിയും. അതിനാൽ മാതൃഭൂമിയെ സ്വതന്ത്രയാക്കാനുള്ള നിങ്ങളുടെ സംരംഭം മുന്നേറട്ടെ! അതിന്നായി ഏതുവിധത്യാഗത്തിനും, അരയുംതലയുംമുറുക്കി രംഗത്തിറങ്ങുക!"

സുഭാഷ്ബോസിൻെറ പേരിൽ രാജദ്രോഹക്കുററത്തിനു കേസ് നടന്നുകൊണ്ടിരുന്നു. 1930 ജനുവരി 23-ാംതീയതി ആ കേസ്സിലദ്ദേഹത്തെ ഒരുവർഷത്തെ തടവിനു ശിക്ഷിച്ചു. അദ്ദേഹം ജയിലിലായി, രണ്ടുമാസം കഴിഞ്ഞപ്പോഴേയ്ക്കും ഗാന്ധിജി സത്യഗ്രഹപ്രസ്ഥാനമാരംഭിച്ചു. 1930 മാർച്ച് 12-ാംതീയതി ഗാന്ധിജിയുടെ നേതൃത്വത്തിൽ സത്യഗ്രഹികളുടെ ആദ്യത്തെ സംഘം സബർമതി ആശ്രമത്തിൽനിന്നു പുറപ്പെട്ടു. ഗാന്ധിജി സത്യഗ്രഹത്തിനു് ആ സന്ദർഭമെന്തിനു തിരഞ്ഞെടുത്തു എന്നൊരു ചോദ്യമുണ്ടാകാം. അതിനുത്തരം അദ്ദേഹംതന്നെ പറയുന്നു: "രാജ്യത്തിൻെറ സ്വാത



‘ഫീൽഡ് മാർഷൽ’ ലഥാറാം, ബരീന്ദർകുമാർഘോഷ്,
അമീർചന്ദ്ബോംബ്വവിൽ (അതിർത്തിദേശത്തെ വിപ്ലവനേതാക്കൾ)

ന്ത്ര്യസമരചരിത്രത്തിൽ 1929-ന് വലിയ സ്ഥാനം കല്പിക്കപ്പെട്ടം. ആ കാലഘട്ടത്തിലാണ് ഭാരതത്തിൽ വമ്പിച്ച രാഷ്ട്രീയോന്മേഷമുണ്ടായതു്. ഇതിനുമുമ്പൊരിക്കലും ജനങ്ങളിങ്ങനെ ഉൽബുദ്ധരായിട്ടില്ല.”

വിപ്ലവകാരികളുടെ ആത്മാഹൂതി ഭാരതജനതയെ ആവേശഭരിതരാക്കിക്കഴിഞ്ഞിരുന്നു. സർദാർ ഭഗത്സിംഗിന്റെയും, ബി. കെ. ദത്തിന്റെയും നേതൃത്വത്തിൽ രാഷ്ട്രീയതടവുകാരുടെ നിരാഹാരവ്രതം, ആ സമരത്തിൽ ജതീന്ദ്രദാസിന്റെ രക്തസാക്ഷിത്വം, ലാഹോർ ഗൂഢാലോചനക്കേസ്സിന്റെ വിധി തുടങ്ങിയ സംഭവങ്ങൾ, വമ്പിച്ച ബ്രിട്ടീഷ് അനുകൂലികളെപ്പോലും ദേശീയവാദികളാക്കി മാററിക്കഴിഞ്ഞിരുന്ന കാലഘട്ടമായിരുന്നു അതു്. അതിനാൽ ഗാന്ധിജി ആ ആവേശത്തിൽനിന്നു മുതലെടുക്കുവാൻ ആ സന്ദർഭത്തെ സത്യാഗ്രഹത്തിനായി ഉപയോഗപ്പെടുത്തി.

ഗാന്ധിജി സത്യഗ്രഹത്തിനായി തന്റെ ആശ്രമത്തിൽനിന്നും പുറപ്പെട്ടപ്പോൾ പത്രപ്രതിനിധികളുമായി നടത്തിയ

ഒരഭിമുഖസംഭാഷണത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു: "രാജ്യത്തിലെ വിപ്ലവകാരികളെ എന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാൻവേണ്ടിയാണ് ഞാൻ സത്യഗ്രഹപ്രസ്ഥാനമാരംഭിക്കുന്നത്." ആ സൂചനമൂലം ഗവണ്മെൻറിനു മാത്രമല്ല, യുവാക്കൾക്കും കാൺഗ്രസ്സിന്റെ പ്രിൻസിപ്പിക്കൽനയം മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. വിപ്ലവകാരികളുടെ പ്രവത്തനങ്ങളിൽനിന്ന് പൊതുജനശ്രദ്ധ പിന്തിരിപ്പിക്കാൻവേണ്ടിയാണ് താൻ സത്യഗ്രഹംനടത്തുന്നതെന്നു ഗാന്ധിജി വ്യക്തമാക്കി. ആ പരിതഃസ്ഥിതിയിൽ വിപ്ലവകാരികൾക്ക് ഏതെല്ലാം വിഘ്നങ്ങളഭിമുഖീകരിക്കേണ്ടതുണ്ടെന്ന് മനസ്സിലായി. ഒരുവശത്ത് ഇംഗ്ലീഷുകാർ അവരെ കഴുമരത്തിലേററാൻ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് അവരെ ഒററപ്പെടുത്താൻ ശ്രമിക്കുന്നു. അതിനാൽ ഗാന്ധിജിയുടെ സത്യഗ്രഹം ഗവണ്മെൻറിന് ഇഷ്ടപ്പെട്ടു. പൊതുജനശ്രദ്ധ സർദാർ ഭഗത്സിംഗിൽനിന്നും കൂട്ടുകാരിൽനിന്നും ഉപ്പുസത്യഗ്രഹത്തിലേയ്ക്കും പിക്കററിംഗിലേയ്ക്കും തിരിഞ്ഞു. ഗാന്ധിജിയുടെ പ്രസ്താവനയ്ക്കുശേഷം ഗവണ്മെൻറ് ലാഹോർഗൂഢാലോചനക്കേസ് പെട്ടെന്നു വിധിപറഞ്ഞ്, ഭഗത്സിംഗിനേയും കൂട്ടുകാരേയും കഴുമരത്തിലേററാൻ വട്ടംകൂട്ടി.

സർദാർ ഭഗത്സിംഗിനെ കഴിയുംവേഗം വധിക്കാൻ സ്പെഷ്യൽ ട്രിബ്യൂണൽനിശ്ചയിച്ച് വിപ്ലവകാരികളെ വെല്ലുവിളിക്കുകയല്ലേ ചെയ്തതെന്നു ചോദിച്ചേക്കാം. അതിനു മറുപടിയിതാണ്: വിപ്ലവകാരികൾ ഗവണ്മെൻറിന്റേയും കോൺഗ്രസ്സിന്റേയും വല്ലുവിളി സ്വീകരിച്ച്, തങ്ങളുടെ പ്രവത്തനങ്ങൾ ശക്തിപ്പെടുത്തി. 1930 ഏപ്രിൽ 8-ാംതീയതിബംഗാളിൽ ഒരത്ഭുതസംഭവം നടന്നു. ഒരുസംഘം വിപ്ലവകാരികൾ, ചിററഗോംഗിലുള്ള ഗവണ്മെൻറ് ആയുധശാല ആക്രമിച്ചു. അവിടെനിന്ന് നൂറുകണക്കിന് തോക്കുകളും ബോംബുകളും മററായുധങ്ങളും കൈവശപ്പെടുത്തി. എതിരിട്ട എല്ലാ ബ്രിട്ടീഷുപട്ടാളക്കാരേയും തോക്കിനിരയാക്കി. പിന്നീട് പോലീസ്സിന്റെ തലസ്ഥാനമാക്രമിച്ച് അവിടെ വിപ്ലവസംഘത്തിന്റെ ഹെഡ്ക്വാർട്ടേഴ്സാക്കി. അങ്ങനെ ചിററഗോംഗ്നഗരം സ്വാതന്ത്ര്യപ്രദേശമായി പ്രഖ്യാപിച്ചു. ചിററഗോംഗ്നഗരം മൂന്നുദിവസം വിപ്ലവകാരി



റോഷൻസിംഗ്

(കാക്കോറിഗൂഢാലോചന ക്കേസിൽ തൂക്കിക്കൊന്നു.)



സൂര്യസെൻ

(ചിററഗോംഗ് ആയുധശാലാ ആക്രമണക്കേസിൽ തൂക്കിക്കൊന്നു.)

കളുടെ അധീനത്തിലായിരുന്നു. കമ്പി, തപാൽ, ഫോൺ, റയിൽവേ എല്ലാം വിപ്ലവകാരികളുടെ അധീനത്തിലായതിനാൽ ഗവണ്മെൻറിന് അങ്ങോട്ടു് പട്ടാളത്തെ അയയ്ക്കാൻ കഴിഞ്ഞില്ല. വിമാനംമൂഖേന പാരച്യൂട്ട്ഭടന്മാരെ അയയ്ക്കേണ്ടിവന്നു. ബ്രിട്ടീഷ് പട്ടാളം നഗരത്തിലിറങ്ങിയതോടെ വിപ്ലവകാരികൾ സധൈര്യം എതിരിട്ടു. എന്നാൽ ഒരു മഹാസാമ്രാജ്യത്തിൻെറ പട്ടാളശക്തിക്കുമുമ്പിൽ ഒരുപിടി ദേശസ്നേഹികളായ യുവാക്കൾക്കെന്തുചെയ്യാൻ കഴിയും! എന്നിരുന്നാലും അവർ യുദ്ധംചെയ്തുകൊണ്ടുതന്നെ അടുത്തുള്ള പർവ്വതനിരകളിലേയ്ക്കു് പിൻവാങ്ങി. പാറക്കെട്ടുകളുടെയും വൻവൃക്ഷങ്ങളുടെയും മറവിൽനിന്നു് അവർ ബ്രിട്ടീഷ്പട്ടാളത്തെ എതിരിട്ടു് രക്തസാക്ഷിത്വം വരിച്ചു. ഇന്ത്യൻ വിപ്ലവ

കാരികളുടെ ഏററവും വലിയ ഏററമുട്ടലായിരുന്നു അതു്. ആ സമരത്തിനു നേതൃത്വംനല്കിയതു് സൂര്യസെൻ, അനന്തസിംഗ്, ലോകനാഥ്പാൽ എന്നിങ്ങനെ 3 യുവാക്കന്മാരായിരുന്നു. ആ സമരം ബ്രിട്ടീഷ്ഭരണകൂടത്തെ അമ്പരപ്പിച്ചു. അതിനാൽ ഏപ്രിൽ 10-ാംതീയതി ബംഗാൾസംസ്ഥാനമൊട്ടുക്കു് ഒരു ഓർഡിനൻസ് നടപ്പിലാക്കി. ആ ഓർഡിനൻസനുസരിച്ചു്, ആരെയും വാറണ്ടുകൂടാതെ അറസ്ററുചെയ്യാനും പ്രത്യേകകോടതികളിൽ ഹാജരാക്കി ശിക്ഷിക്കാനും ഗവണ്മെൻറിന്നധികാരം ലഭിച്ചു. അടുത്തദിവസം വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനത്തു് പെഷാവറിൽ വലിയ കോളിളക്കമുണ്ടായി. അവിടത്തെ വിപ്ലവകാരികൾ യന്ത്രത്തോക്കുകളുപയോഗിച്ചു് അനേകം ബ്രിട്ടീഷുകാരെ വധിച്ചു. ആ സമരം അടിച്ചമർത്തുന്നതിൽ പോലീസ് പരാജയപ്പെട്ടപ്പോൾ പട്ടാളത്തെ നിയോഗിച്ചു. എന്നാൽ ഗഢ്വാൾനിവാസികളായ പട്ടാളക്കാർ സ്വന്തം നാട്ടുകാരുടെമേൽ നിറയൊഴിക്കാൻ വിസമ്മതിച്ചു. ഉടൻ ബ്രിട്ടീഷ്പട്ടാളക്കാർ ഗഢ്വാളിപട്ടാളക്കാരെ അറസ്ററുചെയ്തു. നീണ്ടകാലത്തേയ്ക്കു തടവിൽവെച്ചു. ആ പട്ടാളവിപ്ലവത്തിൻെറ നേതാവായ ചന്ദർസിംഗ്ഗഢ്വാളി ഇന്നും ഉത്തരപ്രദേശിൽ ജീവിച്ചിരിപ്പുണ്ടു്. കോൺഗ്രസ്സ്ഗവണ്മെൻറ് അദ്ദേഹത്തിനു പ്രതിമാസം പതിനാലു രൂപാ പെൻഷൻ കല്പിച്ചു നല്കുകയുണ്ടായി. എന്നാൽ ചന്ദർസിംഗ് ആ ആനുകൂല്യം അവജ്ഞയോടെ നിരസിക്കുകയാണു ചെയ്തതു്.

സ്ഥിതിഗതികൾ ദിനംപ്രതി വഷളായിക്കൊണ്ടിരുന്നു. വിപ്ലവകാരികളുടെ ഉന്മൂലനാശത്തിനുവേണ്ടിയായിരുന്നു ഗാന്ധിജി സത്യഗ്രഹമാരംഭിച്ചതു്. എന്നാൽ അദ്ദേഹത്തിൻെറ ലക്ഷ്യം പരാജയപ്പെട്ടു. ചിററഗോംഗിലേയും, പെഷാവറിലേയും സംഭവങ്ങളിൽ ഗാന്ധിജിയുടെ പ്രതികരണമെന്തായിരുന്നെന്നോ? അതിനെപ്പററി ഒരു അമേരിക്കൻ പത്രപ്രതിനിധിയുമായി നടത്തിയ അഭിമുഖസംഭാഷണത്തിൽ ഗാന്ധിജി ഇങ്ങനെ പറഞ്ഞു:

"ബംഗാളിൽ എൻെറ പ്രഭാവം ദുർബ്ബലമാണെന്നതിൽ സംശയമില്ല. ഇന്ത്യൻ വിപ്ലവകാരികളെ നിയന്ത്രിക്കാൻ എനിക്കു സാധിച്ചില്ല. ആ പാർട്ടിയെ നിയന്ത്രിക്കേണ്ടതു ഗവണ്മെൻറിൻെറ കർത്തവ്യമാണു്."

വിപ്ലവകാരികളുടെമേൽ കർശനമായ നടപടി കൈക്കൊള്ളാൻ ഗവണ്മെൻറിനെ പ്രേരിപ്പിക്കുക എന്നതായിരുന്നു ആ പ്രസ്താവനയുടെ ഉദ്ദേശ്യം. എന്നാൽ മേയ് 5-ാംതീയതി ഗാന്ധിജി അറസ്ററുചെയ്യപ്പെട്ടു. അദ്ദേഹത്തെ യർവ്വാദാജയിലിൽ പാർപ്പിച്ചു. ഗാന്ധിജിയെ അറസ്ററുചെയ്ത് അല്പദിവസങ്ങൾക്കുശേഷം തേജ്ബഹദൂർ സപ്രൂവും, എം. ആർ. ജയ്ക്കറുംകൂടി കോൺഗ്രസ്സും ഗവണ്മെൻറും തമ്മിൽ ഒത്തുതീർപ്പുണ്ടാക്കാൻ ശ്രമിച്ചു. ആ മാന്യന്മാർ വൈസ്രോയിയുടെ അനുവാദത്തോടെ ജയിലിൽച്ചെന്ന് ഗാന്ധിജിയേയും, മോത്തിലാൽനെഹ്രുവിനേയും കണ്ടു സംസാരിച്ചു. ആ അവസരത്തിൽ വിപ്ലവകാരികൾ ബംഗാളിലെ പോലീസ് ഇൻസ്പെക്ടർ ജനറലിനേയും, ഡാക്കയിലെ പോലീസ് കമ്മീഷണരേയും വെടിവെച്ചു. കല്ക്കത്തയിലെ പോലീസ്കമ്മീഷണറായിരുന്ന ചാർത്സ്ടൈഗട്ടിനെ ബോംബെറിഞ്ഞുകൊല്ലാൻ ശ്രമിച്ചു. ലാഹോർ ഗൂഢാലോചനക്കേസ്സിൻെറ വിധികല്പിച്ചു്, അല്പദിവസമേ ആയിട്ടുള്ളു. 1930 ഒക്ടോബറിലെ സംഭവങ്ങൾ. സർദാർ ഭഗത്സിംഗ്, രാജ്ഗുരു, സുഖ്ദേവ് എന്നീ മൂവരേയും തൂക്കിക്കൊല്ലാൻ വിധിച്ചതോടെ രാജ്യത്തുടനീളം വീണ്ടും വിപ്ലവജ്വാല വ്യാപിച്ചു. ഗവണ്മെൻറിൻെറ വെല്ലുവിളിക്കു മറുപടി നല്കാൻ വിപ്ലവകാരികൾ മരണപ്പുടവയുമണിഞ്ഞു വീണ്ടും രംഗത്തിറങ്ങി. ഡിസംബർ 8-ാംതീയതി, മൂന്നു ബംഗാളിയുവാക്കന്മാർ ജയിൽ ഐ. ജി. കണ്ണൽസിംപ്സനെ സെക്രട്ടറിയേററിലുള്ള അദ്ദേഹത്തിൻെറ ആഫീസിൽ പ്രവേശിച്ച് വെടിവച്ചുകൊന്നു. രണ്ടു വിപ്ലവകാരികൾ അറസ്റ്റിൽനിന്നു രക്ഷപ്പെടാൻ അവിടെ വച്ചുതന്നെ ആത്മഹത്യചെയ്തു എന്നാൽ മൂന്നാമത്തെ ആൾ, ദിനേശ ഗുപ്ത, അറസ്ററുചെയ്യപ്പെട്ടു. ഗാന്ധിജി വെളിയിലായിരുന്നെങ്കിൽ ആ സംഭവത്തെ ഏതുഭാഷയിൽ അപലപിക്കുമായിരുന്നു ആവോ! എന്നാൽ ലണ്ടൻപത്രമായ മാഞ്ചെസ്റ്റർഗാർഡിയൻ ആ സംഭവത്തെക്കുറിച്ചെഴുതിയ കുറിപ്പു ശ്രദ്ധേയമാണു്:

"സിംപ്സൻെറ വധത്തിൽനിന്നു് നിയമങ്ങളും വ്യവസ്ഥകളും ബ്രിട്ടൻെറ കൈയിൽതന്നെ ഇരിക്കണമെന്നു് വ്യക്തമാകുന്നു. വാസ്തവംപറഞ്ഞാൽ ഇന്ത്യയിലെ സാധാരണക്കാർക്കു് ആ വധവുമായി യാതൊരു ബന്ധവുമില്ല. ദേശീയവാദികളായ ഇന്ത്യാക്കാർക്കു് ആവലാതിയുള്ളിടത്തോളം കാലം ഇത്തരത്തിലുള്ള

കൊലപാതകങ്ങൾ തുടൻകൊണ്ടിരിക്കും. ഗവണ്മെൻറിൻെറ അനീതിയിൽനിന്നാണിത്തരം അക്രമങ്ങളുണ്ടാകുന്നത്. അതിനാൽ ഇന്ത്യക്കാരോട്ട് അനീതികാണിക്കാതിരിക്കാൻ ഇന്ത്യാഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണം."

സുഭാഷ്ബോസ് ആ കാലഘട്ടത്തിൽ വെളിയിലായിരുന്നു. അദ്ദേഹം ആ സംഭവത്തെ പരാമർശിച്ചിപ്രകാരം പറഞ്ഞു: "ഇങ്ങനെയുള്ള സംഭവങ്ങളിൽ സമാധാനവാദം പരാജയമാണെന്നു തെളിഞ്ഞിരിക്കുന്നു."

ഭാരതീയയുവാക്കൾ ഗാന്ധിജിയെ അനുഗമിക്കാൻ തയ്യാറല്ലെന്നും, അവക്കു് അദ്ദേഹത്തിൽ വിശ്വാസമില്ലെന്നും വ്യക്തമാക്കുകയാണു്, ആ പ്രസ്താവനകൊണ്ടു് ബോസ് ചെയ്തതു്. ആ കാലഘട്ടത്തിൽ പഞ്ചാബും ബംഗാളിൽനിന്നല്പംപോലും പിന്നിലല്ലായിരുന്നു. ഡിസംബർ 23-ാംതീയതി പഞ്ചാബ് യൂണിവേഴ്സിററി കൺവൊക്കേഷനിൽ സംബന്ധിച്ചു്, ഗവർണ്ണർ വിദ്യാത്ഥികൾക്കു് ഡിഗ്രി ദാനംചെയ്തുകൊണ്ടിരിക്കെ, ഹരികിഷൻ എന്ന ഒരു യുവാവു് അദ്ദേഹത്തിൻെറനേക്കു് വെടിവെച്ചു. ഗവർണ്ണർ രക്ഷപ്പെട്ടെങ്കിലും ഒരു യൂറോപ്യൻപോലീസുദ്യോഗസ്ഥൻ കൊല്ലപ്പെട്ടു. ആ കേസ്സിൽ ഹരികിഷനെ കഴുമരത്തിലേററി. അദ്ദേഹത്തിൻെറ സഹപ്രവത്തകർ രൺബീർ, ദുർഗ്ഗദാസ്സ്, ചമൻലാൽ എന്നിവർ രക്ഷപ്പെട്ടു.

വിപ്ലവപ്രസ്ഥാനത്തിലൂടെ് ഏററവും കൂടുതൽ ബലിദാനം നല്കിയ സംസ്ഥാനങ്ങൾ ബംഗാളും പഞ്ചാബുമാണ്. ആ രണ്ടു സംസ്ഥാനങ്ങളിലേയും വിപ്ലവകാരികളെ തമ്മിൽ ഇണക്കിയതു് രാഷ്ബിഹാരിബോസും, ലാലാ ഹരിദയാലുമായിരുന്നു. ആ ബന്ധം ചിരസ്ഥായിയായിരിക്കാൻവേണ്ടിയാണു് പാർലിമെൻറിൽ ബോംബെറിയാൻ പഞ്ചാബിയായ ഭഗത്സിംഗ്ഗും ബംഗാളിയായ ബി. കെ. ദത്തും നിയുക്തരായതു്. അങ്ങനെ വിപ്ലവകാരികൾ ഇൻക്വിലാബ്-സിന്ദാബാദ് മുഴക്കി, തോളോടുതോൾ ചേൻറ് സ്വാതന്ത്ര്യത്തിനുവേണ്ടി കഴുമരത്തിലേറിക്കൊണ്ടിരുന്നു. ഒരുതുള്ളി രക്തംപോലും ചിന്താതെയാണു് ഇന്ത്യ സ്വാതന്ത്ര്യം നേടിയതെന്നു് കോൺഗ്രസ്സുകാർ ഉദ്ഘോഷിക്കുന്നുണ്ടു്. ദാനം കിട്ടിയ പശുവിനു് പല്ലുകൾ മുഴവനുമുണ്ടോ എന്നു നോക്കേണ്ട



പണ്ഡിററ് ജഗത്റാം



സുനീതിദേവി

ആവശ്യമില്ല; ഒരുതുള്ളി രക്തംപോലും ചിന്താതെ നേടിയെടുത്തതാണ് സ്വാതന്ത്ര്യം; അതിനാൽ ഞങ്ങളുടെ അഴിമതിയും കവർച്ചയും, ദുർഭരണവും പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ടതില്ല എന്നാണ് കോൺഗ്രസ്സുകാർ നമ്മോടുപദേശിക്കുന്നത്. ഭാരതസ്വാതന്ത്ര്യത്തിനായി ആയിരമായിരം ഭാരതമക്കൾ രക്തം ചിന്തിയെന്നു മാത്രമല്ല ബലിപീഠത്തിൽ ശിരസ്സുകളർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സൂര്യനും ചന്ദ്രനും വായുവും വെള്ളവും അതിനു സാക്ഷിയാണ്.

നമ്മുടെ ഈ മണ്ണ് തിലകം ചാർത്താനുപയുക്തമാണ്. അനേകം ദേശാഭിമാനികൾ ആത്മബലിനടത്തിയ മണ്ണാണിത്.

"ഇസ് മിട്ടീകാ ലിലക് കരോ

യഹ് ധർത്തിഹൈ ബലിദാൻ കി."

ചിററഗോംഗിലെ ആയുധശാല ആക്രമിച്ചതോടെ, ഗവൺമെൻറ് വിപ്ലവകാരികളെ ഉന്മൂലനംചെയ്യാൻ ഓർഡിനൻസു പുറപ്പെടുവിച്ചു. ചിററഗോംഗ്ജില്ല പട്ടാളത്തിൻെറയും

സ്പെഷ്യൽ പോലീസിൻെറയും അധീനത്തിലാക്കി. യുവാക്കൾ രാത്രികാലങ്ങളിൽ വീടുകളിൽനിന്ന പുറത്തിറങ്ങിക്കൂടാ. ഓരോ വിപ്ലവകാരിയേയും തിരഞ്ഞുപിടിച്ച് കഴുമരത്തിലേററുമെന്ന് ബംഗാൾഗവണ്മെൻറ് പ്രഖ്യാപിച്ചു അതിനുവേണ്ടി ചാറൽസ് ടൈഗർട്ട് എന്ന ഒരു സായ്പിനെ ഇംഗ്ലണ്ടിൽനിന്ന വരുത്തി കൽക്കത്തയിലെ പോലീസ് കമ്മീഷണറായി നിയമിച്ചു. പുതിയ ഗവർണ്ണർ സർ ജോൺ ആൻേറഴ്സനായിരുന്നു. അദ്ദേഹം അയർലൻറിലെ വിപ്ലവം അടിച്ചമർത്തി പ്രസിദ്ധിയാർജ്ജിച്ച ഒരു ഉദ്യോഗസ്ഥനായിരുന്നു. ആ സംരംഭങ്ങളെല്ലാം വിപ്ലവകാരികൾക്കു നല്കിയ അന്ത്യശാസനങ്ങളായിരുന്നു. അതിനെ വിമർശിച്ച് കൽക്കത്തയിലെ ദേശീയപത്രമായ 'അഡ്വാൻസ്' ഇപ്രകാരമെഴുതി:

"പുതിയ ഓർഡിനൻസിൻെറ വാക്കുകളിൽനിന്നും പകയുടെ ദുർഗ്ഗന്ധം വമിക്കുന്നു. ബംഗാളിൽ നിയമാനുസൃതമുള്ള ഗവണ്മെൻറ് അവസാനിച്ചിരിക്കുന്നു. വ്യക്തിസ്വാതന്ത്ര്യം നശിപ്പിക്കപ്പെട്ടു. ഇവിടെ സിവിൽഭരണത്തിൻെറ സ്ഥാനം, പട്ടാളമേറെറടുത്തിരിക്കുന്നു."

"ഈ ഓർഡിനൻസിൻെറ അർത്ഥം ബംഗാളിൽ മാർഷൽലാ നടപ്പിലാക്കിയിരിക്കുന്നു എന്നാണെ"ന്ന്", ഡാ: ബി. സി. റായിയും പറഞ്ഞു.

ഇവിടെ ഗവണ്മെൻറ് ജനങ്ങളുടെമേൽ അക്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. അവിടെ—ലണ്ടനിൽ—വട്ടമേശസമ്മേളനം പരാജയപ്പെട്ടു. ഗാന്ധിജി വെറും കൈയോടെ ലണ്ടനിൽനിന്നും മടങ്ങുകയാണ്. അദ്ദേഹം ആ ഓർഡിനൻസിനെ സംബന്ധിച്ചിപ്രകാരം പറഞ്ഞു: "ഞാൻ ആ ഓർഡിനൻസിനെ യുദ്ധത്തിൻെറ സൂചനയായി കണക്കാക്കുന്നു. അത്തരം ഓർഡിനൻസ് പുറപ്പെടുവിക്കരുതെന്ന ഞാൻ വൈസ്രോയിയോട് പലപ്രാവശ്യം അഭ്യർത്ഥിച്ചതായിരുന്നു. പക്ഷേ അദ്ദേഹം അതനുസരിച്ചില്ല."

വൈസ്രോയി, ബംഗാളിലെ സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കാൻ കൽക്കത്തയിൽ പോയി, അവിടെവെച്ച് എക്സിക്യൂ

ട്ടീവ് കൗൺസിൽ ചേൻ്ന. ആ സമ്മേളനത്തിൽവച്ച്, സുഭാഷ് ബോസിനെ അറസ്റ്റ്ചെയ്ത് അനിശ്ചിതകാലത്തേയ്ക്ക് തടങ്ങലിൽവെയ്ക്കാൻ തീരുമാനമെടുത്തു. വിപ്ലവകാരികളെ പ്രോത്സാഹിപ്പിക്കുന്നതു് സുഭാഷ്ബോസാണെന്ന ബ്രിട്ടീഷ്ഉദ്യോഗസ്ഥന്മാർ വൈസ്രോയിയെ ധരിപ്പിച്ചു. അറസ്റ്റിനുമുമ്പ് സുഭാഷ് ബോസ്, ഗവണ്ണറുടെ പ്രസംഗത്തെ പരമാശിച്ചുകൊണ്ടിപ്രകാരം പറഞ്ഞു: "ആൻേറഴ്സൻ അയർലൻറിൽ ചെന്നതോടെ ആ രാജ്യം സ്വതന്ത്രയായി. അതുപോലെതന്നെ അദ്ദേഹത്തിൻെറ ആഗമനംകൊണ്ടു് ബംഗാളും സ്വതന്ത്രയായിത്തീരും."

സുഭാഷ്ബോസിൻെറ ആ പ്രസ്താവന ഇംഗ്ലണ്ടിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. പാർലിമെൻറിൽ ഇന്ത്യാസെക്രട്ടറിയോട് അനേകം ചോദ്യങ്ങരം ചോദിച്ചു. അദ്ദേഹം സുഭാഷ്ബോസിന്നൊരു വെല്ലുവിളി എന്ന നിലയ്ക്ക് ഇപ്രകാരം പ്രസ്താവിച്ചു: "ബ്രിട്ടീഷ്ഗവണ്മെൻറ് പരിതഃസ്ഥിതികളെ നേരിടാൻ തികച്ചും തയ്യാറാണു്."

ഡിസംബർ 9-ാംതീയതി ചിററഗോംഗ്ഡിസ്ട്രിക്ട്മജിസ്ട്രേട്ട് ഒരാജ്ഞ പുറപ്പെടുവിച്ചു: പോലീസിൻെറ അനുവാദംവാങ്ങാതെ ആരും സൈക്കിളുപയോഗിച്ചുകൂടാ; വൈകുന്നേരം ആറു മണിമുതൽ രാവിലെ മൂന്നുമണിവരെ ഗ്രാമങ്ങളിൽ, ജനങ്ങരം വെളിയിലിറങ്ങരുതു്. ഇങ്ങനെ ഗവണ്മെൻറ് കൂടുതൽ കൂടുതൽ കക്ശമായപ്പോഴും വിപ്ലവകാരികരം അടങ്ങിയിരുന്നില്ല. വിപ്ലവസംഘത്തിൽപ്പെട്ട രണ്ടു യുവതികരം തിരുപ്പുര ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ വെടിവെച്ചുകൊന്നു.

ഇന്ത്യൻസ്വാതന്ത്ര്യസമരപ്രസ്ഥാനം ആപൽസന്ധിയിലൂടെ നീങ്ങിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ—വിപ്ലവകാരികളും ഗവണ്മെൻറും തമ്മിൽ പരസ്യമായി സംഘട്ടനം നടന്നുകൊണ്ടിരിക്കെ—കോൺഗ്രസ് എന്താണു് ചെയ്തതെന്നു നോക്കാം. ഒരേ ലക്ഷ്യത്തിനു് സമരംചെയ്തുകൊണ്ടിരിക്കുന്ന രണ്ടു വിഭാഗക്കാരെ എതിരിടുകപ്രയാസമാണെന്നു് ഗവണ്മെൻറ് മനസ്സിലാക്കി. കോൺഗ്രസ്സിനേക്കാരം അപകടകാരി വിപ്ലവപ്രസ്ഥാനമാണു്. അതിനാൽ ഗവണ്മെൻറ് കോൺഗ്രസ്സുകാരുമായി സന്ധിക്കൊരുങ്ങി വൈസ്രോയി ഇർവിൻപ്രഭു സെൻട്രൽ അസംബ്ലിയിൽ പ്രസംഗിച്ചുകൊണ്ടു് ഗാന്ധിജിയെ വാനോളം പുകഴ്ത്തി:

“ബ്രിട്ടീഷ്ഗവൺമെൻറ്, ഇന്ത്യൻ രാഷ്ട്രീയജീവിതത്തിൽ പുതിയ ആത്മാവിൻെറ സാന്നിദ്ധ്യം മനസ്സിലാക്കുന്നുണ്ടു്. ആരെങ്കിലും ഗാന്ധിജിയെ എത്രതന്നെ തെററിദ്ധരിച്ചാലും അദ്ദേഹത്തിൻെറ ആത്മീയശക്തിയെ അനാദരിക്കാൻ ആർക്കും സാദ്ധ്യമല്ല.”

ഗാന്ധിജിയെസംബന്ധിച്ച ഈ പുകഴ്ത്തലിൽനിന്നും ബ്രിട്ടീഷ്ഗവൺമെൻറ് ഏതെങ്കിലുമൊരു പ്രത്യേകാകാര്യസാദ്ധ്യത്തിനായി അദ്ദേഹത്തെ കൂട്ടുപിടിക്കാനാഗ്രഹിക്കുന്നു എന്നു് വ്യക്തമായി. ഗാന്ധിജിയുടെ സഹായത്തോടെ വിപ്ലവകാരികളെ ഉന്മൂലനംചെയ്യാമെന്നു ഗവൺമെൻറ് ധരിച്ചു. തൽഫലമായി കാൺഗ്രസ്സും ഗവൺമെൻറും തമ്മിൽ സന്ധിചെയ്യാനുള്ള മാർഗ്ഗം തെളിഞ്ഞു. അങ്ങനെ വിപ്ലവപ്രസ്ഥാനത്തെ ഉന്മൂലനംചെയ്യാൻ കളമൊരുക്കി. വൈസ്രോയിയുടെ പ്രസംഗത്തിനല്പദിവസങ്ങൾക്കുശേഷം ഗാന്ധിജിയെ ജയിലിൽനിന്നു വിട്ടയച്ചു. കൂടിയാലോചനകളാരംഭിച്ചു. രാഷ്ട്രീയതടവുകാരെയെല്ലാം വിട്ടയച്ചു. അപ്പോൾ സുഭാഷ്ബോസ് വിപ്ലവകാരികൾക്കുവേണ്ടി ശബ്ദമുയർത്തി: “ഗൂഢാലോചനകളുടെപേരിൽ നടത്തിക്കൊണ്ടിരിക്കുന്ന കേസുകൾ പിൻവലിക്കണം. കോൺഗ്രസ്തടവുകാരോടൊപ്പം മററെല്ലാവിധ രാഷ്ട്രീയതടവുകാരേയും വിട്ടയയ്ക്കണം. സിവിൽ ആജ്ഞാലംഘനക്കുററത്തിനു് അറസ്റ്റ്ചെയ്തവരെമാത്രം വിട്ടയച്ചിട്ടു്, ഗൂഢാലോചനക്കേസ്സുകളിലെ പ്രതികളെ വിട്ടയച്ചില്ലെങ്കിൽ അതിൻെറ ഫലം നല്ലതായിരിക്കുകയില്ല. സന്ധിയിൽ ഒപ്പുവെയ്ക്കുന്നതിനുമുമ്പു് എല്ലാവിധ രാഷ്ട്രീയതടവുകാരെയും വിട്ടയയ്ക്കുമോ എന്നു് കാൺഗ്രസ് അന്വേഷിക്കേണ്ടതുണ്ടു്.”

പിന്നീടു് അദ്ദേഹം അയർലൻറിലെ ഉദാഹരണമെടുത്തുകാട്ടി. അവിടെ ഒത്തുതീർപ്പിനുവേണ്ടി, വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെയും ജയിലിൽനിന്നു വിട്ടയയ്ക്കുകയുണ്ടായി. അയർലൻറിൻെറ സ്വാതന്ത്ര്യസമരചരിത്രം വായിച്ചിട്ടുള്ളവർക്കു് അക്കാര്യം മനസ്സിലാകും. 1922-ൽ ബ്രിട്ടീഷ്ഗവൺമെൻറ് അയർലൻറുമായി സന്ധിക്കു തയ്യാറായി. ആ രാജ്യത്തെ ദേശാഭിമാനികൾ ഏകസ്വരത്തിൽ ഡിവാലറേയേയും ആർതർ ഗ്രിഫ്തിനേയും ക്ഷണിക്കണമെന്നാവശ്യപ്പെട്ടു. അക്കാലത്തു് ഡിവലറേ വധശി



പിംഗ്ളെ
(ഗദർപാർട്ടി—തൂക്കിക്കൊന്നു)

ക്ഷയ്ക്കു വിധിക്കപ്പെട്ടു് കൽത്തുറുങ്കിൽ കഴിയുകയായിരുന്നു. ഇംഗ്ലീഷ് ആഫീസർമാരെ വധിച്ചതിനുശേഷം ആർതർ ഗ്രിഫ്ത് ഒളിവിൽ കഴിയുകയായിരുന്നു. അവസാനം അയർലൻറിലെ ദേശാഭിമാനികളുടെ മുമ്പിൽ ബ്രിട്ടീഷ് ഗവൺമെൻറു കൊമ്പുകുത്തി. വിപ്ലവകാരിനേതാക്കളേയും വട്ടമേശസമ്മേളനത്തിനു ക്ഷണിച്ചു. ഡിവാലറെ കഴുമരത്തിൻെറ ചുവട്ടിൽനിന്നു ബ്രിട്ടീഷ് ഭരണാധികാരികളുമായി സന്ധിസംഭാഷണത്തിനു ലണ്ടനിലെത്തി.

ഇന്ത്യയിൽ നടന്നതു് നേരേമറിച്ചായിരുന്നു. വിപ്ലവകാരികളെ ഉന്മൂലനംചെയ്യാൻ കോൺഗ്രസ്സു് ബ്രിട്ടീഷുഗവൺമെൻറുമായി കൂട്ടുചേർന്നു സന്ധിയിലൊപ്പുവെച്ചു.

ഗാന്ധിജിയെ പുകഴ്ത്തി, കോൺഗ്രസ്സിന്റെ ചില ആനുകൂല്യങ്ങൾ നല്കിയാൽ വിപ്ലവകാരികളെ നശിപ്പിക്കാൻ കോൺഗ്രസ് സഹായിക്കുമെന്നു ഗവണ്മെന്റു മനസ്സിലാക്കി. ആ അടവു വിജയിക്കുകയും ചെയ്തു. രാജ്യത്തെ ഇത്ര വലിയ നേതാക്കന്മാർ ഇംഗ്ലീഷുകാരുടെ വലയിൽ എങ്ങനെ കുടുങ്ങിപ്പോയെന്നു വിപ്ലവകാരികളാശ്ചര്യപ്പെട്ടു. അതിനാൽ വിപ്ലവകാരികളുടെ നേതാവു ശ്രീ ചന്ദർശേഖർആസാദ് അലഹബാദിൽ ചെന്നു രഹസ്യമായി ജവഹർലാൽനെഹ്രുവിനെ കണ്ടു സംസാരിച്ചു. ഗവണ്മെന്റും കോൺഗ്രസ്സും തമ്മിലുള്ള സന്ധിയുടെ വെളിച്ചത്തിൽ ജയിലറകളിലുള്ള വിപ്ലവകാരികളുടെ ഭാവി എന്തായിരിക്കുമെന്നറിയാനാഗ്രഹിച്ചു. കോൺഗ്രസ് അവരെ ഒററപ്പെടുത്തി ബ്രിട്ടീഷുകാരെക്കൊണ്ടു കഥകഴിപ്പിക്കുമോ അതോ ഒത്തുതീപ്പിനുശേഷം ആ വീരദേശാഭിമാനികളെ സ്വാതന്ത്ര്യമായി നിശ്വസിക്കുവാൻ വെളിയിൽ അയയ്ക്കുമോ? പണ്ഡിററ് ജവഹർലാൽനെഹ്രുവിനു ശരിയായ മറുപടി നല്കാൻ കഴിഞ്ഞില്ല. അതിനാൽ വിപ്ലവകാരികൾക്കു തങ്ങളുടെ ഭാവി എന്തെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. ആ അവസരത്തിൽ പെഷാവറിൽ മഹമ്മദ് മൊജീബ്ന്നർ എന്നൊരു യുവാവു് അസിസ്റ്റന്റു കമ്മീഷണറെ വെടിവെച്ചു. കമ്മീഷണർ രക്ഷപെട്ടെങ്കിലും മോജീബ്ന്നറിനെ പിറേറദിവസം വധശിക്ഷയ്ക്കു വിധിക്കുകയും, അതിന്റെ പിറേറദിവസം തൂക്കിക്കൊല്ലുകയുംചെയ്തു. പഞ്ചാബിലെ യുവാക്കൾക്കതു സഹിക്കാൻ കഴിഞ്ഞില്ല. അവിടെ പല സ്ഥലങ്ങളിലും ഇംഗ്ലീഷുകാർ വധിക്കപ്പെട്ടു. പെഷാവർസംഭവത്തിന്റെ പ്രത്യാഘാതങ്ങളായിരുന്നു അവ.

# ഭഗത്സിംഗ്, രാജ്ഗുരു, സുഖ ദേവ്

1931 ഫെബ്രവരി 11-ാംതീയതി പ്രിവികൗൺസിൽ സർദാർ ഭഗത്സിംഗിൻെറയും കൂട്ടുകാരുടെയും അപ്പീൽ തള്ളി. അതു് കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഒരഗ്നിപരീക്ഷണമായിരുന്നു. ഗവണ്മെൻറുമായി സന്ധിയിലേർപ്പെട്ട സ്ഥിതിക്ക ഗാന്ധിജി, ഭഗത്സിംഗിനേയും കൂട്ടുകാരേയും ജയിലിൽനിന്നു വിട്ടയയ്ക്കാനാവശ്യപ്പെട്ടുമെന്നു് സാധാരണക്കാർ പ്രതീക്ഷിച്ചിരുന്നു. ഭാരതമാതാവിൻെറ ആ വീരസന്താനങ്ങളെ കഴുമരത്തിലേററാൻ കോൺഗ്രസ് അനുവദിക്കുകയില്ലെന്നു് സകലരും വിശ്വസിച്ചിരുന്നു. ഫെബ്രുവരി 17-ാംതീയതി ഗാന്ധിജിയും വൈസ്രോയിയും തമ്മിൽ സന്ധിസംഭാഷണമാരംഭിച്ചു. സന്ദർശനത്തിനു മുമ്പു് അവർ തമ്മിൽ കമ്പിസന്ദേശങ്ങൾ കൈമാറി.

"ഞാൻ ചൊവ്വാഴ്ച അങ്ങേയ്ക്കു ഹസ്തദാനത്തിനു സന്നിഹിതനാകുന്നതായിരിക്കും"—ഗാന്ധിജി.

"അങ്ങയുടെ ഹസ്തദാനം സ്വീകരിക്കുവാൻ ഞാൻ സന്നദ്ധനാണു്"—വൈസ്രോയി.

ആ സംഭാഷണം നടന്നുകൊണ്ടിരിക്കെ ഫെബ്രവരി 27-ാംതീയതി പോലീസുകാർ അലഹബാദിൽവച്ചു് വിപ്ലവകാരിനേതാവായ ചന്ദർശേഖർആസാദിനെ വെടിവച്ചുകൊന്നു. ഗാന്ധി വൈസ്രോയി സംഭാഷണം അപ്പോഴും അവസാനിച്ചിട്ടുണ്ടായിരുന്നില്ല. അവസാനം പുതുതായി വട്ടമേശസമ്മേളനത്തിൽ പങ്കെടുക്കാൻ കോൺഗ്രസ് സമ്മതിച്ചു. സിവിൽ ആജ്ഞാലംഘനക്കുററത്തിനു ശിക്ഷിക്കപ്പെട്ട എല്ലാ തടവുകാരേയും വിട്ടയച്ചു നിയമലംഘനപ്രസ്ഥാനം നിർത്തിവച്ചു. വിപ്ലവകാരികൾമാത്രം ജയിലിൽ! കോൺഗ്രസ്സിൻെറ സഹായത്തോടെ വിപ്ലവകാരികളെ ഒററപ്പെടുത്തുകമാത്രമല്ല, ഭഗത്സിംഗിനേയും കൂട്ടുകാരേയും തൂക്കിക്കൊല്ലാനുള്ള ആശീർവാദം അവർ ഗവണ്മെൻറിനു നൽകുകയുംചെയ്തു. ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തിൽ

ആ ഒത്തുതീർപ്പ്, 'ഗാന്ധി-ഇർവിൻ പാക്ററ്' എന്ന പേരിൽ സുപ്രസിദ്ധമാണ്.

പണ്ഡിററ് ജവഹർലാൽനെഹ്റു ആ സാഹചര്യങ്ങളെ പരാമർശിച്ച് ഇപ്രകാരം പറഞ്ഞു:

"എൻെറ പല സഹോദരന്മാർ ഇനിയും ജയിലുകളിലുണ്ട്; ഞാൻ വെളിയിൽ വരികയുംചെയ്തു എന്നോർക്കുമ്പോൾ ലജ്ജ തോന്നുന്നു. അവരെ മോചിപ്പിക്കാൻ കഴിഞ്ഞില്ല അതു നമ്മുടെ ദൗർബല്യമാണ്."

മാർച്ച് 20-ാംതീയതി ഡൽഹിയിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ സുഭാഷ്ബോസ് പ്രസ്താവിച്ചു:

"സർദാർ ഭഗത്സിംഗിനേയും കൂട്ടുകാരേയും കഴുമരത്തിലേററാൻപോകുന്നു എന്ന വാർത്ത വളരെ വേദനയോടെയാണ് ഞാൻ ശ്രവിച്ചത്. എനിക്ക് ഹരികിഷൻെറ ദൗർഭാഗ്യത്തിൽ കരച്ചിൽ വരുന്നു. ദിനേശ്ഗുപ്തയേയും രാംകിഷൻബിസ്വാസിനേയും ഓർമ്മവരുന്നു. അവരേയും തൂക്കിക്കൊല്ലാൻ വിധിച്ചുകഴിഞ്ഞു. സർദാർ ഭഗത്സിംഗിനേയും കൂട്ടുകാരേയുംകൂടി കഴുമരത്തിലേററുകയാണെങ്കിൽ, ജനങ്ങൾ ചോദിക്കും: "ഇപ്പോൾ ഒത്തുതീർപ്പെവിടെ? സമാധാനമെവിടെ? സന്ധിയിലെ പ്രതിജ്ഞകളെന്തെല്ലാം പാലിക്കപ്പെട്ടു എന്ന്. ഭഗത്സിംഗിനെപ്പോലുള്ള ദേശാഭിമാനികളെ രക്ഷിക്കാൻ കഴിയാത്ത ഒത്തുതീർപ്പിനെന്തു വിലയാണുള്ളതെന്ന ചോദ്യമുയരും."

പക്ഷേ ഗാന്ധിജി ഹിമാലയത്തേക്കാളും വലിയ തെററു ചെയ്തുകഴിഞ്ഞിരുന്നു. ആ തരത്തിലുള്ള അഭ്യർത്ഥനകളും വിമർശനങ്ങളും അദ്ദേഹത്തിൽ യാതൊരു പ്രതിഫലനവും സൃഷ്ടിച്ചില്ല അദ്ദേഹം നിശ്ശബ്ദനായി, ഭഗത്സിംഗിനേയും കൂട്ടുകാരേയും കഴുമരത്തിലേററുന്നതു നോക്കി കഴിഞ്ഞു. ആകാശത്തിലുയന്ന കൊട്ടാരം കണ്ടിട്ടും കണ്ണടച്ചു. ഭാരതമാതാവിൻെറ ഓമൽസന്താനങ്ങളെ രക്ഷിക്കാൻ യാതൊരു ശ്രമവും നടത്തിയില്ല. തൽഫലമായി ഗാന്ധി-ഇർവിൻസന്ധി കഴിഞ്ഞ പതിനാലാം ദിവസം—1931 മാർച്ച് 23-ാംതീയതി—സർദാർ ഭഗത്സിംഗ്, രാജ്ഗുരു, സുഖ്ദേവ് എന്നീ വീരദേശാഭിമാനികൾ കഴുമരത്തിലേററപ്പെട്ടു.



ബാബാസിംഗ്



രാജ്കുമാർസിൻഹ

ഗാന്ധി-ഇർവിൻസന്ധിക്കുമുമ്പ് ഭാരതത്തിനും വിപ്ലവ പ്രസ്ഥാനത്തിനും, കോൺഗ്രസ്സും ബ്രിട്ടീഷ്ഗവണ്മെൻറും തോളോടുതോൾചേർന്ന് നൽകിയ ആദ്യത്തെ സമ്മാനം അലഹബാദിൽ ആൽഫ്രഡ്പാർക്കിൽവച്ചു നടന്ന, ചന്ദ്രശേഖർ ആസാദിൻെറ വധമായിരുന്നു. സന്ധിക്കുശേഷമുള്ള രണ്ടാമത്തെ സമ്മാനമായിരുന്നു ഭഗത്സിംഗിനേയും കൂട്ടുകാരേയും കഴുമരത്തിലേററൽ.

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം കോൺഗ്രസ്സിൻെറ കൊടിക്കീഴിലും, കഴുമരത്തിൻെറ തലണിലുമായി മുന്നേറിക്കൊണ്ടിരുന്നു. ഒരുഭാഗത്തു് സാധാരണക്കാരായ ജനങ്ങൾ, വിപ്ലവകാരികളായ യുവാക്കളുടെ ആത്മാഹുതിയിൽ പ്രചോദിതരായി സ്വാതന്ത്ര്യസമരത്തിന് രംഗത്തിറങ്ങി. മറുഭാഗത്തു കോൺഗ്രസ്, ശക്തിപ്പെട്ടുവരുന്ന വിപ്ലവപ്രസ്ഥാനത്താൽ ഭയാക്രാന്തമായി. കാരണം, കോൺഗ്രസ് വലിയ മുതലാളിമാരുടേയും ഭൂവുടമകളു

ടേയും നാട്ടുരാജാക്കന്മാരുടേയും സംഘടനയായിരുന്നു. അവരുടെ ദേശപ്രേമത്തിൽ ആക്കും സംശയമുണ്ടായിരുന്നില്ല. എന്നാൽ സാധാരണക്കാർ വിദേശികളുടെ ചൂഷണത്തോടൊപ്പം, കുത്തകമുതലാളിമാരുടേയും, ഭൂവുടമകളുടേയും ചൂഷണങ്ങളിൽനിന്നു വിമുക്തമായ ഒരു ഭരണവ്യവസ്ഥിതിയാണാഗ്രഹിച്ചിരുന്നതു്. തൽഫലമായി രാജ്യത്തെ ബൂഷ്വാവർഗ്ഗം സാമൂഹ്യവിപ്ലവത്തെ ഭയപ്പെടാൻ തുടങ്ങി. ഇംഗ്ലീഷുകാർ പോകുന്നതിൽ അവക്കെതിർപ്പില്ല. അവർ പോയതിനുശേഷം രാജ്യത്തിന്റെ ഭരണചക്രം സാധാരണക്കാരുടെ കയ്യിൽപ്പെടാതെ തങ്ങളുടെ കരങ്ങളിൽ ലഭിക്കണമെന്നായിരുന്നു ബൂഷ്വാവർഗ്ഗത്തിന്റെ ആന്തരികോദ്ദേശം. അതിനാൽ ഇന്ത്യയിൽ വ്യത്യസ്തചിന്താഗതിക്കാരായ രണ്ടുവിഭാഗം സ്വാതന്ത്ര്യസമ്പാദനത്തിനായി യത്നിച്ചുപോന്നു. ഒന്നു് ബൂഷ്വാവർഗ്ഗം—വലിയ ധനികർ, ഫാക്ടറി ഉടമകൾ, ഭൂഉടമകൾ, വ്യവസായികൾ, ഒരുവിഭാഗം ബുദ്ധിജീവികൾ തുടങ്ങിയവരുൾപ്പെട്ട ഒരു സംഘം. മറുഭാഗത്തു് നൂററാണ്ടുകളായി ചൂഷണത്തിനും മദ്ദനത്തിനുമിരയായി അവശതയിലെത്തിയ തൊഴിലാളികളും കൃഷിക്കാരും. രണ്ടുകൂട്ടരും ഇന്ത്യ സ്വതന്ത്രയാകണമെന്നാഗ്രഹിച്ചിരുന്നു. കഴിയുംവേഗം ഇംഗ്ലീഷുകാരെ ഇവിടെനിന്നു പുറത്താക്കണമെന്നു് ഇരുകൂട്ടരും തീരുമാനിച്ചു. എന്നാൽ ഉദ്ദേശം വ്യത്യസ്തമായിരുന്നു. രാജ്യം സ്വതന്ത്രമാകാതെ തങ്ങളുടെ യാതനകളും ദുരിതങ്ങളും നീങ്ങി സാമ്പത്തികോന്നതി കൈവരില്ലെന്നു് സാധാരണക്കാർ വിശ്വസിച്ചു. ബൂഷ്വാവർഗ്ഗമാകട്ടെ തങ്ങൾക്കനുകൂലമായ ഒരു ഭരണവ്യവസ്ഥ നിലനിത്താൻ ഭരണകൂടം കൈയ്യിലാക്കണമെന്നുമാഗ്രഹിച്ചു. അതായതു് സാധാരണക്കാർ രാജ്യത്തു് രാഷ്ട്രീയവും സാമൂഹ്യവുമായ വിപ്ലവം കൊണ്ടുവരാനാഗ്രഹിച്ചപ്പോൾ ബൂഷ്വാസികൾ രാഷ്ട്രീയവിപ്ലവംമാത്രമേ ആഗ്രഹിച്ചുള്ളു. അതിനായി അവർ കോൺഗ്രസ്സിന്റെ പിന്നിൽ അണിനിരന്നു. ആദ്യവും അവർ ഇംഗ്ലീഷുകാരുടെ ചൂഷണത്തിൽ പങ്കുകാരായിരുന്നു. അതിനാൽ ബൂഷ്വാസികൾ, വരാൻപോകുന്ന സാമൂഹ്യവിപ്ലവം ഭയപ്പെട്ടു. തങ്ങളുടെ പാരമ്പര്യതൊഴിലായ ചൂഷണവ്യവസ്ഥ നിലനിത്താൻ രാജ്യത്തെ വലിയ സംഘടനയായ കോൺഗ്രസ്സിനെ ആയുധമാക്കി.



പ്രഫസർ ഹർവിൻദാസ്മഹോർ (ഝാൻസി—ചന്ദർശേഖർ ആസാദിൻെറ സഹപ്രവർത്തകൻ), പണ്ഡററ് പ്രേമാനന്ദ ഝാൻസി (ഗദർപാർട്ടി—വധശിക്ഷയ്ക്കു വിധിക്കപ്പെട്ടു, ജീവപര്യന്തമായി കുറവുചെയ്തു.)

സാമൂഹ്യവും, രാഷ്ട്രീയവുമായ വിപ്ലവത്തിലൂടെ, ചൂഷണത്തിൽനിന്നും വിമുക്തമായ ഒരു ഭരണവ്യവസ്ഥയ്ക്കുവേണ്ടി പൊരുതിയിരുന്ന ജനവിഭാഗത്തിൻെറ വക്താവാരായിരുന്നു എന്നു ചോദിച്ചേക്കാം. അവരുടെ വക്താക്കൾ സർദാർ ഭഗത്സിംഗ്, ചന്ദർശേഖർആസാദ് തുടങ്ങിയവരോടൊത്തു പ്രവർത്തിച്ചിരുന്ന വിപ്ലവകാരിയുവാക്കളായിരുന്നു. അവർ രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിക്കാൻ രംഗത്തിറങ്ങിയതു്, ഒരു വ്യക്തി മറെറാരു വ്യക്തിയേയോ, ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തേയോ ചൂഷണംചെയ്യാൻ അനുവദിക്കാത്ത ഒരു ഭരണസമ്പ്രദായം സ്ഥാപിക്കാൻവേണ്ടിയായിരുന്നു. നമ്മുടെ സ്വാതന്ത്ര്യസമരചരിത്രത്തിൻെറ ഏററവും വലിയ സംഭാവനയാണതു്. കോൺഗ്രസ്സിൻെറ തലമുതിർന്ന നേതാക്കൾ പൂർണ്ണസ്വാതന്ത്ര്യമെന്നുച്ചരിക്കാൻപോലും ധൈര്യപ്പെടാതിരുന്ന കാലത്താണു് വിപ്ലവകാരികൾ, ഇന്ത്യയിൽ സോഷ്യലിസ്റ്റ്ഭരണവ്യവസ്ഥയാണാവശ്യമെന്നു് പ്രഖ്യാപിച്ചതും, അതിനുവേണ്ടി യത്നിച്ചതും.

സർദാർ ഭഗത്സിംഗിനേയും കൂട്ടുകാരേയും കഴുമരത്തിലേററുമ്പോൾ ഭാരതീയയുവാക്കൾ കറാച്ചിയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമ്മേളനത്തിനുള്ള ഒരുക്കങ്ങളിൽ വ്യാപൃതരായിരിക്കുകയായിരുന്നു. ഗാന്ധിജിയുടെ അനുയായിയായ ജെ. എം. സെൻഗുപ്ത ഒരു യോഗത്തിൽ പ്രസംഗിക്കാനെഴുന്നേററപ്പോൾ യുവാക്കൾ 'ഗാന്ധി മുർദ്ദ ബാദ്' എന്നു മുദ്രാവാക്യംമുഴക്കി അദ്ദേഹത്തെ പ്രസംഗിക്കാനനുവദിച്ചില്ല. പിറേറദിവസം ഗാന്ധിജി കറാച്ചിയിലേയ്ക്കു പുറപ്പെട്ടു. സർദാർ ഭഗത്സിംഗിൻെറ വധം, യുവാക്കളിൽ വലിയ അമർഷവും രോഷവുമുളവാക്കീട്ടുണ്ടെന്നും അവർ വമ്പിച്ച പ്രകടനങ്ങൾക്കു തയ്യാറായിരിക്കുകയാണെന്നും കമ്പിമുഖേന ഗാന്ധിജിയെ അറിയിച്ചു. തൽഫലമായി കറാച്ചിറയിൽവേസ്റ്റേഷനിലിറങ്ങേണ്ട ഗാന്ധിജി അവിടെനിന്നു പതിമൂന്നുമൈൽ പിന്നിലുള്ള ഒരു ചെറിയ സ്റ്റേഷനിലിറങ്ങി. പക്ഷേ ഗാന്ധിജി ഏതു ട്രെയിനിലാണു വരുന്നതെന്നും അദ്ദേഹം ഏതു സ്റ്റേഷനിൽ ഇറങ്ങുമെന്നും യുവാക്കൾക്കു് നിശ്ചയമുണ്ടായിരുന്നു. അവർ കൃത്യസമയത്തിനു സ്ഥലത്തെത്തി. ഗാന്ധിജി ട്രെയിനിൽ നിന്നിറങ്ങിയമാത്രയിൽ ലക്ഷക്കണക്കിനു യുവാക്കൾ കരിങ്കൊടികളുമായി ഗാന്ധി മുർദ്ദാബാദ്, ഗാന്ധി കൊലയാളി, ഗാന്ധി തിരച്ചുപോകുക എന്നീ മുദ്രാവാക്യങ്ങൾ മുഴക്കി പ്രകടനംനടത്തി. പ്രകടനക്കാരിലൊരാൾ ഗാന്ധിജിക്കു് ഒരു കറുത്ത പൂച്ചെണ്ടു സമ്മാനിച്ചു. ഗാന്ധിജി കാറിൽ സമ്മേളനസ്ഥലത്തേയ്ക്കു് തിരിച്ചതോടെ പ്രകടനക്കാരും പിന്തുടന്നു. ഭഗത്സിംഗിൻെറ ഘാതകനെവിടെ എന്നു് ഒരാൾ ചോദിക്കുമ്പോൾ മററുള്ളവരെല്ലാം ഗാന്ധിജിയെ ചൂണ്ടി ഏകസ്വരത്തിൽ മുദ്രാവാക്യം മുഴക്കും. അവർ ഭഗത്സിംഗിൻെറ രക്തസാക്ഷിത്വത്തെക്കുറിച്ചു് വീരഗാഥകളാലപിച്ചു സമ്മേളനപ്പന്തലിലേയ്ക്കു തിരിച്ചു.

ഒരുഭാഗത്തു് യുവാക്കൾ സുഭാഷ്ബോസിൻെറ കൊടിക്കീഴിൽ അണിനിരക്കാൻതുടങ്ങി. മാർച്ച് 28-ാംതീയതി, അതായതു് ഭഗത്സിംഗിനെയും കൂട്ടുകാരേയും കഴുമരത്തിലേററിയതിൻെറ അഞ്ചാംദിവസം, നവയുവഭാരത്സംഘത്തിൻെറ സമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ടു സുഭാഷ്ബോസ് പറഞ്ഞു:

"ഞാൻ ഇന്ത്യയിൽ സോഷ്യലിസ്റ്റ് റിപ്പബ്ളിക് സ്ഥാപിക്കാനാഗ്രഹിക്കുന്നു. കോൺഗ്രസ്സിൻെറ ഇന്നത്തെ നയംകൊണ്ടു്



നളിനിബഗേഹി

(ഡാക്കായിൽവച്ചു പോലീസുമായുണ്ടായ ഏററുമുട്ടലിൽ പരുക്കേററു മരിച്ചു.)



ജതീന്ദ്രനാഥമുക്കർജി

(ബാലസോറിൽവച്ചു പോലീസുമായുണ്ടായ ഏററുമുട്ടലിൽ മരിച്ചു.)

രാജ്യം സ്വതന്ത്രമാക്കാൻ സാദ്ധ്യമല്ലെന്നു വിശ്വസിക്കുന്നവനാണു ഞാൻ. ഭാരതീയയുവാക്കളുടെ ആവേശം നശിപ്പിക്കുവാൻ ഗവണ്മെൻറിനു സാദ്ധ്യമല്ല—രാജ്യത്തു വ്യാപിച്ചിരിക്കുന്ന അഗ്നി ശമിപ്പിക്കുവാൻ സാദ്ധ്യമല്ല. സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി ഭാരതത്തിനു തൻെറ അനേകം സന്താനങ്ങളെ ബലിയർപ്പിക്കേണ്ടി വരും.”

പിറേറദിവസം പണ്ഡിററ് മദൻമോഹൻ മാളവ്യ പ്രസംഗിക്കാനെഴുന്നേററപ്പോൾ യുവാക്കൾ തടഞ്ഞു. അദ്ദേഹത്തെ പ്രസംഗിക്കാനനുവദിച്ചില്ല. യോഗത്തിൽ ബഹളമുണ്ടായി. അതോടെ കോൺഗ്രസ്സിനു കാറെറങ്ങോട്ടാണെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. യുവാക്കൾ കോൺഗ്രസ്സിൻെറ പരിമിതവും ദുർബ്ബലവുമായ നയത്തിൽ നിരാശരായിക്കഴിഞ്ഞിരുന്നു. നേതാക്കന്മാരുടെ പ്രസംഗങ്ങൾപോലും കേൾക്കാൻ അവരിഷ്ട

പ്പെട്ടില്ല. അവസാനം കോൺഗ്രസ്സിന്റെ കറാച്ചിസമ്മേളനം ഗാന്ധി-ഇർവിൻസന്ധി ചർച്ചചെയ്തു. സർദാർ ഭഗത്‌സിംഗിന്റെയും കൂട്ടുകാരുടേയും വധത്തിൽ യുവാക്കൾ ക്ഷുഭിതരായിക്കഴിഞ്ഞിരുന്നു. കോൺഗ്രസ്സിനും അതിൽനിന്നു മുഖംതിരിക്കാൻ കഴിഞ്ഞില്ല. വർക്കിംഗ്‌കമ്മിററിയോഗത്തിൽ പണ്ഡിററ് നെഹ്‌റു ഒരു നിർദ്ദേശം കൊണ്ടുവന്നു. സർദാർ ഭഗത്‌സിംഗിന്റെയും കൂട്ടുകാരുടേയും ഓർമ്മയ്ക്കായി അഞ്ചുമിനിട്ടുനേരം മൗനമാചരിക്കപ്പെട്ടു. പിന്നീട്‌ ഒരു പ്രമേയത്തിലൂടെ ആ ദേശാഭിമാനികൾക്കു ശ്രദ്ധാഞ്ജലിയർപ്പിച്ചു. പ്രമേയം തയ്യാറാക്കിയതു് ഗാന്ധിജി തന്നെയായിരുന്നു. അതവതരിപ്പിച്ചുകൊണ്ടു് പണ്ഡിററ് നെഹ്‌റു ഇപ്രകാരം പ്രസ്താവിച്ചു:

“വിവിധ സ്ഥലങ്ങളിൽ, വിവിധ പരിതഃസ്ഥിതികളിൽ അനേകം യുവാക്കൾ രക്തസാക്ഷികളായി. എന്നാൽ ഭഗത്‌സിംഗിന്റെ രക്തസാക്ഷിത്വത്തിനു പ്രത്യേകസ്ഥാനമുണ്ടു്. അദ്ദേഹത്തിന്റെ ഹൃദയം രാജ്യസ്നേഹത്താൽ പരിപൂരിതമായിരുന്നു. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിൽ രാജ്യമൊട്ടുക്കു വേദനിക്കുന്നു. അല്പകാലംകൊണ്ടു് ഭഗത്‌സിംഗ്‌ ഭാരതജനതയുടെ കണ്ണിലുണ്ണിയായിത്തീർന്നു. അഹിംസാസിദ്ധാന്തത്തിൽ വിശ്വസിക്കുന്ന ഞങ്ങളും ഇന്നു് ഈ പ്രമേയമവതരിപ്പിക്കുന്നു. ഭഗത്‌സിംഗിന്റെ മാർഗ്ഗം ഞങ്ങളുടേതിൽനിന്നു് വ്യത്യസ്തമായിരുന്നു. അദ്ദേഹത്തിനു ഭാരതത്തിന്റെ അടിമത്തം സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ഹൃദയത്തിൽ മാതൃഭൂമിയെച്ചൊല്ലി അത്രമാത്രം പ്രേമമുണ്ടായിരുന്നു. ആ ദേശപ്രേമം അദ്ദേഹത്തെ അനിയന്ത്രിതനാക്കി. അദ്ദേഹത്തിന്റെ പേരിൽ നടത്തിയ കേസ്‌ ന്യായാനുസൃതമല്ലെന്നു കേൾക്കുന്നു. ഒരു ഓർഡിനൻസിന്റെ വെളിച്ചത്തിലാണു കേസു നടത്തിയതു്. ശിക്ഷയ്ക്കെതിരായി അപ്പീൽ കൊടുക്കാനുംകൂടി പഴുതില്ലായിരുന്നു. അത്തരത്തിലുള്ള നിയമവ്യഭിചാരം ഭഗത്‌സിംഗിന്റെ പ്രൗഢിക്കു മാററു കൂട്ടുകയേയുള്ളു. അക്കാര്യങ്ങളൊന്നും ഞാനിവിടെ ചർച്ചചെയ്യാനാഗ്രഹിക്കുന്നില്ല. താൻ സ്വീകരിച്ച മാർഗ്ഗത്തിലൂടെ ഭഗത്‌സിംഗ്‌ തന്റെ കർത്തവ്യം ഭംഗിയായി നിർവ്വഹിച്ചിരിക്കുന്നു. അദ്ദേഹം രക്തസാക്ഷികളിലതുല്യനായിത്തീർന്നിരിക്കുന്നു. ഭഗത്‌സിംഗ്‌ നമ്മളിൽനിന്നു വേറിട്ടുകഴിഞ്ഞു. വരുവിൻ! സ്വാതന്ത്ര്യത്തിനു

വേണ്ടിയുള്ള അഹിംസാത്മകമായ സമരത്തിലൂടെ നമുക്കും ഭഗത്സിംഗിനെപ്പോലെ രക്തസാക്ഷിത്വം വരിക്കാം."

ഭഗത്സിംഗിൻെറയും കൂട്ടുകാരുടേയും വധത്തിൽ കോടാനുകോടി ഭാരതീയർ അശ്രുപൊഴിച്ചുകൊണ്ടിരുന്നു. എന്നിരുന്നാലും ഗാന്ധിജിയുടെ അനുയായിയായ പണ്ഡിററ് നെഹ്റുവിൻെറ വാക്കുകൾ സുവർണ്ണലിപികളിൽ രേഖപ്പെടുത്താൻ യോഗ്യമായിരുന്നു.

സർദാർ ഭഗത്സിംഗിനേയും കൂട്ടുകാരേയും 1931 മാർച്ച് 23-ാംതീയതിയാണ് കഴുമരത്തിലേററിയതു്. അതിൻെറ പിറേറദിവസം—മാർച്ച് 24-ാംതീയതി—പണ്ഡിററ് നെഹ്റു കറാച്ചിയിലേയ്ക്കുള്ള യാത്രാമദ്ധ്യേ ഡെൽഹിയിൽവച്ചിപ്രകാരം പ്രസ്താവിച്ചു:

"ഞാൻ സർദാർ ഭഗത്സിംഗിൻെറ വധത്തിൽ അഗാധമായി ദുഃഖിക്കുന്നുണ്ടായിരുന്നു. എങ്കിലും ഞാൻ കരുതിക്കൂട്ടി മൗനമവലംബിക്കുകയാണു ചെയ്തതു്. അനശ്വരനായ ഭഗത്സിംഗ് നമുക്കെല്ലാവക്കും പ്രിയപ്പെട്ടവനായിരുന്നു. അദ്ദേഹത്തിൻെറ അതുല്യമായ ധൈര്യവും, ജീവിതത്യാഗവും കോടിക്കണക്കിനു ഭാരതീയക്ക് പ്രചോദനം നല്കും. നമ്മളെല്ലാമുണ്ടായിരുന്നിട്ടും അദ്ദേഹത്തെ രക്ഷിക്കാൻ കഴിഞ്ഞില്ല. വ്യസനകരമായ കാര്യമാണതു്. മാതൃഭൂമിയുടെ ആ ഓമൽസന്താനങ്ങളെ രക്ഷിക്കാൻ കഴിഞ്ഞില്ല. നമ്മുടെ ഈ കഴിവുകേടിൽ രാജ്യം അശ്രുപൊഴിക്കും. അതൊന്നിച്ച് അവരെക്കുറിച്ചുള്ള ഓമ്മ നമ്മെ അഭിമാനംകൊള്ളിക്കും. ബ്രിട്ടിഷ്ഗവണ്മെൻറ്, ഇന്ത്യയുമായി ഒത്തുതീപ്പിനു സംസാരിക്കുമ്പോൾ അവരുടേയും ഞങ്ങളുടേയും മദ്ധ്യത്തിൽ ഭഗത്സിംഗിൻെറ മൃതദേഹമുണ്ടായിരിക്കും. നമുക്കാ സംഭവം ഒരിക്കലും വിസ്മരിക്കാൻ സാദ്ധ്യമല്ല. ഒരിക്കലും വിസ്മരിക്കയുമരുതു്."

കറാച്ചിയിൽനിന്നുള്ള മടക്കത്തിൽ സുഭാഷ്ബോസ് അമൃതസറിൽ, ജാലിയൻവാലാബാഗിൽവച്ചിപ്രകാരം പ്രസ്താവിച്ചു:

"ഗവണ്മെൻറും കോൺഗ്രസ്സും തമ്മിലുണ്ടായ ഒത്തുതീപ്പ് അധികകാലം നീണ്ടുനില്ക്കുകയില്ല. ഗവണ്മെൻറ് നമ്മുടെ

നിസ്സാരമായ ആവശ്യങ്ങൾപോലും തിരസ്കരിക്കുകയും, സർദാർ ഭഗത്സിംഗിൻെറയും കൂട്ടുകാരുടേയും വധശിക്ഷ ഇളവുചെയ്യാതിരിക്കുകയുംചെയ്ത സ്ഥിതിക്ക് നമുക്ക് സ്വരാജ്യം ലഭിക്കാൻ പോകുന്നില്ല. അല്പകാലത്തിനുള്ളിൽ വീണ്ടും സമരമാരംഭിക്കുന്ന പരിതഃസ്ഥിതിയാണു് കാണുന്നതു്. നമ്മുടെ ആവശ്യം വളരെ വലുതല്ല. ഇംഗ്ലീഷുകാർ ഇംഗ്ലണ്ടിൻെറ ഉടമസ്ഥരാണ്. ജപ്പാൻ, ജപ്പാൻകാരുടെ അധീനത്തിലാണ്. ജർമ്മനി, ജർമ്മൻകാരുടേതാണ്. പിന്നെ ഇന്ത്യ, ഇന്ത്യാക്കാരുടേതല്ലാത്തതെന്തുകൊണ്ട്?"

ഇന്ത്യയിൽ വീണ്ടും വിപ്ലവപ്രവർത്തനങ്ങൾ ശക്തിപ്പെട്ടു. യുവാക്കൾ ഗാന്ധിജിയുടെ നയത്തിൽ നിരാശരായി വേറെ മാർഗ്ഗം സ്വീകരിച്ചു. പഞ്ചാബിൽ പല നഗരങ്ങളിലും ബോംബെറിയുകയും, ബോംബെയിൽ ഗവണ്മെൻറിനെ അട്ടിമിക്കാൻ ശ്രമിക്കുകയും ചെയ്തു. പഞ്ചാബിലെ വിപ്ലവകാരികളിൽപ്പെട്ട സർദാർ രാംസിംഗ്, ഗുലാബ്സിംഗ്, രൂപചന്ദ് തുടങ്ങിയവരുടെപേരിൽ കേസ്സ് നടന്നുകൊണ്ടിരുന്നു. ബംഗാളിൽ ദിനേശ്ഗുപ്തയെ വധശിക്ഷയ്ക്കു വിധിച്ച സെഷ്യൻ ജഡ്ജിയെ ഒരു യുവാവ് വെടിയുണ്ടയ്ക്കിരയാക്കി. അതിന്നല്പദിവസംമുമ്പ് ചിററഗോംഗിലെ മജിസ്ട്രേട്ടിനെ ആക്രമിച്ചു. ബോംബെയിൽ ഒരു മറാഠിയുവാവ് ഗവർണ്ണറെ വെടിവച്ചു. ഈ സംഭവങ്ങൾ ഗാന്ധിജിയെ വീണ്ടും ക്ഷുഭിതനാക്കി. ഗവർണ്ണറെ വെടിവെച്ച സംഭവത്തെ പരാമർശിച്ച് ഗാന്ധിജി തൻെറ പത്രമായ 'യംഗ് ഇന്ത്യ'യിൽ ഇപ്രകാരമെഴുതി:

"ഭഗത്സിംഗ്പൂജ രാജ്യത്തിന് വലിയ ദോഷംചെയ്തു. ഈ പൂജ നിലവിലിരിക്കുന്നിടത്തെല്ലാം ഗുണ്ടായിസം നടമാടുന്നു. ഭഗത്സിംഗിൻെറ ആദർശക്കാരെ വാക്കിലും പ്രവൃത്തിയിലും ചിന്തയിലും പ്രോത്സാഹിപ്പിക്കുന്നതുകൊണ്ട് കോൺഗ്രസ്സിന് ക്ഷതം തട്ടും. ജനങ്ങളുടെ വിശ്വാസം പിന്തിരിഞ്ഞുപോകും."

ഗാന്ധിജിയുടെ ആ ലേഖനത്തിൽനിന്ന് കോൺഗ്രസ്സിൻെറ ശക്തി വർദ്ധിപ്പിക്കുവാനും ജനങ്ങളുടെ പിന്തുണയാർജ്ജിക്കുവാനും വിപ്ലവപ്രസ്ഥാനത്തെ നശിപ്പിക്കേണ്ടിയിരിക്കുന്നു എന്നതു് സ്പഷ്ടമായി. അതിനുവേണ്ടിയായിരുന്നു അദ്ദേഹം ഗവണ്മെൻറിനെ കൂട്ടുപിടിച്ച് ഒത്തുതീർപ്പിലെത്തി വിപ്ലവപ്രസ്ഥാനത്തെ നശിപ്പിക്കാൻ ശ്രമിച്ചതു്.

# മൂന്നു മജിസ്ട്രേട്ടുമാരുടെ വധം

ഓർഡിനൻസിൻെറ സഹായത്താൽ ബംഗാളിൽ ആയിരക്കണക്കിനു യുവാക്കൾ കേസ്സുകൂടാതെ, അനിശ്ചിതകാലത്തേയ്ക്കു കൽത്തുറുങ്കുകളിലടയ്ക്കപ്പെട്ടു. ഒരുദിവസം പാറാവുകാർ ഹിജ്ലി ജില്ലാജയിലിലെ രാഷ്ട്രീയതടവുകാരുടെനേരേ വെടിവെച്ചു. തൽഫലമായി രണ്ടുപേർ മരിക്കുകയും അനേകംപേർക്ക് പരുക്കേല്ക്കുകയുംചെയ്തു. മരണപ്പെട്ട രക്തസാക്ഷികളുടെ മൃതദേഹവുമെടുത്തു വലിയൊരു ഘോഷയാത്ര നടത്തി. അതിനു നേതൃത്വംവഹിച്ചതു് സുഭാഷ്ബോസായിരുന്നു. ലക്ഷക്കണക്കിനാളുകൾ മൗനജാഥയിൽ കല്ക്കത്താമൈതാനത്തിൽ അണിനിരന്നു. 105 ഡിഗ്രി പനിയുണ്ടായിരുന്നിട്ടും രവീന്ദ്രനാഥ ടാഗോർ രോഗശയ്യയുപേക്ഷിച്ച് വീണ്ടും പേച്ചും മൈതാനത്തിലെത്തി. കുറേദിവസത്തിനുശേഷം ഒരു വിദ്യാർത്ഥിസമ്മേളനത്തിൽ പങ്കെടുത്തുകൊണ്ടു് സുഭാഷ് ബോസ് ഇപ്രകാരം പ്രസ്താവിച്ചു:

“ബറേലിയിലോ ഉത്തരപ്രദേശിലോ നിസ്സാരസംഭവമുണ്ടായാൽ കോൺഗ്രസ്നേതാക്കൾ മാറത്തടിച്ചു കരയും. എന്നാൽ അക്കൂട്ടരിതുവരെ ബംഗാളിലെ ദുഃഖിതരായ യുവാക്കളുടെ ദയനീയതയിൽ ഒരക്ഷരംപോലും പറയാനിഷ്ടപ്പെടുന്നില്ല.”

ഗാന്ധിജി വട്ടമേശസമ്മേളനത്തിനായി ലണ്ടനിൽ പോയിരുന്നു. അന്നു് കോൺഗ്രസ്സിൻെറ സർവ്വാധിപതി സർദാർ പട്ടേലായിരുന്നു. വർക്കിംഗ്കമ്മിററിയുടെ അടുത്ത യോഗത്തിൽ പങ്കെടുക്കാൻ അദ്ദേഹം സുഭാഷ്ബോസിനു് കമ്പിയടിച്ചു. കോൺഗ്രസ്സിലെ മിതവാദിനേതാക്കളെ വെറുത്തിരുന്നതിനാൽ അദ്ദേഹം ആ ക്ഷണം സ്വീകരിച്ചില്ല. സർദാർ പട്ടേൽ വീണ്ടും സുഭാഷ് ബോസിനു കത്തെഴുതി ചിററഗോംഗ്, ഹിജ്ലി സംഭവങ്ങളെക്കുറിച്ചു് സംസാരിക്കുന്നതു് അച്ചടക്കലംഘനമാണെന്നു് ഓർമ്മപ്പെടുത്തി. ആ കത്തു കണ്ടപ്പോൾ സുഭാഷ്ബോസിനു് വ്യസനം തോന്നി. കാരണം, ചിററഗോംഗിൽ പ്രായോഗികമായിമാർഷൽ ലാ

യാണു് നിലവിലിരുന്നതു്. എന്നിട്ടും കോൺഗ്രസ്‌നേതൃത്വത്തിന് ഇംഗ്ലീഷുകാരോടാണു് കൂറു്. ദുരവസ്ഥയിൽ മരണശ്വാസം വലിക്കുന്ന നാട്ടുകാരോട്‌ അവർക്കു ഭാവംപോലുമില്ല. അക്കാര്യത്തെപ്പററി സംസാരിക്കാൻപോലും കോൺഗ്രസ് അനുവദിക്കുന്നില്ല. അതിൻെറ ഉദ്ദേശം വിപ്ലവകാരികളെ ഒററപ്പെടുത്തി അവസാനിപ്പിക്കണമെന്നായിരുന്നു. സുഭാഷ്‌ബോസ് ധീരനായ ഒരു നേതാവായിരുന്നു. അദ്ദേഹം പല പട്ടേൽമാരേയും പോക്കററിലിട്ടുനടക്കുന്ന വ്യക്തിയായിരുന്നു. അതിനാൽ സർദാർ പട്ടേലിൻെറ ഭീഷണിക്കു വഴങ്ങിയില്ല.

യുവാക്കൾ വീണ്ടും മരണപ്പുടവയുമണിഞ്ഞു രംഗത്തിറങ്ങി. പട്ടാളവും, പോലീസും, മാർഷൽ ലായും നിലവിലുണ്ടായിരുന്നിട്ടും അവർ മിഡ്‌നാപ്പൂരിലെ മൂന്നു ഡിസ്ട്രിക്ട്‌മജിസ്ട്രേട്ടുമാരെ വധിച്ചു. ഫൗഹക്കർ, ഖുദ്രിറാംബോസ്, മദൻലാൽധാംഗർ, കർത്താർസിംഗ്‌സറാബ്, രാംപ്രസാദ്‌ബിസ്മിൽ, ഭഗത്‌സിംഗ് തുടങ്ങിയവർ തങ്ങളുടെ രക്തംകൊണ്ടു് നട്ടുനനച്ചുവളർത്തിയ സ്വാതന്ത്ര്യലതയ്ക്കു് അവസാനനിമിഷംവരെ ജീവരക്തം നല്കുമെന്നു് യുവാക്കൾ വ്യക്തമാക്കി.

1929-ൽ ഭഗത്‌സിംഗും, ബി. കെ. ദത്തും, പാർലിമെൻറമന്ദിരത്തിൽ ബോംബെറിഞ്ഞതോടെ ചിററഗോംഗും മിഡ്‌നാപ്പൂരും ബംഗാളിലെ വിപ്ലവകാരികളുടെ കേന്ദ്രമായിത്തീർന്നു. മിഡ്‌നാപ്പൂർ ആദ്യംമുതല്ക്കേ വിപ്ലവകാരികളുടെ നാടായിരുന്നു. ബംഗാളിൽ ആദ്യമായി രക്തസാക്ഷിത്വംവരിച്ച ഖുദ്രിറാംബോസ് ആ പ്രദേശത്തുകാരനായിരുന്നു. അദ്ദേഹം വിപ്ലവപ്രസ്ഥാനത്തിൻെറ ഒന്നാംഘട്ടത്തിലാണു് രക്തസാക്ഷിയായതു്. 1931 ഏപ്രിൽമാസത്തിൽ, മിഡ്‌നാപ്പൂർ ഡിസ്ട്രിക്ട്‌മജിസ്ട്രേട്ടായിരുന്ന ജയിംസ്‌വാഡിയെ ഒരു വിപ്ലവകാരി വെടിവെച്ചുകൊന്നു. അദ്ദേഹത്തിൻെറ സ്ഥാനത്തു് മിസ്റ്റർ റോബർട്ട് ഡോഗ്ലസ് നിയമിതനായി. അദ്ദേഹത്തിൻെറ ആത്മരക്ഷയ്ക്കായി പട്ടാളത്തേയും പോലീസിനേയും നിയോഗിച്ചിരുന്നു. അതെല്ലാമുണ്ടായിരുന്നിട്ടും ഒരു വിപ്ലവകാരി 1932-ൽ അദ്ദേഹത്തെ വധിച്ചു. പിന്നീടു് മിസ്റ്റർ ബർഗ് നിയമിതനായി. 1933-ൽ അദ്ദേഹത്തേയും വധിച്ചു. മിസ്റ്റർ ബർഗിനെ വധിച്ച വിപ്ലവകാരികളിലൊരാൾക്കു് പതിമൂന്നു വയസ്സും, മററയാൾക്കു് പതിനാലുവയസ്സും പ്രായ



കത്താർസിംഗ് സരാബ

(ഗദർപാട്ടി—ലാഹോർജയിലിൽ വച്ചു തൂക്കിക്കൊന്നു)

മേ ഉണ്ടായിരുന്നുള്ളു. മജിസ്ട്രേട്ടിന്റെ ആത്മരക്ഷയ്ക്കായി 34 ശിപ്പായികളുണ്ടായിരുന്നു. മജിസ്ട്രേട്ടിന്റെ ശരീരത്തിൽ വെടിയുണ്ടയേററ മാത്രയിൽ അവർ വിപ്ലവകാരികളിലൊരാളായ അനാഥബന്ധുപാൽജയുടെ ശരീരം വെടിയുണ്ടകളാൽ വലപോലെയാക്കിത്തീർത്തു. മററയാൾ—ശ്രീ. മൃഗേന്ദ്രൻ—ഏഴ് വെടി ഏററിട്ടും പിറേറദിവസംവരെ ജീവിച്ചിരുന്നു.

അക്കാലത്തു് യൂറോപ്യൻ ആഫീസർമാരുടെ ചിന്താഗതി എന്തായിരുന്നു എന്നു് മിസ്റ്റർ ഡോഗ്ലസിന്റെ കത്തു് സ്പഷ്ടമാക്കുന്നു. അദ്ദേഹം മരിക്കുന്നതിനല്പദിവസംമുമ്പു് സഹോദരനയച്ചതാണിതു്.

"എന്റെ ജീവിതം അപകടത്തിലാണ്. എന്റെ ബംഗ്ലാവിനു ചുറ്റും സുശക്തമായ പട്ടാളം കാവലുണ്ട്. സാധാരണരീതിയിൽ റിവാൾവറും ആയുധധാരികളായ പാറാവുമില്ലാതെ എനിക്കു പുറത്തിറങ്ങാൻ നിവൃത്തിയില്ല. അടുത്ത കുറേദിവസം ജാഗ്രതയായിരുന്നുകൊള്ളാൻ രഹസ്യപ്പോലീസ് എന്നെ അറിയിച്ചിട്ടുണ്ട്. അതുകൂടാതെ പേരുവെയ്ക്കാത്ത ഭീഷണിക്കത്തുകളും വരുന്നുണ്ട്. മിസ്റ്റർ പാഡിയെ വധിച്ച രണ്ടു ഘാതകരുടേതുതന്നെയാണ് ഈ കത്തുകളും. ഞാനിതെല്ലാം വെറും തമാശയായിട്ടാണ് കണക്കാക്കുന്നതെങ്കിലും സി. ഐ. ഡി. അവയ്ക്കു വലിയ പ്രാധാന്യം നല്കുന്നു. മിസ്റ്റർ പാഡിക്കയച്ചിരുന്നവരുടെ കൈയക്ഷരവും ഒപ്പുകളുമാണീ കത്തുകളിലും കാണുന്നതെന്നാണ് സി. ഐ. ഡി. പറയുന്നത്.

ഇന്ന് നഗരത്തിൽ മുഴുവൻ വിപ്ലവപ്പാർട്ടിയുടെ പോസ്റ്ററുകൾ കാണപ്പെട്ടു. ദിനേശ്ഗുപ്തയെ തൂക്കിലിട്ടതിന്റെ പകവീട്ടാൻ യുവാക്കളോടാഹ്വാനം ചെയ്യുന്നതാണീ പോസ്റ്ററുകൾ. 'ചോരയ്ക്കുപകരം ചോര' എന്നാണതിന്റെ തലക്കെട്ട്. വിദേശിസാധനങ്ങളുടെ ബഹിഷ്കരണംമൂലം നഗരത്തിലെങ്ങും ഒരുപാക്കററ് സിഗററുപോലും കിട്ടാനില്ല. വധഭീഷണികൾകൊണ്ട് ഞാൻ മടുത്തു. ഇനി ഈ ഭീഷണികൾ നിസ്സാരമാക്കി തള്ളിക്കളയാൻ പററുമോ എന്നു തോന്നുന്നില്ല. ഈദൃശസംഭവങ്ങളിൽ ഒരു യൂറോപ്യനും പരിഭ്രമിക്കാൻ പാടില്ലാത്തതാണ്. ഒരുപക്ഷെ ഇതെന്റെ അവസാനത്തെ കത്തായിരിക്കും. താങ്കൾ കഴിയുംവേഗം മറുപടി അയയ്ക്കുമെന്നു വിശ്വസിക്കുന്നു."

മിസ്റ്റർ ഡോഗ്ലസ് തന്റെ സഹോദരന് ഒരു കത്തുംകൂടി എഴുതുകയുണ്ടായി. അതായിരുന്നു അദ്ദേഹത്തിന്റെ അവസാനത്തെ കത്ത്.

"ഹിജ്‌ലിക്യാമ്പിൽനിന്നു വന്ന ഒരു കത്ത് ഞാൻ കണ്ടു. അതു വിപ്ലവകാരികളെ ഉദ്ദേശിച്ചെഴുതിയതാണ്—ഇനി നമുക്ക് ആക്രമം മാപ്പുകൊടുക്കാൻ കഴിയുകയില്ല; ഗവണ്മെൻറിനെ അനുകൂലിക്കുന്ന ഇന്ത്യാക്കാരുടേയും കഥകഴിക്കണം."

ഈ കത്തെഴുതിയതിന്റെ പിറേറദിവസം മിസ്റ്റർ ഡോഗ്ലസ് വധിക്കപ്പെട്ടു.



രാജാ മഹേന്ദ്രപ്രതാപ്

ഇന്ത്യൻ വിപ്ലവപ്രസ്ഥാനചരിത്രത്തിൽ ഏററവും വലിയ സംഭവമാണ് ചിററഗോംഗ് ആക്ഷൻ എന്നു നേരത്തെ പറഞ്ഞുവല്ലോ. ഇത്രവലിയ ഒരു ധീരപ്രവൃത്തിക്ക് സാധാരണക്കാരായ ഈ യുവാക്കൾക്ക് എവിടെനിന്നു പ്രേരണ ലഭിച്ചു? അയർലൻറിൻെറ സ്വാതന്ത്ര്യത്തിൽ "ഡബ്ളിനിലെ വിപ്ലവം" (Dublin Uprising) എന്ന പേരിൽ ഒരു വിവരണമുണ്ട്. ഒന്നാംലോക മഹായുദ്ധം നടന്നുകൊണ്ടിരിക്കെ ഒരുദിവസം അയർലൻറിലെ ഗൂഢസംഘം പട്ടാളവേഷത്തിൽ അയിറിഷ് റിപ്പബ്ളിക്കൻ ആർമിയുടെ പതാകയുമേന്തി രംഗത്തിറങ്ങി. ആയുധധാരികളായ ആ യുവാക്കൾ കോർപ്പറേഷൻെറ അധീനത്തിൽപ്പെട്ട പ്രദേശം പിടിച്ചടക്കി സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഇന്ന് അയർലൻറിൻെറ രാഷ്ട്രപതിയായിരിക്കുന്ന ഡിവാലറേ ആയിരുന്നു ആ സമരത്തിന് നേതൃത്വംനല്കിയതു്. ബ്രിട്ടീഷ്പട്ടാളവും, വിപ്ലവകാരികളും തമ്മിൽ കട്ടത്തയുദ്ധം നടന്നു. അനേകം അയിറിഷ് ദേശ

ഭക്തന്മാർ വധിക്കപ്പെട്ടു. ബാക്കിയുള്ളവർ അറസ്റ്റ്ചെയ്യപ്പെട്ടു; ഡിവാലറെയെ വധശിക്ഷയ്ക്കു വിധിച്ചു.

ചിററഗോംഗിൽ നടന്നതും ഡബ്ളിൽ അപ്റൈസിംഗിനെ നേരിൽ കണ്ടുകൊണ്ടായിരുന്നു. കാലേകൂട്ടി തയ്യാറാക്കിയിരുന്ന പദ്ധതിയനുസരിച്ച് 1930 മാർച്ച് 18-ാംതീയതി രാത്രി പത്തേകാൽമണിക്ക് ശ്രീ. ലോകനാഥപാൽ, ജീവൻഘോഷ് എന്നിവർ, മററു സഹപ്രവർത്തകരുമൊത്ത് ചിററഗോംഗിലുള്ള ആയുധശാലയിലെത്തി. അവർ പട്ടാളവേഷത്തിലായിരുന്നു. കുറെപ്പേർ നേരത്തേതന്നെ അവിടെ കാത്തുനിന്നിരുന്നു. പാറാവുകാരെ ആദ്യം വധിച്ചു. വെടിയുടെ ശബ്ദംകേട്ടു പുറത്തുവന്ന ബ്രിട്ടീഷുദ്യോഗസ്ഥന്റെയും കഥകഴിച്ചു. അതോടെ ബാക്കിയുണ്ടായിരുന്ന പാറാവുകാർ ഓടിരക്ഷപ്പെട്ടു. പിന്നീട് വിപ്ലവകാരികൾ ആയുധശാലയിൽ പ്രവേശിച്ച് ആയുധങ്ങളെല്ലാം കൈയ്ക്കലാക്കി. കെട്ടിടങ്ങൾക്ക് തീകൊടുത്തു. അപ്പോഴേയ്ക്കും അനന്തസിംഗ്, ഗണേശ്ഘോഷ് എന്നിവരുടെ നേതൃത്വത്തിൽ വിപ്ലവകാരികൾ പോലീസ് ഹെഡ്ക്വാർട്ടേഴ്സ് പിടിച്ചടക്കിക്കഴിഞ്ഞിരുന്നു. ശ്രീ. അംബികാചക്രവർത്തിയുടെ നേതൃത്വത്തിൽ ഒരുസംഘം കമ്പി-തപാൽ ആഫീസും, റയിൽവേസ്റ്റേഷനും അധീനത്തിലാക്കി. ചിററഗോംഗ്നഗരത്തെ മറെറല്ലാഭാഗങ്ങളിൽനിന്നും വേർപെടുത്തി, സ്വതന്ത്രനഗരമാക്കി. സൂര്യസെന്നിന്റെ നേതൃത്വത്തിൽ സ്വതന്ത്രഗവണ്മെൻറും രൂപീകരിച്ചു.

മൂന്നാംദിവസം രാത്രി പന്ത്രണ്ടുമണിക്ക് ബ്രിട്ടീഷ്പട്ടാളം വിപ്ലവകാരികളോടേററുമുട്ടി. വിപ്ലവകാരികൾ പോലീസ് ഹെഡ്ക്വാർട്ടേഴ്സിന് തീകൊളുത്തി. ആ വെളിച്ചത്തിൽ പട്ടാളത്തെ ചെറുത്ത്, ജലാലാബാദിലുള്ള പർവ്വതനിരകളിലൊളിച്ചു. നഗരത്തിൽനിന്ന് രക്ഷപ്പെട്ട വിപ്ലവകാരികളെല്ലാവരും സൂര്യസെന്നിന്റെ പിന്നിൽ അണിനിരന്നു. ഏപ്രിൽ 23-ാംതീയതി വിപ്ലവകാരികളും പട്ടാളവും തമ്മിൽ വലിയ സംഘട്ടനം നടന്നു. ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ പ്രശക്തമായ സേനയും, സാധാരണക്കാരായ രാജ്യസ്നേഹികളും തമ്മിലാണ് യുദ്ധം. അല്പസമയത്തിനുള്ളിൽ ഇരുഭാഗത്തും മൃതശരീരങ്ങൾ കുന്നുകൂടി. ബ്രിട്ടീഷ് പട്ടാളം പിന്നെയും എത്തിക്കൊണ്ടിരിക്കുന്നതു കണ്ടു് സൂര്യസെൻ തന്റെ അനുയായികൾക്ക് ഒളിയുദ്ധമാരംഭിക്കാനാജ്ഞനല്കി.

അതുകൊണ്ടും വിജയിക്കാൻ കഴിഞ്ഞില്ല. സൂര്യസെൻ, അംബികാചക്രവർത്തി, അനന്തസിംഗ്, നിർമ്മൽസെൻ, ഗണേശ്ഘോഷ്. ലോകനാഥപാൽ, കുമാരി പ്രീതിലത തുടങ്ങിയവർ പട്ടാളവലയം ഭേദിച്ച് രക്ഷപ്പെട്ടു. അവർ അകലെയുള്ള ഒരു ഗ്രാമത്തിൽ പാർട്ടിയുടെ അനുഭാവിയായിരുന്ന സാവിത്രീദേവിയുടെ ഭവനത്തിൽ അഭയംതേടി. കുറേദിവസങ്ങൾക്കുശേഷം ആ വിവരം ഗവണ്മെൻറിന്നറിവുകിട്ടി. ക്യാപ്റ്റൻ കാമ്രൺ എന്ന ഒരു പട്ടാള ഉദ്യോഗസ്ഥൻെറ നേതൃത്വത്തിൽ ഒരുസംഘം പട്ടാളം ഒരുദിവസം രാത്രി സാവിത്രീദേവിയുടെ വീടു വളഞ്ഞു.

സാഹചര്യങ്ങൾ മനസ്സിലാക്കിയ സൂര്യസെൻ തൻെറ സഹപ്രവർത്തകരോട് തയ്യാറായിക്കൊള്ളാനാജ്ഞനല്കി. ബ്രിട്ടീഷ് പട്ടാളത്തെ ചെറുത്തുകൊണ്ട് അവിടെനിന്ന് പിൻവാങ്ങാൻ ശ്രമിച്ചു. ആ ഏററുമുട്ടലിൽ സൂര്യസെന്നിൻെറ വെടിയേററ് ക്യാപ്റ്റൻ കാമ്രൺ മരിച്ചു. കുറെ പട്ടാളക്കാരും വധിക്കപ്പെട്ടു. വിപ്ലവകാരികളിൽ അപൂർവ്വസെൻ, നിർമ്മൽ എന്നിവർ രക്തസാക്ഷികളായി. സൂര്യസെന്നും കൂട്ടുകാരും അവിടെനിന്നും രക്ഷപ്പെട്ടു. അപൂർവ്വസെന്നിൻേറയും, നിർമ്മലിൻേറയും വധത്തിനു പകരംവീട്ടാൻ പഹാടിതലി എന്ന സ്ഥലത്തുള്ള യൂറോപ്യൻക്ലബ്ബ് ആക്രമിക്കാൻ തീരുമാനിച്ചു.



നിർമ്മൽജീവൻഘോഷ്




മനോഹൻഗുപ്ത

യൂറോപ്യൻക്ലബ്ബ് ആക്രമിക്കുന്നതിന് നേതൃത്വം വഹിച്ചതു് കുമാരി പ്രീതിലതയായിരുന്നു. ആക്രമണത്തിന്നു് പുറപ്പെടുന്നതിന്നുമുമ്പു് സൂര്യസെൻ പറഞ്ഞു: "അറസ്റ്റ് വരിച്ചു പോലീസുകാരാൽ അപമാനിതയാകുന്നതിനേക്കാൾ വിഷംകഴിച്ചു മരിക്കുകയാണു് നല്ലതു്. അതിനാൽ അല്പം വിഷംകൂടി കരുതിക്കൊള്ളുക." അതനുസരിച്ചു് പ്രീതിലത വിഷവും ശേഖരിച്ചു് മററു സഹപ്രവർത്തകരൊത്തു് യൂറോപ്യൻക്ലബ്ബിന്റെ മുമ്പിലെത്തി. സമയം രാത്രിയാണു്. ക്ലബ്ബിൽ യൂറോപ്യന്മാർ ഭാര്യാസമേതം നൃത്തംചെയ്തുല്ലസിച്ചുകൊണ്ടിരിക്കുകയാണു്. ഒരൊററ വെള്ളക്കാരൻപോലും രക്ഷപ്പെടാൻ അനുവദിക്കരുതെന്നു പറഞ്ഞു് പ്രീതിലതയും സഹപ്രവർത്തകരും ക്ലബ്ബ് ആക്രമിച്ചു. ബോംബിന്റെ മുഴക്കത്താൽ അന്തരീക്ഷം ഞെട്ടിവിറച്ചു. ഒരു സ്ത്രീ അടക്കം പതിമൂന്നു വെള്ളക്കാർ വധിക്കപ്പെട്ടു. നിർഭാഗ്യവശാൽ ബോംബിന്റെ ഷെല്ലുകൊണ്ടു് പ്രീതിലതയ്ക്കു് കഠിനമായ പരുക്കുപററി. മററു സഹപ്രവർത്തകർ അവളെ എടുത്തുകൊണ്ടോടി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും പ്രീതിലത സമ്മതിച്ചില്ല. മററുള്ളവരോടു രക്ഷപ്പെട്ടുകൊള്ളാൻ പറഞ്ഞു്, വിഷംകഴിച്ചു് ആത്മാഹുതിചെയ്തു. അങ്ങനെ ഇരുപതാം നൂററാണ്ടിലെ ആ ഝാൻസിറാണി 'ഭാരതമാതാ കീ ജെയ്' മുഴക്കി രക്തസാക്ഷിത്വം വരിച്ചു.

## സൂര്യസെന്നിന്റെ അറസ്റ്റ്

1933 ഫെബ്രുവരിയിൽ ശ്രീ. സൂര്യസെൻ, ശ്രീ. കല്പനദത്തു് എന്നിവർ മററു സഹപ്രവർത്തകരൊത്തു് ഗീര എന്ന ഗ്രാമത്തിൽ അഭയം പ്രാപിച്ചു. എന്നാൽ നേത്രസെൻ എന്ന ഒരു വിശ്വാസവഞ്ചകന്റെ ഒററുമൂലം പോലീസുകാർ ആ ഗ്രാമം വളഞ്ഞു. സൂര്യസെൻ തന്റെ കുറെ സഹപ്രവർത്തകരെ രക്ഷപ്പെടുത്തിയെങ്കിലും സ്വയം അറസ്റ്റ് വരിച്ചു. അങ്ങനെ ബംഗാളിലെ വിപ്ലവസിംഹം അറസ്റ്റ്ചെയ്യപ്പെട്ടു. അല്പദിവസങ്ങൾക്കുള്ളിൽ വിശ്വാസ



രാഷ്ബിഹാരിബോസ്

വഞ്ചകനായ നേത്രസെന്നിനെ വിപ്ലവകാരികൾ വെടിവച്ചുകൊന്നു. സൂര്യസെന്നിന്റെ അറസ്റ്റിനുശേഷം ശ്രീ. താരകേശ്വർദസ്തിദാർ, പാർട്ടിയുടെ നേതൃത്വമേറെറടുത്തു. എന്നാൽ പോലീസ് അവരുടെ ഹെഡ്ക്വാർട്ടേഴ്സും വളഞ്ഞു. 1933 മെയ് 18-ാംതീയതി പട്ടാളവും, പോലീസുമൊരുമിച്ച് അവരെ അറസ്റ്റ്ചെയ്യാൻ ശ്രമിച്ചു. നീണ്ട യുദ്ധത്തിനുശേഷം താരകേശ്വർദസ്തിദാറും, കല്പനദത്തും അറസ്റ്റ്ചെയ്യപ്പെട്ടു. ആ കേസ്സിൽ സൂര്യസെൻ, താരകേശ്വർദസ്തിദാർ എന്നിവരെ തൂക്കിക്കൊല്ലാനും കല്പനദത്തിനെ ജീവപര്യന്തം തടവിനും ശിക്ഷിച്ചു. വധശിക്ഷ വിധിച്ചപ്പോൾ സൂര്യസെൻ അല്പംപോലും പരിഭ്രമിച്ചില്ല; അദ്ദേഹവും ഭഗത്‌സിംഗിനെപ്പോലെതന്നെ ആ ശുഭദിനത്തെ സ്വാഗതംചെയ്തു. 1934 ജനുവരി 12-ാംതീയതി ബംഗാളിലെ ആ വിപ്ലവവീരരെ കഴുമരത്തിലേററി. കഴുമരത്തിന്റെ ചുവട്ടിൽ നിന്നുകൊണ്ടു്

സൂര്യസെൻ ഭാരതീയയുവാക്കൾക്കു നൽകിയ സന്ദേശമിതാണ്: “മാതൃഭൂവിന്റെ സ്വാതന്ത്ര്യം കൈവരുന്നതുവരെ സഖാക്കളെ, നിങ്ങൾ മുന്നോട്ടു നീങ്ങുവിൻ! വിപ്ലവപതാക ഉയർത്തിപ്പിടിക്കുവിൻ!”

സ്വാർത്ഥമതികൾ എത്രതന്നെ ശ്രമിച്ചാലും മായ്ചാൽ മായാത്ത ഏടാണ് ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ വിപ്ലവകാരികൾ രചിച്ചിട്ടുള്ളതു്. അവർ ലൗകികസുഖഭോഗങ്ങൾ ത്യജിച്ചു്, മരണപ്പുടവയുമണിഞ്ഞു് മാതൃഭൂമിയെ സ്വതന്ത്രയാക്കാൻ രംഗത്തിറങ്ങി. അവർക്കു തുല്യരായി ഇന്നാരുണ്ടു് ഭാരതത്തിൽ? അവർ കൽത്തുറുങ്കുകളിൽ, ഇടുങ്ങിയ സെല്ലുകളിൽ കിടന്നു് ഇഞ്ചിഞ്ചായി മരിച്ചു. അയ്യോ എന്നൊരു വാക്കുപോലും നാവിൽനിന്നു പുറത്തുവന്നില്ല. സ്വന്തം കരങ്ങളാൽ കയറു കഴുത്തിലിട്ടു കഴുമരത്തിലേറി. നാട്ടുകാരേയോ, മററു സ്വാതന്ത്ര്യപ്രസ്ഥാനത്തേയോ വഞ്ചിക്കുകയോ ഒററിക്കൊടുക്കുകയോ ചെയ്തിട്ടില്ല. പിന്നെ അവരുടെ ബലിദാനങ്ങളുടെ മുമ്പിൽ എങ്ങനെ പർദ്ദയിടാൻ കഴിയും? ഇന്ത്യയുടെ സത്യസന്ധമായ സ്വാതന്ത്ര്യസമരചരിത്രം പുറത്തിറങ്ങുന്ന കാലത്തു് ഇന്ത്യൻവിപ്ലവകാരികളുടെ ബലിദാനങ്ങളെപ്പററിയുള്ള അപദാനങ്ങൾ സുവർണ്ണലിപികളിൽ രേഖപ്പെടുത്തിയിരിക്കും. അന്നു് ഭാവിതലമുറ തങ്ങളുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിൽ അഭിമാനംകൊള്ളും. രാജ്യത്തിന്റെ സ്വാതന്ത്ര്യവും അവിച്ഛിന്നതയും കാത്തുരക്ഷിക്കാൻ പ്രചോദനമുൾക്കൊള്ളും!

## ഭഗത്‌സിംഗിന്റെ ജയിലറയ്ക്കു മുന്നിൽ

ഇനി നമുക്കു സർദാർ ഭഗത്‌സിംഗിന്റെ ജയിലറയ്ക്കു മുമ്പിലൊന്നു പോകാം. ഇന്ത്യൻ രാഷ്ട്രീയനഭോമണ്ഡലത്തിലെ ആ ഉജ്ജ്വലതാരം—വിപ്ലവപ്രസ്ഥാനത്തെ പ്രകാശമയമാക്കിത്തീർത്ത ആ കെടാവിളക്കു—സർദാർ ഭഗത്‌സിംഗ് — അദ്ദേഹത്തിന്റെ ജയിൽജീവിതം വീക്ഷിക്കാം.



ഡാ: മഥുര്‌സിംഗ്



ബാബാ സോഹൻസിംഗ്ഭക്‌ന

അഡ്വക്കേററ് പ്രാൺനാഥമേത്ത, ലാഹോർ ഗൂഢാലോചന കേസിൽ വിപ്ലവകാരികളുടെ വക്കീലായിരുന്നു. അതിനാൽ അദ്ദേഹത്തിന് ജയിലിൽ ചെന്ന് ഭഗത്‌സിംഗിനെ സന്ദർശിക്കാൻ കഴിഞ്ഞിരുന്നു. തൂക്കിലിടുന്നതിനു രണ്ടുമണിക്കൂർമുമ്പ് പ്രാൺനാഥ്മേത്ത ഭഗത്‌സിംഗിനെ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം ആ രംഗം രേഖപ്പെടുത്തിയിരിക്കുന്നതു് ഇപ്രകാരമാണ്:

"1931 മാർച്ച് 23-ാംതീയതി — ഇന്ത്യൻസ്വാതന്ത്ര്യസമരചരിത്രത്തിൽ വളരെ പ്രാധാന്യമുള്ള ഒരു ദിവസമാണ്. അന്നാണ് പഞ്ചാബിലെ മഹാവിപ്ലവകാരിയായ സർദാർ ഭഗത്‌സിംഗ്, തന്റെ ജീവിതത്തിൽതന്നെ നായകനായിത്തീർന്നതു്. സഹപ്രവർത്തകരായ സുഖ്ദേവും, രാജഗുരുവുമൊത്തു് ഭഗത്‌സിംഗ്, ഇൻക്വിലാബ്-സിന്ദാബാദ്, ഇമ്പീരിയലിസം-മുർദ്ദാബാദ് എന്ന മുദ്രാവാക്യങ്ങൾ മുഴക്കി കഴുമരത്തിലേറിയതു് അന്നാണ്. ആ ദിവസം ഒരിക്കലും വിസ്മരിക്കാൻ കഴിയുകയില്ല. അന്ന് കഴുമരത്തിലേറുന്നതിനു രണ്ടുമണിക്കൂർമുമ്പ് ഞാൻ അവരെ

ലാഹോർ സെൻട്രൽജയിലിൽ ചെന്നു കാണുകയുണ്ടായി. ആ സന്ദർശനം അവസാനത്തേതായിരുന്നു.

“ബന്ധുമിത്രാദികളേയോ, അഭ്യുദയകാംക്ഷികളേയോ ആരെയുംതന്നെ ഭഗത്സിംഗുമായി കൂടിക്കാഴ്ചയ്ക്കു് അനുവദിക്കരുതെന്നു ജയിലധികൃതർ കാലേക്കൂട്ടി തീരുമാനിച്ചിരുന്നു. ഞാൻ പ്രതികളുടെ വക്കീലാണു്. അതിനാൽ അവരുടെ അവസാനത്തെ ആഗ്രഹമെന്തെന്നറിയാൻ എനിക്കവകാശമുണ്ടു്. ആ നിയമത്തിലൂടെ എനിക്കു ഭഗത്സിംഗിനേയും കൂട്ടുകാരേയും ആ സന്ദർഭത്തിൽ ചെന്നുകാണാൻ സാധിച്ചു. ഞാൻ ഒരുമണിക്കൂറോളം അവരുടെ അടുത്തു് ഉണ്ടായിരുന്നു. ആ നിമിഷങ്ങൾ ഒരിക്കലും വിസ്മരിക്കയില്ല. ഞാൻ അനേകം പ്രാവശ്യം ജയിലിൽ ചെന്നു് അവരെ സന്ദർശിച്ചിട്ടുണ്ടു്. കേസ്സുസംബന്ധിച്ചു പലതും മനസ്സിലാക്കാൻ എനിക്കവരെ കാണേണ്ടതുണ്ടായിരുന്നു. അവരുടെ നിരാഹാരവ്രതം, പോലീസുദ്യോഗസ്ഥന്മാരോടും മജിസ്ട്രേട്ടുമാരോടുമുള്ള ധീരമായ പോരാട്ടം, ഇതെല്ലാം കാണാനും എനിക്കവസരം ലഭിച്ചു. എന്നാൽ അവസാനത്തെ സന്ദശ്നത്തിനുമുമ്പു്, അവർ ഇത്ര വലിയ ധീരന്മാരും ദേശാഭിമാനികളും ആണെന്നു ഞാൻ ധരിച്ചിരുന്നില്ല.

“മരണത്തിനുള്ള നിമിഷങ്ങൾ അടുത്തടുത്തുവരികയായിരുന്നു. ഘടികാരത്തിൻെറ സൂചികൾ സ്വമേധയാ തിരിഞ്ഞുകൊണ്ടിരിക്കുകയാണു്. ഗവണ്മെൻറുപ്രഖ്യാപനമനുസരിച്ചു് അവരെ നാളെ രാവിലെ ആറുമണിക്കാണു തൂക്കിലിടേണ്ടതു്. എന്നാൽ ഞാൻ ജയിലിൽനിന്നു പോന്നയുടൻതന്നെ അവർ കഴുമരത്തിലേററപ്പെട്ടു. ഭഗത്സിംഗിൻെറ മുഖത്തു് എന്തെന്നില്ലാത്ത ഒരു തേജസ്സു കണ്ടു. സിംഹം കൂട്ടിൽ ഉലാത്തുന്നതുപോലെയാണു് അദ്ദേഹം ജയിലഴിക്കുള്ളിൽ. എന്നെ കണ്ടമാത്രയിൽ പുഞ്ചിരിയോടെ സ്വാഗതംചെയ്തു്, ഉച്ചത്തിൽ “ഞാൻ ചോദിച്ച പുസ്തകമെവിടെ” എന്നന്വേഷിച്ചു. അന്നുരാവിലെ അദ്ദേഹം ഒരു ജയിൽ വാർഡൻമുഖേന എനിക്കൊരു രഹസ്യസന്ദേശമയച്ചിരുന്നു: “വിപ്ലവകാരി ലെനിൻ” എന്ന പുസ്തകം വേണം. ഏതോ പത്രത്തിൽ പുസ്തകാഭിപ്രായം വായിച്ചാണു് ഭഗത്സിംഗ് ആ പുസ്തകത്തെപ്പററി അറിഞ്ഞതു്. കഴുമരത്തിലേറുന്നതിനുമുമ്പു് ആ പുസ്തകം വായിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്ര

ഹം. ഞാൻ ആ പുസ്തകം കൊടുത്തപ്പോൾ ഭഗത്സിംഗ് അത്യധികം സന്തോഷിച്ചു.

"പിന്നീട ഞങ്ങൾ രാഷ്ട്രത്തിനുള്ള ഒസ്യത്തിനെ സംബന്ധിച്ചു സംസാരിച്ചു. എൻെറ ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. തൊണ്ട ഇടറി. ഭഗത്സിംഗിനേയും കൂട്ടുകാരേയും നാളെ രാവിലെ കഴുമരത്തിലേററുമെന്ന് എനിക്കറിയാമായിരുന്നു. ഞാൻ അവരെ അവസാനമായി കാണുകയാണ്; അവരുടെ വാക്കുകൾ കേൾക്കുകയാണ്. എന്നാൽ അവക്കോ? യാതൊരു ഭാവഭേദവുമില്ല! രാഷ്ട്രത്തിനെന്തു സന്ദേശമാണു നല്കുവാനാഗ്രഹിക്കുന്നതെന്ന് ഞാൻ ഭഗത്സിംഗിനോടു ചോദിച്ചപ്പോൾ, അദ്ദേഹം പെട്ടെന്നു പറഞ്ഞു:—"ഇൻകുിലാബ് സിന്ദാബാദ്!" "ഇമ്പീരിയലിസം മുർദ്ദാബാദ്!!"

"ഇന്നു നിങ്ങളുടെ സ്ഥിതി എന്താണ്?"

"എന്നത്തേയുംപോലെ."

"നിങ്ങൾക്കു വല്ല ആഗ്രഹവുമുണ്ടോ?"

"മാതൃഭൂമിയെ സേവിക്കാൻ ഒരിക്കൽക്കൂടി ഈ മണ്ണിൽ ജനിക്കണമെന്നുണ്ട്."

"ഞാൻ സുഖ്ദേവിനോടും, രാജ്ഗുരുവിനോടും സംസാരിച്ചു. അവരും അതേമുറിയിൽത്തന്നെ ഉണ്ടായിരുന്നു. ഭഗത്സിംഗ് പറഞ്ഞു: "നിങ്ങൾ പണ്ഡിററ് ജവഹർലാലിനേയും സുഭാഷ്ചന്ദ്രബോസിനേയും ഞങ്ങളുടെ നന്ദി അറിയിക്കുക! അവരിരുവരും ഞങ്ങളുടെ കേസിൽ വളരെയധികം താല്പര്യം പ്രദശിപ്പിച്ചവരാണ്. പിന്നീട് ഒളിവിലുള്ള സഹപ്രവത്തകരേയും, സ്നേഹിതന്മാരേയും ഞങ്ങളുടെ അഭിനന്ദനമറിയിക്കുക." മറാഠിയവാവ് ആവേശത്തോടെ എൻെറ കൈയ്പിടിച്ചു കുലുക്കി. എന്നെ സമാധാനിപ്പിക്കുവാൻവേണ്ടി ഇപ്രകാരം പറഞ്ഞു:—"നാം തമ്മിൽ ഇനിയും കണ്ടുമുട്ടുമെന്ന് ആശിക്കാം." ഞാൻ ഒരു വഷംമുമ്പ് അവക്കു നല്കിയ കാരംബോർഡ് ജയിലിൽനിന്നു കൊണ്ടുപൊയ്ക്കൊള്ളാൻ സുഖ്ദേവ് എന്നെ ഓമ്മിപ്പിച്ചു. അങ്ങനെ അന്ന് ഞാൻ സന്തോഷഭരിതരായ ആ ദേശാഭിമാനികളെ കണ്ടുകൊണ്ട് അവിടെനിന്നും പോന്നു. അതിൻെറ പിറേറദിവ

സം വൈകുന്നേരം ലാഹോറിൽനിന്ന് അൻപതുമൈലകലെ, സത്ലജ്നദിയുടെതീരത്തു്, അവരുടെ കത്തിക്കരിഞ്ഞ അസ്ഥിക്കഷണങ്ങളും, ചിതാഭസ്മവും ദശിക്കണമെന്നായിരുന്ന എൻെറ തലവിധി. പിന്നീട് ജയിൽസൂപ്രണ്ടു് എല്ലാം എന്നോടു തുറന്നു പറഞ്ഞു. ഞാൻ പോന്ന ഉടൻതന്നെ ജയിലധികൃതർ ഭഗത് സിംഗിനേയും കൂട്ടുകാരേയും കഴുമരത്തിലേററാൻ തയ്യാറായി. ഭഗത്സിംഗ് അപ്പോൾ ഞാൻ കൊടുത്ത പുസ്തകത്തിൻെറ രണ്ടു പേജ് വായിച്ചുകാണുകയേയുള്ളു. അദ്ദേഹം സ്വതസ്സിദ്ധമായ ഭാഷയിൽ ഡെപ്യൂട്ടിസൂപ്രണ്ടിനോടു ചോദിച്ചു:—"നിങ്ങൾ ഈ പുസ്തകത്തിൻെറ ഒന്നാംഭാഗമെങ്കിലും വായിക്കാൻ എന്നെ അനുവദിക്കുകയില്ലെന്നോ?"

ഏതെങ്കിലും ഒരു പ്രതിയെ കഴുമരത്തിലേററാൻ കൊണ്ടുപോകുമ്പോൾ ചില നിയമങ്ങൾ പാലിക്കേണ്ടതുണ്ടു്. എന്നാൽ ഭഗത്സിംഗിൻേറയും കൂട്ടുകാരുടേയും കാര്യത്തിൽ ജയിലധികൃതർ അതൊന്നും പാലിച്ചില്ല.

"മേരി മിട്ടിസേഭി ഖുശ്ബൂ-എ-വഫാ ആയെഗി.''

ഭഗവത്സിംഗും, രാജ്ഗുരുവും, സുഖ്ദേവും കൈകോർത്തുപിടിച്ചു് "എൻെറ മണ്ണിൽനിന്നുപോലും മാതൃഭൂമിയോടുള്ള കൂറിൻെറ സുഗന്ധം വമിക്കും" എന്ന ഉർദുഗീതമാലപിച്ചു്, കഴുമരത്തിൻെറ ചുവട്ടിലേയ്ക്കുനടന്നു. അവർ ഇൻക്വിലാബ്-സിന്ദാബാദ്, ഇമ്പീരിയലിസം-മൂർദാബാദ് എന്ന മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു. അവർ തങ്ങളുടെ കഴുത്തിൽ കൊലക്കയററിടാൻ ആരാച്ചാരെ അനുവദിച്ചില്ല. അവർ ആഹ്ളാദത്തോടെ കഴുമരത്തിൻെറ പടിയിൽ കയറി. നടുവിൽ ഭഗത്സിംഗും, അദ്ദേഹത്തിൻെറ ഇടത്തും വലത്തുമായി രാജ്ഗുരുവും, സുഖ്ദേവും നിന്നു. ആവേശത്തോടെ കൊലക്കയർ ചുംബിച്ചു സ്വകരങ്ങളാൽ കഴുത്തിലിട്ടു. പിന്നീട് ആരാച്ചാരെക്കൊണ്ടു് കുടുക്കു ശരിയാണോ എന്നു പരിശോധിപ്പിച്ചു. ഇൻക്വിലാബ്-സിന്ദാബാദ് മുഴക്കിക്കൊണ്ടിരുന്നു. പാദങ്ങൾക്കടിയിൽനിന്നു പലക നീങ്ങി' നിമിഷത്തിനുള്ളിൽ എല്ലാം സമാപിച്ചു. അവരുടെ മുദ്രാവാക്യങ്ങൾ വായുവിൽ ലയിച്ചു......"

# ദയാഹർജ്ജി

ഗാന്ധി–ഇർവിൻ സന്ധി ഒപ്പുവെച്ചതോടെ ഭഗത്സിംഗിന്റേയും കൂട്ടുകാരുടേയും വധശിക്ഷ, ജീവപര്യന്തം തടവായി ഇളവുചെയ്തുകിട്ടുമെന്ന് ഒരു ശ്രുതി പരന്നു. പ്രതികൾ മൂവരും ഹർജ്ജിയിൽ ഒപ്പുവയ്ക്കുന്നപക്ഷം അതു സാധിച്ചേക്കുമെന്നു ചില കേന്ദ്രങ്ങൾ വെളിപ്പെടുത്തി. ലാഹോറിലെ നേതാക്കൾ അക്കാര്യം സംസാരിക്കാൻ അഡ്വക്കേറ്റ് പ്രാൺനാഥ്മേത്തയെ ചുമതലപ്പെടുത്തി. വക്കീൽ പിറേറദിവസം ഭഗത്സിംഗിനെ സമീപിച്ചു. "നിങ്ങൾ ജീവിച്ചിരിക്കുന്നതിലാണ രാഷ്ട്രത്തിന്റെ നന്മയും ശ്രേയസ്സുമെന്നും, അതിനാൽ ദയാഹർജ്ജിയിൽ ഒപ്പുവച്ചുതരണ" മെന്നും അവരെ അറിയിച്ചു. ഭഗവത്സിംഗ് ഉച്ചത്തിൽ ചിരിച്ചതിനുശേഷം പറഞ്ഞു: "ഞാൻ തയ്യാറാണ്." അതുകേട്ട് ഞാൻ മാത്രമല്ല, സുഖ്ദേവും, രാജ്ഗുരുവും അത്ഭുതപ്പെട്ടു. അല്പം കഴിഞ്ഞു് ഭഗത്സിംഗ് പറഞ്ഞു: "നിങ്ങൾ നാളെത്തന്നെ ദയാഹർജ്ജി തയ്യാറാക്കിക്കൊണ്ടുവരൂ! ഞങ്ങൾ ഒപ്പുവച്ചുതരാം."

പിറേറദിവസം രാവിലെ പ്രാൺനാഥ്മേത്ത ദയാഹർജ്ജിയും തയ്യാറാക്കി ജയിലിൽ ചെന്നപ്പോൾ ഭഗത്സിംഗ് പറഞ്ഞു: "ഞങ്ങൾ ഇന്നലെത്തന്നെ ദയാഹർജ്ജി അയച്ചുകഴിഞ്ഞു."

അതുകേട്ട് വക്കീൽ പരിഭ്രാന്തനായി. അവസാനം ദയാഹർജ്ജിയുടെ പകർപ്പു കാണിച്ചുതരാൻ അദ്ദേഹം ആവശ്യപ്പെട്ടു. അപ്പോൾ ഭഗത്സിംഗ് വൈസ്രോയിക്കയച്ച ദയാഹർജ്ജിയുടെ പകർപ്പ് വക്കീലിനു കൊടുത്തു.

"ഹിസ് എക്സലൻസി വൈസ്രോയി, ഗവർണ്ണർ ജനറൽ ഓഫ് ഇന്ത്യ—അവർകളുടെ സന്നിധിയിൽ സമർപ്പിക്കുന്ന ദയാഹർജ്ജി.

"സർ!

അങ്ങയുടെ തിരുമുമ്പിൽ ദയാഹർജി സമർപ്പിക്കുവാൻ സ്നേഹിതന്മാർ ഞങ്ങളെ നിർബ്ബന്ധിച്ചുവരികയാണ്. പ്രഭോ! ഞങ്ങൾ ചരിത്രവിദ്യാത്ഥികളാണ്. ഞങ്ങൾ ഇതുവരെ വായിച്ചിട്ടുള്ളതു്, രാജാവിന്നെതിരായി പ്രവത്തിച്ചിട്ടുള്ള കുററക്കാരെ കഴുമരത്തിലേററുന്നതിനുപകരം വെടിവച്ചുകൊല്ലുകയാണു ചെയ്തിട്ടുള്ളതെന്നാണ്. അങ്ങു് തിരുവുള്ളമുണ്ടായി ഒരുസംഘം ബ്രിട്ടീഷ്പട്ടാളത്തെ അയച്ചു ഞങ്ങളെ വെടിയുണ്ടകൾക്കിരയാക്കണമെന്നു ഞങ്ങൾ വിനീതമായി അഭ്യത്ഥിക്കുന്നു. ഞങ്ങളുടെമേൽ ഇത്രയെങ്കിലും കാരുണ്യം അങ്ങേയ്ക്കുണ്ടാകുമെന്നു് ആശിക്കുന്നു. ഞങ്ങളുടെ ഈ ദയാഹർജി നിരസിക്കുകയില്ലെന്നു വിശ്വസിക്കുന്നു. ഞങ്ങളും, ഞങ്ങളുടെ രാജ്യവും നിങ്ങളോടു നന്ദിയുള്ളവരായിരിക്കും.'

സർദാർ ഭഗത്സിംഗ് (ഒപ്പു്)

രാജ്ഗുരു (ഒപ്പു്)

സുഖ്ദേവ് (ഒപ്പു്)"

ഭഗത്സിംഗും കൂട്ടുകാരും ലാഹോർ സെൻട്രൽജെയിലിൽ കഴിയുമ്പോൾ, സർദാർ ഗുലാബ്സിംഗ്, ഇന്ദ്രപാൽ, രൂപ്ചന്ദ് തുടങ്ങിയവരുടെ പേരിൽ രണ്ടാം ലാഹോർഗൂഢാലോചനക്കേസ്സ് വിചാരണ നടന്നുകൊണ്ടിരുന്നു. ആ കേസ്സിൽ സർദാർ ഗുലാബ്സിംഗിനേയും, അദ്ദേഹത്തിൻെറ അനുജൻ അമർസിംഗിനേയും വധശിക്ഷയ്ക്കു വിധിച്ചു. അപ്പീലിൽ അമർസിംഗിനെ കുററക്കാരനല്ലെന്നു കണ്ടു് വിട്ടയയ്ക്കുകയും ഗുലാബ്സിംഗിൻെറ വധശിക്ഷ ജീവപര്യന്തം തടവായി ഇളവുചെയ്യുകയുമുണ്ടായി. ഗുലാബ്സിംഗ് 1946–ലാണ് ജയിൽവിമുക്തനായതു്. അദ്ദേഹം അടുത്തകാലംവരെ പഞ്ചാബ്ഗവണ്മെൻറിൻെറ പർലമെൻററി സെക്രട്ടറിയായിരുന്നു. ഗുലാബ്സിംഗ് തൻെറ ജയിൽജീവിതത്തെസംബന്ധിച്ചു് 'കഴുമരത്തിൻെറ നിഴലിൽ' എന്നൊരു പുസ്തകമെഴുതീട്ടുണ്ടു്. ആ പുസ്തകത്തിൽ അദ്ദേഹം ഭഗത്സിംഗിൻെറ അന്ത്യനിമിഷങ്ങൾ വിവരിക്കുന്നതിപ്രകാരമാണ്:

"ജനകോടികളുടെ ഹൃദയങ്ങളിൽ ആശാനാളങ്ങൾ ക്രമെപ്പെട്ടുത്തു........എന്നാൽ ലാഹോർ സെൻട്രൽജയിൽവളപ്പിൽ പട്ടാളത്തിൻേറയും, പോലീസിൻേറയും പെരുമാററത്തിൽനിന്ന് സർദാർ ഭഗത്സിംഗിൻേറയും കൂട്ടുകാരുടേയും വധശിക്ഷ ഇളവുചെയ്യേക്കുമെന്ന പ്രതീക്ഷമിഥ്യയാണെന്ന ഞങ്ങൾക്കു മനസ്സിലായി. അവരെ തൂക്കിലിടാൻ ഇനി അല്പനിമിഷങ്ങളേയുള്ളൂ എന്ന് അന്തരീക്ഷം വിളിച്ചുപറയുന്നുണ്ടായിരുന്നു. ഒരുദിവസം ഞങ്ങൾ ഒരു തടവുകാരൻമുഖേന ഭഗത്സിംഗിനൊരു കുറിപ്പയച്ചു. 'ദേശവാസികളുടെ ആഗ്രഹം സഫലമായേക്കും. അങ്ങനെ നിങ്ങളും കൂട്ടുകാരും കഴുമരത്തിൽനിന്നു രക്ഷപ്പെട്ടും' എന്നായിരുന്നു അതിലെ ഉള്ളടക്കം. അതിനു മറുപടിയായി ഭഗത്സിംഗ് ആ കുറിപ്പിൻെറ പുറത്തിപ്രകാരമെഴുതി അറിയിച്ചു:

"കയി ദം കാ മെഹ്മാൻഹ്ഹും,

അയെ അഹൽ മൈഫിൽ,

ചിരാഗ് സഹർ ഹ്ഹും—ബുഝ്നാ ചാഹതാഹ്ഹും."

(അല്ലയോ സംഘമേ! ഞാൻ അല്പനിമിഷത്തെ വിരുന്നുകാരനാകുന്നു. പ്രഭാതമായി. ദീപമണയാനാഗ്രഹിക്കുന്നു)

"സർദാർ ഭഗത്സിംഗിനേയും കൂട്ടുകാരേയും മാർച്ച് 23-ാം തീയതി സൂര്യാസ്തമയത്തിന്നല്പംമുമ്പ് കഴുമരത്തിലേററി. ഞങ്ങൾ ഉൾപ്പെടെ എല്ലാ തടവുകാരേയും മദ്ധ്യാഹ്നത്തോടെ മുറികളിൽ അടച്ചുപൂട്ടി. ഏതോ വലിയ ഉദ്യോഗസ്ഥൻ ജയിൽ സന്ദർശിക്കുന്നു എന്നായിരുന്നു അധികൃതർ ഞങ്ങളോടു പറഞ്ഞതു്. ഒരുപക്ഷേ ഭഗത്സിംഗിനേയും കൂട്ടുകാരേയും കഴുമരത്തിലേററാനുള്ള തയ്യാറെടുപ്പായിരിക്കുമെന്ന് ഞങ്ങളൂഹിച്ചു. ഞങ്ങൾ നിശ്ശബ്ദരായി, വരികയും പോകുകയും ചെയ്യുന്നവരുടെ കാൽപ്പെരുമാററം ശ്രദ്ധിച്ചുകൊണ്ടിരുന്നു. എന്നാൽ പതിനാലാം വാർഡിൽനിന്നു യാതൊരു ശബ്ദവും കേൾക്കാനില്ല. അല്പംകഴിഞ്ഞു് ജയിൽ പരിസരം വിജനമായിത്തീർന്നതുപോലെ തോന്നി. അസാധാരണമായ നിശ്ശബ്ദത. മരണത്തിൻെറ ദേവി നിഴലിക്കുന്നതുപോലെ തോന്നി. ഞങ്ങൾ അസ്വസ്ഥരായി ഇരുമ്പഴികളിലൂടെ വെളിയിൽ കണ്ണോടിച്ചു. ജയിലധികൃതർ ഓരോരുത്തരായി

വന്ന് അവരവരുടെ വാർഡുകൾ പരിശോധിച്ചിട്ടു പോയി. ഏതാണ്ട് ഒന്നരമണിക്കൂർ കഴിഞ്ഞു. പെട്ടെന്നു ഭഗത്സിംഗിൻെറ ശബ്ദം കേട്ടു: "അതാ വന്നെത്തി."

"പിന്നീട് അവർ മൂവരും ഇൻക്വിലാബ്-സിന്ദാബാദ്, ഇമ്പീരിയലിസം-മുർദാബാദ് എന്ന മുദ്രാവാക്യങ്ങൾ മുഴക്കാനാരംഭിച്ചു. ഞങ്ങളും അതേറ്റുപറഞ്ഞു. അഞ്ചുമിനിട്ടു കഴിഞ്ഞുകാണുകയില്ല, അവർ കഴുമരത്തിൻെറ ചുവട്ടിലെത്തി. വീണ്ടും മുദ്രാവാക്യം മുഴങ്ങി. പെട്ടെന്ന് പലക വീഴുന്ന ശബ്ദം കേട്ടു. മുദ്രാവാക്യങ്ങൾ നിലച്ചു. ഭഗത്സിംഗിനേയും കൂട്ടുകാരേയും വധിക്കുമ്പോൾ ഉയന്ന ഉദ്യോഗസ്ഥന്മാർ ഹാജരുണ്ടായിരുന്നു. മൃതശരീരങ്ങൾ പ്രധാനകവാടത്തിലൂടെ കൊണ്ടുപോകുന്നതിനുപകരം പിന്നിലെ വാതലിലൂടെ കടത്തിക്കൊണ്ടുപോയി. ഞങ്ങൾ ആവേശത്തോടെ മുദ്രാവാക്യങ്ങൾ മുഴക്കി ഇരുമ്പഴികൾ പിടിച്ചുകുലുക്കിക്കൊണ്ടിരുന്നു. ഉദ്യോഗസ്ഥന്മാർ പരിഭ്രാന്തരായി ഓടിവന്നു. രക്തസാക്ഷികളുടെ മൃതശരീരങ്ങൾ കൊണ്ടുപോയ വാഹനങ്ങൾക്കും സുശക്തമായ കാവലുണ്ടായിരുന്നു. വിവരമറിഞ്ഞ ജനങ്ങൾ ആ വാഹനങ്ങളെ പിന്തുടന്നു. പക്ഷേ, സത്ലജ്നദീതീരത്ത് രക്തസാക്ഷികളുടെ, കത്തിക്കരിഞ്ഞ അവശിഷ്ടങ്ങൾ ദർശിക്കാനേ അവക്കു കഴിഞ്ഞുള്ളു."

## യുവസിംഹങ്ങൾ

സർദാർ ഭഗത്സിംഗിനോടൊത്തു കഴുമരത്തിലേറാൻ സൗഭാഗ്യം ലഭിച്ച മററു രണ്ടു ദേശാഭിമാനികൾ രാജ്ഗുരുവും, സുഖ്ദേവുമായിരുന്നു. അവരെ സംബന്ധിച്ച് സുപ്രസിദ്ധവിപ്ലവനേതാവായ പ്രൊഫസ്സർ ഭഗവാൻദാസ്മാഹോർ 'ദേശ് കി ധർഹർ' എന്ന പുസ്തകത്തിലിപ്രകാരമെഴുതിയിരിക്കുന്നു:

"വിപ്ലവകാരികളേയും അവരുടെ രക്തസാക്ഷിത്വത്തേയും കുറിച്ച് സംസാരിക്കുമ്പോൾ ഒരു രൂപം എൻെറ ഹൃദയചക്ഷുസ്സിനു



പണ്ഡിററ് കാശിറാം



റാംകിഷൻ ബിസ്വാസ്

മുമ്പിൽ പ്രത്യക്ഷപ്പെടുന്നു; സ്പഷ്ടമായ രൂപത്തിൽ—അതാണു് രാജ്ഗുരു. എതിരാളിയില്ലാത്ത പ്രേമത്തിനു് ആസ്വാദ്യതയില്ല. രക്തസാക്ഷിത്വത്തിലുള്ള പ്രേമത്തിൽ രാജ്ഗുരു, ഭഗത്സിംഗിനെയാണു് തന്റെ എതിരാളിയായി വീക്ഷിച്ചിരുന്നതു്. ഭഗത്സിംഗിനെ സംബന്ധിച്ചിടത്തോളം അതൊരു നേരംപോക്കായിരുന്നു എന്നാൽ രാജ്ഗുരുവിനെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യവും. രാജ്ഗുരുവിന്റെ രക്തസാക്ഷിത്വപ്രേമവും ഭഗത്സിംഗിനോടുള്ള മാത്സര്യവും പാർട്ടിയിലെ അംഗങ്ങൾക്കു് തങ്ങളുടെ വൈഷമ്യങ്ങൾ വിസ്മരിക്കാൻ ഒരു മാർഗ്ഗമായിത്തീർന്നു. പാർട്ടിയിൽ എന്തെങ്കിലും പ്രത്യേകസംഭവങ്ങളുണ്ടാകുകയോ ആരെങ്കിലും രക്ഷസാക്ഷിയായി എന്നറിയുകയോ ചെയ്യുന്നതോടെ രാജ്ഗുരു അനിയന്ത്രിതനാകും. ഭഗത്സിംഗ് രക്തസാക്ഷിയാകുന്ന കാര്യമാണെങ്കിൽ പിന്നെ പറയുകയുംവേണ്ട. അക്കാരണങ്ങളാൽ ഉത്തരവാദിത്വമുള്ള ചുമതലകളൊന്നും രാജ്ഗുരുവിനെ ഏല്പിക്കാറില്ല. ധൃതിമൂലം വല്ല അപകടവും വരുത്തിവച്ചു് പാർട്ടിക്കു പുതിയ തലവേദന സൃഷ്ടിച്ചെങ്കിലോ!

"ശ്രീ: ജോഗേഷ് ചാററർജിയെ ജയിൽവിമുക്തനാക്കാൻ പദ്ധതിയിട്ടപ്പോൾ രാജ്ഗുരു മുന്നോട്ടുവന്നു—അക്കാര്യം ഞാനേററു എന്നായി. പോലീസ്; ലാത്തിപ്രഹരത്താൽ ലാലാ ലജ്പത്

റോയിയെ വധിച്ചു. ആ ദേശീയാപമാനത്തിനു പകരംവീട്ടണമെന്നു് ഭഗത്സിംഗ് നിർദ്ദേശിച്ചു. അപ്പോഴും, അക്കാര്യം താൻ നിർവ്വഹിച്ചുകൊള്ളാമെന്നു് രാജ്ഗുരു പറഞ്ഞു. ലാലാ ലജ്പത് റോയിയുടെ ഘാതകനായ പോലീസ് സൂപ്രണ്ടു് മിസ്റ്റർ സ്കോട്ടിനെ വധിക്കാൻ, തന്നെ നിയോഗിക്കണമെന്നു് രാജ്ഗുരു ശഠിച്ചു. അവസാനം ആ ചുമതല ഭഗത്സിംഗ്, രാജ്ഗുരു, ചന്ദർശേഖർ ആസാദ് എന്നിവരിൽ നിക്ഷിപ്തമായി. അവർ മൂവരും കൃത്യനിർവ്വഹണത്തിനായി സ്ഥലത്തെത്തി. മിസ്റ്റർ സ്കോട്ട് ആഫീസിൽനിന്നു പുറത്തുവരുമ്പോൾ സൂചന നല്കാൻ ജയഗോപാലിനെയാണു് ചുമതലപ്പെടുത്തിയിരുന്നതു്. നിർഭാഗ്യവശാൽ മിസ്റ്റർ സ്കോട്ടിനു പകരം അസിസ്റ്റൻറ്സൂപ്രണ്ടു് സാൻേറഴ്സനാണു് പുറത്തുവന്നതു്. ഇതു സ്കോട്ടല്ലല്ലോ എന്നു ഭഗത്സിംഗ് പറഞ്ഞു. പക്ഷേ രാജ്ഗുരുവിനു കാര്യം മനസ്സിലായില്ല. ഇപ്പോൾ വധിക്കേണ്ടെന്നാണു് ഭഗത്സിംഗ് പറയുന്നതെന്നു് അദ്ദേഹം ധരിച്ചു. തനിക്കു ലഭിച്ച സൗഭാഗ്യം കൈവിട്ടുപോകുകയോ? തൻെറ എതിരാളി ജയിക്കുകയോ? സാൻേറഴ്സൻ മോട്ടോർ സൈക്കിളിൽ കാലുവെച്ച ഉടൻ രാജ്ഗുരു നിറയൊഴിച്ചു. സായ്പു് തറയിൽ വീണു. ഒരു വെടിക്കു മരിച്ചുകാണുകയില്ലെന്നു കരുതി ഭഗത്സിംഗ് എട്ടു വെടിവച്ചു. വാൾറോഡ് കൊട്ടുകാററിന്നിരയായി. രാജ്ഗുരു മടങ്ങിവന്നു് ആവലാതിപ്പെട്ടു: "രൺജിത് (ഭഗത്സിംഗ്) എട്ടു തോട്ട അനാവശ്യമായി ചെലവഴിച്ചു." രാജ്ഗുരുവിൻെറ രക്തസാക്ഷിത്വഭ്രമത്തിനും ഭഗത്സിംഗിനോടുള്ള മാത്സര്യത്തിനും മറെറാരുദാഹരണംകൂടിയുണ്ടു്. ഭഗത്സിംഗ് പാർലിമെൻറുമന്ദിരത്തിൽ ബോംബെറിയാൻ പദ്ധതിയിടുകയും, കൂട്ടിനായി ബി. കെ. ദത്തിനെ തിരഞ്ഞെടുക്കുകയുംചെയ്തു. അതോടെ രാജ്ഗുരുവിൻെറ ഹൃദയം തീക്ഷ്ണമായി. അക്കാലത്തു് ചന്ദർശേഖർആസാദ് ഝാൻസിയിലായിരുന്നു. രാജ്ഗുരു ആസാദിനെ സമീപിച്ചു ഭഗത്സിംഗിനോടൊന്നിച്ചു് പാർലിമെൻറുമന്ദിരത്തിൽ ബോംബെറിയാൻ, ബി. കെ. ദത്തിനു പകരം തന്നെ നിയോഗിക്കണമെന്നാവശ്യപ്പെട്ടു.

"മൊഴിനല്കാൻ ഭാഷ?"

"അതിനു് ഇംഗ്ലീഷ് വേണമെന്നു നിർബ്ബന്ധമുണ്ടോ? ഹിന്ദിയിൽ മൊഴിനല്കാനും എനിക്കു കഴിയും. ഇനി ഇംഗ്ലീഷിൽ

തന്നെ വേണമെങ്കിൽ ഞാൻ പഠിച്ചുകൊള്ളാം. പണ്ഡിത്ജീ! ഞാൻ സത്യം പറയുകയാണ്. ഒരു തെററും കൂടാതെ ഞാൻ ഇംഗ്ലീഷ് പറഞ്ഞുകൊള്ളാം."

"ചന്ദർശേഖർആസാദ് മാരണമൊഴിവാക്കാൻ, 'നിങ്ങൾക്കിഷ്ടമുള്ളപക്ഷം ബി. കെ. ദത്തിനു പകരം രാജ്ഗുരുവിനെ എടുത്തുള്ളാൻ' ഭഗത്സിംഗിനു കത്തുകൊടുത്തു. രാജ്ഗുരു ആ കത്തുമായി ഭഗത്സിംഗിനെ സമീപിച്ചു. പക്ഷേ ഭഗത്സിംഗ് ആ നിർദ്ദേശം നിരസിച്ചു. രാജ്ഗുരു വീണ്ടും ചന്ദർശേഖർ ആസാദിനെ സമീപിച്ചു. അനുകൂലമായ മറുപടി കിട്ടാതെവന്നപ്പോൾ, 'ഒററയ്ക്കും വല്ലതും ചെയ്യാൻകഴിയുമോയെന്നു നോക്കട്ടെ' എന്നു പറഞ്ഞ് പിണങ്ങി അവിടെനിന്നു പോന്നു.

"ഒരിക്കൽ ഞാനും ചന്ദർശേഖർ ആസാദും പോലീസിൻെറ കണ്ണിൽപെടാതെ കാൺപൂരിൽനിന്നും ഝാൻസിയിലേയ്ക്കു പോകുകയായിരുന്നു. കൂട്ടത്തിൽ രാജ്ഗുരുവുമുണ്ടായിരുന്നു. ഞങ്ങൾ ദരിദ്രരായ കൂലിക്കാരുടെ വേഷത്തിലായിരുന്നു. കൂടുതൽ സംസാരിക്കരുതെന്നും, പ്രത്യേകിച്ചു വഴിക്കുവെച്ച് ഒട്ടും സംസാരിക്കരുതെന്നും രാജ്ഗുരുവിനോടു പറഞ്ഞിട്ടുണ്ടായിരുന്നു. ഞങ്ങൾ സഞ്ചരിച്ചിരുന്ന തീവണ്ടി ബുന്ദേൽഖണ്ഡ്പ്രദേശത്ത് എത്തിയതോടെ ഉയന്ന ഭൂമിയും, വലിയ കുന്നുകളും അതിനുമുകളിലുള്ള ഗ്രാമങ്ങളും രാജ്ഗുരുവിൻെറ ദൃഷ്ടിയിൽപ്പെട്ടു. ഒളിയുദ്ധത്തിന് ഈ പ്രദേശം പററുമെന്ന് അദ്ദേഹത്തിനു തോന്നി. തങ്ങൾ പോലീസിൻെറ ദൃഷ്ടിയിൽപെടാതെ വേഷപ്രച്ഛന്നരായി പോകുകയാണെന്ന കാര്യം വിസ്മരിച്ച് ഗറില്ലായുദ്ധത്തെപ്പററി പ്രസംഗിക്കാൻ തുടങ്ങി. അവസാനം ചന്ദർശേഖർ ആസാദ് ശകാരിച്ചപ്പോൾ രാജ്ഗുരുവിന് പരിതഃസ്ഥിതികളെക്കുറിച്ചോർമ്മവന്നു. പിന്നീട് ജനങ്ങളുടെ ശ്രദ്ധയകററാൻ ആസാദ്, എന്നോട് പാട്ടു പാടാൻ പറഞ്ഞു. അതേ! 'കഫൺ സെ ലാഗ് നിക്കലി ബുൾ ബുൾ നാഷാദ് കീ......' ഞാൻ പാടി.

"പൂനയിൽവച്ച് രാജ്ഗുരു അറസ്റ്റ്ചെയ്യപ്പെട്ടു. അദ്ദേഹത്തേയും ലാഹോർ ഗൂഢാലോചനക്കേസിൽ ഭഗത്സിംഗ്, സുഖ്ദേവ് എന്നിവരോടൊപ്പം വധശിക്ഷയ്ക്കു വിധിച്ചു. കേസു വിചാരണ നടന്നുകൊണ്ടിരിക്കുമ്പോഴും രാജ്ഗുരു ഉറക്കത്തിലാ

യിരിക്കും. അക്കാര്യത്തിൽ അദ്ദേഹം കുംഭകർണ്ണനേയും പരാജയപ്പെടുത്തുമായിരുന്നു. ഒരുദിവസം പോലീസ്, വിപ്ലവകാരികളെ ശിക്ഷിക്കുന്ന വിധം എല്ലാവർക്കും പറഞ്ഞുകൊടുത്തു. "അന്ന് ചീട്ടുകളിയിൽ തോററതിൻെറ ശിക്ഷ എന്ന നിലയ്ക്ക് എല്ലാവർക്കും ഭക്ഷണം പാകപ്പെടുത്തേണ്ടതു് രാജ്ഗുരുവായിരുന്നു. ഭക്ഷണം പാകപ്പെടുത്തുന്നതിനിടയ്ക്കു് കൊടിൽ അടുപ്പിൽവെച്ചു പഴുപ്പിച്ചു് സ്വന്തം മാറിൽ മൂന്നുഭാഗത്തു പൊള്ളിച്ചു. അതു കണ്ടു് കൂട്ടുകാരിലൊരാൾ ഓടിച്ചെന്നു് കൊടിൽ പിടിച്ചുവാങ്ങി ചോദിച്ചു: "നിങ്ങൾ എന്താണീ ചെയ്യുന്നതു്?" "ഒന്നുമില്ല. പോലീസിൻെറ 'ടാർച്ചർ' പ്രയോഗം സഹിക്കാൻ കഴിയുമോ എന്നു പരിശോധിക്കുകയായിരുന്നു" എന്നായിരുന്നു രാജ്ഗുരുവിൻെറ മറുപടി.

"രാജ്ഗുരു രക്തസാക്ഷിത്വംവരിക്കാൻ വെമ്പിക്കൊണ്ടിരുന്നു. ഭഗത്സിംഗ് എങ്ങാനും തന്നേക്കാളാദ്യം രക്തസാക്ഷിത്വം വരിച്ചെങ്കിലോ എന്നു് അദ്ദേഹം ഭയപ്പെട്ടിരുന്നു. കൊലക്കുടുക്കു്, ഭഗത്സിംഗിനേക്കാളുമാദ്യം തൻെറ കഴുത്തിൽ വീഴണമെന്നായിരുന്നു രാജ്ഗുരുവിൻെറ ആഗ്രഹം. അദ്ദേഹം എത്രമാത്രം ആഹ്ളാദത്തോടും ആത്മവിശ്വാസത്തോടുംകൂടിയാണു് കഴുമരത്തിലേറിയതെന്നു് നമുക്കൂഹിക്കാവുന്നതാണു്. ഭഗത്സിംഗ് എത്ര സ്നേഹത്തോടെയായിരിക്കും തൻെറ തൊട്ടടുത്തു നില്ക്കുന്ന രാജ്ഗുരുവിനെ നോക്കിയതു്. കഴുമരത്തിൻെറ പലക നീങ്ങിയതിനുശേഷവും, മുഖംമൂടിയ്ക്കുള്ളിലൂടെ ഒരു പ്രാവശ്യം കണ്ണുതുറന്നു നോക്കാൻ കഴിഞ്ഞെങ്കിൽ തന്നേക്കാളുമാദ്യം ഭഗത്സിംഗ് എങ്ങാനുമാണോ കഴുമരത്തിൻെറ ചുവട്ടിൽ, കിണററിൽ വീണതു് എന്നു രാജ്ഗുരു പരിശോധിച്ചേനെ."

അല്പദിവസംമുമ്പു് ഞാൻ (ലേഖകൻ) ഡെൽഹിയിൽവച്ചു് വിപ്ലവകാരിനേതാവായ ശ്രീ: വിജയകുമാർസിൻഹയെ കണ്ടു ഞങ്ങൾ വൈകുന്നേരം പ്രതാപ്പത്രത്തിൻെറ ആഫീസിൽനിന്നു് ഫിറോസ്ഷാഹി കോട്ടയിലേയ്ക്കു നടന്നു. വിപ്ലവപ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ ആ സ്ഥലത്തിനു് അത്യധികം പ്രാധാന്യമുണ്ടു്. അവിടെ ഇരുന്നുകൊണ്ടാണു് സർദാർ ഭഗത്സിംഗും, ബി. കെ. ദത്തും ഇന്ത്യൻ റിപ്പബ്ളിക്കൻസേനയ്ക്കുടിസ്ഥാനരൂപം നല്കിയതു്. ഐതിഹാസികമായ ആ രഹസ്യസമ്മേളനത്തിൽ വിജയകുമാർസിൻഹയും പങ്കെടുത്തിരുന്നു.

ഇന്ന് കോട്ട്‌ല ഫിറോസ്ഷാഹി വലിയ തിക്കും തിരക്കുമുള്ള ഒരു സ്ഥലമാണ്. എന്നാൽ അക്കാലത്തവിടം വിജനമായിരുന്നു. അതിനാൽ വിപ്ലവകാരിനേതാക്കൾ അവിടെ ഒരു വൻവൃക്ഷത്തിന്റെ തണലിൽ വട്ടംകൂടിയിരുന്ന ഭാവിപദ്ധതികൾക്കു രൂപംനല്കി. ആ പദ്ധതി രാജ്യത്തുടനീളമുള്ള വിപ്ലവകാരികൾ അംഗീകരിച്ചു. ചിന്താമഗ്നനായിരുന്ന വിജയകുമാറിനോട്ട് ഞാൻ പറഞ്ഞു: "നിങ്ങൾ സർദാർ ഭഗത്സിംഗ്, രാജ്ഗുരു, സുഖദേവ് തുടങ്ങിയവരൊന്നിച്ച് വളരെക്കാലം ജയിലിൽ കഴിച്ചുകൂട്ടിയ വ്യക്തിയാണ്. സുഖ്ദേവിനേയും ഭഗത്സിംഗിനേയും സംബന്ധിച്ച് ധാരാളം ലേഖനങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. എന്നാൽ രാജ്ഗുരുവിനെസംബന്ധിച്ച് ആക്കും അധികമൊന്നും അറിഞ്ഞുകൂടാ. നിങ്ങൾ, തങ്ങളുടെ വിപ്ലവജീവിതത്തെ സംബന്ധിച്ച് ഒരു പുസ്തകമെന്തുകൊണ്ടെഴുതുന്നില്ല? ദേശാഭിമാനികളായ ആ മഹാന്മാരെക്കുറിച്ചു നിങ്ങൾക്കറിയാവുന്നതുപോലെ മററാക്കുമറിഞ്ഞുകൂടാ."

വിജയകുമാർസിൻഹ അല്പസമയം മൗനമായിരുന്നു. സൂര്യൻ അസ്തമിക്കാറായി. ആളുകളെല്ലാം ഭവനങ്ങളിലേയ്ക്കു മടങ്ങുകയാണ്. ഞാൻ ജിജ്ഞാസയോടെ വിജയന്റെ മറുപടി കാത്തിരുന്നു.

"നിങ്ങൾ ഏതു വൃക്ഷത്തിന്റെ ചുവട്ടിലാണോ ഇപ്പോൾ ഇരിക്കുന്നതു്, ആ വൃക്ഷം കാണുമ്പോൾ എന്റെ ഹൃദയം ഉദാസീനമാകുന്നു. ഈ വൃക്ഷത്തിന്റെ ചുവട്ടിലിരുന്നാണ് ഞങ്ങൾ വിപ്ലവപ്രസ്ഥാനത്തിനു രൂപംനല്കിയതു്. സർദാർ ഭഗത്സിംഗ് ഇവിടെയും ചന്ദർശേഖർആസാദ് അവിടെയുമാണ് ഇരുന്നിരുന്നതു്. ഞങ്ങൾ ഇവിടെവച്ചാണ് അന്ന് ഉച്ചഭക്ഷണവും കഴിച്ചതു്.

"ഞങ്ങളെ കേസ്സിന്റെ വിധി അറിയിച്ചതു ജയിലിൽവച്ചായിരുന്നു. അതിനുവേണ്ടി ഓരോരുത്തരേയും കോർട്ടിൽ കൊണ്ടുവന്നു. ആദ്യം രാജ്ഗുരുവിനെയാണു വിധി കേൾപ്പിച്ചതു്. മരണശിക്ഷ എന്നു കേട്ടമാത്രയിൽ അദ്ദേഹം ആവേശത്തോടെ ഇൻക്വിലാബ്-സിന്ദാബാദ് മുഴക്കി. മുദ്രാവാക്യംവിളി തടയാൻ ന്യായാധിപർ പോലീസിനാജ്ഞനല്കി. പക്ഷേ, രാജ്ഗുരു

അനുസരിച്ചില്ല. അദ്ദേഹം കൂടുതൽ ആവേശത്തോടെ മുദ്രാവാക്യം മുഴക്കി. പോലീസ് ബലം പ്രയോഗിച്ചപ്പോൾ രാജ്ഗുരുവും ഏററുമുട്ടി. അവസാനം പോലീസ് അദ്ദേഹത്തെ കൈകാലുകൾ ബന്ധിച്ച് ജയിലിൽ അടച്ചുപൂട്ടി. പിന്നീട് മററുള്ളവരുടെ ഊഴമായി. സർദാർ ഭഗത്സിംഗിനും രാജ്ഗുരുവിനും സുഖദേവിനും വധശിക്ഷ. എനിക്ക് ജീവപര്യന്തം തടവ്. വിധി കേട്ടതിനുശേഷം ഞാനൊരിക്കൽ രാജ്ഗുരുവിന്റെ 'സെല്ലി'നുമുമ്പിൽ പോയി. രാജ്ഗുരു വലിയ ഒരു ദരിദ്രകുടുംബത്തിലെ അംഗമായിരുന്നു. നല്ല ഒരു പേന കൈയിൽ വെയ്ക്കാൻ അദ്ദേഹത്തിനു മോഹമുണ്ടായിരുന്നു. ഒരുദിവസം അഡ്വക്കേററ് പ്രാൺനാഥ് മേത്ത ജയിലിൽ വന്നപ്പോൾ രാജ്ഗുരു അദ്ദേഹത്തിന്റെ പേനയുടെനേരെ സൂക്ഷിച്ചുനോക്കി. അതൊന്നു കാണാൻ ചോദിച്ചു. അഡ്വക്കേററ് ഉടൻതന്നെ ആ പേന രാജ്ഗുരുവിനു സമ്മാനിക്കുകയുംചെയ്തു. പോലീസും രാജ്ഗുരുവും തമ്മിൽ നടത്തിയ ഏററുമുട്ടലിൽ ആ പേന ഒടിഞ്ഞുപോയി. എന്നെ കണ്ടമാത്രയിൽ രാജ്ഗുരു തന്റെ ശിക്ഷയെപ്പററി ഒന്നും പറയാതെ, "കണ്ടോ വിജയാ! ഹറാമികൾ എന്റെ പേന ഒടിച്ചുകളഞ്ഞു" എന്നു പറഞ്ഞു. എന്തത്ഭുതം! കഴുമരത്തിലേറുന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമേ അല്ല. പേന പോയതിലാണു സങ്കടം. അതു സാരമില്ല 'അടുത്തുതന്നെ ഞാൻ നിങ്ങൾക്കുത്തരത്തിലുള്ള ഒരു പേന തന്നുകൊള്ളാ'മെന്നുപറഞ്ഞു സമാധാനിപ്പിച്ചു. രാജ്ഗുരുവിന്റെ വീട് മഹാരാഷ്ട്രത്തിലായിരുന്നു. വീട്ടുകാർ വലിയ ദരിദ്രരും. അതിനാൽ ബന്ധുമിത്രാദികൾക്കു ജയിലിൽ വന്ന് അദ്ദേഹത്തെ കാണാൻ സാധിച്ചിരുന്നില്ല. അവസാനം കഴുമരത്തിലേററാൻ വിധിച്ചു എന്നറിഞ്ഞ് രാജ്ഗുരുവിന്റെ അമ്മയും സഹോദരിയും ലാഹോറിൽ വന്നു. വീടും പുരയിടവും പണയമെഴുതിക്കൊടുത്തു കിട്ടിയ പൈസയുംകൊണ്ടാണ് അവർ ലാഹോറിൽ വന്നത്. തിരിച്ചു നാട്ടിലേയ്ക്കു മടങ്ങാനുള്ള പൈസയുണ്ടായിരുന്നുമില്ല.

സുഖ്ദേവ് പഞ്ചാബിലെ ലായൽപ്പൂർ ജില്ലയിലാണു ജനിച്ചത്. ബാല്യത്തിൽതന്നെ അച്ഛൻ മരിച്ചു. പിന്നീട് ചിററപ്പനായ ശ്രീ: ജന്നത്റാംതാപ്പറിന്റെ സംരക്ഷണത്തിലാണു സുഖ്ദേവ് വളന്നത്. 1919-ൽ പഞ്ചാബിലുടനീളം മാർഷൽ ലാ

നടപ്പിലായപ്പോൾ സുഖ്ദേവിൻെറ ചിററപ്പനും അറസ്റ്റ്ചെയ്യപ്പെട്ടു. സുഖ്ദേവ് അക്കാലത്തു് എട്ടാംക്ലാസ്സിൽ പഠിക്കുകയായിരുന്നു. അക്കാലത്തു പഞ്ചാബിലെ ജനങ്ങൾക്കു ബ്രിട്ടീഷ്ഭരണത്തിൻകീഴിൽ അനുഭവിക്കേണ്ടിവന്ന യാതനകൾ എല്ലാവക്കും അറിയാവുന്നതാണു്. സ്ക്കൂളുകളിലെ വിദ്യാത്ഥികൾ ഇന്നയിന്ന സമയത്തു് അദ്ധ്യാപകരോടൊത്തു കമ്പനിത്തോട്ടത്തിൽ ഹാജരായി ബ്രിട്ടീഷ്പാതാക വന്ദിച്ചുകൊള്ളണമെന്നായിരുന്നു ലായൽപ്പൂർജില്ലാധികാരിയുടെ ആജ്ഞ. ഹാജരാകാത്ത വിദ്യാത്ഥികളെ കഠിനമായി ശിക്ഷിക്കും. തൽഫലമായി നിത്യേന അദ്ധ്യാപകക്കും വിദ്യാത്ഥികൾക്കും മണിക്കൂറുകളോളം കൊട്ടുംവെയിലത്തു നില്ക്കേണ്ടിവന്നിരുന്നു. എന്നാൽ സുഖ്ദേവ് ബ്രിട്ടീഷ്പതാക വന്ദിക്കാൻ തയാറായില്ല. ഹെഡ്മാസ്റ്റർ നിർബന്ധിച്ചപ്പോൾ വിസമ്മതിക്കുകയും ചെയ്തു. ചിററപ്പൻ ജയിൽവിമുക്തനായി വീട്ടിൽ വന്നപ്പോൾ സുഖ്ദേവ് ഈ വിവരം അഭിമാനത്തോടെ അദ്ദേഹത്തെ അറിയിച്ചു. അങ്ങനെ സുഖ്ദേവ് ജന്മനാ വിപ്ലവകാരിയായിരുന്നു. 1912-ൽ അദ്ദേഹം ഒന്നാംക്ലാസ്സിൽ മെട്രിക്കുലേഷൻ പാസ്സായി. അക്കാലത്തു് അദ്ദേഹത്തിൻെറ ചിററപ്പൻ അംബാലാജയിലിൽ രണ്ടുകൊല്ലത്തെ ശിക്ഷയനുഭവിക്കുകയായിരുന്നു. അദ്ദേഹം സുഖ്ദേവിനു് ഡി. എ. വി. കോളേജിൽചേന്നു പഠിക്കാൻ നിർദ്ദേശം നല്കി. സുഖ്ദേവാകട്ടെ ഗാന്ധിജിയുടെകീഴിൽ സത്യഗ്രഹത്തിലും നിയമലംഘനപ്രസ്ഥാനത്തിലും പങ്കെടുക്കുകയാണു ചെയ്തതു്. അദ്ദേഹം തൻെറ ജീവിതം രാജ്യസേവനത്തിനായി ഉഴിഞ്ഞുവെയ്ക്കാൻ തീരുമാനിച്ചു. ചിററപ്പൻെറ സമ്മതപ്രകാരം നാഷണൽകോളേജിൽ ചേന്നു. അവിടെ വച്ചു സർദാർ ഭഗത്സിംഗുമായി പരിചയപ്പെട്ടു. സർദാർ ഭഗത്സിംഗ് അപ്പോഴവിടെ പഠിക്കുന്നുണ്ടായിരുന്നു. സുപ്രസിദ്ധ വിപ്ലവകാരിനേതാവായ സചീന്ദ്രനാഥസന്യാൽ ഇടയ്ക്കിടയ്ക്കു ലാഹോറിൽ വരാറുണ്ടായിരുന്നു. കോളേജിലെ പ്രൊഫസ്സർ ജയ്ചന്ദ് വിദ്യാലങ്കാരുമായി അദ്ദേഹത്തിനു് അടുത്ത ബന്ധമുണ്ടായിരുന്നു. സർദാർ ഭഗത്സിംഗും സുഖ്ദേവും പ്രൊഫസ്സർ മുഖേന സചീന്ദ്രനാഥസന്യാലിനെ പരിചയപ്പെട്ടു. സന്യാലിൻെറ വ്യക്തിപ്രഭാവം ആ യുവാക്കളെ ഭാരതാംബയുടെ വിമുക്തിക്കായി രംഗത്തിറങ്ങാൻ പ്രേരിപ്പിച്ചു.

പഞ്ചാബിൽ വിപ്ലവപ്പാർട്ടി രൂപീകരിച്ചപ്പോൾ സുഖ്ദേവ് പാർട്ടിലീഡറായി നിയോഗിക്കപ്പെട്ടു. അതോടെ അദ്ദേഹം മുഴവൻ സമയവും പാർട്ടിപ്രവർത്തനങ്ങളിൽ വിനിയോഗിച്ചു. വീട്ടിൽ നിന്നു ലഭിച്ചിരുന്ന പണം മുഴവൻ സുഖ്ദേവ് പാർട്ടിക്കുവേണ്ടി ചെലവഴിച്ചുകൊണ്ടിരുന്നു. സുഖ്ദേവ് വിദ്യാഭ്യാസമുപേക്ഷിച്ചു വിപ്ലവപ്രസ്ഥാനത്തിൽച്ചേർന്ന വിവരമറിഞ്ഞു ഫറപ്പൻ അദ്ദേഹത്തെ ഉപരിപഠനത്തിനായി ലണ്ടനിലേയ്ക്കയയ്ക്കാൻ തീർച്ചയാക്കി. അതും നിരസിച്ചപ്പോൾ വിവാഹം ചെയ്യിക്കാനുറച്ചു. ഫിററപ്പന്റെ ശ്രമങ്ങളെല്ലാം പരാജയപ്പെട്ടു. ഫിററപ്പൻ വളരെയധികം നിർബന്ധിച്ചപ്പോൾ സുഖ്ദേവ് 'വന്ദേമാതരം' പത്രത്തിൽ ഉദ്യോഗം സ്വീകരിച്ചു. തന്റെ വിപ്ലവജീവിതം ഫിററപ്പന്റെ ദൃഷ്ടിയിൽനിന്നു മറയ്ക്കാനെടുത്ത ഒരടവുമാത്രമായിരുന്നു അതു്.

ലാഹോറിൽ സൈമൺകമ്മീഷന്റെ ആഗമനത്തെ പ്രതിഷേധിച്ചു നടന്ന പ്രകടനത്തിൽ പോലീസുകാരുടെ പ്രഹരമേററു ലാലാ ലാജ്പത്റോയി രക്തസാക്ഷിയായി. ആ ദേശീയാപമാനത്തിനു പകരംവീട്ടാൻ വിപ്ലവകാരികൾ, പോലീസ്സൂപ്രണ്ടു് മിസ്റ്റർ സ്കോട്ടിനെ വധിക്കാൻ തീരുമാനിച്ചു. പക്ഷേ, അതിനു നിയുക്തരായ ഫന്ദർശേഖർആസാദും, രാജ്ഗുരുവും, ഭഗത്സിംഗുമെവിടെ താമസിക്കും? ലാഹോർപട്ടണത്തിൽ സ്ത്രീകൾ കൂട്ടത്തിലില്ലാതെ, താമസിക്കാൻ വീടു കിട്ടുകയില്ല. അതിനാൽ സുഖ്ദേവ് ലായൽപ്പൂരിൽനിന്നു തന്റെ അമ്മയെ ലാഹോറിലേയ്ക്കു കൂട്ടിക്കൊണ്ടുപോന്നു. കൂട്ടത്തിൽ സഹോദരിയുമുണ്ടായിരുന്നു. വീടു വാടകയ്ക്കെടുത്തു ലാഹോറിൽ താമസമാക്കി. നിർഭാഗ്യവശാൽ സ്കോട്ടിനുപകരം സാൻേറഴ്സനെയാണു വധിക്കാൻ കഴിഞ്ഞതു്. കർത്തവ്യനിർവഹണത്തിനുശേഷം വിപ്ലവകാരികൾ വീട്ടിൽ തിരിച്ചുവന്നു് ആവേശത്തോടെ പരസ്പരം ഹസ്തദാനംചെയ്തു. പിറേറദിവസം സുഖ്ദേവ് തന്റെ മാതാവിന്റെയും സഹോദരിയുടെയുംകൂടെ ഫന്ദർശേഖർആസാദിനെ, തീർത്ഥാടകരുടെ വേഷത്തിൽ വൃന്ദാവനത്തിലേക്കയച്ചു. ഭഗത്സിംഗിനെ, യൂറോപ്യൻവേഷത്തിൽ ഭഗവതീചരണന്റെ പത്നിയോടൊപ്പം ഒന്നാംക്ലാസ് കമ്പാർട്ടുമെൻറിൽ ഡെൽഹിയിലേയ്ക്കയച്ചു. പിന്നീടു പാർലിമെൻറമന്ദിരത്തിൽ ബോംബെറിയാൻ പദ്ധതിയിട്ടു

പ്പോൾ സുഖ്ദേവും ഡെൽഹിയിലെത്തി. ഭഗത്സിംഗും, ബി. കെ ദത്തും ബോംബെറിയുമ്പോൾ സുഖ്ദേവ് വെളിയിൽ കാവൽനിന്നിരുന്നു. ഭഗത്സിംഗും, ബി. കെ. ദത്തും അറസ്റ്റ് വരിച്ചതോടെ സുഖ്ദേവ് ലാഹോറിലേയ്ക്കു മടങ്ങി. കഴുമരത്തിലേറുന്നതിനല്പദിവസംമുമ്പ് സുഖ്ദേവ് ജയിലിൽനിന്നു ഗാന്ധിജിക്കിപ്രകാരം എഴുതി:

"ഞാനും ജയിലറകളിൽ അടയ്ക്കപ്പെട്ട മററു സഹപ്രവത്തകരും അക്രമികളല്ല, വിപ്ലവകാരികളാണ്. ഒരു വ്യക്തി മറെറാരു വ്യക്തിയേയോ, ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തേയോ ചൂഷണം ചെയ്യാൻ അനുവദിക്കാത്ത ഭരണസമ്പ്രദായം സ്ഥാപിക്കാനാണു ഞങ്ങൾ ആഗ്രഹിക്കുന്നതു്."

ഗാന്ധിജി അവരുടെ ആദർശങ്ങളേയും അതിനുവേണ്ടിയുള്ള ബലിദാനങ്ങളേയും മനസാ അഭിനന്ദിക്കുന്നു എന്നമട്ടിൽ ആ കത്തു് സ്വന്തം പത്രത്തിൽ പ്രസിദ്ധീകരിച്ചു.

വിപ്ലവകാരികൾ ഒരാദർശത്തെ മുന്നിൽ കണ്ടുകൊണ്ടാണ് രംഗത്തിറങ്ങിയതു്. ആ ആദർശം പ്രചരിപ്പിക്കുക എന്നതായിരുന്നു ഏകലക്ഷ്യം. അന്യർക്കു മാർഗ്ഗദർശനം നൽകുന്നവർ ആദ്യം പ്രവർത്തിച്ചുകാണിക്കണം. അതിനാൽ ഏതൊരാദർശത്തിന്റെ പ്രചരണത്തിനുവേണ്ടിയാണോ വിപ്ലവകാരികൾ രംഗത്തിറങ്ങി, ജയിലറകളിൽകിടന്നു് ഇഞ്ചിഞ്ചായി മരിച്ചതും കഴുമരത്തിലേറിയതും, ആ ആദർശം എത്രകണ്ടു വിജയിച്ചു എന്നതു് ഇന്ത്യയുടെ യഥാർത്ഥസ്വാതന്ത്ര്യസമരചരിത്രത്തിൽ അവിസ്മരണീയമായ ഒരു ഏടാണ്. ആത്മാഹുതിയിലൂടെ മാതൃഭൂമിയുടെ സേവനം ചെയ്യാൻ ഭാവിതലമുറയ്ക്കു് മാർഗ്ഗദർശനംനൽകിയ ആ ദേശാഭിമാനികൾ ഉന്നതോദ്യോഗങ്ങളോ അധികാരമോ മഹാപുരുഷത്വമോ കാംക്ഷിച്ചില്ല. നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിന്റെ അടിത്തറ എത്രയോ ദേശഭക്തന്മാരുടെ ജീവരക്തംകൊണ്ടാണു പടുത്തുയർത്തിയിരിക്കുന്നതെന്നു് ഇന്നു് ആരെങ്കിലുമറിയുന്നുണ്ടോ? ഇന്നത്തെക്കാലത്തു് അതെല്ലാം അറിയുന്നതിനാർക്കാണു സമയമുള്ളതും! ഈ അവസരത്തിൽ ഒരു ഇംഗ്ലീഷ്കവിത ഓർത്തുപോകുന്നു:—


Truth for ever
On the scaffold
Wrong for ever
On the throne!

Yet that scaffold
Sways the future—
and behind some
Dim unknown
Standth god
Behind a shadow
Keeping watch
Above its own!!

(സത്യവും പരമാർത്ഥവും ശൂലത്തിലേററപ്പെടുന്നു. തിന്മയ്ക്കും അസത്യത്തിനും സിംഹാസനവും കിരീടവും ലഭിക്കുന്നു. ലോകാരംഭംമുതല്ക്കേയുള്ള രീതിയാണിതു്.)

## ആന്തമാൻ ജയിലിൽ

പാർലിമെൻറുമന്ദിരത്തിൽ ബോംബെറിഞ്ഞ കേസിനു ശിക്ഷിക്കപ്പെട്ട ദത്തിനേയും ഭഗത്സിംഗിനേയും ആദ്യം ലാഹോർ സെൻട്രൽജയിലിലാണു് പാർപ്പിച്ചതു്. എല്ലാ ജയിലറകളും പൂട്ടിയിട്ടിരിക്കുകയാണു പതിവു്. ഒരുദിവസം ബി. കെ. ദത്തിൻെറ ജയിലറയുടെ വാതിൽ തുറക്കപ്പെട്ടു. ദത്തിനെ വെളിയിൽ കൊണ്ടുവന്നു. മുൾത്താൽജയിലിലേക്കു മാററുകയാണെന്നു് ജയിലധികൃതർ അദ്ദേഹത്തെ അറിയിച്ചു. ദത്തിനെ തൻെറയടുത്തുനിന്നു മാററുകയാണെന്നു് ഭഗത്സിംഗിനു മനസ്സിലായി. ശ്രീ: ദത്ത് യാത്രപറയാൻ ജയിൽമുറിയുടെ വാതുക്കൽ ചെന്നപ്പോൾ ഭഗത്സിംഗ് ആവേശത്തോടെ ഇരുമ്പഴികളുടെ വിടവി



ആന്തമാൻ ജയിൽ

ലൂടെ കൈയിട്ട് ദത്തിനെ മാറോടണയ്ക്കാൻ ശ്രമിച്ചു. പക്ഷെ അവരിരുവരുടെയും മദ്ധ്യത്തിൽ ഇരുമ്പഴികൾ അതിനു വിലങ്ങായിരുന്നു. അവസാനം അവരിരുവരും മുഖത്തോടുമുഖം നോക്കി അല്പസമയം നിന്നു. ഏഴുവർഷംമുമ്പ് കാൺപൂരിൽവച്ച് സ്ഥാപിതമായ ബന്ധം 1929-ൽ അസംബ്ളിഹാളിൽ ബോംബെറിഞ്ഞതോടെ വിച്ഛേദിക്കപ്പെട്ടു. പിന്നീട് ഭഗത്സിംഗും ദത്തും തമ്മിൽ ഒരിക്കലും കണ്ടുമുട്ടീട്ടില്ല. ഒരേ ലക്ഷ്യത്തിലേയ്ക്കുള്ള രണ്ടു യാത്രക്കാരെ, പ്രകൃതി വഴിതിരിച്ചുവിട്ടു. ഒരാൾ കഴുമരത്തിന്റെ ചുവട്ടിലേക്കും, മറേറയാൾ ആജീവനാന്തം ജയിലിൽ ഇഞ്ചിഞ്ചായി മരിക്കാനും. ദത്തിന്റെ വിയോഗം ഭഗത്സിംഗിനെ അത്യധികം വേദനിപ്പിച്ചു. ആദ്യംമുതൽ അവസാനംവരെ എല്ലാ രംഗങ്ങളിലും അവർ ഒററക്കെട്ടായിനിന്നു. ഇന്നിതാ എന്നെന്നേയ്ക്കുമായി വേർപ്പെട്ടുന്നു. ആ വേർപാട് ഭഗത്സിംഗിനെ എത്രമാത്രം വേദനിപ്പിച്ചു എന്നതിനു തെളിവാണ് അദ്ദേഹം ജയിലിൽനിന്ന് ദത്തിന്റെ സഹോദരിക്കയച്ച

ഈ കത്ത്. സഹോദരിക്ക് ആ കത്ത് ജയിലിൽ, ദത്തിനു് എത്തിച്ചുകൊടുക്കാൻ കഴിഞ്ഞില്ല. അതിനുള്ളിൽ അവർ ഇഹലോകവാസംവെടിഞ്ഞുകഴിഞ്ഞിരുന്നു. ജയിൽവിമുക്തനായതിനുശേഷമാണു് ദത്തിനു് ആ കത്ത് ലഭിച്ചതു്.

"ഇന്നു് എനിക്കേററവും പ്രിയപ്പെട്ട സ്നേഹിതൻ, എന്നിൽ നിന്നു് എന്നെന്നേയ്ക്കുമായി വേർപെട്ടുപോയി. അദ്ദേഹത്തിൽ എനിക്കു് പൂർണ്ണമായ വിശ്വാസമുണ്ടായിരുന്നു എന്നുമാത്രമല്ല, എൻെറ സഹോദരനുതുല്യം പ്രിയപ്പെട്ടവനുംകൂടിയായിരുന്നു. ഒരു സുശക്തമായ ആലംബത്തിൽനിന്നു ഞാൻ വഞ്ചിതനായിരിക്കുന്നു എന്നു തോന്നിപ്പോകുന്നു. ഇന്നു് ജീവിതത്തിൽ ആദ്യമായി സഹിക്കാനാകാത്ത ദുഃഖം ഞാൻ അനുഭവിക്കുകയാണു്. പക്ഷെ വ്യസനിച്ചിട്ടു കാര്യമില്ല. ഒരുപക്ഷെ ഇതിൽ എന്തെങ്കിലും നന്മയുണ്ടാകാം. ധീരതയോടും, ക്ഷമയോടുംകൂടി മുന്നോട്ടു നീങ്ങുക. പരിഭ്രമിക്കരുതു്......"

മുഹത്താൽജയിലിൽ എത്തിയതോടെ ദത്തിനെ ഒരു സാധാരണതടവുകാരനായി പരിഗണിക്കാൻ തുടങ്ങി. നിരാഹാരവ്രതത്തിനുശേഷം ജയിലുകളിലെ സ്ഥിതിഗതികൾ മെച്ചപ്പെട്ടെങ്കിലും അവയൊന്നും ദത്തിനു് പ്രയോജനപ്പെട്ടില്ല. ഗവണ്മെൻറ് അദ്ദേഹത്തോടു പകവീട്ടാൻ കാത്തിരിക്കുകയായിരുന്നു. ഭഗത്സിംഗിനുശേഷം ദത്തിനെയാണു് അവർ തങ്ങളുടെ ഒന്നാം നമ്പർ ശത്രുവായി ഗണിച്ചതു്. അതിനാൽ ജയിലിൽ അദ്ദേഹത്തിനു യാതൊരാനുകൂല്യങ്ങളും നൽകിയില്ല. സാധാരണതടവുകാരനെന്നപോലെതന്നെ ദത്തിനെക്കൊണ്ടും ചക്കിൽ ധാന്യം പൊടിപ്പിക്കാൻ തയ്യാറായി. ഓരോ തടവുകാരനും ദിവസേന പതിനെട്ടുസേർ ഗോതമ്പു പൊടിക്കണം. ദത്തിനേയും ഗോതമ്പു പൊടിക്കാൻ നിയോഗിച്ചു. ഇംഗ്ലീഷ്സാമ്രാജ്യത്തെ ചക്കിലിട്ടു പൊടിക്കാൻ മരണപ്പുടവയുമണിഞ്ഞു് രംഗത്തിറങ്ങിയ മനുഷ്യൻ ഗോതമ്പുപൊടിക്കാൻ തയ്യാറാകുമോ? അതിനാൽ ശ്രീ: ദത്ത് ധാന്യം പൊടിക്കാൻ വിസമ്മതിച്ചു. അദ്ദേഹം അനിശ്ചിതകാലത്തേയ്ക്കു നിരാഹാരവ്രതമാരംഭിച്ചു. ആ വ്രതം നാല്പത്തിയഞ്ചു ദിവസം നീണ്ടുനിന്നു. ജയിലധികൃതർ ബലപ്രയോഗത്തിലൂടെ മൂക്കിൽ റബ്ബർകുഴലിട്ടു് പാലുകുടിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവസാനം ദത്തിനു മാന്യമായ പെരുമാററം ലഭിക്കുമെന്ന ഉറപ്പി

ന്മേൽ നിരാഹാരവ്രതമവസാനിപ്പിച്ചു. ആ ഉറപ്പു കൊടുംവഞ്ചനയായിരുന്നു. മാന്യമായ പെരുമാററത്തിനു പകരം ദത്തിനെ സേലം ജയിലിലേയ്ക്കു മാററി. 1930 നവംബറിലെ സംഭവമാണു്. ദത്തിനെ മുംത്താൽജയിലിൽനിന്നു് സേലത്തേയ്ക്കു മാററുന്നതിനുമുമ്പു് ലാഹോർ ഗൂഢാലോചനക്കേസ് വിധിപറഞ്ഞുകഴിഞ്ഞിരുന്നു. വിധി അറിഞ്ഞമാത്രയിൽ ഭഗത്സിംഗ് ദത്തിനിപ്രകാരമെഴുതി:

"എൻെറ കേസ് വിധിപറഞ്ഞു. എനിക്കു വധശിക്ഷ ലഭിച്ചു ജയിലറകളിൽ എന്നെക്കൂടാതെ വധശിക്ഷ പ്രതീക്ഷിക്കുന്ന തടവുകാർ വേറെയുമുണ്ടു്. വല്ലതരത്തിലും വധശിക്ഷയിൽനിന്നു രക്ഷപെടണമേ എന്നു് അവർ പ്രാത്ഥിക്കുകയാണു്. എന്നാൽ അവരുടെ മദ്ധ്യത്തിൽ ഞാൻ ഒരാളുമാത്രമാണു് ആ ശുഭദിനത്തെ ക്ഷമയോടെ കാത്തിരിക്കുന്നതു്. എനിക്കു് എൻെറ ആദർശത്തിനുവേണ്ടി കഴുമരത്തിലേറാനുള്ള സൗഭാഗ്യം കൈവന്നാൽ.....എന്നെ തൂക്കിലിടാൻ വിധിച്ചുകഴിഞ്ഞു. വിപ്ലവകാരികൾക്കു തങ്ങളുടെ ആദർശത്തിനുവേണ്ടി എത്ര ധൈര്യത്തോടെ ജീവൻ ബലിയർപ്പിക്കാൻ കഴിമെന്നു്, കഴുമരത്തിലേറി ലോകത്തിനു കാണിച്ചുകൊടുക്കാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾക്കു ജീവപര്യന്തം തടവുശിക്ഷയാണു ലഭിച്ചതു്. നിങ്ങൾ ജീവിച്ചിരിക്കും. നിങ്ങൾ ജീവിച്ചുകൊണ്ടു് വിപ്ലവകാരികൾക്കു തങ്ങളുടെ ആദർശത്തിനുവേണ്ടി മരിക്കാൻ മാത്രമല്ല, ജീവിച്ചുകൊണ്ടു് എത്ര വലിയ യാതനകളേയും നേരിടാൻ സാധിക്കുമെന്നു കാണിച്ചുകൊടുക്കണം."

ശ്രീ. ദത്തിൻെറ ജയിൽജീവിതം ഭയാനകമായ യാതനകളാലും വേദനകളാലും പരിപൂരിതമായിരുന്നു. ഭഗത്സിംഗിൻെറ ഉപദേശം അദ്ദേഹത്തിൻെറ ജീവിതത്തിനൊരു ധ്രുവതാരമായിരുന്നു. സേലംജയിലിൽ എത്തുന്ന ഏതൊരു തടവുകാരനും നല്ല പാഠം പഠിക്കുമെന്നായിരുന്നു വെയ്പു്. അതിനാൽ ദത്തിനേയും സേലത്തേയ്ക്കയച്ചു. മാതൃഭൂമിയുടെ സേവനത്തിനായി മരണപ്പുടവയുമണിഞ്ഞു് രംഗത്തിറങ്ങിയ ഒരു ദേശാഭിമാനിയുടെ വിപ്ലവാവേശം തകക്കാൻ ആക്കു കഴിയും! ദത്തിൻെറ കണ്ണുകളിൽ ഭഗത്സിംഗിൻെറ വാക്കുകൾ മുഴങ്ങുന്നുണ്ടായിരുന്നു. അതിനാൽ ഏതൊരനീതിയും സഹിക്കാൻ അദ്ദേഹം തയ്യാറായി. സേലംജയി

ലിൽ എത്തിയ ഉടനേ ശ്രീ. ദത്തിനെ കരിങ്കല്ലുടയ്ക്കാൻ നിയോഗിച്ചു. സാധാരണതടവുകാരെക്കൊണ്ടു് അവിടെ കരിങ്കല്ലുടപ്പിച്ചിരുന്നു. ദത്തിനു് ഒരു കൂടവുംകൊടുത്തു മററു തടവുകാരോടൊപ്പം കരിങ്കല്ലുടയ്ക്കാൻ ആജ്ഞ നല്കി. അവിടത്തെ ജയിലധികൃതരുടെ പെരുമാററവും അസഹനീയമായിരുന്നു. ബി. കെ. ദത്തു് ഒരു കറുത്ത കണ്ണട ധരിച്ചിരുന്നു. ജയിലിൽ മററു തടവുകാർക്കു് കണ്ണട ധരിക്കാൻ പാടില്ല. അതിനാൽ ഈ കറുത്ത കണ്ണടക്കാരൻ ഏതോ രാഷ്ട്രീയതടവുകാരനാണെന്നു മററു തടവുകാർ മനസ്സിലാക്കി. അവർക്കു് ദത്തിനോടു വലിയ സഹാനുഭൂതി തോന്നി. "താങ്കൾ കരിങ്കല്ലുടയ്ക്കേണ്ടതില്ല; ആ ജോലിയുംകൂടി ഞങ്ങൾ നിർവ്വഹിച്ചുകൊള്ളാം" എന്നു് അവർ ദത്തിനോടു പറഞ്ഞു. പക്ഷെ ശ്രീ. ദത്തു് കരിങ്കല്ലുടയ്ക്കാൻ വന്നവനായിരുന്നില്ല. ബ്രിട്ടീഷ് ഇമ്പീരിയലിസമാകുന്ന പാറക്കെട്ടു തകർക്കാൻ രംഗത്തിറങ്ങിയവനാണു്. ശ്രീ. ദത്തു് വീണ്ടും നിരാഹാരവ്രതം ആരംഭിച്ചു. മൂന്നാമത്തെ നിരാഹാരവ്രതസമരമായിരുന്നു അതു്. മദ്രാസ്സംസ്ഥാനത്തെ ജയിൽ ഐ. ജി. സ്ഥലത്തുവന്നന്വേഷിച്ചു. നിരാഹാരവ്രതമനുഷ്ഠിക്കുന്നതിൻെറ കാരണം ദത്തിനോടു ചോദിച്ചു. താൻ ഒരു രാഷ്ട്രീയതടവുകാരനാണെന്നും, ക്രിമിനൽ പുള്ളിയല്ലെന്നും, ഒരു രാഷ്ട്രീയതടവുകാരനോടെന്നപോലെ തന്നോടു പെരുമാറണമെന്നും ശ്രീ ദത്തു് പറഞ്ഞു. അതുകേട്ടു് ജയിൽ ഐ. ജി. ക്ഷോഭിച്ചു. പാർലിമെൻറുമന്ദിരത്തിൽ ബോംബെറിഞ്ഞു മനുഷ്യത്വത്തെ അവഹേളിച്ച ഒരുവനു്, മനുഷ്യത്വപരമായ പെരുമാററം ആവശ്യപ്പെടാനധികാരമെന്തുണ്ടു് എന്നായിരുന്നു ഐ. ജി. യുടെ മറുപടി. അതിനു് ഒരു വിപ്ലവകാരിയിൽനിന്നുണ്ടാകാവുന്ന മറുപടി എന്താണോ അതാണു ദത്തു് നല്കിയതു്. ഐ. ജി. സായ്വിൻെറ കോപത്തിന്നതിരില്ലാതായി. അദ്ദേഹം, ദത്തിനു വെള്ളം കൊടുക്കരുതെന്നും രണ്ടുദിവത്തിനുള്ളിൽ ഇവൻെറ വിപ്ലവവീര്യം മഞ്ഞുകട്ടപോലെ തണുക്കുമെന്നും ജയിലധികൃതരെ ഉപദേശിച്ചു. ശ്രീ. ദത്തിൻെറ മുറിയിൽനിന്നു വെള്ളവും പാത്രവുമെടുത്തുമാററി. മൃഗങ്ങളെ അറുക്കുന്നതിനുമുമ്പു് അവയെ വെള്ളം കുടിപ്പിക്കാറുണ്ടു്. എന്നാൽ ബ്രിട്ടീഷുകാർ വിപ്ലവകാരികളെ വധിക്കുന്നതിനുമുമ്പു് ഒരുതുള്ളി വെള്ളംപോലും നൽകിയിരുന്നില്ല. ദത്തു് ആദ്യമേ ഭക്ഷണമുപേക്ഷിച്ചു. ഇപ്പോൾ വെള്ളവുമില്ല. വെള്ളം

കുടിക്കാതെ ഒന്നുരണ്ടുദിവസം കഴിച്ചുകൂട്ടി. തൊണ്ട വരണ്ടുതുടങ്ങി. അതുകൊണ്ട് ദയതോന്നി, വാർഡന്മാർ, ആരും കാണാതെ അദ്ദേഹത്തിനു വെള്ളം കൊടുക്കാൻ തയ്യാറായി. പക്ഷേ താൻ മോഷ്ടിച്ചു വെള്ളംകുടിക്കുകയില്ലെന്നും തനിക്കവകാശപ്പെട്ട ശുദ്ധജലം ലഭിച്ചെങ്കിലേ കുടിക്കുകയുള്ളു എന്നും ദത്ത് ശഠിച്ചു. ദിവസം പ്രതി ദത്തിൻെറ ആരോഗ്യസ്ഥിതി വഷളാകാൻ തുടങ്ങി. ഭക്ഷണവുമില്ല, വെള്ളവുമില്ല. മൂത്രം നിലച്ചു; മുഖ്ശാവു് പുകയാൻ തുടങ്ങി. ഇനി ജീവിക്കുകയില്ല. ആറാംദിവസം ശ്രീ. ദത്ത് ബോധരഹിതനായി നിലംപതിച്ചു. ബോധരഹിതനായ ദത്തിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. റബ്ബർകുഴലിലൂടെ ആമാശയത്തിൽ വെള്ളമെത്തിച്ചു. ആ നിരാഹാരവ്രതസമരവും നാല്പത്തിയഞ്ചു ദിവസം നീണ്ടുനിന്നു. ആ യുവാവിൻെറ വിപ്ലവാവേശം നശിപ്പിക്കുക സാദ്ധ്യമല്ലെന്നു ബ്രിട്ടീഷുകാരക്കു മനസ്സിലായി. തൽഫലമായി ജയിലിൽ രാഷ്ട്രീയതടവുകാക്കുള്ള ആനുകൂല്യങ്ങരം ദത്തിനനുവദിച്ചു. നിരാഹാരവ്രതമവസാനിച്ചു. ദത്തിനെ സേലത്തുനിന്നു തൃശ്ശിനാപ്പള്ളി ജയിലിലേയ്ക്കു മാററി. 1931 മാർച്ച് 23-ാംതീയതി സർദാർ ഭഗത്സിംഗും കൂട്ടുകാരും കഴുമരത്തിലേററപ്പെട്ട വിവരമറിഞ്ഞു് ദത്ത് ദുഃഖിതനായി. ആറു ദിവത്തേയ്ക്കു യാതൊരു ഭക്ഷണവും കഴിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മററുള്ള തടവുകാരെല്ലാം അദ്ദേഹത്തിൻെറ അടുത്തിരുന്നു സമാധാനിപ്പിച്ചുകൊണ്ടിരുന്നു. തൃശ്ശിനാപ്പള്ളിയിൽനിന്നു ബെല്ലാറിയിലേയ്ക്കും അവിടെനിന്നു വീണ്ടും തൃശ്ശിനാപ്പള്ളിയിലേയ്ക്കും പിന്നീടു മദ്രാസ് ജയിലിലേയ്ക്കും അദ്ദേഹത്തെ മാററിക്കൊണ്ടിരുന്നു.

"ഖുശ്രഹോ അഹൽ വത്തൻ!

ഹം തോ സഫർ കർതെ ഹൈ!"

(സന്തുഷ്ടയായിരിക്കു മാതൃഭൂമീ! ഞങ്ങളിതാ യാത്രചെയ്യുന്നു.) 1932-ൻെറ അവസാനത്തോടെ ലാഹോർ ഗൂഢാലോചനക്കേസ്സിലെ കുറേ പ്രതികളേയുംകൂടി മദ്രാസ്ജയിലിൽ കൊണ്ടുവന്നു. ഒരുദിവസം അവരോടൊന്നിച്ചു് ബി. കെ. ദത്തിനേയും മഹാരാജാ എന്ന കപ്പലിൽ ആന്തമാനിലേയ്ക്കു കൊണ്ടുപോയി. വിപ്ലവകാരികരം ഒരുമിച്ചു് വന്ദേമാതരം മുഴക്കി. ആ ശബ്ദം തിരമാലകളെ ഭേദിച്ചു് അന്തരീക്ഷം മുഖരിതമാക്കി. അവർ

ഏതൊരു രാജ്യത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കുവേണ്ടിയാണോ മരണപ്പുടവയുമണിഞ്ഞു രംഗത്തിറങ്ങിയതു് ആ രാജ്യത്തുനിന്ന് അവരെ അകററുകയാണ്. ആന്തമാനിൽനിന്ന് ജീവനോടെ തിരിച്ചുപോരിക അസാദ്ധ്യമാണെന്ന് അവർക്കറിയാം. എന്നിരുന്നാലും അവർ ആഹ്ലാദചിത്തരായി. ആദർശങ്ങൾക്കുവേണ്ടി പരീക്ഷണങ്ങളെ അഭിമുഖീകരിക്കാൻ തങ്ങളെ അയയ്ക്കുകയാണെന്ന് അവർ സമാധാനിച്ചു. പ്രേമത്തിന്റെ പരീക്ഷണങ്ങൾ ഇനിയുമുണ്ട്!

രണ്ടാമത്തെ സംഘത്തിൽ വിജയകുമാർസിൻഹയുമുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട്, "കപ്പലിൽ കയറിയപ്പോൾ നിങ്ങളുടെ ചിന്താഗതി എന്തായിരുന്നു" എന്നു ചോദിച്ചു.

"ആന്തമാനിൽനിന്ന് തിരിച്ചുപോരാമെന്ന യാതൊരാശയും ഞങ്ങൾക്കുണ്ടായിരുന്നില്ല ഞങ്ങളെ ജീവനോടെ സംസ്കരിക്കുന്നു എന്ന ബോധമേ ഞങ്ങൾക്കുണ്ടായുള്ളു മാതൃഭൂമിയിൽനിന്നു വളരെ അകലെ ജയിലിലെ ഇടുങ്ങിയ ഇരുട്ടറകളിൽക്കിടന്നു നരകിച്ചു മരിക്കേണ്ടിവരും. പക്ഷേ ഞങ്ങൾ മരണപ്പുടവയണിഞ്ഞു വീട്ടിൽനിന്നു പുറപ്പെട്ടവരായിരുന്നു. അതിനാൽ മരണം ഞങ്ങൾക്കൊരു പേടിസ്വപ്നമായിരുന്നില്ല. ഭാരതമാതാവിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് ഞങ്ങൾ മരിക്കാൻ പുറപ്പെട്ടതു് ആ മണ്ണിൽനിന്നു ഞങ്ങളെ അകററുന്നതിലേ ഖേദമുണ്ടായിരുന്നുള്ളു അതിനാൽ കപ്പലിൽ കയറുന്നതിനുമുമ്പു ഞങ്ങൾ മാതൃഭൂമിയിലെ മണ്ണെടുത്തു തിലകം ചാർത്തി.

ലാഹോർജയിലിലെപ്പോലെതന്നെ ഞങ്ങൾക്ക് ആന്തമാൻജയിലിലും നീണ്ടകാലത്തെ സമരം നടത്തേണ്ടിവന്നു. അവിടത്തെ നിരാഹാരവ്രതസമരത്തിൽ മൂന്നു സഹപ്രവർത്തകർ ഞങ്ങൾക്കു നഷ്ടപ്പെട്ടു. ലാഹോർജയിലിൽവെച്ചും ഞങ്ങൾക്കു മൂന്നുപേർ നഷ്ടപ്പെട്ടു."

ഹാ! ഈ മനുഷ്യരെത്ര ശ്രേഷ്ഠന്മാരാണ്! മാതൃഭൂമിയുടെ അന്തരീക്ഷം കാർമേഘാവൃതമായിരുന്നപ്പോൾ ഉജ്ജ്വലതാരങ്ങളായി രാഷ്ട്രീയാകാശത്തിലേയ്ക്കു് ഉയന്ന് അഭൗമമായ പ്രകാശം പരത്തി. ഈയവസരത്തിൽ ഞാനൊരു പഴയ പേർഷ്യൻപദ്യം ഓർത്തുപോകുകയാണ്—

"ആയെ മൂർഗ് സഹർ ഇഷ്ക് അസ്പർവാനാ ബിയാമോസ്
ഖാംസോഖ്തജാം ദാദ് വ ആവാസ് നയാം മ്ദ്!"

(അല്ലയോ പൂങ്കോഴീ! പ്രഭാതം നിശയുടെ പർദ്ദ ഭേദിക്കുമ്പോൾ നീ ആരെ ഓർത്താണിത്ര ഉച്ചത്തിൽ ശബ്ദിക്കുന്നതു്? തൻെറ കാമുകിയെ ഓർത്താണു് ഇങ്ങനെ കോലാഹലംകൂട്ടുന്നതു് എങ്കിൽ കാമുകൻെറ ധർമ്മമല്ല. അങ്ങനെ ചെയ്യുന്നവൻ യഥാർത്ഥത്തിൽ കാമുകനല്ല. പ്രേമത്തിൻെറ പാഠം പഠിക്കണമെങ്കിൽ ചിത്രശലഭങ്ങളെ നോക്കുക! അവ ദീപങ്ങളിൽ അടിഞ്ഞു് ആത്മത്യാഗം ചെയ്യുന്നു. പക്ഷേ യാതൊരു ശബ്ദവും പുറപ്പെടുവിക്കുന്നില്ല.)

ഇന്നു് നമ്മുടെ നേതാക്കളുടേയും, മന്ത്രിമാരുടേയും യോഗ്യത പത്രങ്ങളിൽ വായിക്കുമ്പോൾ അത്ഭുതം തോന്നിപ്പോകുന്നു. നാലു ദിവസം ഗാന്ധിജിയുടെ പിന്നാലെ നടന്നു. എട്ടുദിവസം ജയിലിൻെറ വാതുക്കലൂടെ നടന്നുപോയി. ദേശസേവനത്തിൻെറ യോഗ്യതയുമായി. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ കോൺഗ്രസ്നേതാക്കൾ ദേശഭക്തന്മാരെ വഞ്ചിക്കാതിരുന്നെങ്കിൽ—നമ്മുടെ രാജ്യത്തിൻെറ ചരിത്രം മറെറാരുതരത്തിലെഴുതപ്പെട്ടുമായിരുന്നു. അയർലൻറ് ഒത്തുതീർപ്പിനുള്ള സംഭാഷണത്തിനൊരുങ്ങിയപ്പോൾ ആ രാജ്യത്തെ ആബാലവൃദ്ധം ജനങ്ങൾ ഏകസ്വരത്തിൽ, ബ്രിട്ടൺ എന്തെങ്കിലുമൊരു ഒത്തുതീർപ്പിനാഗ്രഹിക്കുന്നെങ്കിൽ ഡിവാലറേയേയും ആർതർ ഗ്രിഫിതിനേയും പങ്കെടുപ്പിക്കണമെന്നാവശ്യപ്പെട്ടു. തൽഫലമായി ഇംഗ്ലീഷുകാർക്കു് ഡിവാലറേയേയും, ആർതർ ഗ്രിഫ്തിനേയും ക്ഷണിക്കേണ്ടിവന്നു. എന്നാൽ ഇന്ത്യയിൽ നടന്നതെന്തെന്നു് ലോകസമക്ഷത്തിലുണ്ടു്. ഇന്ത്യൻ വിപ്ലവപ്രസ്ഥാനം പലപ്പോഴും ശക്തിപ്പെട്ടു. എന്നിരുന്നാലും ഭഗത്സിംഗിൻെറ കാലഘട്ടമാണു് ഭാരതീയരെ ഏററവുമധികം ആവേശംകൊള്ളിച്ചതു്. ബ്രിട്ടീഷുകാർക്കതൊരു വെല്ലുവിളിയായിരുന്നു. അന്നു കോൺഗ്രസ് ആ പ്രസ്ഥാനത്തെ നശിപ്പിക്കുവാൻ ബ്രിട്ടീഷുകാരുടെ കരം ഗ്രഹിക്കാതിരുന്നെങ്കിൽ തീർച്ചയായും ബ്രിട്ടനു് ഇന്ത്യ വിടേണ്ടിവരുമായിരുന്നു. അവർക്കു ചന്ദ്രശേഖർആസാദിനേയും, ഭഗത്സിംഗിനേയും സന്ധിസംഭാഷണത്തിനു വിളിക്കേണ്ടിവരുമായിരുന്നു. രാജ്യ

ത്തെ ഐതിഹാസികമായ വിപ്ലവകാലഘട്ടത്തിൽ ഡിവാലരേയെപ്പോലെതന്നെ ഭഗത്സിംഗും കൊലക്കുററത്തിനു ശിക്ഷിക്കപ്പെട്ട് കൽത്തുറുങ്കിലായിരുന്നു. ആർതർ ഗ്രീഫ്തിനെപ്പോലെതന്നെ ചന്ദർശേഖർആസാദ് യൂറോപ്യന്മാരെ വധിച്ചിട്ട് ഒളിവിലായിരുന്നു. ആ പരിതഃസ്ഥിതിയിൽ ഗാന്ധിജി വിപ്ലവകാരികളുടേയും ഗവണ്മെൻറിൻെറയും മദ്ധ്യത്തിൽ ചാടിവീഴാതിരുന്നെങ്കിൽ ഭഗത്സിംഗിനും സഹപ്രവത്തകക്കും കഴുമരത്തിലേറേണ്ടിവരികയില്ലായിരുന്നു. ബി. കെ. ദത്തിനും സംഘത്തിനും ആന്തമാൻജയിലിലേയ്ക്കു പോകേണ്ടിവരില്ലായിരുന്നു. 1947-നു മുമ്പുതന്നെ ഭാരതം സ്വാതന്ത്ര്യയാകുമായിരുന്നു. ഭാരതമാതാവിൻെറ പാവനശരീരം മുറിച്ചു് രണ്ടുതുണ്ടമാക്കേണ്ടിവരില്ലായിരുന്നു. രാജ്യവാസികൾക്കിന്നത്തെപ്പോലെ പട്ടിണിയും ദുരിതവുമനുഭവിക്കേണ്ടിവരില്ലായിരുന്നു. ആഴക്കരിക്കുവേണ്ടി അമ്മപെങ്ങന്മാർ രാവിലേമുതൽ സന്ധ്യവരെ പീടികത്തിണ്ണകളിൽ അപമാനിതരായി ലൈൻനില്ക്കേണ്ടിവരില്ലായിരുന്നു.

ഞാൻ ഒരുദിവസം ബി. കെ. ദത്തിനോടു ചോദിച്ചു: "വിപ്ലവകാരികൾ ഗാന്ധിജിയെ അത്യധികം ബഹുമാനിച്ചിരുന്നു. അവർ അദ്ദേഹത്തിൻെറകീഴിൽ നിയമലംഘന-സത്യഗ്രഹപ്രസ്ഥാനങ്ങളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഗാന്ധിജി എന്തിനാണിങ്ങനെ വിപ്ലവകാരികളെ നശിപ്പിക്കാൻ അരുനിന്നതു്?"

"ഗാന്ധിജി വ്യക്തിപരമായി വിപ്ലവകാരികളെ ആദരിച്ചിരുന്നു. എങ്കിലും വിപ്ലവപ്രസ്ഥാനം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹത്തിനു സ്വന്തമായ ഒരാദശമുണ്ടായിരുന്നു. ഗാന്ധിജി എല്ലാ രംഗങ്ങളിലും ആദ്ധ്യാത്മികവശം ചിന്തിച്ചിരുന്നു. അതിനാൽ അദ്ദേഹം അഹിംസയും സത്യഗ്രഹവും തൻെറ ജീവിതസിദ്ധാന്തമായി അംഗീകരിച്ചു. രാഷ്ട്രീയസമരത്തേയും അദ്ദേഹം ആ സിദ്ധാന്തത്തിലൂടെ മുന്നോട്ടു കൊണ്ടുപോയി."

ഗാന്ധിജിയും ഭഗത്സിംഗും ദേശീയസമരപ്രസ്ഥാനത്തിൻെറ രണ്ടു നേതാക്കളായിരുന്നു. ഇന്ത്യ സ്വാതന്ത്ര്യയായെങ്കിലേ ജനങ്ങൾക്കു നന്മ ലഭിക്കുകയുള്ളുവെന്നു് അവരിരുവരും വിശ്വസിച്ചിരുന്നു. എന്നാൽ വ്യത്യസ്തചിന്താഗതിയും സിദ്ധാന്തവും അവരെ

തമ്മിലകററി. ഒരേ ലക്ഷ്യത്തിനു രണ്ടു വ്യത്യസ്തമാർഗ്ഗങ്ങളായിരുന്നു അവർ സ്വീകരിച്ചതു്. ഒരാൾ ബലിദാനവും ത്യാഗവും തൻെറ മാർഗ്ഗമായി സ്വീകരിച്ചു. മറേറയാൾ ആദ്ധ്യാത്മികത്തിൻേറയും ധർമ്മത്തിൻേറയും മാർഗ്ഗത്തിലൂടെ മുന്നോട്ടു നീങ്ങി. കഴുമരത്തിലേറിയും ജയിലറകളിൽക്കിടന്നു് ഇഞ്ചിഞ്ചായും മരിക്കാൻ തയാറായവരെപ്പോലെതന്നെ ഗാന്ധിജിയ്ക്കും ദേശപ്രേമമുണ്ടായിരുന്നു. പക്ഷേ അവർ രണ്ടു മാർഗ്ഗത്തിലൂടെയാണു ചരിച്ചതു്. ഭഗത്സിംഗിൻെറ ആദർശം പകൽവെളിച്ചംപോലെ സ്പഷ്ടമായിരുന്നു. ഗാന്ധിജിയുടേതു് ഇരുളടഞ്ഞതും. ഒരു വ്യക്തി മറെറാരു വ്യക്തിയേയോ, ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തെയോ ചൂഷണം ചെയ്യാൻ അനുവദിച്ചുകൂടാത്ത ഒരു ഭരണവ്യവസ്ഥയ്ക്കുവേണ്ടിയാണു് ഭഗത്സിംഗ് പ്രവർത്തിച്ചതു്. ഗാന്ധിജി നൂററാണ്ടുകളായി ചൂഷണത്തിലേർപ്പെട്ടിരിക്കുന്ന ബൂർഷ്വാസികളെ, അവശരും ദുഃഖിതരുമായ ജനസമൂഹത്തിൻെറ ട്രസ്റ്റികളായി കണക്കാക്കി. ഒരാൾ, ഇംഗ്ലീഷുകാരെ തുരത്തി രാജ്യത്തു സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്ഥാപിക്കാനാഗ്രഹിച്ചു. മറേറയാൾ ഇംഗ്ലീഷ്കാരിൽനിന്നു രാജ്യത്തെ മോചിപ്പിച്ചു് വെളുത്ത ചെന്നായ്ക്കൾക്കു പകരം കറുത്ത ചെന്നായ്ക്കളെ ഏല്പിക്കാനാഗ്രഹിച്ചു. അക്കാരണത്താൽ അവരുടെ സിദ്ധാന്തങ്ങൾ തമ്മിൽ അടുക്കുക പ്രയാസമായിരുന്നു. ഗാന്ധിജി ഭഗത്സിംഗിൻെറ സിദ്ധാന്തത്തെ ഇമ്പീരിയലിസത്തേക്കാൾ ഭയപ്പെട്ടു. തൽഫലമായി ബ്രിട്ടീഷ്ഗവണ്മെൻറ് ഭഗത്സിംഗിനെ മാത്രമല്ല, ഗാന്ധിജിയുടെ മൗനാനുവാദത്തോടെ ഓരോ വിപ്ലവകാരിയേയും തിരഞ്ഞുപിടിച്ചു. ഭഗത്സിംഗിൻെറ കാലഘട്ടം കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ്ഭരണത്തേക്കാൾ ഭയാനകമായി തോന്നി. വിപ്ലവകാരികളെ അനുകൂലിച്ചാൽ, പൊതുജനങ്ങൾ കോൺഗ്രസ്സിൻെറ കൊടിക്കീഴിൽ അണിനിരക്കുകയില്ലെന്നു ഗാന്ധിജി മനസ്സിലാക്കി. അതു് അദ്ദേഹം തുറന്നുപറയുകയുംചെയ്തു. ഗാന്ധിജിയും ഭഗത്സിംഗും അവരവരുടെ മർഗ്ഗത്തിലൂടെ ഇന്ത്യയെ സ്വതന്ത്രയാക്കാനാഗ്രഹിച്ചു. ഭഗത്സിംഗ് ആത്മബലിയിലൂടെ തൻെറ മണ്ണിൽനിന്നും ദേശപ്രേമത്തിൻെറ സുഗന്ധംവമിക്കുമെന്നുദ്ഘോഷിച്ചു; കഴുമരത്തിലേറി സ്വാതന്ത്ര്യത്തിലേയ്ക്കുള്ള പാത കാണിച്ചുതന്നു. ഗാന്ധിജി ഒത്തുതീർപ്പുകളുടേയും വിലപേശലുക

ളുടേയും വളഞ്ഞുപുളഞ്ഞ മാർഗ്ഗം സ്വീകരിച്ചു. ഭഗത്സിംഗിൻെറ മാർഗ്ഗത്തിൽ കവച്ചുക്കാരും വഞ്ചകരും ചൂഷകരുമായ ഭരണാധികാരികൾക്ക് ഒത്തുതീർപ്പിനുള്ള പഴുതില്ലായിരുന്നു. ഗാന്ധിജി ഓരോ രംഗത്തും ഇംഗ്ലീഷുകാരുമായി ഒത്തുതീർപ്പുകൾക്ക് സന്നദ്ധനായി നടന്നു. ആ മാർഗ്ഗം രാജ്യത്തെ സാമൂഹ്യവിപ്ലവാവേശം തണുപ്പിച്ചു. തൽഫലമായി, സ്വാതന്ത്ര്യം നേടിയിട്ട് വർഷങ്ങൾ പതിനേഴു കഴിഞ്ഞിട്ടും ജനങ്ങൾ പണ്ടത്തേപ്പോലെ ചൂഷിതരും, വഞ്ചിതരും, ദുഃഖിതരുമായി കഴിഞ്ഞുകൂടുന്നു. പണ്ടത്തെ ചൂഷകവർഗ്ഗം ഇന്നും തങ്ങളുടെ തൊഴിൽ നിർവിഘ്നം നടത്തിക്കൊണ്ടിരിക്കുന്നു.

## തടവ്, മോചനം, വീണ്ടും തടവ്

സർദാർ ഭഗത്സിംഗിനേയും കൂട്ടുകാരേയും വധശിക്ഷയ്ക്കു വിധിച്ചതറിഞ്ഞു് രാജ്ഗുരുവിൻെറ അമ്മയും സഹോദരിയും മഹാരാഷ്ട്രത്തിൽനിന്നു് ലാഹോറിലെത്തി. ശിക്ഷ നടപ്പാക്കുന്നതു വരെ അവർക്കു ബിർലാഹാളിൽ താമസിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുത്തു. രക്തസാക്ഷികളെ തൂക്കിലിടുന്നതിനു് ഒരുമാസം മുമ്പു് അവരെ സന്ദർശിക്കുന്നതു് നിരോധിച്ചു. കഴുമരത്തിലേറുന്ന അന്നു രാവിലെ മാത്രമേ ഇനി സന്ദർശിക്കാൻ അനുവദിക്കുകയുള്ളു. രക്തസാക്ഷികളുടെ സ്വന്തം മാതാപിതാക്കളെയും, സഹോദരന്മാരെയും മാത്രമേ സന്ദർശിക്കാൻ അനുവദിക്കുകയുള്ളു. സർദാർ ഭഗത്സിംഗിൻെറ പിതാവു് ആ നിയമത്തെ എതിർത്തു. ലാഹോറിലുള്ള മററു ബന്ധുമിത്രാദികളെക്കൂടാതെ താൻ പുത്രനെ സന്ദർശിക്കുകയില്ലെന്നു ശഠിച്ചു. മററുള്ള ബന്ധുക്കൾ, ഭഗത്സിംഗിൻെറ പിതാമഹനും, പിതാമഹിയും, രണ്ടു ചിററമ്മമാരുമായിരുന്നു. ചിററമ്മമാരിലൊരാൾ സുപ്രസിദ്ധവിപ്ലവകാരിയായ രാജീന്ദർ സിംഗിൻെറ പത്നിയായിരുന്നു. അവർക്കു് സന്താനങ്ങളില്ലാതെയിരുന്നതിനാൽ ഭഗത്സിംഗിനെ സ്വന്തം പുത്രനെപ്പോലെ

ലാളിച്ചുവളർത്തിയതാണ്. കിഷൻസിംഗിൻെറ പ്രതിഷേധമറിഞ്ഞ് ജയിലധികൃതർ ഗവണ്മെൻറുമായി ആലോചിച്ചു. എന്നാൽ ഗവണ്മെൻറ് പഴയ ശാഠ്യത്തിലുറച്ചുനിന്നു: സ്വന്തം മാതാപിതാക്കളേയും, സഹോദരീസഹോദരന്മാരേയും മാത്രമേ സന്ദർശനത്തിനനുവദിക്കുകയുള്ളു. തൽഫലമായി കിഷൻസിംഗും പത്നിയും തങ്ങളുടെ ഓമനസന്താനവുമായുള്ള അവസാനക്കൂടിക്കാഴ്ച നിരസിച്ചു. അതിലും വലിയ ധീരതയാണ് രാജ്ഗുരുവിൻെറ മാതാവു പ്രകടിപ്പിച്ചതു്. അവക്കു തൻെറ ഓമനപ്പുത്രനെ അവസാനമായി കാണാനുള്ള അനുവാദം ലഭിച്ചുകഴിഞ്ഞിരുന്നു. പക്ഷേ ഭഗത്സിംഗിൻെറ മാതാപിതാക്കൾ തങ്ങളുടെ ഓമനപ്പുത്രനെ സന്ദർശിക്കുന്നില്ലെന്നറിഞ്ഞ് അവരും രാജ്ഗുരുവിനെ കാണാൻ വിസമ്മതിച്ചു. സുഖ്ദേവിൻെറ മാതാവും അങ്ങനെതന്നെ ചെയ്തു. അങ്ങനെ സ്വാതന്ത്ര്യത്തിൻെറ ബലിപീഠത്തിൽ ജീവിതമർപ്പിച്ച മൂന്നു രക്തസാക്ഷികളുടേയും മാതാപിതാക്കൾക്കും ബന്ധുമിത്രാദികൾക്കും അന്ത്യദർശനത്തിനവസരം നല്കിയില്ല. തൂക്കിലിടുന്നതിൻെറ ഒരുമാസംമുമ്പ് രാജ്ഗുരുവിൻെറ അമ്മ ഒരുപ്രാവശ്യം തൻെറ പുത്രനെ ചെന്നുകണ്ടിരുന്നു. ആ കൂടിക്കാഴ്ചയിൽ രാജ്ഗുരു തൻെറ അമ്മയോടിപ്രകാരം പറഞ്ഞു: "എൻെറ മരണത്തിൽ ദുഃഖിക്കരുതു്! ഞാൻ രാജ്യത്തിനുവേണ്ടി മരിക്കുകയാണ്. ധൈര്യത്തോടും ആത്മവിശ്വാസത്തോടുംകൂടി പരിതഃസ്ഥിതികൾ നേരിടുക! എന്നെപ്പററിയുള്ള ഓർമ്മവരുമ്പോൾ രാജ്യത്തെ ഓരോ യുവാവിനേയും രാജ്ഗുരുവായി വീക്ഷിച്ചുകൊള്ളുക!"

രക്തസാക്ഷികൾ കഴുമരത്തിലേററപ്പെട്ടതിനുശേഷമാണ് രാജ്ഗുരുവിൻെറ അമ്മയും സഹോദരിയും മഹാരാഷ്ട്രത്തിലേയ്ക്കു മടങ്ങിയതു്. പിന്നീട് അദ്ദേഹത്തിൻെറ മൂത്തജ്യേഷ്ഠൻ ഫിറോസ്പൂരിനടുത്തു സത്‌ലജ്നദീതീരത്തു്, രക്തസാക്ഷികളെ സംസ്കരിച്ച സ്ഥലം സന്ദർശിച്ച് അവിടത്തെ മണ്ണെടുത്തു തിലകംചാത്തി തിരിച്ചുപോയി.

"പാർലിമെൻറിൽ ബോംബെറിയുന്നതിനുമുമ്പ് നിങ്ങളുടെ ജീവിതരീതി എന്തായിരുന്നു?"

ബി. കെ. ദത്ത് തുടന്നു: "പാർലിമെൻറിൽ ബോംബെറിയുന്നതിനുമുമ്പ് ഞങ്ങളുടെ തലസ്ഥാനം ആഗ്രയായിരുന്നു. അവിടെ

ഞങ്ങളൊരു മുറി വാടകയ്ക്കെടുത്താണു താമസിച്ചതു്. രാത്രി കിച്ചടി (അരിയും പരിപ്പുംകൂടി ഒരുമിച്ചു വേവിച്ച ഭക്ഷണം) കഴിക്കും. ഭക്ഷണം കഴിക്കാൻ ഞങ്ങളുടെ പക്കൽ പാത്രങ്ങളുണ്ടായിരുന്നില്ല. ബസ്സാറിൽനിന്നൊരു വലിയ മൺകുടംവാങ്ങി ഉടച്ചു് എട്ടുപത്തു കഷണമാക്കിയെടുത്തു. ഭക്ഷണം കഴിച്ചതിനുശേഷം വീണ്ടുമതു കഴുകി സൂക്ഷിക്കും. എപ്പോഴാണു പിടിക്കപ്പെടുക എന്ന ഭയത്താൽ ഉറങ്ങാൻ കാര്യമായ ഏർപ്പാടുകളൊന്നുമുണ്ടായിരുന്നില്ല. പുതപ്പു വിരിച്ചു് തറയിലുറങ്ങും. ആരെങ്കിലുമൊരാൾ കൈത്തോക്കുമേന്തി കാവൽനിൽക്കും. പോലീസ് വന്നാൽ ഉറക്കത്തിൽ പിടികൊടുക്കരുതല്ലൊ! ഏററുമുട്ടി രക്തസാക്ഷിത്വം വരിക്കണം. ഡൽഹിയിൽ ഞങ്ങൾ ഉച്ചയ്ക്കു 'നാസ്പതി' വാങ്ങി തിന്നും. പകൽ മുഴുവൻ ജുമാപ്പള്ളിയുടെ മിനാരത്തിനു മുകളിൽ കയറിയിരുന്നു പദ്ധതികൾ തയ്യാറാക്കും.......

ബി. കെ. ദത്തും സംഘവും ആന്തമാൻജയിലിലെത്തുമ്പോൾ അവിടെ അഞ്ചോ ആറോ രാഷ്ട്രീയതടവുകാരേ ഉണ്ടായിരുന്നുള്ളു. അവരെ ഓരോരുത്തരേയും ഓരോ മുറിയിലാണു പാർപ്പിച്ചിരുന്നതു്. ഇരുപത്തിനാലുമണിക്കൂറും ജയിലറകളിൽത്തന്നെ കഴിക്കണമായിരുന്നു. രാഷ്ട്രീയതടവുകാർക്കു വായിക്കാൻ പുസ്തകങ്ങളോ പത്രങ്ങളോ നല്കിയിരുന്നില്ലെന്നു മാത്രമല്ല, അവരെക്കൊണ്ടു ജോലിയെടുപ്പിക്കുകയും ചെയ്തിരുന്നു. ഒരാൾ ഒരുദിവസം ഒരുറാത്തൽ 'വക്ക'നാരുകൊണ്ടുള്ള കയറു പിരിക്കണം. ആ കയറിനു ചില നിലവാരങ്ങളുമുണ്ടു്. തടവുകാർക്കു നല്കുന്ന ഭക്ഷണത്തിൽ കല്ലും പുഴുവുമുണ്ടായിരിക്കും. കുടിക്കാൻ ശുദ്ധജലം നല്കിയിരുന്നില്ല. അതിനാൽ ഇന്ത്യയിൽനിന്നു പുതുതായി എത്തിയ രാഷ്ട്രീയതടവുകാർ നിരാഹാരവ്രതമാരംഭിച്ചു. പിന്നീടു് അവിടെയെത്തിയ തടവുകാരും അതിൽ പങ്കെടുത്തു. ഗവണ്മെൻറു്, തടവുകാരോടു പൈശാചികമായി പെരുമാറാനാരംഭിച്ചു. തൽഫലമായി മഹാബീർസിംഗ്, ശ്രീ. മോഹൻ, ശ്രീമോഹൻകുമാർ എന്നീ മൂന്നു വിപ്ലവകാരികൾ രക്തസാക്ഷികളായി. അവിടത്തെ നിരാഹാരവാർത്ത വളരെ വൈകിയാണു് ഇന്ത്യയിലറിഞ്ഞതു്. നിരാഹാരവ്രതമനുഷ്ഠിച്ചു് ദേശാഭിമാനികൾ രക്തസാക്ഷികളായ വിവരം രാജ്യത്തു് കോളിളക്കം സൃഷ്ടിച്ചു. ഇന്ത്യയിലെ തലമുതിർന്ന നേതാക്കൾ, നിരാഹാരവ്രതമവസാനിപ്പിക്കാൻ വിപ്ലവ

കാരികളോടഭ്യർത്ഥിച്ചു. രവീന്ദ്രനാഥടാഗോർ ഒരു പ്രസ്താവന പുറപ്പെടുവിച്ചു. ജയിലിലെ സ്ഥിതികളന്വേഷിക്കാൻ ഗവൺമെൻറ് ഒരു കമ്മിററിയെ നിയോഗിച്ചു. ആന്തമാനിലെ ജയിൽജീവിതം അതിഭയാനകമായിരുന്നു. രാഷ്ട്രീയതടവുകാർ തങ്ങളുടെ മാതൃഭൂമിയിൽനിന്ന് ആയിരം മൈലകലെ നരകത്തിലെറിയപ്പെട്ടു. അവരുടെ വിവരങ്ങളറിയാൻ ദേശവാസികൾക്കു മാർഗ്ഗമില്ല. ആ പരിതഃസ്ഥിതിയിൽ തങ്ങൾക്കിനി ജീവനോടെ തിരിച്ചുപോരാൻ സാധിക്കുകയില്ലെന്നു തടവുകാർ നിശ്ചയിച്ചു. ജയിലധികൃതരുടെ അനീതിയും, ജീവിതവൈഷമ്യങ്ങളുംമൂലം പലരും രോഗബാധിതരായി. ചിലക്കു ക്ഷയരോഗം ബാധിച്ചു. മററുചിലക്കു ഭ്രാന്തായി. അവശേഷിച്ചവർ മരണവും പ്രതീക്ഷിച്ചു നിമിഷങ്ങളെണ്ണിക്കഴിച്ചുകൂട്ടി. ആ പരിതഃസ്ഥിതിയിലാണ് ബി. കെ. ദത്തും കൂട്ടരും നിരാഹാരവ്രതത്തിനൊരുങ്ങിയതു്. 1935-ൽ ഇന്ത്യാഗവൺമെൻറ് സംസ്ഥാനഗവൺമെൻറുകൾക്കു സ്വയംഭരണാധികാരം നല്കിയ കാലഘട്ടം. അപ്പോഴേയ്ക്കും വളരെയധികം വിപ്ലവകാരികൾ തടവുകാരായി ആന്തമാനിൽ എത്തിക്കഴിഞ്ഞിരുന്നു. ഏതാണ്ടു് മുന്നൂറോളം രാഷ്ട്രീയതടവുകാർ ഒരുമിച്ചു നിരാഹാരവ്രതമാരംഭിച്ചു. തങ്ങളെ ഇന്ത്യൻജയിലുകളിലേക്കയയ്ക്കണമെന്നായിരുന്നു അവരുടെ ആവശ്യം. ഏതാണ്ടു് നാല്പത്തിയഞ്ചുദിവസത്തെ നിരാഹാരവ്രതത്തിനുശേഷമാണ് ഇന്ത്യയിൽ അറിയുന്നതു്. അതോടെ ഇന്ത്യൻ ജയിലുകളിലുണ്ടായിരുന്ന രാഷ്ട്രീയതടവുകാരും തങ്ങളുടെ സഹപ്രവത്തകരോടനുഭാവം പ്രകടിപ്പിച്ചു് നിരാഹാരവ്രതമാരംഭിച്ചു. ശ്രീ. ബി. കെ. ദത്തും സ്നേഹിതന്മാരും ആന്തമാനിൽ ഊതിക്കത്തിച്ച തീപ്പൊരി, കാട്ടുതീപോലെ ഭാരതമെങ്ങും വ്യാപിച്ചു. അതിനാൽ കോൺഗ്രസ്സിനും അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. അവർ രാഷ്ട്രീയതടവുകാരുടെ മോചനത്തിനായി ഒരു പ്രത്യേകദിവസം വിമോചനദിനമായി ആചരിച്ചു. ആന്തമാനിലുള്ള രാഷ്ട്രീയതടവുകാരെ ഇന്ത്യയിലേയ്ക്കു തിരിച്ചുകൊണ്ടുവരാനും അവരെ മോചിപ്പിക്കാനുംവേണ്ടി വലിയ പ്രക്ഷോഭണങ്ങളാരംഭിച്ചു. ആന്തമാനിലെ തടവുകാരുടെ പ്രശ്നം രാഷ്ട്രത്തിൻെറ പ്രശ്നമാണെന്നും അതിനാൽ തങ്ങൾ ഉടൻതന്നെ വേണ്ടതു് ചെയ്യുന്നതാണെന്നും കാണിച്ചു ഭാരതീയനേതാക്കൾ കമ്പിയടിച്ചു. പക്ഷേ വിപ്ലവകാരികൾ തങ്ങളുടെ തീരു

മാനത്തിലുറച്ചുനിന്നു. ആവശ്യങ്ങളനുവദിക്കാത്തിടത്തോളം കാലം നിരാഹാരവ്രതമവസാനിപ്പിക്കുന്നതല്ലെന്നു പ്രഖ്യാപിച്ചു. ഗാന്ധിജി അവക്ക് ഇപ്രകാരം കമ്പിയടിച്ചു: "ഞാൻ നിങ്ങളുടെ ആവശ്യങ്ങൾ ഗവണ്മെൻറിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ തയ്യാറാണ്. അതിനുവേണ്ടി വൈസ്രോയിയുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ എൻെറ കരം സുശക്തമാക്കാൻ നിങ്ങൾ നിരാഹാരവ്രതമവസാനിപ്പിക്കണം." അതോടെ എല്ലാ തടവുകാരും നിരാഹാരവ്രതമവസാനിപ്പിച്ചു. ഗാന്ധിജി വൈസ്രോയിയെക്കൊണ്ട് എല്ലാ സംസ്ഥാനങ്ങളോടും അവരവരുടെ തടവുകാരെ ആന്തമാനിൽനിന്നു തിരിച്ചുകൊണ്ടുവരാൻ കല്പനപുറപ്പെടുവിപ്പിച്ചു. അങ്ങനെ എല്ലാ രാഷ്ട്രീയതടവുകാരും ക്രമേണ ഇന്ത്യയിലേയ്ക്കു മടങ്ങിക്കൊണ്ടിരുന്നു.

"ആന്തമാനിൽ രാഷ്ട്രീയതടവുകാരുടെ നിരാഹാരവ്രതസമരം മൂർദ്ധന്യദശയിലെത്തിയപ്പോൾ പഞ്ചാബിലെ മാണ്ടുഗോമറിജയിലിൽനിന്നും വിമുക്തനായ ഞാൻ ഡെൽഹിയിൽ വന്നു. ഏതാണ്ട് അഞ്ചുവർഷത്തെ ജയിൽജീവിതത്തിനുശേഷം പുറത്തുവന്നതായിരുന്നു അപ്പോൾ ഞാൻ. അപ്പോഴേയ്ക്കും സ്ഥിതിഗതികൾക്ക് പല മാററങ്ങളും വന്നുകഴിഞ്ഞു എന്ന് ഡെൽഹികോൺഗ്രസ്സിൻെറ പെരുമാററത്തിൽനിന്ന് എനിക്കു മനസ്സിലായി. ഡെൽഹി പ്രദേശ് കോൺഗ്രസ് എനിക്കു വമ്പിച്ച ഒരു സ്വീകരണമാണു നൽകിയതു്. ആ സമ്മേളനത്തിൽ ലാലാ ദേശ്ബന്ധു ഗുപ്താ, ശ്രീമതി സത്യവതി തുടങ്ങിയവർ പ്രസംഗിക്കുകയുണ്ടായി. ആ സ്വീകരണത്തിനു സമുചിതമായ മറുപടി പറഞ്ഞുകൊണ്ട് ഞാൻ ആന്തമാനിലെ ജയിലുകളിൽ ഇഞ്ചിഞ്ചായി മരിക്കുന്ന സഹയാത്രികരെ മോചിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളാനഭ്യർത്ഥിച്ചു. 'രാഷ്ട്രീയതടവുകാരെ വിട്ടയയ്ക്കുക' എന്ന തലക്കെട്ടിൽ ഞാനൊരു ലഘുലേഖ ഇംഗ്ലീഷിൽ അച്ചടിപ്പിച്ചു പഞ്ചാബിലും, യു. പി. യിലും, ഡെൽഹിയിലും വിതരണംചെയ്യുകയുണ്ടായി. ദുശ്ശാഠ്യത്തിലൂടെ സ്ഥിതിഗതികൾ വഷളാക്കാതെ ചരിത്രത്തിൽനിന്നു പാഠംപഠിക്കാൻ ഞാൻ ബ്രിട്ടീഷ്ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുകയുംചെയ്തു.

A Rebel of today might become a Ruler of tomorrow—നിങ്ങൾ ഇന്ന രാജദ്രോഹികളായിഎണ്ണുന്നവരിൽ ചിലർ നാളത്തെ ഭരണാധികാരിയായിത്തീർന്നെന്നുംവരാം—എന്നാരംഭിക്കുന്ന ആ ലഘുലേഖയിൽ അയർലൻറിൻെറ ഉദാഹരണം എടുത്തുകാട്ടിയിരുന്നു. നിർഭാഗ്യവശാൽ ഡെൽഹി ചീഫ് കമ്മിഷണർ, ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ ഡെൽഹി വിട്ടുകൊള്ളണമെന്ന് എന്നോടാവശ്യപ്പെട്ടു. ലാഹോറിലെത്തിയ ഉടൻ എന്നെ വീണ്ടും അറസ്റ്റ്ചെയ്ത് ഷാഹിക്കോട്ടയിൽ തടങ്ങലിൽവച്ചു. യൂറോപ്യൻ പോലീസ് സൂപ്രണ്ട് മിസ്റ്റർ മാർട്ടിൻ ജയിലിൽവച്ച് എന്നെ കണ്ടുമുട്ടി. അദ്ദേഹം എൻെറ ലഘുലേഖ വായിച്ചിട്ടുണ്ടായിരുന്നു ആ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ സ്നേഹത്തോടെ എന്നെ ഉപദേശിച്ചു: "നിങ്ങൾ എഴുതിയ ലഘുലേഖ ഞാൻ വായിച്ചു. നിന്നെപ്പോലുള്ള യുവാക്കൾ വിപ്ലവപ്രസ്ഥാനത്തിൻെറ ആപൽപ്രവത്തനങ്ങളിൽ കുടുങ്ങി ജീവിതം പാഴാക്കുന്നതു കാണുമ്പോൾ ഖേദം തോന്നുന്നു. ദേശസേവനംചെയ്യാനാഗ്രഹമുണ്ടെങ്കിൽ നിയമാനുസൃതമുള്ള മാർഗ്ഗം സ്വീകരിക്കുക. അപകടംപിടിച്ച ഈ മാർഗ്ഗം ഉപേക്ഷിച്ച് കോൺഗ്രസ്സിൽ പ്രവത്തിച്ചുകൂടെ?" അദ്ദേഹത്തിൻെറ ഉപദേശം കേട്ട് ഞാൻ ഞെട്ടി.

"എന്തത്ഭുതം! ഈ വെള്ളക്കാരൻ, ജോൺ ആൻേറഴ്സനെപ്പോലെയോ, ചാറത്സ് ടൈഗർട്ടിനെപ്പോലെയോ ഉള്ള രാക്ഷസനല്ല! ഇദ്ദേഹത്തിൻെറ ഹൃദയത്തിലും ദേശഭക്തന്മാരോടു സ്നേഹമുണ്ട്! അത്തരത്തിലുള്ള മറെറാരു വെള്ളക്കാരനേയും ഞാൻ കണ്ടു. അദ്ദേഹം അമൃത്സാറിലെ ഡെപ്യൂട്ടികമ്മീഷണറായിരുന്നു. ആ ഉദ്യോഗസ്ഥൻ ജയിലിൽ വന്നപ്പോൾ ഞാനും സഖാവ് എസ്. എസ്. യൂസഫും ചതുരംഗക്കളിയിൽ വ്യാപൃതരായിരിക്കുകയായിരുന്നു ഞങ്ങൾ കളിക്കുന്നതു കണ്ടു സന്തുഷ്ടനായ ഡെപ്യൂട്ടിക്കമ്മീഷണർ ആവേശത്തോടെ ഞങ്ങളുടെ കരംപിടിച്ചു കുലുക്കി കുശലപ്രശ്നങ്ങൾചെയ്തു. വല്ല ബുദ്ധിമുട്ടുകളുമുണ്ടെങ്കിൽ അതിനു പരിഹാരമുണ്ടാക്കാമെന്നും അദ്ദേഹം ഞങ്ങളോടു പറഞ്ഞു. യാത്രപറഞ്ഞു പോയപ്പോഴും ആ ഉദ്യോഗസ്ഥൻ ഞങ്ങളെ ആദരിച്ചിട്ടാണു പോയത്. ഡെപ്യൂട്ടിക്കമ്മീഷണർ മി: മൂൺ, ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തെ എത്രമാത്രം ആദരിച്ചുവെന്നതു പിന്നീടു മനസ്സിലായി. ഇന്ത്യ സ്വാതന്ത്ര്യ

യപ്പോൾ അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കു തിരിപോകാൻ വിസമ്മതിച്ചു. സ്വതന്ത്രഭാരതം ആ ദേശസ്നേഹിക്കു മാന്യമായ പദവി നൽകുകയും ചെയ്തു.

ഇന്ത്യയിൽ, ബ്രിട്ടീഷ്ഭരണത്തിൻകീഴിൽ നടന്ന പൊതുതിരഞ്ഞെടുപ്പിന്റെ ഫലമായി ആറു സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ്മന്ത്രിസഭ രൂപംകൊണ്ടു. കോൺഗ്രസ്സ്മന്ത്രിസഭ രൂപീകരിക്കപ്പെട്ട സംസ്ഥാനങ്ങൾ രാഷ്ട്രീയതടവുകാരെ വിട്ടയയ്ക്കാൻ തുടങ്ങി. ഉത്തരപ്രദേശിൽ പണ്ഡിററ്പന്തായിരുന്നു മുഖ്യമന്ത്രി. എല്ലാററിലുമാദ്യം വിപ്ലവകാരിരാഷ്ട്രീയത്തടവുകാരെ വിട്ടയച്ചതു് അദ്ദേഹമായിരുന്നു. അങ്ങനെ സചീന്ദ്രനാഥസന്യാൽ, സചീന്ദ്രബക്ഷി, ജോഗേഷ്ചാററർജി മന്മഥനാഥ് ഗുപ്ത തുടങ്ങിയ വിപ്ലവകാരികൾ വിമോചിതരായി. അവർ കാക്കോറി ഗൂഢാലോചനക്കേസിൽ ശിക്ഷിക്കപ്പെട്ടവരായിരുന്നു. ആ കേസിൽ രാംപ്രസാദ്ബിസ്മിൽ, രോഷൻസിംഗ്, രാജേന്ദ്രലാഹരി, ഇഷ്ഫാക്കുള്ള തുടങ്ങിയവർ കഴുമരത്തിലേററപ്പെട്ടു. പണ്ഡിററ് പന്തിനു് വിപ്ലവകാരികളോടു പ്രത്യേകം മമതയുണ്ടായിരുന്നു. അദ്ദേഹമാണു് കാക്കോറി ഗൂഢാലോചനക്കേസിൽ വിപ്ലവകാരികൾക്കുവേണ്ടി കോർട്ടിൽ വാദിച്ചതു്. ആ കേസിൽ പന്തിനു പ്രശസ്തി ലഭിച്ചു. ആ പ്രശസ്തി അദ്ദേഹത്തിനു് ഇന്ത്യൻ രാഷ്ട്രീയരംഗത്തു് ഉന്നതപദവി നേടിക്കൊടുത്തു. കാക്കോറി ഗൂഢാലോചനക്കേസിലൂടെയാണു് പണ്ഡിററ് പന്ത് ആദ്യമായി രാഷ്ട്രീയരംഗത്തു കാലുകുത്തിയതും. ആ കേസിലൂടെ രാഷ്ട്രീയരംഗത്തു വന്ന മറെറാരു വക്കീൽ ശ്രീ. ചന്ദ്രഭാനുഗുപ്തയാണു്. ഇന്നു് സി. ബി ഗുപ്ത എന്ന പേരിൽ അറിയപ്പെടുന്ന ആ മാന്യനും പന്തിനെപ്പോലെതന്നെ ഉത്തരപ്രദേശിലെ മുഖ്യമന്ത്രിപദം അലങ്കരിക്കുകയുണ്ടായി. കാക്കോറി ഗൂഢാലോചനക്കേസ്സാണു് ഗുപ്തയേയും രാഷ്ട്രീയരംഗത്തു കൊണ്ടുവന്നതു്."

കോൺഗ്രസ് മന്ത്രിസഭ രൂപീകരിച്ച സംസ്ഥാനങ്ങളിൽ രാഷ്ട്രീയതടവുകാരെ വിട്ടയച്ചെന്നു പറഞ്ഞുവല്ലോ. എന്നാൽ ബി. കെ. ദത്ത് അപ്പോഴും ജയിലിൽത്തന്നെയായിരുന്നു: അദ്ദേഹത്തെ ശിക്ഷിച്ചതു് ഡൽഹികോട്ടാണു്. ഡൽഹി ചീഫ്കമ്മീ

ഷണരുടെ ഭരണത്തിൻകീഴിലാണ്. അതിനാൽ ശ്രീ. ദത്ത് കേന്ദ്രഗവണ്മെൻറിൻെറ തടവുകാരനാണ്. പരേതനായ ശ്രീപ്രകാശ, ദത്തിൻെറ മോചനക്കാര്യത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധ ക്ഷണിച്ചപ്പോൾ ഹോംമെമ്പർ ഇപ്രകാരം മറുപടികൊടുത്തു: "ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ട തടവുകാരനെ മോചിപ്പിക്കുന്ന പ്രശ്നമേയില്ല. ജീവപര്യന്തം എന്നതിൻെറ അർത്ഥം തടവുകാരൻ മരണംവരെ ജയിലിൽ കഴിയുക എന്നാണ്." ആന്തമാനിൽനിന്ന് ഇന്ത്യയിൽ കൊണ്ടുവന്ന ദത്തിനെ ഡൽഹി ജയിലിൽ പാർപ്പിച്ചു. അവിചാരിതമായി ഒരുദിവസം ഡിസ്ട്രിക്ട്മജിസ്ട്രേട്ട് എഫ്. ബി. പോൾ ജയിൽ സന്ദർശിച്ചപ്പോൾ ദത്തിനെ കണ്ടു. അദ്ദേഹം അത്ഭുതത്തോടെ ശ്രീ. ദത്തിനോടു പറഞ്ഞു: "ഹലോ! മിസ്റ്റർ ദത്ത്, നിങ്ങൾ ഇപ്പോഴും ജീവിച്ചിരിക്കുന്നോ?" "ജീവിക്കുകമാത്രമല്ല; താങ്കളുടെ മുമ്പിൽതന്നെ നില്ക്കുന്നു" എന്നായിരുന്നു ദത്തിൻെറ മറുപടി. ഡിസ്ട്രിക്ട്മജിസ്ട്രേട്ട് ശ്രീ. ദത്തിനെ ആദ്യമായി കണ്ടതു് 1929-ൽ അസംബ്ളി ബോംബുകേസിൻെറ വിചാരണയ്ക്കായിരുന്നു. 9 വർഷത്തിനുശേഷം വീണ്ടും ജയിലിൽ തന്നെ കണ്ടപ്പോൾ അദ്ദേഹത്തിന് ഖേദം തോന്നി. ഉടൻതന്നെ ദത്തിനെ ജയിലിൽ 'എ' ക്ലാസ് തടവുകാരനായി പ്രഖ്യാപിച്ചു. ബാക്കിയുള്ള രാഷ്ട്രീയത്തടവുകാരേയുംകൂടി വിട്ടയയ്ക്കുവാൻ പ്രക്ഷോഭണമാരംഭിച്ചു. കാക്കോറികേസ്സിലെ പ്രതികൾക്കു് ഡൽഹിയിൽവെച്ചൊരു സ്വീകരണംനൽകാൻ തീർച്ചയാക്കി. സ്വീകരണസംഘത്തിൻെറ ക്ഷണമനുസരിച്ചു് ഡൽഹിയിലെത്തിയ സചീന്ദ്രസന്യാലിനേയും കൂട്ടുകാരേയും റയിൽവേസ്റ്റേഷനിൽവച്ചു് പോലീസ് തടഞ്ഞു. ആറുമണിക്കൂറിനുള്ളിൽ ഡൽഹി വിട്ടുകൊള്ളണമെന്ന, മജിസ്ട്രേട്ടിൻെറ ആജ്ഞ അവരുടെ കൈയിൽ കൊടുത്തു. തൽഫലമായി ഞങ്ങൾ അവരെ സുശീലജ്യേഷ്ഠത്തിയുടെ ഭവനത്തിലേയ്ക്കാനയിച്ചു. ആ ഭവനത്തിൽവെച്ചായിരുന്നു ഞാൻ ആദ്യമായി സചീന്ദ്രനാഥസന്യാലിനേയും, രാഷ്ബിഹാറി ബോസിനേയും കണ്ടതു്. അവിടവെച്ചാണ് സർദാർ ഭഗത് സിംഗും ബി. കെ. ദത്തും വിപ്ലവപ്രസ്ഥാനത്തിൽ ചേർന്നതും. സ്വീകരണസമ്മേളനം ഡിസ്ട്രിക്ട്മജിസ്ട്രേട്ടിൻെറ ആജ്ഞ ലംഘിക്കാൻതന്നെ തീർച്ചയാക്കി. ഘോഷയാത്രയിൽ പങ്കെടുക്കുന്ന

ഓരോ വിപ്ലവകാരിയേയും പോലീസ് അറസ്റ്റ്ചെയ്യാനും തുടങ്ങി. അതോടെ ജനക്കൂട്ടം അനിയന്ത്രിതമായി. പോലീസിനെ ആക്ര മിച്ചു. ഉടൻ സുശക്തമായ പോലീസ്സേന വന്നെത്തി. ഡൽഹി യിലെ പോലീസ്സൂപ്രണ്ട് മിസ്റ്റർ സ്കോട്ടും സ്ഥലത്തെത്തി. ലാലാ ലജ്പത്റായിയുടെ ഘാതകനായ സ്കോട്ടാണത്. ഒരി ക്കൽ ദേശബന്ധു സി. ആർ. ദാസും, പത്നി വാസന്തീദേവിയും ഒരു സമ്മേളനത്തിൽവെച്ച് ഭാരതീയയുവാക്കളെ അപലപിക്കുക യുണ്ടായി. ലാലാ ലജ്പത്റോയിയെ വധിച്ച് ദേശീയാപമാനം വരുത്തിയ നീചനോട് പകവീട്ടാൻ ഇന്ത്യയിൽ യുവാക്കളില്ലാതെ പോയല്ലോ എന്ന് അവർ സഹതപിക്കുകയുണ്ടായി. വിപ്ലവകാ രികൾ ആ പകവീട്ടാൻ മുന്നോട്ടുവന്നു. നിർഭാഗ്യവശാൽ സ്കോട്ടിനുപകരം സാൻേറഴ്സനായിപ്പോയി എന്നുമാത്രം. ആ സ്കോട്ടാണ് ഇപ്പോൾ മുമ്പിൽ വന്നിരിക്കുന്നത്. വിപ്ലവകാരി കൾ മിസ്റ്റർ സ്കോട്ടിനെ കണ്ടതോടെ ആവേശഭരിതരായി. അവർ എല്ലാവരും അദ്ദേഹത്തെ വളഞ്ഞു. "നിങ്ങളുടെ മനസ്സിൽ വല്ല പകയും അവശേഷിച്ചിട്ടുണ്ടെങ്കിൽ വെയ്ക്കൂ വെടി" എന്നായി. പോലീസ്വലയം ഭേദിച്ച് ഘോഷയാത്ര മുന്നോട്ടു നീങ്ങി. കൃത്യ സമയത്തിന് ഡിസ്ട്രിക്റ്റ്മജിസ്ട്രേട്ട് സ്ഥലത്തെത്തി. അദ്ദേഹം പോലീസിനോട് വഴിമാറിക്കൊടുക്കാനാജ്ഞാപിച്ചു. അങ്ങനെ സമ്മേളനം നടന്നു.

മദ്രാസ് ജയിലുകളിലുള്ള രാഷ്ട്രീയത്തടവുകാരപ്പോഴും ജയിലിൽത്തന്നെയായിരുന്നു. അക്കാലത്ത് രാജാജിയായിരുന്നു മുഖ്യമന്ത്രി. മദ്രാസിലെ രാഷ്ട്രീയത്തടവുകാരെ വിട്ടയയ്ക്കാത്ത തെന്തെന്ന് അദ്ദേഹത്തോടന്വേഷിച്ചപ്പോൾ, മദ്രാസിൽ രാഷ്ട്രീയ ത്തടവുകാരില്ലെന്നും, ഇപ്പോൾ ജയിലിലുള്ളവർ കവർച്ചക്കുററത്തി ന് ശിക്ഷിക്കപ്പെട്ടവരാണെന്നുമായിരുന്നു രാജഗോപാലാചാരിയു ടെ മറുപടി. ഒരുദിവസം രാജാജി ഡൽഹിയിൽ വന്നു. അതറി ഞ്ഞ് ജനക്കൂട്ടം റയിൽവേസ്റ്റേഷൻ വളഞ്ഞു. ചതുരനായ രാജാജി പിൻവാതലിലൂടെ സ്ഥലംവിട്ടു. എന്നാൽ വൈകുന്നേരം അദ്ദേഹം ദറിയാഗഞ്ചിലുള്ള ഒരു കോളേജിൽ പ്രസംഗിക്കാൻ വരുന്നുണ്ടെന്നറിഞ്ഞ് സമാധാനിച്ചു. കൊടികളും, അടയാ ളങ്ങളുമൊന്നുംകൂടാതെ നൂറോളംപേർ കോളേജിന്റെ പടിക്കൽ കാത്തുനിന്നു. പരിപാടി കഴിഞ്ഞ് പുറത്തിറങ്ങിയ രാജാജിയെ

വളഞ്ഞു. ജീവിതത്തിലൊരിക്കലും വിസ്മരിക്കാൻകഴിയാത്ത ഡ്വീകരണമായിരുന്നു അന്നു് രാജാജിക്കു ലഭിച്ചതു്. ആസഫ് അലി ഇടപെട്ടു് കാര്യമവസാനിപ്പിച്ചു. മദ്രാസ്ജയിലിലുള്ള രാഷ്ട്രീയത്തടവുകാരെ വിട്ടയയ്ക്കുന്നകാര്യം താനേററു എന്നു് ആസഫ്ആലി ഉറപ്പുതന്നു. ഞങ്ങൾ വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ട തടവുകാർ ഊട്ടി ബാങ്കുകവർച്ചക്കേസിൽ ശിക്ഷിക്കപ്പെട്ടവരായിരുന്നു. വിപ്ലവപ്രവർത്തനങ്ങൾക്കുവേണ്ടിയായിരുന്നു അവർ അങ്ങനെ ചെയ്തതു്. അതിനാൽ അവരും രാഷ്ട്രീയത്തടവുകാർതന്നെ. രാജാജി മദ്രാസിൽ തിരിച്ചെത്തിയ ഉടൻ ഊട്ടി ബാങ്കുകവർച്ചക്കേസ്സിൽ ശിക്ഷിക്കപ്പെട്ട എല്ലാ തടവുകാരേയും മോചിപ്പിച്ചു.

•

ബി കെ. ദത്തിൻെറ അഭ്യുദയകാംക്ഷികളുടേയും ബീഹാറിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീകൃഷ്ണസിൻഹയുടേയും ശ്രമഫലമായി ദത്തിനെ ഡൽഹിജയിലിൽനിന്നു് ബീഹാറിലെ ജയിലിലേക്കു മാററി. ഭഗൽപ്പൂർ ജയിലിൽവച്ചു് അസുഖം ബാധിച്ചപ്പോൾ ദത്തിനെ പാററ്നാ ജയിലിലേയ്ക്കു മാററി. അവിടെയും അദ്ദേഹത്തിൻെറ ആരോഗ്യം ദിനംപ്രതി വഷളാകാൻതുടങ്ങി. ദത്തിനെ മോചിപ്പിക്കാൻവേണ്ടിയുള്ള പ്രക്ഷോഭണം ശക്തിപ്പെട്ടു. ഗാന്ധിജി ശ്രീ. ദത്തിനെ മോചിപ്പിക്കാൻ കേന്ദ്രഗവണ്മെൻറിനെഴുതി.

1939-ൽ ബി. കെ. ദത്ത് ജയിൽവിമുക്തനായി. ഡൽഹി, പഞ്ചാബ്, ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ പ്രവേശിക്കരുതെന്ന നിരോധനാജ്ഞയോടെയാണു് ദത്തിനെ വിട്ടയച്ചതു്. 1942-ൽ വിപ്ലവത്തിൻെറ ജ്വാല വീണ്ടും രാജ്യത്തു് വ്യാപിച്ചതോടെ ദത്ത് അറസ്റ്റ്ചെയ്യപ്പെട്ടു. അങ്ങനെ 1947 ആഗസ്റ്റ് പതിനഞ്ചാംതീയതിവരെ ശ്രീ. ബി. കെ. ദത്ത് ഒരു തടവുകാരനായി കഴിഞ്ഞുകൂടി.

നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യം കെട്ടിപ്പടുക്കാൻ എത്രയോ യുവാക്കളുടെ രക്തവും മാംസവും മജ്ജയും വേണ്ടിവന്നു എന്നതു് ലോകത്തിനജ്ഞാതമല്ല. എത്രയോ ദേശഭക്തന്മാർ കഴുമരത്തിലേറി! എത്രയോ വീരസന്താനങ്ങൾ ജയിലറകളിൽക്കിടന്നു് ഇഞ്ചിഞ്ചായി മരിച്ചു! നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തി

നായി ഒട്ടേറെ ബലിദാനങ്ങൾ നല്കീട്ടുണ്ട്. ആയിരമായിരം യുവാക്കളുടെ ജീവരക്തംകൊണ്ട് നനഞ്ഞ ഈ മണ്ണ് പരിപാവനമാണ്. ഒരു വ്യക്തി മറെറാരു വ്യക്തിയേയോ ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തേയോ ചൂഷണംചെയ്യാൻ അനുവദിക്കാത്ത ഒരു ഭരണവ്യവസ്ഥ സ്ഥാപിക്കാൻ അവർ ആഗ്രഹിച്ചു. ഭാരതത്തിനുമാത്രമല്ല ലോകത്തിനൊട്ടാകെയായി സർദാർ ഭഗത്സിംഗ് നൽകിയ സന്ദേശമിതായിരുന്നു — 'ഇൻക്വിലാബ്-സിന്ദാബാദ്.'

# 3

## ജീവിതസായാഹ്നം

1964 നവംബറിൽ, തനിക്ക് തീരെ സുഖമില്ലാതെ പാററ്നാ ആശുപത്രിയിലെ സാധാരണവാർഡിൽ അഭയംപ്രാപിച്ചിരിക്കുകയാണെന്നു കാണിച്ച് ശ്രീ. ബി. കെ. ദത്തിൽനിന്നും ഒരു കത്തു കിട്ടിയപ്പോൾ എനിക്ക്അത്യധികം വ്യസനംതോന്നി. 1929 മുതൽ 1931 വരെയുള്ള കാലഘട്ടത്തെക്കുറിച്ച് ഞാൻ ചിന്തിച്ചുപോയി. ഭാരതത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി വിപ്ലവകാരികൾ നടത്തിയ ധീരകൃത്യങ്ങൾ ഒന്നൊന്നായി എൻെറ കൺമുമ്പിൽ പൊന്തിവന്നു. അതിൻെറ ആദ്യത്തെ രംഗം 1929 ഏപ്രിൽ എട്ടാംതീയതി നടന്ന ഐതിഹാസിക സംഭവമായിരുന്നു.

പത്തൊൻപതും, ഇരുപത്തിയൊന്നും വയസ്സ് പ്രായമുള്ള രണ്ടു യുവാക്കന്മാർ—സർദാർ ഭഗത്സിംഗ്, ബട്കേശ്വർ ദത്ത്—ഇൻക്വിലാബ്-സിന്ദാബാദ് എന്ന മുദ്രാവാക്യം മുഴക്കി സെൻട്രൽ അസംബ്ലിയിലെ സന്ദർശകഗ്യാലറിയിൽനിന്നു സമ്മേളനസ്ഥലത്തേക്ക് രണ്ടു ബോംബെറിയുകയുണ്ടായി. കൂട്ടത്തിൽ പോസ്റ്ററുകളുമുണ്ടായിരുന്നു. തങ്ങൾ എന്തിനുവേണ്ടിയാ

ണീ സാഹസകൃത്യത്തിനു മുതിർന്നതെന്ന് അവർ ആ പോസ്റ്ററിൽ വ്യക്തമാക്കിയിരുന്നു.

"ബധിരരുടെ ചെകിട് തുറപ്പിക്കാൻ ഒരു ഭയങ്കരശബ്ദം ആവശ്യമായിരിക്കുന്നു. തങ്ങളുടെ രാജ്യത്തെ ഐതിഹാസികമായ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ബധിരരായ ഭരണാധികാരികളുടെ ചെകിട് തുറപ്പിക്കാൻ ഫ്രഞ്ച്വിപ്ലവകാരികൾ സ്വീകരിച്ച മാർഗ്ഗം ഞങ്ങളും സ്വീകരിക്കുന്നു. രാജ്യത്ത് ഇന്നിക്കാണുന്ന ശാന്തി ഒരു മഹാവിപ്ലവത്തിന് കളമൊരുക്കലാണെന്ന് ഞങ്ങൾ ബ്രിട്ടീഷ്ഗവണ്മെൻറിന് മുന്നറിയിപ്പുനല്കുന്നു." ഇതായിരുന്നു ആ പോസ്റ്ററിലെ ഉള്ളടക്കം.

രണ്ടാമത്തേത് സർദാർ ഭഗത്‌സിംഗും ദത്തും ആ കേസ്സിൻെറ വിചാരണയ്ക്ക് യൂറോപ്യൻജഡ്ജിയുടെ കോർട്ടിൽ ശിരസ്സുയർത്തിനില്ക്കുന്ന രംഗമാണ്. അവർ മൊഴി നൽകിക്കൊണ്ട് ദേശവാസികളോടായി തങ്ങളുടെ രാഷ്ട്രീയലക്ഷ്യം വിശദീകരിച്ചു:

"സ്വാതന്ത്ര്യത്തിൻെറ മാർഗ്ഗം വിപ്ലവമാണ്. കോൺഗ്രസ് ഒരു ബൂർഷ്വാസംഘടനയാണ്. രാജ്യത്ത് യഥാർത്ഥസ്വാതന്ത്ര്യം സ്ഥാപിക്കാൻ ആ സംഘടനയ്ക്കു സാദ്ധ്യമല്ല. അവർ സദാസമയവും ബ്രിട്ടീഷുകാരുമായി കൂട്ടുകെട്ടിനും ഒത്തുതീർപ്പുകൾക്കും തയ്യാറെടുത്തു നടക്കുന്നു. ഉദാഹരണം: കല്ക്കത്താകോൺഗ്രസ്‌സമ്മേളനത്തിൻെറ പ്രമേയമാണ്. അവർ ഡൊമിനിയൻപദവിയാണ് ആവശ്യപ്പെട്ടതു്. ഡൊമിനീയൻപദവിയും പകുതി അടിമത്തമാണ്. അതു് സാധാരണക്കാർക്ക് യാതൊരു പ്രയോജനവും ചെയ്യുകയില്ല. കുറെ ധനികർക്ക് രാഷ്ട്രീയസ്വാതന്ത്ര്യം കൈവരിക എന്നതുമാത്രമാണ് കോൺഗ്രസ്സിൻെറ ലക്ഷ്യം. അതിനാൽ അവർ ബ്രിട്ടീഷ്ഭരണത്തേക്കാളും കൂടുതൽ ഭയപ്പെടുന്നതു് സാമൂഹ്യവിപ്ലവത്തെയാണ്. ആ പരിതഃസ്ഥിതിയിൽ ഒരു സാമൂഹ്യവിപ്ലവത്തിന് സാധാരണക്കാരെ സന്നദ്ധമാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. വിദേശിഭരണത്തിൽനിന്നും രാജ്യത്തെ വിമുക്തമാക്കുന്നതോടൊപ്പം ബൂർഷ്വാസികളുടെ ചൂഷണത്തിൽനിന്നും ജനങ്ങളെ രക്ഷിക്കാനാഗ്രഹിക്കുന്നു."

മുമ്പും വിപ്ലവകാരികളെ അറസ്റ്റ്ചെയ്ത് കോടതികളിൽ ഹാജരാക്കാറുണ്ട്. എന്നാൽ അവരാരും തങ്ങൾ വിപ്ലവപ്രവർത്ത

നം നടത്തുന്നതെന്തിനെന്നു വിശദീകരിച്ചിട്ടില്ല. നിങ്ങളുടെ ലക്ഷ്യമെന്തെന്നു ചോദിക്കുമ്പോൾ, തങ്ങൾ വിദേശാധിപത്യത്തിൽനിന്നു മാതൃഭൂമിയെ സ്വതന്ത്രയാക്കാനാഗ്രഹിക്കുന്നു എന്നായിരുന്നു അവരുടെ മറുപടി. അതിനുശേഷമോ? രാജ്യത്തിൻെറ ഭരണസമ്പ്രദായമെന്തായിരിക്കും? അതിനെക്കുറിച്ച് ആരും ചിന്തിച്ചിരുന്നില്ല. ശിക്ഷ വിധിച്ചുകഴിയുമ്പോൾ അവർ "ഭാരതമാതാ കീജയ്!", "വന്ദേമാതരം!" എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിയിരുന്നു.

എന്നാൽ ഭഗത്സിങ്ങും, ദത്തും തങ്ങളുടെ ലക്ഷ്യവും പരിപാടിയും രാജ്യവാസികളുടെ മുമ്പിൽ വിശദീകരിച്ച്, "ഇൻക്വിലാബ്-സിന്ദാബാദ്! ഇമ്പീരിയലിസം മുർദ്ദാബാദ്" എന്ന പുതിയ മുദ്രാവാക്യം സംഭാവനചെയ്തു.

മൂന്നാമത്തെ രംഗം: ബോംബ്കേസിൽ ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ട ഭഗത്സിംഗും ദത്തും ലാഹോർ ഗൂഢാലോചനക്കേസ്സിൻെറ വിചാരണയ്ക്കായി ലാഹോറിൽ ഹാജരാക്കപ്പെട്ടു. അവരുടെ സഹപ്രവർത്തകരെ നേരത്തേതന്നെ അറസ്റ്റ്ചെയ്തുകഴിഞ്ഞിരുന്നു. കേസ്‌വിചാരണയാരംഭിച്ചു. ആ കേസിൽ ദത്ത് കുററക്കാരനല്ലെന്നുകണ്ടു് വിട്ടുപോന്നു. ബോംബുകേസിനു് ജീവപര്യന്തം തടവുശിക്ഷയനുഭവിക്കാൻ അദ്ദേഹത്തെ മദ്രാസിലേയ്ക്കു കൊണ്ടുപോന്നു. അധികം താമസിയാതെ ഭഗത്സിംഗ്, സുഖ്ദേവ്, രാജ്ഗുരു എന്നിവർ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടു.

ഭഗത്സിംഗ് കൽത്തുറുങ്കിൽനിന്നു് ശ്രീ: ദത്തിനിപ്രകാരമൊരു കത്തെഴുതി:

"പ്രിയസഹോദരാ! എനിക്കു് വധശിക്ഷ ലഭിച്ചു. ഞാൻ ആത്മാഭിമാനത്തോടെ കഴുമരത്തിലേറി, വിപ്ലവകാരികൾക്കു് മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിക്കാനും സാധിക്കുമെന്നു് ലോകത്തിനു കാണിച്ചുകൊടുക്കും. എന്നാൽ നിങ്ങൾ അപ്രതീക്ഷിതമായി വധശിക്ഷയിൽനിന്നു രക്ഷപ്പെട്ടു. അതിനാൽനിങ്ങൾ ഏതുവിധയാതനകളും വേദനകളും സഹിച്ച്, വിപ്ലവകാരികൾക്കു് മരിക്കാൻ മാത്രമല്ല, യാതനകളനുഭവിക്കുവാനും ത്യാഗങ്ങൾ സഹിക്കാനും സാധിക്കുമെന്നു് ദേശവാസികൾക്കു കാണിച്ചുകൊടുക്കണം."

നാലാംരംഗം: 1931 മാർച്ച് 23-ാംതീയതി—ചരിത്രപ്രധാനമായ കരിദിനം—ഭഗത്സിംഗ്, സുഖ്ദേവ്, രാജ്ഗുരു എന്നീ ധീരദേശാഭിമാനികൾ "ഇൻക്വിലാബ്-സിന്ദാബാദ്! ഇമ്പീരിയലിസം-മുർദ്ദാബാദ്!" എന്ന് മുദ്രാവാക്യംമുഴക്കി ലാഹോർ സെൻട്രൽജയിലിൽ കഴുമരത്തിലേറുന്നു. മറുവശത്ത് ശ്രീ: ദത്ത് മദ്രാസിലെ ഏതോ ഒരു ജയിലിൽക്കിടന്ന് തൻെറ ആത്മമിത്രമായ ഭഗത്സിംഗിനെ സ്വപ്നം കാണുന്നു. തൽക്ഷണമെഴുന്നേററ് തൻെറ പക്കലുള്ളഗ്ലാസ്സും വെള്ളവും നീട്ടി ഉപചരിക്കുന്നു: "ആത്മമിത്രമേ! നിങ്ങൾ എന്നെക്കാണാൻ വന്നിരിക്കുന്നോ? നിങ്ങളുടെമേൽ എത്ര കഠോരമായ അക്രമങ്ങൾ നടന്നിട്ടുണ്ടാകും! ഞാൻ നിങ്ങളിൽനിന്ന് ആയിരം മൈലകലെ കൽത്തുറുങ്കിലാണ്! നിങ്ങളെ ഉപചരിക്കാൻ എൻെറ പക്കൽ ഒന്നുമില്ലല്ലോ! ഇതാ ഒരുഗ്ലാസ് വെള്ളമുണ്ട്! ഇതു കുടിച്ചുകൊള്ളൂ."

അഞ്ചാമത്തെ രംഗമിതാണ്: 1942-ൻെറ ആദ്യഘട്ടം. എനിക്ക് ശ്രീ. ദത്തിൻെറ നാലഞ്ചു കത്തുകൾ ലഭിച്ചു. ആന്തമാൻജയിലിൽവെച്ചു നടത്തിയ, നീണ്ടകാലത്തെ നിരാഹാരവ്രതംമൂലം ആമാശയത്തിനും കുടലിനും കേടു സംഭവിച്ചു. ഇനി ശസ്ത്രക്രിയ നടത്തണം. സന്ദർഭവശാൽ ഞാൻ ഡൽഹിയിൽ ചെന്നപ്പോൾ ശ്രീ. ദത്ത് ജോഷിഹോസ്പിററലിൽ ഉണ്ടെന്നറിയാൻകഴിഞ്ഞു. ഞാൻ വൈകുന്നേരം ആശുപത്രിയിലെത്തി. രോഗിയോടു സംസാരിക്കുകയില്ലെന്ന നിബന്ധനയോടെ സന്ദർശനാനുവാദം ലഭിച്ചു. ദത്ത് ഒരു കട്ടിലിൽ കിടക്കുകയാണ്. ഓപ്പറേഷൻ അപ്പോൾ കഴിഞ്ഞതേയുള്ളു. എന്നെ കണ്ടമാത്രയിൽ അദ്ദേഹം മന്ദഹസിച്ചു. ഞാൻ കരംകൂപ്പി തൊഴുതു. സംസാരിക്കരുതെന്ന് ഡാക്ടർ ആംഗ്യംകാണിച്ചതനുസരിച്ച് ഞാൻ പുറത്തുപോന്നു.

ശ്രീ. ദത്ത് 1938-ൽ ജയിൽവിമുക്തനായി. എന്നാൽ ബംഗാൾ, പഞ്ചാബ്, ഡെൽഹി, ഉത്തരപ്രദേശ് എന്നീ പ്രദേശങ്ങളിൽ പ്രവേശിക്കരുതെന്ന് വിലക്കിയിരിക്കുകയാണ്. ഗവണ്മെൻറിൽനിന്ന് അനുവാദം വാങ്ങിയായിരുന്നു ദത്ത് ഡൽഹി ആശുപത്രിയിൽ അന്നു വന്നത്. ആശുപത്രിയുടെ പരിസരങ്ങളിൽ സി. ഐ. ഡി. ഉദ്യോഗസ്ഥന്മാർ കറങ്ങുന്നുണ്ടായിരുന്നു.

രോഗത്തിനു് അല്പം ആശ്വാസം ലഭിച്ചതോടെ ശ്രീ ദത്ത് പാററ്നായിലേയ്ക്കു മടങ്ങിപ്പോയി.

പിന്നീടു് ഗാന്ധിജിയുടെ നേതൃത്വത്തിൽ ക്വിററിന്ത്യാപ്രസ്ഥാനമാരംഭിച്ചു. ആ പ്രസ്ഥാനം രാജ്യത്തുടനീളം വ്യാപിച്ചു. ശ്രീ. ദത്ത്ജീയും അറസ്റ്റ്ചെയ്യപ്പെട്ടു. ക്വിററിന്ത്യാസമരം അവസാനിച്ചതോടെ, ദത്തിനെ ജയിലിൽനിന്നു വിട്ടയച്ചെങ്കിലും പാററ്നാനഗരം വിട്ടു പുറത്തുപോകാൻ അദ്ദേഹത്തിന്നനുവാദമുണ്ടായിരുന്നില്ല.

പിന്നീടു് 1963-ൽ പെട്ടെന്നൊരുദിവസം ശ്രീ. ദത്ത് 'ഇന്നു'വണ്ടിയ്ക്കു് ഡൽഹിയിൽ എത്തുന്നതായിരിക്കുമെന്നു കാണിച്ചു് ഒരു കത്തു ലഭിച്ചു. ഞങ്ങൾ കുറെ പഴയ വിപ്ലവകാരികളോടൊത്തു് ശ്രീ. ദത്തിനെ സ്വീകരിക്കുവാൻ റയിൽവേസ്റ്റേഷനിലെത്തി. ശ്രീ. ദത്തിനെ ഹാരമണിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "ഞാൻ അതിനിസ്സാരനായ ഒരു ദേശസേവകനാണു്. ഒരുപക്ഷേ നിങ്ങൾ എന്നെ ആദരിച്ചു് വിപ്ലവയുഗത്തെ സമാദരിക്കുകയാകും!" ഭഗത്സിംഗിൻെറ വന്ദ്യമാതാവു് അപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നു് അന്നാണു് ശ്രീ. ദത്ത് അറിയുന്നതു്. അദ്ദേഹം രണ്ടുദിവസം ഡൽഹിയിൽ താമസിച്ചതിനുശേഷം പഞ്ചാബിലേക്കു പോയി. ഭഗത്സിംഗിൻെറ മാതാവിൻെറയടുത്തു് കുറേദിവസം താമസിച്ചതിനുശേഷം വീണ്ടും പാററ്നായ്ക്കു മടങ്ങി.

പാററ്നായിൽനിന്നു ശ്രീ. ദത്ത് പലപ്പോഴും തൻെറ രോഗത്തെക്കുറിച്ചു് കത്തെഴുതി. അപ്പോഴെല്ലാം ഞാൻ അദ്ദേഹത്തെ സമാശ്വസിപ്പിച്ചു: "ബ്രിട്ടീഷ്സാമ്രാജ്യത്വത്തിൻെറ ഭീകരവാളുയോടേററുമുട്ടി വിജയിച്ച അങ്ങയെ രോഗത്തിനു കീഴ്പ്പെടുത്താനാവില്ല. അല്പദിവസങ്ങൾക്കുള്ളിൽ എല്ലാ അസുഖങ്ങളും നീങ്ങിക്കൊള്ളും! എൻെറ സേവനമാവശ്യമാണെങ്കിൽ അറിയിക്കുക. ഞാൻ ഹാജരായിക്കൊള്ളാം." അതിനുശേഷവും ശ്രീ ദത്തിൻെറ കത്തുകൾ വന്നുകൊണ്ടിരുന്നു. ഞാനതിനു മറുപടിയുമയച്ചിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ജീവിതസാഹചര്യങ്ങൾ ഇത്ര പരിതാപകരമാണെന്നു് അന്നാരും അറിഞ്ഞിരുന്നില്ല

അവസാനം അദ്ദേഹം എല്ലാക്കാര്യങ്ങളും തുറന്നെഴുതി. "ഇത്രയും മൈലകലെയിരുന്നു സമാശ്വസിപ്പിച്ചതുകൊണ്ടെന്തു പ്രയോജനം! എന്നെ രക്ഷിക്കണമെന്നുണ്ടെങ്കിൽ രക്ഷിച്ചുകൊള്ളുക!" അവസാനഭാഗത്തു്, "You are my last hope."

ആ വാചകം എന്നെ പരിഭ്രാന്തനാക്കി. ശ്രീ. ദത്തിന്റെ ജീവിതസാഹചര്യങ്ങൾ ഇത്ര ശോചനീയാവസ്ഥയിലായിട്ടും അറിയാൻകഴിഞ്ഞില്ലല്ലോ എന്നോർത്തു ഞാൻ ദുഃഖിച്ചു. പത്രങ്ങളിൽനിന്നു ലഭിക്കുന്ന നക്കാപ്പിച്ചാകൊണ്ടു് ഉപജീവനം കഴിക്കുന്നവനാണെങ്കിലും, തന്നെയാണല്ലോ ചരിത്രപുരുഷനായ ശ്രീ. ദത്ത് ഒരവലംബമായി ഗണിക്കുന്നതെന്നോർത്തു് ഞാൻ അഭിമാനിക്കാതെയുമിരുന്നില്ല.

ഈ ലോകത്തു് ആരും ആരുടേയുമവലംബമല്ല. എന്നാൽ വിപ്ലവകാരികളുടെ ജീവിതം വ്യത്യസ്തമാണു്. അവർ ആദർശത്തിനുവേണ്ടി സർവ്വവിധ സുഖഭോഗങ്ങളും ബന്ധുത്വവും ത്യജിച്ചു് ബലിപീഠത്തിൽ ശിരസ്സുഴിക്കാൻ സന്നദ്ധരായി വീട്ടിൽനിന്നിറങ്ങിത്തിരിച്ചവരാണു്. മററുള്ള ഭൗതികബന്ധങ്ങളുപേക്ഷിച്ചു് വിപ്ലവകാരികൾ ഏകോദരസഹോദരർ എന്ന നവീനബന്ധത്തിൽ പരസ്പരം കൈകോർത്തുപിടിച്ചു് കഴുമരത്തിലേറുകയും, ജയിലറകളിൽ ജീവിതം നശിപ്പിക്കുകയും ചെയ്യുവരാണു്. അവർ ഒരിക്കലും സുഖലോലുപരായിരുന്നില്ല. അവർ രാജ്യത്തിനുവേണ്ടി മരിക്കാൻ ജനിച്ചവരാണു്. കാൽച്ചങ്ങലകളുടെ കിലുക്കം അവർക്കു് സ്വാതന്ത്ര്യഗീതവും, കൈവിലങ്ങുകളുടെ കിലുക്കം താളവുമായിരുന്നു. അതിനാൽ പരസ്പരം സഹായിക്കാൻ കടപ്പെട്ടവരാണു്. അങ്ങനെ ശ്രീ. ദത്തിനെ ഡൽഹിയിലേയ്ക്കു കൊണ്ടുപോരാനുള്ള ഏർപ്പാടുകളാരംഭിച്ചു.

# മഹാരോഗത്തിൻെറ ആക്രമണം

ശ്രീ. ദത്തിനെ ചികിത്സയ്ക്കായി ഡൽഹിയിലേയ്ക്കു കൊണ്ടുപോരുന്നതു ഭാരിച്ച ചുമതലയാണെന്നറിഞ്ഞിരുന്നിട്ടും ഞങ്ങൾ അതിനു തയ്യാറായി. പ്രയാസങ്ങൾ നേരിടുകയും അനുഭവിക്കുകയും ചെയ്യുന്നതുകൊണ്ടു് മനഃശാന്തി ലഭിക്കുന്നു. ആ ശാന്തി മനുഷ്യനെ എത്ര കാഠിന്യമേറിയ യാതനകളും സന്തോഷം അനുഭവിക്കാൻ പ്രേരണനല്കുന്നു. ബംഗാളിലെ സുപ്രസിദ്ധനായ ഒരു വിപ്ലവകാരി പട്ടിണികിടന്നു്, തെരുവീഥിയിൽവച്ചു മരിച്ച വാർത്ത ഞങ്ങൾക്കറിയാമായിരുന്നു. അവസാനകാലത്തു് നിസ്സഹായനായിത്തീർന്ന ആ സ്വാതന്ത്ര്യഭടൻ ജീവിതഭാരം താങ്ങാനാകാതെവന്നപ്പോൾ ട്രക്കിനുമുമ്പിൽ ചാടി ആത്മഹത്യചെയ്യുകയാണുണ്ടായതു്. മറെറാരാളുടെ ഓർമ്മ ഇപ്പോഴും മനസ്സിൽനിന്നു നീങ്ങിയിട്ടില്ല. "ലാഹോറിലെ ശ്രീ അഹസാൻഇലാഹി! മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ആ ധീരദേശാഭിമാനി അനേകവർഷം കാരാഗൃഹവാസമനുഷ്ഠിച്ചു. രാജ്യം സ്വതന്ത്രയായതോടെ അദ്ദേഹം പാകിസ്ഥാനിൽ കുടുങ്ങി. തൽഫലമായി അന്ത്യകാലത്തു് ആരിൽനിന്നും സഹായം ലഭിച്ചില്ല മരണം മുമ്പിലെത്തിയപ്പോൾ അദ്ദേഹത്തിനു പഴയ സഹപ്രവർത്തകരെ ഓർമ്മവന്നു. അഹസാൻഇലാഹി, ഇന്ത്യയിലുള്ള സ്നേഹിതന്മാർക്കെഴുതി: "സഖാക്കളെ' ഞാൻ പക്ഷവാതരോഗഗ്രസ്തനായി മരണത്തോടു മല്ലടിക്കുകയാണു". ഭക്ഷണത്തിനും ഔഷധത്തിനും പൈസയില്ല

ഇസ്ലാമികരാഷ്ട്രമായ പാകിസ്ഥാനിലെ ധർമ്മാശുപത്രികളിൽ പോലും എനിക്ക് സ്ഥാനമില്ല. നിങ്ങൾ ഓരോരുത്തർക്കും എൻെറ വിനീതമായ നമസ്കാരം! ഇതെൻെറ അവസാനത്തെ നമസ്കാരമായിരിക്കും!"

കത്തു കണ്ടു് ഞാൻ പൊട്ടിക്കരഞ്ഞുപോയി. ഞങ്ങൾ കുറേപ്പേർ ചേർന്ന് 800 രൂപാ ശേഖരിച്ചു് അഹസാൻഇലാഹിക്കയയ്ക്കാൻ തയ്യാറായി. ഞങ്ങൾ പാകിസ്ഥാൻ ഹൈക്കമ്മീഷണരെ സമീപിച്ചു്, അങ്ങു് ദൈവത്തെ ഓർത്തു് ഈ ചെറിയ സംഖ്യ ഞങ്ങളുടെ സ്നേഹിതനു് എത്തിച്ചുകൊടുക്കാൻ ദയവുചെയ്യണമെന്നു് അഭ്യർത്ഥിച്ചു.

പക്ഷേ ഗവണ്മെൻറ്! അതു് യന്ത്രമാണു്. ഞങ്ങൾ എല്പിച്ച രൂപ ഡൽഹിയിൽനിന്നു് ലാഹോറിലെത്താൻ നാലുമാസം വേണ്ടിവന്നു. അതിനുള്ളിൽ ഞങ്ങളുടെ ആ സ്നേഹിതൻ ഇഹലോകവാസം വെടിഞ്ഞുകഴിഞ്ഞിരുന്നു.

അതുപോലെ മറെറാരു സഹപ്രവർത്തകൻെറ അന്ത്യവും ഞങ്ങൾ കണ്ടതാണു്. ബാവ തീർത്ഥറാം! മാർഷൽ ലാ കേസിൽ അദ്ദേഹം വധശിക്ഷയ്ക്കു വിധിക്കപ്പെട്ടു. അപ്പീലിൽ അതു് ജീവപര്യന്തം തടവായി ഇളവുകിട്ടി. തീർത്ഥറാം, ജീവിതത്തിൻെറ മുക്കാൽഭാഗവും ആന്തമാൻജയിലിൽ കഴിച്ചുകൂട്ടി. ജയിൽവിമുക്തനായി തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തിൻെറ വീട്ടും കുടുംബവും പാകിസ്ഥാനിലായി. ആ പരിതഃസ്ഥിതിയിൽ തീർത്ഥറാം ഡൽഹിയിൽ വന്നു. നിസ്സഹായനായ ഒരു വിപ്ലവകാരിയുടെ രോദനം ആരു ചെവിക്കൊള്ളാൻ! പട്ടിണി സഹിക്കാനാകാതെവന്നപ്പോൾ കാവിവസ്ത്രം ധരിച്ചു് ഭിക്ഷയാചിച്ചു. അവസാനം ഒരു പീടികത്തിണ്ണയിൽ കിടന്നു മരിച്ചു.

മറെറാരാൾ ഇന്ത്യൻ വിപ്ലവപ്രസ്ഥാനത്തിൻെറ ഹീറോ ആയിരുന്ന ശ്രീ. സച്ചീന്ദ്രനാഥ്സന്യാലാണു്. ഹാർഡിംഗ്

ബോംബുകേസ്സിലെ നായകനായിരുന്ന രാഷ്ബിഹാറിബോസിൻെറ വലംകൈയായിരുന്ന സച്ചീന്ദ്രനാഥ്സന്യാൽ. രണ്ടുപ്രാവശ്യം ജീവപര്യന്തം തടവുശിക്ഷയനുഭവിച്ച അത്ഭുതമനുഷ്യൻ! സർദാർ ഭഗത്സിംഗിനെ അദ്ദേഹമാണു വിപ്ലവസംഘത്തിൽ ചേർത്തതു്. 1915-ലാണു് സച്ചീന്ദ്രനാഥ്, ആദ്യമായി ശിക്ഷിക്കപ്പെട്ടതു്. അന്നു് ഗാന്ധിജിയുടേയും, ജവഹർലാൽ നെഹ്റുവിൻേറയും പേരുപോലും സാധാരണക്കാർക്കു് അപരിചിതമായിരുന്നു. രണ്ടാംപ്രാവശ്യം കാക്കോറി ഗൂഢാലോചനക്കേസ്സിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ടു. ആ കേസ്സിലാണു് റാംപ്രസാദ് ബിസ്മിൽ, ഇഷ്ഫാക്കുള്ള തുടങ്ങിയവർ കഴുമരത്തിലേററപ്പെട്ടതു്. എന്നാൽ വിപ്ലവപ്രസ്ഥാനത്തിൻെറ ആ ജന്നലിനു് സ്വതന്ത്രഭാരതത്തിൽ ക്ഷയരോഗബാധിതനായി, പട്ടിണികിടന്നു മരിക്കേണ്ടിവന്നു എന്നതാണു് ഖേദം. ആ പരിതഃസ്ഥിതിയിൽ ബി. കെ. ദത്തിനെ ആരന്വേഷിക്കാൻ!

എന്തുമാകട്ടെ, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൻെറ തറക്കല്ലിളക്കി, ഭാരതത്തെ സ്വാതന്ത്ര്യത്തിൻെറ വക്കത്തെത്തിച്ച ആ വീരസന്താനത്തെ രക്ഷിക്കുകതന്നെ വേണം! ഭക്ഷണത്തിൻേറയും ചികിത്സയുടേയും അഭാവത്താൽ മരിക്കാൻ അനുവദിക്കരുതെന്ന വാശിയോടെ ഞാൻ, അവശേഷിച്ച വിപ്ലവകാരിസഖാക്കൾക്കെഴുതി. വേണ്ടിവന്നാൽ ഞങ്ങളെല്ലാവരും ഡൽഹിയിൽ ഹജരാകാമെന്നും ശ്രീ. ദത്തിനെ രക്ഷിക്കാനുള്ള യത്നത്തിൽ ജീവനും സ്വത്തും ദാനംചെയ്യാൻ സർവ്വഥാ സന്നദ്ധരാണെന്നും പ്രഖ്യാപിച്ചുകൊണ്ടു്. അവർ വിവരം അറിയിച്ചതോടെ എൻെറ ആത്മധൈര്യം വർദ്ധിച്ചു. കൂട്ടത്തിൽ ഇന്നത്തെ ലോകത്തെക്കുറിച്ചും ചിന്തിക്കാതിരുന്നില്ല. ലോകം എത്ര സങ്കുചിതവും നിഷ്ഠുരവുമാണു്! സ്വാതന്ത്ര്യലതയെ സ്വന്തം രക്തംകൊണ്ടു നനച്ചുവളർത്തിയ ദേശഭക്തന്മാർ ആരെല്ലാമാണു്! അവരുടെ ഇന്നത്തെ സ്ഥിതി എന്തെന്നു് അന്വേഷിക്കാൻപോലുമുള്ള സന്മനസ്സു് ഇന്നത്തെ ഭരണകർത്താക്കൾക്കില്ലാതെപോയല്ലോ എന്നോർത്തു് കണ്ണീരിതപ്പെട്ടു.

ഇന്നത്തെ ഭരണാധികാരികളുടെ ചെകിട്ടു തുറപ്പിക്കാൻ ഭഗത്സിംഗിൻേറയും ദത്തിൻേറയും പഴയ മുദ്രാവാക്യമാവർത്തിക്കണമെന്നു് ചിലർ അഭിപ്രായപ്പെട്ടു. എന്നാൽ ഞങ്ങൾ ആ

അഭിപ്രായത്തെ എതിർത്തു. കാരണം, വിപ്ലവകാരികൾ ഒരുകാലത്തു് തങ്ങളുടെ ജീവിതം ബലിയർപ്പിച്ചതു് എന്തെങ്കിലും സ്വാർത്ഥലാഭത്തിനുവേണ്ടിയായിരുന്നില്ല. അവർ മാതൃഭൂമിയ്ക്കു എന്തെങ്കിലും സേവനമനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ അതു് കർത്തവ്യത്തിൻെറ പേരിലാണ്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഘോരസമരത്തിൽ ആയിരമായിരം യുവാക്കൾ കഴുമരത്തിലേററപ്പെട്ടു ഇടുങ്ങിയ കൽത്തുറുങ്കുകളിൽ കിടന്നു് നരകിച്ചു മരിച്ചു. അവരുടെ ബലിദാനത്തിനു് ആരു് പ്രതിഫലം നൽകും! ത്രാസിൻെറ ഒരു തട്ടിൽ ലോകത്തുള്ള സകല ധനവും, മറേറത്തട്ടിൽ രക്തസാക്ഷികളുടെ ബലിദാനവും കയററിവച്ചാൽ രക്തസാക്ഷിത്വത്തിനായിരിക്കും കൂടുതൽ തൂക്കം. അതായതു് രക്തസാക്ഷിത്വത്തിനു് പ്രതിഫലം നൽകാൻ സമുദായത്തിനു് സാദ്ധ്യമല്ല. രക്തസാക്ഷികൾക്കു് സിംഹാസനത്തിൻെറ മോഹമോ, സ്ഥാനമാനങ്ങളിൽ ഉന്നമോ ഉണ്ടായിരുന്നില്ല. അവർ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി മരിക്കാൻ ജനിച്ചവരായിരുന്നു. അതിനാൽ നിശ്ശബ്ദരായി തങ്ങളുടെ കർത്തവ്യം പാലിച്ചിട്ടു പോയി. അവർക്കു് ഒരേ ഒരാഗ്രഹമേ ഉണ്ടായിരുന്നുള്ളു—

"മാദർ ഹിന്ദുസ്ഥാൻ! നാചീസ് തോഫകർ കബൂൽ! ഖൂൻ സലെത്തടാഹ്ഹുവാ അപ്നാഹീസിൽ ലായാഹ്ഹു!"

(അല്ലയോ ഭാരതമാതാവേ! ഞങ്ങളുടെ ഈ നിസ്സാരസമ്മാനം സ്വീകരിച്ചാലും. രക്തപങ്കിലമായ സ്വന്തം ശിരസ്സിതാ കാഴ്ചവയ്ക്കുന്നു.)

സുപ്രസിദ്ധ വിപ്ലവകാരിനേതാവായ ശ്രീ: ഭൂപേന്ദ്രനാഥ് ദത്ത് പറയുന്നതിങ്ങനെയാണ്: "കഴുമരത്തിലേറുന്നതിലും ശത്രുക്കളോടേററുമുട്ടി ജീവത്യാഗംചെയ്യുന്നതിലുമാണ് വിപ്ലവകാരികൾക്കാനന്ദം! വിപ്ലവത്തിലൂടെ ഭരണസാരഥ്യം കൈയേല്ക്കാൻ കഴിഞ്ഞവർ വിജയികളായ വിപ്ലവകാരികളെന്നു വിളിക്കപ്പെടുന്നു. എന്നാൽ തങ്ങളുടെ വിപ്ലവത്തിൻഫലമായി എതിർപക്ഷത്തിനാണ് ഭരണസാരഥ്യം ലഭിക്കുന്നതെങ്കിൽ അവർ വിപ്ലവകാരികളെ ജീവിക്കാൻ അനുവദിക്കുകയില്ല."

ആ പരിതഃസ്ഥിതിയിൽ ഇന്നു ജീവിച്ചിരിക്കുന്ന വിപ്ലവകാരികൾ സക്കാരിൻെറ മുമ്പിൽ കൈനീട്ടുക എന്ന പ്രശ്നമേ ഉദിക്കുന്നില്ല; ഒരുപക്ഷേ ദേശവാസികളുടെ മുമ്പിൽ കൈനീട്ടിയെന്നു വന്നേക്കാമെങ്കിലും. സിംഹാസനത്തിൽ വാണരുളുന്നവരുടെ മുമ്പിൽ കൈനീട്ടുകയില്ല. ഭഗത്സിംഗ് കൽത്തുറുങ്കിൽനിന്നു് തൻെറ സഹോദരൻ കുൽബീർസിംഗിനെഴുതിയ കത്തിൽ പറയുന്നതു് "ലോകം നിഷ്ഠുരവും, ജീവിതം കഠിനവുമാണു്" എന്നാണു്. പഴയ സഹപ്രവത്തകരുടെ ജീവിതയാതനകൾ കാണുമ്പോൾ ഞാൻ ആ വാചകമോത്തുപോകുന്നു.

ഒരുകാലത്തു് ഭഗത്സിംഗ്-ദത്ത് സിന്ദാബദ് എന്ന മുദ്രാവാക്യത്താൽ ഭാരം മുഖരിതമായി. ആ മുദ്രാവാക്യം ഭഗത് സിംഗിനെ കഴുമരത്തിൻെറ ചുവട്ടിലെത്തിച്ചു. പിന്നെ ക്ഷയരോഗഗ്രസ്തനായി മരിക്കാൻവേണ്ടി ശ്രീ: ദത്ത് ആന്തമാൻജയിലിലെറിയപ്പെട്ടു. അദ്ദേഹം ഇത്രയും കാലം ജീവിച്ചിരുന്നതു് ഒരു മഹാത്ഭുതമാണു്. ദത്തിനെ വധിക്കാൻ ബ്രിട്ടീഷുകാർ കുറച്ചൊന്നുമല്ല ശ്രമംനടത്തിയതു്.

കാലം മാറി. ഭാരതം സ്വതന്ത്രയായി. ഭഗത്സിംഗും ദത്തും വിഭാവനംചെയ്ത സ്വാതന്ത്ര്യമല്ലെന്നു മാത്രം. ഇന്നത്തെ സ്വാതന്ത്ര്യം രാഷ്ട്രീയസ്വാതന്ത്ര്യമാണു്. സാമൂഹ്യവിപ്ലവം ഇനിയും ഉണ്ടായിട്ടില്ല.

## ഡൽഹി ആശുപത്രിയിൽ

അങ്ങനെ 1964 നവംബർ 22-ാംതീയതി ശ്രീ. ബി. കെ. ദത്ത്, ചികിത്സാത്ഥം ഡൽഹിയിലേക്കാനയിക്കപ്പെട്ടു. കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ: ഗുൽസാരിലാൽനന്ദയും, പഞ്ചാബ് മുഖ്യമന്ത്രി കാമ്രേഡ് രാമകിഷനും ശ്രീ. ദത്തിൻെറ ചികിത്സയ്ക്കാവശ്യമായ എല്ലാ സഹായസഹകരണങ്ങളും വാഗ്ദാനംചെയ്തു.

ദത്തിന് ഒരു പ്രത്യേകതരം ചികിത്സയായിരുന്നു ആവശ്യം. അതിനുള്ള സൗകര്യം പഞ്ചാബിലെ ആശുപത്രികളിലുണ്ടായിരുന്നില്ല. അതിനാൽ ശ്രീ. നന്ദാജിയുടെ ക്ഷണം സ്വീകരിച്ച് അദ്ദേഹത്തെ ഡൽഹി സഫ്ദർജംഗ് ആശുപത്രിയിലും, പിന്നീട് മെഡിക്കൽ സയിൻസ് ഇൻസ്റ്റിററ്യൂട്ട് ആശുപത്രിയിലും പ്രവേശിപ്പിച്ചു.

ബി. കെ. ദത്തിൻെറ സാമ്പത്തികസ്ഥിതി എത്ര ശോചനീയമായിരുന്നു എന്ന് പാററ്നായിൽ ചെന്നപ്പോഴാണ് എനിക്കു മനസ്സിലായത്. അവിടെവച്ച് ഞാൻ ശ്രീ. ദത്തിനോട് ഭക്ഷണം എപ്പോഴാണ് വീട്ടിൽനിന്നു കൊണ്ടുവരിക എന്നു ചോദിച്ചു. "വീട് ആശുപത്രിയിൽനിന്നു വളരെ അകലെയാണ്. പോയിവരാൻ പന്ത്രണ്ടണ റിക്ഷാക്കൂലി വേണം. ആ പരിതഃസ്ഥിതിയിൽ അഞ്ജലിക്ക് (ശ്രീമതി ദത്ത്) ദിവസം രണ്ടുപ്രാവശ്യമെങ്ങനെ വരാൻകഴിയും? പിന്നെ അവർക്ക് കുടുംബം പുലത്താൻ സ്കൂളിലും പോകണ്ടേ?" എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. ഞാൻ മൗനംപൂണ്ടു നില്ക്കുന്നതു കണ്ട് ദത്ത്ജി പറഞ്ഞു: "അനുജാ! ഞാൻ ജീവിതത്തിലൊരിക്കലും മറെറാരാളുടെ മുമ്പിൽ കൈനീട്ടിയിട്ടില്ല. എന്നാൽ ചിലക്ക് എന്നോടു വലിയ സ്നേഹമാണ്. കഴിഞ്ഞൊരുദിവസം ബീഹാർഗവണ്ണർ ശ്രീ. അയ്യങ്കാർ തൻെറ പ്രൈവററ്സെക്രട്ടറിയെ എൻെറയടുത്തയച്ചു. അദ്ദേഹം വിവരങ്ങൾ ചോദിച്ചറിഞ്ഞ് പോകാൻതുനിഞ്ഞപ്പോൾ ഒരു കവർ എൻെറ കയ്യിൽ തന്നു. അതിൽ കുറേ നോട്ടുകളായിരുന്നു. പക്ഷേ ഞാൻ അതു സ്വീകരിച്ചില്ല. എനിക്കു പണത്തിൻെറ ആവശ്യമില്ലെന്നും ആശുപത്രിയിൽ എൻെറ ചികിത്സ നടക്കുന്നുണ്ടെന്നും ഗവണ്ണർ അവർകളെ അറിയിക്കുവാൻ ഞാൻ അഭ്യർത്ഥിച്ചു. പിറേറദിവസം ഗവണ്ണർ ശ്രീ. അയ്യങ്കാർ എന്നെ കാണാൻവന്നു. കുറേസമയം എന്നോടു സംസാരിച്ചതിനുശേഷം അദ്ദേഹം ഡാക്ടർമാരെ മുറിയിൽനിന്നു പറഞ്ഞയച്ചിട്ട് "ബടുകേശർ! നീ എൻെറ പുത്രനാണ്! പിതാവു നല്കുന്ന പണം നിരസിക്കാൻ പുത്രനധികാരമില്ല" എന്നുപറഞ്ഞ് നോട്ടുകൾ നിറച്ച കവർ എൻെറ തലയണയ്ക്കടിയിൽ വെച്ചിട്ട് കണ്ണുനീരോടെ ഇറങ്ങിപ്പോയി. ആരെങ്കിലും എനിക്കു പണം വെച്ചുനീട്ടുമ്പോൾ ലജ്ജയാൽ എൻെറ തല കുനിഞ്ഞുപോകുന്നു.

ഞാൻ ജീവിതത്തിലൊരിക്കലും മററാക്കും ഭാരമാകാൻ ആഗ്രഹി ക്കുന്നില്ല. പ്രശ്നങ്ങൾ സ്വയം പരിഹൃതമായിക്കൊള്ളും എനിക്കു് ആരുടേയും സഹായമാവശ്യമില്ല."

"ദത്ത്ജീ! നിങ്ങൾ മറെറാന്നും ധരിക്കരുതു്. അങ്ങയുടെ ദുഃഖം ഞങ്ങളുടെ—ഇനാവശേഷിച്ചിട്ടുള്ള വിപ്ലവകാരികളുടെ—ദുഃഖമാണു്. നിങ്ങൾ ദയവുചെയ്തു് ചികിത്സയിൽ ശ്രദ്ധിച്ചാൽ മതി. ബാക്കി കാര്യം ഞങ്ങൾക്കു വിട്ടുതരിക." ഞാൻ പറഞ്ഞു.

അങ്ങനെ ഒരുമാസക്കാലം മെഡിക്കൽ സയിൻസ് ഇൻസ്റ്റി റ്റ്യൂട്ടു് ആശുപത്രിയിൽ, ചികിത്സ ലഭിക്കുകയും നല്ല ഭക്ഷണം കഴിക്കുകയും ചെയ്യുതോടെ ദത്തിൻെറ ആരോഗ്യം പുരോഗമിക്കാൻ തുടങ്ങി. ഒരു സ്നേഹിതൻ ദിവസവും കുട്ടനിറയെ പഴങ്ങൾ നല്കിക്കൊണ്ടിരുന്നു. മറെറാരാൾ 'ചിക്കൻ ജ്യൂസ്' എത്തിച്ചു കൊണ്ടിരുന്നു. ഒരുദിവസം ഞാൻ പറഞ്ഞു: "ദത്ത്ജീ! നിങ്ങ ളുടെ മുഖത്തു് പ്രസന്നത വർദ്ധിച്ചിട്ടുണ്ടു്" അപ്പോൾ അദ്ദേഹം എൻെറ കരം ഗ്രഹിച്ചുകൊണ്ടു് ഒരു കവിത ചൊല്ലി:

"ഉൻകൊ ദേഖ്നെ സെ ജോ ആ ജാതീ മുഹ്പർ രോണക്  
വൊഹ് സമഝതേഹെ കി ബീമാർ കാ കാൽ അഛാ ഹൈ!"

"നിങ്ങൾ ഭംഗിയായി ഉർദ്ദു സംസാരിക്കുന്നുണ്ടല്ലോ! എന്നാണീ കവിതകളെല്ലാം പഠിച്ചതു്?"

അപ്പോൾ ശ്രീ. ദത്ത് തുടന്നു: "ഭഗത്സിംഗ് വളരെ രസി കനായിരുന്നു ബോംബ്കേസിനു് ഞങ്ങളെ പാർപ്പിച്ചിരുന്നതു ഡൽഹി ജയിലിലായിരുന്നു. അദ്ദേഹം അടുത്ത മുറിയിൽനിന്നു് എന്നെ കവിത ചൊല്ലിക്കേൾപ്പിക്കും. അതിൽ ചിലതു് ഇന്നും എനിക്കോർമ്മയുണ്ടെന്നുമാത്രം."

നിർഭാഗ്യമെന്നു പറയട്ടെ, ദത്തിൻെറ ഉന്മേഷവും മുഖത്തെ പ്രസന്നതയും അധികദിവസം നീണ്ടുനിന്നില്ല. ഏതൊരു ചികിത്സയ്ക്കുവേണ്ടിയാണോ ദത്തിനെ ഡൽഹിയിൽ കൊണ്ടുവ ന്നതു് ആ ചികിത്സ പല പ്രാവശ്യം പരീക്ഷിച്ചുനോക്കി. എന്നാൽ ആ ചികിത്സയ്ക്കു് ഒരു പരിമിതിയുണ്ടായിരുന്നു. അതി നപ്പുറം കടക്കാൻ സാദ്ധ്യമല്ലായിരുന്നു. ഡാക്ടർമാരുടെ ആത്മ

വിശ്വാസം നശിച്ചുകൊണ്ടിരുന്നു. ചോദിച്ചാൽ അവർ പറയും, രോഗം സുഖപ്പെട്ടുവരികയാണ്; പരിഭ്രമിക്കാനൊന്നുമില്ല എന്ന്.

അവസാനം ആ ദുർദ്ദിനവും വന്നെത്തി. ഡാക്ടർമാർ കാര്യം തുറന്നുപറഞ്ഞു: ശ്രീ. ദത്തിനെ ഈ രോഗത്തിൽനിന്നു രക്ഷിക്കാൻ സാദ്ധ്യമല്ല. ബംഗാളിലെ സുപ്രസിദ്ധവിപ്ലവകാരിനേതാവായ കിരണൻ ഡിസംബർ അവസാനത്തിൽ കല്ക്കത്തയിൽനിന്നുവന്നു. ശ്രീ. ഗുൽസാരിലാൽനന്ദയുടെ സൗഹൃദപൂർവ്വമായ പെരുമാററത്തെക്കുറിച്ചും, അദ്ദേഹത്തോടു നന്ദിപറയേണ്ടതിൻെറ ആവശ്യത്തെക്കുറിച്ചും ഞാൻ കിരണനുമായി സംസാരിച്ചു. അതനുസരിച്ച് ശ്രീ. കിരണൻ ഡിസംബർ 31-ാംതീയതി ശ്രീ. നന്ദയെ സമീപിച്ചു. സംഭാഷണമദ്ധ്യേ ശ്രീ. നന്ദ കാര്യം തുറന്നു പറഞ്ഞു: ദത്തിനെ ഈ രോഗത്തിൽനിന്നു രക്ഷിക്കാൻ കഴിയുകയില്ല! രോഗം നിയന്ത്രണാതീതമാണ്. "The most that the government can do for him is to manage a painless death" എന്നാണ് പൊതുജനാരോഗ്യമന്ത്രി ശ്രീമതി സുശീലനയ്യാർ ഗവണ്മെൻറിനു റിപ്പോർട്ടുചെയ്തിരിക്കുന്നതു്. ശ്രീ. കിരണൻ തിരിച്ചുവന്ന് എല്ലാ വിവരങ്ങളും എന്നോടു പറഞ്ഞു.

ഹാ! കഷ്ടം! ശ്രീ. ദത്തിൻെറ അന്ത്യം എത്ര ദാരുണമായ ഒരു ട്രാജഡിയായിരിക്കും! അദ്ദേഹത്തെ രോഗത്തിൽനിന്നു രക്ഷിക്കുവാൻവേണ്ടി ഇത്രയെല്ലാം ചെയ്തു! ചിന്നിച്ചിതറി ജീവിച്ചിരുന്ന വിപ്ലവകാരിസുഹൃത്തുക്കൾ സംഘടിച്ചു. ദത്ത്ജിയെ പാററ്നായിൽനിന്ന് ഡൽഹിയിലേയ്ക്കു കൊണ്ടുപോന്നു! മികച്ച ചികിത്സാസൗകര്യങ്ങൾ ലഭിക്കുകയുംചെയ്തു! എന്നിട്ടും രോഗവിമുക്തനാക്കാൻ സാദ്ധ്യമല്ലെന്നോ! അപ്പോൾ വൈദ്യശാസ്ത്രത്തിൻെറ പുരോഗതിയെക്കുറിച്ച് ഇത്രയെല്ലാം കൊട്ടിഘോഷിക്കുന്നതിലെന്താണ് അർത്ഥം? ബ്രിട്ടീഷ്സാമ്രാജ്യത്തിൻെറ തറക്കല്ലിളക്കി, വിപ്ലവത്തിൻെറ പ്രതീകമായിത്തീർന്ന ശ്രീ. ദത്തിൻെറ ജീവൻ രക്ഷിക്കാൻ സാദ്ധ്യമല്ലെന്നോ!

ശ്രീ. ഗുൽസാരിലാൽനന്ദയും നിരാശനായിക്കഴിഞ്ഞിരുന്നു. അദ്ദേഹം ദത്ത്ജിയുടെ പത്നിയേയും പുത്രിയേയും ഡൽഹിയിലേയ്ക്കു വിളിപ്പിക്കാൻ ധൃതികൂട്ടുകയാണ്. അന്ത്യസമയത്തു് അവർ

സമീപത്തുണ്ടായിരിക്കുമല്ലോ! ദത്തിൻെറ ഭാര്യയ്ക്കും മകൾക്കും ഡൽഹിയിൽ താമസിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഗവണ്മെൻറ് ഏർപ്പെടുത്തിക്കൊടുക്കുന്നതാണെന്ന് നന്ദാജി അറിയിക്കുകയുംചെയ്തു. അതോടെ എൻെറ ആശകളെല്ലാം നശിച്ചു. ശ്രീ. കിരണൻ ഒൻപതരമണിക്കു കൽക്കത്തയിലേയ്ക്കു് തിരിച്ചുപോയി. ഞാൻ നിർവികാരനായി ദത്തിൻെറയടുത്തുതന്നെ ഇരുന്നു. ദത്ത്ജി അപ്പോൾ ഭക്ഷണം കഴിക്കുകയായിരുന്നു. അതിനുശേഷം ഞങ്ങൾ പ്രൊഫസ്സർ നിഗം, ഭഗത്സിംഗ്, യശ്പാൽ തുടങ്ങിയവരെക്കുറിച്ചു സംസാരിച്ചു. എന്നാൽ എൻെറ ശ്രദ്ധ സംഭാഷണത്തിൽ കേന്ദ്രീകരിച്ചില്ല. ശ്രീ. നന്ദയുടെ വാക്കുകൾ കർണ്ണപുടങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു. "അവസാനനിമിഷം കൂടുതൽ വേദനകൂടാതെ മരിക്കാൻ കഴിവുള്ളതെല്ലാം ചെയ്യാം!"

•

ഞാൻ രാത്രി പതിനൊന്നരമണിക്കു് ആശുപത്രിയിൽനിന്നു പോന്നു. ഉറങ്ങാൻ ശ്രമിച്ചിട്ടും ഉറക്കംവരുന്നില്ല. ഡാക്ടർ സുശീലനയ്യാർ തലേദിവസം പറഞ്ഞ വാക്കുകൾ ഓർത്തു. "ദത്തിനുവേണ്ടി ഞങ്ങൾക്കൊന്നും ചെയ്യാൻ കഴിയുകയില്ല. അദ്ദേഹം വളരെ വൈകിയാണു വന്നതു്. രോഗം അസ്ഥിക്കു് അർബ്ബുദമാണു്." പിന്നീടു് പാററ്നാ ആശുപത്രിയിൽവച്ചു ശ്രീ. വിനോദ് പറഞ്ഞതു് ഓർത്തു: "ദത്തിനെ പഞ്ചാബിലേയ്ക്കു കൊണ്ടുപോകണം! മരിക്കുകയാണെങ്കിൽ പഞ്ചാബിൻെറ മണ്ണിൽ കിടന്നു മരിച്ചുകൊള്ളട്ടെ!'' അതുകേട്ടു് ദത്ത് വിനോദിനെ ശാസിച്ചു: "ഞാൻ ജീവിക്കാൻവേണ്ടി ആത്മശക്തി വദ്ധിപ്പിക്കുന്നു. നിങ്ങളാകട്ടെ എൻെറ മരണത്തെക്കുറിച്ചു സംസാരിക്കുന്നു." ശ്രീ. വിനോദ് ലാഹോർ ഗൂഢാലോചനക്കേസ്സിലെ പ്രതിയും, ഭഗത്സിംഗിൻെറയും ദത്തിൻെറയും സഹപ്രവത്തകനുമാണു്.

പിറേറദിവസം ആശുപത്രിയിലേയ്ക്കു പുറപ്പെട്ടപ്പോൾ ഞാൻ ചിന്തിച്ചു; ദത്ത്ജിയെ എന്തുകൊണ്ടു് രോഗവിമുക്തനാക്കാൻ സാദ്ധ്യമല്ല! ഇന്ത്യയിലെ ഡാക്ടർമാക്കു് ദത്ത്ജിയെ രക്ഷിക്കാൻ സാദ്ധ്യമല്ലെങ്കിൽ ഗവണ്മെൻറിൽ സമ്മർദ്ദംചെലുത്തി അദ്ദേഹത്തെ യൂറോപ്പിൽ അയച്ചു് ചികിത്സിപ്പിക്കണം! അതിനെക്കുറിച്ചു് ശ്രീ. സുരേന്ദ്രമോഹൻഘോഷിനെക്കൊണ്ടു് നന്ദാജിയുമായി സംസാരിപ്പിക്കണം!

ഞാൻ ആശുപത്രിയിലെത്തിയപ്പോൾ ശ്രീ. ദത്ത് ഉദാസീനനായി കാണപ്പെട്ടു. "നിങ്ങൾ സദാസമയവും ഉദാസീനനായി ക്കിടക്കുന്നു. അഞ്ജലിദേവിയേയും പുത്രിയേയും ഇങ്ങോട്ടു വിളിപ്പിക്കണം." ഞാൻ പറഞ്ഞു.

"ഭാരതി (പുത്രി) യുടെ പരീക്ഷ അടുത്തിരിക്കുകയാണ്. ഫെബ്റുവരിക്കുമുമ്പ് അവൾക്കു വരാൻ സാധിക്കുകയില്ല. ഞാൻ ജീവിതമത്ര സാരമാക്കീട്ടില്ല. 1938-ൽ ജയിലിൽനിന്നു പുറത്തുവന്നപ്പോൾ കൈയിൽ ഒരു പൈസപോലുമുണ്ടായിരുന്നില്ല. രാജ്കുമാർസിൻഹ ഒരു കോട്ടു തുന്നിച്ചുതന്നു. 1963 വരെ, അതായതു് 25 വർഷം അതുപയോഗിച്ചു. നിന്നെ കാണാൻ ഡൽഹിയിൽ വരുമ്പോഴും ഞാൻ ആ കോട്ടായിരുന്നു ധരിച്ചിരുന്നതു്. നിറം മങ്ങിയപ്പോൾ മറിച്ചുതുന്നിച്ചു. അടിഭാഗം കീറിയപ്പോൾ ഇറക്കംകുറച്ചു ചെറുതാക്കി. അതു് അഭംഗിയാണെന്നു് പലരും പറഞ്ഞു. ഭംഗിയുടെയും അഭംഗിയുടെയും പ്രശ്നമെന്താണ്! തണുപ്പിൽനിന്നു രക്ഷപെടണം. ബീഹാർ ഗവണ്ണർ എന്നെ കൗൺസിലിലേയ്ക്കു നോമിനേററുചെയ്തപ്പോൾ, അവിടെ പോകാൻ നല്ല വസ്ത്രം വേണമല്ലോ എന്നു കരുതി ഒരു വൂളൻ ഷർട്ടു തുന്നിച്ചു. ഞാനിന്നുവരെ സ്വന്തമായി ഒന്നും വാങ്ങീട്ടില്ല. ഈ സ്വെട്ടർ അഞ്ജലി എന്നോടു പറയാതെ വാങ്ങിയതാണ്. ഭക്ഷണക്കാര്യത്തിലും എനിക്കത്ര നിർബന്ധമൊന്നുമില്ല. രാവിലെ അഞ്ജലിയും ഭാരതിയും സ്കൂളിൽപോകാനുള്ള തിരക്കിലായിരിക്കും. അവർ പോയിക്കഴിഞ്ഞാൽ ഞാൻ സ്നേഹിതന്മാരെ കാണാനിറങ്ങും. ഉച്ചയ്ക്കു മടങ്ങിവന്നു് രാവിലത്തെ ബാക്കി വല്ലതുമുണ്ടെങ്കിൽ സ്വയം വിളമ്പി ഭക്ഷിക്കും. നിത്യവും പത്തു പതിനഞ്ചുമൈൽ സൈക്കിളിൽ സഞ്ചരിക്കും. റിക്ഷയിൽ സഞ്ചരിക്കാൻ സാദ്ധ്യമല്ല. ഒന്നരരൂപ അഞ്ജലിക്കും ഭാരതിക്കും നിത്യേന യാത്രക്കൂലി വേണം. അതാണ് ഞാൻ സൈക്കിളിൽ സഞ്ചരിക്കുന്നതു്. ഒരുദിവസം ചായകഴിച്ചുകൊണ്ടിരുന്നപ്പോൾ രക്തം ഛർദ്ദിച്ചു. സൈക്കിൾസഞ്ചാരംകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്നു് സ്നേഹിതന്മാർ അഭിപ്രായപ്പെട്ടു. അതനുസരിച്ചു് സൈക്കിൾയാത്ര ഉപേക്ഷിച്ചു. ജീവിതം മുഴുവൻ ഇങ്ങനെ സമരത്തിൽ കഴിച്ചുകൂട്ടി."

# ഇനി ചികിത്സയില്ല

1965 ജനുവരി മൂന്നാംതീയതി ശ്രീ. സുരേന്ദ്രമോഹൻ ഘോഷ് എന്നെ വിളിപ്പിച്ചു. ശ്രീ. ഘോഷ്, ബംഗാളം റവലൂഷനറിപാർട്ടിയുടെ നേതാവും, 'ജുഗന്താറി'ൻെറ പത്രാധിപരുമായിരുന്നു. ഇപ്പോൾ കോൺഗ്രസ്പാർലമെൻററിപാർട്ടിയുടെ ഡെപ്യൂട്ടിലീഡറാണ്. 1930-31 കാലഘട്ടത്തിൽ മദ്രാസിലെ ഏതോ ജയിലിൽവെച്ചാണ് അദ്ദേഹം ശ്രീ. ദത്തിനെ പരിചയപ്പെട്ടതു്. ശ്രീ. ഘോഷ് 1918-ലെ റഗുലേഷൻ-3 നിയമമനുസരിച്ച് അനിശ്ചിതകാലത്തേയ്ക്കു കാരാഗൃഹവാസമനുഷ്ഠിക്കുകയായിരുന്നു. അസംബ്ളിബോംബുകേസിൽ ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ട ശ്രീ. ദത്തിനേയും അതേ ജയിലിൽ കൊണ്ടുവന്നു. ഇരുവരും ഒരേ ആശയക്കാർ! ഒരാൾ സ്വാമി വിവേകാനന്ദൻെറ ഭക്തനാണെങ്കിൽ മറേറ ആൾ ശ്രീ അരവിന്ദഘോഷിൻെറ അനുയായിയാണ്. ശ്രീ. ദത്തും, ശ്രീ. ഘോഷും മദ്രാസ്ജയിലിൽ വച്ചു് ആത്മമിത്രങ്ങളായിത്തീൎന്നു. ആ മൈത്രി ദത്തിൻെറ അന്ത്യംവരെ നിലനിന്നു. ശ്രീ. സുരേന്ദ്രമോഹൻഘോഷ് ദത്ത്ജിയെ കാണാൻ നിത്യവും ആശുപത്രിയിൽ വന്നിരുന്നു.

ഞാൻ അന്നു് ശ്രീ. ഘോഷിൻെറ ഭവനത്തിൽ ചെന്നു. കിരണനും ശ്രീ. നന്ദാജിയും തമ്മിൽ നടത്തിയ സംഭാഷണമറിയിച്ചപ്പോൾ കുറെ സമയം മൗനംപൂണ്ടിരുന്നതിനുശേഷം ശ്രീ. ഘോഷ് പറഞ്ഞു "ഇനി ഞാൻ നിങ്ങളിൽനിന്ന് ഒന്നും മറച്ചുവയ്ക്കാനാഗ്രഹിക്കുന്നില്ല. അടുത്തകാലത്തു റീഡേഴ്സ് ഡൈജസ്റ്റിൽ സുപ്രസിദ്ധനായ ഒരു ഡാക്ടർ എഴുതിയ ലേഖനം എൻെറ ദൃഷ്ടിയിൽപ്പെടുകയുണ്ടായി. അർബ്ബുദരോഗത്തിനു് അലോപ്പതിസിദ്ധാന്തത്തിൽ ചികിത്സയില്ലെന്നു് ആ ലേഖനത്തിൽ വ്യക്തമാക്കീട്ടുണ്ട്. അർബ്ബുദരോഗം ചികിത്സിച്ചുമാററാമെന്നു

ഡോക്ടർമാർ പറയുന്നുണ്ടെങ്കിൽ അതു തികച്ചും തെററാണ്. രോഗി വേദനകൂടാതെ മരിക്കാൻ ചില പ്രതിവിധികളുണ്ട്. ഒരു പ്രത്യേകപരിധി കഴിഞ്ഞാൽപ്പിന്നെ അർബ്ബുദത്തിനു ചികിത്സയില്ല. അതിനാൽ വൈദ്യവിധിയനുസരിച്ച് ശ്രീ. ദത്തിൻെറ നില മനസ്സിലാക്കിയിരിക്കേണ്ടതു് അത്യാവശ്യമാണ്. അലോപ്പതിചികിത്സാപദ്ധതിയനുസരിച്ച് ശ്രീ. ദത്തിനെ രക്ഷിക്കാൻ മാർഗ്ഗം കാണുന്നില്ല. അമേരിക്കൻ വിദേശകാര്യമന്ത്രി മിസ്റ്റർ ഡള്ളസും അർബ്ബുദം ബാധിച്ചാണു മരിച്ചതു്. അവസാനംവരെ ചൊവ്വചൊവ്വക്കോടെ ജീവിച്ചു. എന്നാൽ രോഗം ബാധിച്ചതോടെ അധികസമയം ജീവിക്കാൻ കഴിഞ്ഞില്ല. 'ഈ ഭയങ്കരവേദന അനുഭവിക്കുന്നതിൽ ഭേദം മരിക്കുകയാണു്. അതിനാൽ വിഷം തന്നോ ഇൻജെക്ഷൻമൂലമോ എന്നെ കൊല്ലാൻ ദയവുണ്ടാകണമേ' എന്നായിരുന്നു അദ്ദേഹം രോഗശയ്യയിൽക്കിടന്നു് അപേക്ഷിച്ചിരുന്നതു്."

"ദത്ത്ജിയെ യൂറോപ്പിലോ, മോസ്കോയിലോ അയച്ചു ചികിത്സിപ്പിച്ചാൽ രോഗം മാറുകയില്ലേ?"

"ഒരു പരിധി കഴിഞ്ഞാൽ ഈ രോഗത്തിനു് അലോപ്പതിയിൽ ചികിത്സയില്ല. പിന്നെ ശ്രീ. ദത്തിനെ യൂറോപ്പിലോ അമേരിക്കയിലോ അയയ്ക്കുന്നതുകൊണ്ടെന്തു പ്രയോജനം? ജപ്പാനിലെ ഒരു വലിയ ഡോക്ടർ അർബ്ബുദരോഗത്തിനു ചികിത്സ കണ്ടുപിടിച്ചിട്ടുണ്ടെന്നു് പ്രഖ്യാപിച്ചിരുന്നു. ഞാൻ കഴിഞ്ഞ പ്രാവശ്യം ജപ്പാനിൽ പോയപ്പോൾ അദ്ദേഹത്തെ പരിചയപ്പെട്ടിരുന്നു. ഞാൻ ശ്രീ. ദത്തിൻെറ രോഗവിവരം കാണിച്ച്, അദ്ദേഹത്തിനു കത്തയച്ചിട്ടുണ്ട്. മരുന്നുകൾ അയച്ചുതരാൻ പ്രയാസമാണെങ്കിൽ ദത്തിനെ ജപ്പാനിലേക്കയയ്ക്കാമെന്നും അറിയിച്ചിട്ടുണ്ട്. മറെറാരു കാര്യം: എൻെറ ഒരു സ്നേഹിതൻ ശ്രീ. വിക്രം സോന്ധി പറയുകയുണ്ടായി, ഡൽഹിയിലെ ഒരു ഹോമിയോപ്പതിഡാക്ടർ ശ്രീ. കാശ്യപ് അർബ്ബുദരോഗം ചികിത്സിച്ചുമാററുമെന്നു്. നിങ്ങൾ ആ ഡാക്ടറെ അറിയുമോ? അദ്ദേഹത്തെക്കാണാൻ ശ്രമിക്കൂ! ദത്ത ജി ആശുപത്രിയിൽ കിടക്കുമ്പോൾ ഹോമിയോ ചികിത്സ നടത്താൻ സാധിക്കുകയില്ല. അങ്ങനെ ചെയ്യണമെങ്കിൽ ദത്തിജിയെ വെളിയിൽ താമസിപ്പിക്കേണ്ടിവരും. ചെല

വിനെക്കുറിച്ചു ചിന്തിക്കാനില്ല. എല്ലാം നന്ദാജി നടത്തിക്കൊള്ളും. പിന്നെ ഒന്നു്, സത്യാവസ്ഥ ദത്തിൻെറ പത്നിയെ അറിയിക്കാതിരിക്കുന്നതു് ശരിയാണോ? അവരെ കാര്യങ്ങൾ ഗ്രഹിപ്പിക്കുന്നതു് നന്നായിരിക്കുമെന്നാണു തോന്നുന്നതു്."

"എന്തുതന്നെയായിരുന്നാലും അവർ ഒരു സ്ത്രീയാണു്. ഭർത്താവിൻെറ ആരോഗ്യനില പുരോഗമിക്കുന്നതു കണ്ടുകൊണ്ടാണു് അഞ്ജലിദേവി ഇവിടെനിന്നു പോയതു്. ആ പരിതഃസ്ഥിതിയിൽ ഈ വിവരം അറിഞ്ഞാൽ അവക്കു് ബുദ്ധിഭ്രമം നേരിട്ടേക്കും. അതിനാൽ തല്ക്കാലം ഇക്കാര്യം അവരെ അറിയിക്കേണ്ടതില്ല."

ഞാൻ ഘോഷിൻെറ ഭവനത്തിൽനിന്നു് നേരെ ദത്തിൻെറ അടുത്തു ചെന്നു. "ഇന്നു് എങ്ങനെയിരിക്കുന്നു?" ഞാൻ ചോദിച്ചു.

"സുഖമുണ്ടു്. കൈയ്യു് ഇന്നലെ ആരംഭിച്ച വേദന ഇന്നുമുണ്ടു്. ഇത്തലത്തെ അത്ര കൂടുതലില്ലെന്നുമാത്രം." ദത്തു് പറഞ്ഞു. പിന്നീടു് ഞാൻ ദത്തിൻെറ കേസ്സിൻെറ ചരിത്രം ചോദിച്ചറിഞ്ഞു.

"പോലീസ് എപ്പോഴും കള്ളക്കേസുകൾ സൃഷ്ടിക്കും. അതുകൊണ്ടു് ചില കേസുകൾക്കു് പഴുതു ലഭിക്കും. ചിലതിൻേറതു് ലഭിക്കുകയില്ല. അസംബ്ളിബോംബുകേസ്സിലും അങ്ങനെയാണു് സംഭവിച്ചതു്. ഒരു യൂറോപ്യൻ പോലീസുദ്യോഗസ്ഥൻ കോർട്ടിൽ ഇപ്രകാരം മൊഴി നല്കി; താൻ ജീവനെ അപകടപ്പെടുത്തിക്കൊണ്ടു് ഭഗത്സിംഗിൻെറ കൈയിൽനിന്നു് റിവാൾവർ തട്ടിപ്പറിക്കുകയാണു് ചെയ്തതെന്നു്. അതു് ശുദ്ധമേ കളവായിരുന്നു. ഭഗത്സിംഗ് നേരത്തെതന്നെ, റിവാൾവർ ഒരു കസേരയിൽ എറിഞ്ഞിടുകയാണു ചെയ്തതു്. പോലീസുദ്യോഗസ്ഥൻ പിന്നീടു് അതു കൈയിലെടുത്തെന്നുമാത്രം." ദത്തു് പറഞ്ഞു.

"കള്ളക്കേസ് ചമയ്ക്കൽ എന്നും, എല്ലാ രാജ്യങ്ങളിലേയും പോലീസിനുള്ള ഒരു പ്രത്യേകതയാണു് അല്പംമുമ്പു് അലഹബാദ് കോർട്ടിലെ ജസ്റ്റീസ് മുല്ല ഒരു കേസിൻെറ വിധി പ്രസ്താവിച്ചുകൊണ്ടു് പോലീസ്സാണു് കുററക്കാരുടെ ഏററവും വലിയ സംഘടനയെന്നു് അഭിപ്രായപ്പെടുകയുണ്ടായി. ബ്രിട്ടീഷുകാരു

ടെ ഭരണകാലത്തെന്നപോലെതന്നെ സ്വതന്ത്രഭാരതത്തിലും ആ സമ്പ്രദായം നിലവിലുണ്ട്." ഞാൻ പറഞ്ഞു.

ജനവരി അഞ്ചാംതീയതി ഞാൻ ആശുപത്രിയിൽ ചെന്നപ്പോൾ ശ്രീ: മന്മഥഗുപ്തയും പത്നിയും ദത്തിന്റെയടുത്തുണ്ടായിരുന്നു. ഞങ്ങൾ അന്ന് ബോംബുകേസിനെക്കുറിച്ചു സംസാരിച്ചു. ദത്ത്ജി പറഞ്ഞു: "അറസ്റ്റിനുശേഷം എന്നെയും, ഭഗത്സിംഗിനെയും വെവ്വേറെയാണ് പാർപ്പിച്ചതു്. എന്നെ കോത്‌വാലി ജയിലിലും, ഭഗത്സിംഗിനെ ഇന്നത്തെ പാർലിമെൻറസ്ട്രീററ് സ്റ്റേഷനിലുമാണ് പാർപ്പിച്ചതു്. അവിടെവെച്ചു് ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥൻ എന്നെ സമീപിച്ചു്, 'നിങ്ങൾ ചരിത്രം സൃഷ്ടിച്ചിരിക്കുന്നു. അസംബ്ളിയിൽ ബോംബെറിയുക അത്ര എളുപ്പമുള്ള കാര്യമല്ല. നിങ്ങൾ ലോകത്തെങ്ങും പ്രസിദ്ധനായിത്തീന്നിരിക്കുന്നു. ഞാൻ ഒരു പത്രപ്രതിനിധിയാണ്. നിങ്ങളുടെ ഫോട്ടോ എടുക്കാൻ വന്നതാണ്'' എന്നു പറഞ്ഞു. ഞാൻ അയാളുടെ വലയിൽ കുടുങ്ങി ഫോട്ടോ എടുക്കുവാൻ അനുവദിച്ചു. ആ ഫോട്ടോ ആയിരുന്നു പിന്നീട് കള്ളസാക്ഷികൾക്ക് എന്നെ പരിചയപ്പെടുത്തുവാൻ പോലീസ് ഉപയോഗിച്ചതു്. ആ കേസ്സിൽ എട്ടു സാക്ഷികളുണ്ടായിരുന്നു. എല്ലാവരേയും പോലീസ് വശപ്പെടുത്തിയതാണ്. കേസുവിചാരണ ഡൽഹി കോർട്ടിൽ മജിസ്ട്രേട്ട് മിസ്റ്റർ എഫ്. ബി. പോളിന്റെ മുമ്പാകെ നടന്നു. ജയിൽ സൂപ്രണ്ടിന്റെ മുറി സ്പെഷ്യൽ കോട്ടാക്കുകയാണു ചെയ്തതു്. ഞങ്ങൾക്ക് കോർട്ടിൽ ഇരിക്കുവാൻ ഒരു ബെഞ്ച് നല്കിയിരുന്നു. ഞങ്ങൾക്കുവേണ്ടി വാദിച്ചതു് ശ്രീ. ആസഫ് ആലിയാണ്.

"ഞങ്ങൾ ഇൻക്വിലാബ് സിന്ദാബാദ്, ഇമ്പീരിയലിസം മുർദ്ദാബാദ് എന്ന മുദ്രാവാക്യം വിളിച്ചുപറഞ്ഞിരുന്നു. തന്മൂലം ഒരുദിവസം മജിസ്ട്രേട്ട് ക്ഷോഭിച്ചു പോലീസിനെക്കൊണ്ടു ഞങ്ങളുടെ കൈകാലുകൾക്കു വിലങ്ങുവെയ്പിച്ചു. പക്ഷെ ശ്രീ. ആസഫ് ആലി ഇടപെട്ടു മജിസ്ട്രേട്ടിനെ സമാധാനിപ്പിച്ചു്, ഞങ്ങളെ വിലങ്ങുവയ്ക്കുന്നതിൽനിന്ന് സ്വതന്ത്രമാക്കി. ആറേഴുദിവസംകൊണ്ടു് വിചാരണ പൂർത്തിയാക്കി കേസ് സെഷൻസ്‌കോർട്ടിൽ ഏല്പിച്ചു. കുററം നിരസിക്കാൻവേണ്ടി ശ്രീ ആസഫ്ആലി ഞങ്ങളെ നിർബന്ധിക്കാൻതുടങ്ങി. 'നിങ്ങൾ ബോംബെറി

ഞ്ഞിട്ടില്ലെന്നു പറഞ്ഞാൽമതി. ബാക്കി കാര്യം ഞാനേററു. പിന്നെ നിങ്ങളെ ഈ കേസിൽനിന്നു മോചിപ്പിക്കാൻ യാതൊരു പ്രയാസവുമില്ല' എന്നാണു് ശ്രീ. ആസഫ്ആലി ഞങ്ങളെ ഉപദേശിച്ചതു്. എന്നാൽ തെളിവുനൽകാൻ കഴിയുകയില്ലെന്നു് ഞങ്ങൾ നേരത്തേ ഉറപ്പിച്ചുകഴിഞ്ഞിരുന്നു. ഈ കേസ് ഞങ്ങളുടെ ലക്ഷ്യം രാജ്യവാസികളുടെ മുമ്പിൽ സമർപ്പിക്കാനുള്ള ഒരു ഉപകരണമാക്കാനാണു് ഞങ്ങൾ ശ്രമിച്ചതു്. അതിനാൽ ഞങ്ങൾ ചെയ്തതു് ന്യായീകരിക്കാൻ ശ്രമിച്ചു. ഗവണ്മെൻറിൻെറ അക്രമവും നീതിവിരുദ്ധവുമായ നടപടിമൂലം രാജ്യത്തുളവായിട്ടുള്ള പരിതഃസ്ഥിതി—പൊതുജനാഭിപ്രായം—ഭരണാധികാരികളുടെ ബധിരകർണ്ണങ്ങളിലെത്തിക്കാൻ ഒരു ഭയങ്കരശബ്ദം ആവശ്യമായിത്തീൎന്നു, എന്ന പ്രസ്താവന കോർട്ടുമുമ്പാകെ നൽകുന്നതിനുമുമ്പു് പത്രങ്ങൾക്കും അതിൻെറ കോപ്പി അയച്ചിരുന്നു.

"ഞങ്ങൾ തയ്യാറാക്കിയ മൊഴി ആദ്യം ശ്രീ. ആസഫ് ആലിയെ കാണിച്ചപ്പോൾ, അദ്ദേഹം അതിൽനിന്നു് ഒരു വാക്കു് മാററാൻ ആവശ്യപ്പെട്ടു. ഞങ്ങൾ ഇന്ത്യയിൽ, തൊഴിലാളികളുടെയും കർഷകരുടെയും ഡിഃക്ടേററർഷിപ്പു സ്ഥാപിക്കാനാഗ്രഹിക്കുന്നു എന്നതിൽനിന്നു് ഡിക്ടേററർഷിപ്പു് എന്ന വാക്കു മാററി. Dictatorship of the proletariat എന്നതു് Sovereignty of the proletariat എന്നു് തിരുത്തി. ഞങ്ങൾ മൂന്നരമണിക്കാണു് ഈ മൊഴി മജിസ്ട്രേട്ടുമുമ്പാകെ സമർപ്പിച്ചതു്. പത്രപ്രതിനിധികൾ തൽക്ഷണം അതിൻെറ പകർപ്പുമായി ഓടി. രണ്ടുമണിക്കൂറിനുള്ളിൽ പത്രങ്ങളുടെ സപ്ലിമെൻററി പതിപ്പുകൾ ബസാറിൽ വില്പനയ്ക്കുവന്നു. വാസ്തവത്തിൽ പത്രക്കാർ, ഞങ്ങൾ നൽകാൻപോകുന്ന മൊഴി കാലേക്കൂട്ടി തയ്യാറാക്കിവച്ചിരുന്നു. ഞങ്ങൾ കോർട്ടിൽ മൊഴിനല്കുന്ന സമയത്തു്, അതച്ചടിച്ച പത്രങ്ങളും ബസാറിൽ വിററിരുന്നു. തന്മൂലം ഗവണ്മെൻറു പരിഭ്രമിച്ചു. ഞങ്ങളുടെ മൊഴി കേസുമായി ബന്ധപ്പെടുത്താൻ മജിസ്ട്രേട്ട് വിസമ്മതിച്ചു. ഈ മൊഴി രാഷ്ട്രീയപ്രചരണത്തിനുവേണ്ടിയുള്ളതാണെന്നും കേസുമായി അതിനു് ബന്ധമില്ലെന്നും മജിസ്ട്രേട്ടു വിധിച്ചു. മൊഴിയിൽ, ഞങ്ങൾ സെൻട്രൽ അസംബ്ലിയിൽ പ്രവേശിക്കുകയും ബോംബെറിയുകയും ചെയ്തുവെന്ന ഭാഗംമാത്രം മജിസ്ട്രേട്ടു സ്വീക

രിച്ചു. നിയമാനുസരണം കേസ് സെഷൻസിലേയ്ക്കു കമ്മിററു ചെയ്യുന്നതിനുമുമ്പ് മജിസ്ട്രേട്ടു ചോദിച്ചു: 'Do you plead guilty or not?' ഞങ്ങൾ നിരപരാധികളാണെന്ന വസ്തുത ഞങ്ങൾക്കു ബോദ്ധ്യമുണ്ട്. ഞങ്ങൾ കുററക്കാരുമല്ല. എന്നാൽ ബോംബെറിഞ്ഞതു് ഞങ്ങൾതന്നെയാണുതാനും. അതു കുററകരമായ പ്രവൃത്തിയാണെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. അതിനാൽ മജിസ്ട്രേട്ടിന്റെ ചോദ്യത്തിനു് ശരിയായ മറുപടി നൽകാതെ വ്യംഗ്യമായി ഞങ്ങൾ പറഞ്ഞു: We wanted to be tried." നിയമദൃഷ്ട്യാ ഈ വാചകത്തിനു യാതൊരർത്ഥവുമുണ്ടായിരുന്നില്ല. അതിനാൽ മജിസ്ട്രേട്ട് എന്താണു രേഖപ്പെടുത്തിയതെന്നറിഞ്ഞുകൂടാ. സെഷൻസ് കോർട്ടിൽ ഞങ്ങളെ വിചാരണചെയ്തപ്പോൾ, നിങ്ങൾക്കെന്തെങ്കിലും മൊഴി നൽകാനുണ്ടോ എന്നു് ജഡ്ജി ചോദിച്ചു. ഞങ്ങൾക്കു മൊഴിയൊന്നും നൽകാനില്ലെന്നും രണ്ടു സാക്ഷികളെ ഹാജരാക്കാൻ ആഗ്രഹമുണ്ടെന്നും ഞങ്ങൾ പറഞ്ഞു. പണ്ഡിററ് മദൻമോഹൻ മാളവ്യ, ഡോക്ടർ മോൺജെ. അതനുസരിച്ചു പണ്ഡിററ് മദൻമോഹൻമാളവ്യാ കോർട്ടിൽ ഹാജരായി അദ്ദേഹത്തോടു ഞങ്ങൾ ചോദിച്ചു:

"ഇന്നത്തെ ഗവണ്മെൻറ്, ജനപ്രതിനിധികളുടെ അഭിപ്രായം മാനിക്കാതെ സ്വേച്ഛാധിപത്യത്തോടെ ട്രെയിഡ് ഡിസ്പ്യൂട്ടു നിയമം പാസ്സാക്കാൻ തുനിഞ്ഞതിൽ പ്രതിഷേധിച്ചു്, ഏതെങ്കിലും യുവാക്കളെ ഇത്തരം പ്രവൃത്തിക്കു നിർബന്ധിതരാക്കാൻ പര്യാപ്തമായ അന്തരീക്ഷം ഇന്നു രാജ്യത്തു നിലവിലുണ്ടോ?"

സെഷൻസ് ജഡ്ജി ആ ചോദ്യം അനുവദിച്ചില്ല. രാഷ്ട്രീയ പ്രചരണംമാത്രമാണിതിന്റെ ഉദ്ദേശമെന്നു് അദ്ദേഹം വിധിച്ചു. മാളവ്യജി എഴുന്നേററു ഞങ്ങളുടെ അടുത്തുവന്നു. അദ്ദേഹം അശ്രുപൂർണ്ണമായ നയനങ്ങളോടെ ഞങ്ങളിരുവരേയും കെട്ടിപ്പിടിച്ചു് പറഞ്ഞു "പരിഭ്രമിക്കേണ്ടാ' രണ്ടുവർഷത്തിനുള്ളിൽ ഞാൻ നിങ്ങളെ ജയിലിൽനിന്നിറക്കിക്കൊണ്ടുപോരും." ഞങ്ങൾ ബോംബെറിഞ്ഞതു് 1929 ഏപ്രിൽ 8-ാംതീയതിയായിരുന്നു. രണ്ടുമാസംകൊണ്ടു്, അതായതു് ജൂണിൽ കേസിന്റെ വിധി പ്രസ്താവിച്ചു. ഞങ്ങൾ ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ടു.

# സ്മരണയുടെ ഏടുകൾ

അന്നു് ഞാൻ ശ്രീ. ദത്തിന്റെ അടുത്തു ചെന്നപ്പോൾ ഗ്യാൻചന്ദ് എന്ന ഒരു വ്യക്തി അവിടെ കാത്തുനിന്നിരുന്നു. അയാൾ പാകിസ്ഥാനിൽനിന്നു വന്ന ഒരു അഭയാർത്ഥിയാണെന്നും പണ്ടു് വിപ്ലവപ്രസ്ഥാനവുമായി ബന്ധമുണ്ടായിരുന്നെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഇന്നത്തെ ഭരണാധികാരികളെ ഗാഢനിദ്രയിൽനിന്നുണർത്താൻ വിപ്ലവകാരികളുടെ മാർഗ്ഗം ആവശ്യമാണെന്നും അതിനുവേണ്ട നിർദ്ദേശം വേണമെന്നും പറഞ്ഞാണു് അയാൾ അവിടെ വന്നതു്. ഞാൻ അയാളുടെ തെററിദ്ധാരണ നീക്കാൻ ശ്രമിച്ചു. "സ്വതന്ത്രഭാരതം പഴയ വിപ്ലവകാരികളുടെ നേരെ കണ്ണടച്ചു' എന്ന ആരോപണത്തിൽ കഴമ്പില്ല. നാം ഏതൊരാദർശത്തെ മുൻനിർത്തിയാണോ രംഗത്തിറങ്ങിയതു് അതു് സ്വാർത്ഥലാഭത്തിനുവേണ്ടിയായിരുന്നില്ല. നാം കഴിവുള്ളതു പ്രവർത്തിച്ചു. കർത്തവ്യത്തിന്റെ പേരിലാണിതു്. പ്രതിഫലം ഇച്ഛിച്ചല്ല ഇത്രയേറെ യുവാക്കൾ ബലിദാനം നല്കിയതു്. 1928-30 ഭാരതത്തെ സംബന്ധിച്ചിടത്തോളം ഒരു നിർണ്ണായകകാലഘട്ടമായിരുന്നു. അന്നു് ഉചിതമെന്നു തോന്നിയതു നാം പ്രവർത്തിച്ചു. ഇന്നു് സ്ഥിതിഗതികൾ മാറി. ഇന്നു് സ്വദേശിഗവണ്മെൻറാണു ഭരിക്കുന്നതു്. വിദേശീയരല്ല. ചരിത്രത്തിൽനിന്നു് മുഖംതിരിക്കാൻ പാടില്ല. കാലത്തിനൊത്തു് മുന്നോട്ടുനീങ്ങാൻ ശ്രമിക്കുക! സ്വാതന്ത്ര്യത്തിനുമുമ്പു് നമ്മുടെ രാജ്യം വിഭജിക്കപ്പെട്ടുമെന്നു് ആരും വിചാരിച്ചിരുന്നില്ല. അതിനാൽ പരിതഃസ്ഥിതികൾ മുമ്പിൽ കണ്ടുകൊണ്ടു പ്രവർത്തിക്കുക. നമ്മുടെ ലക്ഷ്യം മനുഷ്യനന്മയാണു്."

ഗ്യാൻചന്ദിനെ പറഞ്ഞയച്ചതോടെ ശ്രീ: ദത്ത് തുടർന്നു: "സ്വാതന്ത്ര്യസമരം നടത്തിയതു് നമ്മളും, ഫലമനുഭവിക്കുന്നതു്

കാൺഗ്രസ്സുകാരുമാണെന്നു് പലരും പറയുന്നുണ്ടു്. ആ ചിന്താഗതി തികച്ചും തെററാണു്. നാം പ്രതിഫലത്തെ ഉദ്ദേശിച്ചായിരുന്നില്ല വിപ്ലവപ്രസ്ഥാനത്തിൽ പങ്കെടുത്തതു്. എൻെറ സ്ഥിതി തന്നെ നോക്കൂ! ഞാനിന്നു് ആശുപത്രിൽക്കിടന്നു മരണവുമായി മല്ലിടുന്നു. പണിയെടുത്തു് ഉപജീവനംകഴിക്കേണ്ടതുകൊണ്ടു് എൻെറ ഭാര്യയ്ക്കു് എന്നെ ശുശ്രൂഷിക്കാൻ കഴിയുന്നില്ല. ജയിലിൽനിന്നു പുറത്തുവന്നതിനുശേഷം ഇന്നോവരെ എൻെറ സാമ്പത്തികദുഃസ്ഥിതി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ആദ്യവും ഞാൻ സാമ്പത്തികമായി കഷ്ടപ്പെട്ടുന്നവനായിരുന്നു. രാജ്യം സ്വാതന്ത്ര്യമായതിനുശേഷവും എൻെറ സ്ഥിതി അതുതന്നെ."

"സോണിപ്പത്തിൽനിന്നു് ഒരുസംഘം കാൺഗ്രസ്സുകാർ, നിങ്ങളുടെ രോഗവിവരം അന്വേഷിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുവാനും പ്രധാനമന്ത്രി ശാസ്ത്രീയെക്കണ്ടു് നിവേദനം നടത്തിയിട്ടുണ്ടു്." ഞാൻ പറഞ്ഞു.

അതുകേട്ടു് ശ്രീ. ദത്ത് ക്ഷോഭിച്ചു. "മനുഷ്യർ എത്ര ഉപദ്രവകാരികളാണെന്നു നോക്കൂ! ഞാൻ രോഗസ്ഥിതി വിസ്മരിക്കാൻ ശ്രമിക്കുന്നു. എന്നാൽ മററുള്ളവർ അതു് വീണ്ടും വീണ്ടും അനുസ്മരിപ്പിക്കുവാൻ ശ്രമിക്കുകയാണു്. എൻെറ മനസ്സിനെ അതു് ക്ഷതപ്പെടുത്തുമെന്നു് ആരും ചിന്തിക്കുന്നില്ല" ഞാൻ വിഷയം മാററാൻവേണ്ടി ചന്ദർശേഖർആസാദിൻെറ കാര്യമെടുത്തിട്ടു. അപ്പോൾ ദത്ത് തുടൎന്നു: "അതേ! ഓരോ വ്യക്തിയും ഓരോ സന്ദൎഭത്തിൽ ശോഭിക്കുന്നു. അസംബ്ളിബോംബുകേസ്സിനുമുമ്പേ തന്നെ ചന്ദർശേഖർആസാദ് ശോഭിക്കുമായിരുന്നു. പക്ഷേ അന്നു് സന്ദൎഭം ലഭിച്ചില്ല. ലാഹോർ ഗൂഢാലോചനക്കേസ്സിൽ സഹപ്രവൎത്തകരധികവും അറസ്റ്റ്ചെയ്യപ്പെട്ടതോടെ ചന്ദർശേഖറിനു് നേതൃത്വം ലഭിച്ചു. ആ സന്ദൎഭം അദ്ദേഹം വേണ്ടവിധമുപയോഗപ്പെടുത്തി. പ്രൊഫസ്സർ നിഗം, ചന്ദർശേഖർആസാദിനെക്കുറിച്ചെഴുതിയിട്ടുള്ളതെല്ലാം കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലാണു്. ബോംബെറിയുന്നതിനുമുമ്പു് ഡൽഹിയിൽ പാൎട്ടിമീററിംഗ് കൂടിയെന്നും, ബോംബെറിയാൻ ചന്ദർശേഖർആസാദ് നിയുക്തമായി എന്നുമാണു് പ്രൊഫസ്സർ നിഗം പറയുന്നതു്. അതും തികച്ചും തെററാണു്. ഡെൽഹിയിൽ അങ്ങനെ ഒരു മീററിങ്ങും കൂടിയിട്ടില്ല. ആസാദ്, ബോംബുനടപടിക്കു് നിയുക്ത

നായതുമില്ല. ഞാനും ഭഗത്സിംഗും ബോംബെറിഞ്ഞു, അറസ്റ്റ് വരിക്കുക; പിന്നീട് പ്രസ്താവനമൂലം വിപ്ലവപ്രസ്ഥാനത്തിൻെറ ലക്ഷ്യം പൊതുജനസമക്ഷം സമർപ്പിക്കുക; കാൺഗ്രസ്സിൻെറ പൊള്ളത്തരം വെളിച്ചത്തു കൊണ്ടുവരിക എന്നതായിരുന്നു ഞങ്ങളുടെ നടപടിയുടെ ഉദ്ദേശം. അതിനാൽ ഭഗത്സിംഗ് ജയിലിൽവച്ച് എപ്പോഴും ഇങ്ങനെ പറഞ്ഞിരുന്നു:

"ഞാൻ കഴുമരത്തിലേററപ്പെട്ടുമെന്നതിൽ യാതൊരു സംശയവുമില്ല. ഒരുഭാഗത്ത് എൻെറ മൃതദേഹം കഴുമരത്തിൽ തൂങ്ങിക്കിടക്കുമ്പോൾ മറുഭാഗത്ത്, കോൺഗ്രസ്സ് ബ്രിട്ടീഷ്ഗവണ്മെൻറുമായി കൂട്ടുകെട്ടുകൾക്ക് വിലപേശുകയായിരിക്കും. അങ്ങനെയുള്ള ഒരു അന്തരീക്ഷം സൃഷ്ടിച്ചിട്ടുവേണം എനിക്കു മരിക്കാൻ."

ഭഗത്സിംഗ് ആഗ്രഹിച്ചതുപോലെതന്നെ സംഭവിച്ചു. ബ്രിട്ടീഷ്-കാൺഗ്രസ്സ് കൂട്ടുകെട്ട് (ഗാന്ധി-ഇർവിൻസന്ധി) മാർച്ച് 14-ാംതീയതി ഒപ്പുവെച്ചു, 9-ാംദിവസം ഭഗത്സിംഗ് കഴുമരത്തിലേററപ്പെട്ടു."

ശ്രീ. ദത്ത് ആവേശഭരിതനായി. അദ്ദേഹത്തിൻെറ മുഖം ചുവന്നു. അതിനാൽ ഞാൻ സംഭാഷണമവസാനിപ്പിക്കാൻ ശ്രമിച്ചു. ഹോമിയോപ്പതിചികിത്സയുടെ കാര്യം ചർച്ചചെയ്തു.

"ഓരോ ചികിത്സയ്ക്കും ചില പ്രത്യേകവൈശിഷ്ട്യങ്ങളുണ്ടാകും. ഹോമിയോചികിത്സകൊണ്ടും പല മഹാരോഗങ്ങളും മാറീട്ടുള്ളതായി ഞാൻ കേട്ടിട്ടുണ്ട്. ബീഹാറിലെ പൊതുജനാരോഗ്യമന്ത്രി ശ്രീ. അബ്ദുൾഖയ്യും അൻസാരി പലപ്പോഴും എന്നോടു പറഞ്ഞിട്ടുണ്ട്, അലോപ്പതിയുടെ വലയിൽ കുടുങ്ങിക്കിടക്കാതെ വല്ല നാടൻചികിത്സയും ചെയ്തുനോക്കു എന്ന്." ദത്ത് പറഞ്ഞു.

അതുകേട്ട് ഞാൻ ശ്രീ. സുരേന്ദ്രമോഹൻഘോഷിൻെറ അഭിപ്രായം അറിയിക്കാൻ ശ്രമിച്ചു. ദത്ത്ജിക്ക് എൻെറ സൂചന മനസ്സിലായി. "ശരിയാണ്. പക്ഷേ ഒരേസമയത്ത് രണ്ടു ചികിത്സ സാദ്ധ്യമല്ലല്ലോ! ഇപ്പോഴത്തേതു് അവസാനിപ്പിച്ചിട്ടു വേണ്ടേ മറെറാന്നു തുടങ്ങാൻ?" അത്രയും പറഞ്ഞതിനുശേഷം ശ്രീ. ദത്ത് ചിന്താമഗ്നനായി. ഞാൻ ഉടൻതന്നെ ഒരു ലേഖന

ത്തിൻെറ കാര്യം പറഞ്ഞു. ബോംബെറിയുന്ന സമയത്തു് ശ്രീ. ദത്തിൻെറ പക്കലും റിവാൾവറുണ്ടായിരുന്നു എന്നാണു് അതിൽ എഴുതിയിരിക്കുന്നതു്.

ദത്ത് വിശദീകരിച്ചു: "അതു തികച്ചും തെററാണു്. ഞങ്ങളുടെ പക്കൽ ഒരേ ഒരു റിവാൾവറേ ഉണ്ടായിരുന്നുള്ളു ഞങ്ങൾ ബോംബുകൾ വർത്തമാനപത്രത്തിൽ പൊതിഞ്ഞാണു് കൊണ്ടുപോയതു്. ഡ്രസ് എല്ലാം ഇണക്കിത്തയ്യാറാക്കിയാണു് അസംബ്ളി ഹാളിൽ കടന്നതു്. ഞങ്ങളെ വല്ലവരുമാക്രമിച്ചാൽ ആത്മരക്ഷയ്ക്കു വേണ്ടിയായിരുന്നു റിവാൾവർ കരുതിയതു്. ഞങ്ങൾ വളരെ ജാഗ്രതയോടെയാണു് പ്രവർത്തിച്ചിരുന്നതു്. ബോംബു് എപ്പോഴും ഞങ്ങളുടെ പോക്കററിൽ ഉണ്ടായിരിക്കും. ഉരസൽ ഏല്ക്കുന്ന പക്ഷം അതു പൊട്ടും. അതിനാൽ ഞങ്ങളെപ്പോഴും തോളോടു തോൾ ചേർന്നാണു് നടന്നിരുന്നതു്. ആരെങ്കിലും ഞങ്ങളുടെ മദ്ധ്യത്തിലൂടെ കടന്നുപോയാൽ ഉരസൽ ഏല്ക്കും. പിന്നെ ഞങ്ങളിരുവരുടേയും ശരീരത്തിൻെറ കഷണങ്ങളായിരിക്കും കാണുക.

അസംബ്ളിയിൽ ബോംബെറിഞ്ഞതിനുശേഷം ഭഗത് സിംഗ് ആളുകളെ അകററിനിർത്താൻ ആകാശവെടിവെച്ചു. അവസാനം റിവാൾവർ 'ജാം' ആയതോടെ അതു് ഒരു കസേരയിലേയ്ക്കെറിഞ്ഞു. ബോംബു പൊട്ടിയതോടെ ഹാളിൽ കോലാഹലമായി. മെമ്പർമാർ ആത്മരക്ഷാർത്ഥം മേശയ്ക്കടിയിലും, കസേരകൾക്കടിയിലും ഓടിയൊളിച്ചു. കുറേക്കഴിഞ്ഞു് പോലീസ് എത്തിയപ്പോൾ ഞങ്ങൾ സ്വയം അറസ്റ്റുവരിച്ചു. പോലീസ് ഉദ്യോഗസ്ഥൻ തെരുതെരെ ചോദ്യങ്ങൾ ചോദിച്ചപ്പോൾ ഞങ്ങൾ പറഞ്ഞു: 'പരിഭ്രമിക്കാതിരിക്കു! കോർട്ടിൽവെച്ചു് എല്ലാം പറഞ്ഞുതരാം.' കോർട്ടിൽവെച്ചു് ഞങ്ങൾ കുററം സമ്മതിച്ചപ്പോൾ പോലീസ് ഉദ്യോഗസ്ഥൻ സന്തുഷ്ടനായി. ഞങ്ങൾക്കു് ഹസ്തദാനം ചെയ്തുകൊണ്ടു പറഞ്ഞു: 'നിങ്ങൾ വാഗ്ദത്തം പാലിച്ചു.'

പിറേറദിവസം ചെന്നപ്പോൾ ദത്ത്ജി വളരെ ഉദാസീനനായി കാണപ്പെട്ടു ഞാൻ അടുത്തുകിടന്ന കസേരയിലിരുന്നു പത്തുമിനിട്ടുകഴിഞ്ഞിട്ടും അദ്ദേഹം മൗനം ഭഞ്ജിച്ചില്ല. ഞാൻ ദത്ത്ജിയുടെ കരംഗ്രഹിച്ചു്, ചോദിച്ചു: "നിങ്ങൾ എന്തിനാണിങ്ങനെ ഉദാസീനനാകുന്നതു്?"

"സദാസമയവും ഒററയ്ക്കു കഴിച്ചുകൂട്ടി മുഷിഞ്ഞു."

"അതല്ലെ അഞ്ജലിദേവിയേയും പുത്രിയേയും ഇങ്ങോട്ടു വിളിക്കാൻ ഞങ്ങൾ പറയുന്നതു്. അവരുംകൂടി അടുത്തുണ്ടെങ്കിൽ ഏകാന്തത അനുഭവപ്പെടുകയില്ല."

"നിങ്ങൾ പറയുന്നതു ശരിയാണു്. എന്നാൽ അഞ്ജലി അധികദിവസമിവിടെ താമസിച്ചാൽ ശമ്പളമില്ലാത്ത അവധിയെടുക്കേണ്ടിവരും. ശമ്പളം നിലച്ചാൽ കുടുംബച്ചെലവുകളെങ്ങനെ നടക്കും? (ശ്രീമതി ദത്തു് ബീഹാറിൽ ഒരു അദ്ധ്യാപികയാണു്.) അഞ്ജലിക്കു് ദീർഘകാലാവധി നല്കാമെന്നും അക്കാലത്തു നഷ്ടപ്പെടുന്ന ശമ്പളം മറേറതെങ്കിലും ഫണ്ടിൽനിന്നു നല്കാമെന്നും ബീഹാറിലെ വിദ്യാഭ്യാസമന്ത്രി അറിയിക്കുകയുണ്ടായി. പക്ഷെ ആ വ്യവസ്ഥ ഞാനിഷ്ടപ്പെടുന്നില്ല മററുള്ളവരെ ആശ്രയിക്കേണ്ട ആവശ്യമെന്തിരിക്കുന്നു!"

"അതു സാരമില്ല. നിങ്ങൾ പത്നിയെ വിളിക്കൂ! മററുതരത്തിലുള്ള ബുദ്ധിമുട്ടുകളൊന്നും നേരിടുകയില്ല." ഞാൻ പറഞ്ഞു

ചന്ദ്രശേഖർആസാദിനെ സംബന്ധിച്ചു ശ്രീ. ബനാർസിദാസു് ചതുർവേദി എഴുതിയിട്ടുള്ള കുറെ ലേഖനങ്ങൾ ഞാൻ തലേദിവസം ദത്തിനു് കൊടുത്തിരുന്നു. അതിൽ ചന്ദ്രശേഖർ ആസാദു് പണ്ഡിററു് മോത്തിലാൽനെഹ്റുവിനെ സമീപിച്ചു്, വിപ്ലവപ്രസ്ഥാനത്തിനു് സാമ്പത്തികസഹായം ആവശ്യപ്പെട്ടെന്നും, പണ്ഡിററു്ജി, സഹായിക്കാമെന്നു വാഗ്ദത്തം ചെയ്തിരുന്നെന്നും എഴുതീട്ടുണ്ടു്. എന്നാൽ അല്പദിവസം കഴിഞ്ഞു് പണ്ഡിററു് മോത്തിലാൽനെഹ്റു ഇഹലോകവാസം വെടിഞ്ഞതിനാൽ ആ സഹായം ലഭിക്കാതെപോയെന്നും എഴുതീട്ടുണ്ടു്. അതേ സമയത്തു്, സർദാർ ഭഗത്സിംഗ് ഒളിവിൽനടന്ന കാലത്തു് പണ്ഡിററു് മോത്തിലാൽനെഹ്റുവിനെ സമീപിച്ചു സഹായമാവശ്യപ്പെട്ടപ്പോൾ അദ്ദേഹം നിഷേധിക്കുകയാണുണ്ടായതെന്നാണു് പ്രൊഫസർ നിഗം പറയുന്നതു്. ഇതിൽ ഏതാണു ശരിയെന്നു് ഞാൻ ദത്തിനോടു ചോദിച്ചു.

"പണ്ഡിററു് മോത്തിലാൽനെഹ്റു ഒരിക്കലും വിപ്ലവകാരികളെ സഹായിച്ചിട്ടില്ല. ഞാനും ഭഗത്സിംഗും ഡൽഹിജയിലി

ലായിരുന്നപ്പോൾ ശ്രീ ആസഫ്ആലി മുഖേന അദ്ദേഹത്തി ന്നൊരു സന്ദേശമയച്ചു. പൊതുജനശ്രദ്ധയാകർഷിക്കാൻ ഞങ്ങൾ നിരാഹാരവ്രതം ആരംഭിക്കാൻപോകുന്നെന്നും അതിന് അങ്ങ യുടെ സഹായം അഭ്യർത്ഥിച്ചുകൊള്ളുന്നുവെന്നുമായിരുന്നു ഞങ്ങൾ എഴുതിയതു്. എന്നാൽ പണ്ഡിററ് മോത്തിലാൽനെഹ്റു ഞങ്ങളെ നിരാശപ്പെടുത്തുകയാണു ചെയ്തതു്. എന്നിട്ടും ഞങ്ങൾ നിരാശരായില്ല. ശിക്ഷിക്കപ്പെട്ട് പഞ്ചാബിലെ ജയിലുകളിലെ ത്തിയ ഉടൻ ഞങ്ങൾ നിരാഹാരവ്രതമാരംഭിച്ചു. ഭാരതജനത അതു് ശ്രദ്ധിക്കുകയുംചെയ്തു. നൗജവാൻ ഭാരതസഭ (ഇന്നത്തെ യൂത്ത്കോൺഗ്രസ്സ്) പ്രക്ഷോഭം സംഘടിപ്പിച്ചു. ക്രമേണ കോൺഗ്രസുകാരും ഞങ്ങൾക്കുവേണ്ടി ശബ്ദമുയർത്താനാരംഭിച്ചു. പ്രശ്നം ആൾ ഇന്ത്യാ കോൺഗ്രസ് കമ്മിററിമീററിംഗിൽ ചർച്ചാവി ഷയമായി. ഞാവർ ഒരു പ്രമേയം കൊണ്ടുവന്നു, "ഭഗത്സിങ്ങും ദത്തും, അസംബ്ളിഹാളിൽ ബോംബെറിഞ്ഞതു് തികച്ചും അന്യാ യമാണു്. എന്നിരുന്നാലും അവർ തടവുകാരുടെ അവകാശങ്ങൾക്കു വേണ്ടി ശാന്തിപൂർവ്വം നടത്തുന്ന അഹിംസാസമരത്തെ എ. ഐ. സി. സി. അനുകൂലിക്കുകയും അവരുടെ ജീവൻ രക്ഷിക്കാൻ വേണ്ടി പൊതുജനങ്ങൾ നടത്തുന്ന പ്രക്ഷോഭണങ്ങളിൽ പങ്കെടു ക്കാൻ കോൺഗ്രസുകാരോടഭ്യർത്ഥിക്കുകയുംചെയ്യുന്നു." ഇതായി രുന്നു പ്രമേയത്തിലെ ഉള്ളടക്കം. എന്നാൽ പണ്ഡിററ് മോത്തി ലാൽനെഹ്റുവായിരുന്നു കോൺഗ്രസ് പ്രസിഡൻറു്. അദ്ദേഹം ആ പ്രമേയത്തിനു് അനുമതി നല്കിയില്ല. തൽഫലമായി പഞ്ചാ ബു്, ഉത്തരപ്രദേശ്, ബംഗാൾ എന്നീ സംസ്ഥാനകോൺഗ്രസ് കമ്മിററികൾ ഹൈക്കമാൻറിൻെറ ആജ്ഞ അവഗണിച്ചു് 'ഭഗത് സിംഗ്ദിന'മാചരിച്ചു. ഉത്തരപ്രദേശിൽ ശ്രീ. ഗണേശ്ശങ്കർ വിദ്യാർത്ഥിയുടെ നേതൃത്വത്തിലും ബംഗാളിൽ സുഭാഷ്ബോസി ൻെറ നേതൃത്വത്തിലുമാണു് ഭഗത്സിംഗ്ദിനമാചരിച്ചതു്. കുറേ ക്കഴിഞ്ഞു് ബിഹാറിലെ യുവാക്കൾ പണ്ഡിററ് മോത്തിലാൽ നെഹ്റുവിൻെറ നയത്തിൽ പ്രതിഷേധിച്ചു് ഒരു പ്രമേയം പാസ്സാക്കി. അപ്പോഴാണു് ഈ പ്രശ്നത്തിൽ, രാജ്യം തൻെറ പിന്നാലെ അല്ലെന്നു് പണ്ഡിററ് മോത്തിലാൽനെഹ്റുവിനു മന സ്സിലായതു്. അവസാനം കോൺഗ്രസ്സും രാജ്യവ്യാപകമായ തോതിൽ ഭഗത്സിംഗ്, ദിന'മാചരിച്ചു.

"ലാഹോർഗൂഢാലോചനാക്കേസ്സിൽ വിജയകുമാർസിൻഹ അറസ്റ്റ്ചെയ്യപ്പെട്ടപ്പോൾ അദ്ദേഹത്തിൻെറ മൂത്ത സഹോദരൻ രാജ്കുമാർസിൻഹ കാക്കോറിഗൂഢാലോചനക്കേസിൽ ശിക്ഷി ക്കപ്പെട്ട് ജീവപര്യന്തം തടവനുഭവിക്കുകയായിരുന്നു. അങ്ങനെ ആലംബഹീനയായിത്തീന്ന അവരുടെ അമ്മ പണ്ഡിററ്മോത്തി ലാൽനെഹ്റുവിനെ കാണാൻപോയെന്നും എന്നാൽ വാളണ്ടിയർ ആ വൃദ്ധയെ കഴുത്തിനുപിടിച്ചു തള്ളി ആനന്ദഭവനത്തിൽനിന്നു പുറത്താക്കുകയാണുണ്ടായതെന്നും കേൾക്കുന്നുണ്ടല്ലോ?"

"ശരിയാണ്! മൂത്തപുത്രൻ രാജകുമാർസിൻഹയെ അറസ്റ്റ് ചെയ്ത വാത്തയറിഞ്ഞു് അച്ഛൻ ഇഹലോകവാസംവെടിഞ്ഞു. ഇളയ പുത്രനുംകൂടി അറസ്റ്റ്ചെയ്യപ്പെട്ടതോടെ ആ അമ്മ ആലംബ ഹീനയായി. ആ പരിതഃസ്ഥിതിയിലാണ് അവർ ആനന്ദഭ വനത്തിൽ സഹായത്തിനു ചെന്നതു്. വിജയകുമാർസിൻഹയുടെ അമ്മ വലിയ വൈരാഗ്യബുദ്ധിയുള്ള ഒരു സ്ത്രീയാണ്. തലമൂത്ത കോൺഗ്രസ്നേതാക്കൾ വിപ്ലവകാരികളുടെ സാഹസപ്രവൎത്തന ങ്ങളെ പുകഴ്ത്തിയിരുന്നു. യുവാക്കൾ കുഴപ്പങ്ങൾ സൃഷ്ടിച്ചെങ്കിലേ ബ്രിട്ടീഷുകാർ തങ്ങളോട് കൂടുതൽ അടുക്കുകയുള്ളു എന്നു് കോൺ ഗ്രസ്സുകാക്കറിയാമായിരുന്നു. അതിനാൽ മനസാ വിപ്ലവകാരി കളെ വെറുത്തിരുന്നെങ്കിലും അവർ കുഴപ്പം സൃഷ്ടിക്കണേ എന്നു് കോൺഗ്രസ്സുകാർ ആഗ്രഹിച്ചിരുന്നു. അതാണ് വിപ്ലവകാരികൾ കോൺഗ്രസ്സിനെ വെറുത്തിരുന്നതു്."

ജനുവരി 13. അന്നു് ദത്ത്ജി വളരെ ഉന്മേഷവാനായി കാണപ്പെട്ടു. ഞങ്ങൾ പതിവുപോലെ വിപ്ലവപ്രസ്ഥാനത്തെക്കു റിച്ചു സംസാരിച്ചു. ദത്ത്ജി തുടന്നു: "ആന്തമാൻ ജയിലിൽ ഞങ്ങളോടൊന്നിച്ച് 14 വയസ്സുപ്രായമുള്ള ഒരു ബാലനുമുണ്ടായി രുന്നു. ഹരിപദ് എന്നായിരുന്നു അവൻെറ പേരു്. അഹ്സാനുള്ള എന്നു പേരായ ഒരു പോലീസുദ്യോഗസ്ഥനെ വധിച്ച കുററ ത്തിനു് ജീവപര്യന്തം ശിക്ഷിക്കപ്പെട്ട ബാലനായിരുന്നു ഹരിപദ്. അവനൊരു ബാലനല്ലായിരുന്നെങ്കിൽ കഴുമരത്തിലേററപ്പെട്ടുമാ യിരുന്നു. ആ ബാലനു് ഇത്ര ആവേശവും, ആത്മശക്തിയും എങ്ങനെ ഉണ്ടായിയെന്നു ഞങ്ങൾ ചിന്തിച്ചിരുന്നു. നിഷ്കളങ്ക നായ ഹരിപദിനെ ഞങ്ങളെല്ലാവരും അത്യധികം സ്നേഹിച്ചിരു

ന്നു. അറസ്റ്റ്ചെയ്തതിനുശേഷം പോലീസ് അവനെ സ്വന്തം വീട്ടിൽ കൊണ്ടുപോയി. കൺമുമ്പിൽവച്ച് പിതാവിനെ കയറു കൊണ്ടു വരിഞ്ഞുകെട്ടി മർദ്ദിച്ചു. പിന്നീട് വീടിനു തീവെച്ചു. കൽക്കത്താ പോലീസ്കമ്മീഷണർ ചാൽസ് ടൈഗർട്ടിനെ ആക്രമിച്ച ബിമൽദാസും ആന്തമാൻജയിലിലുണ്ടായിരുന്നു. പോലീസിന്റെ ഭീകരമർദ്ദനത്തിന്റെ പാടുകൾ അവരിരുവരുടേയും മുഖം വികൃതമാക്കിക്കളഞ്ഞു. വിപ്ലവപ്രവർത്തനം അത്ര സരളമല്ല. ഞങ്ങളുടെ സ്ഥിതിതന്നെ നോക്കു! ഞാനും ഭഗത്സിംഗും ആയുധമേന്തി ഇന്നത്തെ മഥുരാറോഡിൽ, സർ സൈമണേയും കാത്തു നില്ക്കുമായിരുന്നു. അസംബ്ളിയിൽ ബോംബെറിയാൻ പോയപ്പോഴും മരണത്തിന്റെ വായിലേയ്ക്കാണു പോകുന്നതെന്നു് ഞങ്ങൾക്കറിയാമായിരുന്നു. നിരാഹാരവ്രതവും പ്രയോജനപ്പെടുമെന്നു ഞങ്ങൾ വിശ്വസിച്ചിരുന്നില്ല. എന്നാൽ ഞങ്ങളുടെ നിരാഹാരവ്രതംകൊണ്ടു് ഇന്ത്യൻ രാഷ്ട്രീയത്തിനെന്തു നേട്ടമുണ്ടായി എന്നതു് ചരിത്രത്തിൽ രേഖപ്പെടുത്തിട്ടുണ്ടു്."

"ആ സംഭവങ്ങൾ നിങ്ങളെ ചരിത്രപുരുഷന്മാരാക്കിത്തീർത്തിരിക്കുന്നു. പഞ്ചാബ്മുഖ്യമന്ത്രി കോമ്രേഡ് രാമകൃഷ്ണൻ 'ഭഗത്സിംഗ്സ്മാരകം' നിർമ്മിക്കുന്നതിനെ സംബന്ധിച്ചു് ആലോചിക്കാൻ നിങ്ങളുടെ അടുത്തു വരുന്നുണ്ടെന്നു പത്രവാർത്ത കണ്ടു."

"ഭഗത്സിംഗും സഹപ്രവർത്തകരും എന്തിനുവേണ്ടിയാണു് കഴുമരത്തിലേറിയതെന്നു് ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുന്നതാണു് ഏററവും നല്ല സ്മാരകം. ഉദാഹരണം: നിന്റെ 'ഭഗത്സിംഗ്-ദത്ത്' എന്ന ലേഖനപരമ്പര പ്രസിദ്ധീകൃതമായതോടെ ഭാരതത്തിലെങ്ങും ചലനമുളവായി."

"നിങ്ങൾ അസംബ്ളിയിൽ ബോംബെറിയുന്നതിനുമുമ്പും ഇന്ത്യയിൽ ധാരാളം വിപ്ലവപ്രവർത്തനങ്ങൾ നടന്നിട്ടുണ്ടു്. എന്നാൽ ഭഗത്സിംഗിനും, നിങ്ങൾക്കും ലഭിച്ചതുപോലുള്ള സ്നേഹവും സമാദരവും മററാക്കും ലഭിച്ചിട്ടില്ല. അതിന്റെ കാരണമെന്തെന്നു് മനസ്സിലാകുന്നില്ല."

"ഞങ്ങളുടെ ആത്മശക്തിയും, ആത്മാർപ്പണത്തിനുള്ള ആവേശവും അനിയന്ത്രിതമായിരുന്നു. ഖുദിറാംബോസിനെപ്പോലെ

തന്നെ ഞങ്ങളും വിപ്ലവത്തിന്റെ പ്രതീകമായി വർത്തിച്ചു. നിരാഹാരവ്രതം നടത്തുമ്പോൾ, കൊലപ്പുള്ളികളെ ഇടുന്ന സെല്ലിലാണ് എന്നെ പാർപ്പിച്ചിരുന്നത്. എന്റെ കൈയും കാലിനും വിലങ്ങുവെച്ചിരുന്നു. ഏതായിരുന്നാലും മരിക്കും! അപ്പോൾ സ്വാതന്ത്ര്യത്തിനുവേണ്ടി ആരെങ്കിലും ജയിലിൽകിടന്നു ഇഞ്ചിഞ്ചായി മരിച്ചു എന്ന് ദേശവാസികൾ അറിയുകയില്ല. എന്നാൽ ഭഗത്സിംഗിന്റേയും ഗതി ഇതുതന്നെയാണല്ലോ എന്നോർക്കുമ്പോൾ എനിക്ക് ധൈര്യം ലഭിച്ചിരുന്നു. ആത്മശക്തി കൊണ്ടു് പർവ്വതത്തെപ്പോലും തട്ടിനിരത്താൻ കഴിയും. 1929-31 കാലത്തെ ദത്തിനെക്കുറിച്ചു് ഓർക്കുമ്പോൾ എനിക്കാശ്ചര്യം തോന്നുന്നു. അന്നത്തെ ദത്ത് ഒരു ആദർശപുരുഷനായിരുന്നു. ഇന്നു് നിന്റെ മുമ്പിൽ കിടക്കുന്ന ദത്ത് അല്ലായിരുന്നു. അന്നു് 13, 14 വയസ്സിൽതന്നെ എന്റെ ഹൃദയത്തിൽ വിപ്ലവചിന്ത അങ്കുരിക്കാൻ തുടങ്ങി. തൽഫലമായി ഞാൻ രാമകൃഷ്ണമിഷനിൽ ചേർന്നു. ദരിദ്രരേയും രോഗികളേയും സഹായിക്കാൻ എന്റെ ഹൃദയം വെമ്പി. അക്കാലത്തു് ഗംഗയിൽ ഭാരിച്ച വെള്ളപ്പൊക്കമുണ്ടായി. അനേകം ഗ്രാമങ്ങൾ വെള്ളത്തിലൊഴുകിപ്പോയി. നിരാലംബരായിത്തീർന്ന ഗ്രാമീണരെ സഹായിക്കാൻ എനിക്കാഗ്രഹമുണ്ടായി. അക്കാലത്തു് ഞാൻ ജ്യേഷ്ഠനൊന്നിച്ചാണ് താമസിച്ചിരുന്നത്. അദ്ദേഹത്തിന് ആവക കാര്യങ്ങൾ തീരെ ഇഷ്ടമല്ലായിരുന്നു. ഒരുദിവസം ഞാൻ അമ്മയോടു പറഞ്ഞിട്ടു് ക്യാമ്പിൽ പോയി. പകൽ മുഴുവൻ അവരെ ശുശ്രൂഷിച്ചു. രാത്രി ഹരിക്കയിൻലാമ്പുമേന്തി നദീതീരത്തു പോയിനിന്നു. ഒഴുക്കിൽപ്പെട്ടു വരുന്നവർ വിളക്കുകണ്ടു്; കര അടുത്തുണ്ടെന്നു മനസ്സിലാക്കിക്കൊള്ളുമല്ലോ!

"രാവിലെ വീട്ടിലെത്തിയപ്പോൾ ജ്യേഷ്ഠൻ എന്നെ നിർദ്ദയം മർദ്ദിച്ചു്, വീട്ടിൽനിന്നു പുറത്താക്കി. 'രാത്രി എവിടെയാണോ കഴിച്ചുകൂട്ടിയതു് അവിടെ പൊയ്ക്കൊള്ളൂ! വീട്ടിൽ കയറിക്കൂടാ' എന്നായിരുന്നു ജ്യേഷ്ഠന്റെ ആജ്ഞ. നിക്കർ ഒഴികെ ബാക്കി വസ്ത്രങ്ങളും അഴിച്ചെടുത്തു. ഞാൻ നഗ്നശരീരനായി അകലെയുള്ള ഒരു വൃക്ഷച്ചുവട്ടിലിരുന്നു ചിന്തിച്ചു. ഞാനെന്താണ് തെററു ചെയ്തതു്! ജ്യേഷ്ഠൻ എന്നെയിങ്ങനെ ശിക്ഷിച്ചതെന്തിന്! ആ ചിന്ത എന്നെ ഒരു വിപ്ലവകാരിയാക്കിത്തീർത്തു.

ആദ്യം വീട്ടിലും, കുറേക്കഴിഞ്ഞു് സമുദായത്തിലും, അവസാനം രാജ്യത്തും പ്രത്യക്ഷത്തിൽ കണ്ട അനീതിയേയും അക്രമത്തേയും എതിർത്തു."

പിറേറദിവസം ചെന്നപ്പോൾ ഭഗത്സിംഗിൻെറ സഹോദരൻ കുൽബീർസിംഗും ഉണ്ടായിരുന്നു. അന്നു് ഭഗത്സിംഗ്, ഗാന്ധി-ഇർവിൻസന്ധിയെ സംബന്ധിച്ചു് ജയിലിൽനിന്നെഴുതിയ കത്തിനെക്കുറിച്ചു സംസാരിച്ചു. ആ കത്തിൽ ഭഗത്സിംഗ് ആദ്യംമുതലവസാനംവരെ ലെനിൻതത്വങ്ങളുദ്ധരിച്ചുകൊണ്ടു്, സന്ധിയും കൂട്ടുകെട്ടും സാമൂഹ്യവിപ്ലവത്തെ തടയാനുള്ള ഉപകരണമാണെന്നു സമർത്ഥിക്കുന്നു. ദയാഹർജിക്കു പകരം തങ്ങളെ പട്ടാളത്തെക്കൊണ്ടു് വെടിവെച്ചുകൊല്ലാൻ അഭ്യർത്ഥിച്ചുകൊണ്ടു് ഭഗത്സിംഗ് വൈസ്രോയിയ്ക്കയച്ച കത്തും ചർച്ചാവിഷയമായി.

അതിൻെറ ഒരു കോപ്പി ജയിൽവാർഡൻ മുഖേന കുമാരി ലജ്ജാവതിക്കും അയച്ചിരുന്നു. അവർ ഒരു കോൺഗ്രസ്നേതാവും വിപ്ലവകാരികളുടെ അഭ്യുദയകാംക്ഷിയുമായിരുന്നു. കത്തു പത്രങ്ങളിൽ പ്രസിദ്ധീകരിക്കാൻവേണ്ടിയായിരുന്നു കുമാരി ലജ്ജാവതിയെ ഏല്പിച്ചിരുന്നതു്. എന്നാൽ അവർ ആ കത്തു് ഗാന്ധിജിയെ കാണിച്ചപ്പോൾ അതു പ്രസിദ്ധീകരിപ്പിക്കരുതെന്നു് ഗാന്ധിജി ഉപദേശിച്ചു. തൻെറ കത്തു് പ്രസിദ്ധീകരിച്ചുകാണാത്തതിൽ ഖേദിച്ചു് ഭഗത്സിഗ് ബന്ധുക്കൾക്കു് കത്തെഴുതി. അവസാനം അദ്ദേഹം ക്ഷോഭിച്ചു തൻെറ മൃതദേഹം അച്ഛനമ്മമാർക്കോ ബന്ധുക്കൾക്കോ നല്കരുതെന്നും തനിക്കീ ലോകത്തു് ബന്ധുക്കളായി ആരുമില്ലെന്നും എഴുതിക്കൊടുക്കുവാൻപോകുകയാണെന്നു് അറിയിച്ചു. അതറിഞ്ഞു് ഭഗത്സിംഗിൻെറ അച്ഛൻ അത്യധികം ഖേദിച്ചു. അദ്ദേഹം കത്തു വാങ്ങാൻ ചെന്നപ്പോൾ താൻ ആ കത്തു് യൂണൈററഡ് പ്രസ്സിനെ ഏല്പിച്ചിട്ടുണ്ടെന്നു് കുമാരി ലജ്ജാവതി പറഞ്ഞു. ഭഗത്സിംഗിൻെറ പിതാവു് യൂണൈററഡ്പ്രസ്സിൻെറ ഡയറക്ടറെ സമീപിച്ചപ്പോൾ അങ്ങനെ ഒരു കത്തു് തങ്ങൾക്കു ലഭിച്ചിട്ടില്ലെന്നു് അദ്ദേഹം പറഞ്ഞു. അവസാനം വളരെ പണിപ്പെട്ടു് ആ കത്തു് പ്രസിദ്ധീകരണത്തിനു നൽകി. ഭഗത്സിംഗിൻെറ കരത്താലെഴുതിയ ഒരു ചരിത്രരേഖ എന്ന നിലയ്ക്കു് ഞങ്ങൾ കത്തു് ഇപ്പോഴും സൂക്ഷിച്ചുവെച്ചിട്ടുണ്ടു്.

കൽബീർസിംഗ് പോയതിനുശേഷം ദത്ത്ജി പറഞ്ഞു: "എനിയ്ക്കു് വലിയ അസ്വാസ്ഥ്യത തോന്നുന്നു. എത്രയോ ദിവസങ്ങളായി ഞാനിവിടെ ഒററയ്ക്കു് കിടന്നകിടപ്പിൽ കഴിച്ചുകൂട്ടുന്നു. ഇവിടെനിന്നു് ഓടിപ്പോകാൻ തോന്നുന്നുണ്ടു്. എഴുന്നേററുനില്ക്കാൻ സാധിക്കും. പക്ഷേ കോവണി എങ്ങനെ ഇറങ്ങും!"

ഒററയ്ക്കൊരു മുറിയിൽ ഏകാകിയായി കഴിയേണ്ടിവന്നതുകൊണ്ടാണു് ദത്ത്ജി അങ്ങനെ പറയുന്നതെന്നു് എനിക്കു മനസ്സിലായി.

"അഞ്ജലിദത്തിനേയും ഭാരതിയേയും ഇങ്ങോട്ടു വിളിപ്പിക്കണം. ഒററയ്ക്കു ജീവിക്കുന്നതുകൊണ്ടാണു് നിങ്ങൾക്കിങ്ങനെ തോന്നുന്നതു്."

അതിനുള്ളിൽ ശ്രീ. കാമേശ്വരറാവു വന്നു. ദത്ത്ജി അദ്ദേഹത്തെ എനിക്കു പരിചയപ്പെടുത്തിത്തന്നു.

ശ്രീ. കാമേശ്വരറാവു പഴയ വിപ്ലവകാരികളിൽ ഒരാളാണു്. അദ്ദേഹം ഗുരുമുഖ്സിംഗ്, പൃഥ്വിസിംഗ്ആസാദ് എന്നിവരോടൊത്തു് റഷ്യയിലായിരുന്നു. ഗുരുമുഖ്സിംഗും, പൃഥ്വിസിംഗ് ആസാദും ഗദർപാർട്ടിനേതാക്കന്മാരായിരുന്നു. 1915-ൽ അവർ ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ടു. ജയിൽ മാറിയപ്പോൾ പൃഥ്വിസിംഗ്ആസാദ് പോലീസിനെ കബളിപ്പിച്ചു് രക്ഷപ്പെട്ടു.

ശ്രീ. കാമേശ്വരറാവു, ദത്ത്ജിയുടെ രോഗവിവരം മനസ്സിലാക്കിയതിനുശേഷം പറഞ്ഞു: "എൻേറയും നട്ടെല്ലിനു് കേടുപററുകയുണ്ടായി. പോലീസ് എന്നെ പിന്തുടന്നപ്പോൾ ഞാൻ ഓടി ഒരു കുണ്ടിൽ വീണു. നട്ടെല്ലിനു പരുക്കുപററി. മൂന്നു നാലുമാസം ആശുപത്രിയിൽ കിടന്നെങ്കിലും യാതൊരു പ്രയോജനവും ലഭിച്ചില്ല. അവസാനം രാഷ്ട്രപതി രാധാകൃഷ്ണൻെറ ജാമാതാവിനെ സമീപിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇവിടത്തെ ആശുപത്രികളിൽ കിടന്നു് സമയം പാഴാക്കിയതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. ഇവിടെ ഇത്തരം ചികിത്സയ്ക്കാവശ്യമായ ഉപകരണങ്ങളുമില്ല.' അതനുസരിച്ചു് ഞാൻ ഇംഗ്ലണ്ടിൽ പോയി. ഒരുമാസത്തെ ചികിത്സകൊണ്ടു് എനിക്കു നടക്കാററായി. ഇവിട-

ത്തെ ഡോക്ടർമാരുടെ വലയിൽ കുടുങ്ങി ജീവിതം പഴാക്കാതെ വിദേശത്തെവിടെയെങ്കിലുംപോയി ചികിത്സിപ്പിക്കൂ!"

കാമേശ്വരറാവു പോയതിനുശേഷം രാമാനന്ദദാസ് എന്ന ഒരു മാന്യൻ ദത്ത്ജിയുടെ അടുത്തുവന്നു. ഡൽഹിയിലെ പാർട്ടിയ അസോസിയേഷന്റെ വകയായി 1151 രൂപയുടെ പണക്കിഴി നൽകാനാണ് അദ്ദേഹം വന്നത്. അതറിഞ്ഞു ദത്ത്ജി വിര ക്തിയോടെ പറഞ്ഞു: "എനിക്കു പണത്തിന്റെ ആവശ്യമില്ല. ആശുപത്രിയിൽ കിടക്കുകയാണ്. ചികിത്സ ലഭിക്കുന്നുണ്ട്."

രാമാനന്ദദാസ് നൈരാശ്യത്തോടെ വെളിയിൽവന്ന് എന്നെ വിളിപ്പിച്ചു സങ്കടംപറഞ്ഞു. ശ്രമിച്ചുനോക്കാമെന്നു പറ ഞ്ഞ് ഞാൻ ദത്ത്ജിയുടെ അടുത്തു വന്നു. "ദത്ത്ജീ! ജനങ്ങൾ നിങ്ങളെ ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതുകൊണ്ടാ ണ് എന്തെങ്കിലും സംഭാവന നൽകാനാഗ്രഹിക്കുന്നത്. അവരെ നിരാശപ്പെടുത്തുന്നതു ശരിയാണോ?"

"സർദാർ ഭഗത്സിംഗിനോടൊത്ത് പാർലമെന്റമന്ദിര ത്തിൽ ബോംബെറിഞ്ഞ ദത്തിനെയാണ് ജനങ്ങൾ ആരാധിക്കു കയും സ്നേഹിക്കുകയും ചെയ്യുന്നത്. ആ ദത്തിന് യാതൊരാഗ്രഹ വുമുണ്ടായിരുന്നില്ല. ഏതുവിധത്തിലായാലും രാജ്യം സ്വാതന്ത്ര്യമാ കണം എന്നുമാത്രമേ ആ ദത്ത് ആഗ്രഹിച്ചിരുന്നുള്ളൂ."

"ദത്ത്ജീ! പണത്തിന്റെ അഭാവത്താൽ നിങ്ങളുടെ ഭാര്യയ്ക്ക് ഇന്ന് നിങ്ങളെ ശുശ്രൂഷിക്കാൻ കഴിയുന്നില്ല. ഉപജീ വനത്തിനുവേണ്ടി അവർക്ക് ജോലിചെയ്യേണ്ടിയിരിക്കുന്നു. പണ മുണ്ടായിരുന്നെങ്കിൽ ശമ്പളമുപേക്ഷിച്ച്, ഇങ്ങോട്ടു പോരാൻ ഞങ്ങൾ അവരെ നിർബ്ബന്ധിക്കുമായിരുന്നു."

കുറേസമയം മൗനമവലംബിച്ചതിനുശേഷം ദത്ത്ജി പറഞ്ഞു: "ഇന്നലെ ഒരു ഹിന്ദിപത്രത്തിൽ പ്രധാനമന്ത്രി ശാസ്ത്രി യുടെ പത്നിയുമായി നടത്തിയ അഭിമുഖസംഭാഷണം ഞാൻ വായി ക്കുകയുണ്ടായി. 1928-ലാണ് തന്നെ, ശാസ്ത്രി വിവാഹംചെ യ്തത് എന്ന് അവർ പറഞ്ഞിരിക്കുന്നു. അക്കാലത്ത് ഞാൻ മാതാ വിന്റെ ശേഷക്രിയ നടത്തിയതിനുശേഷം ആഗ്രയിൽ, പാർട്ടിയുടെ ഹെഡ്ക്വാർട്ടേഴ്സിലേക്കു പോയി. ഒന്നു പുരോഗതിയുടെ മാറ്റം

വും, മറേറതു് ത്യാഗത്തിൻെറ മാർഗ്ഗവുമായിരുന്നു. ശാസ്ത്രി വിവാഹാനന്തരം പുരോഗതിയിലേക്കുള്ള കോണിപ്പടികൾ കയറി. നാലു പ്രാവശ്യം ജയിൽവാസമനുഭവിച്ചു. അവസാനം പ്രധാനമന്ത്രിയായി. ഞാൻ കഴുമരത്തിൻെറ ചുവട്ടിലേയ്ക്കു നീങ്ങി. സുഖഭോഗങ്ങളുപേക്ഷിച്ചു് മാതൃഭൂമിയുടെ സേവനത്തിനായി മൈതാനത്തിറങ്ങി. അങ്ങനെ ചെയ്യുന്നവർ ഭ്രാന്തന്മാരാണെന്നു് ചിലർ പറയുന്നു. എന്തുതന്നെയായാലും ത്യാഗത്തിൻെറ മാർഗ്ഗം അനുപമമാണു്. ഭൗതികവാദികൾക്കു് അതു് മനസ്സിലാകുകയില്ല ശാസ്ത്രി പുരോഗതിയുടെ പാതയിലൂടെ ഗമിച്ചു. ഞാൻ ജീവപര്യന്തം തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടു് ആന്തമാൻജയിലിലായി. വിപ്ലവകാരികൾ വൈരാഗികളാണു്. കഴിഞ്ഞദിവസം എനിക്കൊരു സന്യാസിയുടെ കത്തു ലഭിച്ചു. ലൗകികജീവിതമുപേക്ഷിച്ച ആ മനുഷ്യനു് എന്നിൽ എന്താണിത്ര ആകർഷണീയത്! അയാൾ എന്നെ കാണാൻ പാററ്നായിൽ പോയിരുന്നു. അവിടെ ചെന്നപ്പോഴാണു് ഞാൻ ഡൽഹിലാണെന്നറിഞ്ഞതു്."

"നിങ്ങളുടെ ത്യാഗവും, സഹനശീലവും ആ സന്യാസിയെ ആകർഷിച്ചിരിക്കാം."

"നിങ്ങൾ—സുഹൃത്തുക്കൾ—ഇന്നു് എന്നെ ശുശ്രൂഷിക്കുന്നു. എന്നാൽ ആപത്തുസമയത്തു് ഏതൊരാൾക്കും തൻെറ ഭാര്യയും മക്കളും സമീപത്തുണ്ടായിരിക്കണമെന്ന ആഗ്രഹം തോന്നും. അതു് സ്വാഭാവികംമാത്രമാണു്. പണിയെടുത്തു് കുടുംബം പുലർത്തേണ്ടതിനാൽ എൻെറ ഭാര്യയ്ക്കു് എന്നെ ശുശ്രൂഷിക്കാൻ കഴിയുന്നില്ല. വേണമെങ്കിൽ ഗവണ്മെൻറിനു് ഇക്കാര്യം ഒരസാധാരണ കേസ്സായി പരിഗണിച്ചു് എൻെറ ഭാര്യയ്ക്കു് ശമ്പളത്തോടുകൂടിയ അവധി നല്കാമായിരുന്നു. സ്വന്തക്കാർക്കുവേണ്ടി അവർ അങ്ങനെ ചെയ്തിട്ടുമുണ്ടു്."

"ദത്ത്ജീ! ഇന്നത്തെ ഭരണാധികാരികളിൽനിന്നു് അങ്ങനെയൊന്നു പ്രതീക്ഷിച്ചുകൂട. ഇവർ സ്വാതന്ത്രല്ലരരും സങ്കുചിതമനോഭാവക്കാരുമാണു്. ഇംഗ്ലീഷുകാർ ആണത്തമുള്ളവരായിരുന്നു. അവർ വീരന്മാരെ ആദരിച്ചിരുന്നു. അവരോടു് സമരം ചെയ്യാൻ രസവുമുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ ഭരണാധി

കാരികൾ അധമന്മാരാണ്. നാം സ്വയം അധഃപതിച്ചെങ്കിൽ മാത്രമേ അവരുടെ നിലവാരത്തിലെത്താൻ കഴിയുകയുള്ളൂ."

"ദത്ത് ഔർ ഭഗത്സിംഗ്നേ രഖ്ലി വത്തൻ കിലാജ്" (ദത്തും ഭഗത്സിംഗും രാജ്യത്തിന്റെ അഭിമാനം രക്ഷിച്ചു) എന്ന മുദ്രാവാക്യവുമായാണ് താൻ രാഷ്ട്രീയരംഗത്ത് കാലുകുത്തിയത് എന്ന് ബീഹാറിലെ വിദ്യാഭ്യാസമന്ത്രി എന്നോടു പറയാറുണ്ട്. അതായത് എന്റേയും ഭഗത്സിംഗിന്റേയും ബലിദാനത്തോടെയാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതമാരംഭിക്കുന്നത്. അയാൾ ഇന്നു മന്ത്രിയാണ്. ഞാൻ രോഗശയ്യയിൽ. എന്റെ ഭാര്യയ്ക്ക് ശമ്പളത്തോടുകൂടിയ അവധി കൊടുക്കാൻപോലുമുള്ള നന്ദി ആ മന്ത്രിക്കുണ്ടായില്ല.

"ലാഹോർ ഗൂഢാലോചനക്കേസ്സിന്റെ വിചാരണയ്ക്ക് കോട്ടിൽ മുദ്രാവാക്യംമുഴക്കിയ കുററത്തിന് പോലീസ് ഞങ്ങളെ വിലങ്ങുവെയ്ക്കാൻ ശ്രമിച്ചു. ഞങ്ങൾ സമ്മതിച്ചില്ല. പോലീസ് ബലം പ്രയോഗിച്ച് ഞങ്ങളെ തറയിൽ വീഴ്ത്തി. അപ്പോൾ ഒരു യൂറോപ്യൻ പോലീസുദ്യോഗസ്ഥൻ കനംകൂടിയ ഷൂ ധരിച്ച് എന്റെ മുതുകത്തു ചവിട്ടി. ആ ചവിട്ടുമൂലമായിരിക്കണം ഇപ്പോൾ എന്റെ നട്ടെല്ലിനു വേദനയുണ്ടാകുന്നത്."

# അന്ത്യനിമിഷങ്ങൾ

ജനുവരി 17. അന്ന് ഞാൻ ദത്ത്ജിയുടെ അടുത്തു ചെന്നപ്പോൾ കോമ്രേഡ് രാമചന്ദ്രനെ അവിടെ കണ്ടു. അദ്ദേഹം എന്റെ ഒരു ബാല്യകാലമിത്രവും സതീർത്ഥ്യനുമാണ്. വിഭജനത്തിനുശേഷം ഞങ്ങളൊരുമിച്ച് ഒരേ പത്രത്തിൽ ജോലിചെയ്തിട്ടുമുണ്ട്. ഞാൻ ചെന്നമാത്രയിൽ പറഞ്ഞു: "ദത്ത്ജീ! കോമ്രേഡ്

രാമചന്ദ്രനേയും പഞ്ചാബിലെ മന്ത്രിസഭയിലെടുക്കാൻപോകുന്നതായി പത്രവാർത്ത കണ്ടു." അങ്ങനെയൊന്നുമില്ലെന്നു രാമചന്ദ്രൻ പറഞ്ഞു. "അങ്ങനെ സംഭവിക്കരുതേ എന്നാണ് എൻെറ പ്രാർത്ഥന" എന്നു ഞാൻ പറഞ്ഞപ്പോൾ ദത്ത്ജി ആശ്ചര്യത്തോടെ എൻെറ മുഖത്തു നോക്കി, കാരണമന്വേഷിച്ചു. "ഒരു സ്നേഹിതൻ മന്ത്രിയാകാതിരിക്കുന്നിടത്തോളംകാലം അയാൾ ഒരു നല്ല സ്നേഹിതനും, മനുഷ്യനുമായിരിക്കും. മന്ത്രിയായിക്കഴിഞ്ഞാൽപിന്നെ അയാൾ മനുഷ്യനല്ലാതായിത്തീരും. അതിനാൽ കോമ്രേഡ് രാമചന്ദ്രൻ മന്ത്രിയാകാതിരിക്കട്ടെ സമുദായത്തിന് ഒരു നല്ല മനുഷ്യനും, എനിക്കൊരു മിത്രവും നഷ്ടപ്പെടുകയില്ലല്ലോ!" അതു കേട്ട് ദത്ത്ജി ചിരിച്ചുകൊണ്ടു പറഞ്ഞു:

"ശരിയാണ്! പാററ്നായിൽ എൻെറ വീടിനടുത്ത് ഒരു ശ്രീമതി താമസിച്ചിരുന്നു. അവർ മന്ത്രിയായി. അതോടെ വീട്ടിൽ ഉത്സവത്തിൻെറ പ്രതീതിയായി. സന്ദർശകരുടെ തിക്കും തിരക്കും വദ്ധിച്ചു. പിന്നീടു മന്ത്രിസഭ ഉടച്ചുവാർത്തപ്പോൾ ആ ശ്രീമതിക്ക് മന്ത്രിസ്ഥാനം നഷ്ടപ്പെട്ടു. അവരുടെ ഭവനം ശൂന്യമായി. ഒരു കുട്ടിപോലും തിരിഞ്ഞുനോക്കിയില്ല. അവരുടെ ദുര്യോഗത്തിൽ അനുകമ്പതോന്നി ഞാൻ വല്ലപ്പോഴുമൊക്കെ അവരുടെ വീട്ടിൽ ചെല്ലാറുണ്ടായിരുന്നു."

അഞ്ജലിദത്തും, ഭാരതിയും പാററ്നായിൽനിന്നു വന്നു. അവരുടെ സാമീപ്യം ദത്ത്ജിയെ സന്തുഷ്ടനാക്കി. മൂകതയും അസ്വാസ്ഥതയും നീങ്ങി. ഭാരതിയുടെ പരീക്ഷയെപ്പററി സംസാരിച്ചുകൊണ്ടിരിക്കെ ഒരു മാന്യൻ കടന്നുവന്നു. കുശലപ്രശ്നങ്ങൾക്കുശേഷം അദ്ദേഹം ദത്തിനോടു പറഞ്ഞു: "എൻെറ പുത്രൻെറ ജീവിതം നശിക്കുകയാണ്. സ്കൂളിൽ അവനെ തക്ലികറക്കാനാണ് പഠിപ്പിക്കുന്നത്. കുട്ടി വീട്ടിൽ വന്നിട്ടും തക്ലി താഴെ വെയ്ക്കുന്നില്ല. എൻെറ കുട്ടി വലുതായാലും തക്ലി കറക്കുകയല്ലേയുള്ളു?"

ഞങ്ങളെല്ലാവരും ചിരിച്ചു. ദത്ത്ജി അല്പസമയം മൗനമവലംബിച്ചതിനുശേഷം പറഞ്ഞു: "കോൺഗ്രസ്സ്നേതാക്കളും, മന്ത്രിമാരും, പണക്കാരും തങ്ങളുടെ മക്കളെ ഉന്നതവിദ്യാഭ്യാസം ചെയ്യിക്കുവാൻ ഇംഗ്ലീഷ്മീഡിയംസ്കൂളുകളിൽ അയയ്ക്കുന്നു.

ചിലർ കുട്ടികളെ ബാല്യത്തിൽതന്നെ യൂറോപ്പിലയച്ചു് വിദ്യാഭ്യാസം ചെയ്യിക്കുന്നു. അതേസമയം സാധാരണക്കാരുടെ സന്താനങ്ങളെ തക്ലികറക്കാനാണു് പഠിപ്പിക്കുന്നതു്. സ്കൂളുകളിൽ രഘുപതിരാഘവരാജാറാം എന്ന ഭജനം പഠിപ്പിക്കുന്നു. എന്റെ മകൾ രഘുപതിരാഘവരാജാറാം പാടിനടക്കാൻ ഒരിക്കലും ഞാൻ അനുവദിക്കുകയില്ല. This is opium for the dump millions. മതം നൂററാണ്ടുകളായി മനുഷ്യരെ ചങ്ങലകളിലിട്ടു് ആട്ടിക്കൊണ്ടിരിക്കുന്നു. അതു്, നിസ്സഹായരും ദരിദ്രരുമായ ലക്ഷോപലക്ഷം ജനങ്ങളെ മയക്കിക്കിടത്താനുള്ള ഒരു ദിവ്യൗഷധമാണു്. അവർ മതത്തിന്റെ ലഹരിയിൽനിന്നു് ഉണന്നാൽ മറെറാരു കൂട്ടർ 'രഘുപതിരാഘവരാജാറാം' എന്ന കറപ്പു സേവിപ്പിച്ചു് വീണ്ടും നിദ്രയിലാഴ്ത്താൻ ശ്രമിക്കുന്നു. മതവും, ധർമ്മവും രണ്ടാണു്. രണ്ടിനേയും തമ്മിൽ കൂട്ടിയിണക്കുന്നതു തെററാണു്. ധർമ്മം മനുഷ്യനെ നന്മയിലൂടെ നയിച്ചു് യഥാർത്ഥമനുഷ്യനാക്കിത്തീക്കുമ്പോൾ, മതം തിന്മകളിലൂടെ പൈശാചികത്വത്തിലേയ്ക്കു് നയിക്കുന്നു. നമ്മുടെ സന്താനങ്ങൾക്കു് എന്തുകൊണ്ടു നല്ല വിദ്യാഭ്യാസം ലഭിക്കുന്നില്ല? നമ്മുടെ മക്കൾ എന്തിനു് 'രഘുപതിരാഘവരാജാറാം' പാടിനടക്കുന്നവരുടെ അഭിനയം അനുകരിച്ചുകൊണ്ടു് തുടരുന്നു? നമ്മുടെ നേതാക്കൾ പൊതുജനദ്രോഹികളാണു്. ഇംഗ്ലീഷു് നിലനിത്താൻവേണ്ടി ഇന്നു രാജ്യത്തു നടന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭങ്ങൾക്കുപിന്നിൽ അവരുടെ കൈകളാണു് പ്രവത്തിക്കുന്നതു്. അവക്കു തങ്ങളുടെ സന്താനങ്ങളെ ഉന്നതവിദ്യാഭ്യാസം ചെയ്യിക്കണം. ഉന്നതവിദ്യാഭ്യാസം ലഭിച്ചവക്കേ ഉയന്ന ഉദ്യോഗം ലഭിക്കുകയുള്ളു. രഘുപതിരാഘവരാജാറാം പാടി തക്ലികറക്കിനടക്കുന്നവക്കു ഗുമസ്തപ്പണിയും, ശിപായിവേലയും മാത്രമേ ലഭിക്കുകയുള്ളു. അങ്ങനെ ഭരണക്രമം നേതാക്കന്മാരുടെ മക്കൾക്കുതന്നെ ലഭിച്ചുകൊള്ളും."

സുരേന്ദ്രമോഹൻഘോഷ് പോണ്ടിച്ചേരിയിൽനിന്നു മടങ്ങിയെത്തി. അദ്ദേഹം ആഴ്ചയിലൊരിക്കൽ പോണ്ടിച്ചേരിയിൽ പോകുന്നതിന്റെ രഹസ്യം എനിക്കു മനസ്സിലായില്ല. ഘോഷിനെപ്പോലുള്ള ഒരു രാഷ്ട്രീയനേതാവിനു് അരവിന്ദാശ്രമത്തിൽ എന്താണിത്ര ആകഷണീയത! കാരണമന്വേഷിച്ചപ്പോൾ ദത്ത്ജി പറഞ്ഞു: "സുരേന്ദ്രമോഹൻഘോഷ് ഒരു യോഗിയാണു്. ഇന്നോ

വരെ വിവാഹം ചെയ്തിട്ടില്ല. അദ്ദേഹം പതിന്നാലാമത്തെ വയസ്സിൽ വീടും കുടുംബവുമുപേക്ഷിച്ച് അരവിന്ദഘോഷിനെ അനുഗമിച്ചു. കുടുംബം ഭാഗിച്ചപ്പോൾ ലഭിച്ച സ്വത്തു മുഴവൻ വിപ്ലവസംഘത്തിനു സംഭാവനചെയ്തു, സുരേന്ദ്രമോഹൻ പാർട്ടിയിൽ ചേൎന്നു. 1908-ൽ അദ്ദേഹം അറസ്റ്റ്ചെയ്യപ്പെട്ടു. ഒരു വൎഷത്തെ കഠിനതടവ് അനുഭവിച്ചു. 1916-ൽ ഗദ്ദർപാർട്ടി, രാഷ്ബിഹാറിബോസിൻെറ നേതൃത്വത്തിൽ സായുധവിപ്ലവം നടത്തി ബ്രിട്ടീഷ്ഭരണകൂടത്തെ തകക്കാൻ ശ്രമിച്ചു. ആ കേസ്സിൽ സുരേന്ദ്രമോഹൻഘോഷും അറസ്റ്റ്ചെയ്യപ്പെട്ടു. അരവിന്ദഘോഷ് അലിപ്പൂർബോംബുകേസ്സിൽ അറസ്റ്റ്ചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു. അദ്ദേഹം ആദ്യംമുതല്ക്കേ ആദ്ധ്യാത്മികചിന്തയിൽ മുഴുകിയ വ്യക്തിയായിരുന്നു. ജയിലിലെ ഏകാന്തവാസം ലൗകികജീവിതമുപേക്ഷിക്കാൻ കൂടുതൽ പ്രേരകമായി. ദേശബന്ധു സി. ആർ. ദാസാണ് അരവിന്ദഘോഷിനുവേണ്ടി കേസ്സു വാദിച്ചിരുന്നതു്. തൽഫലമായി അരവിന്ദഘോഷിനെ ജാമ്യത്തിൽ വിടാൻ ജഡ്ജി നിർബ്ബന്ധിതനായി. അങ്ങനെ ജയിലിൽനിന്നു പുറത്തുവന്ന അരവിന്ദഘോഷ് പോണ്ടിച്ചേരിയിൽ പോയി ആശ്രമം സ്ഥാപിച്ചു സന്ന്യസിക്കാൻ തുടങ്ങി.

1916-ൽ അറസ്റ്റ്ചെയ്യപ്പെട്ട സുരേന്ദ്രമോഹൻഘോഷ് 1920-ൽ ജയിൽവിമുക്തനായി. 1924-ൽ സുഭാഷ്ബോസിനോടൊന്നിച്ച് വീണ്ടും അദ്ദേഹം അറസ്റ്റ്ചെയ്യപ്പെട്ടു. അവർ ഇരുവരേയും ബൎമ്മയിൽ മാൻറലേ എന്ന സ്ഥലത്താണ് തടവിൽ പാർപ്പിച്ചതു്. 1927-ൽ ജയിൽവിമുക്തനായ സുരേന്ദ്രമോഹൻ ഘോഷ് വീണ്ടും വിപ്ലവസംഘത്തിൽ പ്രവൎത്തിച്ചു. ബംഗാളിൽ രണ്ടു സംഘങ്ങളായാണ് വിപ്ലവകാരികൾ പ്രവൎത്തിച്ചിരുന്നതു്. ഒന്ന് ജൂഗാന്തർപാർട്ടിയും, മറേറതു് അനുശീലൻസമിതിയും. സുരേന്ദ്രമോഹൻഘോഷ് ജൂഗാന്തർ പാർട്ടിയുടെ നേതാവായിരുന്നു. ബംഗാളിൽ നടന്നുകൊണ്ടിരുന്ന വിപ്ലവങ്ങൾക്കു പിന്നിൽ ഘോഷിൻെറ കൈയുണ്ടെന്നു ഗവണ്മെൻറ് വിശ്വസിച്ചിരുന്നു. വിപ്ലവകാരികളുടെ ഏററവും വലിയ ആക്ഷൻ — ചിററഗോംഗ് വിപ്ലവം—നടന്ന അന്നുരാത്രി സുരേന്ദ്രമോഹൻഘോഷ് അറസ്റ്റ് ചെയ്യപ്പെട്ടു. 1918-ലെ റഗുലേഷൻ 3 അനുസരിച്ച് അദ്ദേഹത്തെ അനിശ്ചിതകാലത്തേയ്ക്കു തടവിൽവെച്ചു. പിന്നീട്

1938-ലാണ് അദ്ദേഹം ജയിൽവിമുക്തനായത്. അക്കാലത്താണു ഞങ്ങൾ തമ്മിൽ പരിചയപ്പെട്ടത്. ഞങ്ങളെ മദ്രാസിൽ ഒരേ ജയിലിലായിരുന്നു പാർപ്പിച്ചിരുന്നത്. അനുശീലൻസമിതിയുടെ നേതാവായ പവിത്രഗാംഗുലിയും അതേ ജയിലിൽതന്നെയുണ്ടായിരുന്നു. എന്നാൽ സുരേന്ദ്രമോഹൻഘോഷിന്റെ സംസാരവിഷയം ഫിലോസഫിയാണെങ്കിൽ പവിത്രഗാംഗുലിയുടെ വിഷയം തനി രാഷ്ട്രീയമായിരുന്നു എന്നതാണ് അവർ തമ്മിലുള്ള വ്യത്യാസം. 1938-ലെ ജയിൽമോചനവും ഘോഷിനെ സംബന്ധിച്ചിടത്തോളം താല്ക്കാലികമായിരുന്നു. 1939-ൽ രണ്ടാം ലോകമഹായുദ്ധമാരംഭിച്ചതോടെ അദ്ദേഹം വീണ്ടും അറസ്റ്റ്ചെയ്യപ്പെട്ടു. പിന്നീട് 1945-ലാണ് സുരേന്ദ്രമോഹൻഘോഷ് ജയിൽവിമുക്തനായത്. അങ്ങനെ 23 വർഷം ജയിൽവാസമനുഭവിച്ച വ്യക്തിയാണ് ശ്രീ. ഘോഷ്."

അത്ഭുതം! തപസ്സിന്റേയും ത്യാഗത്തിന്റേയും ലോകം വ്യത്യസ്തമാണ്. ലോകത്തു ജീവിച്ചുകൊണ്ടുതന്നെ ലൗകികസുഖഭോഗങ്ങളിൽനിന്ന് ഒഴിഞ്ഞുനില്ക്കുക! ദത്ത്ജി എന്റെ പൂർവ്വകാലസ്മരണകളെ ഉണർത്തി.

"ഞാൻ മിണ്ട്ഗോമറി ജയിലിലായിരുന്നപ്പോൾ ദിവസവും പതിനാറുമണിക്കൂർ പുസ്തകം വായിച്ചിരുന്നു. ഒരുദിവസം ജർമ്മൻ ഫിലോസഫർ ഹൈക്കലിന്റെ (Ernest Haeckel) ഒരു പുസ്തകം വായിക്കുകയായിരുന്നു. സമയം രണ്ടുമണി രാത്രി. നാലുപാടും ഭയാനകനിശ്ശബ്ദത. പെട്ടെന്ന് ജയിൽമുറിയുടെ മേൽക്കൂര തെറിച്ച് ആകാശത്തിലേക്ക് ഉയരുന്നതായി എനിക്കു തോന്നി. ഞാൻ പരിഭ്രമത്തോടെ പുസ്തകം താഴെവെച്ച് ഭിത്തിയിൽ സ്പർശിച്ചു. സ്പർശനശക്തി അനുഭവപ്പെട്ടതോടെ ഉറങ്ങാൻകിടന്നു. രാവിലെ ഉണർന്ന് ചിന്തിക്കാൻ തുടങ്ങി. ഈ ലോകം നശ്വരമാണ്! ബന്ധുമിത്രങ്ങളുമായുള്ള സമ്പർക്കം നശിച്ചുകഴിഞ്ഞു. ഇനി ജീവിതം കണ്ടകാകീർണ്ണമാണ്! അതിനാൽ ഇനി സന്യസിക്കുകയാണുത്തമം! ഏതെങ്കിലും വനത്തിൽ പോയി ശാന്തിപൂർണ്ണമായ ജീവിതം നയിക്കണം! 1934-35 കാലഘട്ടം. വിപ്ലവകാരികളാൽ ജയിലുകൾ നിറഞ്ഞുകഴിഞ്ഞു. ബംഗാളിലെ ജയിലുകളിൽ പല സഖാക്കളും ഭ്രാന്തന്മാരായിത്തീർന്ന വിവരം അറിഞ്ഞു. ഏകാന്തതയിൽ എനിക്കും അങ്ങനെ സംഭവിച്ചേക്കുമോ!

കുറേക്കാലമായി താൻ ഏകാന്തത്തടവ് അനുഭവിക്കുന്നു എന്നും ഈ നില തുടന്നാൽ ജീവിതം നശിച്ചുപോകാനിടയുണ്ടെന്നും അതിനാൽ ഒരു കൂട്ടുകാരനെ അയച്ചുതന്നു് സഹായിക്കണമെന്നും ഞാൻ ഗവണ്മെൻറിനോടഭ്യൎത്ഥിച്ചു. പഞ്ചാബ് ഗവണ്മെന്റ് എൻെറ അഭ്യൎത്ഥന സ്വീകരിച്ചു്, ലാഹോർജയിലിൽനിന്നു് ഒരു ബി–ക്ലാസ് തടവുകാരനെ 'മീണ്ട്ഗോമറിജയിലിലേക്കയച്ചു. അദ്ദേഹവുമായുള്ള സഹവാസം എനിക്കാശ്വാസമേകി. പിന്നീട്ട് ഞാൻ സാധാരണനിലവാരത്തിലുള്ള പുസ്തകങ്ങൾ വായിക്കാൻ തുടങ്ങി. Glas worthy, Don Quixote എന്നീ പുസ്തകങ്ങൾ വായിച്ചതോടെ എൻെറ മാനസികനില സ്വാഭാവികമായിത്തീന്നു."

ദത്ത്ജി തുടന്നു: "വിപ്ലവകാരികൾ വൈരാഗികളായിത്തീരുന്നതു് സ്വാഭാവികമാണു് ആ ആകർഷണമാണു്. അവൎക്കു് പവ്വതത്തോടേറമുട്ടാനും, ചിരിച്ചുകൊണ്ടു് കഴുമരത്തിലേറാനുമുള്ള ആത്മശക്തി നല്കുന്നതു്. ലൗകികബന്ധങ്ങളിൽ കുടുങ്ങുന്ന മനുഷ്യനു്, മോഹവും ലോഭവും ത്യജിക്കാൻ സാദ്ധ്യമല്ല. അത്തരക്കാൎക്കു് വലിയ കാൎയ്യങ്ങളൊന്നും ചെയ്യാൻ സാധിക്കുകയുമില്ല. ഇന്നേവരെ ആരും വിപ്ലവകാരികളെ മനസ്സിലാക്കാൻ ശ്രമിച്ചിട്ടില്ല. റിവാൾവറും, ബോംബും കൈയിൽ വെയ്ക്കുന്നവരെല്ലാം വിപ്ലവകാരികളാണെന്നാണു് ധാരണ. അതു് തികച്ചും തെററാണു്. ആയുധം കൈയിൽവെച്ചതുകൊണ്ടുമാത്രം ഒരാൾ വിപ്ലവകാരിയാകുന്നില്ല. ആന്തരികമായി ത്യാഗത്തിൻേറയും ബലിദാനത്തിൻേറയും വശ്യത വിപ്ലവകാരികളെ വൈരാഗികളാക്കിത്തീക്കുന്നു. തൽഫലമായി അവൎക്കു ചിരിച്ചുകൊണ്ടു് കഴുമരത്തിലേറാനും ജയിലറകളിൽ കിടന്നു് ഇഞ്ചിഞ്ചായി മരിക്കാനും കഴിയുന്നു."

സംസാരിച്ചുകൊണ്ടിരുന്നതിനിടയ്ക്കു ഡാക്ടർപ്രകാശ്ചന്ദ്രൻ വന്നു. ദത്ത്ജി അദ്ദേഹത്തോടു പറഞ്ഞു: "ഡോക്ടർ സാഹെബ്ബ്! എന്നെ ഒന്നു് എഴുന്നേല്പിച്ചുനിത്തുമോ? കിടന്നു കിടന്നു മടുത്തു. കെന്നടിയുടെ സഹോദരനു് വിമാനാപകടത്തിൽ നട്ടെല്ലിനു പരുക്കുപററിയപ്പോൾ അവിടത്തെ ഡാക്ടർമാർ അദ്ദേഹത്തെ 'സ്റ്റീൽ ജാക്കററു്' ധരിപ്പിച്ചു് തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ ആശുപത്രിയിൽനിന്നു് പറഞ്ഞയച്ചു. ഇപ്പോൾ

അദ്ദേഹത്തിൻെറ രോഗം പരിപൂർണ്ണമായും മാറി. അതുപോലെ എന്നെയും സുഖപ്പെടുത്തിക്കൂടെ?"

"അസ്ഥികൾ യോജിപ്പിക്കുന്നതു് അത്ര പ്രയാസമുള്ള കാര്യമല്ല. ഞങ്ങളിവിടെ അത്തരം ധാരാളം രോഗികളെ ചികിത്സിക്കുന്നുണ്ടു്. കേടുവന്ന അസ്ഥി എടുത്തുമാററി, പകരം വേറെ അസ്ഥി യോജിപ്പിക്കാം."

"പിന്നെ നിങ്ങൾ എന്തുകൊണ്ടു് എൻെറ അസ്ഥി മാററി വെയ്ക്കുന്നില്ല?"

ഡാക്ടർ, ദത്ത്ജിയുടെ ചോദ്യത്തിനുത്തരം നല്കാതെ ഒഴിഞ്ഞുമാറി. ആ ഒഴിഞ്ഞുമാററം ദത്തിനെ കൂടുതൽ നിരാശനാക്കി. പിറേറദിവസം രാവിലെ ഞാൻ ഡാക്ടർ പ്രകാശ്ചന്ദ്രൻെറ വീട്ടിൽ ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു. "ദത്ത്ജി അല്പദിവസത്തെ വിരുന്നുകാരൻമാത്രമാണു്. അദ്ദേഹത്തിൻെറ രോഗം അത്യധികം വർദ്ധിച്ചുകഴിഞ്ഞു. അർബ്ബുദം തൊണ്ടയിലെത്തി. അതു് തലച്ചോറിലേയ്ക്കു വ്യാപിക്കുന്നതോടെ കഥകഴിയും. പാററ്നായിലെ ഡാക്ടർമാക്കു് ദത്ത്ജിയുടെ രോഗമെന്താണെന്നു് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഇന്നത്തെ പരിതഃസ്ഥിതിയിൽ അദ്ദേഹത്തിൻെറ പത്നിയെ യഥാർത്ഥനില അറിയിക്കുന്നതാണു നന്നു്. പിന്നെ കഴിയുംവേഗം അദ്ദേഹത്തെ പാററ്നായിലെത്തിച്ചാൽ വീട്ടിൽകിടന്നു മരിക്കാൻ കഴിയും."

"സദാസമയവും ഉന്മേഷവദനനായി സംസാരിച്ചുകൊണ്ടിരിക്കുന്ന ദത്ത്ജി ആസന്നമരണനാണെന്നു് ആക്കു പറയാൻ കഴിയും?"

"അതു് അദ്ദേഹത്തിൻെറ അസാധാരണമായ ആത്മശക്തികൊണ്ടാണു്. അദ്ദേഹം സധീരം മരണത്തോടു് മല്ലടിച്ചുകൊണ്ടിരിക്കുന്നു. മററു വല്ലവരുമായിരുന്നെങ്കിൽ പണ്ടേ മണ്ണടിഞ്ഞേനെ."

"അങ്ങു് ഏതായിരുന്നാലും ഈ വിവരം അഞ്ജലിദത്തിനോടു പറയരുതു്. അങ്ങനെ ചെയ്താൽ ഞങ്ങൾക്കു് രണ്ടുപേരുടെ മരണം കാണേണ്ടിവരും. തൻെറ ഭർത്താവു് അതിവേഗം

പരിപൂർണ്ണ ആരോഗ്യവാനായിത്തീരുമെന്ന വിശ്വാസത്തോടെയാണ് ആ സ്ത്രീ ജീവിക്കുന്നത്. പിന്നെ അദ്ദേഹത്തെ പാററ്നായിലേക്കയയ്ക്കുന്ന കാര്യം. അതു് ദത്ത്ജിയെ ജീവനോടെ ചിതയിൽവെയ്ക്കുന്നതിനു തുല്യമാണു്. ഡൽഹിയിൽ അദ്ദേഹത്തെ സംരക്ഷിക്കാൻ സുഹൃത്തുക്കളുണ്ടു്. പാററ്നായിൽ ആരുമില്ല. അതിനാൽ അദ്ദേഹത്തെ പാററ്നായിലേക്കയയ്ക്കുന്ന പ്രശ്നമേയില്ല." പിന്നീട്ട് ഞാൻ നേരെ സുരേന്ദ്രമോഹൻഘോഷിൻെറ വസതിയിലെത്തി.

ഘോഷ്സാഹെബുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "നിങ്ങൾ ഇതുവരെ അർബ്ബുദരോഗികളെ കണ്ടിട്ടില്ലെന്നു തോന്നുന്നു. ഞാൻ പല അർബ്ബുദരോഗികളുടേയും അന്ത്യം കണ്ടിട്ടുണ്ടു്. അവരുടെ മുഖത്തു് പ്രസന്നതയുണ്ടാകുന്നതു് നല്ല ലക്ഷണമല്ല. ദത്ത്ജിയുടെ ഉന്മേഷവും പ്രസന്നതയും കണ്ടതോടെ അദ്ദേഹം ഇനി അല്പദിവസത്തെ വിരുന്നുകാരൻമാത്രമാണെന്നു് ഞാൻ മനസ്സിലാക്കി."

ഇടയ്ക്കു് കുറേക്കാലത്തേയ്ക്കു് ദത്തുമായുള്ള സമ്പർക്കം രേഖപ്പെടുത്താൻ എനിക്കു കഴിഞ്ഞില്ല. മരണവുമായുള്ള നിരന്തരസംഘട്ടനത്തിൽ ദത്ത്ജി പരാജിതനാകുന്ന ലക്ഷണം കണ്ടുതുടങ്ങി. രോഗം കൂടുതൽ രൂക്ഷമാകാതിരിക്കാൻ നടത്തിയ ഇഞ്ചെക്ഷൻ അദ്ദേഹത്തെ ദുർബ്ബലനാക്കിത്തീർത്തു. കുറേദിവസവുംകൂടി ജീവിക്കുവാൻ സാധിച്ചേയ്ക്കുമെന്നതായിരുന്നു ആ ഇഞ്ചെക്ഷൻകൊണ്ടുള്ള നേട്ടം.

ജൂലൈ 16. ദത്തിനു് ഇടയ്ക്കിടയ്ക്കു് ബോധക്ഷയമുണ്ടാകാൻ തുടങ്ങി. പഴയ വിപ്ലവകാരിസുഹൃത്തുക്കളെ എല്ലാവരേയും വിവരമറിയിച്ചു. ദത്ത്ജി അന്ത്യയാത്രയ്ക്കൊരുങ്ങിക്കഴിഞ്ഞു! അദ്ദേഹത്തിനു് മൂക്കിലൂടെ ഓക്സിജൻ നല്കിക്കൊണ്ടിരുന്നു. അതുകൊണ്ടും മതിയാകാതെവന്നപ്പോൾ വായിലൂടെ ഓക്സിജൻ നല്കാൻതുടങ്ങി. തൽഫലമായി അദ്ദേഹത്തിൻെറ വായ് അടച്ചുകെട്ടിയതുപോലെയായി. ദത്ത്ജി അബോധാവസ്ഥയിലായിരുന്നു. ഇടയ്ക്കിടയ്ക്കു് കണ്ണുതുറന്നു നോക്കുന്നുണ്ടു്. ചിലപ്പോൾ സർവ്വശക്തിയുമുപയോഗിച്ചു് വായിൽ വെച്ചിരിക്കുന്ന ട്യൂബ് എടുത്തുമാററാൻ ശ്രമിക്കുന്നുണ്ടു്. അപ്പോഴെല്ലാം ഡാക്ടർമാർ അദ്ദേ

ന്നത്തിൻെറ കൈ പിടിച്ചുമാററം. ആ അവസ്ഥയിൽ എൻെറ മുമ്പിൽ കിടക്കുന്ന ദത്ത്ജിയെ കണ്ടു് എൻെറ ഹൃദയമുരുകി. ലോകത്തിലെ ഏററവും സുശക്തഭരണകൂടമായിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിനു് ഈ വീരൻെറ ആവേശം കെടുത്താൻ കഴിഞ്ഞില്ല. എന്നാൽ ഇന്നു് പ്രകൃതി ഈ സിംഹപരാക്രമിയെ നിലംപരിശാക്കിയിരിക്കുന്നു. ചിറകരിഞ്ഞ ഒരു പക്ഷിയെപ്പോലെ കിടക്കയിൽ കിടന്നു പിടയുന്നു. ബ്രിട്ടീഷ്സാമ്രാജ്യത്തെ കിടുകിടാ വിറപ്പിച്ച ബടുകേശ്വർദത്ത് ഇന്നു ഡാക്ടർമാരുടെ ദയാകാരുണ്യത്തിൻെറ മുമ്പിൽ എറിയപ്പെട്ടിരിക്കുന്നു!

ഉച്ചകഴിഞ്ഞപ്പോഴേയ്ക്കു് ദത്ത്ജി തികച്ചും ബോധരഹിതനായിത്തീർന്നു. വളരെസമയം കഴിഞ്ഞിട്ടും ബോധം തെളിയുന്നില്ലെന്നുകണ്ടു്, അഞ്ജലിദത്ത് കരയാൻതുടങ്ങി. ഭാരതി അശ്രുപൊഴിച്ചുകൊണ്ടാണെങ്കിലും അമ്മയെ സമാശ്വസിപ്പിച്ചുകൊണ്ടിരുന്നു. ഞാൻ അവരുടെ അടുത്തുചെന്നിരുന്നു. "ജ്യേഷ്ഠത്തീ! ദത്ത്ജി ഒരു ധീരപുരുഷനായിരുന്നു. നിങ്ങളും ധൈര്യശാലിയാകാൻ ശ്രമിക്കൂ! നിങ്ങൾ സംയമനം വെടിഞ്ഞാൽ ഭാരതിയെ ആരു് ആശ്വസിപ്പിക്കും!" ആ അമ്മ എൻെറ കൈയ്ക്കുപിടിച്ചു് നിശ്ശബ്ദയായി കരഞ്ഞുകൊണ്ടിരുന്നു. അന്ധകാരാവൃതമായ ഈ ലോകത്തു് താൻ നിസ്സഹായയാണല്ലോ എന്ന ബോധം അവരെ അനിയന്ത്രിതയാക്കി. മാതൃഭൂമിക്കുവേണ്ടി സർവ്വസ്വവും ത്യജിച്ചവരെ അന്വേഷിക്കുകപോലും ചെയ്യാത്ത ഒരു രാജ്യത്തു്—ദത്ത്ജിയെപ്പോലുള്ള ദേശീയനേതാക്കൾ പട്ടിണിക്കിരയായി മരിക്കേണ്ടിവന്ന ഒരു രാജ്യത്തു്—അഞ്ജലിദത്ത് തികച്ചും ആലംബഹീനയാണു്. "ജ്യേഷ്ഠത്തീ! നിങ്ങൾ പരിഭ്രമിക്കാതിരിക്കൂ! ദത്ത്ജിയുടെ പിന്നിൽ അണിനിരന്നതുപോലെതന്നെ ഞങ്ങൾ നിങ്ങളുടേയും ഭാരതിയുടേയും പിന്നിലുണ്ടായിരിക്കും."

അല്പസമയം കഴിഞ്ഞപ്പോഴേയ്ക്കും ദത്ത്ജിയുടെ ബോധക്ഷയം നീങ്ങി. ഞങ്ങൾ അടുത്തുചെന്നു. ദത്ത്ജി ത്രസിതനയനങ്ങളോടെ എൻെറ മുഖത്തുനോക്കി. പിന്നീടു് അടുത്തു ഷെൽഫിൻെറനേരെ കൈയ് നീട്ടി. ഇംഗിതം മനസ്സിലാകാതെ ഞാൻ മിഴിച്ചുനിന്നപ്പോൾ അഞ്ജലിദേവി ഷെൽഫിൽനിന്നു ജനയുഗം വാരിക, പ്രതാപ്, നയാസംസാർ എന്നീ പത്രങ്ങൾ എടുത്തുകൊണ്ടുവന്നു. അവയിലാണു് 'ഭഗത്സിംഗ്-ദത്ത്' എന്ന ലേഖന

പരമ്പര പ്രസിദ്ധീകരിച്ചതു്. ദത്ത്ജി ആ പത്രങ്ങൾ മൂന്നും വാങ്ങി എന്റെ കൈയിൽ തന്നിട്ടു് വീണ്ടും ആംഗ്യംകാട്ടി. ഞാൻ കുറേക്കൂടി ചേർന്നു് കുനിഞ്ഞുനിന്നപ്പോൾ അദ്ദേഹം എന്റെ മുതുകത്തു് കൈയ്‌വെച്ചു. പിന്നെ എന്തുണ്ടായി എന്നെനിക്കറിഞ്ഞുകൂടാ. എനിക്കു് ബോധംവന്നപ്പോൾ ഞാൻ ദേശ്‌രാജ് ഭാരതിയുടെ മടിയിൽ തലവെച്ചു കിടക്കുകയായിരുന്നു.

വൈകുന്നേരം ശ്രീ. ശിവവർമ്മയെ ദത്ത്ജിയുടെ അടുത്തു കണ്ടു് ഞാൻ അത്ഭുതപ്പെട്ടു. കുശലപ്രശ്നങ്ങൾക്കുശേഷം അദ്ദേഹം പറഞ്ഞു: "ദത്ത്ജിയുടെ രോഗവാർത്തയറിഞ്ഞു് ഞാൻ പരിഭ്രമിക്കുകയായിരുന്നു. ദത്ത്ജിയെ ഒന്നു കാണാൻ, പരോളിൽ വിടണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഗവണ്മെൻറിനു കത്തെഴുതി. അങ്ങനെ ഞാൻ കുറേസമയത്തേക്കു് പരോളിൽ വന്നിരിക്കുകയാണു്. പോലീസ് കൂട്ടത്തിൽത്തന്നെയുണ്ടു്. വൈകുന്നേരം എട്ടു മണിക്കു് ജയിലിൽ തിരിച്ചെത്തണം." ശിവവർമ്മ ലാഹോർ ഗൂഢാലോചനക്കേസിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിച്ച വ്യക്തിയാണു്. 1938-ലാണു് അദ്ദേഹം ജയിൽവിമുക്തനായതു്. പിന്നീടു് ധന്വന്തരി, ജയദേവ്കപൂർ, കിഷോരീലാൽ തുടങ്ങിയവരോടൊത്തു് അദ്ദേഹം കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ ചേർന്നു വിപ്ലവപ്രസ്ഥാനത്തിലൂടെ പ്രഖ്യാതരായിത്തീന്ന ആ സഖാക്കൾക്കു് ബാക്കി ജീവിതം ശാന്തിപൂർണ്ണമായി നയിക്കാമായിരുന്നു. എന്നാൽ ഇന്നത്തെ രാഷ്ട്രീയസ്വാതന്ത്ര്യംകൊണ്ടുമാത്രം തൃപ്തിപ്പെടാനുള്ള ക്ഷമ അവക്കില്ലാതെപോയി. അതിനാൽ തങ്ങളുടെ നേതാവായിരുന്ന ഭഗത്സിംഗ് വിഭാവനംചെയ്ത സാമൂഹ്യവ്യവസ്ഥിതി നടപ്പിലാക്കാൻവേണ്ടി അവർ വീണ്ടും രംഗത്തിറങ്ങി പ്രവർത്തിക്കുകയാണു്. മാർക്സിസ്റ്റ്കമ്മ്യൂണിസ്റ്റ്പാർട്ടിപ്രവർത്തകരോടൊത്തു് ശിവവർമ്മയും അറസ്റ്റ്ചെയ്യപ്പെട്ടു. ശിവവർമ്മ ഏഴു മണിക്കു് ഓരോരുത്തരോടും യാത്രപറഞ്ഞു് പോലീസ് അകമ്പടിയോടെ ജയിലിലേയ്ക്കു തിരിച്ചു. അറുപതുകഴിഞ്ഞ ആ മനുഷ്യൻ 35 വർഷങ്ങളായി ഒരേ ആവേശത്തോടെ ഭരതത്തിൽ യഥാർത്ഥ സോഷ്യലിസ്റ്റ്‌വ്യവസ്ഥിതി സ്ഥാപിക്കാൻ യത്നിച്ചുകൊണ്ടിരിക്കുന്നു.

ജൂലൈ 17. ഇന്നലെ രാത്രി ദത്ത്ജിയുടെ ടെമ്പറേച്ചർ നില വളരെ താണു. ഡാക്ടർമാർ അത്യദ്ധ്വാനം ചെയ്തുകൊണ്ടിരുന്നു. ഇന്നു രാവിലെ ടെമ്പറേച്ചർ നോർമ്മലായപ്പോൾ അദ്ദേഹത്തിന് പനി തുടങ്ങി. ദത്ത്ജി അബോധാവസ്ഥയിലാണ്. ഇടയ്ക്കിടയ്ക്ക്, വായിലിരിക്കുന്ന ട്യൂബ് എടുത്തുമാററാൻ കൈയ് ഉയർത്തുന്നുണ്ട്. പുത്രി ഭാരതി അദ്ദേഹത്തിൻെറ കൈയ് പിടിച്ചുവെച്ചുകൊണ്ടിരിക്കുകയാണ്. ദത്ത്ജി ഒന്നുരണ്ടു പ്രാവശ്യം അമ്മേ! അമ്മേ! എന്നു വിളിച്ചു.

ഖുദ്ദിറാംബോസ് കഴുമരത്തിൻെറ ചുവട്ടിൽ നിന്നുകൊണ്ടു പാടിയ കവിത സുപ്രസിദ്ധമാണ്. "അമ്മേ! ഇന്ന് എന്നെ പോകാൻ അനുവദിക്കൂ! ഞാൻ ഇന്ന് കഴുമരത്തിലേറാൻപോകുന്നു. കഴുമരത്തിലേറിയാലും ഞാൻ മരിക്കുകയില്ല. വീണ്ടും ഞാനെൻെറ പ്രിയപ്പെട്ട മാതൃഭൂമിയെ സേവിക്കാൻ വരും. അന്നു നീ എന്നെ തിരിച്ചറിഞ്ഞെന്നുവരില്ല. എൻെറ കഴുത്തിൽ കയറിൻെറ അടയാളം കണ്ടു് നീ എന്നെ തിരിച്ചറിഞ്ഞുകൊള്ളണം."

ദത്ത്ജി വിളിക്കുന്നതു് ഭൗതികബന്ധത്തിലുള്ള അമ്മയെ ആയിരിക്കുകയില്ല. അദ്ദേഹം ഭാരതമാതാവിനെയാണു വിളിക്കുന്നതു്. ഭാരതമാതാവിനെ സ്വതന്ത്രയാക്കാൻവേണ്ടി സർവ്വസ്വവും ബലിയർപ്പിച്ചു. അമ്മേ! ഇന്ന് നീ എന്നെ മാറോടണയ്ക്കുക! വർഷങ്ങളായി ഞാൻ നിൻെറ മടിയിൽ തലചായ്ച്ചുറങ്ങാൻ വെമ്പുന്നു! ഇന്നു നീ എന്നെ താരാട്ടുപാടിയുറക്കുക!

അതിനുള്ളിൽ ഭഗത്സിംഗിൻെറ സഹോദരി അമർകോർ ജലന്ധറിൽനിന്നും വന്നെത്തി. "ഞങ്ങൾ മാതാവിന് കമ്പിയടിച്ചിരുന്നു. ഞങ്ങളെല്ലാവരും അവരുടെ വരവുംകാത്തിരിക്കുകയായിരുന്നു." ഞാൻ പറഞ്ഞു.

"അമ്മ സുഖമില്ലാതെ കിടപ്പിലാണ്. ദത്ത്ജിയുടെ രോഗവാർത്തയറിഞ്ഞു് രാപ്പകൽ കരഞ്ഞു കഴിച്ചുകൂട്ടുകയാണ്."

"വല്ലതരത്തിലും അമ്മയെ കൂട്ടിക്കൊണ്ടുവരാൻ സാധിക്കുമോ? ദത്തിനെ കാണാൻകഴിഞ്ഞില്ലെങ്കിൽ അമ്മയുടെ സ്ഥിതി എന്താകും?"

"നിങ്ങൾ എല്ലാവരുടേയും അഭിപ്രായം അങ്ങനെയാണെങ്കിൽ ഞാനിപ്പോൾതന്നെ തിരിച്ചുപോയി, ഏതുവിധത്തിലെങ്കിലും അമ്മയെ കൂട്ടിക്കൊണ്ടുവരാൻ ശ്രമിക്കാം."

"എന്നാൽ അങ്ങനെതന്നെ ചെയ്യൂ!"

ബീബി അമർകോർ ജലന്ധറിൽനിന്നു് വന്നിട്ടേയുള്ളു. ഭക്ഷണംകഴിച്ചില്ല, വിശ്രമിച്ചതുമില്ല. അതേപടി തിരിച്ചുപോകാൻ തയ്യാറായി.

ദത്ത്ജി ജീവിതം മുഴുവൻ ഭഗത്സിംഗിനോടൊത്തു കഴിച്ചുകൂട്ടിയതാണു്. രംഗത്തിറങ്ങുന്നതിനുമുമ്പു് ഒരുമിച്ചു മരിക്കാൻ ദൃഢപ്രതിജ്ഞചെയ്തവരായിരുന്നു. ആ പരിതഃസ്ഥിതിയിൽ ദത്ത്ജി ഭഗത്സിംഗിൻെറ കുടുംബാംഗമാണു്. ബീബി അമർകോർ വാത്സല്യത്തോടെ 'വീരാജി' എന്നാണു് ദത്തിനെ സംബോധനചെയ്തിരുന്നതു്. അവർ ദത്തിനുവേണ്ടി കഷ്ടപ്പെട്ടില്ലെങ്കിൽ പിന്നെ ആരു് കഷ്ടപ്പെടാൻ? ജലന്ധർനഗരത്തിൽനിന്നു് കുറേ അകലെയാണു് കിട്ടുറാകല്യാൺ. അവിടെയാണു് ഭഗത് സിംഗിൻെറ അമ്മ താമസിക്കുന്നതു്.

ബീബി അമർകോർ ജലന്ധറിലെത്തി, ശ്രീ: വീരേന്ദ്രനെ കണ്ടു. അദ്ദേഹം പഴയ വിപ്ലവകാരികളിൽ ഒരാളാണു്. വീരേന്ദ്രനും കലക്ടരും ഒരു മീററിംഗിൽ പ്രസംഗിക്കാൻ പോവുകയായിരുന്നു. വീരേന്ദ്രനിൽനിന്നും കാര്യങ്ങൾ മനസ്സിലാക്കിയ കലക്ടർ, ഭഗത്സിംഗിൻെറ മാതാവിനെ കിട്ടുറാകല്യാണിൽനിന്നു് പോലീസ്വാനിൽ കയററി അടുത്ത റെയിൽവേസ്റ്റേഷനിൽ എത്തിക്കാൻ ഒരു പോലീസ്ഉദ്യോഗസ്ഥനോടാജ്ഞാപിച്ചു. അതനുസരിച്ചു് പോലീസ് ആഫീസർ, മാതാവിനെ ഭഗ്വാടാ റെയിൽവേസ്റ്റേഷനിലെത്തിച്ചു.

ജൂലൈ 18. ഉച്ചയ്ക്കു് ഭഗത്സിംഗിൻെറ മാതാവു് ദത്ത്ജിയുടെ അടുത്തെത്തി. "ഭഗത്സിംഗിൻെറ വേർപാടു് ഞാൻ സഹിച്ചു. ഇനി ദത്തിൻെറ വിയോഗമെങ്ങനെ സഹിക്കും" എന്നു പറഞ്ഞു് ആ അമ്മ ദത്തിനെ കെട്ടിപ്പുണർന്നു കരയാനാരംഭിച്ചു. അവസാനം വളരെ പണിപ്പെട്ടു് അവരെ അടുത്തമുറിയിലേയ്ക്കു

കൂട്ടിക്കൊണ്ടുപോന്നു. ദേശ്‌രാജ് ഭാരതി, ലാഹോർ ഗൂഢാലോചനക്കേസിനെ സംബന്ധിച്ചു സംസാരിച്ചുകൂട്ടത്തിൽ പറഞ്ഞു: "ഞങ്ങളുടെ ഗ്രൂപ്പ്ഫോട്ടോ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു. എന്നാൽ ഒരാൾ—കുന്ദൻലാൽ—ഫോട്ടോയെടുപ്പിക്കാൻ വിസമ്മതിച്ചു. അതിനാൽ ഫോട്ടോവിൽ അല്പം സ്ഥലം ഒഴിച്ചിട്ട് താഴെ അദ്ദേഹത്തിന്റെ പേരെഴുതി." അത്രയും പറഞ്ഞുതീരുന്നതിനുമുമ്പായി മുഷിഞ്ഞ ഖദർവസ്ത്രംധരിച്ച ഒരു മനുഷ്യൻ അവിടെ കടന്നുവന്നു. ബീബി അമർകോർ അയാളെ തിരിച്ചറിഞ്ഞു. "അതാ! കുന്ദൻലാൽ!" എന്നു പറഞ്ഞ് അവർ ഓടിച്ചെന്ന് ആഗതനെ സ്വീകരിച്ചു. ഞങ്ങളെല്ലാവരും അത്ഭുതപ്പെട്ടു. കുന്ദൻലാൽ, ദത്ത്ജിയുടെ അന്ത്യദർശനത്തിന്നായി നാഗപ്പൂരിൽനിന്ന് എത്തിയതാണു്.

ദത്ത്ജിയുടെ ആരോഗ്യനില ആശങ്കാജനകമാണെന്നു വാർത്ത പരന്നതോടെ സന്ദർശകരുടെ തിക്കും തിരക്കും നിയന്ത്രണാതീതമായി. ഡാക്ടർമാക്കും, ദത്ത്ജിയെ ശുശ്രൂഷിക്കുന്നവക്കും, ബുദ്ധിമുട്ടായി. ലാഹോർ ഗൂഢാലോചനക്കേസിൽ ഭഗത്സിംഗിനുവേണ്ടി കേസ്‌വാദിച്ച അഡ്വക്കേററ് പ്രാൺനാഥ്ജി വന്നു. ഇന്ത്യൻ എക്സ്പ്രസ്സിന്റെ ലേഖകനായ ശ്രീ. പുരുഷോത്തംലാൽ സോന്ധിയും ആഗതനായി. അദ്ദേഹം നാഷണൽ കോളേജിലെ ചരിത്രാദ്ധ്യാപകനായിരുന്നു. ഒരിക്കൽ ഭഗത്സിംഗ് അദ്ദേഹത്തോടു ചോദിക്കുകയുണ്ടായി: "പ്രൊഫസ്സർസാഹെബ്! നിങ്ങൾ പഠിപ്പിക്കുന്ന ചരിത്രഗ്രന്ഥങ്ങൾ ഗവണ്മെൻറുകോളേജിലും ഞങ്ങൾക്കു പഠിക്കാമായിരുന്നു. ഞാൻ ദേശീയവിദ്യാഭ്യാസത്തിനുവേണ്ടിയാണു് നാഷണൽ കോളേജിൽ ചേൎന്നതു്." തൻമൂലം ബ്രിട്ടീഷുകാരാൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങൾക്കു പുറമേ, ബന്ധിജീവിതം, കാക്കോറിയിലെ രക്തസാക്ഷികൾ, ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണം തുടങ്ങിയ ഗ്രന്ഥങ്ങൾ പഠിപ്പിക്കേണ്ടിവന്നു എന്ന് സോന്ധിസാഹെബ് പറഞ്ഞു.

ജൂലൈ 19. ദത്ത്ജിയുടെ ജ്യേഷ്ഠൻ ശ്രീ. ബിശേ്വശ്വർ ദത്ത് എത്തി. അപ്പോഴേയ്ക്കു് ദത്ത്ജി അന്ത്യശ്വാസംവലിച്ചു തുടങ്ങിയിരുന്നു. ബിശേ്വശ്വർദത്ത് അനുജനെ ആപാദചൂഡം നോക്കിയതിനുശേഷം പറഞ്ഞു: "ഓ! ഞാൻ വരാൻ കാത്തുകിടക്കു

കയായിരുന്നു അല്ലേ!" ഞാൻ അദ്ദേഹത്തെ വെളിയിൽ കൂട്ടിക്കൊണ്ടുപോയി. ബിശേശ്വർദത്ത് പറഞ്ഞു: "ബടുകേശ്വർ എന്നോടൊന്നിച്ച് കാൺപൂരിൽ താമസിച്ചിരുന്നു. ഞാനാണ് അവനെ കോളേജിൽ ചേർത്തതു്. എന്നാൽ എന്റെ അനുജൻ വിപ്ലവ സംഘത്തിൽപ്പെട്ട ഒരംഗമാണെന്നു് സ്വപ്നത്തിൽപോലും ചിന്തിക്കാൻ എനിക്കു കഴിഞ്ഞിരുന്നില്ല. ഒരുദിവസം അവൻ വീട്ടിൽ നിന്നൊളിച്ചുപോയി. അസംബ്ളിയിൽ ബോംബെറിഞ്ഞതിനു ശേഷം സി. ഐ. ഡി. വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥൻ അന്വേഷണത്തിന്ന് എന്റെയടുത്തു വന്നു. ഭഗത്സിംഗിനോടൊത്തു് അസംബ്ളിയിൽ ബോംബെറിഞ്ഞ ദത്ത് എന്റെ അനുജനാണെന്നു് അപ്പോഴാണ് ഞാനറിഞ്ഞതു്."

രാത്രി പന്ത്രണ്ടുമണിയാകാറായി. ദത്ത്ജി അപ്പോഴും അബോധാവസ്ഥയിൽ കിടക്കുകയാണ്. അഞ്ജലിദേവിയും പുത്രിയും അടുത്തുള്ള ബെഞ്ചിൽ മൂകരായിരിക്കുകയാണ്. ശ്രീമതി മന്മഥഗുപ്ത, ദത്ത്ജിയുടെ തലയണയോടു ചേർന്ന് നില്പുണ്ടായിരുന്നു. അഞ്ജലിദേവിയുടെ സഹോദരൻ സമീർദാസ്, ദത്ത്ജിയുടെ മുഖത്തു് ഉററുനോക്കിക്കൊണ്ടിരിക്കുന്നു. ഞാൻ വെളിയിലിറങ്ങി കുറെ അകലെ ഭിത്തിയിൽ ചാരിയിരുന്നു. സമയം എത്രയായെന്നു് എനിക്കറിഞ്ഞുകൂടാ. ആരോ എന്നെ വിളിക്കുന്ന ശബ്ദംകേട്ട് ഞാൻ പിടഞ്ഞെഴുന്നേററു. സ്വാമി ഹീരാനന്ദൻ എന്റെ മുമ്പിൽ നില്ക്കുന്നു. "ദത്ത്ജി ഇഹലോകവാസം വെടിഞ്ഞു!" അദ്ദേഹം പറഞ്ഞു.

"എപ്പോഴം?" ഞാൻ ചോദിച്ചു.

"രാത്രി ഒന്നരമണിക്കു്."

പത്തൊൻപതാംതീയതി രാത്രി ഒന്നരമണിക്കു്, അതായതു് ഇരുപതാംതീയതിയുടെ പ്രാരംഭത്തിൽ ബടുകേശ്വർ ദത്ത് ഇഹലോകവാസംവെടിഞ്ഞു!

ജൂലൈ 20. ആദ്യമായി പി. ടി. ഐ-യ്ക്കു് ഫോൺചെയ്തു് പിന്നീട് ആൾ ഇന്ത്യാ റേഡിയോവിലേക്കു വിവരം കൊടുത്തു് പ്രക്ഷേപണപ്രസിദ്ധീകരണമന്ത്രികാര്യാലയത്തിലെ ഫിലിംവിഭാഗം കുറേദിവസമായി ദത്ത്ജിയുടെ ഫിലിം പിടിക്കാൻ നടക്കു

നു. അതിനാൽ അവക്കും ഫോൺചെയ്തു. പിന്നീട് കൽക്കത്ത യിലേയ്ക്ക് കിരണനു് ഫോൺചെയ്തു. കുൽബീർസിംഗിനേയുമറി യിച്ചു. ദത്ത്ജിയുടെ നിര്യാണം രാത്രി വളരെ വൈകിയതിനു ശേഷമാണു്. അന്നത്തെ പത്രങ്ങളിൽ ആ വാർത്ത പ്രസിദ്ധീക രിക്കാൻ പ്രയാസമാണു്. ദത്ത്ജിയുടെ മൃതദേഹം പകൽ മുഴുവൻ പൊതുജനങ്ങൾക്കു കാണാൻ കോർപ്പറേഷൻെറ മുമ്പിൽ വെയ്ക്കു ന്നതാണെന്ന വിവരം ചുരുങ്ങിയപക്ഷം ഡൽഹിനിവാസികളെ യെങ്കിലും അറിയിക്കേണ്ടിയിരിക്കുന്നു. അതിനാൽ 'പ്രതാപി' ൻെറ ഒരു സപ്ലിമെൻററി എഡിഷൻ പുറപ്പെടുവിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു.

അതെല്ലാം കഴിഞ്ഞപ്പോഴേയ്ക്കും നേരം വെളുക്കാറായി. ഭഗത്സിംഗിൻെറ മാതാവ് ദത്ത്ജിയുടെ മൃതദേഹത്തിൽ കെട്ടി പ്പിടിച്ചു, കരയുകയാണു്. അതു നോക്കിനില്ക്കാനുള്ള മനക്കരു ത്തില്ലാത്തതിനാൽ ഞാൻ വെളിയിൽ വന്നു. അപ്പോഴുണ്ട് പഞ്ചാബ്മുഖ്യമന്ത്രി കോമ്രേഡ് രാമകൃഷ്ണൻ വരുന്നു. "ദത്ത്ജി യുടെ മരണവാർത്ത അങ്ങ് എങ്ങനെ അറിഞ്ഞു?" എന്നു ചോദിച്ച പ്പോൾ, താൻ ഇന്നലെ ഡൽഹിയിലുണ്ടായിരുന്നു എന്നും, രാവി ലെ അഞ്ചരയ്ക്ക് ചണ്ഡിഗഢിലേയ്ക്കുപോകാൻ കാറിൽ കയറിയ പ്പോൾ പത്രം കാണാൻ ഇടയായി എന്നും അദ്ദേഹം പറഞ്ഞു. പരിപാടികളെല്ലാം ചോദിച്ചറിഞ്ഞതിനുശേഷം മുഖ്യമന്ത്രി പറഞ്ഞു: "നിങ്ങൾ ബിഠിണ്ട ലൈനിലൂടെയാണു് വരുന്നതെ ങ്കിൽ രാവിലെ അഞ്ചുമണിക്ക് ഫിറോസ്പൂരിലെത്താം. പത്തു മണിയോടെ സംസ്കാരകർമ്മം നടത്തുകയുംചെയ്യാം."

കോമ്രേഡ് രാമകൃഷ്ണൻ മൂന്നുമണിക്കൂർസമയം ആശുപത്രി യിൽ കഴിച്ചുകൂട്ടി. ദത്ത്ജിയുടെ മൃതദേഹത്തിൽ ആദ്യമായി മാലചാർത്തിയതു് അദ്ദേഹമായിരുന്നു. പിന്നീട് തൻെറ പ്രൈവ റ്റുസെക്രട്ടറിമുഖേന ഫിറോസ്പൂരിലെ ഡെപ്യൂട്ടികമ്മീഷണർക്ക് നിർദ്ദേശം നല്കി.

മെഡിക്കൽ സയൻസ് ഇൻസ്റ്റിട്യൂട്ട് ആശുപത്രിയിലെ പ്രധാനഡാക്ടർമാരുടെ ആഗ്രഹപ്രകാരം ദത്ത്ജിയുടെ മൃതദേഹം ആശുപത്രിയിൽ പ്രദർശനത്തിനു വെച്ചു. ശ്രീ. ക്രാന്തികുമാർ,

ദത്ത്ജിയുടെ പാദത്തിൽ തൊട്ടു നമസ്കരിച്ചുകൊണ്ട് വാവിട്ടുകരഞ്ഞു. "നിങ്ങൾ ഇങ്ങനെ അനിയന്ത്രിതനായാൽ അഞ്ജലിദത്തിൻെറയും ഭാരതിയുടേയും സ്ഥിതി എന്തായിരിക്കു"മെന്ന ചോദിച്ചതിനുശേഷം തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു് സോന്ധിപിണ്ഡിദാസിനെയായിരുന്നു. എന്തത്ഭുതം' അദ്ദേഹവും കരയുന്നു! ബ്രിട്ടീഷ്ഗവണ്മെൻറിനോടുള്ള സമരത്തിൽ ജീവിതം പാഴാക്കി. സദാസമയവും ജയിലിലായതുകൊണ്ടു് മക്കളെ വിദ്യാഭ്യാസം ചെയ്യിക്കാൻ കഴിഞ്ഞില്ല. പട്ടിണിയും, യാതനയും സഹിച്ചു്, ഭാര്യയ്ക്കു ഭ്രാന്തുപിടിച്ചു. അതെല്ലാം കണ്ടിട്ടും വിചലിതനാകാത്ത പിണ്ഡിദാസ് ഇന്നു് കരയുകയോ?

ഞാൻ ദത്ത്ജിയുടെ മുഖത്തുനോക്കി ആത്മഗതംചെയ്തു: ദത്ത്! നിങ്ങൾ ഒരു മഹാനായിരുന്നു. ജീവിച്ചിരിക്കെ ലോകം നിങ്ങളെ മനസ്സിലാക്കിയിരുന്നെങ്കിൽ......!

എട്ടുമണിക്കു് രാഷ്ട്രപതിക്കുവേണ്ടി അദ്ദേഹത്തിൻെറ മിലിട്ടറി സെക്രട്ടറി ദത്ത്ജിയുടെ മൃതദേഹത്തിൽ പൂമാലയർപ്പിച്ചു. ഡൽഹിമേയർ മീർ മുസ്താഖ്അഹമ്മദും, ഡെപ്യൂട്ടി ആഭ്യന്തരമന്ത്രി മിശ്രയും അടുത്തുതന്നെയുണ്ടായിരുന്നു. മേയർ, ദത്ത്ജിയുടെ മൃതദേഹം വിലാപയാത്രയായി കോർപ്പറേഷൻഹാളിലേയ്ക്കു കൊണ്ടുപോകാൻ വേണ്ട ഏർപ്പാടുകൾചെയ്തു. അപ്പോഴേയ്ക്കും വിശംമ്പായൻ, പ്രൊഫസ്സർ ഭഗവാൻദാസ് മാഹോർ, സദാശിവൻ എന്നീ സുഹൃത്തുക്കളെത്തിച്ചേർന്നു. ശ്രീ. വിശംമ്പായൻ ചന്ദർശേഖർആസാദിൻെറ ലഫ്റ്റനൻറായിരുന്നു. ഇർവിൻ പ്രഭുവിൻെറ വണ്ടിക്കു് ബോംബെറിഞ്ഞ കുററത്തിനു പത്തുകൊല്ലത്തെ തടവുശിക്ഷയനുഭവിച്ച വ്യക്തിയാണു്. ഭഗവാൻദാസ് മാഹോറും, സദാശിവനും ജീവപര്യന്തം തടവുശിക്ഷയനുഭവിച്ചവരാണു്. ചന്ദർശേഖർആസാദ് ഒളിവിലായിരുന്നപ്പോൾ ഇവരോടൊന്നിച്ചാണു് കഴിച്ചുകൂട്ടിയതു്. എന്തത്ഭുതം! വിപ്ലവകാരികൾ മാതൃഭൂമിയെ സ്വാതന്ത്ര്യത്തിൻെറ പടിക്കലെത്തിച്ചു. സ്വാതന്ത്ര്യം കരഗതമായതോടെ അവർ അജ്ഞാതജീവിതം നയിക്കുന്നു! സ്ഥാനമാനങ്ങളിൽ മോഹമോ, തങ്ങളുടെ ബലിദാനം വാഴ്ത്തപ്പെടണമെന്ന ആഗ്രഹമോ അവർക്കില്ല. ഇന്നു് ദത്ത്ജിയുടെ അന്ത്യദർശനത്തിനായി എല്ലാവരും ഒത്തുചേർന്നിരിക്കുന്നു. നാളെ സംസ്കാ

രകമ്മത്തിനുശേഷം ഇവർ വീണ്ടും അജ്ഞാതവാസമാരംഭിക്കുക യായി!

പത്തുമണിക്ക് പ്രധാനമന്ത്രി ശാസ്ത്രി ആശുപത്രിയിൽ വന്ന് ദത്തിന് ശ്രദ്ധാഞ്ജലിയർപ്പിച്ചു. അതിനുമുമ്പ് ബംഗാൾ മുഖ്യമന്ത്രി ശ്രീ. പി. സി. സെന്നിൻെറ വകയായി പൂമാലയർപ്പി ച്ചു. ശാസ്ത്രി പോയ ഉടൻതന്നെ രാജ്യരക്ഷാമന്ത്രി ശ്രീ. ചവാൻ ശ്രദ്ധാഞ്ജലിയർപ്പിക്കാനെത്തി.

കഷ്ടം! ദത്ത്ജി ജീവിച്ചിരുന്നകാലത്തു് ഇന്നീ കാണിക്കു ന്നതിൻെറ നൂറിലൊരംശം സ്നേഹാദരങ്ങൾ അദ്ദേഹത്തോടിവർ പ്രദർശിപ്പിച്ചിരുന്നെങ്കിൽ! ദത്തിൻെറ ജീവിതം യാതനകളും വേദനകളും നിറഞ്ഞതായിരുന്നു! ആശുപത്രിയിൽ മരണശയ്യ യിൽ കിടന്നപ്പോഴും ജീവിതപ്രശ്നങ്ങൾ അദ്ദേഹത്തെ അലട്ടി ക്കൊണ്ടിരുന്നു. അദ്ധ്യാപകവൃത്തിയിൽനിന്നു ലഭിക്കുന്ന പണം കൊണ്ടു കുടുംബം പുലർത്തേണ്ടിവന്നതിനാൽ സഹധർമ്മിണിക്കു് ദത്തിനെ ശുശ്രൂഷിക്കാൻ കഴിഞ്ഞില്ല!

പത്തരമണിക്കു് ദത്ത്ജിയുടെ മൃതദേഹം ആംബുലൻസിൽ കയററി വിലാപയാത്രയായി കോർപ്പറേഷൻഹാളിലേയ്ക്കു് കൊണ്ടുപോയി. 'ദത്ത്ജി അമർഹോ!' 'ബി. കെ. ദത്ത് സിന്ദാ ബാദ്!' എന്ന മുദ്രാവാക്യങ്ങളാൽ അന്തരീക്ഷം മുഖരിതമായി. വിലാപയാത്ര പാർലിമെൻറുമന്ദിരത്തിൻെറ മുമ്പിലെത്തിയ പ്പോൾ സ്പീക്കർ ഹുക്കുംസിംഗ് പാർലിമെൻറിനുവേണ്ടി ദത്ത്ജി യുടെ മൃതദേഹത്തിൽ പൂമാല ചാർത്തി. 'ബി. കെ. ദത്ത് സിന്ദാ ബാദ്!' എന്ന മുദ്രാവാക്യം മുഴങ്ങിക്കൊണ്ടിരുന്നു. പ്രകൃതിയുടെ ലീല അത്ഭുതംതന്നെ! ഇന്നേയ്ക്കു് മുപ്പത്തിയഞ്ചുവർഷംമുമ്പു് ദത്ത്ജിയും ഭഗത്സിംഗും 'ഇൻക്വിലാബ് സിന്ദാബാദ്, ഇമ്പീ രിയലിസം മൂർദ്ദാബാദ്' എന്ന മുദ്രാവാക്യം മുഴക്കി ബോംബെറിഞ്ഞു് ബ്രിട്ടീഷ്ഗവണ്മെൻറിനു താക്കീതു നല്കിയതു് ഈ പാർലിമെ ൻറിനുള്ളിൽവെച്ചായിരുന്നു. "കവച്ചക്കാരായ ഇംഗ്ലീഷുകാരേ! കൂടിയാൽ നിങ്ങൾ ഞങ്ങളെ കഴുമരത്തിലേററുമായിരിക്കും. നിസ്സാരന്മാരായ ഞങ്ങളിരുവരേയും കഴുമരത്തിലേററുന്നതുകൊ ണ്ടു് വിപ്ലവം അവസാനിക്കുകയില്ലെന്നു് ഓർത്തുകൊള്ളൂ!" എന്നു് ആത്മഗതംചെയ്തതു് ഈ പാർലിമെൻറിൽവെച്ചായിരുന്നു.

ശ്രീമതി ഇന്ദിരാഗാന്ധി, ദത്ത്ജിയുടെ മൃതദേഹത്തിൽ പൂമാല ചാർത്തി അല്പംകഴിഞ്ഞു് ഒരു കാർ അതിവേഗത്തിൽ പാഞ്ഞുവരുന്നതു കണ്ടു. ആ കാർ കോർപ്പറേഷൻഹാളിൻെറ പടിയ്ക്കൽ നിന്നു. ശ്രീ. ഗുൽസാരിലാൻനന്ദ പൂമാലയുമായി ആ കാറിൽനിന്നിറങ്ങി സാവധാനം നടന്നുവന്നു് ദത്ത്ജിക്കു് ശ്രദ്ധാഞ്ജലിയർപ്പിച്ചു. ദത്ത്ജിയെ രക്ഷിക്കാനുള്ള യത്നത്തിൽ യാതൊരു കുറവും വരുത്തീട്ടില്ല; സ്വന്തം കുടുംബാംഗം എന്ന നിലയ്ക്കാണു് ശ്രീ. നന്ദ ദത്ത്ജിയോടു് പെരുമാറിക്കൊണ്ടിരുന്നതു്.

ദത്ത്ജിയുടെ മൃതദേഹം കോർപ്പറേഷൻഹാളിൽ, ഒരു പ്ലാററ്ഫോറത്തിലാണു് പ്രദർശനത്തിനു വെച്ചിരുന്നതു്. രാത്രി ഒൻപതുമണിക്കു് മൃതദേഹം തീവണ്ടിമാർഗ്ഗം ഫിറോസ്പ്പൂരിലേയ്ക്കു കൊണ്ടുപോയി. 21-ാംതീയതി രാവിലെ ഫിറോസ്പ്പൂരലെത്തി. വണ്ടി പ്ലാററ്ഫാറത്തിലെത്തിയപ്പോൾ ഭഗത്സിംഗ്-ദത്ത് സിന്ദാബാദ് എന്ന മുദ്രാവാക്യം മുഴങ്ങി. മുമ്പിൽ പഞ്ചാബ് മുഖ്യമന്ത്രി കോമ്രേഡ് രാമകൃഷ്ണനും, സഹമന്ത്രിമാരും നിന്നിരുന്നു. പിന്നിൽ, ഇരുനൂറില്പരം പോലീസ്ശിപ്പായിമാർ ആയുധവുമേന്തി ദത്ത്ജിക്കു് വന്ദനമർപ്പിക്കാൻ തയ്യാറായി നിന്നിരുന്നു. ദത്ത്ജിയുടെ മൃതദേഹം അലങ്കരിച്ച ഒരു ട്രക്കിൽ, നഗരത്തിലെ ഒരു പാർക്കിലേയ്ക്കു കൊണ്ടുപോയി. എന്നെ കണ്ടമാത്രയിൽ ഫിറോസ്പ്പൂർ ഡിസ്ട്രിക്റ്റ് കമ്മീഷണർ പറഞ്ഞു: "രാജ്യത്തിൻെറ നാനാഭാഗത്തുമുള്ള വിപ്ലവകാരികൾ ഇവിടെ എത്തുമെന്നുള്ളതാണു് ഫിറോസ്പ്പൂരിൻെറ ഭാഗ്യം." "ഫിറോസ്പ്പൂർ ഞങ്ങളെ സംബന്ധിച്ചിടത്തോളം മഹാതീർത്ഥമാണെ"ന്നു ഞാൻ മറുപടി കൊടുത്തു. എട്ടുമണിക്കു് വിലാപയാത്ര ഹുസൈൻവാലയിലേയ്ക്കു തിരിച്ചു. ഭഗത്സിംഗിൻെറ സമാധിസ്ഥലം ഇന്ത്യാ-പാകിസ്ഥാൻ അതിർത്തിയിലാണു്. ഫിറോസ്പ്പൂർനഗരത്തിൽനിന്നു് ഏഴുമൈൽ അകലമുണ്ടു്. വിലാപയാത്ര ഭഗത്സിംഗിൻെറ സമാധിക്കുമുമ്പിലെത്തി. അവിടെ ഒരു ചെറിയ ഭിത്തിയിൽ ഭഗത് സിംഗ്, രാജ്ഗുരു, സുഖ്ദേവ് എന്നീ രക്തസാക്ഷികളുടെ ചിത്രം കൊത്തിവെച്ചിട്ടുണ്ടു്. എല്ലാവരും സമാധിക്കുമുമ്പിൽ നമസ്കരിച്ചു പിന്നീടു ദത്ത്ജിയുടെ മൃതദേഹം ആ രക്തസാക്ഷികളുടെ ചിത്രത്തിനു മുമ്പിൽ വെച്ചു. തൽക്ഷണം ഭഗത്സിംഗിൻെറ അമ്മ ഓടിവന്നു ഭഗത്സിംഗിൻെറ ചിത്രത്തിൻേറയും, ദത്ത്ജിയുടെ

യും നടുവിലിരുന്നു. അവർ ഒരു കൈകൊണ്ടു് ഭഗത്സിംഗിന്റെ ചിത്രവും, മറേറക്കൈകൊണ്ടു ദത്ത്ജിയുടേ മൃതദേഹവും തലോടിക്കൊണ്ടു കരയാൻ തുടങ്ങി. ആ ദൃശ്യം എല്ലാവരേയും പൊട്ടിക്കരയിച്ചു.

ദത്ത്ജിയുടെ മൃതദേഹം ചിതയിൽ കയററി. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, പഞ്ചാബ്ഗവണ്മെൻറു തുടങ്ങി അനേകം വ്യക്തികളുടേയും പ്രസ്ഥാനങ്ങളുടേയും വകയായി പൂമാല കളർപ്പിക്കപ്പെട്ടു.

അല്പനിമിഷത്തിനുള്ളിൽ തീജ്ജ്വാല ഉയന്നു. കോമ്രേഡ് രാമകൃഷ്ണനും, ബിശ്വേശ്വർദത്തും ചിതയ്ക്കുമുമ്പിൽ നിന്നിരുന്നു. അതിനുള്ളിൽ തിരക്കു ഭേദിച്ചുകൊണ്ടു്, പൊക്കംകുറഞ്ഞ ഒരു മനുഷ്യൻ ചിതയ്ക്കടുത്തേയ്ക്കു വന്നു. രക്തസാക്ഷി രാംപ്രസാദ്ബിസ്മിലിന്റെ സഹപ്രവത്തകനും, കാക്കോറി ഗൂഢാലോചനക്കേസിലെ പ്രതിയുമായ രാംദുലാരെ തിവാരിയായിരുന്നു അതു്. അദ്ദേഹം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "സഖാക്കളേ! ബി. കെ. ദത്തിന്റെ കത്തുന്ന ചിത മുമ്പിലുണ്ടു്. അതാ ഭഗത്സിംഗിന്റെ സമാധിയിലേയ്ക്കു നോക്കു! ആ ദേശഭക്തന്മാർ ഭാരതത്തിനു സമ്മാനിച്ച മുദ്രാവാക്യം മുന്നുപ്രാവശ്യം ഏകസ്വരത്തിൽ മുഴക്കുവിൻ!"

"ഇൻക്വിലാബ് സിന്ദാബാദ്!"

അന്തരീക്ഷം മുഖരിതമായി.

MADRAS UNIVERSITY
5 MAR 2003
CHENNAI-600 005

# ജനയുഗം ബുക്ക്സിൻെറ

## നാലു നല്ല പ്രസിദ്ധീകരണങ്ങൾ

## 1. വിലയ്ക്കുവാങ്ങാം (നോവൽ)

ഭാരതീയനോവൽസാഹിത്യത്തിലെ വിഖ്യാതമായ ഗ്രന്ഥം. ശ്രീ. ബിമൽമിത്രയുടെ ബൃഹത്തായ ബംഗാളിനോവലിൻെറ വിവർത്തനം. വിവർത്തകൻ: ശ്രീ. എം. എൻ. സത്യാർത്ഥി

വില: ഒന്നാം ഭാഗം 15 ക. / രണ്ടാം ഭാഗം 10 ക } പോപ്പുലർ എഡിഷൻസ്.

## 2. കുട്ടനാട് (നോവൽ)

ഹരിപ്പാട് ശ്രീകുമാരൻതമ്പിയുടെ വികാരനിർഭരമായ കൃതി.

വില ക. 3.50

## 3. ദേശഭക്തിഗാനങ്ങൾ

ശ്രീകുമാരൻതമ്പിയുടെ ദേശാഭിമാനഭരിതമായ ഗാനങ്ങൾ.

വില ക. 1.00

## 4 ഭഗത്സിംഗ്–ദത്ത്

ചമൻലാൽ ആസാദ്

വില ക. 3.50

ഗ്രന്ഥശാലകൾക്ക് പ്രത്യേകസൗജന്യങ്ങൾ!

**JANAYUGOM BOOKS**

**Quilon-8 :: Kerala**